# تعرّف على الله

# അല്ലാഹുവിനെ അറിയുക

എം. എം. അക്ബർ

# تعرّف على الله

# അല്ലാഹുവിനെ അറിയുക

DA'WA BOOKS
Salafi Cultural Complex, Vyttila, Cochin.

**DA'WA BOOKS**

Malayalam | Study | Allahuvine Ariyuka.
അല്ലാഹുവിനെ അറിയുക
Author: m.m.akbar.
Fifth Edition: September 2006
**Price: Rs. 150.00**

Publishers | Distribution:
Da'wa Books | Salafi Cultural Complex | Vyttila | Kochi-19 | Kerala | India
Email: dawabooks@nicheoftruth.org
Cover: khamarudheen, doha.
Type Setting: Creative Media
Printing: Screen Offset, Kochi-18

All rights reserved. No part of this work may be reproduced or utilised in any form or by any means
without the prior written permission of the publishers.

ദഅ്‌വാ ബുക്‌സ്-
പുസ്തക പ്രസാധനരംഗത്തെ നവാഗതനാണ്.
അന്താരാഷ്ട്രനിലവാരത്തിൽ
മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും
പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ
മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി
പ്രസിദ്ധീകരിക്കുകയും
അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട
മലയാള പുസ്തകങ്ങൾ
മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി
പുറത്തിറക്കുകയുമെല്ലാമാണ് ലക്ഷ്യം.
ദഅ്‌വാ ബുക്സിൻെറ
പ്രഥമ സംരംഭമാണ്
'അല്ലാഹുവിനെ അറിയുക'.
ഇത് പുസ്തകത്തിന്റെ അഞ്ചാം പതിപ്പാണ്;
മൂന്നു വർഷത്തിനുള്ളിൽ അഞ്ച് പതിപ്പുകൾ!
സർവശക്തന് സ്തുതികളഖിലവും!
ഓരോ പതിപ്പുകൾ പുറത്തിറങ്ങിയപ്പോൾ
പലരും പല അഭിപ്രായങ്ങൾ പറഞ്ഞു; നിർദേശങ്ങൾ വെച്ചു.
അവർക്കെല്ലാം അല്ലാഹു തക്ക പ്രതിഫലം നൽകട്ടെ (ആമീൻ)
പ്രസ്തുത നിർദേശങ്ങളെല്ലാം ഉൾകൊണ്ടാണ്
ഈ പതിപ്പ് തയ്യാറാക്കിയിരിക്കുന്നത്.
ഇനിയും നിർദേശങ്ങളും വിമർശനങ്ങളുമുണ്ടാവും.
അവയ്ക്കെല്ലാം സ്വാഗതം;
അവയാണല്ലോ നമ്മെ നേരെ നടത്തുന്നത്.
പ്രാർഥിക്കുക, ഈ ശിശുവിൻെറ വളർച്ചക്കുവേണ്ടി.
അല്ലാഹുവേ.... നീ ഞങ്ങളുടെ കർമങ്ങൾ സ്വീകരിക്കുകയും
സ്വർഗത്തിൽ സ്ഥാനം നൽകി അനുഗ്രഹിക്കുകയും
ചെയ്യേണമേ....(ആമീൻ)

**മാനേജർ**

# താളുകളിൽ .....


| | | |
|---|---|---|
| 1. | ആരാണ് അല്ലാഹു? | 21 |
| 2. | സൃഷ്ടിപഠനത്തിലൂടെ സ്രഷ്ടാവിലേക്ക് | 31 |
| 3. | അല്ലാഹുവിനെക്കുറിച്ച അറിവ് | 51 |
| 4. | അല്ലാഹുവിൻെറ സത്ത | 57 |
| 5. | അല്ലാഹുവിൻെറ നാമഗുണവിശേഷണങ്ങൾ | 69 |
| 6. | സ്രഷ്ടാവും സൃഷ്ടികളും | 76 |
| 7. | ദൈവികസിംഹാസനവും പാദസ്ഥാനവും | 88 |
| 8. | ഏകനും അദ്വിതീയനും | 100 |
| 9. | സ്രഷ്ടാവും സർവശക്തനും | 115 |
| 10. | രക്ഷകനും മാർഗദർശിയും | 130 |
| 11. | കാരുണികനും നീതിമാനും | 142 |
| 12. | സജീവനും നിയന്താവും | 165 |
| 13. | സർവജ്ഞനും സൂക്ഷ്മജ്ഞനും | 176 |
| 14. | രാജാധിരാജൻ | 191 |
| 15. | ആരാധ്യൻ അല്ലാഹു മാത്രം | 197 |
| 16. | തിന്മകളുടെ മാതാവ് | 216 |
| 17. | തൗഹീദും വിമോചനവും | 239 |
| 18. | അല്ലാഹുവിൽ ഭരമേൽപിക്കുക | 260 |
| 19. | തൗഹീദിൻെറ ജീവിതദർശനം | 279 |
| 20. | ദൈവദൂതന്മാരുടെ സന്ദേശം | 314 |

بِسْــمِ اللَّهِ الرَّحْمَنِ الرَّحِيمِ

## വായനക്കു മുമ്പ് .....

الحــمد لله رب العالمين ، والصلاة والســلام على ســيد الأنبــياء
والمرسلين ، وعلى آله وصحبه والتابعين ، وبعد ...

സർവേശ്വരനായ തമ്പുരാനെ അറിയുന്നതിനെക്കാൾ ആനന്ദകരമായ മറ്റെന്ത് അനുഭവമാണുള്ളത്? പരമകാരുണികനും സ്നേഹനിധിയും നീതിനിഷ്ഠനും മാർഗദർശിയുമായ അല്ലാഹുവിനെ അറിയുകയെന്നാൽ, ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻെറ ഹൃദയത്തിൻെറ നാഥനെ അറിയുകയാണ്; സ്വന്തം മനസ്സും ശരീരവും പൂർണമായി സമർപിക്കപ്പെട്ടവനെ, സ്വന്തമായി എന്തൊക്കെയുണ്ടോ അവയെക്കാളെല്ലാമധികം അവൻ സ്നേഹിച്ചവനെ അറിയുകയാണ്. ആ അറിവ് വല്ലാത്തൊരു അനുഭവമാണ്; ആനന്ദാതിരേകത്താൽ ഹർഷപുളകിതമാകുന്ന അനുഭവം.

ഈ അനുഭവം തങ്ങളോടൊപ്പം ജീവിച്ചവരുമായി പങ്കുവെച്ചവരാണ് പ്രവാചകന്മാർ- സർവശക്തൻെറ ദൂത് നൽകപ്പെട്ടവർ. സ്രഷ്ടാവും സംരക്ഷകനുമായ തമ്പുരാൻ തൻെറ ദൂത് നൽകുന്നതിനുവേണ്ടി ഓരോ സമൂഹത്തിൽനിന്നും അവൻ ഇഷ്ടപ്പെട്ടവരെ തെരഞ്ഞെടുക്കുകയായിരുന്നു. അവരിലൂടെ മാത്രമെ അല്ലാഹുവിനെക്കുറിച്ചറിയാൻ മറ്റുള്ളവർക്ക് കഴിയൂ. പ്രവാചകന്മാരിൽ അന്തിമനാണ് മുഹമ്മദ് (ﷺ). അന്തിമ പ്രവാചകനിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാണ് ഖുർആൻ. വിശുദ്ധ ഖുർആനും മുഹമ്മദ് നബി (ﷺ)യുടെ മൊഴികളുമാണ് അല്ലാഹുവിനെക്കുറിച്ച അറിവ് നൽകുന്ന, ഇന്ന് നിലനിൽക്കുന്ന കളങ്കരഹിതമായ സ്രോതസ്സുകൾ. ഈ സ്രോതസ്സുകളിൽ നിന്നുമാത്രമെ സർവലോക രക്ഷിതാവിനെക്കുറിച്ച സ്ഖലിതലേശമില്ലാത്ത അറിവ് ലഭിക്കൂ.

പ്രമാണങ്ങളിൽനിന്ന് പുറത്തുപോയി, സ്വന്തമായ സാധനകളിലൂടെ കരുണാനിധിയായ നാഥനെ അറിയാൻ ശ്രമിച്ചവരുണ്ട്; യുക്തിയുടെയും ബുദ്ധിയുടെയും മാർഗങ്ങളിലൂടെ ഉപരിയിലുള്ളവനെ മനസ്സിലാക്കാൻ പാടുപെട്ടവരുമുണ്ട്. ഇവർക്കെല്ലാം സംഭവിച്ചത് ഭീകരമായ പാളിച്ചകളാണ്. പ്രപഞ്ചാതീതനും പദാർഥാതീതനുമായ രാജാധിരാജനെ പദാർഥലോകത്തെക്കുറിച്ച് പഠിക്കുവാനായി നൽകപ്പെട്ട ഇന്ദ്രിയങ്ങൾ മാത്രം ഉപയോഗിച്ച് മനസ്സിലാക്കുവാനും വ്യാഖ്യാനിക്കുവാനും ശ്രമിച്ചതാണ് ഈ മാർഗഭ്രംശങ്ങൾക്ക് നിമിത്തമായത്. സഗുണസമ്പൂർണനായവനെ നിർഗുണനി

രാകാരനായും സ്രഷ്ടാവും സംരക്ഷകനുമായവനെ സൃഷ്ടിയിൽ നിലീനമായവനായും സങ്കൽപിക്കുന്ന ഗുരുതരമായ വ്യതിയാനങ്ങൾ! സ്വന്തം സാധനകളുപയോഗിച്ച് സർവജ്ഞനായവനെ മനസ്സിലാക്കുവാൻ ശ്രമിച്ചവർ ചെന്നെത്തിയത് 'താൻ തന്നെയാണ് താൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന സത്യം' എന്ന തത്ത്വശാസ്ത്രത്തിലാണ്. ദൈവത്തെ അന്വേഷിച്ച് ദൈവ നിഷേധത്തിലെത്തിച്ചേരുന്ന അവസ്ഥ! ഈ അവ സ്ഥയിലെത്തിയവരെയാണ് ദൈവത്തെ അറിഞ്ഞവരായി പലപ്പോഴും വ്യവഹരിക്കപ്പെടുന്നതെന്ന വസ്തുത എന്തുമാത്രം സങ്കടകരമല്ല!

അല്ലാഹുവിനെ അറിയേണ്ടതുപോലെ അറിയാതിരിക്കുന്നതുമൂലമുണ്ടാകുന്ന മാർഗഭ്രംശങ്ങളെപ്പറ്റി ഖുർആൻ പലവുരു താക്കീത് നൽകിയിട്ടുണ്ട്.

“അല്ലാഹുവെ, കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു” (22:74).

“ഒരു മനുഷ്യനും അല്ലാഹു യാതൊന്നും അവതരിപ്പിച്ച് കൊടുത്തിട്ടില്ല എന്നുപറഞ്ഞ സന്ദർഭത്തിൽ അല്ലാഹുവെ വിലയിരുത്തേണ്ട മുറ പ്രകാരം വിലയിരുത്താതിരിക്കുകയാണ് അവർ ചെയ്തത്” (6:91).

“അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കു ചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു” (39:67).

രക്ഷകനും മാർഗദർശിയുമായ തമ്പുരാനെ അറിയാൻ അവന്റെ മാർഗദർശനം തന്നെയാണ് മനുഷ്യർ അവലംബമാക്കേണ്ടത്. അതല്ലാത്ത മാർഗങ്ങളിലൂടെ അവനെ അറിയാനും അപഗ്രഥിക്കാനും ശ്രമിക്കുന്നത് മൂലമുണ്ടായേക്കാവുന്ന അപകടകരമായ വ്യതിയാനങ്ങളെക്കുറിച്ച് സദാ ജാഗരൂകനാവേണ്ടവനാണ് വിശ്വാസി. ഖുർആനിന്റെയും മുഹമ്മദ് നബി (ﷺ) യുടെ ചര്യകളുടെയും വെളിച്ചത്തിൽ അല്ലാഹുവിനെ അറിയാൻ വേണ്ടിയുള്ള വിനീതമായ ഒരു ശ്രമമാണ് 'അല്ലാഹുവിനെ അറിയുക' എന്ന ഈ പുസ്തകം.

ഇത്തരമൊരു പുസ്തകത്തിന്റെ രചനക്ക് പ്രചോദനമായി വർത്തിച്ച ഒന്നിലേറെ കാരണങ്ങളുണ്ട്. അല്ലാഹുവിനെക്കുറിച്ച് ഖുർആനോ പ്രവാചകവചനങ്ങളോ പഠിപ്പിച്ചിട്ടില്ലാത്ത നിരവധി വിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരാണ് മലയാളികളിൽ പലരുമെന്ന തിരിച്ചറിവുതന്നെ പ്രധാന കാരണം. ഇത് ഏതെങ്കിലുമൊരു വിഭാഗത്തെ ചൂണ്ടിക്കൊണ്ടുള്ള ആരോപണമല്ല. ഞാനടക്കമുള്ളവരെ പ്രതിചേർത്തുകൊണ്ടുതന്നെയാണ് ഈ പ്രസ്താവന. ഈ തിരിച്ചറിവുണ്ടാവുന്നതിന് മുമ്പ് എഴുതിയ ചില ലേഖനങ്ങളിലും പുസ്തകങ്ങളിലും എന്റെ അറിവില്ലായ്മയുടെ സ്വാധീനമുണ്ടായിരുന്നു. അല്ലാഹുവിനെക്കുറിച്ച പരാമർശങ്ങളാ ണെന്നതിനാൽ ഗുരുതരമായ അബദ്ധങ്ങൾ തന്നെയായിരുന്നു അവ. ചില റഫറൻസ് ഗ്രന്ഥങ്ങളിലെ ലേഖനങ്ങളിൽ എന്റെ ചില അബദ്ധ ധാരണകൾ സ്ഥലം പിടിച്ചിരുന്നു. ആദരണീയരായ ചില പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയപ്പോഴാണ് അവയുടെ ഗൗരവം ബോധ്യപ്പെട്ടത്. സർവാധിനാഥനെക്കുറിച്ച് ഞാനെഴുതിയ ലേഖനങ്ങളിലെ പരാമർശങ്ങളിലുണ്ടായ അബദ്ധങ്ങൾ തിരുത്തണമെന്ന് അവയെപ്പറ്റി ബോധ്യപ്പെട്ടയുടനെത്തന്നെ പ്രസാധകരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസാധകരിൽനിന്ന് കാര്യമായ നടപടികളൊന്നുമുണ്ടായില്ല. ഖുർആനും സുന്നത്തും പരിചയപ്പെടുത്തുന്ന രീതിയിൽതന്നെ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ഒരു കൃതിയുടെ അഭാവം മലയാളത്തിലുണ്ടെന്ന് എനിക്ക് സ്വയം ബോധ്യപ്പെട്ട അവസരമായിരുന്നു അത്. അടുത്ത തലമുറകൾകൂടി റഫറൻസിന് ഉപയോഗിക്കുന്ന പുസ്തകങ്ങളിൽ അബദ്ധമുണ്ടായതിന് കാരണക്കാരനെന്ന നിലയിൽ അത്തരമൊരു കൃതി പുറത്തുവരുവാൻ മുൻകയ്യെടുക്കേണ്ട ബാധ്യത എനിക്കുണ്ടെന്ന് തോന്നി. പ്രസ്തുത കൃതിയിലെ പരാമർശങ്ങൾ വിവാദമാവുകയും അതെഴുതിയ എന്റെ വ്യക്തിത്വത്തെയും തിരുത്തുവാൻ ആവശ്യപ്പെട്ടതിലെ ഉദ്ദേശശുദ്ധിയെയും മ്ലേച്ഛമായി വിമർശിച്ചുകൊണ്ട് ചില സുഹൃത്തുക്കൾ പ്രസംഗിച്ച് നടക്കുകയും ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ചെയ്തപ്പോൾ ഈ ബാധ്യതയെക്കുറിച്ച ബോധം കൂടുതൽ തീവ്രമായി. ഈ ബാധ്യതാബോധമായിരുന്നു ഇത്തരമൊരു രചനയിലേക്ക് ഇറങ്ങുവാനുള്ള പ്രധാനപ്പെട്ട പ്രേരകം. നാഥാ..... വിമർശിച്ചവരുടെയും വിമർശിക്കപ്പെട്ടവരുടെയും പാപങ്ങളെല്ലാം നീ പൊറുത്തുതരികയും നിന്നെക്കുറിച്ച് കൃത്യമായി അറിയുകയും അറിയിക്കുകയും ചെയ്യുന്നവരിൽ ഞങ്ങളെയെല്ലാവരെയും ഉൾപ്പെടുത്തി അനുഗ്രഹിക്കുകയും ചെയ്യേണമേ..... (ആമീൻ).

'അല്ലാഹുവിനെ അറിയുക'- കുറേക്കാലം മനസ്സിൽ കൊണ്ടുനടന്ന ആശയമായിരുന്നു. ഇവ്വിഷയകമായി എഴുതപ്പെട്ട ഗ്രന്ഥങ്ങളിൽ മിക്കതും അറബിയിലായതുകൊണ്ടുതന്നെ കാര്യങ്ങൾ മനസ്സിലാക്കാൻ നിരവധി പണ്ഡിതന്മാരുടെ സഹായം ആവശ്യമായി. ഭാഷാപരിജ്ഞാനമോ വിഷയങ്ങളിൽ അഗാധമായ അവബോധമോ ഇല്ലെന്ന് സ്വയം ബോധ്യമുണ്ടായിട്ടും ഇത്തരമൊരു സാഹസത്തിന് മുതിർന്നത് ഇവ്വിഷയകമായ രചനയുടെ അനിവാര്യതയെക്കുറിച്ച ബോധത്തിൽ നിന്നുയിർക്കൊണ്ട ആഗ്രഹത്തിന്റെ തീവ്രതയാലും പണ്ഡിതന്മാരുടെ നിസ്സീമമായ സഹകരണമുണ്ടാവുമെന്ന പ്രതീക്ഷയാലുമായിരുന്നു. അല്ലാഹുവിന് സ്തുതി! പലരോടും ചർച്ച ചെയ്തും കാര്യങ്ങൾ മനസ്സിലാക്കിയും വായിച്ചും വെബ്സൈറ്റു

കൾ പരിശോധിച്ചും ഇത്തരമൊരു പുസ്തകം തയാറാക്കാൻ കഴിഞ്ഞത് അവൻെറ അനുഗ്രഹം കൊണ്ട് മാത്രമായിരുന്നു. സഹകരിച്ച പണ്ഡിത ന്മാർക്കെല്ലാം അല്ലാഹു തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ (ആമീൻ).

പുസ്തകം എഴുതിക്കഴിഞ്ഞപ്പോൾ വിശ്വാസസംബന്ധിയായ വിഷയങ്ങ ളിൽ പാണ്ഡിത്യമുള്ളവർ ഇത് വായിച്ച് തിരുത്തിയ ശേഷമേ പ്രസിദ്ധീ കരിക്കാവൂയെന്ന് തീരുമാനിച്ചു. പല പണ്ഡിതന്മാർക്കും കോപ്പി നൽകി. കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ പലർക്കും പരിശോധിക്കാൻ സമയം കിട്ടിക്കാണില്ല. എന്നാൽ, മദീനാ യൂണിവേഴ്സിറ്റിയിലെ ഡോക്ടർ മുഹമ്മദ് അഷ്റഫ് മൗലവി, തൻെറ തിരക്കുപിടിച്ച ജീവിതത്തിനിടയി ലും പുസ്തകം സസൂക്ഷ്മം പരിശോധിക്കുവാൻ സമയം കണ്ടെത്തി. മദീനയിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഷമീർ സ്വലാഹിയെയും ഹംസ സ്വലാ ഹിയെയും അദ്ദേഹം വിളിച്ചിരുത്തി പുസ്തകം പൂർണമായി വായിച്ചു കേൾക്കുകയും ആവശ്യമായ തിരുത്തലുകളും മറ്റും നിർദേശിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ നിർദേശാനുസരണമാണ് പത്തൊമ്പതാമത്തെ അധ്യായം 'തൗഹീദിൻെറ ജീവിത ദർശനം'- എഴുതിച്ചേർത്തത്. അത്ത രമൊരു അധ്യായം കൂടിയുണ്ടെങ്കിലേ പുസ്തകത്തിൻെറ പ്രമേയം സമ ഗ്രമാവൂയെന്ന് അദ്ദേഹം നിർദേശിച്ചു. അതും അദ്ദേഹം പരിശോധിച്ച് തിരുത്തിത്തന്നു. വൈജ്ഞാനികമായി അഷ്റഫ് മൗലവിയെന്ന അതികാ യൻെറ മുമ്പിൽ ഒരു ഉറുമ്പ് മാത്രമായ എന്നോട് പിതൃതുല്യമായ വാൽ സല്യം കാണിക്കുകയും പുസ്തകം ഗൗരവതരമായ വായനക്ക് വിധേയ മാക്കുകയും തിരുത്തലുകൾ നിർദേശിക്കുകയും ചെയ്ത അദ്ദേഹത്തോ ടുള്ള കടപ്പാടും കൃതജ്ഞതയും വാക്കുകളിൽ ഒതുങ്ങുന്നതല്ല. വായിച്ച് നിർദേശങ്ങൾ അയച്ചുതന്നതോടൊപ്പം തന്നെ ഒരു അവതാരിക എഴുതി ത്തന്ന് പുസ്തകത്തെ ധന്യമാക്കുകയും ചെയ്തു അദ്ദേഹം. ആരുടെയും നന്ദി വാക്കുകൾക്കുവേണ്ടിയല്ല അഷ്റഫ് മൗലവി ഇതൊന്നും ചെയ്ത തെന്നറിയാം; അല്ലാഹുവിനല്ലാതെ അദ്ദേഹം ചെയ്ത സേവനത്തിന് പ്രത്യു പകാരം ചെയ്യാനുമാവില്ല. നാം അല്ലാഹുവിൻെറ ദാസന്മാർ. നമുക്ക് ചെ യ്യാനാവുന്നത് അവൻെറ കാരുണ്യത്തിനുവേണ്ടിയുള്ള പ്രാർഥന മാത്രം. കരുണാനിധിയായ അല്ലാഹുവേ.... നിൻെറ കാരുണ്യത്തിൻെറ പൂർണ മായ പ്രകാശനം നടക്കുന്ന മരണാനന്തര ജീവിതത്തിൽ അഷ്റഫ് മൗല വിയുടെ ഈ സൽകർമത്തിന് തക്കതായ പ്രതിഫലം നൽകേണമേ.... ദീ നീ പ്രബോധന രംഗത്ത് ദീർഘകാലം സേവനം ചെയ്യാൻ അദ്ദേഹത്തി ന് ആരോഗ്യവും ദീർഘായുസ്സും നൽകേണമേ.... (ആമീൻ).

ഹദീഥുകൾ കണ്ടുപിടിക്കുവാനും പരിഭാഷപ്പെടുത്തുവാനും പരിശോ ധിക്കുവാനുമെല്ലാം സഹായിച്ചവർ; അബ്ദുൽ ജബ്ബാർ മദീനി (ദമാം), ഉമർകോയ മദീനി (ജിദ്ദ), അബ്ദുൽ മജീദ് സ്വലാഹി (എടവണ്ണ), ഹുസൈ ൻ സാഹിബ് (ജിദ്ദ), ആരിഫ് സെയ്ൻ, സുബൈർ പീടിയേക്കൽ, പ്രൂഫ് നോക്കാനും അവസാന മിനുക്കുപണികൾക്കും സഹായിച്ച സഹപ്രവർ ത്തകനും പണ്ഡിതനുമായ ഉസ്മാൻ പാലക്കാഴി, ഡോ. അഷ്റഫ് മൗലവി ക്ക് പുസ്തകം വായിച്ചുകേൾപ്പിച്ചുകൊടുത്ത ഷമീർ സ്വലാഹി, ഹംസ സ്വലാഹി, ഇതിൻെറ ഡി.ടി.പി. സുന്ദരമായി നിർവഹിച്ച യൂനുസ്, പുസ് തകമാക്കുന്നതിനുള്ള ഓരോ ഘട്ടത്തിലും സഹകരണവുമായുണ്ടായിരുന്ന സഹപ്രവർത്തകർ ഷാഹിദും ജബീറും ഷാനവാസും, പ്രിന്റിംഗ് വർക്കു കൾ ഭംഗിയായി നിർവഹിച്ച റഫീഖും സഹപ്രവർത്തകരും..... ഇങ്ങനെ നന്ദി പറയേണ്ടവർ നിരവധിയുണ്ട്. ആരും ആരുടെയും നന്ദിവാക്കുകൾ ക്ക് വേണ്ടിയല്ലല്ലോ ഈ സേവനങ്ങളൊന്നും ചെയ്തത്. പ്രാർഥിക്കുന്നു; സർവശക്തനായ നാഥാ..... മരണാനന്തര ജീവിതത്തിൽവെച്ച് ഞങ്ങളുടെ എല്ലാ സൽകർമങ്ങൾക്കും തക്കതായ പ്രതിഫലം നൽകുകയും പ്രവാച കന്മാരോടൊപ്പം സ്വർഗത്തിൽ ഞങ്ങളെയെല്ലാം ഒരുമിച്ച് കൂട്ടുകയും ചെ യ്യേണമേ.... (ആമീൻ).

ഖുർആൻ പരിഭാഷക്ക് ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയുംപറ പ്പൂർ കുഞ്ഞിമുഹമ്മദ് മദനിയും കൂടി രചിച്ച 'വിശുദ്ധ ഖുർആൻ സമ്പൂർ ണ മലയാള പരിഭാഷ'യെയാണ് അവലംബിച്ചിട്ടുള്ളതെങ്കിലും ഡോ. അ ഷ്റഫ് മൗലവിയുടെ നിർദേശാനുസരണം ചെറിയ ചില മാറ്റങ്ങൾ വരുത്തി യിട്ടുണ്ട്. നടേ പറഞ്ഞ പണ്ഡിതന്മാരുടെ സഹായത്തോടെ സ്വതന്ത്രമായി വിവർത്തനം ചെയ്തവയാണ് ഹദീഥുകൾ. മലേഷ്യയിലെ സഖർ പുറത്തി റക്കിയ 'കുതുബുത്തിസ്അ'യെന്ന ഹദീഥ് സി. ഡി. റോമിൽനിന്നാണ് ഹദീഥുകളുടെ മൂലം എടുത്തിരിക്കുന്നത്. അതിൽ ഉപയോഗിച്ചിരിക്കുന്ന ഹദീഥ് നമ്പരുകളാണ് നൽകിയിട്ടുള്ളത്. വരുംതലമുറകൾക്കുകൂടി റഫറൻ സിന് ഉപകാരപ്പെടുക സി.ഡി. റോമിനെ അവലംബിക്കുന്ന രീതിയാണെന്ന് തോന്നിയതുകൊണ്ടാണ് അത് തന്നെ സ്വീകരിച്ചത്. എല്ലാ ഹദീഥ് ഗ്രന്ഥ ങ്ങൾക്കും പൊതുവായ ഒരു നമ്പരിടൽ രീതിയാണ് ഈ സി.ഡി. റോമിൽ സ്വീകരിച്ചിരിക്കുന്നത് എന്നതിനാൽ സാധാരണ വായനക്കാർക്ക് സങ്കീർണ മായി തോന്നാതിരിക്കുവാനും അതുതന്നെയാണ് നല്ലതെന്ന് തോന്നി. തെറ്റു കൾ അല്ലാഹു പൊറുത്ത് തരികയും നരകത്തിൽനിന്ന് കാത്തുരക്ഷിക്കുക യും ചെയ്യട്ടെ.. (ആമീൻ).

സർവശക്തന് സ്തുതികളഖിലവും; അവനല്ലോ ദുർബലനായ ഈ ദാസനെ ബൃഹത്തായ ഈ വിഷയം എഴുതുവാൻ അനുഗ്രഹിച്ചത്. വിശ്വാ സപരമായ വിഷയമാണ് പ്രതിപാദ്യമെന്നതിനാൽ തന്നെ തെറ്റുകൾ വരാതി രിക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. പണ്ഡിതന്മാരെക്കൊണ്ട് പരിശോധി പ്പിച്ചതും മറ്റും അതുകൊണ്ടാണ്. എങ്കിലും അവരും മനുഷ്യരാണല്ലോ.

അബദ്ധങ്ങളെന്തെങ്കിലും ശ്രദ്ധയിൽ പെടുന്നവർ തിരുത്തണമെന്ന് അപേക്ഷിക്കുന്നു. ദയാലുവും ഏറെ പൊറുക്കുന്നവനുമായ അല്ലാഹുവേ.... നീ ഞങ്ങളുടെ അബദ്ധങ്ങൾ പൊറുത്തുതരേണമേ.... (ആമീൻ).

ഇത് പുസ്തകത്തിന്റെ അഞ്ചാം പതിപ്പാണ്. പ്രസിദ്ധീകരിക്കപ്പെട്ട് അഞ്ച് മാസങ്ങൾക്കകംതന്നെ മൂന്ന് പതിപ്പുകൾ വേണ്ടി വന്നു; അൽഹംദുലില്ലാഹ്. പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ട ശേഷം പല പണ്ഡിതന്മാരും ഇതിലെ സൂക്ഷമമായ ചില ഭാഷാപിശകുകൾ ശ്രദ്ധയിൽപ്പെടുത്തി. അക്കൂട്ടത്തിൽ കെ.കെ സക്കരിയ്യ സ്വലാഹി, ആമിന സുല്ലമിയ എന്നിവരുടെ നിർദേശങ്ങൾ പ്രത്യേകം പരാമർശം അർഹിക്കുന്നു.അവരെയെല്ലാം അല്ലാഹു അനുഗ്രഹിക്കട്ടെ. (ആമീൻ) ആദ്യ പതിപ്പിൽ ചില അക്ഷരതെറ്റുകളുണ്ടായിരുന്നു. പുസ്തകം സസൂക്ഷ്മം പരിശോധിച്ച് പ്രസ്തുത തെറ്റുകൾ ചൂണ്ടി കാണിച്ചു തന്ന സുഹൃത്ത് സഅദ് സുബൈറിനോടുള്ള കടപ്പാട് വാക്കുകളിലൊതുങ്ങുന്നതല്ല. അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതി ഫലം നൽകട്ടെ (ആമീൻ). ഖുർആൻ വാചനങ്ങളുടെ മൂലം റഥ്മു ഉഥ്മാനിയിൽ തന്നെ നൽകുന്നതാണ് സാധാരണക്കാർക്ക് കൂടി എളുപ്പത്തിൽ വായിച്ച് പോകാൻ നല്ലതെന്ന് പല സുഹൃത്തുക്കളും അഭിപ്രായപ്പെട്ടു. രണ്ടും മൂന്നും പതിപ്പുകളിൽ റഥ്മുഉഥ്മാനിയിൽ തന്നെയാണ് ആയത്തുകൾ നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ സഹായിച്ച സഹോദരൻ സ്വാലിഹ് സുബൈറിനോടും നിർദ്ദേശങ്ങൾ നൽകിയ പി.എൻ. അബ്ദുൽലത്തീഫ് മദനിയേടുമുള്ള കടപ്പാടും നിസ്സീമമാണ്. നാഥാ... നീ അവർക്കെല്ലാം തക്കതായ പ്രതിഫലം നൽകുകയും ഞങ്ങളെയെല്ലാം സ്വർഗത്തിൽ ഒരുമിച്ച് കൂട്ടുകയും ചെയ്യേണമേ (ആമീൻ).

എന്നെ തൗഹീദിൻെറ ബാലപാഠങ്ങൾ പഠിപ്പിച്ച, തൗഹീദീ പ്രഭാഷണങ്ങൾ കേൾക്കാൻ എൻെറ കൈപിടിച്ച് കൊണ്ടുപോയ എൻെറ ഉപ്പ- മേലേ വീട്ടിൽ അബ്ദുറഹ്മാൻ- നാഥാ.... നിൻെറയടുത്ത് എത്തിക്കഴിഞ്ഞ എൻെറ ഉപ്പാക്ക് നീ പൊറുത്തുകൊടുക്കുകയും അദ്ദേഹത്തെയും ഞങ്ങളെയും നീ സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യേണമേ... (ആമീൻ).

അത്യുദാരനും ഔദാര്യവാനും സ്നേഹനിധിയുമായ രക്ഷിതാവേ..... നീ ഇതൊരു സൽകർമമായി സ്വീകരിക്കേണമേ..... (ആമീൻ).

**എം.എം.അക്ബർ**

المملكة العربية السعودية
الجامعة الإسلامية بالمدينة المنورة
مركز خدمة السنة والسيرة النبوية
بالتعاون مع مجمع الملك فهد لطباعة المصحف الشريف

بسم الله الرحمن الرحيم

الرقم ________
التاريخ ________
التوابع ________

الحـــمد لله رب العالمين ، والصلاة والســـلام على ســـيد الأنبـــياء والمرسلين ، وعلى آله وصحبه والتابعين ، وبعد ...

فقد اطلعنا على كتاب ( تعرَّف على الله ) للأســـتاذ الجليل الفاضل / أم . أم أكبر ، واستمتعنا بأسلوبـــه الشـــيق وعبـــاراته الرائعة ومواده العلمية الرفيعة ، وذلك برفقة كل من : الشيخ / شمير محمد صلاحـــي، والشيخ / حمزة محمد صلاحي، بمنزلي الواقع بمدينة رسول الله (ﷺ) بجوار جبل أحد .

وفي الحقيقة إن هذا الكتاب فريد في نوعه ووحيد في عرضه حيث لم أقف في اللغة المليبارية (مليالم ) –حسب علمي– على مؤلف مستقل كهذا الكتاب يعالج قضايا التوحيد من مختلف جوانبه وبشتى أنواعه مع بيان زيغ الملاحدة والرد على الزنادقـــة وإزالة الشبـــه عن أصحـــاب الأفكار الدخيلة كوحدة الوجود والتعطيل والتشبيه وما شاكل ذلك.

وأنا بدوري بعد الإطلاع على هذا الكتاب أناشـــد أهل كيرلا بـــكافة طبقاتها مسلمين وغيرهم ، علماء ومؤلفين ، دعاة ومثقـــفين ، طلابـــاً ومعلمين ، على اقـــــتناء هذا الكتاب النفيس لعل الجميع يجد ضالته المنشودة فيه من الحقائق والحجج والبراهين القاطعة على وجود بارئ هذا الكون ومدبره وعلى وجوب الاعتراف بأن العبودية لله وحـــده مع

صرف كافة أنواع العبادة له وحده لا شريك له.

وأملنا في الله كبير في أن يوفق المطلع على هذا السفر العجيب على الإعلان بكل قناعة وبدون تردد بأنه لا معبود بحق إلا الله ، وأنه الواحد الأحد الصمد الذي لا ند له ولا شريك له ، وأنه معنا بعلمه حيثما كنا بائن عن خلقه مستو على عرشه يعلم خائنة الأعين وما تخفي الصدور وهو القاهر فوق عباده وهو الحكيم الخبير.

وفي الختام لا أملك إلا أن أرفع أكف الضراعة إلى الله العلي القـــدير ليبارك في جهود مؤلف الكتاب وينفع به الإسلام والمســـلمين ويرد عنه كيد الحاسدين، ويرزقنا وإياه الإخلاص في العمل والصدق في القول هو ولي ذلك والقـــادر عليه ، وصلى الله على محـــمد (ﷺ) وآله وصحبـــه أجمعين . والحمد لله رب العالمين.

كاتب السطور :

كاتب السطور :

**الدكتور / محمد أشرف علي المليباري .**

الباحث بمركز خدمة السنة والسيرة النبوية بالجامعة الإسلامية بالمدينة النبوية .

١٨/٤/١٤٢٤هـ

د. محمد أشرف علي ص. ب ٤٠٥ المدينة المنورة

المملكة العربية السعودية
الجامعة الإسلامية بالمدينة المنورة
مركز خدمة السنة والسيرة النبوية
بالتعاون مع مجمع الملك فهد لطباعة المصحف الشريف

بسم الله الرحمن الرحيم

الرقم ________
التاريخ ________
التوابع ________

സർവലോക രക്ഷിതാവിന് സർവസ്തുതിയും. അവന്റെ സമാധാനവും രക്ഷയും അന്ത്യദൂതരിൽ വർഷിക്കുമാറാകട്ടെ; അവിടുത്തെ സഹചാരികളിലും.

ജനാബ് എം.എം. അക്ബർ രചിച്ച "അല്ലാഹുവിനെ അറിയുക" എന്ന ഗ്രന്ഥം ഞങ്ങൾ വായിച്ചു. എന്നോടൊപ്പം മദീനയിലെ ഉഹദ് പർവതത്തിനരികെയുള്ള എന്റെ വീട്ടിൽ ശമീർ മുഹമ്മദ് സ്വലാഹിയും ഹംസ മുഹമ്മദ് സ്വലാഹിയും ഉണ്ടായിരുന്നു. പുസ്തകത്തിന്റെ ഉന്നതമായ വൈജ്ഞാനിക ഉള്ളടക്കവും മനോഹരമായ വാചകഘടനയും ആകർഷണീയമായ ശൈലിയും ഞങ്ങൾ ആസ്വദിച്ചു.

തൗഹീദീജീവിതദർശനത്തെ ഇത്രത്തോളം ആഴത്തിൽ പഠനവിധേയമാക്കിയ ഒരു സ്വതന്ത്രകൃതി മലയാള ഭാഷയിൽ പുറത്തിറങ്ങിയിട്ടില്ലെന്നാണ് എന്റെ അറിവ്.

അദ്വൈതവാദികളുടെയും മതവിരോധികളുടെയും ഭൗതിക വാദികളുടെയും നിരർഥകമായ നിലപാടുകളെ അനാവരണം ചെയ്യുന്നതും സംശയങ്ങൾ ദുരീകരിക്കുന്നതുമായ ഈ കൃതി എല്ലാ അർഥത്തിലും വ്യതിരേകമായി നിൽക്കുന്നു.

മലയാളക്കരയിലെ മുഴുവൻ മനുഷ്യരോടും, അവർ പണ്ഡിതന്മാരോ, എഴുത്തുകാരോ, പ്രബോധകരോ, സാംസ്കാരിക പ്രവർത്തകരോ, വിദ്യാർഥികളോ, അധ്യാപകരോ ആവട്ടെ ഈ അമൂല്യകൃതി കരസ്ഥമാക്കണമെന്നാണ് ഉപദേശിക്കാനുള്ളത്.

പ്രപഞ്ചസ്രഷ്ടാവും, നിയന്താവുമായ അല്ലാഹുവിന് മാത്രമെ സർവ ആരാധനകളും അർപിക്കാവൂ എന്ന സത്യം പ്രമാണങ്ങളുടെയും മറ്റു ഖണ്ഡിതമായ തെളിവുകളുടെയും പിൻബലത്തോടെ സമർഥിച്ച് കൊണ്ട് ഇവ്വിഷയകമായി എല്ലാവരിലും നിലനിൽക്കുന്ന തെറ്റിദ്ധാരണകളെ ഈ കൃതി തിരുത്തുന്നു.

അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന സത്യം സംതൃപ്തിയോടെ വിളിച്ചു പറയുന്ന വിസ്മയാവഹമായ ഈ യാത്രയിൽ ഞങ്ങളെയും പങ്കു ചേർക്കണമേയെന്നാണ് സർവാധിനാഥനോടുള്ള തേട്ടം. അദ്വിതീയനും ഏവർക്കും ആശ്രയമായിട്ടുള്ളവനുമായ അല്ലാഹു തന്റെ സൃഷ്ടികളെ കുറിച്ച് വ്യക്തമായി അറിയുന്നവനാണ്. സിംഹാസനസ്ഥനായ അല്ലാഹുവിന് അവന്റെ അടിമകളുടെ മേൽ വ്യക്തമായ നിയന്ത്രണമുണ്ട്. മനസ്സുകളിൽ മറച്ചു വെച്ചതും കണ്ണുകളുടെ കട്ടുനോട്ടവും അവൻ അറിയുന്നു.

ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഏറെ ഉപകാരം ചെയ്യുന്ന ഈ പരിശ്രമത്തിന് ഗ്രന്ഥകാരന് അല്ലാഹു അനുഗ്രഹം നൽകട്ടെ എന്ന് പ്രാർഥിക്കുന്നു. അസൂയാലുക്കളുടെ സർവകുതന്ത്രങ്ങളിൽ നിന്നും അല്ലാഹു രക്ഷിക്കട്ടെ. വാക്കിലും, സത്യസന്ധതയിലും, പ്രവർത്തിയിലും നിസ്വാർഥത പുലർത്താൻ അദ്ദേഹത്തെയും നമ്മെയും അല്ലാഹു തുണക്കട്ടെ.

അന്തിമ പ്രവാചകനായ മുഹമ്മദ് നബി (ﷺ)ക്കും അവരുടെ കുടുംബത്തിനും മുഴുവൻ സഹചാരികൾക്കും സമാധാനം വർഷിക്കുമാറാകട്ടെ. സർവലോകരക്ഷിതാവിനാണ് സർവ സ്തുതിയും.

ഡോ. മുഹമ്മദ് അശ്റഫ് അലി അൽ മലൈബാരി

ജാമിഅ ഇസ്‌ലാമിയ

മദീന




# 1

# ആരാണ് അല്ലാഹു?

പ്രപഞ്ചത്തിലെ സകല വസ്തുക്കളും അതിനപ്പുറത്തുള്ള ഒരു കാരണത്തെ തേടുന്നുണ്ട്. ഓരോ വസ്തുവിനും വസ്തുതക്കുമെല്ലാം കാരണങ്ങളന്വേഷിക്കുന്നവനാണ് മനുഷ്യൻ. പരമാണു മുതൽ നക്ഷത്രജാലങ്ങൾ വരെയുള്ള ചെറുതും വലുതുമായ പ്രാപഞ്ചിക വസ്തുക്കളൊന്നുംതന്നെ ഇതിന്നപവാദമല്ല. ഓരോന്നിൻെറയും കാരണം കണ്ടെത്തുമ്പോൾ ആ കാരണത്തിൻെറ കാരണമന്വേഷിക്കുന്ന അവസ്ഥയുണ്ടാകുന്നു. ഈ ശൃംഖല അനന്തമായി തുടർന്നു പോകുന്നില്ല. അത് കാരണങ്ങളാവശ്യമില്ലാത്ത ഒരുവനിൽ അവസാനം എത്തിച്ചേരുകയാണ് ചെയ്യുന്നത്. അവനാകുന്നു എല്ലാ അന്വേഷണങ്ങളുടെയും അന്ത്യം. സകലവിധ അന്വേഷണങ്ങളും തേട്ടങ്ങളും ഈ പരമമായ അന്ത്യത്തിലെത്തുമ്പോൾ അവസാനിക്കുന്നു. പ്രപഞ്ചത്തിലെ ഒരൊറ്റ പ്രതിഭാസവും കാരണമാവശ്യമില്ലാത്തതായി നമുക്ക് കാണാൻ കഴിയുന്നില്ല. വലുതും ചെറുതുമായ എല്ലാ വസ്തുക്കളും കാരണം തേടുന്നു. അപ്പോൾ കാരണങ്ങളാവശ്യമില്ലാത്ത പരാശക്തി പ്രപഞ്ചത്തിന് പുറത്തുള്ളതായിരിക്കണം, പദാർഥാതീതമായിരിക്കണം. പ്രപഞ്ചത്തിലെ ചെറുതും വലതുമായ പ്രതിഭാസങ്ങളെയെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അസ്തിത്വത്തെയാണ് ഇസ്‌ലാം 'അല്ലാഹു' എന്നു വിളിക്കുന്നത്.

പ്രപഞ്ചത്തിലെ വലുതും ചെറുതുമായ സകലവിധ പ്രതിഭാസങ്ങളുടെയും സൃഷ്ടിക്കും സ്ഥിതിക്കും സംഹാരത്തിനും കാരണഭൂതമാ

യിരിക്കുന്ന ഏകാസ്തിത്വത്തിന് അറബിയിൽ പറയുന്ന പേരാണ് അല്ലാഹു. സ്വന്തത്തെയും തൻെറ ചുറ്റുപാടുകളെയും കുറിച്ച് ഗൗരവതരമായി പഠിച്ചുമനസ്സിലാക്കുന്ന ഒരാൾക്കും അവയ്ക്കു പിന്നിലുള്ള ഒരു മഹാചൈതന്യത്തിൻെറ അസ്തിത്വത്തെ നിഷേധിക്കുവാനാവില്ലെന്നതാണ് വസ്തുത. പരമാണുവിനുള്ളിലെ ആന്ദോളനങ്ങളുടെ മുതൽ താരാസമൂഹങ്ങളുടെ നിലനിൽപിന്നാധാരമായ വ്യവസ്ഥകളുടെ വരെ കാരണം അല്ലാഹുവാണ്. എന്നാൽ, അല്ലാഹു കേവലമായ ഒരു ശക്തിയോ അന്ധമായ ഒരു കാരണമോ ഉണ്മയില്ലാത്ത ഒരു ഊർജരൂപമോ മാത്രമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല. ദൈവിക സത്ത മനുഷ്യൻെറ വിശദീകരണത്തിന്നതീതമാണ്. അല്ലാഹുതന്നെ അറിയിച്ചുതന്ന ദിവ്യവെളിപാടുകളിലൂടെ മാത്രമേ അവൻെറ സത്തയുടെ സ്വഭാവമെന്താണെന്ന് നമുക്ക് മനസ്സിലാക്കാനാവൂ. എങ്കിലും അവൻെറ ശക്തിയാൽ നിലനിൽക്കുന്ന പ്രാപഞ്ചിക വസ്തുക്കൾ അവൻെറ അസ്തിത്വത്തെയും സ്വഭാവങ്ങളെയും ഒരു പരിധി വരെ വെളിപ്പെടുത്തുന്നുവെന്ന് പറയാം.

മലയാളത്തിൽ 'ദൈവ'മെന്നും ഇംഗ്ലീഷിൽ 'ഗോഡ്' എന്നും ഉറുദുവിൽ 'ഖുദാ' എന്നും പറയുമ്പോഴുണ്ടാകുന്ന അർഥകൽപനയിലുള്ള അറബിപദമല്ല 'അല്ലാഹു'വെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ദൈവം, ഗോഡ്, ഖുദാ തുടങ്ങിയ പദങ്ങൾക്ക് ആരാധിക്കപ്പെടുന്നത് എന്നു മാത്രമേ അർഥമുള്ളൂ. ഇവയ്ക്ക് തത്തുല്യമായ അറബിപദമാണ് 'ഇലാഹ്'. ആരാധിക്കപ്പെടുന്ന ആരെയും 'ഇലാഹുകൾ' എന്ന് വിളിക്കാം. ഇലാഹ് എന്ന പൊതുനാമത്തെ 'അൽ' എന്ന അവ്യയം ചേർത്ത് വിശേഷവത്കരിച്ചതാണ് 'അല്ലാഹു' എന്ന പദമെന്നാണ് പദോൽപത്തി ശാസ്ത്രജ്ഞന്മാരുടെ പക്ഷം. അപ്പോൾ അല്ലാഹു എന്ന പദത്തിനർഥം അൽഇലാഹ് എന്നാണ്. 'ആരാധിക്കപ്പെടുവാൻ യഥാർഥത്തിൽ അർഹതയുള്ളവൻ' എന്നോ 'സാക്ഷാൽ ദൈവം' എന്നോ ഇതിന് അർഥം പറയാവുന്നതാണ്. 'അല്ലാഹു'വെന്ന പദത്തിൻെറ ഉൽപത്തിയെ സംബന്ധിച്ച് ഇതല്ലാത്ത അഭിപ്രായങ്ങളുമുണ്ട്. ഏതായിരുന്നാലും യഥാർഥ ദൈവത്തിനുള്ള സംജ്ഞാനാമമെന്ന നിലയ്ക്കാണ് ഇന്ന് അതുപയോഗിക്കപ്പെടുന്നത്.സത്യദൈവം എന്ന നിലയ്ക്കാണ് വിശുദ്ധ ഖുർആൻ 'അല്ലാഹു'വെന്ന പദത്തെ പരിചയപ്പെടുത്തുന്നത്.

സൂക്ഷ്മവും സ്ഥൂലവുമായ സകലമാന വസ്തുക്കളുടെയും



സ്രഷ്ടാവും സംരക്ഷകനും നിയന്താവും സർവശക്തനും സർവജ്ഞനുമായവനാണ് അല്ലാഹു. ഇത് ഒരു കുലദൈവത്തിൻെറയോ ഗോത്രദൈവത്തിൻെറയോ പേരല്ല. എല്ലാ ദേശക്കാരുടെയും ഭാഷക്കാരുടെയും വർഗക്കാരുടെയും യഥാർഥമായ ദൈവത്തിൻെറ പേരാണ് അല്ലാഹു. സ്രഷ്ടാവും പ്രപഞ്ചകർത്താവുമായ ദൈവത്തിന് വ്യത്യസ്തഭാഷകളിൽ വ്യത്യസ്ത പേരുകളുപയോഗിച്ചതായി കാണാൻ കഴിയും. സംസ്കൃതത്തിൽ 'പരബ്രഹ്മം' എന്നും 'പരമാത്മാവ്' എന്നുമാണ് സർവശക്തനും സർവലോകസ്രഷ്ടാവുമായ ദൈവത്തിന് പറയുന്ന പേരെന്ന് ഉപനിഷത്തുകളിലെ വിവരണങ്ങൾ വായിച്ചാൽ ബോധ്യമാവും. ബൈബിൾ പഴയ നിയമത്തിൽ പല പേരുകളിലും സ്രഷ്ടാവായ ദൈവം അഭിസംബോധന ചെയ്യപ്പെട്ടിട്ടുണ്ട്. ഏൽ, എലോഹിം, ഏൽശദ്ദായി, ഏൽഎല്യോൻ, അഡോണായി, യാഹ്, യഹ്വെ (യഹോവ) തുടങ്ങിയ നാമങ്ങളെല്ലാം സർവശക്തനായ ദൈവത്തിന് നൽകപ്പെട്ടിട്ടുണ്ട്. യേശുവിൻെറ ഉപദേശങ്ങളൊന്നും അദ്ദേഹത്തിൻെറ ഭാഷയായ അരമായഭാഷയിൽ ലഭ്യമല്ലാത്തതിനാൽ അദ്ദേഹം എങ്ങനെയാണ് ദൈവത്തെ സംബോധന ചെയ്തതെന്ന് മനസ്സിലാക്കാൻ നിർവാഹമില്ല. എങ്കിലും 'എലോഹി' എന്നായിരിക്കും അദ്ദേഹം ദൈവത്തെ സംബോധന ചെയ്തതെന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം.

സർവലോകസ്രഷ്ടാവും സർവശക്തനുമായ ദൈവത്തെ വിളിക്കുവാൻ ഖുർആൻ ഉപയോഗിച്ച പദമാണ് 'അല്ലാഹു'വെന്നും 'ആരാധിക്കാൻ യഥാർഥത്തിൽ അർഹതയുള്ളവൻ' എന്നാണ് ആ നാമത്തിന് അർഥമെന്നും പറഞ്ഞുവല്ലോ. 'അല്ലാഹുവെന്ന പദത്തിന് തുല്യമായി മറ്റു ഭാഷകളിലൊന്നുംതന്നെ ഒറ്റവാക്കുകളില്ലെന്ന് പറയുന്ന പണ്ഡിതന്മാരുണ്ട്. അതെന്തായിരുന്നാലും, 'യഥാർഥത്തിലുള്ള ദൈവം' എന്ന അർഥത്തിലാണ്, ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിൻെറയോ ഗോത്രത്തിൻെറയോ ദൈവം എന്ന അർഥത്തിലല്ല ഖുർആൻ 'അല്ലാഹു'വെന്ന് പ്രയോഗിച്ചിരിക്കുന്നത്. മുസ്ലിംകളുടെയും ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും യഹൂദരുടെയും പാർസികളുടെയും മറ്റെല്ലാ ജനവിഭാഗങ്ങളുടെയും കറുത്തവരുടെയും വെളുത്തവരുടെയും പാശ്ചാത്യരുടെയും പൗരസ്ത്യരുടെയും അവർണരുടെയും സവർണരുടെയും അഖിലചരാചരങ്ങളുടെയും എല്ലാം സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമാണ് ഖുർആൻ

പരിചയപ്പെടുത്തുന്ന അല്ലാഹു.

ٱللَّهُ خَٰلِقُ كُلِّ شَيۡءٖۖ وَهُوَ عَلَىٰ كُلِّ شَيۡءٖ وَكِيلٞ

“അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവാകുന്നു” (39:62).

ذَٰلِكُمُ ٱللَّهُ رَبُّكُمۡ خَٰلِقُ كُلِّ شَيۡءٖ لَّآ إِلَٰهَ إِلَّا هُوَۖ فَأَنَّىٰ تُؤۡفَكُونَ

“അവനാകുന്നു നിങ്ങളുടെ രക്ഷിതാവും എല്ലാ വസ്തുക്കളുടെ സൃഷ്ടികർത്താവുമായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് (സന്മാർഗത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?'' (40:62).

إِنَّ ٱللَّهَ هُوَ رَبِّي وَرَبُّكُمۡ فَٱعۡبُدُوهُۚ هَٰذَا صِرَٰطٞ مُّسۡتَقِيمٞ

“തീർച്ചയായും അല്ലാഹുതന്നെയാണ് എൻെറ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ പാത'' (43:64).

بَدِيعُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ أَنَّىٰ يَكُونُ لَهُۥ وَلَدٞ وَلَمۡ تَكُن لَّهُۥ صَٰحِبَةٞۖ وَخَلَقَ كُلَّ شَيۡءٖۖ وَهُوَ بِكُلِّ شَيۡءٍ عَلِيمٞ ● ذَٰلِكُمُ ٱللَّهُ رَبُّكُمۡۖ لَآ إِلَٰهَ إِلَّا هُوَۖ خَٰلِقُ كُلِّ شَيۡءٖ فَٱعۡبُدُوهُۚ وَهُوَ عَلَىٰ كُلِّ شَيۡءٖ وَكِيلٞ

“ആകാശങ്ങളുടെയും ഭൂമിയുടെയും നിർമാതാവാണവൻ. അവന്ന് എങ്ങനെ ഒരു സന്താനമുണ്ടാകും? അവന്നൊരു കൂട്ടുകാരിയുമില്ലല്ലോ. എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചതാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനുമാണ്. അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ ഒരു ദൈവവുമില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകല കാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു'' (6:101,102).



സർവലോകസ്രഷ്ടാവായ ദൈവത്തെ വിശുദ്ധ ഖുർആൻ വിളിച്ചിരിക്കുന്നത് ‘അല്ലാഹു’വെന്നാണെന്ന് പറഞ്ഞുവല്ലോ. ഈ പദം ഖുർആനിൻെറ പുതിയ കണ്ടുപിടിത്തമല്ല. അറബികൾക്കിടയിൽ പ്രവാചകന് മുമ്പുതന്നെ പ്രചാരത്തിലിരുന്ന ഒരു പദമായിരുന്നു ‘അല്ലാഹു’. ബഹുദൈവാരാധകരായിരുന്നു അറബികളെന്ന കാര്യം സുവിദിതമാണല്ലോ. ലാത്ത, ഉസ്സ, മനാത്ത, ഹുബല് തുടങ്ങിയ നിരവധി ദൈവങ്ങളെ ആരാധിച്ചിരുന്നവരായിരുന്നു അവർ. എന്നാൽ, ഇവയൊന്നും അല്ലാഹുവാണെന്ന് അവരാരുംതന്നെ വിശ്വസിച്ചിരുന്നില്ല. ഇവയെല്ലാം യഥാർഥ ദൈവത്തിലേക്കുള്ള ഇടയാളന്മാരോ ശുപാർശകരോ ആണെന്നായിരുന്നു അവരുടെ വിശ്വാസം. സർവശക്തനും സർവലോകസ്രഷ്ടാവുമായ യഥാർഥ ദൈവത്തെ അവർ വിളിച്ചിരുന്നത് ‘അല്ലാഹു’വെന്നുതന്നെയായിരുന്നുവെന്ന് വിശുദ്ധഖുർആൻ സുതരാം വ്യക്തമാക്കുന്നു.

وَلَئِن سَأَلۡتَهُم مَّنۡ خَلَقَهُمۡ لَيَقُولُنَّ ٱللَّهُۖ فَأَنَّىٰ يُؤۡفَكُونَ

“തങ്ങളെ ആരു സൃഷ്ടിച്ചുവെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അല്ലാഹു എന്നവർ പറയും. അപ്പോൾ എങ്ങനെയാണവർ വ്യതിചലിക്കപ്പെടുന്നത്?''(43:87).

وَلَئِن سَأَلۡتَهُم مَّنۡ خَلَقَ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَسَخَّرَ ٱلشَّمۡسَ وَٱلۡقَمَرَ لَيَقُولُنَّ ٱللَّهُۖ فَأَنَّىٰ يُؤۡفَكُونَ

“ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തി വെക്കുകയും ചെയ്തവൻ ആര് എന്നു നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും. അല്ലാഹു (ആണെന്ന്). അപ്പോൾ എങ്ങനെയാണവർ വ്യതിചലിക്കപ്പെടുന്നത്?” (29:61).

وَلَئِن سَأَلۡتَهُم مَّن نَّزَّلَ مِنَ ٱلسَّمَآءِ مَآءٗ فَأَحۡيَا بِهِ ٱلۡأَرۡضَ مِنۢ بَعۡدِ مَوۡتِهَا لَيَقُولُنَّ ٱللَّهُۚ قُلِ ٱلۡحَمۡدُ لِلَّهِۚ بَلۡ أَكۡثَرُهُمۡ لَا يَعۡقِلُونَ

“ആകാശത്തുനിന്ന് വെള്ളമിറക്കുകയും നിർജീവാവസ്ഥക്കു ശേഷം അതുവഴി ഭൂമിക്കു ജീവൻ നൽകുകയും ചെയ്തതാര് എന്നു

നീ അവരോട് ചോദിച്ചാൽ അല്ലാഹു എന്നവർ പറയും; തീർച്ച പറയുക അല്ലാഹുവിന് സ്തുതി. പക്ഷേ, അവരിൽ അധികപേരും ചിന്തിച്ച് മനസ്സിലാക്കുന്നില്ല" (29:63).

قُلْ مَن رَّبُّ ٱلسَّمَـٰوَٰتِ ٱلسَّبْعِ وَرَبُّ ٱلْعَرْشِ ٱلْعَظِيمِ ● سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَتَّقُونَ

"ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹിതമായ സിംഹാസനത്തിൻെറ രക്ഷിതാവും ആര് എന്ന് ചോദിച്ചു നോക്കുക. തീർച്ചയായും അവർ പറയും: (അവയുടെ രക്ഷാകർതൃത്വം) അല്ലാഹുവിനാകുന്നു. നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ" (23:86,87).

قُلْ مَنۢ بِيَدِهِۦ مَلَكُوتُ كُلِّ شَىْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِن كُنتُمْ تَعْلَمُونَ ● سَيَقُولُونَ لِلَّهِ ۚ قُلْ فَأَنَّىٰ تُسْحَرُونَ

"ചോദിച്ചുനോക്കുക, എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവൻെറ കൈയിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരിൽ അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ പറയുക. തീർച്ചയായും അവർ പറയും (ഈ യോഗ്യതയെല്ലാം) അല്ലാഹുവിനുള്ളതാകുന്നു. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽപെട്ടുപോകുന്നത്?'' (23:88,89).

സർവലോക രക്ഷിതാവായ തമ്പുരാനെ വിളിക്കുവാൻ അറബികൾ ഉപയോഗിച്ചിരുന്ന നാമമായിരുന്നു 'അല്ലാഹു'വെന്ന് അവരുടെ ചരിത്രത്തിൽനിന്നുതന്നെ ഗ്രഹിക്കാവുന്നതാണ്. മുഹമ്മദ് നബി(ﷺ)യുടെ പിതാവിൻെറ പേര് അബ്ദുല്ല-അല്ലാഹുവിൻെറ ദാസൻ-എന്നായിരുന്നുവല്ലോ. മുഹമ്മദി(ﷺ)ൻെറ ജനനത്തിന് രണ്ടു മാസങ്ങൾക്കു മുമ്പ് പിതാവ് മരണപ്പെട്ടിരുന്നുവെന്നോർക്കുക. 'അല്ലാഹു'വിൽ വിശ്വാസമുള്ളതുകൊണ്ടാണല്ലോ നബി (ﷺ)യുടെ പിതാമഹനായ അബ്ദുൽ മുത്വലിബ് തൻെറ പുത്രന് 'അല്ലാഹുവിൻെറ അടിമ'യെന്ന പേർ നൽകിയത്. ഇസ്‌ലാംമതം സ്വീകരിക്കുന്നതിനു മുമ്പേ അബ്ബാസ്(رضي الله عنه) തനിക്കു പിറന്ന കുഞ്ഞിനിട്ട നാമവും അബ്ദുല്ല തന്നെ. പ്രശസ്തനായ ഒരു സഹാബിയായിരുന്നു



അബ്ദുല്ലാഹിബ്നു അബ്ബാസ് (رضي الله عنه). അജ്ഞാനകാലത്തിൻെറ അന്ത്യത്തിലും പ്രവാചക നിയോഗത്തിൻെറ ആദ്യത്തിലുമായി ഒട്ടനവധി 'അബ്ദുല്ല'മാരെ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നു. ത്വൽഹതുബ്നു ഉബൈദില്ല, അബ്ദുല്ലാഹിബ്നുസലാം, അബ്ദുല്ലാഹിബ്നു ജദ്ആൻ, തുടങ്ങിയ നാമങ്ങൾ ഇസ്‌ലാമിക ചരിത്രവിദ്യാർഥികൾക്ക് സുപരിചിതങ്ങളാണ്. ഈ പേരുകളെല്ലാം അജ്ഞാനകാലത്ത് ഉപയോഗിക്കപ്പെട്ടിരുന്നുവെന്നതിൽനിന്ന് 'അല്ലാഹു'വെന്ന പദം ഖുർആനിന്റെയോ പ്രവാചകൻെറയോ സൃഷ്ടിയല്ലെന്ന് സുതരാം വ്യക്തമാവുന്നു.

ബഹുദൈവാരാധകരായ അറേബ്യൻ മുശ്‌രിക്കുകൾ മാത്രമല്ല, അവിടെ ജീവിച്ചിരുന്ന യഹൂദരും ക്രൈസ്തവരുമെല്ലാം 'യഥാർഥ ദൈവ'ത്തെ അല്ലാഹുവെന്നുതന്നെയായിരുന്നു വിളിച്ചിരുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഉസൈറിനെ (എസ്രാ) ദൈവപുത്രനായി അവതരിപ്പിച്ചിരുന്ന യഹൂദരെയും മസീഹിനെ (ക്രിസ്തു) ദൈവപുത്രനായി പരിചയപ്പെടുത്തിയിരുന്ന ക്രൈസ്തവരെയും വിമർശിക്കുന്ന ഖുർആൻ വാക്യങ്ങളിൽ അവരെക്കുറിച്ച് ദൈവപുത്രനെന്ന് പറഞ്ഞതിനെപ്പറ്റി സൂചിപ്പിക്കുന്നതിനുവേണ്ടി 'ഇബ്നുല്ലാ' എന്നാണ് പരാമർശിച്ചിരിക്കുന്നത്; 'അല്ലാഹുവിൻെറ പുത്രൻ' എന്നർഥം. പ്രസ്തുത സൂക്തം കാണുക:

وَقَالَتِ ٱلْيَهُودُ عُزَيْرٌ ٱبْنُ ٱللَّهِ وَقَالَتِ ٱلنَّصَـٰرَى ٱلْمَسِيحُ ٱبْنُ ٱللَّهِ ۖ ذَٰلِكَ قَوْلُهُم بِأَفْوَٰهِهِمْ ۖ يُضَـٰهِـُٔونَ قَوْلَ ٱلَّذِينَ كَفَرُوا۟ مِن قَبْلُ ۚ قَـٰتَلَهُمُ ٱللَّهُ ۚ أَنَّىٰ يُؤْفَكُونَ

"ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദന്മാർ പറഞ്ഞു. മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായകൊണ്ടുള്ള വാക്കു മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്?" (9:30).

ഇതേപോലെതന്നെ ക്രൈസ്തവ വിശ്വാസമായ ത്രിയേകത്വത്തെ വിമർശിക്കുന്ന ഖുർആൻ സൂക്തത്തിലും 'അല്ലാഹുവിനെ മൂന്നിൽ

ഒരാളാക്കിയിരിക്കുന്നു'വെന്നാണ് പ്രയോഗിച്ചിരിക്കുന്നത്. തൗറാത്തിലും സബൂറിലും ഇൻജീലിലുമെല്ലാം യഥാർഥ ദൈവമായി അവതരിപ്പിച്ചിരിക്കുന്ന അല്ലാഹുവിനെ ത്രിദൈവങ്ങളിൽ ഒരാളായി സങ്കൽപിക്കുകയാണല്ലോ ക്രൈസ്തവർ ചെയ്യുന്നത്. ഇത് വിമർശിക്കുന്ന ഖുർആൻ സൂക്തം നോക്കുക:

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ ثَالِثُ ثَلَٰثَةٍ ۘ وَمَا مِنْ إِلَٰهٍ إِلَّآ
إِلَٰهٌ وَٰحِدٌ ۚ وَإِن لَّمْ يَنتَهُواْ عَمَّا يَقُولُونَ لَيَمَسَّنَّ ٱلَّذِينَ
كَفَرُواْ مِنْهُمْ عَذَابٌ أَلِيمٌ

"നിശ്ചയമായും, അല്ലാഹു മൂന്നിൽ ഒരുവനാകുന്നുവെന്നു പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. ഏക ആരാധ്യനല്ലാതെ യാതൊരാരാധ്യനും ഇല്ലതന്നെ. അവർ ആ പറയുന്നതിൽനിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽനിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും" (5:73).

അറബിബൈബിളിൽ ഇന്നും യഥാർഥ ദൈവത്തെക്കുറിക്കുന്നതിന് 'അല്ലാഹു'വെന്ന് പ്രയോഗിക്കുന്നുണ്ടെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അറബി ബൈബിളിൽ നിന്ന് ഒരു ഉദ്ധരണി കാണുക: (യോഹന്നാൻ 1:1–5)

اَلْأَصْحَاحُ ٱلْأَوَّلُ

١ فِي ٱلْبَدْءِ كَانَ ٱلْكَلِمَةُ، وَٱلْكَلِمَةُ كَانَ عِنْدَ ٱللّٰهِ، وَكَانَ ٱلْكَلِمَةُ ٱللّٰهَ. ٢ هٰذَا
كَانَ فِي ٱلْبَدْءِ عِنْدَ ٱللّٰهِ. ٣ كُلُّ شَيْءٍ بِهِ كَانَ، وَبِغَيْرِهِ لَمْ يَكُنْ شَيْءٌ مِمَّا كَانَ. ٤ فِيهِ
كَانَتِ ٱلْحَيَاةُ، وَٱلْحَيَاةُ كَانَتْ نُورَ ٱلنَّاسِ، ٥ وَٱلنُّورُ يُضِيءُ فِي ٱلظُّلْمَةِ، وَٱلظُّلْمَةُ لَمْ
تُدْرِكْهُ.

വിവിധ ദൈവങ്ങളെ ആരാധിക്കുന്ന ജനസഞ്ചയത്തിനിടയിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻ അവർ ആരാധിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളെയെല്ലാം കൈയൊഴിക്കുവാനും താൻ നിഷ്കർഷിക്കുന്ന ദൈവത്തെ മാത്രം ആരാധിക്കുവാനുമല്ല ആവശ്യപ്പെട്ടത്. മറിച്ച്, സ്രഷ്ടാവും നിയന്താവും സംരക്ഷകനുമെന്ന് അവരെല്ലാവരും സമ്മതിക്കുന്ന, എല്ലാവിധ ആരാധനകളും യഥാർഥത്തിൽ



അർഹിക്കുന്ന അല്ലാഹുവിനെ മാത്രം ആരാധിക്കുവാനാണ്.

قُل لِّمَنِ ٱلْأَرْضُ وَمَن فِيهَآ إِن كُنتُمْ تَعْلَمُونَ ● سَيَقُولُونَ
لِلَّهِ ۚ قُلْ أَفَلَا تَذَكَّرُونَ ● قُلْ مَن رَّبُّ ٱلسَّمَٰوَٰتِ ٱلسَّبْعِ وَرَبُّ
ٱلْعَرْشِ ٱلْعَظِيمِ ● سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَتَّقُونَ ● قُلْ مَنۢ
بِيَدِهِۦ مَلَكُوتُ كُلِّ شَيْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِن كُنتُمْ
تَعْلَمُونَ ● سَيَقُولُونَ لِلَّهِ ۚ قُلْ فَأَنَّىٰ تُسْحَرُونَ ● بَلْ أَتَيْنَٰهُم
بِٱلْحَقِّ وَإِنَّهُمْ لَكَٰذِبُونَ ● مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ
مَعَهُۥ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ
بَعْضٍ ۚ سُبْحَٰنَ ٱللَّهِ عَمَّا يَصِفُونَ ● عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ
فَتَعَٰلَىٰ عَمَّا يُشْرِكُونَ

"(നബിയേ) ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടേതാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: അല്ലാഹുവിൻേറതാണെന്ന്. നീ പറയുക: എന്നാൽ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നില്ലേ? നീ ചോദിക്കുക: ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ അധികാരപീഠത്തിൻെറ രക്ഷിതാവും ആരാകുന്നു? അവർ പറയും: അല്ലാഹുവിന്നാകുന്നു (രക്ഷാകർതൃത്വം). നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവൻെറ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെനിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: അതെല്ലാം അല്ലാഹുവിന്നുള്ളതാണ്. പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽപെട്ടുപോകുന്നത്? അല്ല; നാം അവരുടെ അടുത്ത് സത്യവും കൊണ്ട് ചെന്നിരിക്കുകയാണ്. അവരാകട്ടെ വ്യാജവാദികൾതന്നെയാകുന്നു. അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം

യാതൊരു ദൈവവുമുണ്ടായിട്ടുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയ്ക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ! അവൻ അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു. അതിനാൽ അവൻ അവർ പങ്കുചേർക്കുന്നതിനെല്ലാം അതീതനായിരിക്കുന്നു" (23:84-92).

2

# സൃഷ്ടിപഠനത്തിലൂടെ സ്രഷ്ടാവിലേക്ക്

മനുഷ്യൻ ജന്മനാ ജിജ്ഞാസുവാണ്. തന്നെയും തനിക്കു ചുറ്റുമുള്ള ലോകത്തെയും കുറിച്ച അന്വേഷണം അവന്റെ കുട്ടിക്കാലം മുതൽ തന്നെ ആരംഭിക്കുന്നു. കളിപ്പാട്ടം തല്ലിയുടച്ചുകൊണ്ട് അതിനുള്ളിലുള്ളതെന്താണെന്നറിയാനുള്ള ആർത്തി പ്രകടിപ്പിക്കുന്ന കൊച്ചുകുഞ്ഞ് ലോകത്തിന്റെ യാഥാർഥ്യമറിയാനുള്ള മനുഷ്യധിഷണയുടെ ഒടുങ്ങാത്ത ആഗ്രഹത്തിന്റെ പ്രതീകമാണ്. ആകാശത്തിന്റെ അനന്തതകളിലും ആറ്റത്തിന്റെ സങ്കീർണതകളിലും കണ്ണുനട്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാരും ഈ പ്രപഞ്ചത്തിന്റെ യാഥാർഥ്യമറിയാൻ വേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഒരു മഹാഗ്രന്ഥം പോലെ നമുക്കുമുന്നിൽ തുറന്നുവെക്കപ്പെട്ടിട്ടുള്ള ഈ പ്രപഞ്ചത്തിലെവിടെയും അതിന്റെ നിർമാതാവിന്റെ പേരെഴുതിവെച്ചിട്ടില്ല. പക്ഷേ, പ്രപഞ്ച പുസ്തകത്തിലെ ഓരോ അക്ഷരവും ഇതിന്നൊരു നിർമാതാവ് ആവശ്യമാണെന്ന് വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്. ആ നിർമാതാവിന്റെ സ്വഭാവസവിശേഷതകളെ സംബന്ധിച്ച് ഒരു ഏകദേശചിത്രം ഈ പുസ്തകത്തിലെ വാക്യങ്ങൾ നൽകുന്നുണ്ടെന്നതാണ് വാസ്തവം.

ചിന്താശക്തിയുള്ള ജീവിയാണ് മനുഷ്യൻ. ഈ ബൃഹദ് പ്രപഞ്ചത്തിന് നടുവിൽ നിൽക്കുന്ന മനുഷ്യൻ സ്വാഭാവികമായും ചോദിച്ചുപോകുന്ന കുറേ ചോദ്യങ്ങളുണ്ട്. തന്നെയും പ്രപഞ്ചത്തേയും കുറിച്ചറിയാനുള്ള മനുഷ്യധിഷണയുടെ സ്വാഭാവികമായ തേട്ടമാണ് ഈ ചോദ്യങ്ങളിലൂടെ പ്രകടമാക്കപ്പെടുന്നത്. നിരക്ഷരരായ മനുഷ്യർ മുതൽക്ക് ശാസ്ത്രജ്ഞർവരെ ഈ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന് എന്നു ബുദ്ധിശക്തിയും ചിന്താശക്തിയുമുണ്ടായോ അന്നുമുതൽ അവൻ ചോദിച്ചുകൊണ്ടിരിക്കുന്നതാണ് ഈ ചോദ്യങ്ങൾ. വ്യത്യസ്ത നാഗരികതകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ഇക്കാര്യം നമുക്ക് മനസ്സിലാകും.

മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രഥമ ചോദ്യം ഈ ബൃഹത്തായ പ്രപഞ്ചം നിർമിച്ചു നടത്തിക്കൊണ്ടിരിക്കുന്നത് ആരാണെന്നുള്ളതാണ്. പർവതത്തിന്റെ ഉച്ചിയിലോ ആഴിയുടെ അഗാധതകളിലോ ആകാശത്തിന്റെ അനന്തതയിലോ ഒന്നുംതന്നെ ഇവ സൃഷ്ടിച്ച് പരിപാലിക്കുന്ന വ്യക്തിയുടെ പേരെഴുതിവെച്ചിട്ടില്ലെന്നത് സത്യമാണ്. പക്ഷേ, പർവതത്തിന്റെ നിലനിൽപ്പിനെയും ആകാശത്തിന്റെ സൃഷ്ടിപ്പിനെയും സമുദ്രത്തിന്റെ നടത്തിപ്പിനെയും കുറിച്ചു പഠിക്കുമ്പോൾ ഇവക്കുപിന്നിൽ അജയ്യനായ ഒരു സ്രഷ്ടാവുണ്ടെന്ന യാഥാർഥ്യം നമുക്ക് മുന്നിൽ തെളിഞ്ഞുവരും, തീർച്ച.

നാം നമ്മെക്കുറിച്ചുതന്നെ ചിന്തിക്കുക. മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച്. പിതാവ് സ്രവിക്കുന്ന ലക്ഷക്കണക്കിന് ബീജങ്ങളിലൊന്ന് മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ച് അണ്ഡവുമായി സംയോജിച്ച് സിക്താണ്ഡമുണ്ടാകുന്നു. ഈ സിക്താണ്ഡത്തിനറിയില്ല, താൻ വളർന്ന് പുറത്തുപോകുന്ന ലോകത്തിൽ ചൂടും തണുപ്പും കാറ്റും വെളിച്ചവും ശബ്ദവും സ്വാദുമെല്ലാമുണ്ടെന്ന്. പക്ഷേ, സിക്താണ്ഡം സ്വയം തന്നെ വിഭജിച്ചുണ്ടാവുന്ന 600000000000000 ($6x10^{14}$) കോശങ്ങളാൽ ഇവയെല്ലാമറിയാവുന്ന കല (tissue) കളുണ്ടാവുന്നു. കാണുവാൻ കണ്ണും കേൾക്കുവാൻ കാതും രൂപപ്പെടുന്നു. ഹൃദയം, കരൾ, ആമാശയം തുടങ്ങിയ ആന്തരാവയവങ്ങൾ രൂപപ്പെടുന്നു. എല്ലാറ്റിലുമുപരിയായി ഇവയെല്ലാം നിയന്ത്രിക്കുന്ന, അൽഭുതങ്ങളിലൽഭുതമായ മസ്തിഷ്കം രൂപംകൊള്ളുന്നു. ഇവയ്ക്കെല്ലാം പിന്നിൽ ഒരു മഹാനായ സ്രഷ്ടാവിന്റെ ആസൂത്രിതവും സൂക്ഷ്മവുമായ പ്രവർത്തനങ്ങളാണോ, അതല്ല, കേവല യാദൃച്ഛികതയാണോ



ബുദ്ധിയുള്ളവർക്ക് കാണാൻ കഴിയുന്നത് ?

സൃഷ്ടിപ്രപഞ്ചത്തെക്കുറിച്ച് സ്വതന്ത്രമായി ചിന്തിച്ചുകൊണ്ട് സ്രഷ്ടാവിന്റെ അസ്തിത്വത്തെക്കുറിച്ച് മനസ്സിലാക്കുവാനാണ് ഖുർആൻ മനുഷ്യരെ ആഹ്വാനം ചെയ്യുന്നത്.

أَفَلَا يَنظُرُونَ إِلَى ٱلْإِبِلِ كَيْفَ خُلِقَتْ ● وَإِلَى ٱلسَّمَآءِ كَيْفَ
رُفِعَتْ ● وَإِلَى ٱلْجِبَالِ كَيْفَ نُصِبَتْ ● وَإِلَى ٱلْأَرْضِ كَيْفَ سُطِحَتْ

“ഒട്ടകത്തിന്റെ നേർക്ക് അവർ നോക്കുന്നില്ലേ; അതെങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന്. ആകാശത്തേക്ക്; അതെങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നുവെന്ന് പർവതങ്ങളിലേക്ക്; അവയെങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നുവെന്ന്. ഭൂമിയിലേക്ക്; അതെങ്ങനെ വിതാനിക്കപ്പെട്ടിരിക്കുന്നുവെന്ന്” (88:17-20).

തന്റെ ചുറ്റുപാടുകളിലേക്ക് കണ്ണോടിച്ചുകൊണ്ട് പ്രപഞ്ചസംവിധാനത്തിനു പിന്നിലെ മഹാചൈതന്യത്തെക്കുറിച്ച് മനസ്സിലാക്കുവാനാണ് ഖുർആനിന്റെ കൽപന. സ്വതന്ത്രചിന്ത ദൈവനിഷേധത്തിലേക്കു നയിക്കുമെന്ന മധ്യകാല ചർച്ചിന്റെ വീക്ഷണം ഇസ്ലാമിന് തികച്ചും അന്യമാണ്. കണ്ണുകൊണ്ട് കാണുകയും കാതുകൊണ്ട് കേൾക്കുകയും ചെയ്ത് മനസ്സുപയോഗിച്ച് ചിന്തിക്കുവാനാണ് സ്രഷ്ടാവിന്റെ അസ്തിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന ഖുർആൻ സൂക്തങ്ങൾ മനുഷ്യരോട് ആവശ്യപ്പെടുന്നത്. അന്ധമായി ദൈവവിശ്വാസിയാകുവാൻ പഠിപ്പിക്കുന്ന ഒരൊറ്റ സൂക്തം പോലും ഖുർആനിലില്ല. ഈ വിഷയത്തിൽ ഇസ്ലാമിനെപ്പോലെ ബുദ്ധിയെ പ്രവർത്തനക്ഷമമാക്കിയ മറ്റൊരു മതമില്ലെന്നതാണ് വസ്തുത. തന്നിലേക്കും തന്റെ ചുറ്റുപാടിലേക്കും ദൃഷ്ടി പായിച്ച് പടച്ചവന്റെ അജയ്യതയെക്കുറിച്ച് മനസ്സിലാക്കുവാൻ മനുഷ്യരോട് ആഹ്വാനം ചെയ്യുന്ന ഖുർആൻ സൂക്തങ്ങൾ സാധാരണക്കാരൻ മുതൽ ശാസ്ത്രജ്ഞൻ വരെയുള്ളവരെ ചിന്തിപ്പിക്കാൻ പര്യാപ്തമാണ്.

പ്രവാചകന് ആദ്യമായി അവതരിപ്പിക്കപ്പെട്ട ഖുർആൻ സൂക്തങ്ങൾതന്നെ നോക്കുക:

ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ● خَلَقَ ٱلْإِنسَـٰنَ مِنْ عَلَقٍ ● ٱقْرَأْ وَرَبُّكَ

ٱلْأَكْرَمُ ● ٱلَّذِى عَلَّمَ بِٱلْقَلَمِ ● عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ

“സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യനെ അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു”(96:1-5).

മനുഷ്യരോട് സ്വന്തത്തെക്കുറിച്ച് ചിന്തിക്കുവാനാണ് ഈ സൂക്തങ്ങൾ ആഹ്വാനം ചെയ്യുന്നത്. ഏതാനും വർഷങ്ങൾക്കുമുമ്പ് നാം ഒന്നുമല്ലായിരുന്നു. പിന്നെ പിതാവിൻെറ ശരീരത്തിലെ കോടിക്കണക്കിന് ബീജങ്ങളിലൊന്നും മാതാവിൻെറ ശരീരത്തിലെ അണ്ഡങ്ങളിലൊന്നുമായി, തികച്ചും അപരിചിതമായ രണ്ടു ഭാഗങ്ങളായിത്തീർന്നു നാം. മാതാവിൻെറ ഗർഭപാത്രത്തിൽവെച്ച് ബീജവും അണ്ഡവും ചേർന്ന് സിക്താണ്ഡമുണ്ടായി. അതുവളർന്ന് മൃദുലമായ ഒരു മാംസപിണ്ഡമായി. പിന്നീട് ഈ പിണ്ഡത്തിനകത്ത് അസ്ഥികൂടം രൂപപ്പെട്ടു. പ്രസ്തുത അസ്ഥികൾ പേശികളാൽ മറക്കപ്പെട്ടു. കണ്ണുകളും കാതുകളും നാക്കും മൂക്കും കൈകളും കാലുകളുമെല്ലാമുണ്ടായി. അങ്ങനെ ഒരു ദിവസം നാം ഭൂമിയിലേക്ക് വന്നു. ഇവിടത്തെ കോടിക്കണക്കിന് മനുഷ്യരിൽ ഒരാളായി നാം ജീവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ശരീരത്തിൽ വ്യത്യസ്തങ്ങളായ വ്യവസ്ഥകളുണ്ട്. പ്രസ്തുത വ്യവസ്ഥകളെല്ലാം പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. അസ്ഥിവ്യൂഹവും ചംക്രമണവ്യൂഹവും നാഡീവ്യൂഹവും പ്രത്യുൽപാദനവ്യൂഹവും അന്തഃസ്രാവവ്യൂഹവുമൊന്നും മനുഷ്യൻെറ നിയന്ത്രണത്തിലല്ല നടക്കുന്നത്. അപരിചിതങ്ങളായ ബീജത്തെയും അണ്ഡത്തെയും പരസ്പരം സംയോജിപ്പിച്ച് സിക്താണ്ഡമുണ്ടാക്കി, അതിൽനിന്നു നമ്മെ പടിപടിയായി വളർത്തിക്കൊണ്ടുവന്നവനാരോ അവൻതന്നെ ഈ വ്യവസ്ഥകളെ നിയന്ത്രിച്ചു നടത്തുവാനാവശ്യമായ സംവിധാനങ്ങൾ ശരീരത്തിൽ ചെയ്തുവെച്ചിരിക്കുന്നു. സ്വന്തത്തെക്കുറിച്ച് ചിന്തിക്കുന്ന സാധാരണക്കാരനും മനുഷ്യശരീരത്തെക്കുറിച്ച് ഗവേഷണം നടത്തുന്ന ശാസ്ത്രകാരനും ഒരേപോലെ സ്രഷ്ടാവിൻെറ വൈഭവം അനുഭവിച്ചറിയുന്നു. ഖുർആൻ ചോദിക്കുന്നു.



كَيْفَ تَكْفُرُونَ بِٱللَّهِ وَكُنتُمْ أَمْوَٰتًا فَأَحْيَٰكُمْ ۖ ثُمَّ يُمِيتُكُمْ
ثُمَّ يُحْيِيكُمْ ثُمَّ إِلَيْهِ تُرْجَعُونَ

“നിങ്ങൾക്കെങ്ങനെയാണ് അല്ലാഹുവിനെ നിഷേധിക്കാൻ കഴിയുക? നിങ്ങൾ നിർജീവ വസ്തുക്കളായിരുന്ന അവസ്ഥക്കുശേഷം അവൻ നിങ്ങൾക്ക് ജീവൻ നൽകി. പിന്നെ നിങ്ങളെ അവൻ മരിപ്പിക്കുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ച് വിളിക്കപ്പെടുകയും ചെയ്യും” (2:28).

وَلَقَدْ خَلَقْنَا ٱلْإِنسَٰنَ مِن سُلَٰلَةٍ مِّن طِينٍ ● ثُمَّ جَعَلْنَٰهُ نُطْفَةً فِى
قَرَارٍ مَّكِينٍ ● ثُمَّ خَلَقْنَا ٱلنُّطْفَةَ عَلَقَةً فَخَلَقْنَا ٱلْعَلَقَةَ مُضْغَةً
فَخَلَقْنَا ٱلْمُضْغَةَ عِظَٰمًا فَكَسَوْنَا ٱلْعِظَٰمَ لَحْمًا ثُمَّ أَنشَأْنَٰهُ خَلْقًا
ءَاخَرَ ۚ فَتَبَارَكَ ٱللَّهُ أَحْسَنُ ٱلْخَٰلِقِينَ

“തീർച്ചയായും മനുഷ്യനെ കളിമണ്ണിൻെറ സത്തിൽനിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു” (23:12-14).

أَفَرَءَيْتُم مَّا تُمْنُونَ ● ءَأَنتُمْ تَخْلُقُونَهُۥٓ أَمْ نَحْنُ ٱلْخَٰلِقُونَ

“അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്. അതല്ല, നാമാണോ സൃഷ്ടികർത്താവ്?” (56:58,59).

പെറ്റുവീഴുന്ന കുഞ്ഞിന് ആവശ്യമായതെല്ലാം സ്രഷ്ടാവ് അവന്നു ചുറ്റും ഒരുക്കിവെച്ചിരിക്കുന്നു. കരയുമ്പോൾ തൊണ്ട വരളാതിരിക്കുവാനുള്ള സംവിധാനം. ശരീരത്തിൻെറ ഊഷ്മാവ് നിലനിർത്തു

വാനുള്ള സംവിധാനം. ഓക്സിജൻ വലിച്ചെടുക്കുവാനും കാർബൺ ഡയോക്സൈഡ് ഉഛ്വസിക്കുവാനുമാവശ്യമായ സംവിധാനങ്ങൾ. ഇങ്ങനെ എന്തെന്തു സംവിധാനങ്ങളാണ് സ്രഷ്ടാവ് നമുക്കായി ഒരുക്കിവെച്ചിരിക്കുന്നത്! കുഞ്ഞിനാവശ്യമായ സമീകൃതാഹാരം തയാർ ചെയ്യുന്നത് മാതാവിൻെറ ശരീരംതന്നെയാണ്. കുഞ്ഞിനു കൊടുക്കാൻ മുലപ്പാലിനോളം നല്ല ഒരാഹാരവും ഇല്ലെന്നാണ് വാസ്തവം. കുഞ്ഞിൻെറ വളർച്ചക്കും പ്രതിരോധത്തിനുമാവശ്യമായ എല്ലാ പോഷകമൂല്യങ്ങളും മുലപ്പാലിൽ അടങ്ങിയിരിക്കുന്നു.

മുലപ്പാൽ കുടിച്ചുവളരുന്ന കുട്ടിക്ക് അൽപം പ്രായമാകുന്നതോടുകൂടി നൽകാനാവശ്യമായ പോഷക സമൃദ്ധമായ ഭക്ഷ്യവസ്തുക്കളും അവൻെറ ചുറ്റുമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ആടുകളുടെയും മാടുകളുടെയും പാല്. പശുവിൻെറയും എരുമയുടെയും മറ്റും പാൽ കുട്ടികൾക്കു മാത്രമല്ല വലിയവർക്കും പോഷണം നൽകുന്ന ഗുണസമ്പുഷ്ടമായ ഒരു ആഹാരമാണ്. പശുവിൻപാലിൽ 87.2% വെള്ളവും 3.7% കൊഴുപ്പും 4.9% പഞ്ചസാരയും 3.5% പോഷകങ്ങളും മറ്റ് ഒട്ടേറെ ധാതുക്കളും ജീവകങ്ങളുമടങ്ങിയിട്ടുണ്ട്. ആടുകളുടെയും മാടുകളുടെയും ശരീരത്തിൽ മനുഷ്യന്നാവശ്യമായ പാൽ നിർമിക്കുവാൻ വേണ്ട സംവിധാനങ്ങൾ ചെയ്തുവെച്ചത് ആരാണ്? അവയല്ല; നമ്മളുമല്ല. അവയെയും നമ്മളെയും സൃഷ്ടിച്ച തമ്പുരാൻ തന്നെയാണെന്ന ഉത്തരമാണ് ഈ ചോദ്യത്തിന് പാൽക്കാരനും ക്ഷീരഗവേഷകനും നൽകുവാനുള്ളത്. ഖുർആൻ പറയുന്നതു നോക്കുക.

وَإِنَّ لَكُمْ فِى ٱلْأَنْعَـٰمِ لَعِبْرَةً ۖ نُّسْقِيكُم مِّمَّا فِى بُطُونِهَا وَلَكُمْ فِيهَا
مَنَـٰفِعُ كَثِيرَةٌ وَمِنْهَا تَأْكُلُونَ

"തീർച്ചയായും നിങ്ങൾക്ക് കന്നുകാലികളിൽ ഒരു ഗുണപാഠമുണ്ട്. അവയുടെ ഉദരങ്ങളിലുള്ളതിൽ നിന്ന് നിങ്ങൾക്ക് നാം കുടിക്കാൻ തരുന്നു. നിങ്ങൾക്ക് അവയിൽ ധാരാളം പ്രയോജനങ്ങളുണ്ട്. അവയിൽനിന്ന് (മാംസം) നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു" (23:21).

وَإِنَّ لَكُمْ فِى ٱلْأَنْعَـٰمِ لَعِبْرَةً نُّسْقِيكُم مِّمَّا فِى بُطُونِهِۦ مِنۢ بَيْنِ فَرْثٍ
وَدَمٍ لَّبَنًا خَالِصًا سَآئِغًا لِّلشَّـٰرِبِينَ



"കാലികളുടെ കാര്യത്തിൽ തീർച്ചയായും നിങ്ങൾക്ക് ഒരു പാഠമുണ്ട്. അവയുടെ ഉദരങ്ങളിലുള്ളതിൽനിന്ന് കാഷ്ഠത്തിനും രക്തത്തിനുമിടയിൽനിന്ന് കുടിക്കുന്നവർക്ക് സുഖദമായ ശുദ്ധമായ പാൽ നിങ്ങൾക്കു കുടിക്കാനായി നാം നൽകുന്നു" (16:66).

നമ്മുടെ നിലനിൽപിനുതന്നെ ആധാരമായിട്ടുള്ള സസ്യലതാദികളെക്കുറിച്ച് ചിന്തിക്കുമ്പോഴും സ്രഷ്ടാവിൻെറ വൈഭവം നമുക്ക് ബോധ്യമാകുന്നു. പച്ചിലകളാണ് ഭൂമിയുടെ ഭക്ഷ്യനിർമാണശാല. വേരുകൾ വെള്ളവും വളവും വലിച്ചെടുക്കുന്നു. അവ കാണ്ഡത്തിലൂടെ ഇലകളിലെത്തുന്നു. അന്തരീക്ഷത്തിൽനിന്നവ കാർബൺഡയോക് സൈഡ് വലിച്ചെടുക്കുന്നു. ഇവയെല്ലാം കൂടി സൂര്യപ്രകാശത്തിൻെറ സാന്നിധ്യത്തിൽ ഇലകളിലെ ഹരിതകത്തിൽ വെച്ച് ഗ്ലൂക്കോസ് ആയി മാറുന്നു. ഈ പ്രവർത്തനത്തെയാണ് പ്രകാശസംശ്ലേഷണമെന്ന് (photosythesis)പറയുന്നത്. പ്രകാശസംശ്ലേഷണത്തിലൂടെ നിർമിക്കപ്പെടുന്ന ഗ്ലൂക്കോസാണ് സസ്യങ്ങളുടെയും ജന്തുക്കളുടെയും അടിസ്ഥാന ഭക്ഷണം. ജന്തുക്കൾ പുറത്തുവിടുന്ന കാർബൺഡയോക്സൈഡ് വലിച്ചെടുത്ത് പകരം ജന്തുക്കൾക്കാവശ്യമുള്ള ഓക്സിജൻ പുറത്തുവിടുകയെന്ന പ്രവർത്തനംകൂടി പ്രകാശസംശ്ലേഷണത്തോടൊപ്പം നടക്കുന്നുണ്ട്. ജന്തുക്കളുടെയും സസ്യങ്ങളുടെയും നിലനിൽപ് പരസ്പരം പൂരകമായിട്ടാണെന്നർഥം. ജന്തുക്കളില്ലെങ്കിൽ സസ്യങ്ങൾക്കോ, തിരിച്ചോ നിലനിൽക്കാൻ കഴിയാത്ത അവസ്ഥ. സസ്യജാലങ്ങളുടെ നിലനിൽപിന് പിന്നിൽ കൃഷിക്കാരനും സസ്യശാസ്ത്രജ്ഞനും ഒരേപോലെ സ്രഷ്ടാവിൻെറ അസ്തിത്വം അനുഭവിച്ചറിയുന്നു. വിശുദ്ധ ഖുർആൻ ചോദിക്കുന്നു:

أَفَرَءَيْتُم مَّا تَحْرُثُونَ ● ءَأَنتُمْ تَزْرَعُونَهُۥٓ أَمْ نَحْنُ ٱلزَّٰرِعُونَ

"എന്നാൽ നിങ്ങൾ കൃഷി ചെയ്യുന്നതിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിച്ചു വളർത്തുന്നത്. അതല്ല, നാമാണോ അത് മുളപ്പിച്ചു വളർത്തുന്നവൻ" (56:63,64).

വിത്തു കുഴിച്ചിടുന്ന കൃഷിക്കാരന് അത് മുളച്ചുവളർന്ന് ഉൽപാദനക്ഷമമാകുന്നതിൽ മൗലികമായ യാതൊരു പങ്കുമില്ല. വിത്തിൻെറ ബീജകോശങ്ങളിലെ ജീനുകളിൽ രേഖപ്പെടുത്തപ്പെട്ട വ്യവസ്ഥയനുസരിച്ചാണ് സസ്യവളർച്ച നടക്കുന്നത്. ആ വ്യവസ്ഥ തീർത്തും ദൈവികമത്രെ.

يُنۢبِتُ لَكُم بِهِ ٱلزَّرْعَ وَٱلزَّيْتُونَ وَٱلنَّخِيلَ وَٱلْأَعْنَـٰبَ وَمِن كُلِّ ٱلثَّمَرَٰتِ ۗ إِنَّ فِى ذَٰلِكَ لَـَٔايَةً لِّقَوْمٍ يَتَفَكَّرُونَ

“അത് (വെള്ളം) മൂലം ധാന്യവിളകളും ഒലീവും ഈത്തപ്പനയും മുന്തിരികളും അവൻ നിങ്ങൾക്ക് മുളപ്പിച്ചു തരുന്നു. എല്ലാതരം ഫല വർഗങ്ങളും (അവൻ ഉൽപാദിപ്പിച്ചുതരുന്നു). ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്'' (16:11).

സൗരയൂഥത്തിലെ ഒരംഗമായ ഭൂമിയെ ജീവൻ സൃഷ്ടിക്കാൻവേണ്ടി സജ്ജമാക്കപ്പെട്ട ഒരു തൊട്ടിലായിട്ടാണ് ചിന്തിക്കുന്നവർക്കെല്ലാം കാണാൻ കഴിയുക. ഭൂമി സ്വയം ഇരുപത്തിനാലു മണിക്കൂറിൽ ഒരു പ്രാവശ്യം ഭ്രമണം ചെയ്യുന്നതിനാൽ രാവുംപകലും ഉണ്ടാകുന്നു. ഭൂമി സൂര്യനുചുറ്റും ദീർഘവൃത്താകാരമായ ഭ്രമണപഥത്തിൽ ശരാശരി 365.2564 ദിവസത്തിലൊരിക്കൽ ചുറ്റുന്നു. ഭൗമാന്തരീക്ഷം അതിന് ഒരു മേൽക്കൂര പണിയുകയാണ് ചെയ്യുന്നത്. സൂര്യനിൽനിന്നും വരുന്ന മാരകങ്ങളായ അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞുനിർത്തുകയും നിർദോഷികളും ഭൂമിയിൽ ജീവൻ നിലനിൽക്കാൻ അനിവാര്യവുമായ രശ്മികളെ കടത്തിവിടുകയുംചെയ്യുന്ന ഓസോൺ പാളി ഇല്ലായിരുന്നുവെങ്കിൽ ഭൂമിയിൽ ജീവന് നിലനിൽപുണ്ടാകുമായിരുന്നില്ല. ഭൂമിയിലേക്ക് പതിച്ചുകൊണ്ടിരിക്കുന്ന ഉൽക്കകളെ ഘർഷണംമൂലം കരിച്ചുകളഞ്ഞ് നശിപ്പിക്കുന്ന അന്തരീക്ഷം ഭൂമിയുടെ മേൽക്കൂരയല്ലെങ്കിൽ മറ്റെന്താണ്? അന്തരീക്ഷവായു ഇല്ലായിരുന്നെങ്കിൽ പകൽസമയത്ത് ഭൂമിയിലെ ജലം തിളച്ചുമറിയുകയും രാത്രിസമയത്ത് തണുത്ത് കട്ടയാവുകയും ചെയ്യുമായിരുന്നു. ഈ താപനില നിയന്ത്രിച്ചുകൊണ്ട് ഭൂമിയിലെ ശീതോഷ്ണാവസ്ഥയെ ക്രമപ്പെടുത്തുന്നതിൽ പ്രധാനപങ്കുള്ള കാർബൺഡയോക്സൈഡിന്റെ സന്തുലനം നിലനിർത്തപ്പെടുത്തുന്നത് ജന്തുക്കളുടെ ഉഛ്വാസവായുവിലുള്ള കാർബൺഡയോക്സൈഡിലൂടെയാണ്. ഓരോ വർഷവും ശരാശരി 500 ബില്യൺ ടൺ കാർബൺഡയോക്സൈഡ് വലിച്ചെടുക്കുന്നുണ്ട്, സസ്യങ്ങൾ. ജന്തുക്കളുടെ ഉഛ്വാസവായു ഇല്ലായിരുന്നെങ്കിൽ വെറും മൂന്നുവർഷം കൊണ്ട് ഭൂമിയിലെ കാർബണ്ഡയോക്സൈഡ് തീർന്നുപോകുമായിരുന്നു. അങ്ങനെ ഭൂമിയിൽ ജീവൻ അസാധ്യമാകുമായിരുന്നു.



കാർഷിക വിളകളുടെയും ജന്തുവർഗങ്ങളുടെയുമെല്ലാം നിലനിൽപിന് ആവശ്യമായ സജ്ജീകരണങ്ങൾ പ്രകൃതിയിൽതന്നെയുണ്ട്. ഭൂമി സ്വയം ഭ്രമണം ചെയ്യുന്നത് 23° 27’ചെരിഞ്ഞിട്ടാണ്. ഈ ചരിവാണ് ഋതുഭേദങ്ങൾക്ക് കാരണമാകുന്നത്. ഋതുഭേദങ്ങളാണല്ലോ ഭൂമിയെ കൃഷിക്കു പറ്റിയ ഗ്രഹമാക്കി മാറ്റുന്നത്. ഭൂമിയെ ജീവിതയോഗ്യമാക്കുന്നതിൽ മഴയ്ക്കുള്ള പങ്ക് അതിപ്രധാനമാണ്. ഭൂമിയിലെ സമുദ്രങ്ങളിൽനിന്നും ജലാശയങ്ങളിൽനിന്നും സൂര്യതാപമേറ്റ് വെള്ളം നീരാവിയായി മാറി അന്തരീക്ഷത്തിലേക്കുയരുന്നു. അന്തരീക്ഷത്തിലെ പൊടിപടലങ്ങൾക്കു ചുറ്റും പറ്റിക്കൂടി നീരാവി ഘനീഭവിക്കുന്നു. കുറെയേറെ നീണ്ടതും സങ്കീർണവുമായ പ്രക്രിയയിലൂടെയാണ് ഇങ്ങനെ ഘനീഭവിച്ച മേഘങ്ങളിൽനിന്ന് മഴയുണ്ടാവുന്നത്. കണ്ടുപിടിക്കപ്പെട്ട ആകാശഗോളങ്ങളിൽ ഭൂമിയൊഴിച്ച് മറ്റൊന്നിലും ഈ രൂപത്തിൽ മഴയുണ്ടാവുന്നില്ല. ഭൂമിയിൽ ജീവൻ നിലനിർത്താൻ വേണ്ടി സ്രഷ്ടാവുണ്ടാക്കിയ ഒരു പ്രത്യേക സംവിധാനമാണ് മഴയെന്ന വസ്തുത കാലാവസ്ഥാ നിരീക്ഷകനും കർഷകനും ഒരേപോലെ മനസ്സിലാക്കാൻ കഴിയും. മഴയോടനുബന്ധിച്ചുണ്ടാവുന്ന ഇടിമിന്നൽപോലും ഭൂമിയിലെ കാർഷികവിളകൾക്ക് ഗുണദായകമാണ്. അന്തരീക്ഷത്തിലെ നൈട്രജനെ സസ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്ന നൈട്രജൻ സംയുക്തങ്ങളാക്കി മാറ്റുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് ഇടിമിന്നലാണ്. ഇടിമിന്നലുകൾ വഴി ഒരു വർഷത്തിൽ പത്തുകോടി ടൺ നൈട്രജൻ വളങ്ങൾ (സസ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റിയ രീതിയിലുള്ള നൈട്രജൻ മിശ്രിതങ്ങൾ) ഉൽപാദിപ്പിക്കുന്നുണ്ടത്രെ. (ലോകത്ത് മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന രാസവളങ്ങളുടെ പത്തിരട്ടിയാണിത്). മഴയും ഇടിമിന്നലുമെല്ലാം പടച്ചതമ്പുരാന്റെ അസ്തിത്വത്തിനുള്ള തെളിവാണെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

وَمِنْ ءَايَـٰتِهِۦ يُرِيكُمُ ٱلْبَرْقَ خَوْفًا وَطَمَعًا وَيُنَزِّلُ مِنَ ٱلسَّمَآءِ مَآءً فَيُحْىِۦ بِهِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَعْقِلُونَ

“ഭയവും ആശയും ഉളവാക്കിക്കൊണ്ട് നിങ്ങൾക്ക് മിന്നൽ കാണി

ച്ചുതരുന്നതും ആകാശത്തുനിന്ന് വെള്ളം ചൊരിയുകയും അതുമൂലം ഭൂമിക്ക് അതിൻെറ നിർജീവാവസ്ഥക്കുശേഷം ജീവൻ നൽകുകയും ചെയ്യുന്നത് അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രേ. തീർച്ചയായും അതിൽ ചിന്തിച്ചു മനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (30:24).

ഭൂമിയുടെ അന്തരീക്ഷമാണ് നമുക്കെല്ലാം ഇവിടെ ജീവിക്കുവാൻ വേണ്ട സുരക്ഷിതത്വം പ്രദാനം ചെയ്യുന്ന മറ്റൊരു ഘടകം. സൂര്യനിൽ നിന്നുവരുന്ന മാരകമായ അൾട്രാവയലറ്റുരശ്മികളെയും മറ്റും തടഞ്ഞുനിർത്തുകയും നിർദോഷികളും ഭൂമിയിൽ ജീവൻ നിലനിൽക്കുവാൻ ആവശ്യമുള്ളതുമായ രശ്മികളെ കടത്തിവിടുകയും ചെയ്തുകൊണ്ട് ഭൂമിക്ക് മുകളിൽ ഒരു അരിപ്പ പോലെ പ്രവർത്തിക്കുന്ന ഓസോൺ പാളി ഭൂമിയിൽ ജീവൻ നിലനിൽക്കുവാനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നു. ഭൂമിയിലേക്ക് പതിച്ചുകൊണ്ടിരിക്കുന്ന ഉൽക്കകളെ ഘർഷണം മൂലം കരിച്ചുകളഞ്ഞ് നശിപ്പിക്കുന്നതും അന്തരീക്ഷം തന്നെ. അന്തരീക്ഷം എല്ലാ അർഥത്തിലും നമ്മുടെ ഒരു മേൽക്കൂരതന്നെ. ഈ മേൽക്കൂരക്ക് താഴെ ജീവിക്കുന്ന നമുക്ക് നമ്മുടെ സ്രഷ്ടാവിനെ അറിയാൻ അന്തരീക്ഷത്തിൽ നമ്മുടെ നിലനിൽപിനുവേണ്ടി സംവിധാനിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളെക്കുറിച്ച് അൽപം ചിന്തിച്ചാൽ മതി. ഖുർആൻ പഠിപ്പിക്കുന്നു:

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ
مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا
وَأَنتُمْ تَعْلَمُونَ

"നിങ്ങൾക്കുവേണ്ടി ഭൂമിയെ മെത്തയും ഉപരിലോകത്തെ മേൽപ്പുരയുമാക്കുകയും ഉപരിഭാഗത്തുനിന്ന് വെള്ളം ചൊരിഞ്ഞു തന്നിട്ട് അതു മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചുതരികയും ചെയ്ത (നാഥൻ). അതിനാൽ അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാവിന് സമന്മാരെ ഉണ്ടാക്കരുത്"(2:22).

നമുക്കു ചുറ്റും ജീവിക്കുന്ന നമ്മുടെ സഹജീവികളിലോരോന്നും സ്രഷ്ടാവിൻെറ വൈഭവം വിളിച്ചോതുന്നവയാണ്. പ്രാണികളിലെ



എഞ്ചിനീയറെന്ന് വിശേഷിപ്പിക്കാവുന്ന തേനീച്ചയെക്കുറിച്ച് മാത്രം പഠിച്ചാൽ മതി, ചിന്തിക്കുന്നവർക്ക് സർവശക്തൻെറ ആസ്തിക്യം ബോധ്യമാവും. കുറഞ്ഞ മെഴുകും കുറഞ്ഞ അധ്വാനവുമുപയോഗിച്ച് കൊണ്ട് ഉറപ്പിന് അൽപം പോലും കോട്ടം തട്ടാതെ ഏറ്റവും കൂടുതൽ അറകളുള്ള വീടുണ്ടാക്കുവാൻ തേനീച്ചകൾക്ക് സാധിക്കും. തേനീച്ചക്കൂടുകളുടെ ജ്യാമിതീയമായ കൃത്യത ശാസ്ത്രജ്ഞന്മാരെ അത്ഭുതപ്പെടുത്തുന്നു. തേനീച്ചസമൂഹത്തിൽ കാണപ്പെടുന്ന തൊഴിൽ വിഭജനവും അത്ഭുതാവഹമാണ്. തേൻ ശേഖരിക്കാൻ ഒരു കൂട്ടർ; പ്രത്യുൽപാദനം നടത്താൻ മറ്റൊരു കൂട്ടർ; കൂടുണ്ടാക്കാനൊരു വിഭാഗം; കൂടു കാക്കാൻ മറ്റൊരു വിഭാഗം; ഇങ്ങനെയാണ് തേനീച്ചസമൂഹത്തിലെ തൊഴിൽ വിഭജനം. തങ്ങളുടെ ബാധ്യതകൾ ജീവൻ ബലികഴിച്ചും നിർവഹിക്കുന്നവരാണ് തേനീച്ചകൾ. അവ തമ്മിലുള്ള ആശയവിനിമയരീതി വിസ്മയാവഹമാണ്. തേൻ തേടി പുറത്തുപോകുന്ന തേനീച്ച തിരിച്ചെത്തിയശേഷം തേനിരിക്കുന്ന സ്ഥലത്തെക്കുറിച്ച് മറ്റു തേനീച്ചകൾക്ക് വിവരം നൽകാൻവേണ്ടി ഒരു പ്രത്യേക രീതിയിലുള്ള നൃത്തമാണുപയോഗിക്കുന്നത്. 'വാഗ്ൾ നൃത്തം' (waggle dance) എന്നറിയപ്പെടുന്ന നൃത്തത്തിൽ നിർമിക്കുന്ന വൃത്തങ്ങളുടെ ആകൃതിയും ചരിവും കണ്ട് മറ്റു തേനീച്ചകൾ തേനിരിക്കുന്ന സ്ഥലത്തേക്ക് എത്ര ദൂരമുണ്ടെന്നും ഏതു ദിശയിലാണ് അതെന്നും മനസ്സിലാക്കുന്നു. അവ വിസർജിക്കുന്ന 'തേൻ' ഒരു സിദ്ധൗഷധമാണെന്ന കാര്യം സുവിദിതമാണല്ലോ. തേനീച്ച ഈ കഴിവുകളൊന്നുംതന്നെ സ്വന്തമായി വളർത്തിയെടുത്തതല്ല. അതിൻെറ വളരെ ചെറിയ മസ്തിഷ്കമുപയോഗിച്ച് ചിന്തിച്ച് കാര്യങ്ങൾ കണ്ടുപിടിക്കാൻ തേനീച്ചകൾക്കാവുകയുമില്ല. പിന്നെ ആരാണവക്ക് ഈ കഴിവുകൾ നൽകുന്നത്? ഉത്തരം 'തേനീച്ചയെ സൃഷ്ടിച്ചവൻ' എന്നു മാത്രമാണ്. വിശുദ്ധ ഖുർആൻ പറഞ്ഞതെത്ര ശരി.

وَأَوْحَىٰ رَبُّكَ إِلَى ٱلنَّحْلِ أَنِ ٱتَّخِذِى مِنَ ٱلْجِبَالِ بُيُوتًا وَمِنَ ٱلشَّجَرِ
وَمِمَّا يَعْرِشُونَ ● ثُمَّ كُلِى مِن كُلِّ ٱلثَّمَرَٰتِ فَٱسْلُكِى سُبُلَ رَبِّكِ
ذُلُلًا ۚ يَخْرُجُ مِنۢ بُطُونِهَا شَرَابٌ مُّخْتَلِفٌ أَلْوَٰنُهُۥ فِيهِ شِفَآءٌ لِّلنَّاسِ ۗ
إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَتَفَكَّرُونَ

“നിന്റെ നാഥന്‍ തേനീച്ചക്ക് ഇപ്രകാരം ബോധനം നല്‍കുകയും ചെയ്തിരിക്കുന്നു: മലകളിലും മരങ്ങളിലും മനുഷ്യന്‍ കെട്ടിയുയര്‍ത്തുന്നവയിലും നീ പാര്‍പ്പിടങ്ങളുണ്ടാക്കിക്കൊള്ളുക. പിന്നെ എല്ലാത്തരം ഫലങ്ങളില്‍നിന്നും നീ ഭക്ഷിച്ചുകൊള്ളുക. എന്നിട്ട് നിന്റെ രക്ഷിതാവ് സൗകര്യപ്രദമായി ഒരുക്കിത്തന്നിട്ടുള്ള മാര്‍ഗങ്ങളില്‍ നീ പ്രവേശിച്ചുകൊള്ളുക. അവയുടെ ഉദരങ്ങളില്‍നിന്ന് വ്യത്യസ്ത വര്‍ണങ്ങളുള്ള പാനീയം പുറത്തുവരുന്നു. അതില്‍ മനുഷ്യര്‍ക്ക് രോഗശമനമുണ്ട്. ചിന്തിക്കുന്ന ആളുകള്‍ക്ക് അതില്‍ തീര്‍ച്ചയായും ദൃഷ്ടാന്തമുണ്ട്” (16:68,69).

ഏതു ജീവികളെയെടുത്താലും സ്ഥിതി ഇതുതന്നെ. സമുദ്രത്തിലെ മല്‍സ്യങ്ങള്‍! ആകാശത്തിലെ പറവകള്‍! വന്യമൃഗങ്ങള്‍! വീട്ടുമൃഗങ്ങള്‍! എല്ലാത്തിനും അവയുടെ പരിതസ്ഥിതിക്കാവശ്യമായ പ്രത്യേകതകള്‍ നല്‍കപ്പെട്ടിരിക്കുന്നു. പറക്കുന്ന പക്ഷികളുടെ അസ്ഥികള്‍ക്കിടയിലും തൂവലുകള്‍ക്കിടയിലുമുള്ള അനേകം വായുകോശങ്ങളില്‍ സദാ കാറ്റ് നിറഞ്ഞു നില്‍ക്കുന്നതിനാല്‍ അനുഭവപ്പെടുന്ന ഭാരക്കുറവ് അവയ്ക്ക് പറക്കാന്‍ സഹായകമായി ഭവിക്കുന്നു. എന്നാല്‍, വെള്ളത്തില്‍ നീന്തേണ്ട പക്ഷികള്‍ക്ക് ഈ സവിശേഷത ഉപകാരപ്രദമല്ലാത്തതിനാല്‍ അവയുടെ എല്ല് പൊള്ളയല്ല. പകല്‍ ഇരതേടുന്ന പക്ഷികള്‍ക്ക് അതിനനുകൂലമായ ശാരീരികഘടനയുള്ളപ്പോള്‍ രാത്രി ഇരതേടുന്ന മൂങ്ങ, പാതിരക്കൊക്ക് മുതലായവക്ക് അതിനനുകൂലമായ ശാരീരികഘടനയാണുള്ളത്. മുട്ടയിടുന്നതിനും കുഞ്ഞുങ്ങളെ വളര്‍ത്തുന്നതിനും വേണ്ടി പക്ഷികള്‍ നിര്‍മിക്കുന്ന കൂടുകള്‍ പരിശോധിക്കുന്ന ഏവരും അത്ഭുതപ്പെട്ടുപോകും. മരക്കൊമ്പിലിരുന്നുറങ്ങുന്ന പക്ഷി ദേഹം കാലില്‍ അമരുന്നതോടെ കാലുകള്‍ മടങ്ങുകയും ചില മാംസപേശികളും തന്തുക്കളും വളഞ്ഞു വിരലുകളെ കൊമ്പിനുചുറ്റും മുറുകിക്കിടക്കാന്‍ സഹായിക്കുകയും ചെയ്യുന്നതിനാല്‍ മരത്തില്‍നിന്നവ വീണുപോകുന്നില്ല. പക്ഷികള്‍ക്ക് പറക്കാനായി നല്‍കപ്പെട്ടിരിക്കുന്ന ചിറകുകളാണ് മറ്റൊരു അത്ഭുതാവയവം. പക്ഷികളുടെ ശരാശരി വേഗം മണിക്കൂറില്‍ മുപ്പതു മുതല്‍ അറുപതുവരെ കിലോമീറ്ററാണെങ്കിലും നൂറ്റിമുപ്പത് മുതല്‍ നൂറ്റിയമ്പതുവരെ കിലോമീറ്റര്‍ വേഗതയില്‍ പറക്കുന്ന പക്ഷികളുമുണ്ട്. ആല്‍ബട്രോസ്സിനെപ്പോലെ വളരെ ദൂരം ചിറക് അനക്കാതെ ഒഴുകിപ്പറക്കുന്ന പക്ഷികള്‍ക്ക് വളരെനീളംകൂടി വീതികുറഞ്ഞ ചിറകുകളാണുള്ളതെങ്കില്‍, കാടയെപ്പോലെ പെട്ടെന്ന് പൊന്തി ഉടനെ വളരെവേഗം പറക്കേണ്ടിവരുന്ന പക്ഷികള്‍ക്ക് വീതി കൂടി നീളം കുറഞ്ഞ ചിറകുകളാണുള്ളത്.



കരജീവികളില്‍ നിന്നൊരുദാഹരണം . മരുക്കപ്പല്‍ എന്നറിയപ്പെടുന്ന ജീവിയാണല്ലോ ഒട്ടകം. എന്താണിങ്ങനെ വിളിക്കപ്പെടാനുള്ള കാരണം? മരുഭൂമിയിലൂടെ കനത്ത ഭാരം വഹിച്ചുകൊണ്ട് ജലവും ആഹാരവും കൂടാതെ ദീര്‍ഘദൂരം യാത്രചെയ്യാന്‍ കഴിയുന്നതുകൊണ്ടാണ് ഒട്ടകത്തെ ഇങ്ങനെ വിളിക്കുന്നത്. അഞ്ഞൂറ് കിലോഗ്രാമിലേറെ ഭാരം വഹിച്ചുകൊണ്ട് മരുഭൂമിയിലൂടെ മണിക്കൂറില്‍ പതിമൂന്നു മുതല്‍ പതിനാറുവരെ കിലോമീറ്റര്‍ വേഗതയില്‍ ദീര്‍ഘദൂരം സഞ്ചരിക്കാന്‍ അറബി ഒട്ടകങ്ങള്‍ക്ക് കഴിയും. ഇവയുടെ നീണ്ട കാലുകള്‍ക്ക് ഭാരമേറിയ ശരീരത്തെ താങ്ങാനുള്ള കരുത്തുണ്ട്. ഓരോ കാലിലുമുള്ള രണ്ട് വിരലുകള്‍ക്കിടയിലെ മൃദുവായ മാംസപിണ്ഡങ്ങള്‍ അതിന്റെ പാദത്തെ മണലില്‍ ഉതഞ്ഞുപോകാതെ സൂക്ഷിക്കുന്നു. കാല്‍മുട്ടുകളിലും ഉരസിനടിയിലും കാണുന്ന കട്ടിയുള്ള ചര്‍മാവരണം ഒട്ടകം മുട്ടുകുത്തിക്കിടക്കുമ്പോള്‍ അതിന്റെ ശരീരഭാഗങ്ങള്‍ക്ക് ക്ഷതമേല്‍ക്കാതിരിക്കാന്‍ സഹായിക്കുന്നു. നല്ല കാഴ്ചശക്തിയുള്ള ഒട്ടകത്തിന്റെ കണ്ണുകള്‍ക്കുള്ള നീണ്ട പുരികങ്ങളോടുകൂടിയ വലിയ കണ്‍പോളകള്‍ ഉഗ്രമായ സൂര്യകിരണങ്ങളില്‍നിന്നും മണല്‍ക്കാറ്റുകളില്‍നിന്നും കണ്ണുകളെ രക്ഷിക്കുന്നു. ഒന്നര കിലോമീറ്ററോളം ദൂരത്തുള്ള ജലം മണത്തറിയാന്‍ കഴിയുന്ന ഒട്ടകങ്ങള്‍ക്ക് മണല്‍കാറ്റടിക്കുമ്പോള്‍ മണല്‍തരികള്‍ മൂക്കില്‍ കടന്നുകൂടാതിരിക്കുന്നതിനായി ഇഷ്ടാനുസരണം നാസാരന്ധ്രങ്ങളെ അടക്കാനും തുറക്കാനും കഴിയും. ഒട്ടകത്തിന്റെ ആഹാരങ്ങളായ മരുഭൂമിയിലെ മിക്ക ചെടികളിലും മുള്ളുകള്‍ ഉള്ളതിനാല്‍ ചുണ്ടുകള്‍ക്ക് ക്ഷതമേല്‍ക്കാതിരിക്കാനായി അതിന്റെ മേല്‍ച്ചുണ്ട് രണ്ടായി പിളര്‍ന്നിരിക്കുന്നു. ഒട്ടകത്തിന്റെ മുതുകിലെ പൂഞ്ഞയാണ് ഏറ്റവും വലിയ അത്ഭുതം. വരണ്ട മണലാരണ്യത്തിലൂടെ അല്‍പംപോലും ജലപാനംകൂടാതെ ദിവസങ്ങളോളം സഞ്ചരിക്കാന്‍ ഒട്ടകത്തിന് കഴിവുനല്‍കുന്നത് ഈ പൂഞ്ഞയാണ്. ധാരാളം ജലവും ആഹാരങ്ങളും ലഭിക്കുമ്പോള്‍ പൂഞ്ഞ കൊഴുപ്പ് നിറഞ്ഞ് തടിച്ച് വലുതാകുന്നു. ജലം ലഭിക്കാത്ത അവസ്ഥയില്‍ ഈ കൊഴുപ്പ് ശിഥിലീകരിക്കപ്പെടുകയും അതില്‍നിന്നുണ്ടാകുന്ന ഹൈഡ്രജന്‍ അണുക്കള്‍ ശ്വസന

വായുവിൽനിന്നും ലഭിക്കുന്ന ഓക്സിജനുമായി സംയോജിച്ച് കോശങ്ങൾക്കുള്ളിൽ ജലം നിർമിക്കുകയും ശരീരത്തിൻെറ വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ജീവികൾ അവയുടെ ചുറ്റുപാടുകൾക്കനുയോജ്യമായ രീതിയിൽ സൃഷ്ടിക്കപ്പെട്ടതിനു പിന്നിൽ സർഗധനനായ ഒരു സ്രഷ്ടാവിൻെറ കരവിരുതോ അന്ധമായ യാദൃച്ഛികതയുടെ പ്രവർത്തനങ്ങളോ എന്താണ് യുക്തിബോധമുള്ളവർക്ക് കണാൻ കഴിയുന്നത്?

وَٱللَّهُ خَلَقَ كُلَّ دَآبَّةٍ مِّن مَّآءٍ ۖ فَمِنْهُم مَّن يَمْشِى عَلَىٰ بَطْنِهِۦ وَمِنْهُم مَّن يَمْشِى عَلَىٰ رِجْلَيْنِ وَمِنْهُم مَّن يَمْشِى عَلَىٰٓ أَرْبَعٍ ۚ يَخْلُقُ ٱللَّهُ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. അവരുടെ കൂട്ടത്തിൽ ഉദരത്തിന്മേൽ ഇഴഞ്ഞു നടക്കുന്നവരുണ്ട്. രണ്ടു കാലിൽ നടക്കുന്നവരും അവരിലുണ്ട്. നാലുകാലിൽ നടക്കുന്നവരും അവരിലുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളനാകുന്നു" (24:45).

മനുഷ്യരുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുന്ന ആകാശഗോളങ്ങളായ സൂര്യനും ചന്ദ്രനും എന്നെന്നും മനുഷ്യരെ അത്ഭുത പരതന്ത്രരാക്കിയിട്ടുണ്ട്. സൂര്യോദയവും അസ്തമയവുമായിരുന്നു പുരാതന മനുഷ്യരെ അത്ഭുതപ്പെടുത്തിയതെങ്കിൽ സൂര്യനിൽ നടക്കുന്ന പ്രവർത്തനങ്ങളും അതിൻെറ സ്ഥാനവുമെല്ലാമാണ് ആധുനിക മനുഷ്യരെ അത്ഭുതപ്പെടുത്തുന്നത്. സൂര്യന്റെ താപം 13 ശതമാനം കുറഞ്ഞാൽ ഭൂമി മഞ്ഞുപുതപ്പിനാൽ മൂടപ്പെടുകയും 30 ശതമാനം കൂടിയാൽ ഇവിടെയുള്ള എല്ലാ ജീവികളും നശിക്കുകയും ചെയ്യും. ഭൂമിയിലെ ഒരുവിധം എല്ലാ പ്രതിഭാസങ്ങൾക്കുമുള്ള കാരണം സൂര്യനാണ്. സൂര്യനില്ലായിരുന്നുവെങ്കിൽ മഞ്ഞ് ഉരുകുകയില്ല, നദി ഒഴുകുകയില്ല, മേഘങ്ങൾ ഉണ്ടാവുകയില്ല, കാറ്റടിക്കുകയില്ല, പൂക്കൾ വിടരുകയില്ല, മഴപെയ്യുകയില്ല, ജീവൻ നിലനിൽക്കുകയില്ല. സൗരാന്തർഭാഗത്തെ ഊഷ്മാവ് ഏകദേശം 65 ലക്ഷം ഡിഗ്രി സെൽഷ്യസാണ്. ഒരു ചതുരശ്ര ഇഞ്ചിൽ ഇവിടെ അനുഭവപ്പെടുന്ന മർദം ഒരു



ലക്ഷം പൗണ്ട്! സൗരവസ്തുവിൻെറ ഭാരം, ഒരു ചതുരശ്രമീറ്ററിന് 703.1 ലക്ഷം കോടി കിലോഗ്രാമാണ്. സൗരയൂഥത്തിലെ ഊർജത്തിൻെറ സ്രോതസ്സായ സൂര്യനിൽ ഊർജോൽപാദനം നടക്കുന്നത് ന്യൂക്ലിയാർ ഫ്യൂഷൻ (ഹൈഡ്രജൻ ബോംബിൽ നടക്കുന്ന പ്രവർത്തനം) വഴിയാണ്. അഥവാ ഓരോ സെക്കൻഡിലും സൂര്യനിൽ ആയിരക്കണക്കിന് ഹൈഡ്രജൻ ബോംബ് സ്ഫോടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു സെക്കൻറിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഊർജ്ജം $10^{25}$ ജൂൾ ആണ്. (ഇന്നത്തെ നിരക്കിൽ 10,000 വർഷത്തേക്ക് ഭൂമിക്ക് മുഴുവനും ആവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാൻ ഒരു സെക്കൻറ് നേരം സൂര്യനിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഊർജം കൊണ്ട് സാധിക്കും). ക്ഷീരപഥമെന്ന (milky way) താരാസമൂഹ(galaxy)ത്തിലെ അംഗമാണ് സൂര്യൻ. താരാസമൂഹത്തിൻെറ കേന്ദ്രത്തിൽനിന്ന് ഏകദേശം 320000 പ്രകാശവർഷം അകലെയാണ് സൂര്യൻ സ്ഥിതി ചെയ്യുന്നത്. സൂര്യൻ അതിൻെറ താരാസമൂഹകേന്ദ്രത്തെ വൃത്താകാരമായ പഥത്തിലൂടെ ഭ്രമണം ചെയ്തു കൊണ്ടിരിക്കുന്നു. ഈ ഭ്രമണത്തിൻെറ വേഗത സെക്കൻറിൽ 250 കിലോമീറ്ററാണ്. താരാസമൂഹകേന്ദ്രത്തെ ഒരു പ്രാവശ്യം ചുറ്റാൻ സൂര്യനെടുക്കുന്ന സമയത്തിനാണ്-25 കോടി വർഷം- ഒരു കോസ്മിക് വർഷ (cosmic year)മെന്ന് പറയുന്നത്. ഇങ്ങനെ സൂര്യനെക്കുറിച്ച് പഠിക്കുന്തോറും സർവശക്തൻെറ അജയ്യത നമുക്ക് കൂടുതൽ കൂടുതൽ മനസ്സിലാവുന്നു. അവൻ കൽപിച്ചുവെച്ച കണക്കുകൾ അനുസരിച്ചാണ് സൂര്യചന്ദ്രന്മാർ ചലിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത കണക്കുകൾ ഒരിക്കലും തെറ്റുകയില്ല. ഖുർആൻ പറയുന്നത് നോക്കുക.

وَٱلشَّمْسُ تَجْرِى لِمُسْتَقَرٍّ لَّهَا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ

"സൂര്യൻ അതിന്ന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണിത്" (36:38).

وَهُوَ ٱلَّذِى خَلَقَ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ فِى فَلَكٍ يَسْبَحُونَ

"അവനത്രെ രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടി

ച്ചത്. ഓരോന്നും ഓരോ ഭ്രമണ പഥത്തിലൂടെ നീന്തി (സഞ്ചരിച്ചു) കൊണ്ടിരിക്കുന്നു" (21:33).

പ്രപഞ്ചത്തിൻെറ വിസ്തൃതിയും അതിൽ നമ്മുടെ സ്ഥാനവുമറിയുന്ന മനുഷ്യൻ തീർച്ചയായും സ്രഷ്ടാവിനു മുമ്പിൽ നമ്രശിരസ്കനായിപ്പോകും. പ്രപഞ്ചത്തിൽ ആയിരക്കണക്കിന് ക്ലസ്റ്ററുകൾ. ഓരോ ക്ലസ്റ്ററിലും ആയിരക്കണക്കിന് ഗാലക്സികൾ. ഓരോ ഗാലക്സിയിലും കോടിക്കണക്കിന് നക്ഷത്രങ്ങൾ; പൾസാറുകൾ; ക്വാസാറുകൾ; നെബുലകൾ; തമോഗർത്തങ്ങൾ. ഗാലക്സികളിലൊന്നായ ക്ഷീരപഥത്തിലെ ഒരംഗമാണ് സൂര്യൻ. വ്യാപ്തത്തിൽ ഭൂമിയുടെ പതിമൂന്നരലക്ഷം ഇരട്ടിയാണ് സൂര്യൻ. ഏകദേശം പതിമൂന്നര ലക്ഷം ഭൂമികളെ സൂര്യനുള്ളിൽ അടുക്കിവെക്കാമെന്നർഥം. സൂര്യൻെറ ലക്ഷക്കണക്കിന് ഇരട്ടി വലുപ്പമുള്ള നക്ഷത്രങ്ങളും ക്ഷീരപഥത്തിലുണ്ട്. ഒരു ഇടത്തരം നക്ഷത്രമായ സൂര്യനു ചുറ്റും ചുറ്റിത്തിരിയുന്ന ഒമ്പത് ഗ്രഹങ്ങൾ. സൂര്യനെയും ഗ്രഹങ്ങളെയും കൂടാതെ ഉപഗ്രഹങ്ങൾ, ധൂമകേതുക്കൾ, ക്ഷുദ്രഗ്രഹങ്ങൾ, ഉൽക്കകൾ തുടങ്ങിയവയും സൗരയൂഥത്തിലെ അംഗങ്ങളാണ്. ഒമ്പത് ഗ്രഹങ്ങളിലൊന്നാണ് ഭൂമി. ഭൂമിയിലെ ആയിരക്കണക്കിന് ജീവജാലങ്ങളിലൊരു വർഗമാണ് നരവർഗം. മനുഷ്യവർഗത്തിലെ കോടിക്കണക്കിന് അംഗങ്ങളിൽ ഓരോത്തരാണ് നമ്മളെല്ലാം. ക്ലസ്റ്ററുകളെയും ഗാലക്സികളെയും നക്ഷത്രങ്ങളെയും സൂര്യനെയും ഗ്രഹങ്ങളെയും ഭൂമിയെയും ജീവജാലങ്ങളെയും മനുഷ്യനെയും സൃഷ്ടിച്ചു പരിപാലിക്കുന്ന മഹാശക്തിക്കു മുമ്പിൽ നമ്മളോരുരുത്തരുടെയും കഴിവുകളും ശക്തിയും എത്രമാത്രം നിസ്സാരമാണെന്ന ബോധം, അവയെക്കുറിച്ച് പഠിക്കുമ്പോൾ നമ്മളിലുണ്ടാവുന്നു. ഈ ബോധം മനുഷ്യരെ സ്രഷ്ടാവിനു മുന്നിൽ നമ്രശിരസ്കരാക്കുന്നു. വിശുദ്ധ ഖുർആൻ പറഞ്ഞതെത്ര ശരി.

إِنَّ فِى خَلْقِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱخْتِلَـٰفِ ٱلَّيْلِ وَٱلنَّهَارِ وَٱلْفُلْكِ
ٱلَّتِى تَجْرِى فِى ٱلْبَحْرِ بِمَا يَنفَعُ ٱلنَّاسَ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ
مِن مَّآءٍ فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا وَبَثَّ فِيهَا مِن كُلِّ دَآبَّةٍ



وَتَصْرِيفِ ٱلرِّيَـٰحِ وَٱلسَّحَابِ ٱلْمُسَخَّرِ بَيْنَ ٱلسَّمَآءِ وَٱلْأَرْضِ لَـَٔايَـٰتٍ
لِّقَوْمٍ يَعْقِلُونَ

"ആകാശഭൂമികളുടെ സൃഷ്ടിയിലും രാപ്പകലുകളുടെ മാറ്റത്തിലും മനുഷ്യർക്കുപകാരപ്രദമായ വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും ആകാശത്തുനിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥക്ക് ശേഷം ഭൂമിക്ക് അതു മുഖേന ജീവൻ നൽകിയതിലും കാറ്റുകളുടെ ഗതിക്രമത്തിലും ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (2:164).

أَوَلَمْ يَنظُرُوا۟ فِى مَلَكُوتِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا خَلَقَ ٱللَّهُ مِن
شَىْءٍ وَأَنْ عَسَىٰٓ أَن يَكُونَ قَدِ ٱقْتَرَبَ أَجَلُهُمْ ۖ فَبِأَىِّ حَدِيثٍۭ بَعْدَهُۥ
يُؤْمِنُونَ

"ആകാശഭൂമികളുടെ ആധിപത്യ രഹസ്യത്തെപ്പറ്റിയും അല്ലാഹു സൃഷ്ടിച്ച ഏതൊരു വസ്തുവെപ്പറ്റിയും അവരുടെ അവധി അടുത്തിട്ടുണ്ടായിരിക്കാം എന്നതിനെപ്പറ്റിയും അവർ ചിന്തിച്ചു നോക്കിയില്ലേ? ഇനി ഇതിന് (ഖുർആന്) ശേഷം ഏതൊരു വൃത്താന്തത്തിലാണ് അവർ വിശ്വസിക്കുവാൻ പോകുന്നത്" (7:185).

خَلَقَ ٱللَّهُ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ إِنَّ فِى ذَٰلِكَ لَـَٔايَةً
لِّلْمُؤْمِنِينَ

"ഉപരിലോകങ്ങളും ഭൂമിയും മുറപ്രകാരം അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും സത്യവിശ്വാസികൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്" (29:44).

സൂര്യൻ ക്ഷീരപഥമെന്ന താരകവ്യൂഹത്തിലെ ഒരംഗം മാത്രമാണ്. ക്ഷീരപഥത്തിൽ സൂര്യനേക്കാൾ ചെറുതും വലുതുമായ പതിനായിരം കോടിയോളം നക്ഷത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ താരകവ്യൂഹത്തിൻെറ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തിലേക്കുള്ള ദൂരം 1,20,000

പ്രകാശവർഷമാണ്. ഇത്തരത്തിലുള്ള പതിനായിരം കോടിയിലധികം താരകവ്യൂഹങ്ങളെ ഇതിനകം കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ഇവയെല്ലാം അനുനിമിഷം അകന്നുകൊണ്ടിരിക്കുകയാണ്. പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്നർഥം. ഈ തത്ത്വപ്രകാരം ആധുനിക പണ്ഡിതന്മാർ പറയുന്നത്, നമുക്കൊരിക്കലും കാണാൻ കഴിയാത്ത, പ്രകാശവേഗത്തിൽ അകന്നുകൊണ്ടിരിക്കുന്ന നക്ഷത്ര വ്യൂഹങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നാണ്. ഇത് ശരിയാണെങ്കിൽ, ഭൗതിക പ്രപഞ്ചത്തിൻെറ തന്നെ പലഭാഗങ്ങളും മനുഷ്യൻ എത്ര പുരോഗമിച്ചാലും അവന്ന് അജ്ഞാതമായിതന്നെ തുടരും.

നമുക്കു ചുറ്റുമുള്ള വസ്തുക്കളിലേക്കും, നമ്മിലേക്കുതന്നെയും നോക്കിക്കൊണ്ട് സ്രഷ്ടാവിനെക്കുറിച്ചു മനസ്സിലാക്കാനാണ് ഖുർആൻ പഠിപ്പിക്കുന്നത്. അന്ധമായ വിശ്വാസത്തിന് അത് പ്രേരിപ്പിക്കുന്നില്ല. ഇസ്‌ലാം മനുഷ്യബുദ്ധിയോടാണ് സംസാരിക്കുന്നത്. പ്രപഞ്ചത്തിലെ ചെറുതും വലുമായ ഏതു വസ്തുവിനെയും ചൂഴ്ന്നുനിൽക്കുന്ന വിസ്മയകരമായ വ്യവസ്ഥ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പ്രപഞ്ചനാഥൻെറ അസ്തിത്വത്തെക്കുറിച്ച അവബോധത്തിലേക്ക് വിശുദ്ധ ഖുർആൻ മനുഷ്യരെ നയിക്കുന്നത്.

പ്രപഞ്ചത്തെക്കുറിച്ച പഠനം ദൈവനിഷേധത്തിലേക്കല്ല, പ്രത്യുത സർവശക്തനും സർഗധനനുമായ ഒരു സംവിധായകൻെറ അസ്തിത്വം അംഗീകരിക്കുന്നിടത്തേക്കാണ് നയിക്കുകയെന്നുള്ളതാണ് വാസ്തവം. ന്യൂട്ടോണിയൻ ഭൗതികത്തിൻെറ തട്ടകത്തിൽനിന്നുകൊണ്ട് നിരീശ്വരത്വത്തിന് തെളിവു കണ്ടെത്താൻ ശ്രമിച്ചിരുന്ന ഭൗതികവാദികളുടെ ആയുധങ്ങൾക്കെല്ലാം പുതിയ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ മൂർച്ചനഷ്ടപ്പെട്ടിരിക്കുന്നു. ഇന്നത്തെ നമ്മുടെ പ്രപഞ്ച ചിത്രം വളരെ വ്യത്യസ്തമാണ്. സ്ഥലകാല നൈരന്തര്യങ്ങളുടെ പ്രപഞ്ചമെന്ന ഐൻസ്റ്റിൻ മുന്നോട്ടുവെച്ച സങ്കൽപത്തിൻെറ വെളിച്ചത്തിലാണ് ഇന്ന് നാം ലോകത്തെ മനസ്സിലാക്കുന്നതുതന്നെ. രണ്ട് ആപേക്ഷികതാസിദ്ധാന്തങ്ങൾ നമ്മുടെ പ്രപഞ്ചത്തെക്കുറിച്ച് നൽകുന്ന ഒന്നാമത്തെ അറിവ് ഈ പ്രപഞ്ചത്തെ പൂർണവും അന്യൂനവുമായി അറിയണമെങ്കിൽ പ്രപഞ്ചത്തിന് പുറത്ത് കടക്കണമെന്നാണ്. നമ്മുടെ പ്രപഞ്ച മഹാസാഗരത്തിൻെറ ഒരു തുള്ളി മാത്രമായ ഭൂമിയിൽ ജീവിക്കുന്ന നരവർഗത്തിന് എത്രതന്നെ ബുദ്ധിയും സാങ്കേതികത്തികവുമുണ്ടായാലും നമ്മുടെ പ്രപഞ്ചത്തെ പൂർണമായി അറിയാനാവില്ല. ആപേക്ഷികമായ അറിവുനേടാൻ മാത്രമെ നമുക്കാവൂ. ഈ പ്രപഞ്ചത്തെ പൂർണമായി അറിയണമെങ്കിൽപോലും പ്രപഞ്ചത്തിന് പുറത്ത് പോകണമെന്ന ആധുനിക സങ്കൽപത്തിൻെറ വെളിച്ചത്തിൽ സ്ഥൂല-സൂക്ഷ്മ പ്രപഞ്ചങ്ങളിലുള്ള ആസൂത്രണങ്ങളുടെ മുഴുവൻ നാഥൻ പ്രപഞ്ചാതീതനായ സ്രഷ്ടാവാണെന്ന മതസങ്കൽപം അശാസ്ത്രീയമാണെന്ന് പറയാൻ എങ്ങനെയാണ് കഴിയുക?.



പ്രാപഞ്ചിക നിയമങ്ങളെല്ലാം വസ്തുനിഷ്ഠവും പൂർണമായി മനസ്സിലാക്കാൻ കഴിയുന്നതുമാണെന്ന ന്യൂട്ടോണിയൻ ഭൗതികത്തിന്റെ മിഥ്യാസങ്കൽപങ്ങൾക്ക് മുകളിലുള്ള സ്വപ്നലോകത്താണ് ഇന്നും ഭൗതികവാദികളെന്ന വസ്തുത അത്യന്തം ഖേദകരമാണ്. പ്രപഞ്ചത്തെ പൂർണമായി അറിയാൻ മനുഷ്യന് കഴിയുമെന്നത് ഒരു സുന്ദര സ്വപ്നം മാത്രമാണെന്ന വസ്തുത ഇന്ന് ഒരുവിധം എല്ലാ ശാസ്ത്ര ശാഖകളും അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ട്. പ്രകാശത്തോടടുത്ത പ്രവേഗത്തിൽ നമ്മിൽനിന്ന് അകന്നുകൊണ്ടിരിക്കുന്ന താരാപഥങ്ങളെ എത്ര ശക്തമായ ദൂരദർശിനി കണ്ടുപിടിച്ചാലും മനുഷ്യർക്ക് കണ്ടെത്താനാവില്ലെന്ന വസ്തുത ഖഗോളശാസ്ത്രം അംഗീകരിക്കുന്നു. ഇന്ന് നമുക്ക് അറിയാവുന്ന പ്രപഞ്ചം യഥാർഥ പ്രപഞ്ചത്തിൻെറ പത്ത് ശതമാനമെങ്കിലും വരുമോയെന്ന ആശങ്കയിലാണ് ജ്യോതിശാസ്ത്രജ്ഞന്മാർ. സൂക്ഷ്മ പ്രപഞ്ചത്തിൻെറ സ്ഥിതിയും തഥൈവ. അണുവിനെ പൂർണമായി അറിയാൻ മനുഷ്യർക്ക് കഴിയില്ലെന്ന കാര്യം ഒരു സിദ്ധാന്തമായി അംഗീകരിക്കപ്പെട്ട- ഹൈസിൻബർഗിൻെറ അനിശ്ചിതത്വ സിദ്ധാന്തം-ശാസ്ത്രശാഖയാണ് ആണവശാസ്ത്രം. ശാസ്ത്രലോകത്തെ താൽക്കാലിക പ്രതിസന്ധിമാത്രമാണ് ഇവയെന്നും ഭൗതികശാസ്ത്രം ഈ പ്രതിസന്ധി അതിജീവിക്കുമെന്നും സ്ഥാപിക്കുവാൻ ചില ശാസ്ത്ര ദാർശനികന്മാർ ശ്രമിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം കേവല സ്വപ്നങ്ങൾ മാത്രമാണെന്നാണ് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. പ്രപഞ്ചത്തിൻെറ വസ്തുനിഷ്ഠവും പൂർണവുമായ വ്യാഖ്യാനം സാധിക്കുമെന്ന സങ്കൽപത്തിന്മേൽ സ്ഥാപിക്കപ്പെട്ട ഭൗതിക ദർശനങ്ങൾ തകർന്നത് അവയുടെ അടിത്തറ തന്നെ സ്ഥാപിക്കപ്പെട്ടത് ദൈവനിഷേധത്തിൻെറ മിഥ്യയായ ആദർശങ്ങളിലായതിനാലാണ്.

പ്രപഞ്ചത്തെക്കുറിച്ച് വസ്തുനിഷ്ഠമായി പഠിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതുവഴി സൃഷ്ടികർത്താവിൻെറ അസ്തിത്വം

അംഗീകരിക്കുന്നതിലേക്കും അവന്ന് നമ്രശിരസ്കനാവുന്നതിലേക്കുമാണ് മനുഷ്യൻ നയിക്കപ്പെടുകയെന്ന് തീർച്ചയാണ്. ഈ വസ്തുത വ്യക്തമാക്കുന്ന ഖുർആൻ സൂക്തങ്ങൾ കാണുക:

إِنَّ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ لَءَايَٰتٍ
لِّأُوْلِي ٱلْأَلْبَٰبِ ● ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ
وَيَتَفَكَّرُونَ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا
بَٰطِلًا سُبْحَٰنَكَ فَقِنَا عَذَابَ ٱلنَّارِ

“തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറിമാറിവരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കണേ” (3:190,191).

3

# അല്ലാഹുവിനെക്കുറിച്ച അറിവ്

‘അറിവ്’ രണ്ടുവിധമാണ് ഉള്ളത്. പ്രത്യക്ഷജ്ഞാനവും ആധ്യാത്മികജ്ഞാനവും ഏതൊരാൾക്കും നേടിയെടുക്കുവാൻ കഴിയുന്ന അറിവാണ് ഒന്നാമത്തേത്. ശാസ്ത്രജ്ഞാനമെന്നുപറയുമ്പോൾ അർഥമാക്കുന്നത് പ്രത്യക്ഷജ്ഞാനമാണ്. ഇന്ദ്രിയജ്ഞാനമെന്ന് വേണമെങ്കിൽ പറയാം. അനുഭവമാണ് അതിൻെറ അടിസ്ഥാനം. ഇന്ദ്രിയജ്ഞാനമെന്ന് പറയുമ്പോൾ, കേവലം പഞ്ചേന്ദ്രിയ ജ്ഞാനം മാത്രമാണെന്ന് തെറ്റിദ്ധരിക്കരുത്. ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും നൽകുന്ന അറിവും കൂടാതെ മനസ്സ് നൽകുന്ന വസ്തുനിഷ്ഠജ്ഞാനവും ഇതിൻെറ പരിധിയിൽ വരുന്നു. വസ്തുനിഷ്ഠ യാഥാർഥ്യങ്ങളെ കൂട്ടിയിണക്കുവാൻ വേണ്ടി പരിശ്രമിക്കുന്നതിനിടെ ശാസ്ത്രജ്ഞൻെറ മനസ്സിൽ ഉരുത്തിരിയുന്ന സിദ്ധാന്തങ്ങൾ പ്രത്യക്ഷജ്ഞാനത്തിൻെറ ഭാഗങ്ങൾതന്നെയാണ്. പ്രശ്നോത്തരിയെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്ന ഗവേഷകനുണ്ടാവുന്ന അന്തർജ്ഞാനത്തിൽ (intuition) നിന്നാണ് സിദ്ധാന്തങ്ങൾ ഉയിരെടുക്കുന്നതെങ്കിലും ഈ അന്തർജ്ഞാനത്തിനുള്ള നിമിത്തമായി ഭവിക്കുന്നത് വസ്തുക്കളെക്കുറിച്ച പഠനവും അറിവുമാണെന്നതുകൊണ്ടുതന്നെ അതിനെ ഇന്ദ്രിയജ്ഞാനത്തിനപ്പുറത്തേക്ക് കൊണ്ടുപോകുന്നതിൽ കഴമ്പില്ല.

മനുഷ്യൻെറ കഴിവുകൾക്ക് പരിമിതിയുണ്ട്. പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് നാം അറിവ് സമ്പാദിക്കുന്നത്. ഈ ഇന്ദ്രിയജ്ഞാനമുപയോഗിച്ചാണ് നമ്മുടെ മസ്തിഷ്കം കാര്യങ്ങൾ കണ്ടെത്തുന്നത്. ഇന്ദ്രിയങ്ങൾക്ക് പരിമിതികളുണ്ട്. 380 മുതൽ 780 വരെ മില്ലി മൈക്രോൺ തരംഗദൈർഘ്യമുള്ള പ്രകാശം മാത്രമേ മനുഷ്യദൃഷ്ടിക്ക് ഗോചരമാവുകയുള്ളൂ. ഈ പരിധിക്ക് അപ്പുറവും ഇപ്പുറവുമുള്ള അൾട്രാവയലറ്റ്രശ്മികളെയോ എക്സ്രശ്മികളെയോ ഇൻഫ്രാറെഡ്കിരണങ്ങളെയോ കോസ്മിക് കിരണങ്ങളെയോ കാണാൻ നമ്മുടെ കണ്ണുകൾക്ക് കഴിയില്ല. ഇരുപത് മുതൽ ഇരുപതിനായിരം വരെ ആവൃത്തിയുള്ള ശബ്ദമാണ് നമുക്ക് കേൾക്കാൻ കഴിയുന്നത്. അൾട്രാസൗണ്ട് വീചികൾ നമ്മുടെ കാതുകളിൽ പ്രകമ്പനം സൃഷ്ടിക്കുന്നില്ല. സ്വാദിൻെറയും ഗന്ധത്തിൻെറയുമെല്ലാം അവസ്ഥയും ഇതു തന്നെ.

ഇന്ദ്രിയങ്ങൾക്ക് പരിമിതികളുണ്ടെങ്കിൽ അവ നൽകുന്ന വിവരങ്ങൾ സംശ്ലേഷണം ചെയ്ത് തീരുമാനങ്ങളെടുക്കുന്ന മസ്തിഷ്കത്തിനും പരിമിതികളുണ്ടായിരിക്കണം. എന്താണ് മസ്തിഷ്കത്തിൻെറ പരിമിതി? പദാർഥലോകത്തെക്കുറിച്ച് ചിന്തിക്കുവാൻ മാത്രമേ മനുഷ്യമസ്തിഷ്കത്തിനു കഴിയൂ. പദാർഥാതീതമായ യാതൊന്നിനെക്കുറിച്ചും ഗ്രഹിക്കുവാനോ സാങ്കൽപിക ചിത്രങ്ങളുണ്ടാക്കുവാനോ മനുഷ്യബുദ്ധിക്ക് കഴിയില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, സ്ഥലകാല നൈരന്തര്യത്തിനകത്തു മാത്രമേ മനുഷ്യബുദ്ധിക്കു വ്യാപരിക്കുവാൻ കഴിയൂ. സ്ഥലകാല സാതത്യത്തിനു പുറത്തുള്ള യാതൊന്നിനെയും കുറിച്ച് ചിന്തിക്കുവാൻ കഴിയുന്ന രീതിയിലല്ല മസ്തിഷ്കം സംവിധാനിക്കപ്പെട്ടിരിക്കുന്നത്.

ആധ്യാത്മിക ജ്ഞാനമാണ് അറിവിൻെറ രണ്ടാമത്തെ വിധം. ഇത് ഏവർക്കും സ്വപ്രയത്നത്തിലൂടെ നേടിയെടുക്കാവുന്നതല്ല. ഇസ്‌ലാമിക വീക്ഷണത്തിൽ അല്ലാഹു തെരഞ്ഞെടുത്തയക്കുന്ന പ്രവാചകന്മാരിലൂടെയാണ് ആധ്യാത്മികജ്ഞാനം ലോകത്തിന് ലഭിക്കുന്നത്. കേവലമായ സാധനകളിലൂടെ നേടിയെടുക്കാവുന്നതല്ല പ്രവാചകത്വം. അതൊരു ദൈവികദാനമാണ്. താനിച്ഛിക്കുന്നവരെ അല്ലാഹു തെരഞ്ഞെടുത്ത് തൻെറ ദൂത് ഏൽപിക്കുന്നു. തൻെറ ദൂതേൽപിക്കുവാൻ തക്ക രൂപത്തിൽ അല്ലാഹു ചിലരെ സജ്ജമാക്കുന്നുവെന്ന് പറയുന്നതാവും ശരി. പ്രവാചകന്മാരെക്കുറിച്ച്



പറയുമ്പോഴെല്ലാം 'നാം അയച്ചു'വെന്ന പ്രയോഗമാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു സ്വീകരിച്ചിരിക്കുന്നത്. സ്വന്തം പരിശ്രമം കൊണ്ട് ഒരാൾക്ക് എത്തിച്ചേരാൻ കഴിയുന്നതല്ല, ദൈവദൂത പദവിയെന്നാണ് ഇതു മനസ്സിലാക്കിത്തരുന്നത്.

وَمَآ أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ ٱللَّهِ ۚ

"അല്ലാഹുവിൻെറ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ നാം ഒരു ദൂതനെയും അയച്ചിട്ടില്ല" (4:64).

പ്രത്യക്ഷജ്ഞാനത്തിനപ്പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനുവേണ്ടിയാണ് പ്രവാചക നിയോഗമുണ്ടായത്. അനുഭവങ്ങളിലൂടെ ഓരോരുത്തർക്കും നേടിയെടുക്കാൻ കഴിയാത്ത 'അറിവ്' പഠിപ്പിക്കുകയായിരുന്നു പ്രവാചകന്മാരുടെ ദൗത്യം. അവർക്ക് ഈ ജ്ഞാനം ലഭിച്ചത് ദൈവികബോധനം (വഹ്‌യ്) വഴിയായിരുന്നു. അതുകൊണ്ടുതന്നെ ആ അറിവ് സത്യസമ്പൂർണമാണെന്ന പൂർണമായ ബോധ്യം അവർക്കുണ്ടായിരുന്നു. അത് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു അവർക്ക് 'ആയത്തുകൾ' (ദൈവികദൃഷ്ടാന്തങ്ങൾ) നൽകപ്പെട്ടത്. ഈ ആയത്തുകൾ ദൈവദൂതന്മാർ ദൈവികബോധനം ലഭിക്കുന്നവരാണെന്നതിനുള്ള പ്രത്യക്ഷമായ തെളിവുകളായിരുന്നു. ഈ തെളിവുകൾക്കുപിന്നിലെ ദിവ്യമായ ഉറവിടം തിരിച്ചറിഞ്ഞ് അതുമായി വന്നവർ പറയുന്നത് സ്വീകരിക്കുക മാത്രമേ ആധ്യാത്മികജ്ഞാനത്തിൻെറ കാര്യത്തിൽ മറ്റുള്ളവർക്ക് നിവൃത്തിയുള്ളൂ. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം വഹ്‌യ് മുഹമ്മദ് നബി(ﷺ)യോടെ നിലച്ചിരിക്കുന്നവെന്ന തത്ത്വം അതിൻെറ അടിസ്ഥാന വിശ്വാസങ്ങളിലൊന്നാണ്. മുഹമ്മദ് നബി (ﷺ) അന്തിമ പ്രവാചകനാണ്. ലോകത്തെ അവസാനത്തെ മനുഷ്യൻ വരെയുള്ള മുഴുവൻ പേരും അറിഞ്ഞിരിക്കേണ്ടതായ ആധ്യാത്മികജ്ഞാനം മുഴുവൻ അദ്ദേഹത്തിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അത്തരമൊരു ജ്ഞാനം ഇനിയാരും കാത്തിരിക്കേണ്ടതില്ലെന്ന് സാരം.

ഖുർആനും നബി ചര്യയുമാണ് ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അവന് ലഭിക്കേണ്ടതായ ആധ്യാത്മിക ജ്ഞാനത്തിൻെറ സ്രോതസ്സ്. അതല്ലാത്ത ഉറവിടങ്ങളൊന്നുംതന്നെ മുഹമ്മദീയ പ്രവാചകത്വത്തിൽ വിശ്വസിക്കുന്നവർക്ക് സ്വീകാര്യമല്ല. മുഹമ്മദ് നബി (ﷺ) ആധ്യാത്മിക ജ്ഞാനത്തിനുള്ള പ്രമാണങ്ങളായി രണ്ടു കാര്യ

ങ്ങളാണ് ലോകത്തിന് നൽകിയിട്ടുള്ളത് -ഖുർആനും സുന്നത്തും. ഈ പ്രമാണങ്ങൾക്ക് പുറത്തുള്ള യാതൊന്നും ആധ്യാത്മികജ്ഞാനത്തിന്റെ കാര്യത്തിൽ അംഗീകരിക്കാൻ മുസ്‌ലിമിന് കഴിയുകയില്ല.

വൈയക്തികമായ അനുഭവങ്ങളെ ആധ്യാത്മിക ജ്ഞാനത്തിന്റെ സ്രോതസ്സായി കാണുന്നവരുണ്ട്. ഈ അനുഭവങ്ങൾ പരീക്ഷണാത്മകമല്ല. എന്റെ അനുഭവത്തെ മറ്റൊരാൾക്ക് പരീക്ഷിക്കുവാനോ ശരിയാണെന്ന് ഉറപ്പുവരുത്തുവാനോ കഴിയില്ല. പരീക്ഷണാത്മകമല്ലാത്ത ഇത്തരം അനുഭവങ്ങൾ ശരിയാണെന്ന് പറയാൻ തെളിവുകളൊന്നുമില്ല. സ്വന്തം അനുഭവമാണെന്ന് പറഞ്ഞ് വേണമെങ്കിൽ ഒരാൾക്ക് പച്ചക്കള്ളങ്ങൾ പ്രചരിപ്പിക്കാം. ഉണ്ടായെന്ന് പറയുന്ന അനുഭവം സത്യമാണെങ്കിൽതന്നെ അവ ദൈവികമായ അനുഭവങ്ങളാണെന്ന് ഉറപ്പുവരുത്താൻ കഴിയുന്നതെങ്ങനെ? മനുഷ്യരെ വഴിതെറ്റിക്കാനായി പിശാച് ഉണ്ടാക്കുന്ന അനുഭവങ്ങളാണ് അതെങ്കിലോ? ആധ്യാത്മികമായ അറിവിന്റെ സ്രോതസ്സ് പരീക്ഷണാത്മകമല്ലാത്ത വൈയക്തികാനുഭവങ്ങളാകുമ്പോൾ ഇത്തരം നിരവധി പ്രശ്നങ്ങളുണ്ട്. അതുകൊണ്ടുതന്നെ കേവലമായ വൈയക്തികാനുഭവങ്ങളെ ആധ്യാത്മികജ്ഞാനത്തിന്റെ സ്രോതസ്സായിക്കാണാൻ ഇസ്‌ലാം അനുവദിക്കുന്നില്ല.

ആധ്യാത്മികജ്ഞാനത്തിന്റെ സ്രോതസ്സായി ഇസ്‌ലാം അവതരിപ്പിക്കുന്നത് ഖുർആനിനെയും സുന്നത്തിനെയുമാണെന്ന് പറഞ്ഞുവല്ലോ. ഇവ പരീക്ഷണാത്മകമാണ്. ഖുർആനിനെ ഒരാൾക്ക് പരിശോധിച്ച് അത് ദൈവികമാണെന്ന് ഉറപ്പുവരുത്താം. ഒരു സ്രോതസ്സിന്റെ ദൈവികത അളക്കുവാനായി ഉപയോഗിക്കാവുന്ന ഏതു മാനദണ്ഡം ഉപയോഗിച്ച് പരിശോധിച്ചാലും ഖുർആൻ ദൈവികമാണെന്ന വസ്തുത സുതരാം ബോധ്യമാകും. സുന്നത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. മുഹമ്മദ് നബി (ﷺ) പ്രവാചകനായിരുന്നോയെന്ന് ഏതൊരാൾക്കും പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയും. അദ്ദേഹത്തിന്റേതായി ഉദ്ധരിക്കപ്പെടുന്ന വചനങ്ങളും ജീവിതചര്യയുമെല്ലാം അദ്ദേഹത്തിൽനിന്നുള്ളതാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാനും ശാസ്ത്രീയമായ മാർഗങ്ങളുണ്ട്. ഖുർആനും സുന്നത്തുമാകുന്ന ഇസ്‌ലാമിക പ്രമാണങ്ങൾ പരിശോധനാത്മകമാണെന്നർഥം. ഇവ പരിശോധിച്ച് ദൈവികമാണെന്ന് പൂർണബോധ്യം വരുത്തുകയും ശേഷം ആധ്യാത്മികജ്ഞാനത്തിന് ഇവയെ പ്രമാണങ്ങളായി



സ്വീകരിക്കുകയും ചെയ്യാനാണ് ഇസ്‌ലാമിന്റെ അനുശാസന.

സ്രഷ്ടാവും നിയന്താവുമായ ഏകഉൺമയെയാണ് ഇസ്‌ലാം അല്ലാഹു എന്ന് വിളിക്കുന്നത്. അല്ലാഹു അവന്റെ പ്രവർത്തനങ്ങളിൽ അദ്വിതീയനാണെന്ന അറിവ് പ്രത്യക്ഷജ്ഞാനത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. എന്നാൽ, അവന്റെ സത്തയുടെ സ്വഭാവമെന്തെന്ന് മനസ്സിലാക്കുന്നതെങ്ങനെ? പദാർഥലോകത്തിന്റെ സ്രഷ്ടാവായ അല്ലാഹു പദാർഥാതീതനാകണമെന്നത് സാമാന്യബുദ്ധിയുടെ വിധിയാണ്. പദാർഥാതീതമായ ഒരു സത്തയെ ഇന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കുക അസാധ്യമാണ്.

ഇന്ദ്രിയങ്ങൾ നൽകുന്ന അറിവാണല്ലോ പ്രത്യക്ഷജ്ഞാനം. അതുമാത്രമാണ് മനുഷ്യന് നേടിയെടുക്കാൻ കഴിയുന്ന അറിവ്. ഇന്ദ്രിയങ്ങൾ നൽകുന്ന വിവരങ്ങൾ വെച്ച് ചിന്തിച്ച് സ്വന്തമായ നിഗമനങ്ങൾ നെയ്തെടുക്കുവാനുള്ള കഴിവാണ് മനുഷ്യനെ മൃഗങ്ങളിൽനിന്ന് വ്യതിരിക്തനും ഉൽകൃഷ്ടനുമാക്കുന്നത്. ഇന്ദ്രിയക്ഷമതയുടെ കാര്യത്തിൽ നാം മറ്റു ചില ജീവികളെക്കാളും പിന്നിലാണ്. നായയുടെ ഘ്രാണശക്തിയും പരുന്തിന്റെ കാഴ്ചശക്തിയും വവ്വാലിന്റെ ശ്രവണശേഷിയുമെല്ലാം മനുഷ്യരുടേതുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയർന്നതാണ്. എന്നാൽ, ഇവയ്ക്കൊന്നുംതന്നെ തങ്ങളുടെ ഇന്ദ്രിയങ്ങൾ നൽകുന്ന വിവരങ്ങളെ ജന്മനാ ലഭിച്ച കഴിവുകൾക്കനുസരിച്ചല്ലാതെ ഉപയോഗിക്കുവാനോ ഉപഭോഗിക്കുവാനോ കഴിയില്ല. ഇവിടെയാണ് മനുഷ്യന്റെ ഉൽകൃഷ്ടത. അവന്റെ ചിന്താശേഷിയുടെ മഹത്വം. അവന് ഇന്ദ്രിയങ്ങൾ നൽകുന്ന നേരിട്ടുള്ള വിവരങ്ങളിൽനിന്ന് കുറേയേറെ മുന്നിലേക്ക് കടന്ന് ചിന്തിക്കാൻ കഴിയും. പക്ഷേ, മനുഷ്യന്റെ ചിന്താശേഷിക്കും പരിമിതികളില്ലേ? ഉണ്ട്; തീർച്ചയായും ഉണ്ടാവണം. ഇന്ദ്രിയങ്ങൾ നൽകുന്ന അറിവുതന്നെയാണ് മനുഷ്യമസ്തിഷ്കത്തിന്റെ അസംസ്കൃത പദാർഥം. പദാർഥലോകമാണ് ഇന്ദ്രിയങ്ങളുടെ മേഖല. പദാർഥാതീതമായ ഒരു സത്തയെ സംബന്ധിച്ച് മനുഷ്യചിന്തക്ക് സ്വന്തമായി ഒരു തീരുമാനത്തിലോ നിഗമനത്തിലോ എത്തുക സാധ്യമല്ല. ഇതാണ് ചിന്തയുടെ പരിമിതി. അല്ലാഹുവിന്റെ സത്തയെ സംബന്ധിച്ച് ചിന്തിച്ച് സ്വന്തമായ ഒരു നിഗമനത്തിലെത്താൻ മനുഷ്യന് കഴിയില്ലെന്ന് പറയുന്നത് അതുകൊണ്ടാണ്.

അതുകൊണ്ടുതന്നെ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം

അല്ലാഹുവെക്കുറിച്ച ഏതുതരം അറിവിൻെറയും സ്രോതസ്സ് ഖുർആനും സുന്നത്തുമാണ്. അവ ദൈവികമാണെന്ന് പൂർണബോധ്യമുള്ളതിനാൽ സ്രഷ്ടാവിനെ സംബന്ധിച്ച തെറ്റുപറ്റാത്ത അറിവ് നൽകുന്ന പ്രമാണങ്ങളായി അവയെയാണ് മുസ്‌ലിംകൾ സ്വീകരിക്കുന്നത്. അല്ലാഹുവിനെ സംബന്ധിച്ച് ഖുർആനും സുന്നത്തും പറഞ്ഞുതരുന്നതെന്താണോ അത് അപ്പടി സ്വീകരിക്കുകയും അതിനെ മാനുഷിക തലത്തിലേക്ക് കൊണ്ടുവന്ന് വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കാതിരിക്കുകയും ചെയ്യുകയാണ് മുസ്‌ലിമിൻെറ രീതി. സർവശക്തനെക്കുറിച്ച് അവൻ സ്വയം പറഞ്ഞതെന്തോ അതും അവൻെറ ബോധന പ്രകാരം സംസാരിക്കുകയും ജീവിക്കുകയും ചെയ്ത പ്രവാചകൻ വിശദീകരിച്ചതെന്തോ അതും അപ്പടി സ്വീകരിച്ചുകൊണ്ട് അവനെ അറിയുകയല്ലാതെ മറ്റൊരു മാർഗവും മനുഷ്യർക്കു മുന്നിലില്ല. അതല്ലാത്ത മാർഗങ്ങളെല്ലാം ഊഹാധിഷ്ഠിതമാണ്; അതുകൊണ്ടുതന്നെ തെറ്റുപറ്റാൻ ഏറെ സാധ്യതയുള്ളതുമാണ്.

## 4

# അല്ലാഹുവിൻെറ സത്ത

പ്രപഞ്ചത്തിൻെറ സ്രഷ്ടാവാണ് അല്ലാഹു. പരമാണു മുതൽ നക്ഷത്രജാലങ്ങൾ വരെയുള്ള ചെറുതും വലുതുമായ പ്രാപഞ്ചികവസ്തുക്കളുടെയെല്ലാം സ്രഷ്ടാവാണവൻ. പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും വസ്തുതക്കുമെല്ലാം കാരണങ്ങളന്വേഷിക്കുന്ന മനുഷ്യൻ അവസാനം കാരണങ്ങളാവശ്യമില്ലാത്ത ഒരു മഹാശക്തിയിൽ എത്തിച്ചേരുകയാണ് ചെയ്യുന്നത്. ആ ശക്തിയാണ് എല്ലാ അന്വേഷണങ്ങളുടെയും അന്ത്യം. സകലവിധ അന്വേഷണങ്ങളും തേട്ടങ്ങളും ഈ പരമമായ അന്ത്യത്തിലെത്തുമ്പോൾ അവസാനിക്കുന്നു. പ്രപഞ്ചത്തിലെ ഒരൊറ്റ പ്രതിഭാസവും കാരണമാവശ്യമില്ലാത്തതായി നമുക്ക് കാണാൻ കഴിയുന്നില്ല. ചെറുതും വലുതുമായ സകല വസ്തുക്കളും കാരണം തേടുന്നു. അപ്പോൾ കാരണങ്ങളാവശ്യമില്ലാത്ത പരാശക്തി പ്രപഞ്ചത്തിന് ഉപരിയായിരിക്കണം; പദാർഥാതീതനായിരിക്കണം. സകലമാന പ്രതിഭാസങ്ങളുടെയും സ്രഷ്ടാവാണ് അല്ലാഹുവെന്ന് പറഞ്ഞുവല്ലോ. പ്രപഞ്ചത്തിന് ഉപരിയായ അല്ലാഹുവിൻെറ സത്ത പദാർഥാതീതമാണെന്ന് സാരം.

അല്ലാഹുവിൻെറ സൃഷ്ടിയാണ് സ്ഥല-കാല സാതത്യം (time-space continuum) അല്ലാഹുവിൻെറ സത്ത സ്ഥല-കാല സാതത്യത്തിന് പുറത്തുള്ളതാണെന്ന് സാരം. അത്തരമൊരു സത്തയെ

സംബന്ധിച്ച് മനുഷ്യബുദ്ധിക്ക് സ്വന്തമായ നിഗമനങ്ങൾ നെയ്തെടുക്കുവാനോ മനസ്സിലാക്കുവാനോ കഴിയില്ല. അത് അവൻെറ വിവരങ്ങൾക്ക് അതീതമാണ്. സ്ഥലകാല ബന്ധനത്തിലുള്ള മനുഷ്യമസ്തിഷ്കത്തിന് സ്ഥലത്തിനും കാലത്തിനും അതീതനായ അല്ലാഹുവിനെക്കുറിച്ച ചിത്രങ്ങളുണ്ടാക്കാൻ കഴിയുകയില്ല.

لَّا تُدْرِكُهُ ٱلْأَبْصَٰرُ وَهُوَ يُدْرِكُ ٱلْأَبْصَٰرَ ۖ وَهُوَ ٱللَّطِيفُ ٱلْخَبِيرُ

'അവനെ ദൃഷ്ടികൾ കണ്ടെത്തുകയില്ല; അവനാകട്ടെ ദൃഷ്ടികളെ കണ്ടെത്തുകയും ചെയ്യുന്നു; അവൻ സൂക്ഷ്മജ്ഞാനിയും അഭിജ്ഞനുമാകുന്നു'(6:103)വെന്ന ഖുർആനിക വചനം വിരൽ ചൂണ്ടുന്നത് ഈ വസ്തുതയിലേക്കാണ്.

ദൈവിക സത്തയെക്കുറിച്ച് സ്വന്തമായ എന്തെങ്കിലും നിഗമനത്തിലെത്താൻ പര്യാപ്തമായ രീതിയിലല്ല മനുഷ്യബുദ്ധി സംവിധാനിക്കപ്പെട്ടിരിക്കുന്നതെന്ന് പറഞ്ഞുവല്ലോ. അല്ലാഹുവിൻെറ സത്തയെ സംബന്ധിച്ച് അവൻതന്നെ വെളിപ്പെടുത്തിയ കാര്യങ്ങൾ സ്വീകരിക്കുക മാത്രമേ നമുക്ക് നിർവാഹമുള്ളൂ. വിശുദ്ധ ഖുർആനും തിരുനബിയുടെ മൊഴികളും അല്ലാഹുവിനെപ്പറ്റി പറഞ്ഞ കാര്യങ്ങൾ അപ്പടി സ്വീകരിക്കുകയും അവ പരിമിതമായ നമ്മുടെ മസ്തിഷ്കപരിധിക്കകത്ത് വിശദീകരിക്കുവാൻ അസാധ്യമായതാണെങ്കിൽ 'അല്ലാഹുവിന്നറിയാം' എന്നു മാത്രം വിനീതമായി പറയുകയും ചെയ്യുന്ന രീതിയാണ് സച്ചരിതരായ പൂർവപണ്ഡിതന്മാർ സ്വീകരിച്ചുപോന്നിട്ടുള്ളത്; അതാണ് ശരിയും. ഇതിൽനിന്ന് തെറ്റി, തങ്ങളുടെ ബുദ്ധിക്കും യുക്തിക്കുമനുസൃതമായ രീതിയിൽ ദൈവികസത്തയെ വ്യാഖ്യാനിക്കുവാനും വിശദീകരിക്കുവാനും ശ്രമിച്ചവർ തത്ത്വശാസ്ത്രത്തിൻെറ ഊരാക്കുടുക്കുകളിൽപെട്ട് ചർച്ചകളും ചർച്ചോപചർച്ചകളുമായി ദൈവത്തെക്കുറിച്ച വിചിത്രവും വികലവുമായ ചിത്രങ്ങളുണ്ടാക്കുകയാണ് അവസാനം ചെയ്തിട്ടുള്ളത്. മുസ്‌ലിം സമൂഹത്തിന് പുറത്തും അകത്തുമുള്ളവർ ഇത്തരം ചുഴികളിലകപ്പെട്ടിട്ടുണ്ട്. 'ദാത്ത്' എന്നതിൻെറ മലയാളപരിഭാഷയാണ് സത്ത. അല്ലാഹുവിനെ സംബന്ധിച്ച പരാമർശങ്ങളിലൊരിടത്തും 'ദാത്ത്' എന്ന് ഖുർആൻ പ്രയോഗിച്ചിട്ടില്ല. മറ്റു സ്ഥലങ്ങളിൽ ഖുർആൻ പ്രയോഗിച്ച 'ദാത്തി'ന് സത്തയെന്ന വിവക്ഷയില്ലതാനും.

മനുഷ്യവിഭാവനക്കും ചിന്തയ്ക്കുമതീതമാണ് അല്ലാഹുവിൻെറ



ദാത്ത് എന്നാണ് ഖുർആനും നബിവചനങ്ങളും പഠിപ്പിക്കുന്നത്. ഈ പ്രമാണങ്ങളെ പൂർണമായി സ്വീകരിച്ചുകൊണ്ട് അല്ലാഹുവിനെ സംബന്ധിച്ച് ഖുർആനിൽ പറഞ്ഞ കാര്യങ്ങൾ അപ്പടി വിശ്വസിച്ചംഗീകരിക്കുക മാത്രമേ സൂക്ഷ്മാലുക്കൾക്ക് നിർവാഹമുള്ളൂ.

പ്രപഞ്ചത്തിൻെറ സ്രഷ്ടാവ് പ്രപഞ്ചാതീതനായിരിക്കുമെന്നത് സരളമായ യുക്തിയാണ്. ഒരു വസ്തുവിൻെറ സ്രഷ്ടാവ് അതിന്നു പുറത്തായിരിക്കുമെന്ന വസ്തുത മനസ്സിലാക്കുവാൻ തത്ത്വശാസ്ത്രത്തിൻെറ ഊരാക്കുടുക്കുകളൊന്നും ആവശ്യമില്ല. ഈ സരളമായ വസ്തുതയാണ് ഉപരിലോകത്തുള്ളവനായി അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ഖുർആൻ സൂക്തങ്ങൾ വ്യക്തമാക്കുന്നത്.

ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ ٱلْأَرْضَ فَإِذَا هِىَ تَمُورُ ● أَمْ أَمِنتُم مَّن فِى ٱلسَّمَآءِ أَن يُرْسِلَ عَلَيْكُمْ حَاصِبًا ۖ فَسَتَعْلَمُونَ كَيْفَ نَذِيرِ

"ഉപരിയിലുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞുകൊണ്ടിരിക്കും. അതല്ല ഉപരിയിലുള്ളവൻ നിങ്ങളുടെ നേരെ ഒരു ചരൽ വർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? എൻെറ താക്കീത് എങ്ങനെയുണ്ടെന്ന് വഴിയേ നിങ്ങൾ അറിഞ്ഞുകൊള്ളും"(67:16,17).

يُدَبِّرُ ٱلْأَمْرَ مِنَ ٱلسَّمَآءِ إِلَى ٱلْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥٓ أَلْفَ سَنَةٍ مِّمَّا تَعُدُّونَ

"അവൻ ഉപരിയിൽനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരു ദിവസം കാര്യം അവങ്കലേക്ക് ഉയർന്നുപോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു ആ ദിവസത്തിൻെറ അളവ്"(32:5).

مَن كَانَ يُرِيدُ ٱلْعِزَّةَ فَلِلَّهِ ٱلْعِزَّةُ جَمِيعًا ۚ إِلَيْهِ يَصْعَدُ ٱلْكَلِمُ ٱلطَّيِّبُ

وَٱلْعَمَلُ ٱلصَّـٰلِحُ يَرْفَعُهُۥ ۚ وَٱلَّذِينَ يَمْكُرُونَ ٱلسَّيِّـَٔاتِ لَهُمْ عَذَابٌ شَدِيدٌ ۖ وَمَكْرُ أُو۟لَـٰٓئِكَ هُوَ يَبُورُ

"ആരെങ്കിലും പ്രതാപം ആഗ്രഹിക്കുന്നുവെങ്കിൽ പ്രതാപമെല്ലാം അല്ലാഹുവിൻെറ അധീനത്തിലാകുന്നു. അവങ്കലേക്കാണ് ഉത്തമ വചനങ്ങൾ കയറിപ്പോകുന്നത്. നല്ല പ്രവർത്തനത്തെ അവൻ ഉയർത്തുകയും ചെയ്യുന്നു. ദുഷിച്ച തന്ത്രങ്ങൾ പ്രയോഗിക്കുന്നതാരോ അവർക്ക് കഠിന ശിക്ഷയുണ്ട്. അത്തരക്കാരുടെ തന്ത്രം നാശമടയുക തന്നെ ചെയ്യും"(35:10).

تَعْرُجُ ٱلْمَلَـٰٓئِكَةُ وَٱلرُّوحُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥ خَمْسِينَ أَلْفَ سَنَةٍ

"50,000 കൊല്ലത്തിൻെറ അളവുള്ളതായ ഒരു ദിവസത്തിൽ മലക്കുകളും ആത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു"(70:4).

ചില ഹദീഥുകളിലും അല്ലാഹുവിനെ ഉപരിയിലുള്ളവനായി പരിചയപ്പെടുത്തിയിട്ടുണ്ട്.

عَنْ مُعَاوِيَةَ ابْنِ الْحَكَمِ السُّلَمِيِّ قَالَ وَكَانَتْ لِي جَارِيَةٌ تَرْعَى غَنَمًا لِي قِبَلَ أُحُدٍ وَالْجَوَّانِيَّةِ فَاطَّلَعْتُ ذَاتَ يَوْمٍ فَإِذَا الذِّيبُ قَدْ ذَهَبَ بِشَاةٍ مِنْ غَنَمِهَا وَأَنَا رَجُلٌ مِنْ بَنِي آدَمَ آسَفُ كَمَا يَأْسَفُونَ لَكِنِّي صَكَكْتُهَا صَكَّةً فَأَتَيْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَعَظَّمَ ذَلِكَ عَلَيَّ قُلْتُ يَا رَسُولَ اللَّهِ أَفَلَا أُعْتِقُهَا قَالَ ائْتِنِي بِهَا فَأَتَيْتُهُ بِهَا فَقَالَ لَهَا أَيْنَ اللَّهُ قَالَتْ فِي السَّمَاءِ قَالَ مَنْ أَنَا قَالَتْ أَنْتَ رَسُولُ اللَّهِ قَالَ أَعْتِقْهَا فَإِنَّهَا مُؤْمِنَةٌ

"മുആവിയത്തുബ്നു അബുൽഹകം അസ്സുലമിയ്യ് (رضي الله عنه) പറഞ്ഞു: ഉഹ്ദ്, ജവ്വാനിയ ഭാഗങ്ങളിൽ ആടിനെ നോക്കുന്ന ഒരു അടിമപ്പെണ്ണ് എനിക്കുണ്ടായിരുന്നു. ഒരുദിവസം ഞാൻ നോക്കുമ്പോൾ ചെന്നായ



അവളുടെ ആട്ടിൻപറ്റത്തിൽനിന്നും ഒരാടിനെ പിടിച്ചുകൊണ്ടുപോകുന്നു. ഞാൻ മനുഷ്യരിൽപെട്ട ഒരാൾ മാത്രമാണ്. അവർ ദുഃഖിക്കുന്നപോലെ ഞാനും ദുഃഖിക്കുന്നു. അങ്ങനെ ഞാൻ അവളുടെ മുഖത്ത് ഒരു അടി വെച്ചുകൊടുത്തു. അങ്ങനെ ഞാൻ നബി (ﷺ)യുടെ അടുക്കൽചെന്നു. അവിടുന്ന് അത് എൻെറമേൽ വളരെ ഗൗരവമുള്ള പ്രശ്നമായി കണ്ടു. ഞാൻ ചോദിച്ചു: പ്രവാചകരേ, അവളെ ഞാൻ മോചിപ്പിച്ചാലോ? അവിടുന്ന് പറഞ്ഞു: അവളെ നീ എൻെറ മുമ്പാകെ ഹാജരാക്കുക. അവളെ ഞാൻ കൊണ്ടുവന്നു. തിരുമേനി അവളോട് ചോദിച്ചു: അല്ലാഹു എവിടെയാണ്? അവൾ പറഞ്ഞു: ഉപരിയിലാണ്. അവിടുന്ന് ചോദിച്ചു: ഞാൻ ആരാകുന്നു? അവൾ പറഞ്ഞു: അങ്ങ് അല്ലാഹുവിൻെറ ദൂതനാണ്. തിരുമേനി പറഞ്ഞു: അവളെ നീ മോചിപ്പിക്കുക. തീർച്ചയായും അവൾ വിശ്വാസിനിയാകുന്നു" (സ്വഹീഹു മുസ്ലിം, ഹദീഥ് 836).

عَنْ أَبِي هُرَيْرَةَ رَضِيَ اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ تَصَدَّقَ بِعَدْلِ تَمْرَةٍ مِنْ كَسْبٍ طَيِّبٍ وَلَا يَقْبَلُ اللَّهُ إِلَّا الطَّيِّبَ وَإِنَّ اللَّهَ يَتَقَبَّلُهَا بِيَمِينِهِ ثُمَّ يُرَبِّيهَا لِصَاحِبِهِ كَمَا يُرَبِّي أَحَدُكُمْ فَلُوَّهُ حَتَّى تَكُونَ مِثْلَ الْجَبَلِ

"അബൂഹുറയ്റ(رضي الله عنه)ൽ നിന്ന് നിവേദനം: നബി (ﷺ) അരുളി: ആരെങ്കിലും തൻെറ പരിശുദ്ധ സമ്പാദ്യത്തിൽനിന്നും – പരിശുദ്ധ വസ്തുമാത്രമെ അല്ലാഹുവിലേക്ക് ഉയർന്നുപോവുകയുള്ളൂ- ഒരു കാരക്കയോളം ധനം ദാനം ചെയ്താൽ അല്ലാഹു അത് തൻെറ വലം കൈകൊണ്ട് സ്വീകരിക്കും. പിന്നീട് നിങ്ങളിലൊരാൾ തൻെറ ശിശുവിനെ പോറ്റിവളർത്തുമ്പോലെ ഒരു മലയോളം വലുതാകുന്നതുവരേക്കും അല്ലാഹു അതിനെ വളർത്തിക്കൊണ്ടു പോരുന്നതാണ്" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 1321).

ഹജ്ജത്തുൽ വിദാഇനെക്കുറിച്ച് ജഹ്ഫറുബ്നു മുഹമ്മദിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്ന ദീർഘമായ ഒരു ഹദീഥിൽ ഇങ്ങനെ കാണാം:

وَأَنْتُمْ تُسْأَلُونَ عَنِّي فَمَا أَنْتُمْ قَائِلُونَ قَالُوا نَشْهَدُ أَنَّكَ قَدْ بَلَّغْتَ

وَأَدَّيْتَ وَنَصَحْتَ فَقَالَ بِإِصْبَعِهِ السَّبَّابَةِ يَرْفَعُهَا إِلَى السَّمَاءِ وَيَنْكُتُهَا إِلَى النَّاسِ اللَّهُمَّ اشْهَدْ اللَّهُمَّ اشْهَدْ ثَلَاثَ مَرَّاتٍ

“(മുഹമ്മദ് നബി (ﷺ) തന്റെ പ്രസംഗത്തിനു (ഖുതുബത്തുൽ വിദാഇന്) ശേഷം ചോദിച്ചു:) എന്നെ സംബന്ധിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. അന്നേരം എന്താണ് നിങ്ങൾ മറുപടി പറയുക? അവർ പറഞ്ഞു: അങ്ങ് പ്രബോധനം ചെയ്യുകയും ദൗത്യം നിർവഹിക്കുകയും സദുപദേശം നൽകുകയും ചെയ്തിരിക്കുന്നുവെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കും. അന്നേരം തിരുമേനി അവിടുത്തെ ചൂണ്ടുവിരൽകൊണ്ട് ആകാശത്തേക്കും ജനങ്ങളുടെ നേരെയും മാറിമാറി ചൂണ്ടിക്കാണിച്ചുകൊണ്ട് ‘അല്ലാഹുവേ, നീ സാക്ഷ്യം വഹിക്കുക’ എന്ന് മൂന്ന് പ്രാവശ്യം ആവർത്തിച്ച് പറഞ്ഞു” (സ്വഹീഹു മുസ്‌ലിം, ഹദീഥ്:2137).

و عَنْ عَبْدِ اللَّهِ بْنِ عَمْرٍو يَبْلُغُ بِهِ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ الرَّاحِمُونَ يَرْحَمُهُمُ الرَّحْمَنُ ارْحَمُوا أَهْلَ الْأَرْضِ يَرْحَمْكُمْ مَنْ فِي السَّمَاءِ

അബ്ദുല്ലാഹിബ്നു അംറിൽ നിന്ന് നിവേദനം. തിരുദൂതൻ പറഞ്ഞു: “കാരുണ്യവാൻമാരിലാണ് അല്ലാഹു കരുണ ചൊരിയുന്നത്. ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക; എങ്കിൽ ഉപരിയിലുള്ളവൻ നിങ്ങളോട് കരുണ കാണിക്കും” (സുനനു അബൂദാവൂദ്, ഹദീഥ്: 4290, ജാമിഉത്തിർമിദി, ഹദീഥ്:1847).

ഹൈന്ദവപുരാണങ്ങളിലേതുപോലെ നാം കാണുന്ന നീലാകാശത്തിരിക്കുന്ന ഒരു ദൈവമാണ് അല്ലാഹുവെന്നല്ല ഈ വചനങ്ങൾ വ്യക്തമാക്കുന്നത്. സൂര്യപ്രകാശത്തിന് വിസരണം സംഭവിക്കുന്നതുമൂലം നമുക്ക് ദൃഷ്ടീഭവിക്കുന്ന ഒരു പ്രതിഭാസം മാത്രമാണ് നീലാകാശം. യഥാർഥത്തിൽ അത്തരം ഒരു ആകാശംതന്നെയില്ല. അടുക്കുകളായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഏഴ് ആകാശങ്ങളെക്കുറിച്ച് ഖുർആൻ പറയുന്നുണ്ട് (71:15). ഇതിൽ ഒന്നാം ആകാശത്തിലാണ് നക്ഷത്രങ്ങളും ഗ്രഹങ്ങളുമെല്ലാം വിന്യസിച്ചിരിക്കുന്നതെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്.



فَقَضَىٰهُنَّ سَبْعَ سَمَـٰوَاتٍ فِى يَوْمَيْنِ وَأَوْحَىٰ فِى كُلِّ سَمَآءٍ أَمْرَهَا ۚ وَزَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَـٰبِيحَ وَحِفْظًا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ

“അങ്ങനെ രണ്ടു ദിവസങ്ങളിലായി അവയെ അവൻ ഏഴ് ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിലും അതാതിൻെറ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു. സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിക്കുകയും സംരക്ഷണം ഏർപ്പെടുത്തുകയും ചെയ്തു. പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതത്രേ അത്”(41:12).

إِنَّا زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِزِينَةٍ ٱلْكَوَاكِبِ

“തീർച്ചയായും അടുത്തുള്ള ആകാശത്തെ നാം നക്ഷത്രാലങ്കാരത്താൽ മോടിപിടിപ്പിച്ചിരിക്കുന്നു” (37:6).

മനുഷ്യൻ കണ്ടെത്തിയിട്ടുള്ളതും കണ്ടെത്താൻ സാധ്യതയുള്ളതുമായ പ്രപഞ്ചം മുഴുവൻ ഒന്നാം ആകാശത്തിനകത്താണെന്ന വസ്തുതയാണ് ഈ സൂക്തത്തിൽനിന്ന് മനസ്സിലാകുന്നത്. ഏഴ് ആകാശങ്ങളെയും സൃഷ്ടിച്ച തമ്പുരാൻ ഇവക്കെല്ലാം ഉപരിയായിരിക്കുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ആകാശത്തുള്ളവനായി അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ഖുർആൻ സൂക്തങ്ങളും ഹദീഥുകളുമെല്ലാം ഈ വസ്തുതകളാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്.

ഇവിടെ സ്വാഭാവികമായും ഉയർന്നുവരാവുന്ന ഒരു സംശയമുണ്ട്. അല്ലാഹുവിനെക്കുറിച്ച പരാമർശങ്ങളിൽ നടേ ഉദ്ധരിച്ച സൂറതുൽ മുൽകിലെ സൂക്തത്തിലും (67:16) അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വിൽനിന്ന് അബൂദാവൂദും തിർമിദിയും ഉദ്ധരിച്ച ഹദീഥിലും ‘മൻ ഫിസ്സമാഅ്’ എന്നാണ് പറഞ്ഞിരിക്കുന്നത്. ‘ആകാശത്തുള്ളവൻ’ എന്നാണ് ഇതിന് നൽകപ്പെടാറുള്ള കേവലമായ അർഥം. ‘ഫീ’ എന്ന അറബി വിവേചകഭേദകം സാധാരണയായി ഉപയോഗിക്കാറുള്ളത് ‘ഉള്ളിൽ’ എന്ന അർഥത്തിലാണ്. ‘ഫിൽ ബൈത്തി’ എന്നാൽ ‘വീടിനകത്ത്’ എന്നാണ് അർഥം. ‘വീടിന്മേൽ’ എന്ന അർഥത്തിൽ

'അലൽ ബൈത്തി'യെന്നാണ് പ്രയോഗിക്കാറുള്ളത്. ഇതേ പോലെ 'ഫിസ്സമാഇ' എന്ന് പറയുമ്പോൾ 'ആകാശത്തിനകത്ത്' എന്ന അർഥമല്ലേ വരികയെന്നാണ് സംശയം; ഈ സംശയത്തിന് പ്രഗൽഭരായ ഖുർആൻ വ്യാഖ്യാതാക്കൾ മറുപടി പറഞ്ഞിട്ടുണ്ട്. 'ഫീ'യെന്ന ഭേദകം സാധാരണയായി 'ഉള്ളിൽ' എന്ന അർഥത്തിലാണ് പ്രയോഗിക്കാറുള്ളതെങ്കിലും ചിലപ്പോഴെല്ലാം 'മേൽ' എന്ന അർഥത്തിലും അത് ഉപയോഗിക്കാറുണ്ടെന്നും അതുകൊണ്ടുതന്നെ ഈ സൂക്തങ്ങളിലെ 'ഫിസ്സമാഇ'ൻെറ താൽപര്യം ആകാശങ്ങൾക്ക് അതീതനെന്നാണെന്നുമാണ് പ്രസ്തുത മറുപടി. 'മേൽ' എന്ന് അർഥത്തിൽ 'അലാ'ക്ക് പകരമായി 'ഫീ'യെന്ന് പ്രയോഗിച്ചതിന് ഖുർആനിൽതന്നെ തെളിവുകളുണ്ട്. ഫറോവ പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്ന സൂക്തം ഉദാഹരണം:

قَالَ ءَامَنتُمْ لَهُۥ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّهُۥ لَكَبِيرُكُمُ ٱلَّذِى عَلَّمَكُمُ ٱلسِّحْرَ ۖ فَلَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَٰفٍ وَلَأُصَلِّبَنَّكُمْ فِى جُذُوعِ ٱلنَّخْلِ وَلَتَعْلَمُنَّ أَيُّنَآ أَشَدُّ عَذَابًا وَأَبْقَىٰ

"ആകയാൽ തീർച്ചയായും ഞാൻ നിങ്ങളുടെ കൈകളും കാലുകളും എതിർവശങ്ങളിൽനിന്നായി മുറിച്ചുകളയുകയും ഈന്തപ്പനത്തടികളിൽ നിങ്ങളെ ഞാൻ ക്രൂശിക്കുകയും ചെയ്യുന്നതാണ്" (20:71).

ഇവിടെ 'ഈത്തപ്പനത്തടികളിൽ' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'ഫീ ജുദൂഇന്നഖ്‌ലി'യെന്ന അറബി വാചകഭാഗത്തെയാണ്. ഈത്തപ്പനത്തടിക്കുമേൽ ക്രൂശിക്കുന്നതിന്നാണ് ഇത് പറഞ്ഞിട്ടുള്ളതെന്ന് സുതരാം വ്യക്തമാണല്ലോ.

പ്രപഞ്ചാതീതനാണ് അല്ലാഹുവെന്ന് പറയുമ്പോൾ ഈ പ്രപഞ്ചത്തിൽ നടക്കുന്ന ചെറുതും വലുതുമായ പ്രതിഭാസങ്ങളിലേതെങ്കിലും അവൻെറ അറിവിനോ കഴിവിനോ അതീതമാണെന്നല്ല അത് അർഥമാക്കുന്നത്. അല്ലാഹുവിൻെറ അസ്തിത്വം പ്രപഞ്ചത്തിന് അതീതമാണെങ്കിലും അവൻെറ അറിവും കഴിവും സൂക്ഷ്മവും സ്ഥൂലവുമായ സകല വസ്തുക്കളിലും ചൂഴ്ന്നുനിൽക്കുന്നുണ്ട്. അവൻ അറിയാതെ ഇവിടെ യാതൊന്നും സംഭവിക്കുന്നില്ല. അവന്ന്



ഇടപെടാനാകാത്ത യാതൊന്നുംതന്നെ സൃഷ്ടികളിലില്ല. ഖുർആൻ പറയുന്നത് കാണുക:

وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ ۚ وَيَعْلَمُ مَا فِى ٱلْبَرِّ وَٱلْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِى ظُلُمَٰتِ ٱلْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِى كِتَٰبٍ مُّبِينٍ

"അവൻെറ പക്കലാകുന്നു അദൃശ്യകാര്യത്തിൻെറ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ പച്ചയോ ഉണങ്ങിയതോ അയ ഏതൊരു വസ്തുവാകട്ടെ വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല"(6:59).

عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ٱلْكَبِيرُ ٱلْمُتَعَالِ ● سَوَآءٌ مِّنكُم مَّنْ أَسَرَّ ٱلْقَوْلَ وَمَن جَهَرَ بِهِۦ وَمَنْ هُوَ مُسْتَخْفٍۭ بِٱلَّيْلِ وَسَارِبٌۢ بِٱلنَّهَارِ

"അദൃശ്യത്തെയും ദൃശ്യത്തെയും അറിവുന്നവനും മഹാനും ഉന്നതനുമാകുന്നു അവൻ. നിങ്ങളുടെ കൂട്ടത്തിൽനിന്ന് രഹസ്യമായി സംസാരിച്ചവനും പരസ്യമായി സംസാരിച്ചവനും രാത്രിയിൽ ഒളിഞ്ഞിരിക്കുന്നവനും പകലിൽ പുറത്തിറങ്ങി നടക്കുന്നവനുമെല്ലാം (അവനെ സംബന്ധിച്ചിടത്തോളം) സമമാകുന്നു"(13:9,10).

وَأَسِرُّوا۟ قَوْلَكُمْ أَوِ ٱجْهَرُوا۟ بِهِۦٓ ۖ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ● أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ

"നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയായും അവൻ (അല്ലാഹു) ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു. സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (67:13,14).

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلۡحَقُّ وَأَنَّهُۥ يُحۡيِ ٱلۡمَوۡتَىٰ وَأَنَّهُۥ عَلَىٰ كُلِّ شَيۡءٖ قَدِيرٞ

“അതെന്തുകൊണ്ടെന്നാൽ അല്ലാഹുതന്നെയാണ് സത്യമായുള്ള വൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാണ്” (22:6).

تَبَٰرَكَ ٱلَّذِي بِيَدِهِ ٱلۡمُلۡكُ وَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٌ

“ആധിപത്യം ഏതൊരുവൻെറ കൈയിലാണോ അവൻ അനുഗ്ര ഹപൂർണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവ നാകുന്നു”(67:1).

മനുഷ്യർക്ക് അല്ലാഹുവിനെ പരിചയപ്പെടുത്തുമ്പോൾ അവൻ സമീപസ്ഥനാണ് എന്നും കണ്ഠനാഡിയേക്കാൾ അടുത്തവനാണ് എന്നും ഖുർആൻ പറയുന്നുണ്ട്. ചില ഖുർആൻ വചനങ്ങൾ ശ്രദ്ധി ക്കുക.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌۖ أُجِيبُ دَعۡوَةَ ٱلدَّاعِ إِذَا دَعَانِۖ فَلۡيَسۡتَجِيبُواْ لِي وَلۡيُؤۡمِنُواْ بِي لَعَلَّهُمۡ يَرۡشُدُونَ

“നിന്നോട് എൻെറ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർ ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എൻെറ ആഹ്വാനം അവർ സ്വീകരി ക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർ വഴി പ്രാപിക്കുവാൻ വേണ്ടിയാണിത്”(2:186).

وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ وَنَعۡلَمُ مَا تُوَسۡوِسُ بِهِۦ نَفۡسُهُۥۖ وَنَحۡنُ أَقۡرَبُ إِلَيۡهِ مِنۡ حَبۡلِ ٱلۡوَرِيدِ ● إِذۡ يَتَلَقَّى ٱلۡمُتَلَقِّيَانِ عَنِ ٱلۡيَمِينِ وَعَنِ ٱلشِّمَالِ قَعِيدٞ ● مَّا يَلۡفِظُ مِن قَوۡلٍ إِلَّا لَدَيۡهِ رَقِيبٌ عَتِيدٞ

“തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവൻെറ



മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യുന്നു. നാം (അവൻെറ) കണ്ഠനാഡിയേക്കാൾ അവനോട് അടുത്തവനും ആകുന്നു. വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നുകൊണ്ട് ഏറ്റു വാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവൻെറ അടുത്ത് തയാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല” (50:16-18).

ചില ഹദീഥുകളും അല്ലാഹു സമീപസ്ഥനാണെന്ന് പഠിപ്പിക്കു ന്നുണ്ട്.

حَدَّثَنَا مُحَمَّدُ بْنُ جَعْفَرٍ حَدَّثَنَا شُعْبَةُ عَنْ عَاصِمٍ عَنْ أَبِي عُثْمَانَ عَنْ أَبِي مُوسَى أَنَّهُمْ كَانُوا مَعَ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي سَفَرٍ فَرَفَعُوا أَصْوَاتَهُمْ بِالدُّعَاءِ فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّكُمْ لَا تَدْعُونَ أَصَمَّ وَلَا غَائِبًا إِنَّكُمْ تَدْعُونَ قَرِيبًا مُجِيبًا يَسْمَعُ دُعَاءَكُمْ وَيَسْتَجِيبُ

“അബൂ മൂസൽ അശ്അരിയിൽനിന്ന് (ؓ) നിവേദനം: അവർ നബി (ﷺ) യുടെ കൂടെ ഒരു യാത്രയിലായിരിക്കെ ഉറക്കെ പ്രാർഥി ച്ചിരുന്നു. അപ്പോൾ നബി (ﷺ) പറഞ്ഞു: നിശ്ചയമായും നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നത് ബധിരനെയൊ സന്നിഹിതനല്ലാത്തവനെ യോ അല്ല. മറിച്ച് നിങ്ങൾ പ്രാർഥിക്കുന്നത് സമീപസ്ഥനും നിങ്ങ ളുടെ പ്രാർഥന കേൾക്കുകയും ഉത്തരം നൽകുയുംചെയ്യുന്നവനോ ടാണ് (മുസ്നദ് അഹ്മദ്, ഹദീഥ്: 18780).

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ عَزَّ وَجَلَّ يَقُولُ أَنَا مَعَ عَبْدِي إِذَا هُوَ ذَكَرَنِي وَتَحَرَّكَتْ شَفَتَاهُ

അബൂഹുറയ്റയിൽ (ؓ)നിന്ന് നിവേദനം: നബി (ﷺ) പറഞ്ഞു: “അല്ലാഹു പറയുന്നു: എൻെറ അടിയാൻ എന്നെ സ്മരിക്കുകയും എന്നെക്കുറിച്ച് അവൻെറ അധരങ്ങൾ ഇളകിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോഴെല്ലാം ഞാൻ അവനോടുകൂടെ ഉണ്ടായിരിക്കുന്നതാണ്” (മുസ്നദ് അഹ്മദ്, ഹദീഥ്: 10545).

ഈ ഖുർആൻ സൂക്തങ്ങളിലും ഹദീഥുകളിലുമൊന്നും വിവക്ഷിക്കപ്പെട്ടിരിക്കുന്നത് ദൈവികസത്ത മനുഷ്യർക്കടുത്താണെന്നോ അവൻെറ കണ്഼ഠനാഡിക്കുള്ളിലാണെന്നോ അല്ലെന്ന വസ്തുത പ്രാമാണികരായ ഖുർആൻ വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിൻെറ അറിവും കഴിവുമാണിവിടെ വിവക്ഷിക്കപ്പെട്ടിട്ടുള്ളതെന്ന് ഇക്കാര്യം പരാമർശിക്കുന്ന സൂക്തങ്ങൾതന്നെ സൂക്ഷ്മമായി വിശകലനം ചെയ്താൽ വ്യക്തമാവും. നടേ സൂചിപ്പിച്ച ഹദീസുകൾ നൽകുന്ന വിവരവും മറിച്ചല്ല. കണ്഼ഠനാഡിയേക്കാൾ അടുത്താണെന്നു പറഞ്ഞത് അല്ലാഹുവിൻെറ വിശുദ്ധ സൃഷ്ടികളായ മലക്കുകളെക്കുറിച്ചാണെന്ന് വ്യാഖ്യാനിച്ച പണ്ഡിതന്മാരുമുണ്ട്. ഏതായിരുന്നാലും പദാർഥാതീതനായ പടച്ച തമ്പുരാൻെറ സത്ത പ്രപഞ്ചത്തിലാകമാനം നിറഞ്ഞുകിടക്കുകയാണെന്ന അദ്വൈതവാദത്തിന് ഉപോൽബലകമായ യാതൊരു പരാമർശവും ഖുർആനിലോ പ്രവാചകവചനങ്ങളിലോ കാണുവാൻ കഴിയില്ല.

5

# അല്ലാഹുവിൻെറ നാമഗുണവിശേഷണങ്ങൾ

ദൈവികസത്ത മാനുഷിക വിശദീകരണത്തിന്നതീതമാണെങ്കിൽ പിന്നെയെങ്ങനെയാണ് മനുഷ്യർ അല്ലാഹുവിനെക്കുറിച്ച് മനസ്സിലാക്കുക? അല്ലാഹുവിൻെറ അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തിച്ചും അവൻെറ ഗുണവിശേഷങ്ങൾ മനസ്സിലാക്കിയും നാഥനെ അറിയുവാനാണ് വിശുദ്ധ ഖുർആനിൻെറ അനുശാസന. അല്ലാഹുവിൻെറ സവിശേഷതകളെ ദ്യോതിപ്പിക്കുന്ന നാമവിശേഷണങ്ങളിലൂടെയാണ് ഖുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് എന്നു പറയുന്നതാവും ശരി. ഈ നാമവിശേഷണങ്ങളിലൂടെ അല്ലാഹുവിനെക്കുറിച്ച് മനസ്സിലാക്കുവാൻ, തൻെറ ബുദ്ധിയുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് ഏതൊരാൾക്കും സാധിക്കും. യഥാർഥത്തിൽ, 'അല്ലാഹുവിനെ അറിയുക'യെന്നാൽ അവൻെറ ഗുണങ്ങളെ അറിയുകയാണ്. വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്ന രൂപത്തിൽ നാഥനെ അറിഞ്ഞ ഒരാൾ പിന്നെ 'അല്ലാഹുവിനല്ലാതെ ആരാധനകളർപ്പിക്കുകയില്ല. എല്ലാ അർഥത്തിലും ആരാധനകളർഹിക്കുന്ന ഏക അസ്തിത്വം അല്ലാഹുവാണെന്ന് വ്യക്തമാക്കുന്നതാണ് അവൻെറ ഗുണനാമങ്ങൾ എന്നർഥം.

وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَٰٓئِهِۦ ۚ سَيُجْزَوْنَ مَا كَانُوا۟ يَعْمَلُونَ

"അല്ലാഹുവിന് ഏറ്റവും വിശിഷ്ടമായ നാമങ്ങളുണ്ട്. അതിനാൽ ആ നാമങ്ങളിൽ നിങ്ങൾ അവനെ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും" (7:180).

ദൈവം നിർഗുണനാണെന്ന വീക്ഷണം ഖുർആനികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു സഗുണസമ്പൂർണനാണ്. പക്ഷേ, ദൈവികഗുണങ്ങൾ മാനുഷിക ഗുണങ്ങളുമായി താരതമ്യം ചെയ്യാവതല്ല. മനുഷ്യൻ സൃഷ്ടിയായതുകൊണ്ടുതന്നെ അവൻെറ ഗുണങ്ങൾ പരിമിതങ്ങളും സ്ഥലകാലബന്ധനത്തിന്നധീനവുമാണ്. ഇതിൽനിന്നു വ്യത്യസ്തമായി സ്ഥല-കാലങ്ങളെ സൃഷ്ടിച്ച അല്ലാഹുവിൻെറ ഗുണങ്ങൾ പരിമിതികൾക്കതീതമാണ്.

وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ

"അവന്ന് തുല്യനായി ആരും തന്നെയില്ല"(112:4)യെന്നും

لَيْسَ كَمِثْلِهِۦ شَىْءٌ ۖ

''അവന്ന് സദൃശ്യമായി യാതൊന്നുമില്ല'' (42:11)യെന്നുമുള്ള ഖുർആനിക പരാമർശങ്ങൾ സ്രഷ്ടാവിൻെറ സത്തയെക്കുറിച്ചു മാത്രമല്ല, ഗുണങ്ങളെക്കുറിച്ചുകൂടിയുള്ളതാണ്. അല്ലാഹുവിൻെറ ഗുണങ്ങൾക്കു തുല്യമായ ഗുണങ്ങൾ സൃഷ്ടികൾക്കൊന്നിനുമുണ്ടാവില്ല; തീർച്ച!

അല്ലാഹുവിൻെറ വിശിഷ്ട നാമങ്ങളെക്കുറിച്ച് പ്രസ്താവനകൾ ഖുർആനിലും ഹദീസുകളിലും കാണാവുന്നതാണ്. ദൈവിക കാരുണ്യത്തെയും സ്നേഹത്തെയും ദ്യോതിപ്പിക്കുകയും അല്ലാഹുവിൻെറ കഴിവുകളുടെ പാരമ്യത്തെക്കുറിക്കുകയും ചെയ്യുന്നവയാണ് ഖുർആനിലും ഹദീസുകളിലും പ്രതിപാദിക്കപ്പെട്ട വിശിഷ്ട നാമങ്ങൾ. ഖുർആനിൽ നാമരൂപത്തിൽ പ്രതിപാദിക്കപ്പെട്ട ഏതാനും



വിശിഷ്ട നാമങ്ങൾ കാണുക:

1. പരമകാരുണികൻ (അർറഹ്മാൻ), കരുണാനിധി (അർറഹീം), രാജാധിരാജൻ (അൽമലിക്), പരമപരിശുദ്ധൻ (അൽഖുദ്ദൂസ്), അന്യൂനനും രക്ഷയായുള്ളവനും (അസ്സലാം), നിർഭയത്വം നൽകുന്നവൻ (അൽമുഅ്മിൻ), മേൽനോട്ടക്കാരൻ (അൽമുഹയ്മിൻ), പ്രതാപി (അൽഅസീസ്), സർവാധിപതി (അൽജബ്ബാർ), അഹങ്കരിക്കുവാൻ അർഹതയുള്ളവൻ (അൽമുതകബ്ബിർ), സ്രഷ്ടാവ് (അൽഖാലിക്ക്), ശിൽപി (അൽബാരിഅ്), രൂപം നൽകുന്നവൻ (അൽമുസ്വവ്വിർ), അതിയായി പൊറുക്കുന്നവൻ (അൽഗഫ്ഫാർ), അടക്കിവാഴുന്നവർ (അൽ ഖഹ്ഹാർ), അത്യുദാരൻ (അൽവഹ്ഹാബ്), തീർപ്പുകൽപിക്കുന്നവൻ (അൽഫത്താഹ്), സർവജ്ഞൻ (അൽഅലീം), എല്ലാം കേൾക്കുന്നവൻ (അസ്സമീഅ്), എല്ലാം കാണുന്നവൻ (അൽബസ്വീർ), കൃപാനിധി (അൽല്ലത്വീഫ്), സൂക്ഷ്മജ്ഞൻ (അൽഖബീർ), സഹനശീലൻ (അൽഹലീം), മഹാൻ (അൽഅദ്വീം), മാപ്പരുളുന്നവൻ (അൽഗഫൂർ), കൃതജ്ഞൻ (അശ്ശുകൂർ), അത്യുന്നതൻ (അൽ അലിയ്യ്), വലിയവൻ (അൽകബീർ), അത്യുദാരൻ (അൽകരീം), പ്രത്യുത്തരം നൽകുന്നവൻ (അൽമുജീബ്), അതിവിപുലമായ ഗുണമുള്ളവൻ (അൽവാസിഅ്), യുക്തിജ്ഞൻ (അൽഹകീം), സ്നേഹധനൻ (അൽവദൂദ്), ശ്രേഷ്ഠൻ (അൽമജീദ്), പരമസത്യം (അൽഹഖ്), ഭരമേൽപിക്കപ്പെടുന്നവൻ (അൽവകീൽ), അതിശക്തൻ (അൽമതീൻ), രക്ഷകൻ (അൽ വലിയ്യ്), സ്തുത്യർഹൻ (അൽഹമീദ്), ജീവിപ്പിക്കുന്നവൻ (അൽ മുഹ്യീ), സജീവൻ (അൽഹയ്യ്), നിയന്താവ് (അൽഖയ്യൂം), ഏകൻ (അൽഅഹദ്), ആശ്രയങ്ങൾ ആവശ്യമില്ലാത്തവൻ (അസ്സ്വമദ്), ആദിമൻ (അൽഅവ്വൽ), അന്തിമൻ (അൽആഖിർ), പ്രത്യക്ഷൻ (അദ്വാഹിർ), പരോക്ഷൻ (അൽബാത്വിൻ), സർവോന്നതൻ (അൽമുതആലി), പുണ്യവാൻ (അൽബിർറ്), പശ്ചാതാപം സ്വീകരിക്കുന്നവൻ (അത്തവ്വാബ്), മാപ്പു നൽകുന്നവൻ (അൽഅഫുവ്വ്), ദയാനിധി (അർറഊഫ്), ഒരുമിച്ചുകൂട്ടുന്നവൻ (അൽജാമിഅ്), മാർഗദർശി (അൽഹാദീ), രക്ഷിതാവ് (റബ്ബ്).

അല്ലാഹുവിൻെറ മഹദ്ഗുണങ്ങളെയും പ്രവർത്തനങ്ങളെയുംകുറിക്കുന്ന ധാരാളം പരാമർശങ്ങൾ ഖുർആനിലും ഹദീസുകളിലും വന്നിട്ടുണ്ട്. ഈ ഗുണങ്ങളുടെയും കർമങ്ങളുടെയുമെല്ലാം അടിസ്ഥാനത്തിൽ കുറേ ദൈവനാമങ്ങൾ ആവിഷ്കരിക്കുവാൻ കഴിയും.

ഏതു ഗുണമായിരുന്നാലും കർമമായിരുന്നാലും അല്ലാഹുവിൽ അതിൻെറ പാരമ്യത്തിലായിരിക്കും നിലനിൽക്കുകയെന്ന കാര്യം പറയേണ്ടതില്ലല്ലോ. ഖുർആനിലും ഹദീസുകളിലും വന്ന ദൈവകർമങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹുവിൻെറ നാമങ്ങൾ നിർധരിച്ചെടുത്താൽ അവ ഒരുപാടുണ്ടാവും.

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لِلَّهِ تِسْعَةٌ وَتِسْعُونَ اسْمًا مَنْ حَفِظَهَا دَخَلَ الْجَنَّةَ وَإِنَّ اللَّهَ وِتْرٌ يُحِبُّ الْوِتْرَ

അബൂ ഹുറയ്റ (رضي الله عنه) നിവേദനം "അല്ലാഹുവിന് 99 നാമങ്ങളുണ്ട്. അവ ശരിക്ക് ഗ്രഹിച്ചുൾക്കൊള്ളുന്നവൻ സ്വർഗത്തിൽ പ്രവേശിച്ചു. നിശ്ചയം അല്ലാഹു ഒറ്റയാകുന്നു; അവൻ ഒറ്റയെ ഇഷ്ടപെടുന്നു" (സ്വഹീഹു മുസ്ലിം, ഹദീഥ്: 4835).

പ്രബലമായ ഈ ഹദീഥിൽനിന്ന് അല്ലാഹുവിന് 99 നാമങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നു. മറ്റു ചില നിവേദനങ്ങളിൽനിന്ന് വിശിഷ്ട നാമങ്ങളുടെ എണ്ണം ക്ലിപ്തമല്ലെന്നാണ് മനസ്സിലാവുന്നത്. ഇമാം തുർമുദി, ഇബ്നുമാജ, ഹാകിം മുതലായവർ ഉദ്ധരിച്ച ഒരു നിവേദനത്തിൽ 99 വിശിഷ്ട നാമങ്ങൾ എണ്ണിപ്പറഞ്ഞതായി കാണാൻ കഴിയും. ഈ നിവേദനം ദുർബലമാണ്. ഈ പേരുകൾ ഖുർആനിലും ഹദീസുകളിലും വന്ന അല്ലാഹുവിൻെറ പ്രവൃത്തികളെ സംബന്ധിച്ച പ്രതിപാദ്യങ്ങളിൽനിന്ന് നിവേദകന്മാർ നിർധരിച്ചെടുത്തതാണെന്നാണ് പ്രബലമായ പണ്ഡിതാഭിപ്രായം. വിശുദ്ധ ഖുർആനിലോ ഹദീഥുകളിലോ നാമരൂപത്തിൽ വന്നതല്ലാത്ത പേരുകൾ നിർധരിച്ചെടുക്കുന്നത് ശരിയല്ലെന്നാണ് പ്രബലമായ പണ്ഡിതാഭിപ്രായം. ഏതായിരുന്നാലും, അല്ലാഹുവിൻെറ ശക്തിവിശേഷങ്ങളെയും കാരുണ്യത്തെയും ദയാവായ്പിനെയുമെല്ലാം സൂചിപ്പിക്കുന്നവയാണ് അവൻെറ നാമങ്ങൾ എന്ന കാര്യത്തിൽ ഭിന്നതയില്ല. ഈ നാമങ്ങളിലൂടെ നാഥനെ മനസ്സിലാക്കുന്നവർ അല്ലാഹുവിനെ യഥാരൂപത്തിൽ അറിയുകയും അവന്നു മാത്രം ആരാധനകളർപ്പിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

അല്ലാഹുവിൻെറ സത്താപരവും കർമപരവുമായ ധാരാളം ഗുണ



വിശേഷണങ്ങൾ (സ്വിഫാത്ത്) ഖുർആനിലും ഹദീഥുകളിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. അറിവ്, ജീവൻ, ശക്തി, കാഴ്ച, കേൾവി, മുഖം, കൈകൾ, സംസാരം, പരമാധികാരം, പ്രതാപം, ഔന്നത്യം, സ്വയം പര്യാപ്തത, കാരുണ്യം തുടങ്ങിയ സത്താപരമായ ഗുണവിശേഷണങ്ങളുടെയും സിംഹാസനത്തിൽ ഉപവിഷ്ടമാവുക, ഇറങ്ങിവരിക, ആശ്ചര്യപ്പെടുക, ചിരിക്കുക, സന്തോഷിക്കുക, സ്നേഹിക്കുക, വെറുക്കുക, കോപിക്കുക, ആനന്ദിക്കുക, തന്ത്രം പ്രയോഗിക്കുക തുടങ്ങിയ കർമപരമായ ഗുണവിശേഷണങ്ങളുടെയും കാര്യത്തിൽ അല്ലാഹു അദ്വിതീയനും അതുല്യനുമാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഖുർആനും നബിവചനങ്ങളുമാകുന്ന പ്രമാണങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഗുണവിശേഷണങ്ങളെല്ലാം അല്ലാഹുവിൽ അവൻെറ മഹത്ത്വത്തിന് നിരക്കുന്നവിധത്തിൽ നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കുകയല്ലാതെ അവയെ നിഷേധിക്കുകയോ (തഅ്ത്വീൽ) സൃഷ്ടികളുടെ ഗുണങ്ങളുമായി സാദൃശ്യപ്പെടുത്തുകയോ (തശ്ബീഹ്) ആലങ്കാരികമായി ഉപമിക്കുകയോ (തംഥീൽ) ഭേദഗതി വരുത്തുകയോ (തഹ്‌രീഫ്) എങ്ങനെയെന്ന് രൂപം പറയുകയോ (തക്‌യീഫ്) ചെയ്യാൻ പാടില്ല. അല്ലാഹുവിൻെറ ഗുണവിശേഷങ്ങളെ ഗുണവിശേഷങ്ങളായിതന്നെയാണ് മനസ്സിലാക്കേണ്ടത്. അവയെ അവയവങ്ങളായി നിരൂപിച്ചു (തജ്സീം)കൂടാ.

പ്രപഞ്ച സ്രഷ്ടാവായ തമ്പുരാൻെറ ഗുണവിശേഷണങ്ങളെക്കുറിച്ച അറിവ് തീരെ നമുക്ക് നൽകിയിട്ടില്ലെന്ന് പറയുന്നതും ശരിയല്ല; യഥാർഥത്തിൽ സ്വിഫാത്തുകളെക്കുറിച്ച് ഖുർആനിലൂടെയും പ്രവാചക വചനങ്ങളിലൂടെയും അല്ലാഹു വെളിപ്പെടുത്തിയ അറിവ് നമുക്കുണ്ടല്ലോ. ദൈവിക ഗുണവിശേഷങ്ങളെപ്പറ്റി ഖുർആനും ഹദീഥുകളും വെളിപ്പെടുത്തിയ കാര്യങ്ങൾ നമുക്ക് അറിയിച്ചുതന്ന കാര്യങ്ങൾതന്നെയാണ്. അല്ലാഹുവിൻെറ സ്വിഫാത്തുകളായി ഖുർആനിൽ പറഞ്ഞിട്ടുള്ളവയുടെ അർഥം നമുക്ക് അറിയാവുന്നതുതന്നെയാണെന്ന് സാരം. എന്നാൽ അവയുടെ രൂപമെന്താണെന്ന് (കൈഫിയത്ത്) നമുക്ക് അറിയിച്ചുതന്നിട്ടില്ല. അതുകൊണ്ടുതന്നെ രൂപം അല്ലാഹുവിന് മാത്രമെ അറിയൂ. അല്ലാഹുവിൻെറ സിംഹാസനാരോഹണം ഉദാഹരണമായെടുക്കുക. അവൻ സിംഹാസനത്തിൽ ഉപവിഷ്ടനായതിനെക്കുറിച്ച് പറയുന്ന സൂക്തങ്ങളൊന്നും ദുരൂഹമോ അർഥമറിയാൻ കഴിയാത്തതോ അല്ല. എന്നാൽ എങ്ങനെയാണ് അല്ലാഹു

സിംഹാസനത്തിൽ ആരൂഢനാകുന്നതെന്ന് നമുക്കറിയില്ല. അവ ൻെറ മഹത്ത്വത്തിന് നിരക്കുന്ന രീതിയിൽ ആരൂഢനാകുമെന്ന് മനസ്സി ലാക്കാനേ നിവൃത്തിയുള്ളൂ. ഇതാണ് അല്ലാഹുവിൻെറ ഗുണവിശേ ഷണങ്ങളെ മനസ്സിലാക്കുന്ന വിഷയത്തിൽ പ്രവാചകൻ (ﷺ) പഠിപ്പി ച്ച രീതി; സച്ചരിതരായ മുൻഗാമികൾ സ്വീകരിച്ച വ്യഖ്യാന രീതിയും ഇതുതന്നെ. ഇതല്ലാതെ, കോടിക്കണക്കിന് സൃഷ്ടികളിലൊന്നായ നമ്മുടെ പരിമിതമായ അറിവും യുക്തിയുംവെച്ചുകൊണ്ട്, സർവ ചരാചരങ്ങളുടെയും സ്രഷ്ടാവായ അല്ലാഹുവിൻെറ ഗുണവിശേഷ ണങ്ങളെ വ്യാഖ്യാനിക്കാനൊരുമ്പെട്ടുകൂടാ. അങ്ങനെ ചെയ്തതാണ് വ്യത്യസ്ത മതവീക്ഷണങ്ങളുടെയും ദൈവശാസ്ത്രങ്ങളുടെയു മെല്ലാം ഉൽപത്തിക്ക് നിമിത്തമായത്.

ദൈവികമായ ഗുണങ്ങൾ മറ്റുള്ളവർക്ക് കൽപിച്ചുകൊടുക്കുന്ന തും അവനില്ലാത്ത ഗുണങ്ങൾ അവനിൽ ആരോപിക്കുന്നതുമെല്ലാം ഏകദൈവവിശ്വാസത്തിന് വിരുദ്ധമാണ്. ഇങ്ങനെയുള്ള ആരോപണ മാണ് വലിയ മാർഗഭ്രംശങ്ങളിലേക്ക് മനുഷ്യരെ നയിച്ചത്. ദൈവം സർവവ്യാപിയാണെന്ന ആരോപണം ഉദാഹരണം. പ്രപഞ്ചാതീതമാ യ ദൈവികസത്തയെ പ്രപഞ്ചത്തിനകത്തേക്ക് കൊണ്ടുവരികയും അവൻ സർവവ്യാപിയാണെന്ന് ആരോപിക്കുകയും ചെയ്യുക വഴിയാ ണ് എല്ലാ പ്രാപഞ്ചിക വസ്തുക്കളും ദിവ്യാംശമുള്ളവരാണെന്ന ധാ രണ വളർന്നുവന്നത്. സർവശക്തനില്ലാത്ത സർവവ്യാപിത്വം എന്ന ഗുണം അവനിൽ ആരോപിക്കുകയും ഉന്നതങ്ങളിലുള്ളവനെന്ന അ വൻെറ ഗുണം നിഷേധിക്കുകയും ചെയ്യുക വഴി പ്രപഞ്ചംതന്നെയാ ണ് ദൈവമെന്ന അത്യന്തം പിഴച്ചുപോയ ആശയത്തിലാണ് അതി ൻെറ വക്താക്കൾ എത്തിച്ചേർന്നത്. എല്ലാ പ്രാപഞ്ചിക വസ്തുക്കളി ലും ദൈവികസത്തയുണ്ടെങ്കിൽ കല്ലിനെയും മുള്ളിനെയുമൊന്നും ആരാധിക്കുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ലല്ലോ. സൃഷ്ടിപൂജ ക്ക് ന്യായീകരണം നൽകാൻ വേണ്ടി ഒരു തലത്തിൽ സൃഷ്ടികൾക്ക് ദൈവികഗുണങ്ങൾ കൽപിച്ചു നൽകിയപ്പോൾ മറ്റൊരു തലത്തിൽ ദൈവത്തിൻെറ ഗുണങ്ങളും വിശേഷണങ്ങളും നിഷേധിക്കുകയും അവനില്ലാത്ത ഗുണങ്ങൾ അവനിൽ ആരോപിക്കുകയും ചെയ്യുന്ന സമ്പ്രദായങ്ങളുണ്ടായി. സ്രഷ്ടാവായ തമ്പുരാൻെറ ഗുണവിശേഷ ണങ്ങളെപ്പറ്റി പ്രമാണങ്ങൾ എന്തു പറഞ്ഞോ അതിന്നപ്പുറത്തേക്ക് പോകാൻ പാടില്ലെന്ന് പറയുവാനുള്ള കാരണവും മറ്റൊന്നല്ല.



തന്നിഷ്ടപ്രകാരം ദൈവികഗുണങ്ങളെ വ്യാഖ്യാനിക്കാനൊരു മ്പെട്ടവർ അവസാനം ദൈവത്തെത്തന്നെ പ്രായോഗികതലത്തിൽ നിഷേധിക്കുന്ന അവസ്ഥയിലാണ് എത്തിച്ചേർന്നത്. ഗുണങ്ങൾക്കെ ല്ലാം പരിമിതികളുണ്ടാവുമെന്നും അതിനാൽ ദൈവം നിർഗുണനാ ണെന്നുമുള്ള വീക്ഷണത്തിൽനിന്നാണ് അദ്വൈതം ആരംഭിക്കുന്നത്. നിർഗുണനാണ് ദൈവമെങ്കിൽ 'സൃഷ്ടി' നടന്നിരിക്കാൻ സാധ്യതയി ല്ല. അപ്പോൾപിന്നെ ഈ പ്രപഞ്ചമെന്താണ്? അത് ദൈവംതന്നെയാ ണെന്നാണ് അദ്വൈതികളുടെ പക്ഷം. പ്രപഞ്ചത്തെ സൃഷ്ടിച്ച ഒരു ദൈവമില്ലെന്ന തത്ത്വത്തിലാണ് അദ്വൈതം എത്തിച്ചേരുന്നത്. തന്നി ഷ്ടപ്രകാരം ദൈവികഗുണങ്ങളെ വ്യാഖ്യാനിക്കുന്നത് അപകടമാ ണെന്നും അത് ദൈവനിഷേധത്തിൽ വരെ ചെന്നെത്തിക്കുന്ന മഹാ പാതകമാണെന്നുമുള്ള വസ്തുതകളാണ് ഇവിടെ അനാവൃതമാ വുന്നത്.

പരിമിതികളിൽനിന്നു മുക്തവും കളങ്കലേശമില്ലാത്തതുമായ ഗുണങ്ങളുടെ ഉടയവനാണ് അല്ലാഹു. അവൻെറ ഗുണങ്ങളെ നമ്മു ടെ പരിമിതമായ ബുദ്ധികൊണ്ട് അളക്കുവാൻ കഴിയില്ല. അല്ലാഹു വിനുണ്ടെന്ന് ഖുർആനും ഹദീഥുകളും പഠിപ്പിച്ച ഗുണങ്ങൾ അവ യുടെ സമ്പൂർണവും പരിമിതികളില്ലാത്തതുമായ അവസ്ഥയാൽ അല്ലാഹുവിലുണ്ടെന്ന് മനസ്സിലാക്കാൻ മാത്രമേ നമുക്ക് നിർവാഹ മുള്ളൂ. പ്രസ്തുത ഗുണങ്ങളെ സൃഷ്ടികളുടെ ഗുണങ്ങളുമായി താര തമ്യം ചെയ്യുന്നതും നമ്മുടെ വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കുന്ന തും മാർഗഭ്രംശത്തിന് മാത്രമേ നിമിത്തമാകൂ. അല്ലാഹുവിൻെറ നാമ ഗുണവിശേഷങ്ങളുടെ കാര്യത്തിൽ ഖുർആനിലും പ്രവാചകമൊഴി കളിലും പറഞ്ഞ കാര്യങ്ങൾ അപ്പടി സ്വീകരിക്കുകയും സച്ചരിതരാ യ പ്രവാചകാനുചരന്മാർ ഈ പ്രമാണങ്ങളിൽനിന്ന് എന്തു മനസ്സി ലാക്കിയോ അതിന്നപ്പുറം പോകാതിരിക്കുകയും ചെയ്യുന്നതാണ് സൂക്ഷ്മമായ നിലപാട്. ഈ നിലപാടിൽനിന്ന് വ്യതിചലിച്ചവരെല്ലാം തന്നെ തത്ത്വശാസ്ത്രത്തിൻെറ ഊരാക്കുടുക്കുകളിൽപെട്ട് അവ സാനം ദൈവനിഷേധത്തിന് തുല്യമായ സൈദ്ധാന്തികാപചയങ്ങളി ലേക്കാണ് ആപതിച്ചതെന്നാണ് ചരിത്രം നൽകുന്ന പാഠം.

6

# സ്രഷ്ടാവും സൃഷ്ടികളും

ഇസ്ലാമിക വീക്ഷണപ്രകാരം രണ്ടുതരം യാഥാർഥ്യങ്ങളുണ്ട്. സ്രഷ്ടാവും സൃഷ്ടികളും. അല്ലാഹുവാണ് സ്രഷ്ടാവ്. ബാക്കിയെല്ലാവരും സൃഷ്ടികളാണ്. സ്രഷ്ടാവിന് തുല്യമായി യാതൊന്നും തന്നെയില്ല. പക്ഷേ, സൃഷ്ടികളും യാഥാർഥ്യം തന്നെയാണ്. പ്രപഞ്ചം മിഥ്യയും മായയുമാണെന്ന അദ്വൈത വീക്ഷണവുമായി ഇസ്ലാം പൊരുത്തപ്പെടുന്നില്ല. പരമവും ആത്യന്തികവുമായ സത്തയാണ് അല്ലാഹുവിൻേറത്. അവൻ അതുല്യനും അദ്വിതീയനുമാണ്. അജയ്യനും അപ്രമാദിതനുമാണ്. സർവശക്തനും സർവകാലജ്ഞാനിയുമാണ്. സർവോന്നതനും സർവലോകസ്രഷ്ടാവുമാണ്. നിരാശ്രയനും സകലരാലും ആശ്രയിക്കപ്പെടുന്നവനുമാണ്. പരമകാരുണികനും കരുണാനിധിയുമാണ്. സഗുണനും സമ്പൂർണനുമാണ്. അവൻെറ സൃഷ്ടികൾ അവനെ ആശ്രയിച്ച് നിലനിൽക്കുന്ന യാഥാർഥ്യങ്ങളാകുന്നു.

ഈ പ്രപഞ്ചം മിഥ്യയാണെന്ന മായവാദം ഇസ്ലാമിലില്ല. പ്രപഞ്ചം യാഥാർഥ്യം തന്നെയാണ്. പക്ഷേ, അത് സൃഷ്ടിയാണ്. അതിന് ആരംഭവും അവസാനവുമുണ്ട്. നിരീക്ഷകൻെറ മനസ്സിലുണ്ടാകുന്ന മിഥ്യാധാരണ മാത്രമാണ് പ്രപഞ്ചമെന്ന വീക്ഷണമനുസരിച്ച് അതിന്നൊരു സ്രഷ്ടാവിൻെറ ആവശ്യംതന്നെയില്ല. എന്നാൽ വിശുദ്ധ



ഖുർആൻ പറയുന്നത് പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ടെന്നും അതിലുള്ളതെല്ലാം അവൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുകയാണെന്നുമാണ്.

سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ

“ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ” (57:1).

അല്ലാഹുവാണ് എന്നും നിലനിൽക്കുന്നവനും എല്ലാറ്റിൻെറയും നാഥനുമായവൻ. ഈ അർഥത്തിൽ അല്ലാഹുവാണ് പരമമായ സത്യം (അൽഹഖ്) എന്നു പറയുന്നത് തെറ്റല്ല. എന്നാൽ, ഇത് പ്രപഞ്ചമെന്ന യാഥാർഥ്യത്തെ നിഷേധിക്കുന്നതിന് ന്യായമാകാവുന്നതല്ല. അല്ലാഹുവിനെ ആശ്രയിച്ചുനിൽക്കുന്ന യാഥാർഥ്യങ്ങൾ തന്നെയാണ് പ്രാപഞ്ചികപ്രതിഭാസങ്ങൾ എന്നാണ് വിശുദ്ധ ഖുർആനിൻെറ അധ്യാപനങ്ങളിൽനിന്ന് മനസ്സിലാകുന്നത്. ഖുർആനിൽ ഒരിടത്തുപോലും പ്രപഞ്ചം മിഥ്യ (ബാത്വിൽ) യാണെന്ന് പറഞ്ഞിട്ടില്ല. എന്നാൽ, പ്രപഞ്ചം മിഥ്യയാണെന്ന അദ്വൈതാശയത്തിന് ഖുർആൻ തെളിവു നൽകുന്നു എന്ന് വരുത്തിത്തീർക്കാനായി താഴെപ്പറയുന്ന ഖുർആൻ സൂക്തം ഉദ്ധരിക്കപ്പെടാറുണ്ട്.

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ ٱلْبَٰطِلُ وَأَنَّ ٱللَّهَ
هُوَ ٱلْعَلِيُّ ٱلْكَبِيرُ

“അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്നതെല്ലാം വ്യർഥമാകുന്നു. അല്ലാഹുതന്നെയാകുന്നു ഉന്നതനും വലിയവനും” (31:30).

ഈ സൂക്തം യഥാർഥത്തിൽ പ്രപഞ്ചത്തിൻെറ അസ്തിത്വത്തെ നിഷേധിക്കുകയല്ല; പ്രത്യുത ബഹുദൈവാരാധകരുടെ ആരാധനാമൂർത്തികൾ സത്യത്തിൽ പ്രാർഥനകളൊന്നും അർഹിക്കുന്നില്ലെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്. പ്രപഞ്ചം മിഥ്യയല്ലെന്നും സുപ്രധാനമായ ഒരു ലക്ഷ്യത്തിനുവേണ്ടി അല്ലാഹു പടച്ച യാഥാർഥ്യമാണെന്നുമാണ് ഖുർആനിൻെറ അധ്യാപനം. ആകാശഭൂമികളുടെ

സ്രഷ്ടാവിനെക്കുറിച്ച് ചിന്തിക്കുന്ന സൽബുദ്ധിയുള്ളവർ പറയുന്നതായി ഖുർആൻ ഉദ്ധരിക്കുന്ന വാക്യം ഇങ്ങനെയാണ്:

رَبَّنَا مَا خَلَقْتَ هَـٰذَا بَـٰطِلًا

“ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി (ബാത്വിൽ) സൃഷ്ടിച്ചതല്ല ഇത്” (3:191).

പ്രപഞ്ചം മിഥ്യയാണെന്ന വിശ്വാസം സത്യനിഷേധമായാണ് ഖുർആനിൽ പരിചയപ്പെടുത്തപ്പെട്ടിരിക്കുന്നത്. ഒരു ഖുർആൻ സൂക്തം കാണുക:

وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ وَمَا بَيْنَهُمَا بَـٰطِلًا ۚ ذَٰلِكَ ظَنُّ ٱلَّذِينَ كَفَرُوا۟ ۚ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِنَ ٱلنَّارِ

“ആകാശവും ഭൂമിയും അവക്കിടയിലുള്ളതും നാം നിരർഥകമായി (ബാത്വിൽ) സൃഷ്ടിച്ചതല്ല. സത്യനിഷേധികളുടെ ധാരണയത്രേ അത്. ആകയാൽ സത്യനിഷേധികൾക്ക് നരകശിക്ഷയാൽ മഹാനാശം” (38:27).

പ്രപഞ്ചം ബാത്വിലാണെന്ന വിശ്വാസം സത്യനിഷേധമാണെന്നും അത് സ്വീകരിച്ചവർ നരകശിക്ഷക്കു വിധേയമാക്കപ്പെടുന്നവരാണെന്നുമാണ് ഈ ഖുർആൻ സൂക്തം വ്യക്തമാക്കുന്നത്. അദ്വൈതത്തിലെ ജഗത് മിഥ്യയാണെന്ന ആശയത്തെ സത്യനിഷേധമായാണ് ഖുർആൻ കാണുന്നതെന്ന് സാരം.

പ്രപഞ്ചം മിഥ്യയാണെന്ന വീക്ഷണത്തിന്റെ രണ്ടാം പതിപ്പാണല്ലോ പ്രകൃതിയും പടച്ചതമ്പുരാനും ഒന്നുതന്നെയാണെന്ന ധാരണ. ഈ വാദത്തിൽ യാതൊരു കഴമ്പുമില്ലെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. സ്രഷ്ടാവായ അല്ലാഹുവിന്റെ സത്ത അവന്റെ സൃഷ്ടികളിൽനിന്ന് വേറിട്ടുനിൽക്കുന്നു. സൃഷ്ടിയിൽ ലയിച്ച് വിമുക്തനാവാൻ കഴിയാതെ സർവത്തിലും വ്യാപിച്ചുകിടക്കുന്ന ഒരു കേവല ശക്തിയല്ല വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്ന അല്ലാഹു. അവൻ പ്രകൃത്യാതീതനാണ്. അവന്റെ അറിവും കഴിവും സകലതിനെയും ചൂഴ്ന്നു നിൽക്കുന്നു. അണുവിനുള്ളിലെ സ്പന്ദനവും താരാസമൂഹങ്ങളുടെ ചലനങ്ങളുമൊന്നുംതന്നെ അവന്റെ അറിവിന്റെ പരിധിക്കു പുറത്തല്ല. സ്ഥലകാല പരിമിതികൾക്ക് അതീതനായ അല്ലാഹു പദാർ



ഥാതീതനായി ക്കൊണ്ടുതന്നെ അവന്റെ ശക്തി സ്ഥൂലവും സൂക്ഷ്മവുമായ പ്രപഞ്ചത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്നു. ഖുർആൻ പറയുന്നു:

سَبَّحَ لِلَّهِ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ● لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ● هُوَ ٱلْأَوَّلُ وَٱلْـَٔاخِرُ وَٱلظَّـٰهِرُ وَٱلْبَاطِنُ ۖ وَهُوَ بِكُلِّ شَىْءٍ عَلِيمٌ

“ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നു. അവൻ പ്രതാപശാലിയും അഗാധജ്ഞനുമത്രേ. ആകാശങ്ങളിലെയും ഭൂമിയിലെയും പരമാധിപത്യം അവന്നുള്ളതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അവനാണ് ആദിമൻ. അവനാണ് അന്തിമൻ. പ്രത്യക്ഷനും പരോക്ഷനുമായവനും അവൻതന്നെ. അവൻ എല്ലാ കാര്യങ്ങളും പൂർണമായി അറിയുന്നവനാണ്” (57:1–3).

ഈ പ്രപഞ്ചത്തിലുള്ളതെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. സ്രഷ്ടാവും സൃഷ്ടിയും ഒന്നല്ല. സ്രഷ്ടാവിൽനിന്ന് തീർത്തും അന്യമാണ് സൃഷ്ടി. അവ രണ്ടും എല്ലാ അർഥത്തിലും ഭിന്നമാണ്. മനുഷ്യാത്മാവടക്കമുള്ള സകല സൃഷ്ടികളും അല്ലാഹുവിന്റെ സത്തയിൽനിന്നു ഭിന്നമാണെന്നാണ് ഖുർആനിലെ പരാമർശങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

‘ദൂനില്ലാഹി’ എന്നാൽ ‘അല്ലാഹുവല്ലാത്തവർ’ എന്നാണർഥം. ദൂനില്ലാഹി എന്ന ആശയത്തെ ഖുർആൻ എതിർക്കുന്നുവെന്നും അതിനാൽ പ്രപഞ്ചം മിഥ്യയാണെന്നും അല്ലാഹു മാത്രമാണ് അസ്ഥിത്വമുള്ളവൻ എന്നുമുള്ള അദ്വൈതവാദത്തെ ഖുർആൻ അംഗീകരിക്കുന്നുവെന്നും വാദിക്കപ്പെടാറുണ്ട്. വിശുദ്ധ ഖുർആനിൽ എഴുപതിൽപരം തവണ ‘ദുനില്ലാഹി’ എന്നു പ്രയോഗിച്ചിട്ടുണ്ട്. അല്ലാഹുവല്ലാത്തവരെ ഉദ്ദേശിച്ചുകൊണ്ട് നാൽപതോളം തവണ ‘ദൂനിഹി’യെന്നും ഉപയോഗിച്ചിട്ടുണ്ട്. ‘ദുനിർറഹ്മാനി’, ‘ദൂനിക’, ‘ദൂനിനാ’, ‘ദൂനീ’ തുടങ്ങിയ പ്രയോഗങ്ങൾ വേറെയുമുണ്ട്. ഇവിടങ്ങളിലൊന്നുംതന്നെ അല്ലാഹുവല്ലാത്ത വസ്തുക്കളുടെ അസ്തിത്വം നിഷേധിക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. ഈ ആയത്തുകളിലെല്ലാം അല്ലാഹുവ

ല്ലാത്ത വസ്തുക്കളുടെ അസ്തിത്വം അംഗീകരിക്കുന്നുണ്ട്. അവയല്ല യഥാർഥത്തിൽ ലോകത്തെ നിയന്ത്രിക്കുന്നതെന്നും അതുകൊണ്ടു തന്നെ അവയൊന്നും ആരാധനകൾ അർഹിക്കുന്നില്ലെന്നും സ്ഥാപിക്കുകയാണ് ഈ സൂക്തങ്ങളിൽ മിക്കതും ചെയ്യുന്നത്. ചില സൂക്തങ്ങളാവട്ടെ അല്ലാഹുവല്ലാത്തവരെ സഹായികളായി സ്വീകരിച്ചിരിക്കുന്നവർക്കുള്ള താക്കീതാണ് ഉൾക്കൊള്ളുന്നത്. 'ദൂനില്ലാഹി' എന്നു പ്രയോഗിച്ചിരിക്കുന്ന ഏതാനും സൂക്തങ്ങൾ കാണുക:

وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ ۖ
وَٱلَّذِينَ ءَامَنُوٓا۟ أَشَدُّ حُبًّا لِّلَّهِ

"അല്ലാഹുവിന് പുറമെയുള്ളവരെ (മിൻ ദൂനില്ലാഹി) അവന് സമന്മാരാക്കുന്ന ചിലരുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നതുപോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവിനോട് അതിശക്തമായ സ്നേഹമുള്ളവരാകുന്നു" (2:165).

وَمَن يَتَّخِذِ ٱلشَّيْطَـٰنَ وَلِيًّا مِّن دُونِ ٱللَّهِ فَقَدْ خَسِرَ خُسْرَانًا
مُّبِينًا

"വല്ലവനും അല്ലാഹുവിനു പുറമെ (മിൻ ദൂനില്ലാഹി) പിശാചിനെ രക്ഷാധികാരിയായി സ്വീകരിക്കുന്ന പക്ഷം തീർച്ചയായും അവൻ പ്രത്യക്ഷമായ നഷ്ടം പറ്റിയവനാകുന്നു'' (4:119).

وَلَا يَجِدُونَ لَهُم مِّن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا

"അല്ലാഹുവെ കൂടാതെ (മിൻ ദൂനില്ലാഹി) തങ്ങൾക്ക് ഒരു ഉറ്റമിത്രത്തേയോ സഹായിയെയോ അവർ കണ്ടെത്തുകയില്ല" (4:173).

قُلْ أَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَمْلِكُ لَكُمْ ضَرًّا وَلَا
نَفْعًا ۚ وَٱللَّهُ هُوَ ٱلسَّمِيعُ ٱلْعَلِيمُ

"പറയുക: അല്ലാഹുവെക്കൂടാതെ (മിൻ ദൂനില്ലാഹി) നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ



നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (5:76).

قُلْ إِنِّى نُهِيتُ أَنْ أَعْبُدَ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ ۚ

"പറയുക: അല്ലാഹുവിനു പുറമെ (മിൻ ദൂനില്ലാഹി) നിങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവരെ ആരാധിക്കുന്നതിൽനിന്ന് തീർച്ചയായും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു" (6:56).

وَلَا تَسُبُّوا۟ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ فَيَسُبُّوا۟ ٱللَّهَ عَدْوًۢا بِغَيْرِ
عِلْمٍ

"അല്ലാഹുവിനു പുറമെ (മിൻ ദൂനില്ലാഹി) അവർ വിളിച്ചുപ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവിനെ ശകാരിക്കാൻ അത് കാരണമായേക്കും" (6:108).

إِنَّهُمُ ٱتَّخَذُوا۟ ٱلشَّيَـٰطِينَ أَوْلِيَآءَ مِن دُونِ ٱللَّهِ وَيَحْسَبُونَ أَنَّهُم
مُّهْتَدُونَ

"അല്ലാഹുവിനെ വിട്ട് (മിൻ ദൂനില്ലാഹി) പിശാചുക്കളെയാണ് അവർ രക്ഷാധികാരികളാക്കിവെച്ചിരിക്കുന്നത്. തങ്ങൾ സന്മാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു" (7:30).

ഇങ്ങനെ ഒരുപാട് സൂക്തങ്ങൾ! ഇവയിലൊന്നുംതന്നെ ദൈവേതരരുടെ (ദൂനില്ലാഹി) അസ്തിത്വം നിഷേധിക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. മറിച്ച്, ഇവയിലധികം ദൈവേതരമായി പലതുമുണ്ടെന്നും അവയൊന്നുംതന്നെ ആരാധനകൾ അർഹിക്കുന്നില്ലെന്നും സ്ഥാപിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ വിശുദ്ധ ഖുർആൻ 'ദൂനില്ലാഹി'യെ നിഷേധിക്കുകയാണ് ചെയ്യുന്നതെന്നു പറയുന്നത് അടിസ്ഥാനരഹിതമാണ്.

മാത്രവുമല്ല, ഖുർആൻ അല്ലാഹുവിന് പുറമെ സ്ഥാപിക്കപ്പെടുന്ന ആരാധ്യന്മാരെ മാത്രമല്ല, അല്ലാഹുവിനോട് കൂടെ സങ്കൽപിക്കപ്പെടുന്ന ആരാധ്യന്മാരെയും നിഷേധിക്കുന്നുണ്ട്. 'മഅല്ലാഹി'യെന്ന പ്രയോഗം 'അല്ലാഹുവോടുകൂടെ' എന്ന അർഥമുൾക്കൊള്ളുന്നതാണ്.

സത്തയായുള്ളത് അല്ലാഹുവിന് മാത്രമാണെങ്കിൽ, അവനോടുകൂടെ എന്ന പ്രയോഗത്തിന് പിന്നെ എന്ത് പ്രസക്തിയാണുള്ളത്? അല്ലാഹുവോടുകൂടെ എന്ന് പ്രയോഗിക്കുമ്പോൾ ‘കൂടെയുള്ളവൻ’ അല്ലാഹുവല്ലെന്നു വ്യക്തമാണ്. അപ്പോൾ അല്ലാഹുവിന്നല്ലാതെ അസ്തിത്വമില്ല എന്ന വാദപ്രകാരം ‘മഅല്ലാഹി’ എന്ന ഖുർആനിക പ്രയോഗംതന്നെ തെറ്റാണെന്ന് വരും. കാരണം, ആ പ്രയോഗം അല്ലാഹുവല്ലാത്തവരുടെ അസ്തിത്വം അംഗീകരിക്കുന്നുവെന്നതുതന്നെ. ‘മഅല്ലാഹി’ എന്നു പ്രയോഗിച്ചിരിക്കുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക.

وَلَا تَدْعُ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ ۘ لَآ إِلَـٰهَ إِلَّا هُوَ ۚ كُلُّ شَىْءٍ هَالِكٌ إِلَّا
وَجْهَهُۥ ۚ لَهُ ٱلْحُكْمُ وَإِلَيْهِ تُرْجَعُونَ

“അല്ലാഹുവോടൊപ്പം (മഅല്ലാഹി) വേറെ യാതൊരു ദൈവത്തെയും നീ വിളിച്ചുപ്രാർഥിക്കുകയും ചെയ്യരുത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻെറ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്. അവന്നുള്ളതാണ് വിധികർതൃത്വം. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും” (28:88).

وَلَا تَجْعَلُوا۟ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ ۖ إِنِّى لَكُم مِّنْهُ نَذِيرٌ مُّبِينٌ

“അല്ലാഹുവോടൊപ്പം (മഅല്ലാഹി) മറ്റൊരു ദൈവത്തെയും നിങ്ങൾ സ്ഥാപിക്കാതിരിക്കുകയും ചെയ്യുക. തീർച്ചയായും ഞാൻ നിങ്ങൾക്ക് അവൻെറ പക്കൽനിന്നുള്ള വ്യക്തമായ താക്കീതുകാരനാകുന്നു” (51:51).

وَأَنَّ ٱلْمَسَـٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا

“പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം (മഅല്ലാഹി) ആരെയും വിളിച്ചുപ്രാർഥിക്കരുത്” (72:18).

لَّا تَجْعَلْ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ فَتَقْعُدَ مَذْمُومًا مَّخْذُولًا

“അല്ലാഹുവോടൊപ്പം (മഅല്ലാഹി) മറ്റൊരു ദൈവത്തെയും നീ സ്ഥാപിക്കരുത്. എങ്കിൽ അപമാനിതനും കൈയൊഴിക്കപ്പെട്ടവനുമായി നീ ഇരിക്കേണ്ടിവരും” (17:22).



ഈ സൂക്തങ്ങളിലും അല്ലാഹുവോടൊപ്പം വിളിച്ചുപ്രാർഥിക്കപ്പെടുന്നവരുടെ അസ്തിത്വത്തെ നിഷേധിക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. അല്ലാഹുവല്ലാത്തവർക്ക് വിളിച്ചു പ്രാർഥിക്കപ്പെടാൻ അർഹതയില്ലെന്നു വ്യക്തമാക്കുകയാണ് ഇവ ചെയ്യുന്നത്.

മാത്രവുമല്ല, സൃഷ്ടികളെക്കുറിച്ച് സൂചിപ്പിക്കുന്നിടത്ത് വിശുദ്ധ ഖുർആൻ പലയിടങ്ങളിലും ‘ഗൈറുല്ലാഹി’ (അല്ലാഹുവല്ലാത്തവർ ) എന്നു പ്രയോഗിക്കുന്നതായി കാണാൻ കഴിയും. ഇതിൽനിന്ന് ദൈവേതരരുടെ അസ്തിത്വം ഖുർആൻ അംഗീകരിക്കുന്നുണ്ടെന്ന് സുത രാം വ്യക്തമാണ്. ‘ഗൈറുല്ലാഹി’ എന്ന് പ്രയോഗിക്കപ്പെട്ടിരിക്കുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ ۚ وَلَوْ كَانَ مِنْ عِندِ غَيْرِ ٱللَّهِ لَوَجَدُوا۟ فِيهِ
ٱخْتِلَـٰفًا كَثِيرًا

“അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്തവരുടെ (ഗൈറുല്ലാഹി) പക്കൽനിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു” (4:82).

حُرِّمَتْ عَلَيْكُمُ ٱلْمَيْتَةُ وَٱلدَّمُ وَلَحْمُ ٱلْخِنزِيرِ وَمَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ
وَٱلْمُنْخَنِقَةُ وَٱلْمَوْقُوذَةُ وَٱلْمُتَرَدِّيَةُ وَٱلنَّطِيحَةُ وَمَآ أَكَلَ ٱلسَّبُعُ

‘‘ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്തവരുടെ (ഗൈറുല്ലാഹി) പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണു ചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചു തിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു” (5:3).

قُلْ أَفَغَيْرَ ٱللَّهِ تَأْمُرُوٓنِّىٓ أَعْبُدُ أَيُّهَا ٱلْجَـٰهِلُونَ

“പറയുക: ഹേ വിവരം കെട്ടവരേ, അപ്പോൾ അല്ലാഹുവല്ലാത്തവരെ (ഗൈറുല്ലാഹി) ഞാൻ ആരാധിക്കണമെന്നാണോ നിങ്ങൾ എന്നോട് കൽപിക്കുന്നത്?” (39:64).

അല്ലാഹുവല്ലാത്ത യാതൊന്നിനും അസ്തിത്വമില്ലെന്ന് ഖുർആൻ വാദിക്കുന്നതായി നമുക്ക് എവിടെയും കാണാൻ കഴിയില്ല. ദൈവേത

രരുടെ അസ്തിത്വവും അല്ലാഹു അവർക്ക് നൽകിയ മഹത്വവും അംഗീകരിക്കുമ്പോൾതന്നെ അവയുടെ എല്ലാ അർഥത്തിലുമുള്ള നിലനിൽപ് അവനെ ആശ്രയിച്ചാണെന്ന വസ്തുത ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കുന്നുണ്ട്; അതോടൊപ്പംതന്നെ സകല കഴിവുകളുടെയും നാഥനായ അല്ലാഹുവല്ലാതെ മറ്റാരും ആരാധിക്കപ്പെടാൻ പാടില്ലെന്ന തത്ത്വം ഊന്നിപ്പറയുകയും ചെയ്യുന്നു. ദൈവത്തിനല്ലാതെ മറ്റൊന്നിനും അസ്തിത്വമില്ലെന്ന് വാദിക്കുന്നവർ അവസാനം ചെന്നെത്തുന്നത് എന്തിനെല്ലാം അസ്തിത്വമുണ്ടോ അതെല്ലാം ദൈവികാംശമുള്ളവയാണെന്നും അവയെ ആരാധിക്കുന്നത് യഥാർഥത്തിൽ സ്രഷ്ടാവായ തമ്പുരാനെ ആരാധിക്കുന്നതിന് തുല്യമാണെന്നുമുള്ള വാദത്തിലാണ്. ബഹുദൈവാരാധനക്ക് സൈദ്ധാന്തികമായ അടിത്തറയുണ്ടാക്കുകയാണ് പ്രപഞ്ചം മിഥ്യയാണെന്ന വാദമെന്നർഥം.

ലോകം മായയാണെന്ന ചിന്താഗതി പ്രകാരം,ബ്രഹ്മാവിന് വന്നുഭവിച്ച ദൗർഭാഗ്യമായ ഒരു സംഭവമാണ് സൃഷ്ടി. ഒരു കൈപ്പിഴ. അത് സംഭവിച്ചില്ലായിരുന്നുവെങ്കിൽ ലോകംതന്നെ ഉണ്ടാവുമായിരുന്നില്ല. ആദിമ മനുഷ്യൻെറ പാപത്താൽ സൃഷ്ടികൾ മുഴുവൻ പാപവും തിന്മയുമായിത്തീർന്നുവെന്ന പൗലോസി (റോമർ 5:12) ൻെറ വീക്ഷണത്തിലാണ് ക്രൈസ്തവസഭ സ്ഥാപിതമായിരിക്കുന്നത്. ഈ വീക്ഷണപ്രകാരം പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന പരിശ്രമങ്ങളും അദ്ധ്വാനങ്ങളുമെല്ലാം അവനെ ദൈവികമാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനാണുതകുക.

ഈ രണ്ട് ചിന്താഗതികളും ഇസ്‌ലാം അംഗീകരിക്കുന്നില്ല. പ്രപഞ്ചം ദൈവത്തിൻെറ സൃഷ്ടിയും സമ്മാനവുമാണ്. പ്രകൃതിയിൽ നടക്കുന്നത് ദൈവിക നിയമങ്ങളുടെ സാക്ഷാത്ക്കാരമാകുന്നു. സൃഷ്ടി, ദൈവത്തിന് സംഭവിച്ച അബദ്ധമോ കൈപ്പിഴയോ അല്ല; പ്രത്യുത മഹത്തായ ഉദ്ദേശങ്ങളോടും മുൻ നിശ്ചയത്തോടുംകൂടി സംഭവിച്ചതാണ് അത്. ചരൽക്കല്ലുകൾ മുതൽ മേഘപടലങ്ങൾവരെയും ഉപ ആറ്റോമിക കണങ്ങൾ മുതൽ നക്ഷത്ര ജാലങ്ങൾ വരെയും അമീബ മുതൽ നീലത്തിമിംഗലംവരെയും ചെറുതും വലുതുമായ അചേതന-സചേതന വസ്തുക്കളുടെയെല്ലാം സൃഷ്ടിപ്പിന് പിന്നിൽ വ്യക്തമായ ഓരോ ദൈവിക ഉദ്ദേശങ്ങളുണ്ട്. ഇവയൊന്നും വെറുതെ സൃഷ്ടിച്ചതല്ലെന്ന് ഖുർആൻ പഠിപ്പിക്കുന്നു.



وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ وَمَا بَيْنَهُمَا لَـٰعِبِينَ

“ആകാശത്തെയും, ഭൂമിയെയും, അവ രണ്ടിനുമിടയിലുള്ളതിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല”(21:16).

സൃഷ്ടികളിൽ, വ്യതിരിക്തവും സവിശേഷവുമായ അസ്തിത്വമുള്ള ജീവിയാണ് മനുഷ്യനെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. സചേതനവും അചേതനവുമായ മറ്റെല്ലാ വസ്തുക്കളിൽനിന്നും തികച്ചും വ്യത്യസ്തമായ വ്യക്തിത്വമാണ് അവനുള്ളത്. മനുഷ്യ സൃഷ്ടിക്കുപിന്നിൽ അതിമഹത്തായ ഒരു ലക്ഷ്യമുണ്ട്. ഭൂമിയിലെ ഖലീഫയാണ് മനുഷ്യൻ. സ്വതന്ത്രമായ കൈകാര്യ കർതൃത്വവും അധീശാധികാരങ്ങളുമുള്ള ജീവി. പ്രപഞ്ചത്തെ ഉപയോഗിക്കാനും പ്രകൃതിയെ സ്വാധീനിക്കാനും കഴിയുന്ന സൃഷ്ടി. പ്രകൃതിക്കനുസരിച്ച് മാത്രം നിലനിൽക്കാൻ കഴിയുന്ന മനുഷ്യേതര സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി, സ്വതന്ത്രമായ കൈകാര്യകർതൃത്വമെന്ന ഉത്തരവാദിത്തം (അമാനത്ത്) നൽകപ്പെട്ട ഏക സൃഷ്ടിയത്രെ മനുഷ്യൻ. ആകാശങ്ങളും ഭൂമിയും പർവതങ്ങളുമെല്ലാം തന്നെ ഏറ്റെടുക്കാൻ വിസമ്മതിച്ച മഹത്തായ വിശ്വാസദൗത്യം ഏറ്റെടുത്തവനായിട്ടാണ് മനുഷ്യനെ ഖുർആൻ പരിചയപ്പെടുത്തുന്നത്.

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ
أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَـٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا

“തീർച്ചയായും നാം ആ വിശ്വസ്ത ദൗത്യം (ഉത്തരവാദിത്തം) ആകാശങ്ങളുടെയും ഭൂമിയുടെയും പർവതങ്ങളുടെയും മുമ്പാകെ എടുത്തുകാട്ടുകയുണ്ടായി. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും, അതിനെപ്പറ്റി അവയ്ക്ക് പേടി തോന്നുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമായിരിക്കുന്നു” (33:72).

പ്രകൃതിയിലെ മറ്റെല്ലാ വസ്തുക്കളും ദൈവികമായ കൽപനകളെ സ്വാഭാവികമായി പൂർത്തീകരിക്കുമ്പോൾ, തൻെറ ഇഷ്ടത്തിനനുസരിച്ച് ദൈവിക കൽപനകൾ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ട ജീവിയാണ് മനുഷ്യൻ. ‘അമാനത്ത്’ നൽകപ്പെട്ടിരിക്കുന്ന ‘ഭൂമിയിലെ ഖലീഫ’യെന്ന് ഇസ്

ലാം അവനെ പരിചയപ്പെടുത്തുമ്പോൾ ഇതാണുദ്ദേശിക്കുന്നത്. സ്വതന്ത്രമായ കഴിവുകളിലൂടെ സ്വന്തം ഭാഗധേയം നിർണയിക്കാൻ അവസരം നൽകപ്പെട്ടിരിക്കുന്ന ജീവിയായ മനുഷ്യന്, ആ കഴിവുകളെ സൃഷ്ടിപരമായി ഉപയോഗിച്ച് ജീവിതവിജയം നേടുകയോ നാശകരമായി ഉപയോഗിച്ച് നഷ്ടപ്പെട്ടവനായി മാറുകയോ ചെയ്യാം.

ഭൂമിയെ അർഥപൂർണമാക്കുന്നത് മനുഷ്യനാണ്. സൗന്ദര്യാസ്വാദനത്തിനും സർഗാത്മക കർമങ്ങൾക്കും കഴിയുന്ന മനുഷ്യനില്ലെങ്കിൽ ഭൂമിയിലെ സംവിധാനങ്ങൾക്കൊന്നും അർഥമുണ്ടാവുകയില്ല. എന്നാൽ, മനുഷ്യൻ ഭൂമിയിലേക്ക് വരുന്നതിനുമുമ്പുതന്നെ സുന്ദരമായ ഈ ഭൂമിയും ഇതിലെ ജീവജാലങ്ങളുമെല്ലാം ഇവിടെയുണ്ടായിരുന്നു. മനുഷ്യനില്ലാതെ സഹസ്രാബ്ദങ്ങൾ ഈ ഭൂമിയിൽ കഴിഞ്ഞുപോയി. പ്രപഞ്ചത്തിൻെറ ഒരു ചെറിയ ഭാഗം മാത്രമായ ഭൂമി അനവധി പരിണാമങ്ങൾക്ക് വിധേയമായി ഇവിടെ നിലനിന്നു. ഭൂമിയുടെ ആയുസ്സുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യൻ ഇവിടെ വന്നിട്ട് വളരെ കുറച്ചു കാലമേ ആയിട്ടുള്ളൂ. മനുഷ്യനില്ലെങ്കിലും ഭൂമിക്ക് വസ്തുനിഷ്ഠമായ അസ്തിത്വമുണ്ടെന്നർഥം. മനുഷ്യരുടെ ബോധത്തിൽ തെളിയുന്ന ഒരു മിഥ്യമാത്രമാണ് പ്രപഞ്ചം നിലനിൽക്കുന്നുവെന്ന വിചാരമെന്ന അദ്വൈതത്തിൻെറ വാദം അതുകൊണ്ടുതന്നെ അടിസ്ഥാനരഹിതമാണ്. മനുഷ്യരുടെ ബോധത്തിന് പുറത്തും പ്രപഞ്ചത്തിന് അസ്തിത്വമുണ്ട്. പ്രപഞ്ചം ഒരു വസ്തുനിഷ്ഠ യാഥാർഥ്യമാണ്. ആത്മനിഷ്ഠമായ ഒരു അനുഭവമല്ല.

നമ്മുടെ നിരീക്ഷണം ഉപആറ്റോമിക കണികകളുടെ നിലനിൽപിനെ ബാധിക്കുമെന്ന ഭൗതികശാസ്ത്ര സിദ്ധാന്തത്തെ പ്രപഞ്ചം മിഥ്യയാണെന്ന സങ്കൽപത്തിന് അനുകൂലമായി വ്യാഖ്യാനിക്കാറുണ്ട്. ഈ വ്യാഖ്യാനത്തിൽ യാതൊരു കഴമ്പുമില്ല. ഉപആറ്റോമിക കണങ്ങളെക്കുറിച്ച് പൂർണമായി മനസ്സിലാക്കാൻ മനുഷ്യർക്ക് കഴിയില്ലെന്നു മാത്രമേ അനിശ്ചിതത്വസിദ്ധാന്തം അർഥമാക്കുന്നുള്ളൂ. പ്രപഞ്ചത്തെ പൂർണമായി അറിയാൻ കഴിയുമെന്ന മനുഷ്യരുടെ അഹങ്കാരത്തെ ചോദ്യം ചെയ്യുന്ന സിദ്ധാന്തമാണത്. പ്രപഞ്ചം വസ്തുനിഷ്ഠമാണെന്ന യാഥാർഥ്യത്തെ പ്രസ്തുത സിദ്ധാന്തം ചോദ്യം ചെയ്യുന്നില്ല. 'മനുഷ്യനില്ലെങ്കിൽ പ്രപഞ്ചംതന്നെയില്ല'യെന്ന മായാവാദത്തിന് ഉപോൽബലകമായ യാതൊരു തെളിവും ആ സിദ്ധാന്തം നൽകുന്നില്ല.



അല്ലാഹുവിൻെറ സൃഷ്ടികളെന്ന നിലയ്ക്ക് ആപേക്ഷികമായ അസ്തിത്വമുള്ളവയാണ് എല്ലാ പ്രാപഞ്ചിക വസ്തുക്കളുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. സൃഷ്ടിക്ക് സ്രഷ്ടാവിൽനിന്ന് ഭിന്നമായ അസ്തിത്വമുണ്ട്. എന്നാൽ, പ്രസ്തുത അസ്തിത്വം സ്രഷ്ടാവിനെ ആശ്രയിച്ചാണിരിക്കുന്നത്. ചിത്രത്തെയും ചിത്രകാരനെയുംപോലെയെന്ന് വേണമെങ്കിൽ പറയാം. ചിത്രകാരനില്ലെങ്കിൽ ചിത്രമില്ല. എന്നാൽ, ചിത്രകാരനിൽനിന്ന് ഭിന്നമായ ഉണ്മതന്നെയാണ് ചിത്രത്തിൻേറത്. ഈ പ്രപഞ്ചത്തിലെ ചെറുതും വലുതുമായ എല്ലാ പ്രതിഭാസങ്ങൾക്കും അവയുടേതായ ഉണ്മയുണ്ട്. സ്രഷ്ടാവിൽനിന്ന് തികച്ചും വ്യതിരിക്തമായ അസ്തിത്വംതന്നെയാണത്. എന്നാൽ, അവയുടെ നിലനിൽപ് കേവലമല്ല; ആപേക്ഷികമാണ്. സ്രഷ്ടാവിനെ ആശ്രയിച്ചു മാത്രം നിലനിൽക്കാൻ കഴിയുന്നവയാണവ. അല്ലാഹുവാകട്ടെ ആരുടെയും ആശ്രയമാവശ്യമില്ലാത്തവനുമാണ്.

# 7

# ദൈവികസിംഹാസനവും പാദസ്ഥാനവും

ഈ പ്രപഞ്ചത്തിലെ താളക്രമങ്ങൾക്കു പിന്നിൽ അദൃശ്യമായ എന്തോ ശക്തിവിശേഷങ്ങളുണ്ടെന്ന് സമ്മതിക്കുന്നവരിൽ ചിലർ പ്രസ്തുത ശക്തിയെ വ്യക്തിവത്കരിക്കുന്നതിനെ അംഗീകരിക്കാറില്ല. കേവലമായ ഒരു ശക്തിയോ ഉണ്മയില്ലാത്ത ഊർജരൂപമോ മാത്രമാണ് അവരുടെ സങ്കൽപത്തിലുള്ള ദൈവം; സ്വന്തമായ ഇച്ഛാശക്തിയോ കൈകാര്യകർതൃത്വമോ ഇല്ലാത്ത ഒരു കേവലശക്തി. ഈ വീക്ഷണത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. സ്വന്തമായ ഇച്ഛാശക്തിയുള്ളവനും സകലശക്തിയുടെയും ഉടമസ്ഥനുമാണ് ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു. അവന്റെ ഇച്ഛയനുസരിച്ചാണ് പ്രപഞ്ചത്തിലെ സകല കാര്യങ്ങളും സംഭവിക്കുന്നത്.

تَبَٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"ആധിപത്യം ഏതൊരുവന്റെ കൈയിലാണോ അവൻ അനുഗ്രഹ പൂർണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു" (67:1).



سَبَّحَ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ● لَهُۥ مُلْكُ
ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ●
هُوَ ٱلْأَوَّلُ وَٱلْءَاخِرُ وَٱلظَّٰهِرُ وَٱلْبَاطِنُ ۖ وَهُوَ بِكُلِّ شَىْءٍ عَلِيمٌ

"ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന് പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ. അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ കാര്യത്തിനും കഴിവുള്ളവനുമാണ്. അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്. അവൻ സർവകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനുമാണ്" (57:1-3).

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ

"താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു" (36:82).

إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ

"തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് തികച്ചും നടപ്പിലാക്കുന്നവനാകുന്നു" (11:107).

പ്രപഞ്ചത്തെ സൃഷ്ടിക്കുക മാത്രമാണ് ദൈവം ചെയ്തതെന്നും പിന്നീട് അതിനെ സ്വന്തമായി ചലിക്കുവാൻ വിടുകയാണ് ചെയ്തിട്ടുള്ളതെന്നും ചിലർ വാദിക്കാറുണ്ട്. ഇതും ഇസ്‌ലാം അംഗീകരിക്കുന്നില്ല. പ്രപഞ്ച സൃഷ്ടി കഴിഞ്ഞ ഏഴാം ദിവസത്തെ സുഖസമ്പൂർണമായ വിശ്രമത്തിനുശേഷം ദൈവം തുടർച്ചയായി വിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന വിശ്വാസവും ഖുർആൻ പഠിപ്പിക്കുന്നില്ല. പ്രപഞ്ചത്തിലെ ഓരോ ചലനത്തിനു പിന്നിലും അല്ലാഹുവിന്റെ അപാരമായ ശക്തിവിശേഷമുണ്ടെന്നാണ് ഖുർആനും നബിവചനങ്ങളും വ്യക്തമാക്കുന്നത്.

وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ
ٱلْعَظِيمُ

"അവൻെറ പാദസ്ഥാനം ആകാശഭൂമികളെ ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന് ഭാരമാവില്ല. അവൻ അത്യുന്നതനും മഹത്വമേറിയവനുമാകുന്നു" (2:255).

പൂർണമായ അർഥത്തിൽ ഇച്ഛാശക്തിയും പ്രവർത്തന സ്വാതന്ത്ര്യവുമുള്ള അല്ലാഹു രാജാധിരാജനാണെന്നാണ് ഖുർആൻ പറയുന്നത്.

وَقَالَتِ ٱلْيَهُودُ وَٱلنَّصَـٰرَىٰ نَحْنُ أَبْنَـٰٓؤُا۟ ٱللَّهِ وَأَحِبَّـٰٓؤُهُۥ ۚ قُلْ فَلِمَ يُعَذِّبُكُم بِذُنُوبِكُم ۖ بَلْ أَنتُم بَشَرٌ مِّمَّنْ خَلَقَ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۖ وَإِلَيْهِ ٱلْمَصِيرُ

"യഹൂദരും ക്രിസ്ത്യാനികളും പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്ന് പ്രിയപ്പെട്ടവരുമാകുന്നു എന്ന്. (നബിയേ) പറയുക: പിന്നെ എന്തിനാണ് നിങ്ങളുടെ കുറ്റങ്ങൾക്ക് അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നത്? അങ്ങനെയല്ല, അവൻെറ സൃഷ്ടികളിൽപെട്ട മനുഷ്യർ മാത്രമാകുന്നു നിങ്ങൾ. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിൻെറയും എല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവങ്കലേക്കുതന്നെയാണ് മടക്കം" (5:18).

فَتَعَـٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۗ وَلَا تَعْجَلْ بِٱلْقُرْءَانِ مِن قَبْلِ أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ ۖ وَقُل رَّبِّ زِدْنِى عِلْمًا

"സാക്ഷാൽ രാജാവായ അല്ലാഹു അത്യുന്നതനായിരിക്കുന്നു. ഖുർആൻ- അത് നിനക്ക് ബോധനം നൽകപ്പെട്ടുകഴിയുന്നതിനു മുമ്പായി-പാരായണം ചെയ്യുന്നതിന് നീ ധൃതികാണിക്കരുത്. 'എൻെറ രക്ഷിതാവേ എനിക്ക് നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ' എന്ന് നീ പറയുകയും ചെയ്യുക" (20:114).



فَتَعَـٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۖ لَآ إِلَـٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْكَرِيمِ

"എന്നാൽ യഥാർഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു അവനല്ലാതെ യാതൊരു ദൈവവുമില്ല. മഹത്തായ സിംഹാസനത്തിൻെറ നാഥനത്രെ അവൻ" (23:116).

ആകാശഭൂമികളുടെ ആധിപത്യത്തിൻെറ ഉടമസ്ഥനായ സാക്ഷാൽ രാജാവാണ് അല്ലാഹു. അവനാണ് ഭൂമിയിൽ ചിലർക്ക് ആധിപത്യം നൽകുന്നത്; മറ്റു ചിലരിൽനിന്ന് ആധിപത്യം എടുത്തുമാറ്റുന്നതും അവൻതന്നെ.

قُلِ ٱللَّهُمَّ مَـٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"പറയുക: ആധിപത്യത്തിൻെറ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിൻെറ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിന്നും കഴിവുള്ളവനാകുന്നു" (3:26).

രാജാക്കന്മാരുടെ ആധിപത്യത്തെയും മഹത്വത്തെയും കുറിക്കുന്നവയാണ് അവരുടെ സിംഹാസനങ്ങൾ. രാജാധിരാജനായ അല്ലാഹുവിൻെറ സിംഹാസനത്തെക്കുറിച്ച് ഖുർആൻ പറയുന്നുണ്ട്. സർവോന്നതനായ തമ്പുരാൻെറ മഹത്വത്തിനും പ്രതാപത്തിനും അനുയോജ്യമായ രീതിയിലുള്ള സിംഹാസനമായിരിക്കും അവൻേറത്. അല്ലാഹുവിൻെറ മഹത്വത്തെയോ പ്രതാപത്തെയോ അളക്കാനുള്ള അളവുകോലുകൾ നമ്മുടെയൊന്നും കൈവശമില്ല. അതുകൊണ്ടുതന്നെ അവൻെറ സിംഹാസനം ഏതു രൂപത്തിലുള്ളതാണെന്ന് മനസ്സിലാക്കാനോ അതിനെക്കുറിച്ച് സാങ്കൽപിക ചിത്രമുണ്ടാക്കുവാനോ നമുക്ക് കഴിയില്ല. അനന്തമായ ആധിപത്യത്തിൻെറ ഉടയവനായ

അല്ലാഹുവിൻെറ സിംഹാസനത്തെക്കുറിച്ച് നിരവധി ഖുർആൻ സൂക്തങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

'അർശ്' എന്ന അറബി പദത്തെയാണ് ദൈവികസിംഹാസനമെന്ന് പരിഭാഷപ്പെടുത്തുന്നത്. അല്ലാഹുവുമായി ബന്ധപ്പെട്ട് 'കുർസിയ്യ്' എന്നാണ് ആയതുൽ കുർസിയ്യിൽ പറഞ്ഞിരിക്കുന്നത്. 'പാദസ്ഥാനം' എന്നാണ് ഈ പദത്തെ മലയാളത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നത്. അല്ലാഹുവിൻെറ പാദസ്ഥാനത്തെയും സിംഹാസനത്തെയും കുറിച്ച് പരാമർശിക്കുന്ന ഏതാനും സൂക്തങ്ങൾ കാണുക:

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ

"അല്ലാഹു- അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവൻേറതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ നടത്താൻ ആരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവനറിയുന്നു. അവൻെറ അറിവിൽനിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ പാദസ്ഥാനം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രേ"(2:255).

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ



"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു" (7:54).

فَإِن تَوَلَّوْا۟ فَقُلْ حَسْبِىَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۖ عَلَيْهِ تَوَكَّلْتُ ۖ وَهُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ

"എന്നാൽ അവർ തിരിഞ്ഞുകളയുന്ന പക്ഷം (നബിയേ) നീ പറയുക: എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻെറ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിൻെറ നാഥൻ"(9:129).

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ

"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിക്കുകയും പിന്നീട് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനസ്ഥനാവുകയും ചെയ്ത അല്ലാഹുവാകുന്നു" (10:3).

ٱلرَّحْمَٰنُ عَلَى ٱلْعَرْشِ ٱسْتَوَىٰ ● لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَمَا بَيْنَهُمَا وَمَا تَحْتَ ٱلثَّرَىٰ

"പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു. അവന്നുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവക്കിടയിലുള്ളതും മണ്ണിനടിയിലുള്ളതുമെല്ലാം" (20:5,6).

قُلْ مَن رَّبُّ ٱلسَّمَٰوَٰتِ ٱلسَّبْعِ وَرَبُّ ٱلْعَرْشِ ٱلْعَظِيمِ ● سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَتَّقُونَ

"നീ ചോദിക്കുക: ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിൻെറ നാഥനും ആരാകുന്നു? അവർ പറയും: അല്ലാഹുവിന്നാകുന്നു (രക്ഷാകർതൃത്വം). നീ പറയുക: എന്നാൽ നിങ്ങൾ

സൂക്ഷ്മത പാലിക്കുന്നില്ലേ?” (23:86-87).

فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۖ لَآ إِلَٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْكَرِيمِ

“എന്നാൽ, യഥാർഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനത്രേ അവൻ” (23: 116).

ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ مَا لَكُم مِّن دُونِهِۦ مِن وَلِىٍّ وَلَا شَفِيعٍ ۚ أَفَلَا تَتَذَكَّرُونَ

“ആകാശങ്ങളും ഭൂമിയും അവക്കിടയിലുള്ളതും ആറു ദിവസങ്ങളിൽ സൃഷ്ടിച്ചവനാകുന്നു അല്ലാഹു. പിന്നീട് അവൻ സിംഹാസനസ്ഥനായി. അവന്നു പുറമെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയും ശുപാർശകനുമില്ല. എന്നിരിക്കെ നിങ്ങൾ ആലോചിച്ച് ഗ്രഹിക്കുന്നില്ലേ?” (32:4).

رَفِيعُ ٱلدَّرَجَٰتِ ذُو ٱلْعَرْشِ يُلْقِى ٱلرُّوحَ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ لِيُنذِرَ يَوْمَ ٱلتَّلَاقِ

“അവൻ പദവികളുയർന്നവനും സിംഹാസനത്തിന്റെ അധിപനുമാകുന്നു. തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ സന്ദേശമാകുന്ന ചൈതന്യം അവൻ നൽകുന്നു. (മനുഷ്യർ) പരസ്പരം കണ്ടുമുട്ടുന്ന ദിവസത്തെപ്പറ്റി താക്കീതു നൽകുന്നതിനു വേണ്ടിയത്രേ അത്” (40:15).

وَهُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ وَكَانَ عَرْشُهُۥ عَلَى ٱلْمَآءِ

“ ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് അവനത്രേ. അവന്റെ സിംഹാസനം വെള്ളത്തിന്മേലായിരുന്നു” (11:7).



ٱلَّذِينَ يَحْمِلُونَ ٱلْعَرْشَ وَمَنْ حَوْلَهُۥ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيُؤْمِنُونَ بِهِۦ وَيَسْتَغْفِرُونَ لِلَّذِينَ ءَامَنُوا۟

“സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും (മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും അവനിൽ വിശ്വസിക്കുകയും വിശ്വസിച്ചവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു”(40:7).

وَٱلْمَلَكُ عَلَىٰٓ أَرْجَآئِهَا ۚ وَيَحْمِلُ عَرْشَ رَبِّكَ فَوْقَهُمْ يَوْمَئِذٍ ثَمَٰنِيَةٌ

“മലക്കുകൾ അതിന്റെ നാനാഭാഗങ്ങളിലുമുണ്ടായിരിക്കും. നിന്റെ രക്ഷിതാവിന്റെ സിംഹാസനത്തെ അവരുടെ മീതെ അന്ന് എട്ട് കൂട്ടർ വഹിക്കുന്നതാണ്” (69:17).

ദൈവിക സിംഹാസനത്തെയും പാദസ്ഥാനത്തെയുംകുറിച്ച് വിശദീകരിക്കുന്ന ഏതാനും ഹദീഥുകൾ കാണുക:

عَنْ عِمْرَانَ بْنِ حُصَيْنٍ قَالَ إِنِّي عِنْدَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذْ جَاءَهُ قَوْمٌ مِنْ بَنِي تَمِيمٍ فَقَالَ اقْبَلُوا الْبُشْرَى يَا بَنِي تَمِيمٍ قَالُوا بَشَّرْتَنَا فَأَعْطِنَا فَدَخَلَ نَاسٌ مِنْ أَهْلِ الْيَمَنِ فَقَالَ اقْبَلُوا الْبُشْرَى يَا أَهْلَ الْيَمَنِ إِذْ لَمْ يَقْبَلْهَا بَنُو تَمِيمٍ قَالُوا قَبِلْنَا جِئْنَاكَ لِنَتَفَقَّهَ فِي الدِّينِ وَلِنَسْأَلَكَ عَنْ أَوَّلِ هَذَا الْأَمْرِ مَا كَانَ قَالَ كَانَ اللَّهُ وَلَمْ يَكُنْ شَيْءٌ قَبْلَهُ وَكَانَ عَرْشُهُ عَلَى الْمَاءِ ثُمَّ خَلَقَ السَّمَوَاتِ وَالْأَرْضَ وَكَتَبَ فِي الذِّكْرِ كُلَّ شَيْءٍ ثُمَّ أَتَانِي رَجُلٌ فَقَالَ يَاعِمْرَانُ أَدْرِكْ نَاقَتَكَ فَقَدْ ذَهَبَتْ فَانْطَلَقْتُ أَطْلُبُهَا فَإِذَا السَّرَابُ يَنْقَطِعُ دُونَهَا وَايْمُ اللَّهِ لَوَدِدْتُ أَنَّهَا قَدْ ذَهَبَتْ وَلَمْ أَقُمْ

“ഇമ്രാനുബ്നു ഹുസൈൻ (ﷺ) നിവേദനം: ഞാൻ ഒരിക്കൽ നബി (ﷺ)യുടെ അടുത്തായിരിക്കേ ബനൂതമീമിൽപെട്ട ഒരു വിഭാഗം അവി

ടെ കയറിവന്നു, അപ്പോൾ നബി (ﷺ) അരുളി: ബനൂതമീംകാരേ, നിങ്ങൾ സന്തോഷി ച്ചുകൊള്ളുവിൻ. ഉടനെ അവർ പറഞ്ഞു: അവിടുന്ന് ഞങ്ങൾക്ക് ശുഭാശംസകൾ നേർന്നു. ഞങ്ങൾക്ക് കുറച്ച് പണം തരികകൂടി ചെയ്താലും. ശേഷം യെമനിൽ നിന്നുള്ള ചിലർ തിരുസന്നിധിയിൽ കയറിവന്നു. നബി (ﷺ) പറഞ്ഞു: യമൻകാരേ, നിങ്ങൾ സന്തോഷിച്ചുകൊള്ളുവിൻ. അവർ പറഞ്ഞു: ഞങ്ങൾ മതത്തിൽ അവഗാഹം നേടുവാനും പ്രപഞ്ചത്തിൻെറ പ്രാരംഭത്തെക്കുറിച്ച് ചോദിക്കുവാനും വന്നവരാണ്. നബി (ﷺ) അരുളി: ആദിയിൽ അല്ലാഹു മാത്രമാണ് ഉണ്ടായിരുന്നത്. മറ്റൊരു വസ്തുവും ഉണ്ടായിരുന്നില്ല. അവൻെറ സിംഹാസനം അന്ന് വെള്ളത്തിന് മീതെയാണ്. അവൻ ആകാശഭൂമികളെ സൃഷ്ടിച്ചു. അങ്ങനെ അവൻ ഏട്ടിൽ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തി. (നിവേദകൻ പറയുന്നു)ഈ അവസരത്തിൽ ഒരാൾ വിളിച്ചുപറഞ്ഞു: ഇമ്രാനേ, നിൻെറ ഒട്ടകം ഓടിപ്പോയിരിക്കുന്നു. ഉടനെ ഞാൻ എഴുന്നേറ്റ് പോയി. ആ ഒട്ടകം മരീചിക മുറിച്ചുകൊണ്ട് അതാ പോകുന്നു. അല്ലാഹു സത്യം. ആ ഒട്ടകത്തെ ഉപേക്ഷിച്ച് നബി (ﷺ)യുടെ മുന്നിലിരുന്ന് അവിടുത്തെ ഉപദേശം കേട്ടിരുന്നുവെങ്കിൽ നന്നായിരുന്നേനെ എന്ന് എനിക്ക് ഖേദം തോന്നി" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 6868).

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ اسْتَبَّ رَجُلَانِ رَجُلٌ مِنَ
الْمُسْلِمِيــــــنَ وَرَجُلٌ مِنَ الْيَهُودِ قَالَ الْمُسْلِمُ وَالَّذِي اصْطَفَى
مُحَمَّدًا عَلَى الْعَالَمِينَ فَقَالَ الْيَهُودِيُّ وَالَّذِي اصْطَفَى مُوسَى
عَلَى الْعَالَمِينَ فَرَفَعَ الْمُسْلِمُ يَدَهُ عِنْدَ ذَلِكَ فَلَطَمَ وَجْهَ الْيَهُودِيِّ
فَذَهَبَ الْيَهُودِيُّ إِلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَأَخْبَرَهُ بِمَا
كَانَ مِنْ أَمْرِهِ وَأَمْرِ الْمُسْلِمِ فَدَعَا النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ
الْمُسْلِمَ فَسَأَلَهُ عَنْ ذَلِكَ فَأَخْبَرَهُ فَقَالَ النَّبِيُّ صَلَّى الــلَّه عَلَيْهِ
وَسَلَّمَ لَا تُخَيِّرُونِي عَلَى مُوسَى فَإِنَّ الــــــنَّاسَ يَصْعَقُونَ يَوْمَ
الْقِيَامَةِ فَأَصْعَقُ مَعَهُمْ فَأَكُونُ أَوَّلَ مَنْ يُفِيــــقُ فَإِذَا مُوسَى
بَاطِشٌ جَانِبَ الْعَرْشِ فَلَا أَدْرِي أَكَانَ فِيمَنْ صَعِقَ فَأَفَاقَ قَبْلِي



أَوْ كَانَ مِمَّنِ اسْتَثْنَى اللَّهُ

"അബൂഹുറയ്റ (ؓ)നിവേദനം: ഒരിക്കൽ ഒരു മുസ്‌ലിമും ഒരു ജൂതനും തമ്മിൽ ശകാരിച്ചു. മുസ്‌ലിം പറഞ്ഞു: മനുഷ്യരാശിയിൽ വെച്ച് മുഹമ്മദി (ﷺ)നെ ഉത്കൃഷ്ടനായി തെരഞ്ഞെടുത്ത അല്ലാഹു സത്യം. അപ്പോൾ ജൂതൻ പറഞ്ഞു: മനുഷ്യരാശിയിൽവെച്ച് മൂസയെ ഉത്കൃഷ്ടനായി തെരഞ്ഞെടുത്ത അല്ലാഹു സത്യം. ഉടനെ മുസ്‌ലിം കൈപൊക്കി ജൂതൻെറ മുഖത്തടിച്ചു. ജൂതൻ നബി (ﷺ)യുടെ അടുത്ത് ചെന്ന് ആവലാതി ബോധിപ്പിക്കുകയും സംഭവം വിവരിക്കുകയും ചെയ്തു. മുസ്‌ലിമിനെ വിളിച്ചുവരുത്തി സംഭവം അന്വേഷിച്ചപ്പോൾ നടന്നതെല്ലാം അദ്ദേഹം നബി (ﷺ)യോട് പറഞ്ഞു. നബി (ﷺ) അരുളി: നിങ്ങൾ എന്നെ മൂസയേക്കാൾ ഉത്കൃഷ്ടനാക്കരുത്. നിശ്ചയം മനുഷ്യരെല്ലാം പരലോകത്ത് ബോധരഹിതരായി വീഴുമ്പോൾ അക്കൂട്ടത്തിൽ ഞാനും വീഴും. ഏറ്റവും ആദ്യം ബോധം തിരിച്ചുകിട്ടുന്നത് എനിക്കായിരിക്കും. ഞാൻ കണ്ണ് തുറന്ന് നോക്കുമ്പോൾ മൂസാ (ؑ) ദൈവിക സിംഹാസനത്തിൻെറ ഒരുഭാഗം പിടിച്ചുകൊണ്ടതാ നിൽക്കുന്നു! ബോധം അദ്ദേഹത്തിന് എനിക്ക് മുമ്പ് തിരിച്ചുകിട്ടിയതോ അതല്ല, അദ്ദേഹം തീരെ ബോധംകെട്ട് വീഴാതെ അല്ലാഹു ഒഴിച്ചുനിർത്തിയതോ എന്താണെന്ന് എനിക്ക് അറിയുകയില്ല" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 2234).

عَنْ جَابِرٍ رَضِي اللَّه عَنْه سَمِعْتُ النَّبِيَّ صَلَّى الــلَّه عَلَيْهِ
وَسَلَّمَ يَقُولُ اهْتَزَّ الْعَرْشُ لِمَوْتِ سَعْدِ بْنِ مُعَاذٍ

"ജാബിർ (ؓ) നിവേദനം: നബി (ﷺ) അരുളി: സഅദുബ്നു മുആദിൻെറ മരണംമൂലം അല്ലാഹുവിൻെറ സിംഹാസനം കുലുങ്ങിപ്പോയി" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 3803).

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ
لَمَّا قَضَى الْخَلْقَ كَتَبَ عِنْدَهُ فَوْقَ عَرْشِهِ إِنَّ رَحْمَتِي سَبَقَتْ
غَضَبِي

"അബൂഹുറയ്റ (ؓ) നിവേദനം: നബി (ﷺ) അരുളി: അല്ലാഹു

സൃഷ്ടിപ്പ് നിർവഹിച്ചുകഴിഞ്ഞപ്പോൾ എന്റെ കാരുണ്യം എന്റെ കോപത്തെ കവച്ചുവെക്കുമെന്ന് തന്റെ ഏടിൽ എഴുതിവെച്ചു. ആ ഏട് സിംഹാസനത്തിന്റെ മുകളിൽ അവൻ സൂക്ഷിച്ചുവെച്ചിരിക്കുന്നു" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 3194).

ദൈവിക സിംഹാസനത്തെയും പാദസ്ഥാനത്തെയും കുറിച്ച് ദൈവികവചനങ്ങളും പ്രവാചക പ്രബോധനങ്ങളും പറഞ്ഞുതരുന്നതെന്തോ അത് അപ്പടി മനസ്സിലാക്കുകയല്ലാതെ മറ്റൊരു മാർഗവുമില്ല. സർവശക്തന്റെ അസ്തിത്വം നമ്മുടെ വിശദീകരണത്തിന് അതീതമായതുപോലെ അവന്റെ സിംഹാസനവും നമ്മുടെ വിശദീകരണത്തിനതീതമാണ്. 'അവൻ സിംഹാസനസ്ഥനായിരിക്കുന്നു'വെന്ന് ദൈവവചനം പറയുമ്പോൾ സർവലോകരക്ഷിതാവ് അവന്റെ മഹത്ത്വത്തിനും പ്രതാപത്തിനും നിരക്കുന്ന രീതിയിൽ സിംഹാസനസ്ഥനായിരിക്കുന്നുവെന്ന് മനസ്സിലാക്കുക.

وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ

"അവനു തുല്യരായി ആരുംതന്നെയില്ല" (112:4).

لَيۡسَ كَمِثۡلِهِۦ شَيۡءٞۖ

"അവന്ന് സദൃശ്യമായി യാതൊന്നുമില്ല" (42:11). എന്നുമുള്ള ഖുർആൻ സൂക്തങ്ങൾ ഓർമിക്കുക. അഖില ചരാചരങ്ങളുടെയും പരിപാലകനായ തമ്പുരാൻ എങ്ങനെയാണ് സിംഹാസനത്തിൽ ഉപവിഷ്ടനായതെന്ന് പറയാൻ നമുക്ക് കഴിയില്ല. എന്നാൽ, അവന്റെ സത്തയോ ഗുണങ്ങളോ പ്രവർത്തനങ്ങളോ ഒന്നുംതന്നെ സൃഷ്ടികളുടെയൊന്നിനെയുമായി സാദൃശ്യപ്പെടുത്തി മനസ്സിലാക്കുവാനും പാടില്ല; കാരണം അത് സ്രഷ്ടാവിനെ സൃഷ്ടികളോട് തുലനം ചെയ്യലാണ്. അല്ലാഹു അവന്റെ മഹത്വത്തിന് നിരക്കുന്ന രൂപത്തിൽ സിംഹാസനസ്ഥനായിരിക്കുന്നുവെന്ന് മനസ്സിലാക്കുകയേ നിർവാഹമുള്ളൂ.

وَسِعَ كُرۡسِيُّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَۖ

"അവന്റെ പാദസ്ഥാനം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു" (2:255) വെന്ന് ഖുർആൻ പറഞ്ഞതും ഇതേപോലെതന്നെ. അല്ലാഹുവിന്റെ പാദസ്ഥാനവും സിംഹാസനവുമെല്ലാം



ദിവ്യരഹസ്യങ്ങളിൽപെട്ടവയാണ്. അവയെക്കുറിച്ച് ദൈവികബോധനം വഴി നമുക്ക് ലഭിച്ച അറിവ് എന്താണോ അത് അപ്പടി മനസ്സിലാക്കുകയാണ് വേണ്ടത്. അവയെ നമ്മുടെ വ്യാഖ്യാനങ്ങൾക്കു വിധേയമാക്കി വികലമാക്കുന്നത് മാർഗഭ്രംശത്തിനേ നിമിത്തമാകൂ.

8

# ഏകനും അദ്വിതീയനും

പ്രാപഞ്ചിക പ്രതിഭാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സർവശക്തനായ സ്രഷ്ടാവിൻെറ അസ്തിത്വം സ്ഥാപിക്കുന്ന വിശുദ്ധ ഖുർആൻ ബഹുദൈവസങ്കൽപത്തിൻെറ നിരർഥകതയിലേക്കു വിരൽ ചൂണ്ടുന്നതും പ്രകൃതിയിലെ താളക്രമങ്ങളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ്.

മനുഷ്യശരീരത്തിലെ ഓരോ വ്യവസ്ഥയും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. വ്യത്യസ്ത ജന്തുജാലങ്ങൾ തമ്മിലുള്ള ബന്ധം സുവിദിതമാണല്ലോ. ചെറുതും വലുതുമായ ജന്തുക്കൾ പരസ്പരം ആശ്രയിച്ചാണ് ജീവിക്കുന്നത്. ജന്തുക്കളും സസ്യങ്ങളും സ്വന്തം നിലനിൽപിനുവേണ്ടി പരസ്പരം ആശ്രയിക്കുന്നു. ജന്തുക്കളില്ലെങ്കിൽ സസ്യങ്ങൾക്കോ സസ്യങ്ങളില്ലെങ്കിൽ ജന്തുക്കൾക്കോ നിലനിൽക്കാൻ സാധിക്കാത്ത രീതിയിലാണ് ഭൂമി സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ഓരോ ജീവികൾക്കും വ്യത്യസ്ത സ്രഷ്ടാക്കളായിരുന്നുവെങ്കിൽ അവ തമ്മിലുള്ള പാരസ്പര്യം നിലനിൽക്കുമായിരുന്നില്ല. സസ്യങ്ങളുടെ സ്രഷ്ടാവും ജന്തുക്കളുടെ സ്രഷ്ടാവും തങ്ങളിച്ഛിക്കുന്ന രീതിയിൽ അവയെ നിയന്ത്രിച്ചിരുന്നുവെങ്കിൽ ആ രണ്ടു വിഭാഗവും നിലനിൽക്കുമായിരുന്നില്ല. ഈ വസ്തുതയിലേക്ക് ഖുർആൻ വെളിച്ചം വീശുന്നത് നോക്കുക



مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ مَعَهُۥ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ ۚ سُبْحَٰنَ ٱللَّهِ عَمَّا يَصِفُونَ

“അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ദൈവവുമുണ്ടായിട്ടുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പൊയ്ക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ!” (23:91).

പ്രാപഞ്ചിക വ്യവസ്ഥയിലുടനീളം ഒരു തരം താളക്രമം കാണപ്പെടുന്നുവെന്ന വസ്തുത നിഷേധിക്കാനാവില്ല. പദാർഥത്തിൻെറ ഏറ്റവും ചെറിയ കണമായ ആറ്റത്തിനകത്തെ ഇലക്ട്രോണുകളും പ്രോട്ടോണുകളും ന്യൂട്രോണുകളും മീസോണുകളും പോസിട്രോണുകളുമെല്ലാം തമ്മിലുള്ള പാരസ്പര്യം വിസ്മയാവഹമാണ്. സ്ഥൂല പ്രപഞ്ചത്തിൻെറ കാര്യത്തിലും സ്ഥിതി ഇതുതന്നെ. പ്രാപഞ്ചിക നിയമങ്ങളുടെ ഐകരൂപ്യം അവയെല്ലാം സൃഷ്ടിച്ചത് ഒരേ സ്രഷ്ടാവുതന്നെയാണെന്ന വസ്തുത വ്യക്തമാക്കുന്നു. വ്യത്യസ്ത ദൈവങ്ങളായിരുന്നു പ്രപഞ്ചത്തിലെ വ്യത്യസ്ത പ്രതിഭാസങ്ങൾക്കു പിന്നിലെങ്കിൽ അവ തമ്മിൽ താളപ്പൊരുത്തം ഉണ്ടാവുന്നതെങ്ങനെയാണ്? സ്ഥലകാലനൈരന്തര്യത്തിൽ ദ്രവ്യമുണ്ടാക്കുന്ന വളവുകളാണ് പ്രപഞ്ചത്തിൽ ഇന്നു കാണപ്പെടുന്ന പ്രതിഭാസങ്ങളുടെയെല്ലാം അടിസ്ഥാനകാരണമെന്ന ഐൻസ്റ്റയിൻെറ ആപേക്ഷികതാസിദ്ധാന്തം അംഗീകരിച്ചാൽ വ്യത്യസ്ത പ്രാപഞ്ചികവസ്തുക്കളെയെല്ലാം പ്രസ്തുത നിയമത്തിന് വിധേയനാക്കിയ ഏകനായ സ്രഷ്ടാവിൻെറ അസ്തിത്വം അംഗീകരിക്കേണ്ടിവരും. ഒരൊറ്റ പ്രാപഞ്ചിക വസ്തുപോലും പ്രസ്തുത നിയമത്തിനതീതമല്ലെന്നാണല്ലോ ഐൻസ്റ്റയിൻ സിദ്ധാന്തിച്ചത്. വ്യത്യസ്ത ആകാശഗോളങ്ങൾക്ക് വ്യത്യസ്ത സ്രഷ്ടാക്കളായിരുന്നു ഉണ്ടായിരുന്നതെങ്കിൽ അവ തമ്മിൽ കൂട്ടിയിടിച്ച് എന്നോ നശിച്ചുപോകുമായിരുന്നു. പ്രപഞ്ചത്തിൻെറ ആധിപത്യത്തിൽ ഒന്നിലേറെ ശക്തികൾക്ക് പങ്കുണ്ടായിരുന്നുവെ

ങ്കിൽ അവരുടെ താൽപര്യങ്ങൾ തമ്മിലുള്ള സംഘട്ടനം പ്രപഞ്ചത്തിന്റെയാകെ നാശത്തിന് കാരണമാകുമായിരുന്നുവെന്ന വസ്തുതയിലേക്ക് വിശുദ്ധ ഖുർആൻ സൂചന നൽകുന്നത് ശ്രദ്ധിക്കുക:

لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا ۚ فَسُبْحَـٰنَ ٱللَّهِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ

“ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടുംതകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു!” (21:22).

അല്ലാഹുവിനെക്കുറിച്ച് ഖുർആൻ പറഞ്ഞ കാര്യങ്ങളിലൂടെ കടന്നുപോകുമ്പോൾ അവന്റെ പ്രത്യേകതയായി സൂചിപ്പിച്ചിരിക്കുന്ന ഒരു കാര്യം നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. അവൻ ‘അഹദ്’ ആണ് എന്നതത്രെ അത്. അഹദ് എന്നാൽ ഏകൻ എന്നർഥം. ദൈവിക സത്തയുടെ ഏകത്വവും അദ്വിതീയതയും ഈ പദം ഉൾക്കൊള്ളുന്നു. സൃഷ്ടികളിൽനിന്ന് സ്രഷ്ടാവിനെ വേർതിരിച്ച് നിർത്തുന്നത് അവന്റെ അഹദിയ്യത്ത് ആണെന്ന് പറയുന്നതിൽ തെറ്റില്ല. എല്ലാ അർഥത്തിലും ‘അഹദ്’ ആണ് എന്നു പറയാൻ പറ്റുന്ന ഒരു അസ്തിത്വവും സൃഷ്ടിപ്രപഞ്ചത്തിലില്ല. പദാർഥലോകത്തിലെ ഓരോ വസ്തുവിന്റെയും നിലനിൽപ് മറ്റു പല വസ്തുക്കളുടെയും നിലനിൽപുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഒന്നും ഒരർഥത്തിലും സ്വതന്ത്രമല്ല. ഒന്നിനോടൊന്ന് ബന്ധപ്പെട്ടുകിടക്കുന്ന കുറേ അസ്തിത്വങ്ങളുടെ സാകല്യമാണ് പദാർഥലോകം. ഇവിടെ ഒരു വസ്തുവിനെയും മറ്റു സകല വസ്തുക്കളിൽനിന്നും വേർപെടുത്തി മനസ്സിലാക്കാൻ കഴിയില്ല. എല്ലാം പരസ്പരം ബന്ധപ്പെട്ടും ആശ്രയിച്ചുമാണിരിക്കുന്നത്. ഒന്നിനും പരമമായ ഏകത്വമവകാശപ്പെടാൻ കഴിയില്ലെന്നു സാരം.

പദാർഥത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നാണ് അതിന്റെ ബഹുത്വം (multiplicity). ഏകമെന്ന് എല്ലാ അർഥത്തിലും വിശേഷിപ്പിക്കുവാൻ പറ്റിയ യാതൊന്നുംതന്നെ പദാർഥലോകത്തില്ല. പദാർഥം പടക്കപ്പെട്ട മൗലികകണത്തെ അന്വേഷിച്ചുചെന്ന അണുഭൗതികം ഇന്നെത്തിച്ചേർന്നിരിക്കുന്നത് മൗലികകണമെന്ന്



വിശേഷിപ്പിക്കാൻ പറ്റുന്ന യാതൊന്നുംതന്നെയില്ലെന്ന വസ്തുതയിലാണ്. മൂലകങ്ങൾ വ്യത്യസ്ത അനുപാതങ്ങളിൽ കൂടിച്ചേർന്നാണ് വ്യത്യസ്ത വസ്തുക്കളുണ്ടാവുന്നത്. ആറ്റങ്ങൾ കൂടിച്ചേർന്നാണ് മൂലകങ്ങളുടെയും സംയുക്തങ്ങളുടെയും തന്മാത്രകളുണ്ടാവുന്നത്. ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, മീസോൺ, പോസിട്രോൺ തുടങ്ങിയ കണങ്ങളാണ് ആറ്റത്തിലുള്ളത്. ഇവ മൗലികകണങ്ങളാണെന്നായിരുന്നു വിശ്വസിക്കപ്പെട്ടിരുന്നത്. എന്നാൽ, ഇവയും ക്വാർക്കുകൾ കൊണ്ട് നിർമിക്കപ്പെട്ടതാണെന്നും ക്വാർക്കുകൾക്ക് സ്വതന്ത്രമായി നിലനിൽക്കാനാവില്ലെന്നുമാണ് പുതിയ ചില ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. മൗലികകണമെന്ന് വിളിക്കാവുന്ന യാതൊന്നും പദാർഥ ലോകത്തില്ലെന്നാണല്ലോ ഇതിൽനിന്ന് മനസ്സിലാകുന്നത്. അതുകൊണ്ടാണ് ആധുനിക അഭൗതികജ്ഞരിൽ ചിലർ ബഹുത്വം പദാർഥത്തിന്റെ മൗലികസ്വഭാവമാണെന്ന നിഗമനത്തിലെത്തിച്ചേർന്നിരിക്കുന്നത്.

പദാർഥത്തെയും പ്രപഞ്ചത്തെയും പടച്ച അല്ലാഹു മാത്രമാണ് എല്ലാ അർഥത്തിലും ഏകനായിട്ടുള്ളവൻ. അവൻ പദാർഥാതീതനായതിനാൽതന്നെ പദാർഥത്തിന്റെ മൗലികസ്വഭാവമായ ‘ബഹുത്വം’ അവന്റെ സത്തയിൽ ഇല്ലതന്നെ. അവൻ ഏകനാണ്. അതുകൊണ്ടുതന്നെ ആരുടെയും ആശ്രയമില്ലാതെ നിലനിൽക്കുന്നവനുമാണ്. ഭൗതിക വസ്തുക്കൾക്കൊന്നുംതന്നെ പരാശ്രയമില്ലാതെ നിലനിൽക്കാനാവില്ല.

അല്ലാഹു അഹദാണെന്ന് പറയുമ്പോൾ അതിൽനിന്ന് രണ്ടു കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. ഒന്ന്, ഉപരിസൂചിതമായ അവന്റെ ബഹുത്വമില്ലായ്മയാണ്; എല്ലാ അർഥത്തിലും ഏകം എന്നു പറയാവുന്ന അസ്തിത്വം അല്ലാഹുവിന് മാത്രമേയുള്ളൂവെന്ന വസ്തുത. അല്ലാഹു അദ്വിതീയനാണെന്ന വസ്തുതയാണ് രണ്ടാമത്തേത്. ഒരർഥത്തിലും അല്ലാഹുവിന് തുല്യമായൊരു അസ്തിത്വം സൃഷ്ടിപ്രപഞ്ചത്തിലോ പുറത്തോ ഇല്ലെന്ന വസ്തുത. സത്തയിലും സ്വഭാവങ്ങളിലും പ്രവർത്തനങ്ങളിലും അല്ലാഹു അദ്വിതീയനാണ്. അല്ലാഹുവിന്റെ സത്തക്കു തുല്യമായ ഒരു വസ്തുവുമില്ല. അവന്റെ സ്വഭാവങ്ങളിൽ യാതൊന്നുംതന്നെ സൃഷ്ടികൾക്കൊന്നിനുമില്ല; അവന്റെ പ്രവർത്തനങ്ങൾക്കു തുല്യമായ പ്രവർത്തനങ്ങൾ ചെയ്യാൻ മറ്റാർക്കും സാധ്യവുമല്ല.

അല്ലാഹുവിൻെറ ഏകത്വവും പരാശ്രയമില്ലായ്മയും സമ്യക്കായും അതോടൊപ്പം സംക്ഷിപ്തമായും അവതരിപ്പിക്കുന്ന ഖുർആനിലെ ചെറിയൊരു അധ്യായമാണ് സൂറതുൽ ഇഖ്ലാസ്. പ്രസ്തുത അധ്യായത്തിൻെറ സാരം ഇങ്ങനെയാണ്:

قُلْ هُوَ ٱللَّهُ أَحَدٌ ● ٱللَّهُ ٱلصَّمَدُ ● لَمْ يَلِدْ وَلَمْ يُولَدْ ● وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ

“പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു പരാശ്രയം വേണ്ടാത്തവനും സകലർക്കും ആശ്രയമായിട്ടുള്ളവനുമാകുന്നു. അവൻ പിതാവോ സന്തതിയോ അല്ല. അവനു തുല്യമായി ഒന്നുംതന്നെയില്ല” (112:1-4).

അല്ലാഹുവിനെക്കുറിച്ച ഇസ്ലാമിക വീക്ഷണത്തിൻെറ സമ്യക്കായ ഒരു വിവരണമാണിതെന്ന വസ്തുത ഖുർആൻ വ്യാഖ്യാതാക്കളെല്ലാം സൂചിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിനെക്കുറിച്ച് ആദ്യമായി പറയുന്ന രണ്ടു വിശേഷണങ്ങൾ അവൻെറ സത്തയെ സംബന്ധിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതിൻെറ പരമാവധി മനസ്സിലാക്കിത്തരുന്നുണ്ട്. ഒന്നാമതായി, അല്ലാഹു അഹദാണെന്ന കാര്യമാണത്. പരമമായ ഏകത്വമവകാശപ്പെടാൻ കഴിയുന്ന ഒരേയൊരു ഉണ്മ അല്ലാഹുവിൻേറതു മാത്രമാണ്. രണ്ടാമതായി അല്ലാഹു സ്വമദ് ആണെന്ന കാര്യമാണ്. ഒന്നിൻെറയും ആശ്രയം ആവശ്യമില്ലാത്തവനും എന്നാൽ അവൻെറ ആശ്രയം കൂടാതെ ഒന്നിനും നിലനിൽക്കാൻ സാധിക്കാത്തവനുമെന്നാണ് സ്വമദിൻെറ വിവക്ഷ. സൃഷ്ടികളുടെ നിലനിൽപുതന്നെ പരസ്പരം ആശ്രയിച്ചുകൊണ്ടാണെന്ന് പറഞ്ഞുവല്ലോ. അല്ലാഹുവിന്നാകട്ടെ നിലനിൽക്കാൻ ആരുടെയും ആശ്രയം ആവശ്യമില്ല. അവൻെറ ആശ്രയം കൊണ്ടാണ് സൃഷ്ടികളെല്ലാം നിലനിൽക്കുന്നതുതന്നെ. അല്ലാഹുവിനെ സംബന്ധിച്ച 'സ്വമദ്' എന്ന വിശേഷണം ഒരിക്കൽക്കൂടി അവനെക്കുറിച്ച് നമുക്ക് സൂക്ഷ്മമായി മനസ്സിലാക്കുവാൻ കഴിയില്ലെന്ന് വ്യക്തമാക്കുന്നു. ഒരു വസ്തുവെക്കുറിച്ച് നമുക്ക് നേരിട്ടു മനസ്സിലാക്കുവാൻ കഴിയില്ലെങ്കിൽ അത് ആശ്രയിച്ചുനിൽക്കുന്ന മറ്റു വസ്തുക്കളെക്കുറിച്ച് പഠിച്ചുകൊണ്ട് അതിനെക്കുറിച്ച് കുറേയെല്ലാം മനസ്സിലാക്കാനാവും. അല്ലാഹു മറ്റൊന്നിനെയും ആശ്രയിച്ചല്ല നിലനിൽക്കുന്നതെന്നതിനാൽ ആ ഒരു മാർഗമുപയോഗിച്ചും അതിനെക്കുറിച്ച് മനസ്സിലാക്കുക അസാധ്യമാണ്. അവനെ അറിയുവാൻ പ്രമാദമുക്തമായ ദൈവിക പ്രമാണങ്ങളെ ആശ്രയിക്കുകയല്ലാതെ മറ്റു നിർവാഹങ്ങളൊന്നുമില്ലെന്ന് സാരം.



'അവൻ പിതാവോ സന്തതിയോ അല്ല'യെന്ന ഖുർആനിക പരാമർശം അല്ലാഹുവിനെ സംബന്ധിച്ച് നിലനിന്നിരുന്ന രണ്ട് മൂഢവിശ്വാസങ്ങളെ തിരുത്തുകയാണ് ചെയ്യുന്നത്. ദൈവത്തിന് പുത്രന്മാരും പുത്രിമാരുമുണ്ടെന്ന വിശ്വാസമാണ് ഒന്നാമത്തേത്. ക്രിസ്ത്യാനികൾ യേശു ദൈവപുത്രനാണെന്ന് വാദിക്കുക വഴി യഥാർഥത്തിൽ ദൈവികസത്തയുടെ ഏറ്റവും വലിയ സവിശേഷതയായ ഏകത്വത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ത്രിയേകവിശ്വാസം ദൈവിക ഏകത്വത്തിൻെറ വ്യക്തമായ നിഷേധമാണെന്ന കാര്യം എടുത്തു പറയേണ്ടതില്ല. സത്തയിൽ ഒന്നായ മൂന്നു വ്യക്തികളെ സങ്കൽപിക്കുന്നതിലേക്ക് ക്രൈസ്തവസഭ നയിക്കപ്പെട്ടതിൻെറ പ്രധാനപ്പെട്ട കാരണം ദൈവപുത്രസങ്കൽപമാണെന്ന് കാണാനാവും. പിതൃസ്വഭാവങ്ങൾ പുത്രനിൽ പ്രതിഫലിക്കുമെന്ന സാമാന്യ തത്ത്വപ്രകാരം ദൈവപുത്രനായി വാഴ്ത്തപ്പെട്ട ക്രിസ്തു മെല്ലെ മെല്ലെ ദൈവികസത്തയിലേക്ക് സ്ഥാനാരോഹണം ചെയ്യിക്കപ്പെട്ടതായിട്ടാണ് ത്രിത്വത്തിൻെറ ചരിത്രത്തിൽ നാം കാണുന്നത്. മാലാഖമാർ ദൈവപുത്രികളായി സങ്കൽപിക്കപ്പെട്ടിരുന്ന സമൂഹങ്ങളിലെ സ്ഥിതിയും തഥൈവ.

'അവൻ സന്തതിയല്ല' അഥവാ ജനിച്ചവനല്ല എന്ന നിഷേധം മറ്റൊരു മൂഢധാരണകൂടി തിരുത്തുന്ന തിനുവേണ്ടിയാണ് പ്രയോഗിച്ചിരിക്കുന്നത്. അവതാര സങ്കൽപ മാണത്. ദൈവം ഭൂമിയിൽ മനുഷ്യരൂപത്തിൽ ജനിച്ചുവളരുകയും ധർമസംസ്ഥാപനം നടത്തുകയും ചെയ്യുമെന്ന വിശ്വാസം വിവിധ മതസമൂഹങ്ങൾക്കിടയിൽ നിലനിന്നിരുന്നു. സ്ഥലകാല സാതത്യത്തിന്നതീതനായ അല്ലാഹു ഒരു മാതാവിൻെറ ഉദരത്തിൽ വളരുകയും പ്രസവിക്കപ്പെടുകയും ചെയ്യുകയെന്നത് സങ്കൽപിക്കാൻതന്നെ കഴിയില്ല. ജനനം, മരണം തുടങ്ങിയവയെല്ലാം സ്ഥലകാലത്തിനകത്തേക്ക് അല്ലാഹു നിർണയിച്ച പ്രതിഭാസങ്ങളത്രെ. അല്ലാഹുവിൽ ജനനം ആരോപിക്കുന്നവർ അവനെ സ്ഥലകാലത്തിൽ പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ, പരമമായ ഏകത്വമെന്ന ദൈവികസത്ത

യുടെ സവിശേഷപ്രകൃതിക്ക് വിരുദ്ധമാണത്.

'അവന്നു തുല്യമായിട്ട് ആരും തന്നെയില്ല'യെന്ന സൂറത്തുൽ ഇഖ്‌ലാസിലെ അവസാനത്തെ പരാമർശവും ദൈവികസത്തയെക്കുറിച്ച് മനുഷ്യന് അവൻെറ അപഗ്രഥന രീതിയുപയോഗിച്ച് സൂക്ഷ്മമായി അറിയാൻ കഴിയില്ലെന്ന് വ്യക്തമാക്കുന്നതുതന്നെ. വസ്തുക്കളെക്കുറിച്ച പഠനത്തിന് സാധാരണയായി ഉപയോഗിക്കുന്ന ഒരു മാർഗമാണ് അവക്ക് തുല്യമായ മറ്റു വസ്തുക്കളെക്കുറിച്ച് പഠിക്കുകയെന്നത്.

وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ

"അല്ലാഹുവിന് തുല്യനായി ആരുംതന്നെയില്ല" (112:4) യെന്ന നിഷേധത്തിലൂടെ പ്രസ്തുത സാധ്യതയും തള്ളിക്കളയുകയാണ് ഖുർആൻ ചെയ്യുന്നത്.

لَيْسَ كَمِثْلِهِۦ شَىْءٌ

"അവന് സദൃശമായി ഒന്നുംതന്നെയില്ല"(42:11)യെന്ന ഖുർആനിക പരാമർശവും സ്രഷ്ടാവിൻെറ സത്തയെ സൃഷ്ടികളുടേതുമായി താരതമ്യം ചെയ്ത് മനസ്സിലാക്കാനുള്ള സാധ്യതയെ പൂർണമായി നിഷേധിക്കുന്നു.

ഖുർആനിൽ 'യദുല്ലാഹി', 'വജ്ഹു റബ്ബിക', 'ബിഅഅ്‌യുനിനാ', 'അർറഹ്മാൻ അലൽ അർശിസ്തവാ' തുടങ്ങിയ പരാമർശങ്ങൾ കാണാം. ഇവയ്ക്ക് യഥാക്രമം 'അല്ലാഹുവിൻെറ കൈ', 'നിൻെറ രക്ഷിതാവിൻെറ മുഖം', നമ്മുടെ കൺമുമ്പിൽവെച്ച്', 'പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു'. എന്നിങ്ങനെ അർഥം പറയാവുന്നതാണ്. ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

كُلُّ مَنْ عَلَيْهَا فَانٍ ● وَيَبْقَىٰ وَجْهُ رَبِّكَ ذُو ٱلْجَلَٰلِ وَٱلْإِكْرَامِ

'അവിടെ (ഭൂമുഖത്ത്) ഉള്ള എല്ലാവരും നശിച്ചുപോകുന്നതാകുന്നു. മഹത്വവും ഉദാരതയും ഉള്ളവനായ നിൻെറ രക്ഷിതാവിൻെറ മുഖം അവശേഷിക്കുന്നതാണ്' (55:26,27).

إِنَّ ٱلَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ ٱللَّهَ يَدُ ٱللَّهِ فَوْقَ أَيْدِيهِمْ

"തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവിനോടുതന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിൻെറ കൈ അവരുടെ കൈകൾക്ക് മീതെയുണ്ട്" (48:10).



وَقَالَتِ ٱلْيَهُودُ يَدُ ٱللَّهِ مَغْلُولَةٌ ۚ غُلَّتْ أَيْدِيهِمْ وَلُعِنُوا۟ بِمَا قَالُوا۟ ۘ بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ ۚ

"അല്ലാഹുവിൻെറ കരങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുകയാണെന്ന് യഹൂദികൾ പറഞ്ഞു. അവരുടെ കരങ്ങൾ ബന്ധിതമാകട്ടെ. ആ പറഞ്ഞ വാക്കു നിമിത്തം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവൻെറ ഇരുകരങ്ങളും നിവർത്തപ്പെട്ടതാവുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു" (5:64).

وَٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا

"നമ്മുടെ കൺമുമ്പിൽ വെച്ചും നമ്മുടെ നിർദേശപ്രകാരവും നീ കപ്പൽ നിർമിക്കുക" (11:37).

فَأَوْحَيْنَآ إِلَيْهِ أَنِ ٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا

"നമ്മുടെ കൺമുമ്പിൽവെച്ചും നമ്മുടെ നിർദേശപ്രകാരവും കപ്പലുണ്ടാക്കുക എന്ന് അദ്ദേഹത്തിന് നാം സന്ദേശം നൽകി" (23:27).

ٱلرَّحْمَٰنُ عَلَى ٱلْعَرْشِ ٱسْتَوَىٰ

"പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു" (20:5).

هُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ

"ആകാശങ്ങളും ഭൂമിയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനാണവൻ. പിന്നീട് അവൻ സിംഹാസനസ്ഥനായി" (57:4).

وَٱصْبِرْ لِحُكْمِ رَبِّكَ فَإِنَّكَ بِأَعْيُنِنَا ۖ وَسَبِّحْ بِحَمْدِ رَبِّكَ حِينَ تَقُومُ

"നിൻെറ രക്ഷിതാവിൻെറ തീരുമാനത്തിന് നീ ക്ഷമാപൂർവം കാത്തിരിക്കുക. തീർച്ചയായും നീ നമ്മുടെ കൺമുമ്പിലാകുന്നു. നീ എഴുന്നേൽക്കുന്ന സമയത്ത് നിൻെറ രക്ഷിതാവിനെ സ്തുതി

ക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധിയെ നീ പ്രകീർത്തിക്കുകയും ചെയ്യുക" (52:48).

قَالَ يَـٰٓإِبۡلِيسُ مَا مَنَعَكَ أَن تَسۡجُدَ لِمَا خَلَقۡتُ بِيَدَيَّ ۖ أَسۡتَكۡبَرۡتَ أَمۡ كُنتَ مِنَ ٱلۡعَالِينَ

"അവൻ (അല്ലാഹു)പറഞ്ഞു: ഇബ്‌ലീസേ, എൻെറ കൈകൊണ്ട് ഞാൻ സൃഷ്ടിച്ചിട്ടുണ്ടാക്കിയതിനെ നീ പ്രണമിക്കുന്നതിന് നിനക്ക് എന്ത് തടസ്സമാണുണ്ടായത്? നീ അഹങ്കരിച്ചിരിക്കുകയാണോ, അതല്ലാ നീ പൊങ്ങച്ചക്കാരുടെ കൂട്ടത്തിൽപെട്ടിരിക്കുകയാണോ" (38:75).

أَنِ ٱقۡذِفِيهِ فِي ٱلتَّابُوتِ فَٱقۡذِفِيهِ فِي ٱلۡيَمِّ فَلۡيُلۡقِهِ ٱلۡيَمُّ بِٱلسَّاحِلِ يَأۡخُذۡهُ عَدُوٌّ لِّي وَعَدُوٌّ لَّهُۥ ۚ وَأَلۡقَيۡتُ عَلَيۡكَ مَحَبَّةً مِّنِّي وَلِتُصۡنَعَ عَلَىٰ عَيۡنِيٓ

"നീ അവനെ (കുട്ടിയെ) പെട്ടിയിലാക്കിയിട്ട് നദിയിലേക്ക് ഇട്ടേക്കുക. നദി ആ പെട്ടി കരയിൽ തള്ളിക്കൊള്ളും. എനിക്കും അവനും ശത്രുവായിട്ടുള്ള ഒരാൾ അവനെ എടുത്തുകൊള്ളും. (ഹേ മൂസാ) എൻെറ പക്കൽനിന്നുള്ള സ്നേഹം നിൻെറമേൽ ഞാൻ ഇട്ടുതരികയും ചെയ്തു. എൻെറ നോട്ടത്തിലായിക്കൊണ്ട് നീ വളർത്തിയെടുക്കപ്പെടുവാൻവേണ്ടിയും കൂടിയാണിത്" (20:39).

وَلَا تَدۡعُ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ ۘ لَآ إِلَـٰهَ إِلَّا هُوَ ۚ كُلُّ شَيۡءٍ هَالِكٌ إِلَّا وَجۡهَهُۥ ۚ لَهُ ٱلۡحُكۡمُ وَإِلَيۡهِ تُرۡجَعُونَ

"അല്ലാഹുവോടൊപ്പം വേറൊരു ദൈവത്തെയും നീ വിളിച്ച് പ്രാർഥിക്കുകയും ചെയ്യരുത്. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻെറ തിരുമുഖമൊഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്. അവനുള്ളതാണ് വിധികർതൃത്വം. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (28:88).

وَمَا قَدَرُواْ ٱللَّهَ حَقَّ قَدۡرِهِۦ وَٱلۡأَرۡضُ جَمِيعًا قَبۡضَتُهُۥ يَوۡمَ



ٱلۡقِيَـٰمَةِ وَٱلسَّمَـٰوَٰتُ مَطۡوِيَّـٰتُۢ بِيَمِينِهِۦ ۚ سُبۡحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشۡرِكُونَ

"അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിൻെറ നാളിൽ ഭൂമി മുഴുവൻ അവൻെറ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവൻെറ വലതുകയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു" (39:67).

ഇത്തരം ചില പരാമർശങ്ങൾ നബിമൊഴികളിലും കാണാവുന്നതാണ്.

ഏതാനും ഹദീഥുകൾ കാണുക:

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ يَدُ اللَّهِ مَلْأَى لَا يَغِيضُهَا نَفَقَةٌ سَحَّاءُ اللَّيْلَ وَالنَّهَارَ وَقَالَ أَرَأَيْتُمْ مَا أَنْفَقَ مُنْذُ خَلَقَ السَّمَوَاتِ وَالْأَرْضَ فَإِنَّهُ لَمْ يَغِضْ مَا فِي يَدِهِ وَكَانَ عَرْشُهُ عَلَى الْمَاءِ وَبِيَدِهِ الْأُخْرَى الْمِيزَانُ يَخْفِضُ وَيَرْفَعُ

"അബൂഹുറയ്റ (رضي الله عنه) നിവേദനം: നബി (ﷺ) അരുളി: അല്ലാഹുവിൻെറ കൈ അനുഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. രാപ്പകലുകൾ ഒഴിവില്ലാതെ ചെലവ് ചെയ്താലും അതിൽ യാതൊരു കുറവും വരികയില്ല. ആകാശഭൂ മികൾ സൃഷ്ടിച്ചതുമുതൽ അവൻ ചെലവഴിച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾ കണ്ടില്ലേ? എന്നിട്ട് അവൻെറ കയ്യിലുള്ളതിന് ഒരു കുറവും സംഭവിച്ചിട്ടില്ല. അവൻെറ സിംഹാസനം ജലത്തിന്മേലായിരുന്നു. അവൻെറ കയ്യിലാണ് നന്മയും തിന്മയും തൂക്കുന്ന ത്രാസ്. അതുവഴി അവൻ ചിലരെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യുന്നു" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 6862).

عَنْ عَبْدِاللَّهِ رَضِي اللَّه عَنْه قَالَ جَاءَ حَبْرٌ مِنَ الْيَهُودِ فَقَالَ

إِنَّهُ إِذَا كَانَ يَوْمُ الْقِيَامَةِ جَعَلَ اللَّهُ السَّمَوَاتِ عَلَى إِصْبَعٍ وَالْأَرَضِينَ عَلَى إِصْبَعٍ وَالْمَاءَ وَالثَّرَى عَلَى إِصْبَعٍ وَالْخَلَائِقَ عَلَى إِصْبَعٍ ثُمَّ يَهُزُّهُنَّ ثُمَّ يَقُولُ أَنَا الْمَلِكُ أَنَا الْمَلِكُ فَلَقَدْ رَأَيْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَضْحَكُ حَتَّى بَدَتْ نَوَاجِذُهُ تَعَجُّبًا وَتَصْدِيقًا لِقَوْلِهِ ثُمَّ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ (وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ) إِلَى قَوْلِهِ (يُشْرِكُونَ)

"അബ്ദുല്ലാ (ﷺ) നിവേദനം: ഒരു ജൂത പുരോഹിതൻ നബി(ﷺ) യുടെ അടുക്കൽവന്ന് പറഞ്ഞു: മുഹമ്മദ്, അല്ലാഹു ആകാശങ്ങളെയെല്ലാം തന്റെ ഒരു വിരലിന്മേലും ഭൂമികളെയെല്ലാം ഒരു വിരലിന്മേലും വൃക്ഷങ്ങളെയെല്ലാം മറ്റൊരു വിരലിന്മേലും വെള്ളവും മണ്ണുമെല്ലാം വേറൊരു വിരലിന്മേലും മറ്റ് സർവസൃഷ്ടികളെയെല്ലാം അഞ്ചാമതൊരു വിരലിന്മേലും നിർത്തുമെന്നും എന്നിട്ട് ഞാനാണ് രാജാവ് എന്ന് പ്രഖ്യാപിക്കുമെന്നും ഞങ്ങളുടെ വേദഗ്രന്ഥത്തിൽ കാണുന്നു. ആ പുരോഹിതന്റെ വാക്ക് ശരിവെച്ചുകൊണ്ട് അണപ്പല്ലുകൾ വെളിവാകുംവിധം നബി (ﷺ) ചിരിച്ചു. തുടർന്ന് അദ്ദേഹം ഖുർആൻ 39:67 ഓതി" (സ്വഹീഹുൽ ബുഖാരി, ഹദീഥ്:6959).

أَنَّ أَبَا هُرَيْرَةَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ يَقْبِضُ اللَّهُ الْأَرْضَ وَيَطْوِي السَّمَوَاتِ بِيَمِينِهِ ثُمَّ يَقُولُ أَنَا الْمَلِكُ أَيْنَ مُلُوكُ الْأَرْضِ

"അബൂഹുറയ്റ (ﷺ) പറയുന്നു: നബി (ﷺ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഭൂമിയെ അല്ലാഹു കയ്യിലൊതുക്കിപ്പിടിക്കും. ആകാശങ്ങളെ അവൻ വലതുകയ്യിൽ ചുരുക്കിപ്പിടിച്ച് പ്രഖ്യാപിക്കും. ഞാനാണ് രാജാവ്. ഭൂമിയിലെ രാജാക്കന്മാരെല്ലാം ഇപ്പോൾ എവിടെപോയി?" (സ്വഹീഹുൽ ബുഖാരി, ഹദീസ്: 4438).

أَنَّ عَبْدَاللَّهِ بْنَ عُمَرَ رَضِيَ اللَّه عَنْهُمَا قَالَ قَامَ رَسُولُ اللَّهِ



صَلَّى اللَّه عَلَيْهِ وَسَلَّمَ فِي النَّاسِ فَأَثْنَى عَلَى اللَّهِ بِمَا هُوَ أَهْلُهُ ثُمَّ ذَكَرَ الدَّجَّالَ فَقَالَ إِنِّي لَأُنْذِرُكُمُوهُ وَمَا مِنْ نَبِيٍّ إِلَّا وَقَدْ أَنْذَرَهُ قَوْمَهُ وَلَكِنِّي سَأَقُولُ لَكُمْ فِيهِ قَوْلًا لَمْ يَقُلْهُ نَبِيٌّ لِقَوْمِهِ إِنَّهُ أَعْوَرُ وَإِنَّ اللَّهَ لَيْسَ بِأَعْوَرَ

"അബ്ദുല്ലാഹി ബ്നു ഉമർ (ﷺ) നിവേദനം: നബി (ﷺ) ഒരിക്കൽ ജനങ്ങൾക്കിടയിൽ പ്രസംഗിക്കുവാൻ എഴുന്നേറ്റുനിന്നു. അല്ലാഹുവിനെ അവൻ അർഹിക്കുന്നവിധം പ്രശംസിച്ചു. ശേഷം ദജ്ജാലിനെക്കുറിച്ച് ഇപ്രകാരം അരുളി. അവനെ സംബന്ധിച്ച് ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു. ദജ്ജാലിനെക്കുറിച്ച് തന്റെ ജനങ്ങൾക്ക് താക്കീത് നൽകാത്ത ഒരു പ്രവാചകനും കഴിഞ്ഞുപോയിട്ടില്ല. നൂഹ് (ﷺ) അവനെക്കുറിച്ച് സ്വജനങ്ങൾക്ക് താക്കീത് നൽകി. അവനെ സംബന്ധിച്ച് മറ്റൊരു നബിയും തന്റെ ജനതക്ക് പറഞ്ഞുകൊടുത്തിട്ടില്ലാത്ത ഒരു കാര്യം ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാം. നിങ്ങൾ മനസ്സിലാക്കുക. അവൻ ഒറ്റക്കണ്ണനായിരിക്കും; അല്ലാഹുവാകട്ടെ ഒറ്റക്കണ്ണനല്ലതാനും" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 6594).

عَنْ جَابِرٍ رَضِيَ اللَّه عَنْه قَالَ لَمَّا نَزَلَتْ هَذِهِ الْآيَةُ (قُلْ هُوَ الْقَادِرُ عَلَى أَنْ يَبْعَثَ عَلَيْكُمْ عَذَابًا مِنْ فَوْقِكُمْ) قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَعُوذُ بِوَجْهِكَ قَالَ (أَوْ مِنْ تَحْتِ أَرْجُلِكُمْ) قَالَ أَعُوذُ بِوَجْهِكَ (أَوْ يَلْبِسَكُمْ شِيَعًا وَيُذِيقَ بَعْضَكُمْ بَأْسَ بَعْضٍ) قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ هَذَا أَهْوَنُ أَوْ هَذَا أَيْسَرُ

"ജാബിർ (ﷺ) നിവേദനം: നിങ്ങളുടെ മേൽഭാഗത്തുനിന്ന് നിങ്ങളുടെ മേൽ ശിക്ഷ ഇറക്കുവാൻ അല്ലാഹു കഴിവുറ്റവനാണെന്ന ആയത്ത് അവതരിപ്പിക്കപ്പെട്ടപ്പോൾ നിന്റെ മുഖത്തെ ഞാനിതാ അഭയം പ്രാപിച്ചുകൊള്ളുന്നു എന്ന് നബി (ﷺ) പ്രാർഥിച്ചു. അല്ലെങ്കിൽ നിങ്ങളുടെ കാലുകൾക്കിടയിൽനിന്ന് ശിക്ഷ അയക്കുവാൻ അല്ലാഹുവിന്

കഴിവുണ്ട് എന്ന ഭാഗം അറിയിച്ചപ്പോൾ നബി (ﷺ) പ്രാർഥിച്ചു: നിൻെറ മുഖത്തെ ഞാനിതാ അഭയം പ്രാപിക്കുന്നു. അല്ലെങ്കിൽ വിവിധ കക്ഷികളാക്കി നിങ്ങളെ ഭിന്നിപ്പിച്ച് വിടാനും നിങ്ങളിൽ ചിലരുടെ ആക്രമണത്തിൻെറ രുചി മറ്റുചിലരെ ആസ്വദിപ്പിക്കാൻ അവന് കഴിവുണ്ടെന്ന വാക്യം അവതരിപ്പിച്ചപ്പോൾ നബി (ﷺ) പറഞ്ഞു: ഇതാണ് മറ്റേതിനേക്കാൾ ലഘുവായത്" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4262).

عَنْ أَنَسٍ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ يُلْقَى فِي النَّارِ ( وَتَقُولُ هَلْ مِنْ مَزِيدٍ ) حَتَّى يَضَعَ قَدَمَهُ فَتَقُولُ قَطْ قَطْ

"അനസ് (رضي الله عنه) നിവേദനം: നബി (ﷺ) അരുളി: കുറ്റവാളികളെ നരക ത്തിലിടും. ഇനിയും വല്ലതുമുണ്ടോ എന്ന് നരകം ചോദിക്കും. അവ സാനം അല്ലാഹു അവൻെറ പാദം നരകത്തിൽവെക്കുമ്പോൾ നിന്റെ മഹത്വം കൊണ്ടും പ്രതാപം കൊണ്ടും, മതി! മതി! എന്ന് നരകം പറയും" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4470).

അല്ലാഹുവിൻെറ സത്തയെ സംബന്ധിച്ച് നമുക്കൊന്നുമറിയില്ലെന്നും ദൈവിക ബോധനം വഴി പ്രവാചകൻ (ﷺ) അറിയിച്ചുതന്ന കാര്യങ്ങൾ അപ്പടി സ്വീകരിക്കുക മാത്രമേ അക്കാര്യത്തിൽ നമുക്ക് ചെയ്യാനുള്ളൂവെന്നും നാം മനസ്സിലാക്കിയല്ലോ. ഈ സൂക്തങ്ങളിലെ പരാമർശങ്ങളിലെ സ്ഥിതിയും ഇതിൽനിന്ന് ഭിന്നമല്ല. ഇവയ്ക്ക് അല്ലാഹുവും റസൂലും (ﷺ) പറഞ്ഞതിലുപരി യാതൊരു വിശദീകരണവും നൽകാൻ ആർക്കും അവകാശമില്ല. അല്ലാഹുവിനെക്കുറിച്ച് സൂചിപ്പിച്ചയിടങ്ങളിൽ 'അവന് തുല്യനായി ആരും തന്നെയില്ല'(112:4) യെന്നും 'അവന്നു സദൃശമായി ഒന്നും തന്നെയില്ല' (42:11) യെന്നും പറഞ്ഞ കാര്യങ്ങൾ ഈ സൂക്തത്തിലെ പരാമർശങ്ങൾക്കും ബാധകമാണ്. അല്ലാഹുവിൻെറ സത്തതന്നെ നമ്മുടെ വിശദീകരണത്തിന് അതീതമായ സ്ഥിതിക്ക് അവൻെറ മുഖം, കൈ, കണ്ണ്, സിംഹാസനം തുടങ്ങിയവയൊന്നുംതന്നെ നമ്മുടെ വിശദീകരണത്തിന് വഴങ്ങുകയില്ലല്ലോ. ഈ സൂക്തങ്ങളിലുള്ള പരാമർശങ്ങളെ മനുഷ്യൻെറയോ മറ്റു സൃഷ്ടികളുടെയോ അവയവങ്ങളുമായോ കർമങ്ങളുമായോ താരതമ്യം ചെയ്യാൻ പാടുള്ളതല്ല. 'അവന്ന് സദൃശമായി യാതൊന്നുമില്ലെ'ന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ദൈവികസത്തയെക്കുറിച്ച് ഖുർആനിലും ഹദീഥിലും വന്ന കാര്യങ്ങൾ വിശദീകരണമോ വ്യാഖ്യാനമോ കൂടാതെ അപ്പടി വിശ്വസിക്കുകയെന്നതാണ് സച്ചരിതരായ മുൻഗാമികളുടെ നിലപാട്. നമ്മുടെ വകയായുള്ള വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും നൽകുന്നത് വിശുദ്ധ ഖുർആൻ വെളിപ്പെടുത്തിയ കാര്യങ്ങൾ കൂടുതൽ ദുർഗ്രഹമാകുന്നതിനു മാത്രമേ നിമിത്തമാകൂ. സ്വന്തം ബുദ്ധിയിൽ യുക്തമെന്ന് തോന്നിയ വ്യാഖ്യാനങ്ങൾ നൽകി ഖുർആനിൽ പരിചയപ്പെടുത്തുന്ന അല്ലാഹുവിനെ അറിയാൻ ശ്രമിച്ചതാണ് മുസ്‌ലിംലോകത്തെ ചിന്താഭ്രംശങ്ങൾക്ക് നിമിത്തമായത്.



അല്ലാഹുവിനെ മനസ്സിലാക്കുന്നതിനായി ഉദ്ധരിക്കപ്പെടാറുള്ള പ്രസിദ്ധമായ രണ്ടു ഖുർആൻ സൂക്തങ്ങളാണ് ആയതുന്നൂർ, ആയതുൽ കുർസിയ്യ് എന്നിവ. ആയതുന്നൂർ സൂറത്തുന്നൂറിലെ 35-ാം വചനവും ആയതുൽകുർസിയ്യ് സൂറതുൽബഖറയിലെ 255-ാം സൂക്തവുമാണ്. അവ ശ്രദ്ധിക്കുക:

ٱللَّهُ نُورُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ مَثَلُ نُورِهِۦ كَمِشْكَوٰةٍ فِيهَا مِصْبَاحٌ ۖ ٱلْمِصْبَاحُ فِى زُجَاجَةٍ ۖ ٱلزُّجَاجَةُ كَأَنَّهَا كَوْكَبٌ دُرِّىٌّ يُوقَدُ مِن شَجَرَةٍ مُّبَٰرَكَةٍ زَيْتُونَةٍ لَّا شَرْقِيَّةٍ وَلَا غَرْبِيَّةٍ يَكَادُ زَيْتُهَا يُضِىٓءُ وَلَوْ لَمْ تَمْسَسْهُ نَارٌ ۚ نُّورٌ عَلَىٰ نُورٍ ۗ يَهْدِى ٱللَّهُ لِنُورِهِۦ مَن يَشَآءُ ۚ وَيَضْرِبُ ٱللَّهُ ٱلْأَمْثَٰلَ لِلنَّاسِ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ

"അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവൻെറ പ്രകാശത്തിൻെറ ഉപമയിതാ: (ചുമരിൽ) വിളക്കുവെക്കുവാനുള്ള ഒരു മാടം. അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടികത്തിനകത്ത്. സ്ഫടികം ഒരു ജ്വലിക്കുന്ന നക്ഷത്രം പോലെയിരിക്കുന്നു. അനുഗൃഹീതമായ ഒരു വൃക്ഷത്തിൽനിന്നാണ് അതിന് (വിളക്കിന്) ഇന്ധനം നൽകപ്പെടുന്നത്. അതായത് കിഴക്കുഭാഗത്തുള്ളതോ പടിഞ്ഞാറു ഭാഗത്തുള്ളതോ അല്ലാത്ത ഒലീവുവൃക്ഷത്തിൽനിന്ന്. അതിൻെറ എണ്ണ തീ തട്ടിയില്ലെങ്കിൽ പോലും പ്രകാശിക്കുമാറാവു

ന്നു. (അങ്ങനെ) പ്രകാശത്തിനു മേൽ പ്രകാശം. അല്ലാഹു തന്റെ പ്രകാശത്തിലേക്ക് താനുദ്ദേശിക്കുന്നവരെ നയിക്കുന്നു. അല്ലാഹു ജനങ്ങൾക്കു വേണ്ടി ഉപമകൾ വിവരിച്ചുകൊടുക്കുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രേ" (24:35).

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ

"അല്ലാഹു-അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ പാദസ്ഥാനം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രേ" (2:255).

9

# സ്രഷ്ടാവും സർവശക്തനും

നിസ്തുലമായ സ്വന്തം ശരീരത്തിലേക്കും തന്റെ ചുറ്റുപാടും ഒരുക്കിവെച്ചിരിക്കുന്ന പ്രതിഭാസങ്ങളിലേക്കും ഗൗരവതരമായി കണ്ണോടിക്കുന്ന ആർക്കും സ്രഷ്ടാവായ തമ്പുരാന്റെ അസ്തിത്വം നിഷേധിക്കുവാൻ കഴിയില്ല. ചെറുതും വലുതുമായ സകല പ്രാപഞ്ചിക പ്രതിഭാസങ്ങളും കൃത്യമായ ആസൂത്രണത്തോടെയും വ്യക്തമായ വ്യവസ്ഥാപിതത്വത്തോടെയുമാണ് ഇവിടെ സംവിധാനിക്കപ്പെട്ടിരിക്കുന്നത്. യാദൃച്ഛികമായ സംഭവങ്ങളുടെ സാകല്യമല്ല, ഉദ്ദേശപൂർവവും നിയാമകത്വത്തോടുകൂടിയതുമായ പ്രവർത്തനങ്ങളുടെ നൈരന്തര്യമാണ് സൂക്ഷ്മ പ്രപഞ്ചത്തിലും സ്ഥൂലപ്രപഞ്ചത്തിലും ജൈവലോകത്തുമെല്ലാം നാം കാണുന്നത്. ന്യൂട്ടോണിയൻ ഭൗതികത്തിന്റെ തട്ടകത്തിൽനിന്നുകൊണ്ട് ഇനിയൊരു സ്രഷ്ടാവിന് പ്രസക്തിയില്ലെന്ന് വാദിച്ചിരുന്നവർക്ക് ഇന്ന് ശാസ്ത്ര ലോകത്ത് വിലാസം നഷ്ടപ്പെട്ടിരിക്കുന്നു. പ്രപഞ്ചത്തെ പൂർണമായി അറിയാൻ പോലും സ്ഥല-കാല നൈരന്തര്യത്തിനകത്തുള്ള മനുഷ്യർക്ക് കഴിയില്ലെന്നും പദാർഥാതീതനായ സ്രഷ്ടാവിന് മാത്രമേ അതിന് സാധിക്കൂവെന്നുമുള്ള വസ്തുത അംഗീകരിക്കുവാൻ ആധുനിക പ്രപഞ്ച മാതൃകയെ ശരിവെക്കുന്നവരെല്ലാം നിർബന്ധിതരാണ്.

ഈ പ്രപഞ്ചം എന്നും ഇവിടെയുണ്ടായിരുന്നുവെന്ന ദൈവനി

ഷേധികളുടെ വാദത്തിന് ഇന്ന് ശാസ്ത്രലോകത്ത് വിലാസമില്ല. കാലത്തിന് ഒരു തുടക്കമുണ്ടെന്ന വസ്തുത അംഗീകരിക്കുവാൻ ശാസ്ത്രജ്ഞർ നിർബന്ധിതരാണ്. കാലം തുടങ്ങുന്നത് ഈ പ്രപഞ്ചത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് നടന്ന വിസ്ഫോടനത്തോടെയാണെന്നാണ് അവരുടെ പക്ഷം. മഹാവിസ്ഫോടനത്തിനു മുമ്പ് ഒരു ആദിമഭ്രൂണം (cosmic egg) മാത്രമേ ഇവിടെയുണ്ടായിരുന്നുള്ളു. പ്രസ്തുത ഭ്രൂണത്തിന്റെ പൊട്ടിത്തെറി മൂലമാണ് ഈ പ്രപഞ്ചത്തിൽ ഇന്ന് കാണുന്ന എല്ലാ പ്രതിഭാസങ്ങളുമുണ്ടായത്. നമ്മുടെ അന്വേഷണത്തിന് പരമാവധി ചെന്നെത്താൻ കഴിയുക ആദിമഭ്രൂണത്തിൽ മാത്രമാണ്. പൊട്ടിത്തെറിക്കു ശേഷമുള്ള ആദ്യ നിമിഷത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാനാവും. അതിനു മുമ്പത്തെ അവസ്ഥ നമ്മുടെ ചിന്തക്ക് പുറത്തുള്ള കാര്യമാണ്. ആദിമഭ്രൂണമുണ്ടായതെങ്ങനെ? ആ പൊട്ടിത്തെറിക്ക് നിമിത്തമായ ആദിമോർജത്തിന്റെ സ്രോതസ്സ് എന്തായിരുന്നു? മഹാവിസ്ഫോടനത്തിനുമുമ്പ് ആദിമഭ്രൂണത്തിൽ നിലനിന്നിരുന്ന നിയമങ്ങളെന്തെല്ലാമായിരുന്നു? ഈ ചോദ്യങ്ങൾക്കൊന്നും ഭൗതികശാസ്ത്രജ്ഞന്റെ പക്കൽ ഉത്തരമില്ല. എന്നെങ്കിലും ഉത്തരം കണ്ടെത്താനാകുന്ന ചോദ്യങ്ങളല്ല ഇവയെന്നാണ് അയാളുടെ പക്ഷം. ഈ പ്രപഞ്ചത്തിനും കാലത്തിനും തുടക്കമുണ്ടെന്ന് അംഗീകരിക്കുമ്പോൾ അതിന്റെ തുടക്കക്കാരനെ സങ്കൽപിക്കുവാൻ നിർബന്ധിതരായിത്തീരുന്നുവെന്നതാണ് വാസ്തവം.

ശുദ്ധശൂന്യതയിൽനിന്നാണ് അല്ലാഹു സൃഷ്ടികർമം തുടങ്ങിയത്. സൃഷ്ടിക്കുവാൻ അല്ലാഹുവിനേ കഴിയൂ.പ്രപഞ്ചത്തെ ശുദ്ധശൂന്യതയിൽനിന്ന് സൃഷ്ടിക്കുവാൻ സൃഷ്ടികൾക്ക് കഴിയില്ല. 'സൃഷ്ടിക്കുക'യെന്നത് ദൈവികമായ ഒരു ഗുണമാണ്. നമുക്ക് വസ്തുക്കളെ നിർമിക്കുവാനേ കഴിയുകയുള്ളൂ. പ്രപഞ്ചത്തിൽ അല്ലാഹു സൃഷ്ടിച്ചുവെച്ച വസ്തുക്കളെ മാറ്റങ്ങൾക്കു വിധേയമാക്കാൻ മാത്രമേ മനുഷ്യന് സാധിക്കൂ. മേശ നിർമിക്കാൻ ആശാരിക്ക് കഴിയും. അല്ലാഹു സൃഷ്ടിച്ച മരത്തിൽ തന്റെ കരവിരുതുകൾ ചെയ്തുകൊണ്ടാണ് ആശാരി മേശ നിർമിക്കുന്നത്. ശൂന്യതയിൽനിന്ന് മേശ സൃഷ്ടിക്കുവാൻ അല്ലാഹുവിനേ കഴിയൂ. ഓക്സിജൻ വാതകവും ഹൈഡ്രജൻ വാതകവും കൂട്ടിച്ചേർത്ത് ജലം നിർമിക്കാൻ രസതന്ത്രജ്ഞന് സാധിക്കും; എന്നാൽ, ജലം സൃഷ്ടിക്കുക അല്ലാഹുവിന് മാത്രം കഴിയുന്ന പണിയാണ്. ഇതുതന്നെയാണ് സചേതനങ്ങളും അചേതനങ്ങളുമായ സകല വസ്തുക്കളുടെയും അവസ്ഥ. വിശുദ്ധ ഖുർആൻ പറഞ്ഞതെത്ര ശരി!



إِنَّ ٱلَّذِينَ تَدۡعُونَ مِن دُونِ ٱللَّهِ لَن يَخۡلُقُواْ ذُبَابًا

"തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല" (22:73).

تَنزِيلٗا مِّمَّنۡ خَلَقَ ٱلۡأَرۡضَ وَٱلسَّمَٰوَٰتِ ٱلۡعُلَى

"ഭൂമിയും ഉന്നതമായ ആകാശങ്ങളും സൃഷ്ടിച്ചവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്" (20:4).

നമുക്ക് അന്യൂനമായ അവയവങ്ങൾ നൽകിയത് ആരാണ്? സവിശേഷമായ അസ്തിത്വവും സ്വതന്ത്രമായ കൈകാര്യകർതൃത്വവും നൽകി മനുഷ്യനെ ആദരിച്ചത് ആരാണ്? നാം കാണുന്ന സസ്യലതാദികളെയും പറവകളെയും ജലജീവികളെയും കരജന്തുക്കളെയുമെല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവനാരാണ്? ഓരോ ജൈവരൂപത്തിനും അതിന്റെ ധർമത്തിനനുസൃതമായ ഘടന നൽകിയതാരാണ്? ചുരുക്കത്തിൽ, ഈ പ്രപഞ്ചം നിലനിൽക്കുന്നത് ആരുടെ ശക്തിവിശേഷം കൊണ്ടാണ്? ഉത്തരം വ്യക്തമാണ്. ഉത്തരവാദിത്തബോധമുള്ള ഒരു നായകന്റെ അഭാവത്തിൽ ഒരു കുടുംബത്തിന് നിലനിൽക്കാനാവില്ലെങ്കിൽ, ശക്തമായൊരു ഭരണസംവിധാനമില്ലാതെ ഒരു രാജ്യത്തിനും പുരോഗതി നേടാനാവില്ലെങ്കിൽ അജയ്യനും സർവശക്തനുമായ ഒരു സ്രഷ്ടാവിന്റെ ആസൂത്രണം കൂടാതെ ഈ പ്രപഞ്ചം സ്വയം ഉണ്ടാകാനോ നിലനിൽക്കാനോ സാധ്യതയില്ല.

ഇത് സാധാരണക്കാരൻമുതൽ ശാസ്ത്രജ്ഞൻവരെയുള്ളവരുടെ തത്ത്വശാസ്ത്രമാണ്. സാധാരണക്കാരൻ വേലിയേറ്റങ്ങളിലും വേലിയിറക്കത്തിലും മഹാനായ സ്രഷ്ടാവിന്റെ അസ്തിത്വം കണ്ടെത്തുമ്പോൾ ശാസ്ത്രജ്ഞൻ ഈ പ്രതിഭാസങ്ങൾക്ക് കാരണമായ ഗുരുത്വാകർഷണത്തിന് നിദാനമായ നൈരന്തര്യങ്ങളുടെ നിലനിൽപിൽ അജയ്യനായ സർവശക്തന്റെ വൈഭവം കണ്ടെത്തുന്നുവെന്നു

മാത്രം. രണ്ടും ഫലത്തിൽ ഒന്നുതന്നെ. ശാസ്ത്രം എത്രതന്നെ പുരോഗമിച്ചാലും ഒരു സ്രഷ്ടാവിൻെറ അസ്തിത്വം നിഷേധിക്കാൻ ആർക്കും സാധ്യമല്ലെന്നത് ഒരു വസ്തുതയാണ്. മാത്രവുമല്ല, ശാസ്ത്രത്തിൻെറ പുരോഗതി അതുല്യനായ ഒരു രക്ഷിതാവിൻെറ കരവിരുത് ഈ പ്രപഞ്ചത്തിൻെറ നിലനിൽപിൻെറ പിന്നിലുണ്ടെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

സ്രഷ്ടാവിനെ പരിചയപ്പെടുത്തുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

قُلْ أَئِنَّكُمْ لَتَكْفُرُونَ بِٱلَّذِى خَلَقَ ٱلْأَرْضَ فِى يَوْمَيْنِ وَتَجْعَلُونَ لَهُۥٓ
أَندَادًا ۚ ذَٰلِكَ رَبُّ ٱلْعَٰلَمِينَ ● وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَٰرَكَ
فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ

"നീ പറയുക. രണ്ടു ദിവസ(ഘട്ട)ങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന്ന് നിങ്ങൾ സമന്മാരെ സ്ഥാപിക്കുകയും തന്നെയാണോ ചെയ്യുന്നത്? അവനാകുന്നു ലോകങ്ങളുടെ രക്ഷിതാവ്. അതിൽ (ഭൂമിയിൽ) അതിൻെറ ഉപരിഭാഗത്ത് ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അവൻ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധിയുണ്ടാക്കുകയും അതിലെ ആഹാരങ്ങൾ അവിടെ വ്യവസ്ഥപ്പെടുത്തിവെക്കുകയും ചെയ്തിരിക്കുന്നു. നാലു ദിവസ(ഘട്ട)ങ്ങളിലായിട്ടാണ് (അവനതു ചെയ്തത്) ആവശ്യപ്പെടുന്നവർക്കുവേണ്ടി ശരിയായ അനുപാതത്തിൽ" (41:9,10).

هُوَ ٱلَّذِى خَلَقَ لَكُم مَّا فِى ٱلْأَرْضِ جَمِيعًا ثُمَّ ٱسْتَوَىٰٓ إِلَى
ٱلسَّمَآءِ فَسَوَّىٰهُنَّ سَبْعَ سَمَٰوَٰتٍ ۚ وَهُوَ بِكُلِّ شَىْءٍ عَلِيمٌ

"അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചതും അവൻതന്നെയാണ്. അവൻ എല്ലാകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (2:29).



ٱللَّهُ ٱلَّذِى رَفَعَ ٱلسَّمَٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ ثُمَّ ٱسْتَوَىٰ عَلَى
ٱلْعَرْشِ ۖ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۚ يُدَبِّرُ
ٱلْأَمْرَ يُفَصِّلُ ٱلْءَايَٰتِ لَعَلَّكُم بِلِقَآءِ رَبِّكُمْ تُوقِنُونَ

"അല്ലാഹുവാകുന്നു നിങ്ങൾക്കു കാണാവുന്ന അവലംബങ്ങൾ കൂടാതെ ആകാശങ്ങളെ ഉയർത്തിനിർത്തിയവൻ. പിന്നെ അവൻ സിംഹാസനസ്ഥനാവുകയും, സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം ഒരു നിശ്ചിത അവധി വരെ സഞ്ചരിക്കുന്നു. നിങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾ ദൃഢബോധ്യമുള്ളവരായിരിക്കുന്നതിനുവേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു" (13:2).

ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ
ٱلْعَزِيزُ ٱلْغَفُورُ ● ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ فِى
خَلْقِ ٱلرَّحْمَٰنِ مِن تَفَٰوُتٍ ۖ فَٱرْجِعِ ٱلْبَصَرَ هَلْ تَرَىٰ مِن فُطُورٍ

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു. ഏഴ് ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികൻെറ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ, നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചുകൊണ്ടുവരൂ, വല്ല വിടവും നീ കാണുന്നുണ്ടോ?" (67:2,3).

وَلَقَدْ زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ وَجَعَلْنَٰهَا رُجُومًا لِّلشَّيَٰطِينِ

"ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിളക്കുകൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവയെ നാം പിശാചുക്കളെ എറിഞ്ഞോടിക്കാനുള്ളവയുമാക്കിയിരിക്കുന്നു" (67:5).

إِنَّا زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِزِينَةٍ ٱلْكَوَاكِبِ

“തീർച്ചയായും അടുത്തുള്ള ആകാശത്തെ നാം നക്ഷത്രാലങ്കാര ത്താൽ മോടിപിടിപ്പിച്ചിരിക്കുന്നു” (37: 6).

تَبَارَكَ ٱلَّذِى جَعَلَ فِى ٱلسَّمَآءِ بُرُوجًا وَجَعَلَ فِيهَا سِرَٰجًا وَقَمَرًا مُّنِيرًا ● وَهُوَ ٱلَّذِى جَعَلَ ٱلَّيْلَ وَٱلنَّهَارَ خِلْفَةً لِّمَنْ أَرَادَ أَن يَذَّكَّرَ أَوْ أَرَادَ شُكُورًا

‘‘ആകാശത്ത് നക്ഷത്രമണ്ഡലങ്ങൾ ഉണ്ടാക്കിയവൻ അനുഗ്രഹ പൂർണനാകുന്നു. അവിടെ അവൻ ഒരു വിളക്കും (സൂര്യൻ) വെളിച്ചം നൽകുന്ന ചന്ദ്രനും ഉണ്ടാക്കിയിരിക്കുന്നു. അവൻതന്നെയാണ് രാപ്പ കലുകളെ മാറി മാറി വരുന്നതാക്കിയവൻ. ആലോചിച്ചു മനസ്സിലാ ക്കാനുദ്ദേശിക്കുകയോ, നന്ദി കാണിക്കാനുദ്ദേശിക്കുകയോ ചെയ്യുന്ന വർക്ക് (ദൃഷ്ടാന്തമായിരിക്കുവാനാണത്)” (25:61, 62).

أَلَمْ تَرَوْا۟ كَيْفَ خَلَقَ ٱللَّهُ سَبْعَ سَمَٰوَٰتٍ طِبَاقًا ● وَجَعَلَ ٱلْقَمَرَ فِيهِنَّ نُورًا وَجَعَلَ ٱلشَّمْسَ سِرَاجًا

“നിങ്ങൾ കണ്ടില്ലേ എങ്ങനെയാണ് അല്ലാഹു ഏഴു ആകാശങ്ങ ളെ അടുക്കുകളായിട്ട് സൃഷ്ടിച്ചിരിക്കുന്നത് എന്ന്. ചന്ദ്രനെ അവിടെ അവൻ ഒരു പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ അവൻ വിളക്കുമാ ക്കിയിരിക്കുന്നു”(71:15,16).

وَٱللَّهُ خَلَقَ كُلَّ دَآبَّةٍ مِّن مَّآءٍ ۖ فَمِنْهُم مَّن يَمْشِى عَلَىٰ بَطْنِهِۦ وَمِنْهُم مَّن يَمْشِى عَلَىٰ رِجْلَيْنِ وَمِنْهُم مَّن يَمْشِى عَلَىٰٓ أَرْبَعٍ ۚ يَخْلُقُ ٱللَّهُ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

“എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചി രിക്കുന്നു. അവരുടെ കൂട്ടത്തിൽ ഉദരത്തിന്മേൽ ഇഴഞ്ഞു നടക്കുന്ന വരുണ്ട്. രണ്ട് കാലിൽ നടക്കുന്നവരുണ്ട്. നാലു കാലിൽ നടക്കുന്ന വരും അവരിലുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു.



തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു” (24:45).

മനുഷ്യസൃഷ്ടിപ്പിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചും ഖുർആൻ വളരെയേറെ സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സൃഷ്ടിവൈഭവം ഗ്രഹിക്കാനും അവനിൽ ദൃഢവിശ്വാസം ഉളവാകു വാനും ആ അവതരണം വളരെയേറെ സഹായിക്കുന്നു.

وَلَقَدْ خَلَقْنَا ٱلْإِنسَٰنَ مِن سُلَٰلَةٍ مِّن طِينٍ ● ثُمَّ جَعَلْنَٰهُ نُطْفَةً فِى قَرَارٍ مَّكِينٍ ● ثُمَّ خَلَقْنَا ٱلنُّطْفَةَ عَلَقَةً فَخَلَقْنَا ٱلْعَلَقَةَ مُضْغَةً فَخَلَقْنَا ٱلْمُضْغَةَ عِظَٰمًا فَكَسَوْنَا ٱلْعِظَٰمَ لَحْمًا ثُمَّ أَنشَأْنَٰهُ خَلْقًا ءَاخَرَ ۚ فَتَبَارَكَ ٱللَّهُ أَحْسَنُ ٱلْخَٰلِقِينَ

“തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്തുവെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസ പിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാം സംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവ നെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താ വായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു” (23:12-14).

وَهُوَ ٱلَّذِى خَلَقَ مِنَ ٱلْمَآءِ بَشَرًا فَجَعَلَهُۥ نَسَبًا وَصِهْرًا ۗ وَكَانَ رَبُّكَ قَدِيرًا

“അവൻതന്നെയാണ് വെള്ളത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കു കയും, അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്. നിന്റെ രക്ഷിതാവ് കഴിവുള്ളവനാ കുന്നു” (25:54).

خَلَقَ ٱلْإِنسَٰنَ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ

“മനുഷ്യനെ നാം ഒരു ബീജകണത്തിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ട് അവനതാ വ്യക്തമായ എതിർപ്പുകാരനായിരിക്കുന്നു” (16:4).

خَلَقَ ٱلْإِنسَـٰنَ مِن صَلْصَـٰلٍ كَٱلْفَخَّارِ ● وَخَلَقَ ٱلْجَآنَّ مِن مَّارِجٍ مِّن نَّارٍ

“കലംപോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന (ഉണങ്ങിയ) കളിമണ്ണിൽനിന്ന് മനുഷ്യനെ അവൻ സൃഷ്ടിച്ചു. പുകയില്ലാത്ത തീജ്വാലയിൽനിന്ന് ജിന്നിനെയും അവൻ സൃഷ്ടിച്ചു” (55:14-15).

نَحْنُ خَلَقْنَـٰكُمْ فَلَوْلَا تُصَدِّقُونَ ● أَفَرَءَيْتُم مَّا تُمْنُونَ ● ءَأَنتُمْ تَخْلُقُونَهُۥٓ أَمْ نَحْنُ ٱلْخَـٰلِقُونَ

“നാമാണ് നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് എന്നിരിക്കെ നിങ്ങളെന്താണ് (എന്റെ സന്ദേശങ്ങളെ) സത്യമായി അംഗീകരിക്കാത്തത്? അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്; അതല്ല നാമാണോ സൃഷ്ടികർത്താവ്?” (56:57-59).

قُلْ هُوَ ٱلَّذِىٓ أَنشَأَكُمْ وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَـٰرَ وَٱلْأَفْـِٔدَةَ ۖ قَلِيلًا مَّا تَشْكُرُونَ ● قُلْ هُوَ ٱلَّذِى ذَرَأَكُمْ فِى ٱلْأَرْضِ وَإِلَيْهِ تُحْشَرُونَ

“പറയുക, അവനാണ് നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഏർപ്പെടുത്തിത്തരികയും ചെയ്തവൻ. കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ. പറയുക, അവനാണ് നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ചുവളർത്തിയവൻ. അവങ്കലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത്” (67:23,24).

يَـٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى رَيْبٍ مِّنَ ٱلْبَعْثِ فَإِنَّا خَلَقْنَـٰكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ مِن مُّضْغَةٍ مُّخَلَّقَةٍ وَغَيْرِ مُخَلَّقَةٍ لِّنُبَيِّنَ لَكُمْ ۚ وَنُقِرُّ فِى ٱلْأَرْحَامِ مَا نَشَآءُ إِلَىٰٓ أَجَلٍ مُّسَمًّى ثُمَّ



نُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوٓا۟ أَشُدَّكُمْ ۖ وَمِنكُم مَّن يُتَوَفَّىٰ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ لِكَيْلَا يَعْلَمَ مِنۢ بَعْدِ عِلْمٍ شَيْـًٔا ۚ وَتَرَى ٱلْأَرْضَ هَامِدَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ وَأَنۢبَتَتْ مِن كُلِّ زَوْجٍۭ بَهِيجٍ ● ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّهُۥ يُحْىِ ٱلْمَوْتَىٰ وَأَنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ

“മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചുനോക്കുക) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽനിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻവേണ്ടി (പറയുകയാകുന്നു.) നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതുവരെ (അവൻ നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായതിനുശേഷം യാതൊന്നും അറിയാതാവുംവിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്കു കാണാം. എന്നിട്ട് അതിന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു. അതെന്തുകൊണ്ടെന്നാൽ അല്ലാഹുതന്നെയാണ് സത്യമായുള്ളവൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാണ്” (22:5,6).

خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ ثُمَّ جَعَلَ مِنْهَا زَوْجَهَا وَأَنزَلَ لَكُم مِّنَ

ٱلْأَنْعَـٰمِ ثَمَـٰنِيَةَ أَزْوَٰجٍ ۚ يَخْلُقُكُمْ فِى بُطُونِ أُمَّهَـٰتِكُمْ خَلْقًا مِّنۢ بَعْدِ خَلْقٍ فِى ظُلُمَـٰتٍ ثَلَـٰثٍ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۖ لَآ إِلَـٰهَ إِلَّا هُوَ ۖ فَأَنَّىٰ تُصْرَفُونَ

“ഒരൊറ്റ അസ്തിത്വത്തിൽനിന്ന് അവൻ നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് അതിൽനിന്ന് അതിന്റെ ഇണയെയും അവൻ ഉണ്ടാക്കി. കന്നുകാലികളിൽനിന്ന് എട്ടു ജോടികളെയും അവൻ നിങ്ങൾക്ക് ഇറക്കിത്തന്നു. നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്നുതരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിനുശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാണ് ആധിപത്യം. അവനല്ലാതെ യാതൊരു ദൈവവുമില്ല. എന്നിരിക്കെ എങ്ങനെയാണ് നിങ്ങൾ (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നത്?” (39:6).

وَٱلْأَنْعَـٰمَ خَلَقَهَا ۗ لَكُمْ فِيهَا دِفْءٌ وَمَنَـٰفِعُ وَمِنْهَا تَأْكُلُونَ

“കാലികളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്ക് അവയിൽ തണുപ്പകറ്റാനുള്ളതും (കമ്പിളി) മറ്റു പ്രയോജനങ്ങളുമുണ്ട്. അവയിൽനിന്നുതന്നെ നിങ്ങൾ തിന്നുന്നു” (16:5).

وَٱلْخَيْلَ وَٱلْبِغَالَ وَٱلْحَمِيرَ لِتَرْكَبُوهَا وَزِينَةً ۚ وَيَخْلُقُ مَا لَا تَعْلَمُونَ

“കുതിരകളെയും കോവർക്കഴുതകളെയും കഴുതകളെയും (അവൻ സൃഷ്ടിച്ചിരിക്കുന്നു). അവയെ നിങ്ങൾക്കു വാഹനമായി ഉപയോഗിക്കുവാനും അലങ്കാരത്തിനുവേണ്ടിയും. നിങ്ങൾക്കറിവില്ലാത്തതും അവൻ സൃഷ്ടിക്കുന്നു” (16:8).

هُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً ۖ لَّكُم مِّنْهُ شَرَابٌ وَمِنْهُ شَجَرٌ فِيهِ تُسِيمُونَ



“അവനാണ് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നത്. അതിൽനിന്നാണ് നിങ്ങളുടെ കുടിനീര്. അതിൽനിന്നുതന്നെയാണ് നിങ്ങൾക്ക് (കാലികളെ) മേക്കുവാനുള്ള ചെടി മുളച്ചുണ്ടാകുന്നത്” (16:10).

أَفَرَءَيْتُمُ ٱلْمَآءَ ٱلَّذِى تَشْرَبُونَ ● ءَأَنتُمْ أَنزَلْتُمُوهُ مِنَ ٱلْمُزْنِ أَمْ نَحْنُ ٱلْمُنزِلُونَ ● لَوْ نَشَآءُ جَعَلْنَـٰهُ أُجَاجًا فَلَوْلَا تَشْكُرُونَ

“ഇനി നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?” (56:68-70).

يُنۢبِتُ لَكُم بِهِ ٱلزَّرْعَ وَٱلزَّيْتُونَ وَٱلنَّخِيلَ وَٱلْأَعْنَـٰبَ وَمِن كُلِّ ٱلثَّمَرَٰتِ ۗ إِنَّ فِى ذَٰلِكَ لَـَٔايَةً لِّقَوْمٍ يَتَفَكَّرُونَ

“അത് (വെള്ളം) മുഖേന ധാന്യവിളകളും ഒലീവും ഈത്തപ്പനയും, മുന്തിരികളും, അവൻ നിങ്ങൾക്ക് മുളപ്പിച്ചുതരുന്നു. എല്ലാതരം ഫലവർഗങ്ങളും (അവൻ ഉൽപാദിപ്പിച്ചുതരുന്നു) ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്” (16:11).

وَسَخَّرَ لَكُمُ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَ ۖ وَٱلنُّجُومُ مُسَخَّرَٰتٌۢ بِأَمْرِهِۦٓ ۗ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَعْقِلُونَ

“രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപനയാൽ വിധേയമാക്കപ്പെട്ടവതന്നെ. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്” (16:12).

وَهُوَ ٱلَّذِى سَخَّرَ ٱلْبَحْرَ لِتَأْكُلُوا۟ مِنْهُ لَحْمًا طَرِيًّا

وَتَسْتَخْرِجُوا۟ مِنْهُ حِلْيَةً تَلْبَسُونَهَا وَتَرَى ٱلْفُلْكَ مَوَاخِرَ فِيهِ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ

"നിങ്ങൾക്ക് പുതുമാംസം എടുത്തുതിന്നുവാനും നിങ്ങൾക്കണിയാവുന്ന ആഭരണങ്ങൾ (രത്നങ്ങൾ) പുറത്തെടുക്കുവാനും പാകത്തിൽ കടലിനെ വിധേയമാക്കിയവനും അവൻതന്നെ. കപ്പലുകൾ അതിലൂടെ വെള്ളം പിളർന്നു മാറ്റിക്കൊണ്ട് ഓടുന്നതും നിനക്ക് കാണാം. അവൻെറ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ തേടുവാനും നിങ്ങൾ നന്ദികാണിക്കുവാനും വേണ്ടിയാണ് (അവനത് നിങ്ങൾക്ക് വിധേയമാക്കിത്തന്നത്)" (16:14).

وَهُوَ ٱلَّذِىٓ أَرْسَلَ ٱلرِّيَٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦ ۚ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً طَهُورًا

"തൻെറ കാരുണ്യത്തിൻെറ മുമ്പിൽ സന്തോഷസൂചകമായി കാറ്റുകളെ അയച്ചതും അവനത്രെ. ആകാശത്തുനിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു" (25:48).

أَلَمْ نَجْعَلِ ٱلْأَرْضَ مِهَٰدًا ● وَٱلْجِبَالَ أَوْتَادًا ● وَخَلَقْنَٰكُمْ أَزْوَٰجًا ● وَجَعَلْنَا نَوْمَكُمْ سُبَاتًا ● وَجَعَلْنَا ٱلَّيْلَ لِبَاسًا ● وَجَعَلْنَا ٱلنَّهَارَ مَعَاشًا ● وَبَنَيْنَا فَوْقَكُمْ سَبْعًا شِدَادًا ● وَجَعَلْنَا سِرَاجًا وَهَّاجًا ● وَأَنزَلْنَا مِنَ ٱلْمُعْصِرَٰتِ مَآءً ثَجَّاجًا ● لِّنُخْرِجَ بِهِۦ حَبًّا وَنَبَاتًا ● وَجَنَّٰتٍ أَلْفَافًا

"ഭൂമിയെ നാം ഒരു വിരിപ്പും, പർവതങ്ങളെ ആണികളും ആക്കിയില്ലേ? നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു. രാത്രിയെ നാം ഒരു വസ്ത്രമാക്കുകയും പകലിനെ നാം ജീവസന്ധാരണവേളയാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കു മീതെ



ബലിഷ്ഠമായ ഏഴു ആകാശങ്ങൾ നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. കാർമേഘങ്ങളിൽനിന്ന് കുത്തിയൊഴുകുന്ന വെള്ളം നാം ഇറക്കുകയും ചെയ്തു. അതുമുഖേന ധാന്യവും സസ്യവും ഇടതൂർന്ന തോട്ടങ്ങളും നാം പുറത്തുകൊണ്ടുവരാൻ വേണ്ടി" (78:6-16).

ഈ സൂക്തങ്ങളിൽ ഖാലിക്, ബദീഅ്, അൽബാരിഅ്, അൽമുസ്വവ്വിർ എന്നീ പദങ്ങളിലാണ് അല്ലാഹുവെന്ന സ്രഷ്ടാവിനെ പരിചയപ്പെടുത്തുന്നത്. ഇവയെ യഥാക്രമം സ്രഷ്ടാവ്, ശൂന്യതയിൽനിന്ന് മുൻ മാതൃകയില്ലാതെ നിർമിക്കുന്നവൻ, കർത്താവ്, രൂപകൽപന നടത്തുന്നവൻ എന്നിങ്ങനെ പരിഭാഷപ്പെടുത്താവുന്നതാണ്.

സൃഷ്ടിയെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ട്. അല്ലാഹുവിനെ പ്രപഞ്ചത്തിൻെറ കേവലമായ ഒരു നിമിത്തമായിക്കൊണ്ടല്ല ഖുർആൻ പരിചയപ്പെടുത്തുന്നത്; പ്രത്യുത, പ്രപഞ്ചത്തിൻെറ സൃഷ്ടിയും പരിപാലനവുമെല്ലാം അല്ലാഹുവിൻെറ തീരുമാനത്തിനും ഇച്ഛക്കും വിധേയമായിട്ടാണ് നടക്കുന്നത് എന്നാണ്. നിർഗുണ സത്തയാണ് ദൈവമെന്ന് പറയുന്നവർ, അവനെ ഇച്ഛാശക്തിയില്ലാത്തവനായാണ് അവതരിപ്പിക്കുന്നത്. എന്നാൽ, വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു ഇച്ഛാശക്തിയുള്ളവനും ഓരോ കാര്യങ്ങളും തൻെറ തീരുമാനാനുസൃതം നടത്തുന്നവനുമാകുന്നു.

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ

"താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്നു പറയുക, മാത്രമാകുന്നു അവൻെറ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു" (36:82).

إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ

"തീർച്ചയായും നിൻെറ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് തികച്ചും നടപ്പാക്കുന്നവനാകുന്നു" (11:107).

إِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ

"തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു"(22:14).

നമുക്ക് ചുറ്റുമുള്ള ജീവനുള്ളതും ഇല്ലാത്തതുമായ വസ്തുക്ക

ളെല്ലാം അല്ലാഹുവിന്റെ ശക്തിയുടെ പ്രകടമായ ദൃഷ്ടാന്തങ്ങളാണ്. ശുദ്ധശൂന്യതയിൽനിന്നുള്ള പ്രപഞ്ചത്തിന്റെ സൃഷ്ടിതന്നെ അവൻ സർവശക്തനാണെന്ന് വ്യക്തമാക്കുന്നു. ഖാദിർ എന്ന ദൈവിക വിശേഷണം അവൻ സർവശക്തനാണെന്ന് വ്യക്തമാക്കുന്നു. ഈ പദത്തിന്റെ അർഥം 'എല്ലാ കാര്യത്തിനും കഴിവുള്ളവൻ' എന്നാണ്. ഇതിന്റെ അതേ ധാതുവിൽനിന്ന് നിക്ഷ്പന്നമായ വേറെയും വിശേഷണങ്ങൾ വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. മുഖ്തദിർ, ഖാദിർ എന്നിവയാണവ. മുഖ്തദിർ എന്ന പദത്തെ 'പൂർണശക്തിയുള്ളവൻ' എന്നു പരിഭാഷപ്പെടുത്താം. ഖദീറിന്റെയും ഖാദിറിന്റെയും സാരം ഏകദേശം ഒന്നുതന്നെ.

അല്ലാഹുവിന്റെ ശക്തിയെ ദ്യോതിപ്പിക്കുവാൻ വേണ്ടി മറ്റു ചില പദങ്ങൾ കൂടി ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഖവിയ്യ്, മതീൻ, അദ്വീം എന്നിവ അവയിൽ ചിലതത്രെ. 'ഖവിയ്യ്' എന്ന പദത്തിന് ശക്തിയുടെ എല്ലാ ഘടകങ്ങളും ഒത്തുചേർന്നവനും ഒരിക്കലും ദൗർബല്യം പിടികൂടാത്തവനുമെന്നാണർഥം. മതീനിന് അതിശക്തൻ എന്നും അദ്വീമിന് മഹാൻ എന്നും അർഥം പറയാവുന്നതാണ്.

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّهُۥ يُحْىِ ٱلْمَوْتَىٰ وَأَنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"അല്ലാഹുതന്നെയാണ് സത്യസ്വരൂപൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാണ്" (22:6).

تَبَٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"ആധിപത്യം ഏതൊരുവന്റെ കൈയിലാണോ അവൻ അനുഗ്രഹപൂർണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു'' (67:1).

وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ مُّقْتَدِرًا

"അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു'' (18:45).

إِنَّ ٱللَّهَ قَوِىٌّ عَزِيزٌ

"തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു" (57:25).



إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ

"തീർച്ചയായും അല്ലാഹുതന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും"(51:58).

الله

10

# രക്ഷകനും മാർഗദർശിയും

വിസ്മയകരമായ ഈ പ്രപഞ്ചത്തിൻെറ കേവലമൊരു നിമിത്തം മാത്രമല്ല, സ്രഷ്ടാവായ തമ്പുരാൻ. ഇവിടെയുള്ള സകലപ്രതിഭാസങ്ങളുടെയും കാരണം അവനാണ്; അതേ പോലെതന്നെ അവയെ നിലനിർത്തുന്നതും സംരക്ഷിക്കുന്നതുമെല്ലാം അവൻതന്നെയാണ്. സൃഷ്ടിക്ക് ഒരു ദൈവവും പരിപാലനത്തിന് മറ്റൊരു ദൈവവുമെന്ന സങ്കൽപം അർഥരഹിതമാണ്. ഓരോ വസ്തുവിൻെറയും സ്രഷ്ടാവിനാണ് അതിനെക്കുറിച്ച് കൃത്യവും സൂക്ഷ്മവുമായി അറിയാൻ കഴിയുക. ഓരോന്നും എന്തായിത്തീരണമോ അത് ആയിത്തീരുന്നതിന്നാവശ്യമായ സംവിധാനങ്ങളൊരുക്കുന്നതിന്നാണല്ലോ പരിപാലനം എന്നു പറയുന്നത്. പരിപാലകന് പരിപാലിക്കപ്പെടുന്നതിനെക്കുറിച്ച് കൃത്യമായ ജ്ഞാനം അനിവാര്യമാണ്. ആരാണോ സ്രഷ്ടാവ്, അവന്നുതന്നെയാണ് പ്രാപഞ്ചിക പ്രതിഭാസങ്ങളെയെല്ലാം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യാൻ കഴിയുക.

സർവലോകരക്ഷിതാവാണ് അല്ലാഹു. പരമാണു മുതൽ നക്ഷത്രജാലങ്ങൾ വരെയും അമീബ മുതൽ നീലത്തിമിംഗലം വരെയുമുള്ള സകല സചേതന-അചേതന വസ്തുക്കളുടെയും സ്രഷ്ടാവും പരിപാലകനും സംരക്ഷകനും നിയന്താവുമാണവൻ. 'റബ്ബ്' എന്ന പദത്തെ 'രക്ഷിതാവ്' എന്നോ 'നാഥൻ' എന്നോ സാമാന്യമായി ഭാഷാന്തരം ചെയ്യാം. ഉണ്ടാക്കി, പടിപടിയായി വളർത്തി, ഓരോ ഘട്ടത്തിലും വേണ്ടതൊക്കെ നൽകി പൂർണതയിലെത്തിക്കൽ എന്നാണ് റുബൂബിയ്യത്തിനർഥം. ഇതു ചെയ്യുന്നവനാണ് റബ്ബ്. വിശുദ്ധ ഖുർആനിൽ ഉടനീളം പ്രയോഗിക്കപ്പെട്ടിട്ടുള്ള ഒരു ദൈവികനാമമാണ് റബ്ബ്. ഖുർആനിലെ പ്രഥമാധ്യായമായ സൂറഃ ഫാതിഹ തുടങ്ങുന്നത്



ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ

'സർവ സ്തുതിയും സർവലോക പരിപാലകനായ അല്ലാഹുവിനാകുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. (1:1).

സർവലോകങ്ങളുടെയും രക്ഷിതാവാണ് അല്ലാഹു. ഇവിടെ 'റബ്ബിൽ ആലമീൻ' എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. 'ആലം' എന്നാൽ ലോകം എന്നർഥം. സ്വതവേതന്നെ ബഹുവചനനാമമായ (ഏകവചനമില്ലാത്ത ബഹുവചനനാമമമാണ് 'ആലം') ആലമിൻെറ ബഹുവചനമാണ് 'ആലമീൻ'. സകല ലോകങ്ങളും എന്നർഥം. അല്ലാഹുവൊഴിച്ച് എന്തെല്ലാം നിലനിൽക്കുന്നുണ്ടോ അതിനെയെല്ലാം ഉൾക്കൊള്ളുന്ന പദമാണ് 'ആലമീൻ' -'സർവലോകങ്ങൾ' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഇതിനെയാണ്. അല്ലാഹുവൊഴിച്ച് എന്തെല്ലാമുണ്ടോ അതിൻെറയെല്ലാം സ്രഷ്ടാവും പരിപാലകനുമാണ് അവൻ. നമുക്ക് അറിയാവുന്നതും അല്ലാത്തതുമായ പ്രപഞ്ചങ്ങളുടെയും ജിന്നുകൾ, മലക്കുകൾ തുടങ്ങിയ നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമല്ലാത്ത സൃഷ്ടികളുടെയുമെല്ലാം നാഥനാണ് റബ്ബ്- അല്ലാഹു.

അല്ലാഹുവിനെ സർവലോകരക്ഷിതാവായി പരിചയപ്പെടുത്തുന്ന ഇസ്‌ലാം സകല സങ്കുചിതത്വങ്ങളുടെയും അടിവേരറുക്കുന്നു. ഏതെങ്കിലും ഒരു വർഗത്തിൻെറയോ ജാതിയിലുള്ളവരുടെയോ വർണക്കാരുടെയോ മതത്തിൽ ജനിച്ചവരുടെയോ മാത്രം രക്ഷിതാവല്ല അല്ലാഹു; അവൻ സകലരുടെയും നാഥനാണ്. ചെറുതും വലുതുമായ സകല പ്രതിഭാസങ്ങളുടെയും പരിപാലകനാണവൻ. അവൻെറ സൃഷ്ടികളാണ് എല്ലാം. ഉന്നതരും അധമരുമായി സമൂഹം ഗണിക്കുന്നവരെല്ലാം ഒരേ നാഥൻെറ ദാസന്മാരാണ്. പിന്നെ, ജന്മത്തിൻെറ പേരിലുള്ള ഉച്ചനീചത്വങ്ങൾക്ക് സ്ഥാനമെവിടെ?

സർവലോകരക്ഷിതാവായ തമ്പുരാനെ മാത്രം ആരാധിക്കുവാനാണ് മനുഷ്യവർഗത്തോടുള്ള ഖുർആനിൻെറ അനുശാസന. വ്യത്യസ്ത ജാതിക്കാരും മതക്കാരും 'തങ്ങളുടെ' ദൈവങ്ങളെ ആരാധിക്കു

കയും ആ ദൈവങ്ങളുടെ പേരിൽ സംഘട്ടനങ്ങളും സംഘർഷങ്ങളും നിലനിൽക്കുകയും ചെയ്യുന്നു. ഖുർആൻ എല്ലാവരോടുമായി പറയുന്നത് സർവലോകത്തിൻെറയും നാഥനായ തമ്പുരാനെ മാത്രം ആരാധിക്കുവാനും അങ്ങനെ സങ്കുചിതത്വങ്ങളിൽനിന്ന് മുക്തരാകുവാനുമാണ്.

يَٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ • ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ

“ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപ്പുരയുമാക്കിത്തരികയും ആകാശത്തിൽനിന്ന് വെള്ളം ചൊരിഞ്ഞ് തന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ച് തരികയും ചെയ്ത (നാഥനെ). അതിനാൽ അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്” (2:21, 22).

ഒരേയൊരു ദൈവം ഒരൊറ്റ ജനതയെന്നതാണ് ഇസ്‌ലാമിൻെറ മുദ്രാവാക്യം. സർവലോകങ്ങളുടെയും നാഥനായ തമ്പുരാനെ മാത്രം ആരാധിക്കുന്നതിലൂടെയാണ് ഈ മുദ്രാവാക്യം പ്രാവർത്തികമാക്കപ്പെടുക.

وَإِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱتَّقُونِ

“തീർച്ചയായും ഇതാണ് നിങ്ങളുടെ സമുദായം. ഏകസമുദായം. ഞാനാണ് നിങ്ങളുടെ രക്ഷിതാവ് അതിനാൽ നിങ്ങൾ എന്നെ സൂക്ഷിച്ച് ജീവിക്കുവിൻ” (23:52).

മുഹമ്മദ് നബി(ﷺ)ക്ക് ആദ്യമായി അവതരിപ്പിക്കപ്പെട്ട ഖുർആൻ വചനങ്ങൾ ‘റബ്ബി’നെ പരിചയപ്പെടുത്തിക്കൊണ്ടുള്ളവയായിരുന്നു.



ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ • خَلَقَ ٱلْإِنسَٰنَ مِنْ عَلَقٍ • ٱقْرَأْ وَرَبُّكَ ٱلْأَكْرَمُ • ٱلَّذِى عَلَّمَ بِٱلْقَلَمِ • عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ

“സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യനെ അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു”(96:1-5).

പ്രവാചകന്മാരുടെയെല്ലാം പ്രാർഥനകൾ റബ്ബിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ളവയായിരുന്നു.

قَالَا رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ

“അവർ രണ്ടുപേരും (ആദമും ഹവ്വയും) പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണകാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും” (7:23).

وَقُل رَّبِّ أَنزِلْنِى مُنزَلًا مُّبَارَكًا وَأَنتَ خَيْرُ ٱلْمُنزِلِينَ

“എൻെറ രക്ഷിതാവേ! അനുഗൃഹീതമായ ഒരു താവളത്തിൽ നീ എന്നെ ഇറക്കിത്തരേണമേ. നീയാണല്ലോ ഇറക്കിത്തരുന്നവരിൽ ഏറ്റവും ഉത്തമൻ’ എന്നും പറയുക (എന്ന് നൂഹിന് നാം ബോധനം നൽകി)” (23:29).

وَإِذْ يَرْفَعُ إِبْرَٰهِـۧمُ ٱلْقَوَاعِدَ مِنَ ٱلْبَيْتِ وَإِسْمَٰعِيلُ رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ

“ഇബ്റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിൻെറ (കഅ്ബയുടെ) അടിത്തറ കെട്ടിയുയർത്തിക്കൊണ്ടിരുന്ന സന്ദർഭവും (അനുസ്മരിക്കുക). (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ

രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:127).

رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ ٱلْأَحَادِيثِ ۚ فَاطِرَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ أَنتَ وَلِىِّۦ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّـٰلِحِينَ

"(യൂസുഫ് പ്രാർഥിച്ചു:) എൻെറ രക്ഷിതാവേ നീ എനിക്ക് ഭരണാധികാരത്തിൽനിന്ന് (ഒരംശം) നൽകുകയും സ്വപ്നവാർത്തകളുടെ വ്യാഖ്യാനത്തിൽനിന്നും (ചിലത്) നീ എനിക്ക് പഠിപ്പിച്ചുതരികയും ചെയ്തിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ! നീ ഇഹത്തിലും പരത്തിലും എൻെറ രക്ഷാധികാരിയാവുന്നു. നീ എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ" (12:101).

وَقُل رَّبِّ أَعُوذُ بِكَ مِنْ هَمَزَٰتِ ٱلشَّيَـٰطِينِ ● وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ

"(നബിയെ) നീ പറയുക: എൻെറ രക്ഷിതാവേ! പിശാചുക്കളുടെ ദുർബോധനങ്ങളിൽനിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അവർ (പിശാചുക്കൾ) എൻെറയടുത്ത് സന്നിഹിതരാവുന്നതിൽനിന്നും എൻെറ രക്ഷിതാവേ! ഞാൻ നിന്നോട് രക്ഷതേടുന്നു" (23:97-98).

وَقُل رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ

"(നബിയേ) പറയുക: എൻെറ രക്ഷിതാവേ! നീ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റവും ഉത്തമനാണല്ലോ" (23:118).

റബ്ബിനെ പരിചയപ്പെടുത്തുന്ന ഏതാനും സൂക്തങ്ങളുടെ സാരം നോക്കുക:

ٱللَّهُ لَآ إِلَـٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ

'മഹത്തായ സിംഹാസനത്തിൻെറ നാഥനായ അല്ലാഹു അല്ലാതെ യാതൊരു ദൈവവുമില്ല" (27:26).



فَلِلَّهِ ٱلْحَمْدُ رَبِّ ٱلسَّمَـٰوَٰتِ وَرَبِّ ٱلْأَرْضِ رَبِّ ٱلْعَـٰلَمِينَ

"അപ്പോൾ ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും ലോകരുടെ രക്ഷിതാവുമായ അല്ലാഹുവിനാണ് സ്തുതി" (45:36).

قَالَ رَبُّنَا ٱلَّذِىٓ أَعْطَىٰ كُلَّ شَىْءٍ خَلْقَهُۥ ثُمَّ هَدَىٰ

"അദ്ദേഹം (മൂസാ) പറഞ്ഞു: ഓരോ വസ്തുവിനും അതിൻെറ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്" (20:50).

സർവലോകരക്ഷിതാവിൻെറ സംരക്ഷണത്തിൽ നടക്കുന്ന സൃഷ്ടിപ്രപഞ്ചത്തിലൂടെ കണ്ണോടിക്കുന്നവർക്ക് അവിടെ നിലനിൽക്കുന്ന മാർഗദർശനം വ്യക്തമായി കാണാൻ കഴിയും. ഓരോ വസ്തുവും എന്തായിത്തീരണമോ അത് ആയിത്തീരുവാനാവശ്യമായ പൂർണമായ മാർഗദർശനം. സ്ഥൂലപ്രപഞ്ചത്തിൻെറയും സൂക്ഷ്മപ്രപഞ്ചത്തിൻെറയും നിലനിൽപിന് ആധാരമായി ഭവിക്കുന്ന നിയമങ്ങൾ ഈ മാർഗദർശനത്തെ വ്യക്തമായി വെളിപ്പെടുത്തുന്നു. ജീവികൾക്ക് ജന്മനാ നൽകപ്പെട്ടിരിക്കുന്ന വാസനകളും അവയുടെ ജീവിത വ്യവഹാരങ്ങൾക്കാവശ്യമായ വർത്തനങ്ങളുമെല്ലാം വ്യക്തമാക്കുന്നത് ഈ മാർഗദർശനംതന്നെ.

നമ്മുടെ ചുറ്റുപാടുകളിലേക്ക് കണ്ണോടിക്കുക. വ്യത്യസ്തങ്ങളായ ഫലങ്ങളുൽപാദിപ്പിക്കുന്ന സസ്യങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഭൂമിയിൽ ജന്തുക്കളുടെ ജീവിതം അസാധ്യമാകുമായിരുന്നു. മനുഷ്യനടക്കമുള്ള ജന്തുക്കൾ ഉച്ഛ്വസിക്കുന്ന കാർബൺഡയോക്സൈഡ് വലിച്ചെടുത്ത് ജീവികളുടെ നിശ്വാസവായുവായ ഓക്സിജൻ പുറത്തുവിടുന്നത് ഹരിത സസ്യങ്ങളാണ്. സസ്യങ്ങളില്ലെങ്കിൽ ജന്തുക്കൾക്കോ, ജന്തുക്കളില്ലെങ്കിൽ സസ്യങ്ങൾക്കോ ജീവിക്കാൻ വയ്യാത്ത അവസ്ഥ. ശ്വസനത്തിൻെറ കാര്യത്തിൽ മാത്രമല്ല, ഭക്ഷണത്തിൻെറയും രോഗപ്രതിരോധത്തിൻെറയും രംഗങ്ങളിൽ ഈ പരസ്പര സഹകരണം കാണാം.

ഒരുദാഹരണം. സസ്യങ്ങൾക്ക് പ്രത്യുൽപാദനം നടത്തണമെങ്കിൽ ആൺപൂവിലുള്ള പൂമ്പൊടി പെൺപൂവിൻെറ കേസരത്തിൽ പതിക്കണം. ജന്തുക്കളെപ്പോലെ ചലന സ്വാതന്ത്ര്യമുള്ളവയല്ലല്ലോ

സസ്യങ്ങൾ. ഇതിനു സസ്യങ്ങൾ ചില ഷഡ്പദങ്ങളുടെ സഹായം തേടുന്നു. ആൺപൂവിൽനിന്ന് പൂമ്പൊടി പെൺപൂവിലെത്തിക്കുന്നത് ഈ ഷഡ്പദങ്ങളാണ്. ഷഡ്പദങ്ങളെ ആകർഷിക്കാനാണ് പുഷ്പങ്ങൾക്ക് നിറങ്ങളും മണവുമുള്ളത്. പ്രത്യുൽപാദനത്തിന് പാകമായ പൂക്കൾ പ്രകടിപ്പിക്കുന്ന നിറത്തിലും തേനിലും ആകൃഷ്ടരായെത്തുന്ന ഷഡ്പദങ്ങളുടെ കാലുകളിലൂടെ അവപോലുമറിയാതെ പരാഗണം നടക്കുന്നു. തങ്ങളുടെ പ്രത്യുൽപാദനത്തിന് സഹായിക്കുന്ന ഷഡ്പദങ്ങൾക്ക് പൂക്കൾ നൽകുന്ന സമ്മാനമാണ് തേൻ എന്നു വേണമെങ്കിൽ പറയാം. എത്ര വ്യവസ്ഥാപിതമായിട്ടാണ് കാര്യങ്ങൾ സംവിധാനിച്ചിരിക്കുന്നത്! ഇവയെല്ലാം ഒരു അജയ്യനായ സ്രഷ്ടാവിൻെറ ആസൂത്രിത പ്രവർത്തനങ്ങളായിട്ടാണോ അതല്ല, കേവലയാദൃശ്ചികതയുടെ വേലകളായിട്ടാണോ ചിന്തിക്കുന്ന മനുഷ്യൻ മനസ്സിലാക്കേണ്ടത് ?

പലപ്പോഴും, ജീവികളുടെ ജന്മവാസന (instinct) മനുഷ്യരെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ വിജ്ഞാനത്തിലൂടെ മനുഷ്യൻ നേടിയെടുത്ത കഴിവുകളിൽ പലതും ജീവികൾക്ക് ജന്മനാ ലഭിച്ചിട്ടുണ്ടെന്നതാണ് വസ്തുത.

കാട്ടിലെ എഞ്ചിനീയർ എന്ന് വിളിക്കപ്പെടുന്ന ബീവറിനെ നോക്കുക. ശരാശരി ഒരു മീറ്റർ നീളവും പതിനേഴ് കിലോഗ്രാം തൂക്കവുമുള്ള ബീവറിനെ യൂറോപ്യൻ കാടുകളിലും വടക്കേ അമേരിക്കയിലെ ചില വനങ്ങളിലുമാണ് സാധാരണ കണ്ടുവരുന്നത്. വളരെയധികം വണ്ണമുള്ള മരങ്ങൾ തൻെറ ഉളിപ്പല്ലുകൾ കൊണ്ട് കാർന്നുമുറിച്ച് തള്ളിയിട്ടശേഷം ചെറുതായി മുറിച്ച് അരുവിയിലെ ജലത്തിലിട്ട് ഒഴുക്കിനനുകൂലമായി താഴോട്ട് തനിക്ക് വീടുണ്ടാക്കാൻ നിശ്ചയിച്ച സ്ഥലത്തേക്ക് ബീവർ കൊണ്ടുപോകുന്നു. അവ കല്ലും ചളിയുമുപയോഗിച്ച് വെള്ളത്തിൽ താഴ്ത്തിവെച്ച് അതിനാവശ്യമായ ഉയരത്തിലേക്ക് ജലവിതാനം ഉയർത്തുകയും അത് അണകെട്ടി നിർത്തുകയും ചെയ്യുന്നു. ഈ അണക്കെട്ടിനകത്ത് മരച്ചില്ലകൾ ചളികൂട്ടി ഒട്ടിച്ചുകൊണ്ടാണ് ചിരട്ട കമിഴ്ത്തിവെച്ച ആകൃതിയിലുള്ള തൻെറ ഭവനം ബീവർ നിർമ്മിക്കുന്നത്. വായു സഞ്ചാരത്തിനായി കൂടിൻെറ മുകൾഭാഗം തുറന്നിട്ടിരിക്കും. കൂട്ടിൽനിന്ന് വെള്ളത്തിനടിയിലേക്ക് തുരന്ന തുരങ്കത്തിലൂടെ മാത്രമേ വീട്ടിനകത്തേക്ക് പ്രവേശന മാർഗ്ഗമുണ്ടാവുകയുള്ളൂ. ആധുനിക മനുഷ്യരുടെ എയർകണ്ടീഷനറുകളെ



പോലും വെല്ലുന്ന രീതിയിലാണത്രെ ബീവറിൻെറ കൂടിനുള്ളിലെ എയർകണ്ടീഷനിംഗ് സംവിധാനം! ഇത് ബീവറിന് ആരും പഠിപ്പിച്ചുകൊടുത്തതല്ല. ജന്മസിദ്ധമായി അല്ലാഹു നൽകിയ ബോധം മാത്രം.

നമുക്കെല്ലാം പരിചയമുള്ള തേനീച്ചയും പാർപ്പിട നിർമ്മാണരംഗത്തെ അതികായന്മാരാണ്. സ്വന്തം ചിറകുകൾക്കിടയിൽനിന്ന് നിർഗളിക്കപ്പെടുന്ന മെഴുകുപയോഗിച്ച് കൃത്യമായ ആറ് കോണുകളുള്ള അറകളോട് കൂടിയ കൂടുണ്ടാക്കുന്ന തൊഴിലാളി തേനീച്ചക്ക് അതിൻെറ നിർമാണത്തെക്കുറിച്ച് ആരും പറഞ്ഞുകൊടുത്തിട്ടില്ല. ജ്യാമിതീയ കണിശതയോടും ഒട്ടും മെഴുക് അധികച്ചെലവ് വരാതെയും നിർമിക്കപ്പെടുന്ന തേനീച്ചകൂടുകൾ എഞ്ചിനീയർമാർക്കെല്ലാം അത്ഭുതം തന്നെയാണ്. ആരാണ് ഇതിന് പിന്നിലെ ശക്തി?

ആരൽ (Eel) മൽസ്യത്തിൻെറ സമുദ്രയാത്ര ജന്തുശാസ്ത്രജ്ഞന്മാരെ ഇന്നും അത്ഭുതപ്പെടുത്തുന്നു. ബെർമുഡയുടെ തെക്കുകിഴക്ക് 950 കിലോമീറ്റർ മാറി സർഗാസോ കടലിൽ വെച്ചാണ് ആരലുകൾ പുനരുൽപാദനം നടത്തുന്നത്. യൂറോപ്യൻ സമുദ്രങ്ങളിൽ വസിക്കുന്ന ആരലുകൾ തങ്ങളുടെ പ്രജനന കാലമെത്തിയാൽ ശരാശരി നാലായിരം കിലോമീറ്റർ സഞ്ചരിച്ച് സർഗാസോ കടലിലെത്തുന്നു. സർഗാസോയുടെ അഗാധതകളിൽ ചെന്ന് ലക്ഷക്കണക്കിന് മുട്ടകളിട്ടശേഷം ഈ ആരലുകൾ അവിടെത്തന്നെ ജീവിതമവസാനിപ്പിക്കുന്നു. ഈ മുട്ടകളിൽനിന്ന് വിരിയുന്ന ആരൽക്കുഞ്ഞുങ്ങൾ അമ്മ വന്ന വഴി മുഴുവൻ താണ്ടി യൂറോപ്യൻ സമുദ്രങ്ങളിൽ എവിടെ നിന്നാണോ അമ്മ യാത്രതിരിച്ചത് അതേ സ്ഥലത്തുതന്നെ എത്തിച്ചേരുന്നു. എന്തൊരത്ഭുതം! ആരും വഴികാണിക്കാനില്ലാതെ ആയിരക്കണക്കിന് കിലോമീറ്റർ താണ്ടി കൃത്യസ്ഥലത്തെത്തിച്ചേരുക. അതും മുമ്പൊരിക്കലും പോയിട്ടില്ലാത്ത വഴികളിലൂടെ- എങ്ങനെയിത് സാധിക്കുന്നു?

ദേശാടനപക്ഷികളുടെ യാത്രയെപ്പറ്റി അത്ഭുതം കൂറുന്ന കണ്ണുകളോടെയല്ലാതെ നമുക്ക് കേട്ടിരിക്കാൻ കഴിയില്ല. ഏറ്റവും ദീർഘമായ ദേശാടനം നടത്തുന്ന ആർടിക്ടേൺ, ശൈത്യകാലത്ത് ആർട്ടിക്കിൽനിന്ന് പുറപ്പെട്ട് പതിനേഴായിരം കിലോമീറ്റർ പറന്ന് വേനലാകുമ്പോഴേക്ക് അൻറാർട്ടിക്കയിലെത്തിച്ചേരുന്നു. അവിടെ അൽപദിവസം തങ്ങിയശേഷം താൻ വന്ന അതേ വഴിയിലൂടെ തന്നെ പുറപ്പെട്ട കൃത്യസ്ഥലത്തുതന്നെ എത്തിച്ചേരുന്നു. ആരാണിവർക്ക് വഴികാ

ട്ടിക്കൊടുക്കുന്നത്? ജന്മവാസന മാത്രം!

ചില പ്രത്യേകതരം നൃത്തങ്ങളിലൂടെ തങ്ങളുടെ കൂട്ടാളികൾക്ക് പൂക്കളുള്ള സ്ഥലത്തെക്കുറിച്ച് വ്യക്തമായ അറിവ് കൊടുക്കുന്നവരാണ് തേനീച്ചകൾ. നാർസിൻ, ടോർപിഡോ തുടങ്ങിയ മത്സ്യവർഗ്ഗങ്ങൾ ശരീരത്തിൽനിന്ന് അറുനൂറ് വാട്ട് വരെ ശക്തിയുള്ള വൈദ്യുതിയുൽപാദിപ്പിക്കുന്നവയാണ്. ചുറ്റുപാടിലെ താപനിലയിലുള്ള വ്യതിയാനങ്ങൾ മനസ്സിലാക്കാൻ 'ഇൻഫ്രാറെഡ് സ്വീകരണി'കളെ ഉപയോഗിക്കുന്നവരാണ് ക്രോട്ടോലിഡേക്ക്, ബെയ്ഡേക്ക് എന്നീ കുടുംബങ്ങളിൽപ്പെട്ട പാമ്പുകൾ. തൻെറ പിന്നിൽ വരുന്നവർക്ക് വഴികാട്ടാനായി ഫെറോമോണുകൾ എന്ന രാസസന്ദേശം ഉൽപാദിപ്പിക്കുന്നവരാണ് ഉറുമ്പുകൾ. മരുഭൂമിയിൽ ജീവിക്കാനാവശ്യമായ എല്ലാവിധ അനുകൂലനങ്ങളും ഒട്ടകങ്ങളിലുണ്ട്. മിന്നാമിനുങ്ങുകൾ, ഏകകോശ ജീവിയായ നോക്ടിലൂക്ക, ചിലയിനം മൽസ്യങ്ങൾ എന്നിവക്ക് ശരീരത്തിലെ ചില രാസപ്രവർത്തനങ്ങൾ വഴി പ്രകാശം നിർമ്മിക്കാനുള്ള കഴിവുണ്ട്. സൂര്യനെ ആസ്പദമാക്കി ശരിയായ ദിശ മനസ്സിലാക്കാൻ സാധിക്കുന്നവയാണ് രാജഞണ്ടു (king crab) കൾ. ഇതെല്ലാം നൈസർഗികമായ കഴിവുകൾ അഥവാ ദൈവികമായ മാർഗദർശമാണ്!

താനാണ് ദൈവമെന്ന് വാദിച്ച അഹങ്കാരിയായ ഫറോവാ ചക്രവർത്തിയുടെ കൊട്ടാരത്തിൽ ചെന്ന് അദ്ദേഹത്തെ സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിൻെറ മാർഗദർശനത്തിലേക്ക് ക്ഷണിച്ച മൂസയോടും സഹോദരൻ ഹാറൂനോടും ആരാണ് 'നിങ്ങളുടെ രക്ഷിതാവ്?' എന്നു ചോദിച്ചപ്പോൾ 'സൃഷ്ടികൾക്കെല്ലാം അവയുടെ പ്രകൃതം നൽകുകയും മാർഗദർശനം നൽകുകയും ചെയ്യുന്നവൻ' എന്ന് ഉത്തരം നൽകിയതായാണ് ഖുർആൻ പഠിപ്പിക്കുന്നത്.

قَالَ فَمَن رَّبُّكُمَا يَـٰمُوسَىٰ ● قَالَ رَبُّنَا ٱلَّذِىٓ أَعْطَىٰ كُلَّ شَىْءٍ
خَلْقَهُۥ ثُمَّ هَدَىٰ

"അവൻ (ഫിർഔൻ) ചോദിച്ചു: ഹേ; മൂസാ, അപ്പോൾ ആരാണ് നിങ്ങളുടെ രണ്ടുപേരുടെയും രക്ഷിതാവ്? അദ്ദേഹം (മൂസാ) പറഞ്ഞു: ഓരോ വസ്തുവിനും അതിൻെറ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന് ) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്" (20:49, 50).



പ്രാപഞ്ചിക വസ്തുക്കൾക്കെല്ലാം അവയുടേതായ മാർഗദർശനം നൽകിയവൻ തന്നെയാണ് മനുഷ്യശരീരത്തിലെ എല്ലാ വ്യവസ്ഥകളെയും നിയന്ത്രിക്കുകയും മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നത്. അല്ലാഹു നിശ്ചയിച്ച നിയമങ്ങൾ അനുസരിച്ചുകൊണ്ടാണ് നമ്മുടെ ഹൃദയമിടിക്കുന്നതും മസ്തിഷ്കം സ്പന്ദിക്കുന്നതും ഉപാപചയ പ്രവർത്തനങ്ങൾ നടക്കുന്നതുമെല്ലാം. ദൈവികമാർഗദർശനപ്രകാരമാണ് നമ്മുടെ ശരീരത്തിലെ അനൈഛിക പ്രവർത്തനങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. ഐഛിക പ്രവർത്തനങ്ങളുടെ കാര്യത്തിൽ നാം സ്വാതന്ത്ര്യം നൽകപ്പെട്ടവരാണെങ്കിലും അവയ്ക്ക് നിദാനമായ സംവിധാനങ്ങളും നിയമങ്ങളുമെല്ലാം അടിസ്ഥാനപരമായി നിലനിൽക്കുന്നത് ദൈവികമായ മാർഗദർശനത്തിൻെറ അടിസ്ഥാനത്തിൽ തന്നെയാണ്.

എന്നാൽ മനുഷ്യർക്ക് സ്വാതന്ത്ര്യം നൽകപ്പെട്ട ചില മേഖലകളുണ്ട്. ജീവികളെല്ലാം പ്രകൃതിയുടെ ഭാഗം മാത്രമായി ദൈവികമാർഗനിർദേശത്തിന് പൂർണമായും വിധേയമായി, അവയിൽനിന്ന് ഒരൽപംപോലും വ്യതിചലിക്കാനാവാതെ ജീവിക്കുന്നവയാണ്. പ്രകൃതിയെ ഉപയോഗിക്കുവാനും ഉപഭോഗിക്കുവാനും കഴിയുന്ന മനുഷ്യന്, അവൻ ആ രംഗത്ത് സ്വീകരിക്കേണ്ട വിധിവിലക്കുകളെ സംബന്ധിച്ച മാർഗദർശനം ജന്മനാ നൽകപ്പെട്ടിട്ടില്ല. അങ്ങനെ നൽകപ്പെട്ടിരുന്നുവെങ്കിൽ അവയിൽ നിന്ന് വ്യതിചലിക്കുവാൻ അവർക്ക് കഴിയാതാവുകയും 'നന്മതിന്മകളെ വ്യവഛേദിച്ച് മനസ്സിലാക്കി ഇഷ്ടമുള്ളത് സ്വീകരിക്കുവാൻ കഴിയുന്നവൻ' എന്ന മനുഷ്യാസ്തിത്വത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത നഷ്ടപ്പെടുകയും ചെയ്തേനെ.

ധർമാധർമങ്ങളെക്കുറിച്ച് കൃത്യമായ അറിവ് മനുഷ്യന് ജന്മനാ നൽകപ്പെട്ടിട്ടില്ല. പ്രസ്തുത അറിവ് പഠിപ്പിക്കുന്നതിന്നുവേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെ പറഞ്ഞയച്ചത്; വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടതും ഈയൊരു ലക്ഷ്യത്തിനു വേണ്ടിത്തന്നെ. ധർമാധർമങ്ങളുടെ വിഷയത്തിൽ വേദഗ്രന്ഥങ്ങൾ പഠിപ്പിച്ചതും പ്രവാചകന്മാർ പ്രയോഗവൽകരിച്ചു കാണിച്ചുതന്നതുമായ കാര്യങ്ങൾ അപ്പടി സ്വീകരിക്കുകയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ട സമൂഹങ്ങൾ ചെയ്യേണ്ടത്. മുഴുവൻ മനുഷ്യർക്കും മാർഗദർശനം ചെയ്യുന്നതിനു വേണ്ടി നിയോഗിക്കപ്പെട്ട അന്തിമപ്രവാചകൻെറ ആഗമനത്തിനുശേ

ഷം മുഴുവൻ മനുഷ്യരാശിയും സ്വീകരിക്കേണ്ടത് ഖുർആനിൻെറ യും പ്രവാചകചര്യയുടെയും മാർഗദർശനമാണ്. അതിൽ യാതൊന്നും കുറക്കുകയോ കൂട്ടുകയോ ചെയ്യാൻ ഒരാൾക്കും അവകാശമില്ല.

സർവ്വലോകരക്ഷിതാവായ അല്ലാഹുവാണ് മനുഷ്യരുടെ മാർഗദർശകൻ എന്നു പറഞ്ഞുവല്ലോ. നന്മതിന്മകളെക്കുറിച്ച് പ്രവാചകന്മാർ നമുക്ക് അറിയിച്ചു തന്നത് അവൻെറ ബോധനത്തിൻെറ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ നന്മതിന്മകളുടെ വിഷയത്തിൽ പ്രവാചകന്മാർ പഠിപ്പിച്ചത് അവസാനത്തെ വാക്കാണ്. പ്രവാചകന്മാർ നന്മയെന്ന് പഠിപ്പിച്ചവയാണ് നന്മ; തിന്മയെന്ന് പഠിപ്പിച്ചവ തിന്മയും. അതിൽ കൈകടത്തുന്നത് അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിൽ പങ്കുചേർക്കലാണ്. നന്മതിന്മകൾ തീരുമാനിക്കുവാനുള്ള അധികാരം പുരോഹിതന്മാർക്കുണ്ടെന്നു വിശ്വസിച്ച വേദക്കാരെക്കുറിച്ച് ഖുർആനിൽ പരാമർശിച്ചപ്പോൾ 'പണ്ഡിത പുരോഹിതന്മാരെ റബ്ബുകളാക്കിയവർ' എന്നാണ് പറഞ്ഞിരിക്കുന്നത്.

ٱتَّخَذُوٓا۟ أَحْبَارَهُمْ وَرُهْبَـٰنَهُمْ أَرْبَابًا مِّن دُونِ ٱللَّهِ وَٱلْمَسِيحَ
ٱبْنَ مَرْيَمَ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوٓا۟ إِلَـٰهًا وَٰحِدًا ۖ لَّآ إِلَـٰهَ إِلَّا هُوَ ۚ
سُبْحَـٰنَهُۥ عَمَّا يُشْرِكُونَ

"അവരുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും മർയമിൻെറ മകനായ മസീഹിനെയും അല്ലാഹുവിനു പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ, ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ ഒരു ദൈവവുമില്ല. അവർ പങ്കു ചേർക്കുന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധൻ!" (9:31).

ഈ വചനം വിശദീകരിക്കുന്ന ഹദീഥ് നോക്കുക:

عَنْ عَدِيِّ بْنِ حَاتِمٍ قَالَ أَتَيْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ
وَفِي عُنُقِي صَلِيبٌ مِنْ ذَهَبٍ فَقَالَ يَا عَدِيُّ اطْرَحْ عَنْكَ هَذَا
الْوَثَنَ وَسَمِعْتُهُ يَقْرَأُ فِي سُورَةِ بَرَاءَةٌ ( اتَّخَذُوا أَحْبَارَهُمْ



وَرُهْبَانَهُمْ أَرْبَابًا مِنْ دُونِ اللَّهِ ) قَالَ أَمَا إِنَّهُمْ لَمْ يَكُونُوا
يَعْبُدُونَهُمْ وَلَكِنَّهُمْ كَانُوا إِذَا أَحَلُّوا لَهُمْ شَيْئًا اسْتَحَلُّوهُ وَإِذَا
حَرَّمُوا عَلَيْهِمْ شَيْئًا حَرَّمُوهُ

"അദിയ്യുബ്നു ഹാതിമിൽ(ﷺ) നിന്ന് നിവേദനം. ഞാൻ നബി(ﷺ)ക്കടുത്തേക്ക് വന്നു. എന്റെ കഴുത്തിൽ ഒരു സ്വർണക്കുരിശുണ്ടായിരുന്നു. അപ്പോൾ പ്രവാചകൻ (ﷺ) പറഞ്ഞു അദിയ്യേ നീ ഈ വിഗ്രഹത്തെ ഉപേക്ഷിച്ചേക്കൂ. അപ്പോൾ തിരുമേനി സൂറത്തുൽ ബറാഅ: യിലെ 'അവർ തങ്ങളുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരേയും അല്ലാഹുവിന് പുറമെ റബ്ബുകളാക്കി' (9:31) എന്ന സൂക്തം ഓതുന്നതായി ഞാൻ കേട്ടു. അദ്ദേഹം പറഞ്ഞു: അവർ (വേദക്കാർ) അവരെ (പുരോഹിതന്മാരെ) ആരാധിക്കുന്നില്ലെങ്കിലും അവർ അനുവദനീയമാക്കിയതിനെ അനുവദനീയമാക്കുകയും അവർ നിഷിദ്ധമാക്കിയതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്നില്ലേ?" (സുനനുത്തിർമിദി, ഹദീഥ്: 3020). (അവർ പുരോഹിതന്മാരെ ആരാധിക്കുന്നില്ലല്ലോ എന്ന് അദിയ്യ് ചോദിച്ചതിനുള്ള മറുപടിയായാണ് നബി (ﷺ) ഇക്കാര്യം പറഞ്ഞതെന്ന് മറ്റൊരു നിവേദനത്തിലുണ്ട്).

അല്ലാഹു ധർമമെന്ന് പഠിപ്പിച്ച ഏതെങ്കിലുമൊരു കാര്യം അധർമമാണെന്ന് പ്രഖ്യാപിക്കുവാനോ അധർമമാണെന്ന് നിശ്ചയിച്ച എന്തെങ്കിലും ധർമമാണെന്ന് കൽപിക്കുവാനോ ആർക്കെങ്കിലും അവകാശമുണ്ടെന്ന് വിശ്വസിച്ചാൽ അത് അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിൽ പങ്കുചേർക്കലാണ് എന്നർഥം. എല്ലാ അർഥത്തിലുമുള്ള മാർഗദർശനത്തിൻെറ ഉടയവനായ അല്ലാഹുവിനെ അറിയുകയാണ് വേണ്ടത്. ഒരുരംഗത്തും അല്ലാഹുവിന് യാതൊരുവിധ പങ്കുകാരുമില്ല; അതുകൊണ്ടുതന്നെ അല്ലാഹു അനുവദിച്ചതിനെ നിഷിദ്ധമാക്കുവാനോ നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുവാനോ ആർക്കും അവകാശമില്ല.

## 11

# കാരുണികനും നീതിമാനും

ജനനം മുതൽ മരണംവരെ മനുഷ്യരെല്ലാം ദൈവികകാരുണ്യം അനുഭവിക്കുകയും അഭിവീക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ് എന്ന യാഥാർഥ്യം നിഷേധിക്കാൻ ആർക്കുമാവില്ല. നമ്മുടെ ജനനത്തിനും ജീവിതത്തിനുമാവശ്യമായ എന്തെന്ത് സംവിധാനങ്ങളാണ് സ്രഷ്ടാവായ തമ്പുരാൻ ഇവിടെ ഒരുക്കിവെച്ചിരിക്കുന്നത്! ജീവജാലങ്ങളെ ഇണകളായി സൃഷ്ടിച്ചവൻ; പിതാവിൻെറ ബീജവും മാതാവിൻെറ അണ്ഡവും തമ്മിൽ സംയോജിക്കുവാനുള്ള സംവിധാനങ്ങൾ ചെയ്തവൻ; ഭ്രൂണത്തിന് സുരക്ഷിതമായി വളരാനാവശ്യമായ സംവിധാനങ്ങളൊരുക്കി ഗർഭാശയത്തെ കുറ്റമറ്റതാക്കിയവൻ; ഗർഭാശയത്തിൽവെച്ച് ഭ്രൂണത്തെ ഘട്ടംഘട്ടമായി വളർത്തിക്കൊണ്ടുവന്നവൻ; ഓരോ ഘട്ടങ്ങളിലും അതിനാവശ്യമായ പരിരക്ഷ നൽകിയവൻ; ഗർഭസ്ഥശിശുവിന് പൊക്കിൾക്കൊടിയിലൂടെ ആവശ്യമായ പോഷണം എത്തിച്ചവൻ; ഗർഭപാത്രത്തിൽനിന്ന് പുറത്തേക്കുള്ള മാർഗം സുഗമമാക്കിയവൻ; നവജാത ശിശുവിനാവശ്യമായ മുലപ്പാൽ ഒരുക്കിത്തന്നവൻ; പോഷണത്തിനും പ്രതിരോധത്തിനുമാവശ്യമായ ഘടകങ്ങളാൽ സ്തന്യത്തെ നിറച്ചവൻ; വായുവും വെള്ളവും ഭക്ഷണവുമെല്ലാം ഒരുക്കിത്തന്നവൻ- കാരുണ്യമൂർത്തിയായ തമ്പുരാൻെറ അനുഗ്രഹങ്ങളനുഭവിച്ചുകൊണ്ട് ജനിച്ചു ജീവി



ച്ചു വളർന്നുപോകുന്നവർക്കെങ്ങനെയാണ് അവൻെറ കാരുണ്യത്തെ നിഷേധിക്കാനാവുക? ഉദാരനായ അല്ലാഹുവിൻെറ കാരുണ്യങ്ങളെല്ലാം അനുഭവിച്ചുകൊണ്ട് ജീവിക്കുന്നവർക്കെങ്ങനെ കൃതഘ്നനും നിഷേധിയുമായിത്തീരാനാവും?

يَٰٓأَيُّهَا ٱلْإِنسَٰنُ مَا غَرَّكَ بِرَبِّكَ ٱلْكَرِيمِ ● ٱلَّذِى خَلَقَكَ فَسَوَّىٰكَ
فَعَدَلَكَ ● فِىٓ أَىِّ صُورَةٍ مَّا شَآءَ رَكَّبَكَ

"ഹേ; മനുഷ്യാ, ഉദാരനായ നിൻെറ രക്ഷിതാവിൻെറ കാര്യത്തിൽ നിന്നെ വഞ്ചിച്ചുകളഞ്ഞതെന്താണ്? നിന്നെ സൃഷ്ടിക്കുകയും, നിന്നെ സംവിധാനിക്കുകയും, നിന്നെ ശരിയായ അവസ്ഥയിലാക്കുകയും, താനുദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിക്കുകയും ചെയ്തവനത്രെ അവൻ" (82:6-8).

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ قَرَارًا وَٱلسَّمَآءَ بِنَآءً وَصَوَّرَكُمْ
فَأَحْسَنَ صُوَرَكُمْ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ ۖ
فَتَبَارَكَ ٱللَّهُ رَبُّ ٱلْعَٰلَمِينَ

"അല്ലാഹുവാകുന്നു നിങ്ങൾക്ക്വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപ്പുരയും ആക്കിയവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവൻ നിങ്ങളുടെ രൂപങ്ങൾ മികച്ചതാക്കി. വിശിഷ്ട വസ്തുക്കളിൽ നിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അപ്പോൾ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (40:64).

ثُمَّ خَلَقْنَا ٱلنُّطْفَةَ عَلَقَةً فَخَلَقْنَا ٱلْعَلَقَةَ مُضْغَةً فَخَلَقْنَا ٱلْمُضْغَةَ
عِظَٰمًا فَكَسَوْنَا ٱلْعِظَٰمَ لَحْمًا ثُمَّ أَنشَأْنَٰهُ خَلْقًا ءَاخَرَ ۚ فَتَبَارَكَ ٱللَّهُ
أَحْسَنُ ٱلْخَٰلِقِينَ

"പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി.

അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു' (23:14).

ٱلَّذِى خَلَقَ سَبۡعَ سَمَـٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ فِى خَلۡقِ ٱلرَّحۡمَـٰنِ مِن تَفَـٰوُتٍ ۖ فَٱرۡجِعِ ٱلۡبَصَرَ هَلۡ تَرَىٰ مِن فُطُورٍ

"ഏഴു ആകാശങ്ങളെ 'അടുക്കുക'ളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികൻെറ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ, നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചുകൊണ്ടുവരൂ. വല്ല 'വിടവും' നീ കാണുന്നുണ്ടോ?" (67:3).

അല്ലാഹുവിൻെറ ഏറ്റവും പ്രധാനപ്പെട്ട ഉൽകൃഷ്ട ഗുണങ്ങളിലൊന്നായി പരിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നത് 'കരുണ' (റഹ്മത്ത്) ആണ്. കാരുണ്യമൂർത്തിയായാണ്, സംഹാരമൂർത്തിയായിട്ടല്ല അല്ലാഹുവിനെ ഖുർആൻ പരിചയപ്പെടുത്തുന്നതെന്ന് കാണാം.

وَأَيُّوبَ إِذۡ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرۡحَمُ ٱلرَّٰحِمِينَ

"നീ കാരുണികരിൽവെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ" (21:83) എന്ന് അയ്യൂബ് നബി (عليه السلام) അല്ലാഹുവിനെ അഭിസംബോധന ചെയ്തതായി ഖുർആൻ പഠിപ്പിക്കുന്നു. സിംഹാസനം വഹിക്കുന്ന മലക്കുകൾ സദാസമയവും അല്ലാഹുവിനെ ഇങ്ങനെ വാഴ്ത്തുന്നതായി വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നു.

ٱلَّذِينَ يَحۡمِلُونَ ٱلۡعَرۡشَ وَمَنۡ حَوۡلَهُۥ يُسَبِّحُونَ بِحَمۡدِ رَبِّهِمۡ وَيُؤۡمِنُونَ بِهِۦ وَيَسۡتَغۡفِرُونَ لِلَّذِينَ ءَامَنُواْ رَبَّنَا وَسِعۡتَ كُلَّ شَىۡءٍ رَّحۡمَةً وَعِلۡمًا فَٱغۡفِرۡ لِلَّذِينَ تَابُواْ وَٱتَّبَعُواْ سَبِيلَكَ وَقِهِمۡ عَذَابَ ٱلۡجَحِيمِ



"സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും (മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും അവനിൽ വിശ്വസിക്കുകയും വിശ്വസിച്ചവർക്കു വേണ്ടി (ഇപ്രകാരം) പാപമോചനം തേടുകയും ചെയ്യുന്നു; ഞങ്ങളുടെ രക്ഷിതാവേ! നിൻെറ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ" (40:7).

അല്ലാഹു പറയുന്നതായി ഖുർആൻ പരാമർശിക്കുന്ന ഈ വചനവും ശ്രദ്ധേയമാണ്.

وَرَحۡمَتِى وَسِعَتۡ كُلَّ شَىۡءٍ

"എൻെറ കാരുണ്യമാകട്ടെ സർവ വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു" (7:156).

സർവലോക സ്രഷ്ടാവായ അല്ലാഹു കാരുണ്യത്തെ തൻെറ മേലുള്ള ഒരു ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നുവെന്നാണ് ഖുർആൻ പറയുന്നത്.

وَإِذَا جَآءَكَ ٱلَّذِينَ يُؤۡمِنُونَ بِـَٔايَـٰتِنَا فَقُلۡ سَلَـٰمٌ عَلَيۡكُمۡ ۖ كَتَبَ رَبُّكُمۡ عَلَىٰ نَفۡسِهِ ٱلرَّحۡمَةَ ۖ أَنَّهُۥ مَنۡ عَمِلَ مِنكُمۡ سُوٓءًۢا بِجَهَـٰلَةٍ ثُمَّ تَابَ مِنۢ بَعۡدِهِۦ وَأَصۡلَحَ فَأَنَّهُۥ غَفُورٌ رَّحِيمٌ

"നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ നിന്റെയടുക്കൽ വന്നാൽ നീ പറയുക: നിങ്ങൾക്ക് സമാധാനമുണ്ടായിരിക്കട്ടെ!നിങ്ങളുടെ രക്ഷിതാവ് കാരുണ്യത്തെ തൻെറ മേൽ (ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു. അതായത് നിങ്ങളിലാരെങ്കിലും അവിവേകത്താൽ വല്ല തിന്മയും ചെയ്തുപോവുകയും എന്നിട്ട് അതിനു ശേഷം പശ്ചാതപിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്യുന്നപക്ഷം അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രേ" (6:54).

ഒരു ഹദീഥ് കാണുക:

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ لَمَّا قَضَى الْخَلْقَ كَتَبَ عِنْدَهُ فَوْقَ عَرْشِهِ إِنَّ رَحْمَتِي سَبَقَتْ غَضَبِي

"അബൂഹുറയ്റ (ﷺ) നിവേദനം: നബി (ﷺ) അരുളി: അല്ലാഹു സൃഷ്ടിപ്പ് നിർവഹിച്ചുകഴിഞ്ഞപ്പോൾ എന്റെ കാരുണ്യം എന്റെ കോപത്തെ കവച്ചുവെക്കുമെന്ന് തന്റെ ഏടിൽ എഴുതിവെച്ചു. ആ ഏട് സിംഹാസനത്തിന്റെ മുകളിൽ അവൻ സൂക്ഷിച്ചുവെച്ചിരിക്കുന്നു" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 3194).

ഇവിടങ്ങളിൽ കാരുണ്യമെന്ന് പരിഭാഷപ്പെടുത്തപ്പെട്ടിരിക്കുന്നത് 'റഹ്മത്ത്' എന്ന അറബിപദമാണ്. എന്താണ് 'റഹ്മത്ത്'? കാരുണ്യം, സ്നേഹം, വാൽസല്യം, ഔദാര്യം, നന്മ തുടങ്ങിയവ പ്രകടിപ്പിക്കുവാനുള്ള അതിയായ ആവേശമാണ് റഹ്മത്ത്. ഈ റഹ്മത്തിനെ സ്വന്തം അസ്തിത്വത്തിന്റെ മേൽ ബാധ്യതയായി നിശ്ചയിച്ചവനായാണ് വിശുദ്ധ ഖുർആൻ ലോകരക്ഷിതാവിനെ പരിചയപ്പെടുത്തുന്നത്. അവനിൽനിന്ന് പുറപ്പെടുന്നതെല്ലാം റഹ്മത്ത് നിറഞ്ഞതായിരിക്കുമെന്നർഥം. സകലസൃഷ്ടികളെയും ഉൾക്കൊള്ളുന്നതാണ് അല്ലാഹുവിന്റെ റഹ്മത്ത് എന്ന് പറഞ്ഞതിൽനിന്ന് ഇക്കാര്യം കുറച്ചുകൂടി വ്യക്തമായി മനസ്സിലാകുന്നു. സൃഷ്ടിപ്രപഞ്ചത്തിന്റെ വ്യവസ്ഥാപിതത്വവും പാരസ്പര്യവുമെല്ലാം നിലനിൽക്കുന്നത് അല്ലാഹുവിന്റെ റഹ്മത്ത് കൊണ്ടാണ്. ചെറുതും വലുതുമായ സകല പ്രതിഭാസങ്ങളുടെയും നിലനിൽപിനുപിന്നിൽ സുന്ദരമായ ഒരു താളക്രമം കാണാൻ കഴിയും. ഈ താളക്രമത്തിനു പിന്നിൽ അല്ലാഹുവിന്റെ റഹ്മത്ത് അല്ലാതെ മറ്റെന്താണുള്ളത്? അങ്ങനെ നോക്കുമ്പോൾ സൃഷ്ടിപ്രപഞ്ചം നാശമില്ലാതെ നിലനിൽക്കുന്നതു തന്നെ റബ്ബിന്റെ റഹ്മത്ത് കൊണ്ടാണെന്ന് മനസ്സിലാക്കാനാവും. അല്ലാഹുവിന്റെ റുബൂബിയ്യത്ത് (രക്ഷാകർതൃത്വം) പോലും റഹ്മത്തിന്റെ പ്രകടനമാണെന്നർഥം.

അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിക്കുന്ന രണ്ടു വിശേഷണങ്ങളാണ് റഹ്മാൻ, റഹീം എന്നിവ. ഖുർആനിലെ സൂറത്തു തൗബ ഒഴികെയുള്ള മുഴുവൻ അധ്യായങ്ങളുമാരംഭിക്കുന്നത് 'റഹ്മാനും



റഹീമുമായ അല്ലാഹുവിന്റെ നാമത്തിൽ' എന്നു പറഞ്ഞുകൊണ്ടാണ്. ഏതൊരു നല്ല കാര്യം ചെയ്യുമ്പോഴും മുസ്ലിം ഈ പ്രാരംഭ വാക്യം ചൊല്ലേണ്ടതാണെന്ന് പ്രവാചകൻ (ﷺ) പഠിപ്പിച്ചിട്ടുണ്ട്. ഒരു മുസ്ലിമിന്റെ ജീവിതത്തിൽ അയാൾ ഏറ്റവുമധികം തവണ ആവർത്തിക്കുന്ന ദൈവവിശേഷണങ്ങൾ റഹ്മാനും റഹീമുമായിരിക്കും. വിശുദ്ധ ഖുർആനിൽ റഹ്മാൻ എന്ന് 56 തവണയും റഹീം എന്ന് 113 തവണയും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. 113 സൂക്തങ്ങളിലുള്ള പ്രാരംഭവാക്യത്തിലെ റഹ്മാനും റഹീമും കൂടാതെയാണിത്. കാരുണ്യവാന്മാരിൽ ഏറ്റവുമധികം കരുണ കാണിക്കുന്നവൻ' എന്ന അർഥത്തിലുള്ള 'അർഹമുർറാഹിമീൻ' എന്ന് നാലു തവണയും ഖുർആനിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

'റഹ്മാൻ' എന്ന പദത്തിന് 'പരമകാരുണികൻ' എന്നും 'റഹീം' എന്ന പദത്തിന് 'കരുണാനിധി' എന്നുമാണ് സാധാരണയായി മലയാളത്തിൽ അർഥം പറയപ്പെടാറുള്ളത്. റഹ്മത്ത് എന്നത് അല്ലാഹുവിന്റെ സത്തയുടെ സവിശേഷതയാണ് എന്ന് റഹ്മാൻ എന്ന പദവും, അവൻ റഹ്മത്തിനെ പ്രകടമാക്കുന്നവനാണ് എന്ന് റഹീം എന്ന പദവും വ്യക്തമാക്കുന്നുവെന്നാണ് പ്രാമാണികരായ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. തന്റെ കാരുണ്യത്തിൽനിന്ന് എല്ലാവർക്കും എല്ലാറ്റിനും നൽകിക്കൊണ്ടിരിക്കുന്നവൻ എന്നാണ് 'റഹ്മാൻ' എന്ന പദം അർഥമാക്കുന്നതെന്നും സൃഷ്ടിപ്രപഞ്ചത്തിൽ പ്രകടമാവുന്നത് റഹ്മാൻ എന്ന നിലയ്ക്കുള്ള അല്ലാഹുവിന്റെ കാരുണ്യമാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഈ അഭിപ്രായപ്രകാരം പരലോകത്തുവെച്ച് പ്രകടമാവുന്നത് അല്ലാഹുവിന്റെ റഹീം എന്ന നിലയ്ക്കുള്ള കാരുണ്യമാണ്. ഏതായിരുന്നാലും, 'റഹ്മാൻ, 'റഹീം' എന്നീ ദൈവവിശേഷണങ്ങൾ അല്ലാഹു കാരുണ്യമൂർത്തിയാണെന്നും അവന്റെ കാരുണ്യം ഇഹലോകത്തിലും പരലോകത്തിലും ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നും വ്യക്തമാക്കാനുതകുന്നതാണ്.

ഈ പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾ തമ്മിൽ നിലനിൽക്കുന്ന താളക്രമവും സൃഷ്ടികൾ തമ്മിൽ പ്രകടിപ്പിക്കുന്ന കാരുണ്യവുമെല്ലാം അല്ലാഹുവിന്റെ റഹ്മത്തിന്റെ ഭാഗമാണെന്നു പറഞ്ഞുവല്ലോ. എന്നാൽ, തന്റെ കാരുണ്യത്തിന്റെ ഒരു ശതമാനം മാത്രമേ അല്ലാഹു പ്രകടമാക്കിയിട്ടുള്ളുവെന്നാണ് പ്രവാചകൻ (ﷺ)

പഠിപ്പിച്ചിട്ടുള്ളത്.

ഇക്കാര്യം വ്യക്തമാക്കുന്ന ഹദീഥുകൾ നോക്കുക:

أَنَّ أَبَا هُرَيْرَةَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ جَعَلَ اللَّهُ الرَّحْمَةَ مِائَةَ جُزْءٍ فَأَمْسَكَ عِنْدَهُ تِسْعَةً وَتِسْعِينَ جُزْءًا وَأَنْزَلَ فِي الْأَرْضِ جُزْءًا وَاحِدًا فَمِنْ ذَلِكَ الْجُزْءِ يَتَرَاحَمُ الْخَلْقُ حَتَّى تَرْفَعَ الْفَرَسُ حَافِرَهَا عَنْ وَلَدِهَا خَشْيَةَ أَنْ تُصِيبَهُ

"അബൂഹുറയ്റ (رضي الله عنه) നിവേദനം: നബി (ﷺ) അരുളി: അല്ലാഹു തന്റെ കാരുണ്യത്തെ നൂറ് ഓഹരിയാക്കി ഭാഗിച്ചു. 99 ഭാഗവും അവന്റെയടുക്കൽതന്നെ സൂക്ഷിച്ചു. ഒരുഭാഗംമാത്രം ഭൂമിയിലേക്ക് അയച്ചു. സൃഷ്ടികൾ പരസ്പരം കാണിക്കുന്ന കൃപ ആ ഒരു അംശത്തിൽപെട്ടതാണ്. തന്റെ കുട്ടിക്ക് ആപത്ത് പറ്റാതിരിക്കുവാനായി ഒരു കുതിര കുളമ്പ് ഉയർത്തുന്നതുപോലും ആ കാരുണ്യത്തിൽ പെട്ടതാണ്" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 5541).

عَنْ سَلْمَانَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ اللَّهَ خَلَقَ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِائَةَ رَحْمَةٍ كُلُّ رَحْمَةٍ طِبَاقَ مَا بَيْنَ السَّمَاءِ وَالْأَرْضِ فَجَعَلَ مِنْهَا فِي الْأَرْضِ رَحْمَةً فَبِهَا تَعْطِفُ الْوَالِدَةُ عَلَى وَلَدِهَا وَالْوَحْشُ وَالطَّيْرُ بَعْضُهَا عَلَى بَعْضٍ فَإِذَا كَانَ يَوْمُ الْقِيَامَةِ أَكْمَلَهَا بِهَذِهِ الرَّحْمَةِ

"സൽമാൻ (رضي الله عنه) നിവേദനം: നബി (ﷺ) പറഞ്ഞു. ആകാശഭൂമികളെ സൃഷ്ടിച്ച ദിവസം അല്ലാഹു നൂറ് കാരുണ്യത്തെ പടച്ചു; അവയെയെല്ലാം ആകാശഭൂമികൾക്കിടയിൽ അടുക്കുകളായി വെക്കപ്പെട്ടിരിക്കുന്നു. അതിൽനിന്ന് ഒന്നു മാത്രമാണ് ഭൂമിയിലേക്ക് ഇറക്കിയത്. ആ ഒരു കാരുണ്യം കൊണ്ടാണ് മാതാവ് കുഞ്ഞിനോടും



വന്യ ജീവികളും പക്ഷികളുമൊക്കെ തമ്മിൽതമ്മിലും കാരുണ്യം കാണിക്കുന്നത്. അന്ത്യനാളിൽ ഈ കാരുണ്യത്തെ അല്ലാഹു പൂർത്തിയാക്കുന്നതാണ്" (സ്വഹീഹു മുസ്‌ലിം, ഹദീഥ്: 4946).

കാരുണ്യമൂർത്തിയായ അല്ലാഹു സൃഷ്ടികളോടുള്ള കരുണയുടെ പൂർണപ്രകാശനം നിർവഹിക്കുന്നത് പരലോകത്തുവെച്ചാണെന്നാണല്ലോ ഇതിൽനിന്ന് മനസ്സിലാകുന്നത്. ഇതുകൊണ്ടായിരിക്കണം 'റ്ഹമാനുദ്ദുൻയാ വൽ ആഖിറ' (ഇഹത്തിലെയും പരത്തിലെയും റഹ്മാൻ) എന്നും 'റഹീമുൽ ആഖിറ' (പരത്തിലെ റഹീം) എന്നും പണ്ഡിതന്മാർ പറഞ്ഞത്.

സൃഷ്ടികളെയൊന്നും 'റഹ്മാൻ' എന്നു വിളിക്കാൻ പാടുള്ളതല്ല. അവയുടെയൊന്നും സത്തയുടെ സവിശേഷതയാണ് റഹ്മത്ത് എന്ന് പറഞ്ഞുകൂടാ. എന്നാൽ ദൈവികകാരുണ്യത്തിന്റെ പ്രകാശനം നിർവഹിക്കപ്പെടുന്നതിന് അവ നിമിത്തമായിത്തീരുന്നുണ്ട്. അതുകൊണ്ട് 'കാരുണ്യം പ്രകടിപ്പിക്കുന്നവൻ' എന്ന അർഥത്തിൽ അവയെ 'റഹീം' എന്നു വിളിക്കുന്നതിന് വിരോധമില്ല.

അല്ലാഹുവിന്റെ സത്തയുടെ സവിശേഷതയാണ് കാരുണ്യമെന്നും അവൻതന്നെ കാരുണ്യത്തെ തന്റെമേൽ ഒരു ബാധ്യതയാക്കി നിശ്ചയിച്ചിരിക്കുകയാണെന്നും പറഞ്ഞുവല്ലോ. അവനിൽ നിന്നുണ്ടാവുന്നതെല്ലാം കാരുണ്യമായിരിക്കുമെന്നാണ് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാനാവുന്നത്. ദുഷ്ടതയോ ക്രൂരതയോ അവനിൽ നിന്നുണ്ടാവുകയില്ല. ദിവ്യകാരുണ്യത്തിന്റെ ഭാഗമായി അവൻ സംവിധാനിച്ച വ്യവസ്ഥകൾ ചിലപ്പോൾ വ്യക്തികൾക്ക് പ്രയാസകരമായി തോന്നിയേക്കാം. എന്നാൽ അവപോലും ആത്യന്തികമായി നന്മയും കാരുണ്യവുമായിരിക്കും. നാം അനുഭവിക്കുന്ന വേദനയുടെ കാര്യമെടുക്കുക. പ്രതിസന്ധികളെ അതിജീവിക്കുന്നതിന് മനുഷ്യശരീരത്തിൽ അല്ലാഹു സംവിധാനിച്ച അതിസൂക്ഷ്മമായ സംവിധാനങ്ങളിലൊന്നാണ് വേദന. ദിവ്യകാരുണ്യത്തിന്റെ ഉത്തമ നിദർശനമാണത്. ശരീരത്തിന്റെ ഭാഗങ്ങളിലേതിലെങ്കിലും ഏതെങ്കിലും തരത്തിലുള്ള മുറിവോ പ്രയാസങ്ങളോ ഉണ്ടായാൽ അത് ഉടനെ അറിയുകയും ആവശ്യമായ രക്ഷാമാർഗങ്ങൾ കണ്ടെത്തുകയും ചെയ്യാനായി അല്ലാഹു നിശ്ചയിച്ച വാർത്താവിനിമയ സംവിധാനത്തിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ് വേദന. മുറിവ് പറ്റിയിടത്ത് നന്നാക്കാനാവശ്യമായ സംവിധാനങ്ങൾക്കുള്ള സന്ദേശങ്ങൾ കേന്ദ്രനാ

ഡീവ്യൂഹത്തിൽ നിന്ന് വരണം. അതിന് ഇന്ന സ്ഥലത്ത് മുറിവ് പറ്റിയിട്ടുണ്ടെന്ന് കേന്ദ്രനാഡീവ്യൂഹം അറിയണം. വേദനയെന്ന ദൂതൻ ഈ അറിയിപ്പാണ് നിർവഹിക്കുന്നത്. പ്രയാസമനുഭവിക്കുന്ന സ്ഥലത്തെക്കുറിച്ച് ജാഗ്രതയിൽ കഴിയുവാനും നിതാന്തശ്രദ്ധ ചെലുത്തുവാനും മനുഷ്യനെ സജ്ജമാക്കുന്നതും വേദന തന്നെ! ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴുമുള്ള നമ്മുടെ ശരീരത്തിൻെറ കാവൽക്കാരനാണ് വേദനയെന്നർഥം. പരമകാരുണികനായ അല്ലാഹു നമ്മുടെ ശരീരത്തിൽ സംവിധാനിച്ച പ്രതിരോധ സന്നാഹങ്ങളിലൊന്ന്. വേദന അനുഭവിക്കുന്നവന് അത് പ്രയാസകരമായി ഭവിക്കുന്നുവെന്നത് നേരാണ്. എന്നാൽ സൂക്ഷ്മമായി ചിന്തിച്ചാൽ വേദനയും പ്രയാസങ്ങളുമെല്ലാം ആത്യന്തികമായി ദിവ്യകാരുണ്യത്തെ തന്നെയാണ് വെളിപ്പെടുത്തുന്നതെന്ന് കാണാൻ കഴിയും.

രോഗങ്ങളുടെയും ദുരിതങ്ങളുടെയും അവസ്ഥയും ഇതിൽ നിന്ന് ഭിന്നമല്ല. പ്രതിസന്ധികളെ അതിജീവിക്കുന്നതിന്നും വിശുദ്ധജീവിതം നയിക്കുന്നതിന്നുമായി മനുഷ്യശരീരത്തെയും മനസ്സിനെയും പര്യാപ്തമാക്കുന്ന സംവിധാനങ്ങളുടെ ഭാഗം തന്നെയാണ് നാം ദുരിതമെന്നും രോഗമെന്നും വിളിക്കുന്ന കാര്യങ്ങളെല്ലാമെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ കാണാൻ കഴിയും. അന്തരീക്ഷത്തിലെ ഊഷ്മവ്യതിയാനങ്ങളോട് പൊരുത്തപ്പെടുവാനുള്ള ശരീരത്തിലെ സംവിധാനങ്ങളും തെറ്റായ ആഹാരപാനീയങ്ങളുടെ ദുഷ്ഫലങ്ങളിൽ നിന്ന് രക്ഷിക്കുവാനുള്ള സന്നാഹങ്ങളും രോഗാണുക്കളെയും മറ്റും പ്രതിരോധിക്കുവാനാവശ്യമായ നടപടികളുമാണ് രോഗമായി നമുക്കനുഭവപ്പെടുന്നത് എന്നതല്ലേ യാഥാർഥ്യം? ഈ യാഥാർഥ്യം മനസ്സിലാക്കുവാനും ഉൾക്കൊള്ളാനും സന്നദ്ധമാവാതെ പ്രതിരോധ സംവിധാനങ്ങളായ രോഗങ്ങളോട് പ്രതികാരാത്മകമായി പ്രതികരിക്കുന്നതാണ് മാരകമായ രോഗങ്ങൾക്ക് നിമിത്തമാവുന്നത് എന്നാണല്ലോ വൈദ്യശാസ്ത്ര രംഗത്തെ പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. ഏത് പ്രതിസന്ധിയെയും തരണംചെയ്യാൻ നമ്മെ പര്യാപ്തമാക്കുവാനായുള്ള പരമകാരുണികൻെറ സംവിധാനങ്ങളാണ് നമുക്ക് പ്രയാസകരമായിത്തോന്നുന്ന കാര്യങ്ങൾപോലുമെന്ന വസ്തുതയാണ് ഇവിടെയെല്ലാം അനാവൃതമാവുന്നത്.

ദിവ്യകാരുണ്യത്തിൻെറ ഭാഗമായി നമ്മുടെ ശരീരത്തിൽ സംവിധാനിച്ച ചില കാര്യങ്ങളെങ്കിലും വ്യക്തിപരമായ അനുഭവത്തിൽ



പ്രയാസകരമായി ഭവിക്കുന്നുവെന്ന വസ്തുത നാം മനസ്സിലാക്കി. ഇതേപോലെത്തന്നെയാണ് ഇവിടെയുള്ള കാര്യങ്ങളെല്ലാം എന്ന് ഉൾക്കൊള്ളുവാൻ നമുക്ക് കഴിയണം. ദുരിതവും പ്രയാസവുമായി വ്യക്തികൾക്കോ സമൂഹങ്ങൾക്കോ തോന്നുന്ന കാര്യങ്ങൾ ആത്യന്തികമായി നന്മയും മനുഷ്യരാശിയെ മൊത്തമായെടുത്താൽ ദിവ്യകാരുണ്യത്തിൻെറ പ്രകടനവുമാണെന്ന വസ്തുത ശരിയാംവണ്ണം ഉൾക്കൊണ്ട ഒരാൾക്ക് പിന്നെ നിരാശാബോധമുണ്ടാവുകയില്ല; അയാൾ നിഷേധാത്മക നിലപാടുകളെടുക്കുകയുമില്ല. പരമകാരുണികനിൽ നിന്ന് ഉണ്ടാവുന്നതെല്ലാം അവൻെറ കാരുണ്യത്തിൻെറ പ്രകടനമാണെന്നും അത് തനിക്ക് തിന്മയായി ഭവിക്കുന്നത് ചിലപ്പോൾ തൻെറ വർത്തനങ്ങളിലുള്ള തകരാറുകൊണ്ടാണെന്നും മനസ്സിലാക്കുന്നവൻ, തൻെറ പ്രവർത്തനങ്ങളിലുള്ള വീഴ്ചകളെപ്പറ്റി സദാബോധവാനായിരിക്കും; എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ തന്നെ അത് ഉടനടി തിരുത്തുവാൻ അവൻ സന്നദ്ധനുമായിരിക്കും; എന്നിട്ടും താൻ പ്രയാസത്തിൽ തന്നെയാണെങ്കിൽ അത് ദിവ്യകാരുണ്യത്തിൻെറ ഭാഗമാണെന്നും തനിക്ക് ആത്യന്തികമായ നന്മയാണത് പ്രദാനം ചെയ്യുകയെന്നും മനസ്സിലാക്കി ക്ഷമിക്കുവാനും സഹിക്കുവാനും അവന്ന് സാധിക്കും. അല്ലാഹുവിനെ പരമകാരുണികനായി മനസ്സിലാക്കാത്തതാണ് നിരാശാബോധത്തിൻെറയും ആത്മഹത്യാപ്രവണതയുടെയുമെല്ലാം അടിസ്ഥാന കാരണം, ദൈവിക കാരുണ്യത്തെക്കുറിച്ച് നിരാശരാകുന്നവർ വഴിപിഴച്ചവർ മാത്രമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

قَالَ وَمَن يَقْنَطُ مِن رَّحْمَةِ رَبِّهِۦٓ إِلَّا ٱلضَّآلُّونَ

“അദ്ദേഹം (ഇബ്രാഹീം) പറഞ്ഞു: തൻെറ രക്ഷിതാവിൻെറ കാരുണ്യത്തെപ്പറ്റി ആരാണ് നിരാശപ്പെടുക? വഴിപിഴച്ചവരല്ലാതെ” (15:56).

അജ്ഞാനകാലത്തെ അറബികൾക്ക് പ്രപഞ്ചകർത്താവായ അല്ലാഹുവിനെ അറിയാമായിരുന്നുവെങ്കിലും കാരുണ്യമൂർത്തിയായ അല്ലാഹുവിനെ തീരെ പരിചയമുണ്ടായിരുന്നില്ല. ക്രൂരനും ദയാലേശമില്ലാത്തവനുമായിരുന്നു അവരുടെ സങ്കൽപത്തിലുള്ള അല്ലാഹു. ഖുർആൻ ഈ ധാരണ തിരുത്തി. രൗദ്രഭാവങ്ങളുടെ മൂർത്തീമദ്ഭാവമാണ് അല്ലാഹുവെന്ന ധാരണ തിരുത്താൻ ബഹുദൈവാരാധകർ സന്നദ്ധമായിരുന്നില്ല. അവരുടെ ബഹുദൈവസങ്കൽപത്തി

ന്റെ അടിത്തറതന്നെ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അല്ലാഹു ക്രൂരനും കോപിഷ്ഠനുമാണെന്ന ധാരണയിലായിരുന്നു. തങ്ങൾ ചെയ്ത പാപങ്ങളാൽ കോപിഷ്ഠനായിത്തീർന്നിരിക്കുന്ന അല്ലാഹുവിനോട് നേർക്കുനേരെ പ്രാർഥിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നും അതിന് ഒരു ഇടയാളന്റെയോ ശുപാർശകന്റെയോ ആവശ്യമുണ്ടെന്നുമുള്ള തത്ത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവല്ലോ അവർ ബഹുദൈവാരാധന നടത്തിയിരുന്നത്. അല്ലാഹു സ്നേഹനിധിയും പരമകാരുണികനുമാണെങ്കിൽ അവനിലേക്ക് അടുക്കുവാൻ പിന്നെ ഒരു ഇടയാളന്റെ പ്രസക്തിയെന്ത്? റഹ്മാനും റഹീമുമാണ് അല്ലാഹുവെന്ന സങ്കൽപം ബഹുദൈവാരാധന എന്ന ആശയത്തെ തകർക്കുമെന്ന് മനസ്സിലാക്കിയതുകൊണ്ടുതന്നെയാവണം, ആ പ്രയോഗങ്ങളെ മക്കയിലെ ബഹുദൈവാരാധകർ ശക്തമായി എതിർത്തത്. ഹുദൈബിയാ സന്ധിയുടെ പ്രമാണങ്ങൾ തയാറാക്കുമ്പോൾ 'ബിസ്മില്ലാഹിർറഹ്മാനി റഹീം' എന്ന് എഴുതുവാൻ അവർ വിസമ്മതിച്ചത് ഇതുകൊണ്ടായിരുന്നു. അല്ലാഹു പരമകാരുണികനും കരുണാനിധിയുമാണെന്ന് അംഗീകരിക്കുന്നത് മുഹമ്മദ് നബി (ﷺ)യുടെ ദിവ്യദൗത്യം അംഗീകരിക്കുന്നതിന് സമാനമാണെന്നായിരുന്നു അവർ മനസ്സിലാക്കിയിരുന്നത്.

സർവശക്തനിൽ നിന്ന് സദാസമയവും കാരുണ്യം പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. അവന്റെ എല്ലാ സൃഷ്ടികളിലേക്കും ഈ കാരുണ്യത്തിന്റെ നിരന്തരമായ പ്രവാഹം നടന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത കാരുണ്യത്തെ തടഞ്ഞുവെക്കാൻ ഒരാൾക്കും കഴിയില്ല. ആ കാരുണ്യം എല്ലാവർക്കുമുള്ളതാണ്; ആർക്കും അതിനെ കുത്തകയാക്കിവെക്കുവാനുമാകില്ല.

أَهُمۡ يَقۡسِمُونَ رَحۡمَتَ رَبِّكَۚ نَحۡنُ قَسَمۡنَا بَيۡنَهُم مَّعِيشَتَهُمۡ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۚ وَرَفَعۡنَا بَعۡضَهُمۡ فَوۡقَ بَعۡضٖ دَرَجَٰتٖ لِّيَتَّخِذَ بَعۡضُهُم بَعۡضٗا سُخۡرِيّٗاۗ وَرَحۡمَتُ رَبِّكَ خَيۡرٞ مِّمَّا يَجۡمَعُونَ

“അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചുകൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്കുവെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരേക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചു വെക്കുന്നതിനേക്കാൾ ഉത്തമം” (43:32).



وَلَئِن سَأَلۡتَهُم مَّنۡ خَلَقَ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ لَيَقُولُنَّ ٱللَّهُۚ قُلۡ أَفَرَءَيۡتُم مَّا تَدۡعُونَ مِن دُونِ ٱللَّهِ إِنۡ أَرَادَنِيَ ٱللَّهُ بِضُرٍّ هَلۡ هُنَّ كَٰشِفَٰتُ ضُرِّهِۦٓ أَوۡ أَرَادَنِي بِرَحۡمَةٍ هَلۡ هُنَّ مُمۡسِكَٰتُ رَحۡمَتِهِۦۚ قُلۡ حَسۡبِيَ ٱللَّهُۖ عَلَيۡهِ يَتَوَكَّلُ ٱلۡمُتَوَكِّلُونَ

“ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്. നീ പറയുക: എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചുവെക്കാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്” (39:38).

വിശുദ്ധ ഖുർആനിലെ പ്രാരംഭ സൂക്തത്തിൽ അല്ലാഹുവിനെ സർവലോകരക്ഷിതാവായി പരിചയപ്പെടുത്തിയശേഷം പ്രയോഗിക്കുന്ന വിശിഷ്ട നാമങ്ങൾ റഹ്മാനും റഹീമുമാണ്.

ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ● ٱلرَّحۡمَٰنِ ٱلرَّحِيمِ

“സർവലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു സർവ സ്തുതിയും. പരമകാരുണികൻ, കരുണാനിധി” (1:1,2).

ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചു പറയുന്നിടങ്ങളിലും ഖുർആൻ ഈ വിശേഷണങ്ങളുംകൂടി ഉപയോഗിച്ചിട്ടുണ്ട്.

وَإِلَٰهُكُمۡ إِلَٰهٞ وَٰحِدٞۖ لَّآ إِلَٰهَ إِلَّا هُوَ ٱلرَّحۡمَٰنُ ٱلرَّحِيمُ

“നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രേ” (2:163).

പാപം ചെയ്തവരോട് ദൈവത്തിന് അടങ്ങാത്ത കോപവും ഒടുങ്ങാത്ത വെറുപ്പും പകയുമാണെന്നും അതുകൊണ്ടുതന്നെ പാപികൾക്ക് പിന്നീട് ദൈവത്തിങ്കലേക്ക് അടുക്കാൻ കഴിയില്ലെന്നുമുള്ള വീക്ഷണത്തെ വിശുദ്ധ ഖുർആൻ വിമർശിക്കുന്നു. എത്രതന്നെ പാപം ചെയ്തയാളാണെങ്കിലും അയാൾ ആത്മാർഥമായി പശ്ചാത്തപിച്ചു മടങ്ങുകയും നേർമാർഗം സ്വീകരിക്കുകയും ചെയ്താൽ പരമകാരുണികൻ അവൻെറ മുൻകാലപാപങ്ങളെല്ലാം പൊറുത്തുകൊടുക്കുമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

قُلْ يَٰعِبَادِىَ ٱلَّذِينَ أَسْرَفُوا۟ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُوا۟ مِن رَّحْمَةِ ٱللَّهِ ۚ
إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ● وَأَنِيبُوٓا۟ إِلَىٰ
رَبِّكُمْ وَأَسْلِمُوا۟ لَهُۥ مِن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ ثُمَّ لَا تُنصَرُونَ

“പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം കാണിച്ചുപോയ എൻെറ ദാസന്മാരേ, അല്ലാഹുവിൻെറ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുതേ. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നു. തീർച്ചയായും അവനത്രെ പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയും. നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് പശ്ചാതപിച്ച് മടങ്ങുകയും അവന്നായി അർപ്പണം നടത്തുകയും ചെയ്യുവിൻ; നിങ്ങൾക്ക് ശിക്ഷ വരുന്നതിനുമുമ്പ്. പിന്നെ നിങ്ങൾ സഹായിക്കപ്പെടുകയില്ല” (39:53,54).

അല്ലാഹു പശ്ചാതപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. കുറ്റബോധത്തോടുകൂടി പശ്ചാതപിക്കുകയും ആത്മാർഥമായി ക്ഷമായാചന നടത്തുകയും തെറ്റുകളിലേക്ക് പോകാതിരിക്കാൻ പരമാവധി പരിശ്രമിക്കുകയും ചെയ്യുന്ന മനുഷ്യരുടെ പാപങ്ങളെല്ലാം പൊറുത്തുകൊടുക്കുവാൻ പരമകാരുണികൻ സന്നദ്ധനാണ്. അതിന് ശുപാർശയുടേയോ മാധ്യസ്ഥത്തിൻെറയോ ആവശ്യമില്ല. പാപിയായ ഒരാൾ പശ്ചാതപിച്ച് തിരിച്ചുവരുമ്പോൾ അല്ലാഹുവിന്നുണ്ടാവുന്ന സന്തോഷാധിക്യം എത്രമാത്രമാണെന്ന് പ്രവാചകൻ ഒരു ഉപമയിലൂടെ വ്യക്തമാക്കിയതായി കാണാം.



حَدَّثَنَا أَنَسُ بْنُ مَالِكٍ وَهُوَ عَمُّهُ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ اللَّهُ أَشَدُّ فَرَحًا بِتَوْبَةِ عَبْدِهِ حِينَ يَتُوبُ إِلَيْهِ مِنْ أَحَدِكُمْ كَانَ عَلَى رَاحِلَتِهِ بِأَرْضِ فَلَاةٍ فَانْفَلَتَتْ مِنْهُ وَعَلَيْهَا طَعَامُهُ وَشَرَابُهُ فَأَيِسَ مِنْهَا فَأَتَى شَجَرَةً فَاضْطَجَعَ فِي ظِلِّهَا قَدْ أَيِسَ مِنْ رَاحِلَتِهِ فَبَيْنَا هُوَ كَذَلِكَ إِذَا هُوَ بِهَا قَائِمَةً عِنْدَهُ فَأَخَذَ بِخِطَامِهَا ثُمَّ قَالَ مِنْ شِدَّةِ الْفَرَحِ اللَّهُمَّ أَنْتَ عَبْدِي وَأَنَا رَبُّكَ أَخْطَأَ مِنْ شِدَّةِ الْفَرَحِ

“അനസുബ്നു മാലിക്ക് (﵁) നിവേദനം: നബി (ﷺ) പറഞ്ഞു: അല്ലാഹുവിൻെറ അടിമ അവനോട് പാപമോചനം തേടുമ്പോൾ അവനുണ്ടാകുന്ന സന്തോഷത്തിൻെറ ഉപമ ഇങ്ങനെയാണ്: നിങ്ങളിലൊരാൾ തൻെറ വാഹനപ്പുറത്ത് ഒരു മരുഭൂമിയിലെത്തി. തൻെറ ഭക്ഷണവും പാനീയവും അതിൻെറ പുറത്തായിരിക്കെ ഒട്ടകം നഷ്ടപ്പെട്ടു. അതിലവൻ നിരാശനായി. അങ്ങനെ തൻെറ ഒട്ടകം നഷ്ടപ്പെട്ട്, ആശ കൈവെടിഞ്ഞുകൊണ്ട് ഒരു വൃക്ഷത്തണലിൽ വിശ്രമിച്ചുകൊണ്ടിരിക്കെ അതാ ഒട്ടകം പ്രത്യക്ഷപ്പെടുന്നു. സന്തോഷാധിക്യത്താൽ ഒട്ടകത്തിൻെറ കയറിൽ പിടിച്ചുകൊണ്ട് അബദ്ധത്തിൽ അദ്ദേഹം പറഞ്ഞുപോയി: അല്ലാഹുവെ, നീയാണ് എൻെറ അടിമ. ഞാൻ നിൻെറ രക്ഷിതാവ്” (സ്വീഹീഹു മുസ്‌ലിം, ഹദീഥ്: 4932).

കാരുണ്യത്തെ തൻെറമേൽ ബാധ്യതയാക്കിയ അല്ലാഹു തന്നെ തൻെറ കാരുണ്യം കോപത്തെ അതിര് കവിയുമെന്ന നിയമവും ഉണ്ടാക്കിയിട്ടുണ്ട്.

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ لَمَّا قَضَى الْخَلْقَ كَتَبَ عِنْدَهُ فَوْقَ عَرْشِهِ إِنَّ رَحْمَتِي سَبَقَتْ غَضَبِي

“അബൂഹുറയ്റ (رضي الله عنه) പറയുന്നു: നബി (ﷺ) അരുളി: അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ തന്റെ അടുക്കൽ സിംഹാസനത്തിനു മുകളിൽ ഇങ്ങനെ രേഖപ്പെടുത്തി: നിശ്ചയം! എന്റെ കാരുണ്യം എന്റെ കോപത്തെ അതിരുകവിയും” (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 6872).

അല്ലാഹുവിന്റെ ദയയും കാരുണ്യവും സൂചിപ്പിക്കുന്ന ഒരുപാട് വിശേഷണങ്ങൾ ഖുർആനിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് ‘അർറഹ്മാൻ’, ‘അർറഹീം’ എന്നിവ. ‘റഊഫ്’ (അതീവ ദയാലു), ‘സലാം’ (ശാന്തി നൽകുന്നവൻ), ‘ലത്വീഫ്’ (ദയാപുരസ്സരം പ്രവർത്തിക്കുന്നവൻ), ‘കരീം’ (അത്യുദാരൻ), ‘ഗഫ്ഫാർ’ (അത്യധികം മാപ്പു നൽകുന്നവൻ), ‘തവ്വാബ്’ (പശ്ചാതാപം സ്വീകരിക്കുന്നവൻ), ‘വദൂദ്’ (ദാസന്മാരോട് വളരെയധികം സ്നേഹമുള്ളവൻ), ‘അക്റം’ (ഏറ്റവും ഔദാര്യം ചെയ്യുന്നവൻ), ‘ഗഫൂർ’ (ഏറെ പൊറുക്കുന്നവൻ), ‘അഫുവ്വ്’ (ഏറെ മാപ്പു നൽകുന്നവൻ) തുടങ്ങിയ ഖുർആനിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ദൈവനാമങ്ങൾ അല്ലാഹുവിന്റെ അറ്റമില്ലാത്ത കരുണയെയും സ്നേഹത്തെയും ദയയെയും ദ്യോതിപ്പിക്കുന്നു.

**കാരുണ്യവും നീതിയും**

അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് ഒരുപാട് പറയുന്ന വിശുദ്ധഖുർആൻ, അതോടൊപ്പംതന്നെ അവൻ നീതിമാനാണെന്ന വസ്തുതയും വ്യക്തമാക്കുന്നുണ്ട്. ദൈവികനീതിയുടെ ഭാഗമാണ് അവന്റെ ശിക്ഷ. രക്ഷിക്കുന്നവനാണ് ശിക്ഷിക്കുവാൻ അവകാശമുള്ളതെന്ന കാര്യം നമ്മുടെ ദൈനംദിന വ്യവഹാരങ്ങളിൽതന്നെ അംഗീകരിക്കപ്പെടുന്ന ഒരു കാര്യമാണല്ലോ. മറ്റൊരു നിലയ്ക്ക് പറഞ്ഞാൽ, ശിക്ഷിക്കുവാൻ അധികാരവും കഴിവുമുള്ളവന്റെ ഭാഗത്തുനിന്നുണ്ടാവുന്ന ആനുകൂല്യമാണ് രക്ഷ. കരുണാവാരിധിയായ അല്ലാഹു സകല സൃഷ്ടികളുടെയും രക്ഷകനാണ്. അതുകൊണ്ടുതന്നെ തന്റെ സൃഷ്ടികളെ ശിക്ഷിക്കുവാനും അവന് അധികാരമുണ്ട്.

സ്വതന്ത്രമായ കൈകാര്യകർതൃത്വത്തിന് സാധിക്കുന്ന ജീവിയാണ് മനുഷ്യൻ. ചിന്തിച്ച് കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി പ്രവർത്തിക്കുവാൻ കഴിയുന്നവനാണവൻ. നന്മ ചെയ്ത് ഉൽകൃഷ്ടനാകുവാനും തിന്മ ചെയ്ത് നികൃഷ്ടനാകുവാനും മനുഷ്യന് കഴിയും. നന്മയുടെ പാത സ്വീകരിച്ച് ഉത്തമരായി ജീവിക്കണമെന്നാണ്



ദൈവികശാസന. എങ്കിൽ മാത്രമേ മനുഷ്യസമൂഹം നിലനിൽക്കുകയുള്ളൂ. ധാർമിക നിയമങ്ങൾ അനുസരിക്കപ്പെടുന്ന ഒരു സമൂഹത്തിൽ മാത്രമേ സന്തോഷവും സമാധാനവും നിലനിൽക്കൂ. അപ്പോൾ, ധാർമിക നിയമങ്ങൾ അനുസരിക്കേണ്ടത് മനുഷ്യരുടെ ബാധ്യതയാണ്. പക്ഷേ, ഈ നിയമങ്ങൾ അനുസരിക്കാതിരിക്കുന്നതിനുള്ള പൈശാചികമായ ഒരു തൃഷ്ണ മനുഷ്യരുടെയെല്ലാം അകത്തളത്തിലുണ്ട്. ഈ തൃഷ്ണക്ക് കടിഞ്ഞാണിട്ടെങ്കിൽ മാത്രമേ ആഹ്ലാദഭരിതവും സമാധാന സമ്പുഷ്ടവുമായ മാനവസമൂഹത്തിന്റെ സൃഷ്ടി സാധിക്കൂ. ചിന്താശക്തിയുള്ള മനുഷ്യരെ സൃഷ്ടിച്ച അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഭാഗംതന്നെയാണ് ഉൽകൃഷ്ടമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്കുവേണ്ട കാര്യങ്ങൾ ചെയ്യുകയെന്നത്. അതുകൊണ്ടാണ് പരമകാരുണികനായ അല്ലാഹു ഈ ലോകത്ത് നന്മ ചെയ്തവർക്ക് പരലോകത്ത് നന്മയും, തിന്മ ചെയ്തവർക്ക് പരലോകത്ത് തിന്മയും പ്രതിഫലമായി ലഭിക്കുമെന്ന നിയമമുണ്ടാക്കിയത്. നന്മയെയും തിന്മയെയും സത്യത്തെയും അസത്യത്തെയും ധർമത്തെയും അധർമത്തെയും നീതിയെയും അനീതിയെയുമെല്ലാം അല്ലാഹുവിന്റെ കാരുണ്യം തുല്യമായാണ് ഗണിക്കുന്നതെങ്കിൽ പിന്നെ സത്യത്തിനും ധർമത്തിനും നീതിക്കും നന്മക്കുമെന്തു വില? അതു ശരിയല്ലെന്ന് നമ്മുടെയെല്ലാം സാമാന്യബുദ്ധി സമ്മതിക്കുന്നു. നന്മക്കും തിന്മക്കും അവയ്ക്കനുസൃതമായ പ്രതിഫലം നൽകപ്പെടണം. ഇതാണ് അല്ലാഹുവിന്റെ നീതി. പരലോകത്തുവെച്ച് ഇഹലോകത്തിലെ ചെയ്തികൾക്ക് പ്രതിഫലം നൽകപ്പെടും. തിന്മകൾകൊണ്ട് ജീവിതം വികൃതമാക്കിയ വ്യക്തികൾക്ക് അവിടെവെച്ച് ലഭിക്കുന്ന ശിക്ഷപോലും മാനവരാശിയോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഭാഗമാണെന്ന് അൽപം ചിന്തിച്ചാൽ ബോധ്യമാകും.

നന്മതിന്മകൾക്ക് തക്കതായ പ്രതിഫലം നൽകുന്നതിന്നുവേണ്ടി അല്ലാഹു സംവിധാനിച്ച പരലോകജീവിതം അവന്റെ കാരുണ്യത്തിന്റെ ഭാഗവും അതിന്റെ പൂർണമായ പ്രകാശനത്തിന്റെ വേദിയുമാണ്; പ്രസ്തുത വേദിയുടെ സജ്ജീകരണത്തെക്കുറിച്ച് മാനവരാശിയെ അറിയിക്കാനായാണ് പ്രവാചകന്മാരെ അയക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തത്. ദൈവികനീതിയും കാരുണ്യവും തമ്മിൽ ഒരിക്കലും ഏറ്റുമുട്ടുന്നില്ല. അവ പാരസ്പര്യത്തിൽ

വർത്തിക്കുകയാണ് ചെയ്യുന്നത്. നീതിയുടെയും കാരുണ്യത്തിൻെറയും പൂർണപ്രകാശനം നിർവഹിക്കപ്പെടുന്ന മരണാനന്തരജീവിതത്തിലെ രക്ഷാശിക്ഷകളെക്കുറിച്ച് അറിയിക്കുവാനായി പ്രവാചകന്മാരെ പറഞ്ഞയച്ചതും വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതുമെല്ലാം ദിവ്യകാരുണ്യത്തിൻെറ ഭാഗമായിത്തന്നെ!

وَمَا كُنتَ تَرْجُوٓا۟ أَن يُلْقَىٰٓ إِلَيْكَ ٱلْكِتَـٰبُ إِلَّا رَحْمَةً مِّن رَّبِّكَ فَلَا تَكُونَنَّ ظَهِيرًا لِّلْكَـٰفِرِينَ

"നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല, പക്ഷേ, നിൻെറ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യത്താൽ (അതു ലഭിച്ചു). ആകയാൽ നീ സത്യനിഷേധികൾക്കു സഹായിയായിരിക്കരുത്" (28:86).

وَمَآ أَرْسَلْنَـٰكَ إِلَّا رَحْمَةً لِّلْعَـٰلَمِينَ

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (21:107).

وَإِنَّهُۥ لَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ

"തീർച്ചയായും ഇത് സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു" (27:77).

وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ ۙ وَلَا يَزِيدُ ٱلظَّـٰلِمِينَ إِلَّا خَسَارًا

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ (മറ്റൊന്നും) വർധിപ്പിക്കുന്നില്ല" (17:82).

വിശുദ്ധ ഖുർആനിൽ ദൈവിക ശിക്ഷകളെ സംബന്ധിച്ച പരാമർശങ്ങളോടൊപ്പംതന്നെ ദൈവകാരുണ്യത്തെയും സ്നേഹത്തെയും ദ്യോതിപ്പിക്കുന്ന പ്രയോഗങ്ങളും കാണാവുന്നതാണ്. ശിക്ഷയെപ്പറ്റി പറയുന്നതിൻെറ തൊട്ടുമുന്നിലോ പിന്നിലോ ആയി കാരുണ്യത്തെക്കുറിച്ച പ്രതിപാദനങ്ങളുണ്ടാവും. തിന്മകൾ ജീവിതചര്യയാക്കിയവർക്ക് കഠിനമായ ശിക്ഷ നൽകുകയെന്ന ദൈവികനീതിയുടെ



പ്രഖ്യാപനത്തോടൊപ്പം തന്നെ ദൈവികമാർഗത്തിലേക്ക് പശ്ചാത്തപിച്ചുമടങ്ങുവാനും അങ്ങനെ ദൈവകാരുണ്യം അനുഭവിക്കുവാനും മനുഷ്യരെ പ്രേരിപ്പിക്കുകയെന്ന ദൗത്യംകൂടി നിർവഹിക്കുകയാണ് ഖുർആൻ ചെയ്യുന്നത്.

نَبِّئْ عِبَادِىٓ أَنِّىٓ أَنَا ٱلْغَفُورُ ٱلرَّحِيمُ ● وَأَنَّ عَذَابِى هُوَ ٱلْعَذَابُ ٱلْأَلِيمُ

"ഞാൻ ഏറെ പൊറുക്കുന്നവനും കരുണാവാരിധിയുമാണെന്നും എൻെറ ശിക്ഷയാണ് വേദനയേറിയ ശിക്ഷയെന്നും എൻെറ ദാസന്മാരെ വിവരമറിയിക്കുക" (15:49,50).

غَافِرِ ٱلذَّنۢبِ وَقَابِلِ ٱلتَّوْبِ شَدِيدِ ٱلْعِقَابِ ذِى ٱلطَّوْلِ ۖ لَآ إِلَـٰهَ إِلَّا هُوَ ۖ إِلَيْهِ ٱلْمَصِيرُ

"പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും വിപുലമായ കഴിവുള്ളവനുമത്രേ അവൻ" (40:3).

അല്ലാഹു ആരോടും അനീതി ചെയ്യുകയില്ലെന്നും പരലോകത്തുവെച്ച് ഇഹലോക ചെയ്തികൾക്കുള്ള പ്രതിഫലം നൽകുകയെന്നത് അല്ലാഹുവിൻെറ നീതിയാണെന്നും വ്യക്തമാക്കുന്ന അനേകം ഖുർആൻ സൂക്തങ്ങളുണ്ട്.

تِلْكَ ءَايَـٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۗ وَمَا ٱللَّهُ يُرِيدُ ظُلْمًا لِّلْعَـٰلَمِينَ

"അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളത്രെ അവ സത്യപ്രകാരം നാം അവ നിനക്ക് ഓതി കേൾപ്പിച്ച് തരുന്നു. ലോകരോട് ഒരു അനീതിയും കാണിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല" (3:108).

إِنَّ ٱللَّهَ لَا يَظْلِمُ مِثْقَالَ ذَرَّةٍ ۖ

"തീർച്ചയായും അല്ലാഹു ഒരു അണുവോളം അനീതി കാണിക്കുകയില്ല" (4:40).

وَلَا يَظْلِمُ رَبُّكَ أَحَدًا

“നിൻെറ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുക യില്ല” (18:49).

**സ്വർഗപ്രവേശവും ദൈവകാരുണ്യവും**

ദൈവിക കാരുണ്യത്തിൻെറ പൂർണമായ പ്രകാശനം നടക്കുന്ന മരണാനന്തര ജീവിതത്തിൽ നടക്കുന്ന സൽകർമികളുടെ സ്വർഗപ്രവേശം പ്രസ്തുത കാരുണ്യത്തിൻെറ ഭാഗംതന്നെയാണ്. മനുഷ്യർ ഇവിടെവെച്ച് ചെയ്യുന്ന സൽകർമങ്ങൾ, അത് എത്രതന്നെ മഹത്താണെങ്കിലും സർവശക്തൻ നമുക്കുവേണ്ടി ഇവിടെ സജ്ജീകരിച്ചു തന്ന അനുഗ്രഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തുലോം പരിമിതമാണ്. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾക്കുള്ള കൃതജ്ഞത മാത്രമെ ആകുന്നുള്ളൂ പ്രസ്തുത സൽകർമങ്ങളെല്ലാം. വിമലമായ വിശ്വാസത്തിലൂന്നിയ നിഷ്കളങ്കമായ കർമങ്ങൾ ചെയ്യുന്നവർക്ക് അല്ലാഹു നൽകുന്ന സമ്മാനമാണ് സ്വർഗം. കർമങ്ങൾവഴി നേടിയെടുക്കുന്ന അവകാശമല്ല അത്. സ്വന്തം കർമങ്ങൾവഴി മാത്രം രക്ഷ നേടാൻ കഴിയുമെന്ന അഹങ്കാരത്തിന് യാതൊരു അടിസ്ഥാനവുമില്ല. മനുഷ്യർ ചെയ്യുന്ന കർമങ്ങൾക്കെല്ലാം അതിനേക്കാൾ എത്രയോ ഇരട്ടിവരുന്ന അനുഗ്രഹങ്ങൾ അവർ ഭൂമിയിൽവെച്ചുതന്നെ ആസ്വദിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വർഗം അല്ലാഹു നൽകുന്ന പാരിതോഷികമാണ്; സർവശക്തൻെറ കാരുണ്യത്തിൻെറ പൂർണ പ്രകാശനമാണ് അവിടെ നടക്കുന്നത്. ആ കാരുണ്യംവഴിയല്ലാതെ ആർക്കും രക്ഷപ്രാപിക്കാൻ ആവുകയില്ല. ഇക്കാര്യം ഖുർആനും ഹദീഥുകളും വ്യക്തമാക്കുന്നുണ്ട്.

يَوْمَ لَا يُغْنِي مَوْلًى عَن مَّوْلًى شَيْـًٔا وَلَا هُمْ يُنصَرُونَ ● إِلَّا مَن رَّحِمَ ٱللَّهُ ۚ إِنَّهُۥ هُوَ ٱلْعَزِيزُ ٱلرَّحِيمُ

“അതെ, ഒരു ബന്ധു മറ്റൊരു ബന്ധുവിന് യാതൊരു പ്രയോജനവും ചെയ്യാത്ത, അവർക്ക് ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസം. അല്ലാഹു ആരോട് കരുണ കാണിച്ചുവോ അവർക്കൊഴികെ, തീർച്ചയായും അവൻ തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും” (44:41,42).

وَقِهِمُ ٱلسَّيِّـَٔاتِ ۚ وَمَن تَقِ ٱلسَّيِّـَٔاتِ يَوْمَئِذٍ فَقَدْ رَحِمْتَهُۥ ۚ وَذَٰلِكَ



هُوَ ٱلْفَوْزُ ٱلْعَظِيمُ

“അന്നേദിവസം നീ ഏതൊരാളെ തിന്മകളിൽനിന്ന് കാക്കുന്നുവോ അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അതുതന്നെയാകുന്നു മഹാഭാഗ്യം” (40:9).

مَّن يُصْرَفْ عَنْهُ يَوْمَئِذٍ فَقَدْ رَحِمَهُۥ ۚ وَذَٰلِكَ ٱلْفَوْزُ ٱلْمُبِينُ

“അന്നേദിവസം ആരിൽനിന്ന് അത് (ശിക്ഷ) ഒഴിവാക്കപ്പെടുന്നുവോ അവനോട് അല്ലാഹു തീർച്ചയായും കാരുണ്യം കാണിച്ചിരിക്കുന്നു. അതത്രെ വ്യക്തമായ വിജയം” (6:16).

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَارِبُوا وَسَدِّدُوا وَاعْلَمُوا أَنَّهُ لَنْ يَنْجُوَ أَحَدٌ مِنْكُمْ بِعَمَلِهِ قَالُوا يَا رَسُولَ اللَّهِ وَلَا أَنْتَ قَالَ وَلَا أَنَا إِلَّا أَنْ يَتَغَمَّدَنِي اللَّهُ بِرَحْمَةٍ مِنْهُ وَفَضْلٍ

“അബൂഹുറയ്റ (ؓ) നിവേദനം: പ്രവാചകൻ (ﷺ) പറഞ്ഞു: നിങ്ങൾ സന്മാർഗം സ്വീകരിക്കുകയും അതിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക. അറിയുക! ആരും തൻെറ കർമങ്ങൾകൊണ്ടുമാത്രം രക്ഷപ്പെടുകയില്ല. അവർ ചോദിച്ചു ‘അല്ലാഹുവിൻെറ ദൂതരെ അങ്ങയും രക്ഷപ്പെടുകയില്ലേ?’ (അവർ സംശയം പ്രകടിപ്പിച്ചു). ‘അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും എന്നെ ആവരണം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഞാനും (കർമംകൊണ്ടുമാത്രം രക്ഷപ്പെടുമായിരുന്നില്ല)’. പ്രവാചകൻ (ﷺ) പ്രതിവചിച്ചു” (സ്വഹീഹു മുസ്‌ലിം, ഹദീഥ്: 5041.

**ദൈവിക ദർശനം:**

സ്വർഗപ്രവേശം ദൈവിക കാരുണ്യംവഴിയാണ് നടക്കുന്നത്. സ്വർഗത്തിലെ എണ്ണമറ്റ അനുഗ്രഹങ്ങൾ ദൈവിക കാരുണ്യത്തിൻെറ നിദർശനങ്ങളാണ്. സ്വർഗത്തിൽവെച്ച് വിശ്വാസികൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം കാരുണ്യമൂർത്തിയായ അല്ലാഹുവിൻെറ ദർശനമാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന, ജീവജാലങ്ങളിൽ ഉത്കൃഷ്ടനായി മനുഷ്യനെ തെരഞ്ഞെടുത്ത മാതൃഗർഭാശയത്തിലെ ഘട്ടംഘട്ടമായുള്ള വളർച്ചമുതൽ മരണംവരെയുള്ള ഓരോ

ജീവിതഘട്ടങ്ങളിലും തന്നെ നോക്കി വളർത്തിയ, പ്രവാചകന്മാരെ പറഞ്ഞയച്ച് തനിക്ക് സ്വർഗപ്രവേശത്തിന് അർഹനാകുവാനുള്ള വഴി പറഞ്ഞുതന്ന, അവസാനം അനന്തമായ അനുഗ്രഹങ്ങളുടെ ഭവനത്തിൽ താമസിപ്പിച്ച പരമകാരുണികനും കരുണാനിധിയുമായ നാഥനെ കണ്ടുമുട്ടുന്നതിനേക്കാൾ വലിയ ആഹ്ലാദമെന്താണുള്ളത്. പ്രസ്തുത അനുഗ്രഹമായിരിക്കും അവന്റെ കാരുണ്യത്തിന്റെ പ്രകാശനമാർഗങ്ങളിൽ ഏറ്റവും മഹത്തരവും മികച്ചതും. ആ അനുഗ്രഹത്തെക്കുറിച്ച് വിവരിക്കുന്ന ഖുർആൻ സൂക്തങ്ങളും ഹദീഥുകളും കാണുക:

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ● إِلَىٰ رَبِّهَا نَاظِرَةٌ

"ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും അവരുടെ രക്ഷിതാവിന്റെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും" (75:22,23).

عَلَى ٱلْأَرَآئِكِ يَنظُرُونَ

"സോഫകളിൽ ഇരുന്ന് അവർ നോക്കിക്കൊണ്ടിരിക്കും" (83:35).

قَالَ لِي جَرِيرُ بْنُ عَبْدِاللَّهِ كُنَّا عِنْدَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذْ نَظَرَ إِلَى الْقَمَرِ لَيْلَةَ الْبَدْرِ فَقَالَ أَمَا إِنَّكُمْ سَتَرَوْنَ رَبَّكُمْ كَمَا تَرَوْنَ هَذَا لَا تُضَامُّونَ أَوْ لَا تُضَاهُونَ فِي رُؤْيَتِهِ فَإِنِ اسْتَطَعْتُمْ أَنْ لَا تُغْلَبُوا عَلَى صَلَاةٍ قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا فَافْعَلُوا ثُمَّ قَالَ ( فَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا )

"ജരീർ (رضي الله عنه)നിവേദനം: ഒരിക്കൽ ഞങ്ങൾ നബി (ﷺ) യോടൊപ്പം ഇരിക്കുകയായിരുന്നു. അപ്പോൾ പൗർണമി രാവിലെ പൂർണ ചന്ദ്രനെ നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: ഈ ചന്ദ്രനെ നിങ്ങൾ കാണുന്നതുപോലെതന്നെ നിങ്ങളുടെ നാഥനെ നിങ്ങൾ കാണും. അവനെ കാണുന്നതിൽ നിങ്ങൾക്ക് യാതൊരു അവ്യക്തതയും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് സൂര്യോദയത്തിന് മുമ്പും സൂര്യാസ്തമയത്തിന് മുമ്പുമുള്ള നമസ്കാരം നിർവഹിക്കുവാൻ കഴിഞ്ഞെങ്കിൽ



നിങ്ങൾ അത് നിർവഹിച്ചുകൊള്ളുക. ഇപ്രകാരം അരുളിയ ശേഷം അവിടുന്ന് ഓതി: നിന്റെ രക്ഷിതാവിന്റെ മഹത്ത്വത്തെയും പരിശുദ്ധതയെയും സൂര്യോദയത്തിന് മുമ്പും സൂര്യാസ്തമയത്തിന് മുമ്പും നീ പ്രകീർത്തിച്ചുകൊള്ളുക" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 539).

أَنَّ أَبَا هُرَيْرَةَ أَخْبَرَهُمَا أَنَّ النَّاسَ قَالُوا يَا رَسُولَ اللَّهِ هَلْ نَرَى رَبَّنَا يَوْمَ الْقِيَامَةِ قَالَ هَلْ تُمَارُونَ فِي الْقَمَرِ لَيْلَةَ الْبَدْرِ لَيْسَ دُونَهُ سَحَابٌ قَالُوا لَا يَا رَسُولَ اللَّهِ قَالَ فَهَلْ تُمَارُونَ فِي الشَّمْسِ لَيْسَ دُونَهَا سَحَابٌ قَالُوا لَا قَالَ فَإِنَّكُمْ تَرَوْنَهُ كَذَلِكَ يُحْشَرُ النَّاسُ يَوْمَ الْقِيَامَةِ فَيَقُولُ مَنْ كَانَ يَعْبُدُ شَيْئًا فَلْيَتَّبِعْ فَمِنْهُمْ مَنْ يَتَّبِعُ الشَّمْسَ وَمِنْهُمْ مَنْ يَتَّبِعُ الْقَمَرَ وَمِنْهُمْ مَنْ يَتَّبِعُ الطَّوَاغِيتَ وَتَبْقَى هَذِهِ الْأُمَّةُ فِيهَا مُنَافِقُوهَا فَيَأْتِيهِمُ اللَّهُ فَيَقُولُ أَنَا رَبُّكُمْ فَيَقُولُونَ هَذَا مَكَانُنَا حَتَّى يَأْتِيَنَا رَبُّنَا فَإِذَا جَاءَ رَبُّنَا عَرَفْنَاهُ فَيَأْتِيهِمُ اللَّهُ فَيَقُولُ أَنَا رَبُّكُمْ فَيَقُولُونَ أَنْتَ رَبُّنَا فَيَدْعُوهُمْ

"അബൂഹുറയ്റ (رضي الله عنه) നിവേദനം: ഒരു വിഭാഗം ജനങ്ങൾ തിരുമേനി (ﷺ)യോട് ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരേ, പുനരുത്ഥാനദിവസം ഞങ്ങളുടെ രക്ഷിതാവിനെ ഞങ്ങൾ കാണുമോ? തിരുമേനി (ﷺ) അരുളി: അൽപംപോലും മേഘമില്ലാത്ത ഒരു ദിവസം പൂർണ ചന്ദ്രനെ നിങ്ങൾ കണ്ടാൽ അതിൽ നിങ്ങൾക്ക് വല്ല സംശയവും തോന്നുമോ? അല്ലാഹുവിന്റെ ദൂതരേ, ഇല്ല. ഞങ്ങൾക്ക് സംശയം തോന്നുകയില്ലെന്ന് അവർ ഉത്തരം പറഞ്ഞു. തിരുമേനി (ﷺ) ചോദിച്ചു: ആകാശത്ത് അശേഷവും മേഘമില്ലാത്ത ദിവസം സൂര്യൻ ഉദിച്ചുകണ്ടാൽ അതിൽ നിങ്ങൾ സംശയിക്കുമോ? ദൈവദൂതരെ സംശയിക്കുകയില്ലായെന്ന് അവർ വീണ്ടും മറുപടി പറഞ്ഞു. അന്നേരം തിരുമേനി (ﷺ) അരുളി: എന്നാൽ അത് ഏത് പ്രകാരമാണോ അതു പ്രകാരമാണ് അല്ലാഹുവിനെയും നിങ്ങൾ ദർശിക്കുക. പുനരുത്ഥാനദിവസം മനുഷ്യർ സമ്മേളിക്കപ്പെടും. അപ്പോൾ അല്ലാഹു

പറയും: വല്ലവനും വല്ല വസ്തുവിനെയും ആരാധിച്ചുകൊണ്ട് ജീവിച്ചുപോന്നിട്ടുണ്ടെങ്കിൽ അവൻ അതിൻെറപിന്നാലെ പോയിക്കൊള്ളട്ടെ. സൂര്യനെ ആരാധിച്ചിരുന്നവർ അതിനെ പിന്തുടരും; ചന്ദ്രനെ ആരാധിച്ചിരുന്നവർ അതിനെ പിന്തുടരും; അല്ലാഹു അല്ലാത്തവരെ ആരാധിച്ചിരുന്നവർ അവക്ക് പിന്നിൽ പോകും; അവസാനം ഈ മുസ്‌ലിം സമുദായം മാത്രം അവശേഷിക്കും. അവരിൽതന്നെ ചില കപടവിശ്വാസികളുണ്ടായിരിക്കും. എന്നിട്ട് അവർക്ക് ഗ്രഹിക്കാൻ കഴിയാത്ത രൂപത്തിൽ അല്ലാഹു അവരുടെ അടുക്കൽ ചെല്ലും. എന്നിട്ട് ഞാനാണ് നിങ്ങളുടെ രക്ഷിതാവ് എന്ന് അവൻ പറയും. അപ്പോൾ അവർ പറയും: ഞങ്ങളുടെ രക്ഷിതാവ് വരുംവരേക്കും ഞങ്ങൾ ഈ സ്ഥലത്തുതന്നെ നിൽക്കും. ഞങ്ങളുടെ രക്ഷിതാവ് വന്നുകഴിഞ്ഞാൽ അവനെ ഞങ്ങൾക്ക് ഗ്രഹിക്കാൻ കഴിയും. അപ്പോൾ (അവർക്ക് ഗ്രഹിക്കാൻ കഴിയാവുന്ന രൂപത്തിൽ) അവരുടെ അടുക്കൽ അല്ലാഹു ചെല്ലും. എന്നിട്ട് അവൻ പറയും. ഞാനാണ് നിങ്ങളുടെ രക്ഷിതാവ്. അന്നേരം അവർ പറയും. നീ തന്നെയാണ് ഞങ്ങളുടെ രക്ഷിതാവ്. അപ്പോൾ അവൻ അവരെ വിളിക്കും" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 804).

# 12

# സജീവനും നിയന്താവും

അചേതനങ്ങളും സചേതനങ്ങളുമായ നിരവധി വസ്തുക്കൾ നമുക്കു ചുറ്റുമുണ്ട്. ജീവനില്ലാത്തവയിൽ നിന്ന് തികച്ചും വ്യതിരിക്തമാണ് ജീവനുള്ളവയുടെ ഉണ്മയെന്ന് ഏവർക്കും അറിയാവുന്നതാണ്. എന്നാൽ എന്താണ് ജീവനെന്ന് വ്യക്തവും സംശയലേശമില്ലാത്തതുമായ ഒരു നിർവചനം നൽകാൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. ജൈവവസ്തുക്കളുടെ വൈവിധ്യമാണതിന് കാരണം. ജീവൻെറ അടിസ്ഥാനയൂനിറ്റായി കണക്കാക്കുന്ന കോശങ്ങളേതിനേക്കാൾ സരളമായ ഘടനയുള്ളതും ജൈവകോശത്തിനകത്തെത്തിയാൽ മാത്രം ജീവൻെറ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നതുമായ വൈറസുകൾ മുതൽ അതിസങ്കീർണമായ നാഡീപടലം നൽകപ്പെട്ട വിശിഷ്ട ജീവിയായ മനുഷ്യൻ വരെയുള്ള ചെറുതും വലുതുമായ ജീവികളെല്ലാം അടങ്ങുന്നതാണ് ജൈവലോകം. ജീവന് നാം കൽപിക്കുന്ന ചില പൊതുസ്വഭാവങ്ങളൊഴിച്ചാൽ ബാക്കിയെല്ലാ കാര്യങ്ങളിലും തികച്ചും വ്യതിരിക്തമായ ധർമങ്ങളാണ് ഇവയ്ക്കോരോന്നിനുമുള്ളത്. വൈറസിൻെറ ജീവനും റോസാ ചെടിയുടെ ജീവനും തമ്മിൽ അടിസ്ഥാനപരമായ ചില കാര്യങ്ങളിൽ സാധർമ്യമുണ്ടെങ്കിലും തികച്ചും വ്യത്യസ്തങ്ങളായ ധർമങ്ങളാണ് ഇവയോരോന്നും പ്രകടിപ്പിക്കുന്നതെന്നർഥം. ഈ അർഥത്തിൽ ജൈവലോകത്ത്

ജീവൻ അതിൻെറ ഉന്നത രൂപത്തിൽ സ്ഥിതിചെയ്യുന്നത് മനുഷ്യനിലാണെന്ന് പറയാം.

എന്നാൽ മനുഷ്യനിലും ജീവൻ അതിൻെറ പൂർണരൂപത്തിൽ നിലനിൽക്കുന്നുവെന്ന് പറയാനാകുമോ? ഇല്ലെന്നാണ് ഉത്തരം. അവൻെറ ജീവിതത്തിന് തുടക്കവും ഒടുക്കവുമുണ്ട്. ജീവനില്ലാത്ത വസ്തുക്കളുടെ സത്തിൽ നിന്നാണ് അവൻെറ തുടക്കം. പിന്നെ അവൻ അർധജീവനുകളായി (അർധ കോശങ്ങളെ അർധജീവനുകളെന്നു വിളിക്കാമോ?) മാതാവിൻെറ ഗർഭാശയത്തിൽവെച്ച് പൂർണകോശവും അത് വിഭജിക്കപ്പെട്ട് ഘട്ടംഘട്ടങ്ങളായി മനുഷ്യനെന്ന സവിശേഷ സൃഷ്ടിയുമുണ്ടായി. അവൻ ഭൂമിയിലെത്തിയതു മുതൽ ഉന്നതമായ ജീവൻെറ സവിശേഷതകൾ പ്രകടിപ്പിക്കുന്നു. പ്രായവ്യത്യാസങ്ങൾക്കനുസരിച്ച് ഈ സവിശേഷതകളുടെ പ്രകടനത്തിലും വ്യത്യാസങ്ങളുണ്ടായിരിക്കും. അവസാനം നിശ്ചയിക്കപ്പെട്ട അവധിയെത്തിയാൽ അവൻ മരണപ്പെടുന്നു. ജനനത്തിനും മരണത്തിനുമിടയിൽ അവന്ന് ജീവൻെറ പൂർണമായ പ്രകടനം സാധ്യമാകാത്ത സന്ദർഭങ്ങളുമുണ്ട്. അവൻ മയങ്ങുന്നു; ഉറങ്ങുന്നു; അവന്ന് ബോധക്ഷയമുണ്ടാവുന്നു-ഇങ്ങനെ പലതും. അവസാനം അവന്ന് ജീവൻ വെടിയേണ്ടതായും വരുന്നു. ജീവൻ അതിൻെറ പൂർണമായ അർഥത്തിൽ മനുഷ്യനിലും നിലനിൽക്കുന്നില്ലെന്ന് സാരം.

നമുക്കെല്ലാം ജീവൻ നൽകിയവനാണ് അല്ലാഹു. ജീവൻെറയും ജീവിതത്തിൻെറയും ഉത്ഭവം അവനിൽനിന്നാണ്. സൃഷ്ടികളുടെയെല്ലാം ജീവിതത്തിന് ഒരു പരിധിയുണ്ട്. അവർ ജീവിതമാരംഭിച്ചത് ഒരു പ്രത്യേക തീയതിയിലാണ്. ഒരു ദിവസം അവർ മരിക്കും. ജനനവും മരണവും സ്ഥലകാലത്തിന്നകത്തു നടക്കുന്ന പ്രതിഭാസങ്ങളാണ്. അല്ലാഹു സ്ഥലകാലങ്ങൾക്ക് അതീതനായതുകൊണ്ടുതന്നെ അവന്ന് ജനനമില്ല; മരണവുമില്ല. ജീവിതമെന്ന ഗുണം പൂർണമായ അർഥത്തിൽ നിലനിൽക്കുന്നത് അവനിലാണ്. അവൻെറ ജീവിതത്തിന് തുടക്കമില്ല; ഒടുക്കവുമില്ല. 'എന്നെന്നും ജീവിക്കുന്നവൻ' എന്ന അർഥത്തിലാണ് ഖുർആൻ ദൈവവിശേഷണമായി 'അൽഹയ്യ്' എന്നു പറഞ്ഞിരിക്കുന്നത്. ആദിയോ അന്ത്യമോ ഇല്ലാത്ത ജീവൻെറ ഉടമസ്ഥനായിട്ടാണ് വിശുദ്ധ ഖുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത്.

ഉറക്കവും മയക്കവും ബോധക്ഷയവുമെല്ലാം സൃഷ്ടികൾക്കുണ്ടാവുന്നതാണ്. ഉറക്കമോ മയക്കമോ ബാധിക്കാത്തവനാണ് അല്ലാഹു. ദൈവത്തെ സൃഷ്ടികളോട് താരതമ്യം ചെയ്ത ചില മതദർശനങ്ങളിൽ അവൻ ക്ഷീണത്താൽ വിശ്രമിച്ചതായും അനന്തശയനത്തിൽ സ്ഥിതി ചെയ്തതായും മറ്റുമുള്ള പരാമർശങ്ങൾ കാണാം. വിശുദ്ധ ഖുർആനാകട്ടെ ഒരിക്കലും ഉറങ്ങുകയോ മയങ്ങുകയോ ചെയ്യാതെ സജീവനായിരിക്കുന്നവനായാണ് അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത്. സജീവനായ അല്ലാഹുവിന്നു മാത്രമേ സദാസമയവും സൃഷ്ടികളുടെ പ്രാർഥന ശ്രവിക്കാനാവൂ എന്നതിനാൽതന്നെ അവനെ മാത്രമാണ് ആരാധിക്കേണ്ടതെന്ന വിശുദ്ധ ഖുർആനിൻെറ അനുശാസനക്ക് ഉപോൽബലകമാണ് 'അൽഹയ്യ്' എന്ന വിശേഷണമെന്ന് കാണാൻ കഴിയും.



ജീവൻ അതിൻെറ പൂർണമായ അർഥത്തിൽ നിലനിൽക്കുന്ന രീതിയിലുള്ള അസ്തിത്വമുള്ളവന്ന് മാത്രമെ ഈ ബൃഹത്തായ പ്രപഞ്ചം നിയന്ത്രിച്ചു നടത്താൻ കഴിയൂ. സൂക്ഷ്മവും സ്ഥൂലവുമായ പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ ഒന്നുപോലും യാതൊരുവിധ ന്യൂനതകളുമില്ലാതെ മുന്നോട്ടു നയിക്കുന്നവന് ക്ഷീണവും മയക്കവും ഉറക്കും മോഹാലസ്യവും മരണവുമൊന്നും ഉണ്ടായിക്കൂടാ. സജീവനായ പ്രപഞ്ചനാഥൻ തന്നെയാണ് വലുതും ചെറുതുമായ സകല കാര്യങ്ങളുടെയും നിയന്താവ്.

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ

"അല്ലാഹു-അവനല്ലാതെ വേറെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ; സ്വയംപര്യാപ്തനായ സർവനിയന്താവ്; അവനെ ഒരുവിധ ഉറക്കവും മയക്കവും ബാധിക്കുന്നില്ല" (2:255).

## ദൈവിക സംസാരം

സജീവനായ അല്ലാഹു മൂകനാണെന്നല്ല ഖുർആൻ പഠിപ്പിക്കുന്നത്; അവൻ സംസാരിക്കുന്നവനാണ്. അല്ലാഹുവിൻെറ വചനങ്ങൾ (കലിമാത്) അനന്തമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

قُل لَّوْ كَانَ ٱلْبَحْرُ مِدَادًا لِّكَلِمَٰتِ رَبِّى لَنَفِدَ ٱلْبَحْرُ قَبْلَ أَن تَنفَدَ

كَلِمَٰتُ رَبِّى وَلَوْ جِئْنَا بِمِثْلِهِۦ مَدَدًا

'(നബിയേ) പറയുക: സമുദ്രജലം എൻെറ രക്ഷിതാവിൻെറ

വചനങ്ങളെഴുതാനുള്ള മഷിയായിരുന്നെങ്കിൽ എൻെറ രക്ഷിതാവിൻെറ വചനങ്ങൾ തീരുന്നതിനു മുമ്പായി സമുദ്രജലം തീർന്നുപോവുകതന്നെ ചെയ്യുമായിരുന്നു; അതിന് തുല്യമായ മറ്റൊരു സമുദ്രം കൂടി നാം സഹായത്തിനു കൊണ്ടുവന്നാലും ശരി" (18:109).

وَلَوْ أَنَّمَا فِى ٱلْأَرْضِ مِن شَجَرَةٍ أَقْلَٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ
سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَٰتُ ٱللَّهِ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ

"ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാവുകയും അതിനു പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിൻെറ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (31: 27).

അല്ലാഹുവിൻെറ വചനങ്ങൾ അനന്തമാണെന്നാണല്ലോ ഇതിൻെറ സാരം. അനന്തവിപുലമായ ദൈവവചനങ്ങളിൽനിന്ന് മനുഷ്യൻ അറിയേണ്ടതാവശ്യമായ വസ്തുക്കൾ അവൻ പ്രവാചകന്മാരിലൂടെ ജനങ്ങളിലെത്തിക്കുന്നു. അങ്ങനെയാണ് ദൈവം മനുഷ്യരോട് സംസാരിക്കുന്നത്.

അല്ലാഹു പ്രവാചകന്മാരോടും മറ്റും സംസാരിച്ചതായി നിരവധി ഖുർആൻ വാക്യങ്ങളിലുണ്ട്.

تِلْكَ ٱلرُّسُلُ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ ۘ مِّنْهُم مَّن كَلَّمَ ٱللَّهُ ۖ وَرَفَعَ
بَعْضَهُمْ دَرَجَٰتٍ ۚ وَءَاتَيْنَا عِيسَى ٱبْنَ مَرْيَمَ ٱلْبَيِّنَٰتِ وَأَيَّدْنَٰهُ بِرُوحِ
ٱلْقُدُسِ ۗ وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلَ ٱلَّذِينَ مِنۢ بَعْدِهِم مِّنۢ بَعْدِ مَا
جَآءَتْهُمُ ٱلْبَيِّنَٰتُ وَلَٰكِنِ ٱخْتَلَفُوا۟ فَمِنْهُم مَّنْ ءَامَنَ وَمِنْهُم مَّن كَفَرَ ۚ
وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلُوا۟ وَلَٰكِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ

"ആ ദൂതന്മാരിൽ ചിലർക്ക് നാം മറ്റുചിലരേക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അല്ലാഹു (നേരിൽ) സംസാരിച്ചിട്ടുള്ളവർ അവരിലുണ്ട്. അവരിൽ ചിലരെ അവൻ പല പദവികളിലേക്കു ഉയർത്തി



യിട്ടുമുണ്ട്. മറ്യമിൻെറ മകൻ ഈസാക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും, പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തിന് നാം പിൻബലം നൽകുകയും ചെയ്തിട്ടുണ്ട്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ (ദൂതന്മാരുടെ) പിൻഗാമികൾ വ്യക്തമായ തെളിവ് വന്നുകിട്ടിയതിനുശേഷം (അന്യോന്യം) പോരടിക്കുമായിരുന്നില്ല. എന്നാൽ അവർ ഭിന്നിച്ചു. അങ്ങനെ അവരിൽ വിശ്വസിച്ചവരും നിഷേധിച്ചവരും ഉണ്ടായി. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടിക്കുമായിരുന്നില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു" (2:253).

فَدَلَّىٰهُمَا بِغُرُورٍ ۚ فَلَمَّا ذَاقَا ٱلشَّجَرَةَ بَدَتْ لَهُمَا سَوْءَٰتُهُمَا وَطَفِقَا
يَخْصِفَانِ عَلَيْهِمَا مِن وَرَقِ ٱلْجَنَّةِ ۖ وَنَادَىٰهُمَا رَبُّهُمَآ أَلَمْ أَنْهَكُمَا عَن
تِلْكُمَا ٱلشَّجَرَةِ وَأَقُل لَّكُمَآ إِنَّ ٱلشَّيْطَٰنَ لَكُمَا عَدُوٌّ مُّبِينٌ

"അങ്ങനെ അവർ ഇരുവരെയും വഞ്ചനയിലൂടെ അവൻ തരംതാഴ്ത്തിക്കളഞ്ഞു. അവർ ഇരുവരും ആ വൃക്ഷത്തിൽനിന്ന് രുചി നോക്കിയതോടെ അവർക്ക് അവരുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ കൂട്ടിച്ചേർത്ത് അവർ ഇരുവരും തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി. അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു: ആ വൃക്ഷത്തിൽനിന്ന് ഞാൻ നിങ്ങളെ വിലക്കിയിട്ടില്ലേ? തീർച്ചയായും പിശാച് നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുമില്ലേ" (7:22).

وَإِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ
إِلَٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ
لِى بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ
مَا فِى نَفْسِكَ ۚ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ

"അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക): മറ്യമിൻെറ മകനായ ഈസാ, 'അല്ലാഹുവിന് പുറമെ എന്നെയും, എൻെറ മാതാവി

നെയും ദൈവങ്ങളാക്കികൊള്ളുവിൻ' എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീ എത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവും ഇല്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അത് അറിയുമായിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാൻ അറിയുന്നില്ല. തീർച്ചയായും നീതന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ" (5:116).

وَنَٰدَيۡنَٰهُ مِن جَانِبِ ٱلطُّورِ ٱلۡأَيۡمَنِ وَقَرَّبۡنَٰهُ نَجِيّٗا

"പർവതത്തിന്റെ വലതുഭാഗത്തുനിന്ന് അദ്ദേഹത്തെ വിളിക്കുകയും, രഹസ്യ സംഭാഷണത്തിനായി നാം അദ്ദേഹത്തിന് സാമീപ്യം നൽകുകയും ചെയ്തു" (19:52).

وَلَمَّا جَآءَ مُوسَىٰ لِمِيقَٰتِنَا وَكَلَّمَهُۥ رَبُّهُۥ قَالَ رَبِّ أَرِنِيٓ أَنظُرۡ إِلَيۡكَۚ قَالَ لَن تَرَىٰنِي وَلَٰكِنِ ٱنظُرۡ إِلَى ٱلۡجَبَلِ فَإِنِ ٱسۡتَقَرَّ مَكَانَهُۥ فَسَوۡفَ تَرَىٰنِيۚ فَلَمَّا تَجَلَّىٰ رَبُّهُۥ لِلۡجَبَلِ جَعَلَهُۥ دَكّٗا وَخَرَّ مُوسَىٰ صَعِقٗاۚ فَلَمَّآ أَفَاقَ قَالَ سُبۡحَٰنَكَ تُبۡتُ إِلَيۡكَ وَأَنَا۠ أَوَّلُ ٱلۡمُؤۡمِنِينَ

"നമ്മുടെ നിശ്ചിത സമയത്തിന് മൂസ വരികയും, അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ മൂസ പറഞ്ഞു: എന്റെ രക്ഷിതാവേ, (നിന്നെ) എനിക്കൊന്ന് കാണിച്ച് തരൂ, ഞാൻ നിന്നെയൊന്ന് നോക്കിക്കാണട്ടെ. അവൻ (അല്ലാഹു) പറഞ്ഞു: നീ എന്നെ കാണുകയില്ലതന്നെ. എന്നാൽ നീ ആ മലയിലേക്ക് നോക്കൂ. അത് അതിന്റെ സ്ഥാനത്ത് ഉറച്ചുനിന്നാൽ വഴിയെ നിനക്ക് എന്നെ കാണാം. അങ്ങനെ അദ്ദേഹത്തിന്റെ രക്ഷിതാവ് പർവതത്തിൽ വെളിപ്പെട്ടപ്പോൾ അതിനെ അവൻ പൊടിയാക്കി. മൂസ ബോധരഹിതനായി വീഴുകയും ചെയ്തു. എന്നിട്ട് അദ്ദേഹത്തിന് ബോധം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: നീ എത്ര പരിശുദ്ധൻ! ഞാൻ നിന്നിലേക്ക് ഖേദിച്ച് മടങ്ങിയിരിക്കുന്നു. ഞാൻ വിശ്വാസി



കളിൽ ഒന്നാമനാകുന്നു" (7:143).

وَإِذۡ نَادَىٰ رَبُّكَ مُوسَىٰٓ أَنِ ٱئۡتِ ٱلۡقَوۡمَ ٱلظَّٰلِمِينَ

"നിന്റെ രക്ഷിതാവ് മൂസായെ വിളിച്ചുകൊണ്ട് നീ അക്രമികളായ ജനങ്ങളുടെ അടുത്തേക്ക് അതായത്, ഫിർഔന്റെ ജനതയുടെ അടുക്കലേക്ക് ചെല്ലുക, അവൻ സൂക്ഷ്മത പാലിക്കുന്നില്ലേ? (എന്ന് ചോദിക്കുക) എന്ന് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ) (26:10)

സർവശക്തൻ ഭൂമിയിൽ വെച്ച് നേരിട്ട് സംസാരിച്ച വ്യക്തിയാണ് മൂസാ (عليه السلام).

وَرُسُلٗا قَدۡ قَصَصۡنَٰهُمۡ عَلَيۡكَ مِن قَبۡلُ وَرُسُلٗا لَّمۡ نَقۡصُصۡهُمۡ عَلَيۡكَۚ وَكَلَّمَ ٱللَّهُ مُوسَىٰ تَكۡلِيمٗا

"നിനക്ക് നാം മുമ്പ് വിവരിച്ചുതന്നിട്ടുള്ള ദൂതന്മാരെയും, നിനക്ക് നാം വിവരിച്ചുതന്നിട്ടില്ലാത്ത ദൂതന്മാരെയും (നാം നിയോഗിക്കുകയുണ്ടായി). മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു" ( 4:164).

ഇക്കാര്യം ഹദീഥുകളിലും വന്നിട്ടുണ്ട്.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ حَاجَّ مُوسَى آدَمَ فَقَالَ لَهُ أَنْتَ الَّذِي أَخْرَجْتَ النَّاسَ مِنَ الْجَنَّةِ بِذَنْبِكَ وَأَشْقَيْتَهُمْ قَالَ قَالَ آدَمُ يَا مُوسَى أَنْتَ الَّذِي اصْطَفَاكَ اللَّهُ بِرِسَالَتِهِ وَبِكَلَامِهِ أَتَلُومُنِي عَلَى أَمْرٍ كَتَبَهُ اللَّهُ عَلَيَّ قَبْلَ أَنْ يَخْلُقَنِي أَوْ قَدَّرَهُ عَلَيَّ قَبْلَ أَنْ يَخْلُقَنِي قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَحَجَّ آدَمُ مُوسَى

"അബൂഹുറയ്റ (رضي الله عنه) നിവേദനം: നബി (ﷺ) അരുളി: ആദമും മൂസായും തമ്മിൽ തർക്കിച്ചു. മൂസ പറഞ്ഞു: താങ്കളുടെ പാപം കാരണമാണ് താങ്കളെ സ്വർഗത്തിൽനിന്ന് പുറത്താക്കിയത്. അദ്ദേഹം (ആദം) പറഞ്ഞു: അല്ലാഹു അവന്റെ രിസാലത്തിനും അഭിമുഖ സംഭാഷണത്തിനും തെരഞ്ഞെടുത്ത പ്രവാചകനാണ് താങ്കൾ!

എന്നിട്ടും ഞാൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പുതന്നെ അല്ലാഹു തീരുമാനിച്ചതിൻെറ പേരിൽ നീ എന്നെ ആക്ഷേപിക്കുകയാണോ? നബി (ﷺ) അരുളി: ഇപ്രകാരം ആദം മൂസായെ രണ്ട് പ്രാവശ്യം തർക്കത്തിൽ പരാജയപ്പെടുത്തി" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4369).

ദൈവികസംസാരത്തിൻെറ സ്വഭാവം വ്യക്തമാക്കുന്ന ഖുർആൻ സൂക്തം കാണുക:

وَمَا كَانَ لِبَشَرٍ أَن يُكَلِّمَهُ ٱللَّهُ إِلَّا وَحۡيًا أَوۡ مِن وَرَآيِٕ حِجَابٍ أَوۡ يُرۡسِلَ رَسُولاً فَيُوحِيَ بِإِذۡنِهِۦ مَا يَشَآءُۚ إِنَّهُۥ عَلِيٌّ حَكِيمٌ

"(നേരിട്ടുള്ള) ഒരു ബോധനം എന്ന നിലയിലോ ഒരു മറയുടെ പിന്നിൽനിന്നായിക്കൊണ്ടോ ഒരു ദൂതനെ അയച്ച് അല്ലാഹുവിൻെറ അനുവാദപ്രകാരം അവൻ ഉദ്ദേശിക്കുന്നത് അദ്ദേഹം (ദൂതൻ) ബോധനം നൽകുക എന്ന നിലയിലോ അല്ലാതെ അല്ലാഹു തന്നോട് സംസാരിക്കുക എന്ന കാര്യം യാതൊരു മനുഷ്യനും ഉണ്ടാവുകയില്ല. തീർച്ചയായും അവൻ ഉന്നതനും യുക്തിമാനുമാകുന്നു" (42:51).

പരലോകത്തുവെച്ചുള്ള അല്ലാഹുവിൻെറ സംസാരത്തെക്കുറിച്ചും ഖുർആൻ വ്യക്തമാക്കുന്നു.

وَيَوۡمَ يُنَادِيهِمۡ فَيَقُولُ أَيۡنَ شُرَكَآءِيَ ٱلَّذِينَ كُنتُمۡ تَزۡعُمُونَ

"അവൻ (അല്ലാഹു) അവരെ വിളിക്കുകയും, 'എൻെറ പങ്കുകാർ എന്ന് നിങ്ങൾ ജൽപിച്ചിരുന്നവർ എവിടെ?' എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ)" (28:62).

وَيَوۡمَ يُنَادِيهِمۡ فَيَقُولُ مَاذَآ أَجَبۡتُمُ ٱلۡمُرۡسَلِينَ

"അവൻ (അല്ലാഹു) അവരെ വിളിക്കുകയും, ദൈവദൂതന്മാർക്ക് എന്ത് ഉത്തരമാണ് നിങ്ങൾ നൽകിയത് എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു)" (28:65).

മരണാനന്തര ജീവിതത്തിലെ ദൈവിക സംസാരത്തെക്കുറിച്ച് പരാമർശിക്കുന്ന ഒരു ഹദീഥ് നോക്കുക

عَدِيَّ بْنَ حَاتِمٍ رَضِيَ اللَّه عَنْه يَقُولُ كُنْتُ عِنْدَ رَسُولِ اللَّـهِ



صَلَّى اللَّـه عَلَيْهِ وَسَلَّمَ فَجَاءَهُ رَجُلَانِ أَحَدُهُمَا يَشْكُو الْعَيْلَةَ وَالْآخَرُ يَشْكُو قَطْعَ السَّبِيلِ فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَمَّا قَطْعُ السَّبِيلِ فَإِنَّهُ لَا يَأْتِي عَلَيْكَ إِلَّا قَلِيلٌ حَتَّى تَخْرُجَ الْعِيرُ إِلَى مَكَّةَ بِغَيْرِ خَفِيرٍ وَأَمَّا الْعَيْلَةُ فَإِنَّ السَّاعَةَ لَا تَقُومُ حَتَّى يَطُوفَ أَحَدُكُمْ بِصَدَقَتِهِ لَا يَجِدُ مَنْ يَقْبَلُهَا مِنْهُ ثُمَّ لَيَقِفَنَّ أَحَدُكُمْ بَيْنَ يَدَيِ اللَّـهِ لَيْسَ بَيْنَهُ وَبَيْنَهُ حِجَابٌ وَلَا تَرْجُمَانٌ يُتَرْجِمُ لَهُ ثُمَّ لَيَقُولَنَّ لَهُ أَلَمْ أُوتِكَ مَالًا فَلَيَقُولَنَّ بَلَى ثُمَّ لَيَقُولَنَّ أَلَمْ أُرْسِلْ إِلَيْكَ رَسُولًا فَلَيَقُولَنَّ بَلَى فَيَنْظُرُ عَنْ يَمِينِهِ فَلَا يَرَى إِلَّا النَّارَ ثُمَّ يَنْظُرُ عَنْ شِمَالِهِ فَلَا يَرَى إِلَّا النَّارَ فَلْيَتَّقِيَنَّ أَحَدُكُمُ النَّارَ وَلَوْ بِشِقِّ تَمْرَةٍ فَإِنْ لَمْ يَجِدْ فَبِكَلِمَةٍ طَيِّبَةٍ

"അദിയ്യ്ബ്നുഹാതിം (رضي الله عنه) നിവേദനം: ഞാൻ ഒരിക്കൽ നബി(ﷺ) യുടെ അടുക്കൽ ഇരിക്കുമ്പോൾ രണ്ടാളുകൾ നബി (ﷺ) അടുക്കൽ വന്നു. അവരിൽ ഒരാൾ ദാരിദ്ര്യത്തെക്കുറിച്ചും മറ്റൊരാൾ വഴിയിലെ കവർച്ചക്കാരെക്കുറിച്ചും ആവലാതിപ്പെട്ടു. അപ്പോൾ നബി (ﷺ) പറഞ്ഞു: വഴികൊള്ളക്കാരുടെ ശല്യം അൽപകാലത്തേക്ക് മാത്രമെ ഉണ്ടാവുകയുള്ളൂ. അതുകഴിഞ്ഞാൽ മക്കയിലേക്ക് യാതൊരു സംരക്ഷകൻെറയും സഹായം കൂടാതെ കച്ചവടസംഘം യാത്രചെയ്യുന്നതാണ്. ദാരിദ്ര്യത്തിൻെറ അവസ്ഥയാണെങ്കിൽ നിങ്ങളിലൊരാൾ തൻെറ സകാത്തുമായി ചുറ്റി നടക്കും. അത് സ്വീകരിക്കുന്ന ഒരാളെയും കാണുകയില്ല. ഇങ്ങനെയുള്ളൊരു കാലഘട്ടം വന്നെത്തുംവരേക്കും അന്ത്യദിനം ഉണ്ടാവുകയില്ല. ശേഷം നിങ്ങളിൽ ഓരോരുത്തരും അല്ലാഹുവിൻെറ മുമ്പിൽചെന്നുനിൽക്കും. മനുഷ്യനും അല്ലാഹുവിനും ഇടയിൽ ഒരു മറയോ പരിഭാഷകനോ ഉണ്ടായിരിക്കുകയില്ല. അല്ലാഹു മനുഷ്യനോട് ചോദിക്കും: നിങ്ങൾക്ക് ഞാൻ ധനം നൽകിയിരുന്നില്ലേ? അവർ പറയും: അതെ. നിൻെറ അടുക്കലേക്ക് ഞാൻ ദൂതനെ അയച്ചിരുന്നില്ലേ? അല്ലാഹു ചോദിക്കും. അതെ, എന്ന് മനുഷ്യൻ മറുപടി പറയും. പിന്നീട് മനുഷ്യൻ വലതുഭാഗത്തേക്ക് നോക്കും. അപ്പോൾ നരകമല്ലാതെ അവൻ കാണുകയില്ല. ശേഷം

അവൻ തൻെറ ഇടതുഭാഗത്തേക്ക് നോക്കും. അപ്പോഴും നരകത്തെ മാത്രമെ അവൻ കാണുകയുള്ളൂ. അതുകൊണ്ട് ഒരു കാരക്കയുടെ കഷ്ണം ദാനം നൽകിയിട്ടെങ്കിലും നിങ്ങളിൽ ഓരോരുത്തരും നരകത്തെ കാത്തുസൂക്ഷിക്കുവിൻ, അതും കൈവശമില്ലാത്തവൻ നല്ലയൊരു വാക്കുപറഞ്ഞിട്ട് നരകത്തെ സൂക്ഷിക്കട്ടെ (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 1324).

സ്വർഗത്തിലെത്തിച്ചേരുന്ന അവസാനത്തെ മനുഷ്യനുമായുള്ള ദൈവിക സംഭാഷണത്തെക്കുറിച്ച് വിശദീകരിക്കുന്ന ഹദീഥ് കാണുക:

عَنْ عَبْدِاللَّهِ رَضِيِ اللَّه عَنْه قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ
إِنِّي لَأَعْلَمُ آخِرَ أَهْلِ الـــنَّارِ خُرُوجًا مِنْهَا وَآخِرَ أَهْلِ الْجَنَّةِ
دُخُولًا رَجُلٌ يَخْرُجُ مِنَ النَّارِ كَبْوًا فَيَقُولُ الـلَّـهُ اذْهَبْ فَادْخُلِ
الْجَنَّةَ فَيَأْتِيـــهَا فَيُخَيَّلُ إِلَيْهِ أَنَّهَا مَلْأَى فَيَرْجِعُ فَيَقُولُ يَا رَبِّ
وَجَدْتُهَا مَلْأَى فَيَقُولُ اذْهَبْ فَادْخُلِ الْجَنَّةَ فَيَأْتِيهَا فَيُخَيَّلُ إِلَيْهِ
أَنَّهَا مَلْأَى فَيَرْجِعُ فَيَقُولُ يَا رَبِّ وَجَدْتُهَا مَلْأَى فَيَقُولُ اذْهَبْ
فَادْخُلِ الْجَنَّةَ فَإِنَّ لَكَ مِثْلَ الـدُّنْيَا وَعَشَرَةَ أَمْثَالِهَا أَوْ إِنَّ لَكَ
مِثْلَ عَشَرَةِ أَمْثَالِ الـدُّنْيَا فَيَقُولُ تَسْخَرُ مِنِّي أَوْ تَضْحَكُ مِنِّي
وَأَنْتَ الْمَلِكُ فَلَقَدْ رَأَيْتُ رَسُولَ اللَّهِ صَلَّى الـلَّـه عَلَيْهِ وَسَلَّمَ
ضَحِكَ حَتَّى بَدَتْ نَوَاجِذُهُ وَكَانَ يَقُولُ ذَاكَ أَدْنَى أَهْلِ الْجَنَّةِ
مَنْزِلَةً

"അബ്ദുല്ല(ﷺ) പറയുന്നു: നബി (ﷺ) അരുളി: നരകത്തിൽ നിന്ന് അവസാനമായി മോചിതനായി സ്വർഗത്തിൽ അവസാനമായി പ്രവേശിക്കുന്നവൻ ആരാണെന്ന് എനിക്കറിയാം. അയാളൊരു മനുഷ്യനാണ് മുട്ടുകുത്തിക്കൊണ്ട് അയാൾ നരകത്തിൽ നിന്ന് പുറത്ത് കയറും. അല്ലാഹു പറയും: നീ പോയി സ്വർഗത്തിൽ പ്രവേശിക്കുക. അയാൾ അങ്ങനെ സ്വർഗത്തിൽ കടക്കും അത് മുഴുവൻ നിറഞ്ഞതായി അ



യാൾക്ക് തേന്നും. അയാൾ തിരിച്ചു വന്ന് അല്ലാഹുവിനോട് പറയും: എന്റെ രക്ഷിതാവേ, ഞാൻ അത് നിറഞ്ഞതായി കണ്ടു. അല്ലാഹു പറയും: നീ പോകുക സ്വർഗത്തിൽ കടക്കുക; പത്ത് ദുനിയാവ് പോലുള്ളത് നിനക്കുണ്ട്. അപ്പോൾ അയാൾ ചോദി ക്കും: നീ എന്നെ പരിഹസിക്കുകയാണോ? അതല്ല, എന്റെ നേരെ ചിരിക്കുകയാണോ? നീ രാജാധിരാജനായിരിക്കെ! ഇതു പറഞ്ഞ് നബി (ﷺ) തന്റെ പല്ലുകൾ കാണുന്നവിധം ചിരിക്കുന്നത് ഞാൻ കണ്ടു. "അതാണ് സ്വർഗത്തിന്റെ ആളുകളിൽ ഏറ്റവും താഴ്ന്ന സ്ഥാനം" എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 6086).

സർവനിയന്താവത്രെ അല്ലാഹു. സൃഷ്ടിപ്രപഞ്ചത്തിലെ വലുതും ചെറുതുമായ സകല വ്യവസ്ഥകളെയും നിർണയിക്കുകയും നിയന്ത്രിക്കുകയുംചെയ്യുന്നത് അവനാണ്. അവനാകട്ടെ, ആരാലും നിയന്ത്രിക്കപ്പെടുന്നുമില്ല. സ്രഷ്ടാവിൻെറ നിയന്ത്രണത്തിൽനിന്ന് വേറിട്ടുകൊണ്ടുള്ള ഒരുവിധ ഇച്ഛാസ്വാതന്ത്ര്യവും ആർക്കും നൽകപ്പെട്ടിട്ടില്ല. ഭൂമിയിൽ, ഏറ്റവുമധികം സ്വാതന്ത്ര്യം നൽകപ്പെട്ട ജീവിയാണ് മനുഷ്യൻ. അവൻെറ സ്വാതന്ത്ര്യം പോലും ദൈവികനിയന്ത്രണത്തിന് വിധേയമാണ്. എന്നാൽ, അല്ലാഹുവാകട്ടെ, ആരുടെയും നിയന്ത്രണത്തിലല്ല സ്ഥിതി ചെയ്യുന്നത്. അവൻ സ്വയം പര്യാപ്തനും പരാശ്രയമില്ലാത്തവനുമാണ്. ഈ ആശയങ്ങളെല്ലാം ദ്യോതിപ്പിക്കുന്ന ദൈവവിശേഷണമാണ് 'അൽഖയ്യൂം'.

പ്രസിദ്ധമായ ആയത്തുൽ കുർസിയ്യിൽ ദൈവവിശേഷണങ്ങളായ 'അൽ ഹയ്യ്', 'അൽ ഖയ്യൂം', എന്നിവ ഒന്നിച്ചാണ് പരാമർശിച്ചിട്ടുള്ളതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

13

# സർവജ്ഞനും സൂക്ഷ്മജ്ഞനും

പലതരത്തിലും പല തലങ്ങളിലുമുള്ള അറിവുകളുമുണ്ട്. ജീവനുള്ള വസ്തുക്കൾക്കെല്ലാം അവയുടെ തലങ്ങളിലുള്ള അറിവുണ്ട്. അവയുടെ ജനിതക കോഡുകളിൽ രേഖപ്പെടുത്തപ്പെട്ട അറിവിന്റെ അടിസ്ഥാനത്തിലാണ് അവയുടെ നിലനിൽപും വർത്തനങ്ങളുമെല്ലാം മുന്നോട്ടു പോകുന്നത്. ജന്തുക്കൾക്ക് ജനിതകകോഡുകളിലെ അറിവിനപ്പുറത്തേക്കും ചില കാര്യങ്ങൾ പഠിക്കാനും ഉൾക്കൊള്ളാനും കഴിയും. 'ചുടുപാൽ കുടിച്ച പൂച്ച പിന്നെ പച്ചവെള്ളത്തെപ്പോലും പേടിക്കുന്നത്' നേടിയെടുക്കപ്പെട്ട ഈ അറിവുള്ളതുകൊണ്ടാണ്. പട്ടിയെ വേട്ടയ്ക്കു പരിശീലിപ്പിക്കുവാൻ കഴിയുന്നതും തത്തമ്മയെ സംസാരിപ്പിക്കാൻ കഴിയുന്നതുമെല്ലാം ഇതുകൊണ്ടുതന്നെ. എന്നാൽ അവയ്ക്കൊന്നും തന്നെ നേടിയെടുത്ത അറിവിനെ പരിപോഷിപ്പിക്കുവാനോ അടുത്ത തലമുറയിലേക്ക് പകരുവാനോ അതനുസരിച്ച് ജീവിതത്തെ പുരോഗമിപ്പിക്കുവാനോ ഉള്ള കഴിവില്ല. ഇന്നത്തെ അവയുടെ നിലനിൽപിന് മാത്രമെ അവയ്ക്ക് ഈ അറിവ് പ്രയോജനപ്പെടുന്നുള്ളൂ. ഭൂതകാലത്തു നിന്ന് കാര്യമായ യാതൊന്നും അവ പഠിക്കുന്നില്ല. ഭാവിയെക്കുറിച്ച യാതൊരു സങ്കൽപവും അവയ്ക്കില്ല. വർത്തമാനകാല ജീവിതം മാത്രമാണ് അവയുടെ അറിവിന്റെ



മേഖല. ജനിതകമായി ലഭിച്ചതും ചുറ്റുപാടുകൾ പഠിപ്പിച്ചതുമായ അറിവുകളുപയോഗിച്ച് ഈ നിമിഷത്തിലെ ജീവിതം എങ്ങനെ സംതൃപ്തമാക്കാം എന്നതു മാത്രമാണ് അവയുടെ ചിന്താവിഷയം.

ജനിതകമായ അറിവുകൾക്കപ്പുറത്തേക്ക് ഏറെ പോകാൻ കഴിയുമെന്നതാണ് മനുഷ്യരെ മറ്റു ജീവികളിൽ നിന്ന് വ്യതിരിക്തമാക്കുന്ന പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന്. തന്റെ ചുറ്റുപാടുകളിൽ നിന്ന് ഏറെ പഠിക്കുകയും അത് പരിപോഷിപ്പിക്കുകയും അടുത്തതലമുറക്ക് പകർന്നു നൽകുകയും പഴയ തലമുറയിൽ നിന്ന് ഏറെ പഠിക്കുകയും ഈ അറിവെല്ലാമുപയോഗിച്ച് പുരോഗതിയിലേക്ക് കുതിക്കുകയും ചെയ്യുന്നവനാണ് മനുഷ്യൻ. ഇന്നലയെക്കുറിച്ച ഓർമകളും നാളെയെക്കുറിച്ച പ്രതീക്ഷകളുമെല്ലാം ഇന്നിന്റെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അവന്ന് ഭൂതവും ഭാവിയും വർത്തമാനവുമെല്ലാം ഒരേപോലെ പ്രധാനമാണ്. എന്നാൽ അവന്ന് അനുഭവിക്കുവാൻ കഴിയുക വർത്തമാനകാലം മാത്രമാണ്. ഭൂതകാലം അവനിൽ നിന്ന് പറന്നുപോയി; ഭാവി വരാനിരിക്കുന്നതേയുള്ളൂ; വർത്തമാനം മാത്രമാണ് അവന്റെ കൈകളിലുള്ളത്. ഭൂതത്തിൽ അവന്ന് തിരുത്തലുകൾ വരുത്താനാവില്ല. ഭാവിയെക്കുറിച്ച പ്രതീക്ഷകളും സ്വപ്നങ്ങളും മാത്രമാണ് അവന്നുള്ളത്; വർത്തമാനത്തെ മാത്രമാണ് അവൻ ഇച്ഛിക്കുന്ന തരത്തിൽ ഉപയോഗിക്കുവാൻ കഴിയുക. മനുഷ്യന്റെ അറിവിന്റെ ഏറ്റവും വലിയ പരിമിതിയാണിത്. ഭാവി-ഭൂത വർത്തമാനങ്ങളിൽ ബന്ധിതമായ അറിവിന്റെ ഉടമസ്ഥനായ മനുഷ്യന് സ്ഥല-കാല നൈരന്തര്യത്തിന് അതീതമായ അറിവിനെക്കുറിച്ച് ചിന്തിക്കുവാനോ അപഗ്രഥിച്ച് അഭിപ്രായം പറയുവാനോ മനസ്സിലാക്കുവാനോ കഴിയില്ല.

ഭാവി-ഭൂത-വർത്തമാന കാലങ്ങളിൽ ബന്ധിതമല്ലാത്ത അറിവിന്റെ ഉടമയാണ് അല്ലാഹു. അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്. അറിഞ്ഞുകൂടാത്ത ഒരു അവസ്ഥ അവന്ന് ഉണ്ടായിട്ടില്ല. അവനെ സംബന്ധിച്ചിടത്തോളം രഹസ്യവും പരസ്യവുമില്ല; പ്രത്യക്ഷവും പരോക്ഷവുമില്ല. എല്ലാം ഒരേപോലെ അറിയുന്നവനാണ് അല്ലാഹു. സർവജ്ഞൻ എന്നാണ് 'അലീം' എന്ന പദത്തിനർഥം. അല്ലാഹുവിന് അറിയാത്തതായി ഒന്നുമില്ലെന്ന് സൂചിപ്പിക്കുന്ന ഈ പദം ഖുർആനിൽ 158 തവണ ആവർത്തിക്കപ്പെട്ടിരിക്കുന്നു. ഇതുകൂ

ടാതെ അല്ലാഹുവിന്റെ അറിവിനെ സൂചിപ്പിക്കുന്നതിനുവേണ്ടി സൂചിപ്പിക്കപ്പെട്ടിട്ടുള്ള ഒരു വിശേഷണമാണ് ഖബീർ. 'അത്യന്തം സൂക്ഷ്മമായും അഗാധമായും കാര്യങ്ങൾ അറിയുന്നവൻ' എന്നാണി തിനർഥം.

മറ്റെല്ലാ ദൈവികഗുണങ്ങളെയും പോലെ അല്ലാഹുവിന്റെ ജ്ഞാനം മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിന്നപ്പുറമാണ്. ദൈവജ്ഞാനത്തെക്കുറിച്ച വിവരമില്ലായ്മ അംഗീകരിക്കാതെ മനുഷ്യന്റെ അറിവുമായി അതിനെ താരതമ്യം ചെയ്യാൻ ശ്രമിക്കുന്നത് ഒട്ടനവധി ദാർശനിക പ്രശ്നങ്ങൾക്കു നിമിത്തമാകും. 'അറിവ്' എന്ന സങ്കൽപം മനുഷ്യനിൽ പ്രയോഗിക്കുമ്പോൾ ലഭിച്ച അർഥകൽപനയിൽനിന്ന് വ്യത്യസ്തമായ അർഥമാണ് ദൈവത്തിൽ പ്രയോഗിക്കുമ്പോൾ ലഭിക്കുന്നത്. മനുഷ്യമസ്തിഷ്കത്തിൽ ഇന്നും ഇന്നലെയും മാത്രമേ ഉൾക്കൊള്ളിക്കാൻ കഴിയൂ. നാളെ ഉൾക്കൊള്ളിക്കണമെങ്കിൽ നാളെയാവണം. അതിനുമുമ്പ്, 'നാളെയെന്ത് സംഭവിച്ചു?'വെന്ന ചോദ്യം മനുഷ്യനെ സംബന്ധിച്ചിടത്തോളം അസംബന്ധമാണ്. കാരണം അവന്റെ മസ്തിഷ്കത്തിന് സ്ഥല-കാല പരിമിതിയുണ്ട്. സ്ഥല-കാല നൈരന്തര്യത്തിനകത്തു മാത്രമേ നാളെ, ഇന്ന്, ഇന്നലെ തുടങ്ങിയവ പ്രസക്തമാവുകയുള്ളൂ. അതിന്ന് പുറത്ത് ഭൂതവും ഭാവിയും വർത്തമാനവുമില്ല. സമയം തന്നെയില്ല. സമയമില്ലാത്ത അവസ്ഥയെക്കുറിച്ച് ചിന്തിക്കുവാൻ നമ്മുടെ മസ്തിഷ്കം അശക്തമായതിനാൽ അത് നമുക്ക് വിടുക. പക്ഷേ, അല്ലാഹുവിന്റെ സൃഷ്ടിയാണ് സ്ഥല-കാല നൈരന്തര്യമെന്ന് നാം ഓർമിക്കണം. അതുകൊണ്ടുതന്നെ അവൻ സ്ഥല-കാല നൈരന്തര്യത്തിന് അതീതനാണ്. സ്ഥലകാലത്തുള്ള ഭൂതം, ഭാവി, വർത്തമാനം തുടങ്ങിയവയൊന്നും അവന്ന് ബാധകമല്ല. ഈ മൂന്ന് അവസ്ഥകളുമായി ബന്ധപ്പെടുത്തിയല്ലാതെ 'അറിവി'നെ വിശദീകരിക്കുവാൻ മനുഷ്യന് കഴിയില്ല. അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ അറിവ് എങ്ങനെയുള്ളതാണെന്ന് മനസ്സിലാക്കുവാൻ നമുക്കാവില്ല. തൽക്കാലം ഭൂതം, ഭാവി, വർത്തമാനം തുടങ്ങിയവ അവസ്ഥകളില്ലാത്ത അറിവാണ് അല്ലാഹുവിന്റേതെന്ന് മാത്രം നാം മനസ്സിലാക്കുക. അതുകൊണ്ട് ത്രികാലജ്ഞാനിയാണ് അവനെന്ന് പറയാം. 'എല്ലാം അറിയുന്നവൻ' എന്ന ദൈവവിശേഷണം അല്ലാഹു സർവകാലജ്ഞാനിയാണെന്ന് വ്യക്തമാക്കുന്നുണ്ട്.



وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ ۚ وَيَعْلَمُ مَا فِى ٱلْبَرِّ وَٱلْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِى ظُلُمَٰتِ ٱلْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِى كِتَٰبٍ مُّبِينٍ

"അവന്റെ പക്കലാകുന്നു അദൃശ്യജ്ഞാനത്തിന്റെ താക്കോലുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലെ ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല" (6:59).

عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ٱلْكَبِيرُ ٱلْمُتَعَالِ ● سَوَآءٌ مِّنكُم مَّنْ أَسَرَّ ٱلْقَوْلَ وَمَن جَهَرَ بِهِۦ وَمَنْ هُوَ مُسْتَخْفٍۭ بِٱلَّيْلِ وَسَارِبٌۢ بِٱلنَّهَارِ

"ദൃശ്യത്തെയും അദൃശ്യത്തെയും അറിയുന്നവനും മഹാനും ഉന്നതനുമാകുന്നു അവൻ. നിങ്ങളുടെ കൂട്ടത്തിൽനിന്ന് രഹസ്യമായി സംസാരിച്ചവനും പരസ്യമായി സംസാരിച്ചവനും രാത്രിയിൽ ഒളിഞ്ഞിരിക്കുന്നവനും പകൽ പുറത്തിറങ്ങി നടക്കുന്നവനുമെല്ലാം (അവനെ സംബന്ധിച്ചിടത്തോളം) സമമാകുന്നു" (13:9,10).

وَأَسِرُّوا۟ قَوْلَكُمْ أَوِ ٱجْهَرُوا۟ بِهِۦٓ ۖ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ● أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ

"നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു. സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (67:13,14).

കാലബന്ധിതമല്ലാത്ത അല്ലാഹുവിന്റെ അറിവാകുന്ന പാരാവാരത്തിലൂടെ മുന്നോട്ടു നീന്തിക്കൊണ്ടിരിക്കുന്നവരാണ് മനുഷ്യരെല്ലാം. നീന്തിവന്ന സ്ഥലങ്ങൾ ഭൂതവും ഇപ്പോൾ നിൽക്കുന്നത്

വർത്തമാനത്തിലും നീന്തുവാനായി പരന്നുകിടക്കുന്നത് ഭാവിയുമാണ്. പാരാവാരത്തെ മൊത്തമായി നോക്കുന്നവന്ന് നമ്മുടെ ഭൂതവും ഭാവിയും വർത്തമാനവുമെല്ലാം സമമാണ്. ഇതു മനസ്സിലാക്കാതെ കാലാതീതനായ അല്ലാഹുവിൻെറ അറിവിനെ കാലബന്ധിതമായ നമ്മുടെ മസ്തിഷ്കം കൊണ്ട് അപഗ്രഥിച്ച് പഠിക്കാൻ ശ്രമിക്കുന്നത് വങ്കത്തമാണ്; അത് വഴികേടിലേക്കേ നയിക്കൂ. വിധിവിശ്വാസത്തെക്കുറിച്ച സകല തെറ്റിദ്ധാരണകൾക്കും കാരണം അല്ലാഹുവിൻെറ അറിവിനെ നമ്മുടെ മസ്തിഷ്കം കൊണ്ട് അപഗ്രഥിക്കാൻ ശ്രമിച്ചതാണെന്നുള്ളതാണ് വാസ്തവം.

സ്ഥലകാലത്തിനകത്തെ നമ്മുടെ അറിവിനെ ബാധിക്കുന്നതാണ് ഇന്ദ്രിയങ്ങളുടെ പരിമിതി. വർത്തമാനത്തെക്കുറിച്ചുപോലും സൂക്ഷ്മമായി മനസ്സിലാക്കാൻ നമുക്ക് കഴിയില്ല. വയലറ്റിനും ചുമപ്പിനുമിടയിലുള്ള പ്രകാശവീചികളെ മാത്രമെ നമുക്ക് കാണാനാകൂ. ദൃശ്യപ്രകാശത്തിനപ്പുറം യാതൊന്നുമില്ലെന്ന് കരുതപ്പെട്ടിരുന്ന ഭൂതകാലമുണ്ടായിരുന്നു. മനുഷ്യരാശിക്ക്. എന്നാൽ ഇന്നു നമുക്ക് ദൃശ്യവീചികൾക്ക് അപ്പുറമുള്ള പ്രകാശകിരണങ്ങളെക്കുറിച്ചറിയാം. അവയെ പിടിച്ചെടുക്കുവാനും ഉൽപാദിപ്പിക്കുവാനുമാവശ്യമായ സാങ്കേതികവിദ്യ മനുഷ്യൻ നേടിയെടുത്തിട്ടുണ്ട്. എങ്കിലും നമ്മുടെ അന്വേഷണത്തിൻെറ പരിധിയിൽ വരാത്ത നിരവധി കാര്യങ്ങളുണ്ടായിക്കൂടാ? തീർച്ചയായും ഉണ്ടാവും. ഇന്നു കണ്ടുപിടിക്കാത്തവ നാളെ കണ്ടുപിടിക്കപ്പെടും. സൂക്ഷ്മജ്ഞാനം നേടിയവരാണ് മനുഷ്യരെന്ന് പറയാനാകുന്ന ഒരു അവസ്ഥ ഒരിക്കലും സംജാതമാവുകയില്ല; ഇന്ദ്രിയങ്ങളുടെ പരിമിതിയാണ് ഇതിന്നു കാരണം.

മനുഷ്യൻ അറിവുനേടുന്നത് ഇന്ദ്രിയങ്ങളിലൂടെയാണല്ലോ. അവൻെറ ഇന്ദ്രിയങ്ങൾക്ക് പരിധിയുണ്ടെന്ന് നമുക്കറിയാം. മനുഷ്യൻെറയും മറ്റു ജീവികളുടെയും കാഴ്ചക്കും കേൾവിക്കുമെല്ലാം പരിധികളുണ്ട്. കാഴ്ചയുടെയും കേൾവിയുടെയും മറ്റു കഴിവുകളുടെയുമെല്ലാം ദാതാവായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഈ പരിധികൾക്ക് പ്രസക്തിയില്ല. അവൻെറ കാഴ്ചയും കേൾവിയും സ്ഥലത്തിനും കാലത്തിനും അതീതമാണ്. അവ സൂക്ഷ്മവും തെറ്റുപറ്റാത്തതുമാണ്. നിർഗുണനാണ് ദൈവമെന്ന് പറയുന്നവർ പലപ്പോഴും ദൈവത്തെ അന്ധനും ബധിരനുമാക്കാറുണ്ട്. എന്നാൽ, ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു പരിധികളില്ലാതെ കേൾക്കുന്നവനും



കാണുന്നവനുമാണ്. ബസ്വീർ, സമീഅ് എന്നീ വിശേഷണങ്ങളാണ് 'എല്ലാം കാണുന്നവൻ', എല്ലാം കേൾക്കുന്നവൻ' എന്നീ അർഥങ്ങളിൽ യഥാക്രമം ഉപയോഗിക്കപ്പെട്ടിരികുന്നത്.

إِنَّ ٱللَّهَ سَمِيعُۢ بَصِيرٌ

“തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്” (58:1).

നമ്മുടെ കാഴ്ചയും കേൾവിയുമെല്ലാം നമ്മെ വഞ്ചിക്കുന്ന അവസ്ഥകളുണ്ടാവാറുണ്ട്. ബാഹ്യമായ അവസ്ഥകളെ മാത്രമെ നമുക്ക് കാണുവാനും കേൾക്കുവാനും കഴിയൂ. ആകർഷകമായ വ്യക്തിത്വത്തിൻെറയും സുന്ദരമായ പദപ്രയോഗങ്ങളുടെയുമെല്ലാം അടിസ്ഥാനത്തിലാണ് നാം വ്യക്തികളെ വിലയിരുത്താറ്. അവരുടെ മനസ്സിലുള്ളത് എന്താണെന്ന് അറിയാൻ നമ്മുടെ പക്കൽ മാർഗങ്ങളൊന്നുമില്ലല്ലോ. അതുകൊണ്ടുതന്നെ കാഴ്ചയും കേൾവിയും നമ്മെ ചതിക്കുന്ന നിരവധി സന്ദർഭങ്ങളുണ്ടാവാറുണ്ട്. സൂക്ഷ്മജ്ഞാനിയായ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഇത്തരം അവസ്ഥകളൊന്നുമുണ്ടാവുകയില്ല. മനുഷ്യരുടെ ബാഹ്യവും ആന്തരികവുമായ സകലകാര്യങ്ങളും അറിയുന്നവനാണവൻ. അവൻെറ കാഴ്ചക്കും കേൾവിക്കും യാതൊരു പരിമിതിയുമില്ല. അഗാധജ്ഞനും സൂക്ഷ്മജ്ഞനുമാണവൻ. മനസ്സുകൾക്കകത്തുള്ളത് കൃത്യമായി അറിയുന്നവൻ; അവനിൽ നിന്ന് യാതൊന്നും തന്നെ മറച്ചുവെക്കുവാൻ ആർക്കും കഴിയില്ല. കാഴ്ചയും കേൾവിയും അറിവുമെല്ലാം പൂർണമായ അർത്ഥത്തിൽ അവനിൽ സമ്മേളിച്ചിരിക്കുന്നു. നമ്മെക്കുറിച്ച് തന്നെ നമുക്കറിയാത്ത മുഴുവൻ കാര്യങ്ങളും അറിയുന്നവനാണവൻ

إِنَّ ٱللَّهَ عِندَهُۥ عِلۡمُ ٱلسَّاعَةِ وَيُنَزِّلُ ٱلۡغَيۡثَ وَيَعۡلَمُ مَا فِي
ٱلۡأَرۡحَامِۖ وَمَا تَدۡرِي نَفۡسٞ مَّاذَا تَكۡسِبُ غَدٗاۖ وَمَا تَدۡرِي
نَفۡسُۢ بِأَيِّ أَرۡضٖ تَمُوتُۚ إِنَّ ٱللَّهَ عَلِيمٌ خَبِيرُۢ

“തീർച്ചയായും അല്ലാഹുവിൻെറ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴ പെയ്യിക്കുന്നു. ഗർഭാശയങ്ങളിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തി

ക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (31:34).

മനുഷ്യർക്ക് സ്വപ്രയത്നംവഴി നേടിയെടുക്കാനാകുന്ന അറിവുണ്ട്. സ്വന്തമായ സാധനകൾകൊണ്ട് നേടിയെടുക്കാനാവാത്ത, എന്നാൽ മനുഷ്യസമൂഹത്തിന്റെ നിലനിൽപിനുതന്നെ അനിവാര്യമായ അറിവുമുണ്ട്. പ്രസ്തുത അറിവ് നൽകുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ. ദൈവിക ബോധനം നൽകപ്പെട്ട പ്രവാചകന്മാരിലൂടെയാണ് മനുഷ്യരുടെ ആത്യന്തികമായ രക്ഷയെയും ശിക്ഷയെയും സംബന്ധിച്ച അറിവ് സർവ്വശക്തൻ മാനവസമൂഹത്തിന് നൽകിയത്. സ്വന്തമായ പ്രയത്നംവഴിയോ സാധനകൾ കൊണ്ടോ നേടിയെടുക്കാൻ കഴിയുന്നതല്ല പ്രവാചകത്വം. അത് അല്ലാഹുതന്നെ തെരഞ്ഞെടുത്ത് ഏൽപിക്കുന്ന ദൗത്യമാണ്. ഈ ദൗത്യം ഏൽപിക്കപ്പെട്ടവർക്ക് അല്ലാഹുതന്നെ ദൈവിക ബോധനം വഴി മനുഷ്യരുടെ രക്ഷക്ക് ആവശ്യമായ അറിവ് നൽകുന്നു. ഇത് മറ്റ് മനുഷ്യർക്ക് നൽകപ്പെട്ടിട്ടില്ലാത്ത അറിവാണ്. അല്ലാഹുവിന് മാത്രം അറിയാവുന്ന അദൃശ്യജ്ഞാനമാണ് ഗൈബ്. അതിൽനിന്ന് മനുഷ്യർ അറിയേണ്ട കാര്യങ്ങൾ പ്രവാചകന്മാരിലൂടെ അവൻ വെളിപ്പെടുത്തുന്നു. ഖുർആൻ പറയുന്നത് കാണുക:

مَّا كَانَ ٱللَّهُ لِيَذَرَ ٱلْمُؤْمِنِينَ عَلَىٰ مَآ أَنتُمْ عَلَيْهِ حَتَّىٰ يَمِيزَ ٱلْخَبِيثَ
مِنَ ٱلطَّيِّبِ ۗ وَمَا كَانَ ٱللَّهُ لِيُطْلِعَكُمْ عَلَى ٱلْغَيْبِ وَلَٰكِنَّ ٱللَّهَ يَجْتَبِى
مِن رُّسُلِهِۦ مَن يَشَآءُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرُسُلِهِۦ ۚ وَإِن تُؤْمِنُوا۟ وَتَتَّقُوا۟
فَلَكُمْ أَجْرٌ عَظِيمٌ

"നല്ലതിൽനിന്ന് ദുഷിച്ച തിനെ വേർതിരിച്ച് കാണിക്കാതെ, സത്യവിശ്വാസികളെ നിങ്ങൾ ഇന്നുള്ള അവസ്ഥയിൽ അല്ലാഹുവിടാൻ പോകുന്നില്ല. അദൃശ്യജ്ഞാനം അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാനും പോകുന്നില്ല. എന്നാൽ അല്ലാഹു അവന്റെ ദൂതന്മാരിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരെ (അദൃശ്യജ്ഞാനം അറിയിച്ചുകൊടുക്കുവാനായി) തെരഞ്ഞെടുക്കുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവി



ലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുവിൻ. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്" (3:179).

പ്രവാചകന്മാർക്ക് അദൃശ്യജ്ഞാനത്തിൽനിന്ന് അല്ലാഹു അറിയിച്ചുകൊടുത്ത കാര്യങ്ങൾ മാത്രമാണ് അറിയാൻ കഴിയുക. അതല്ലാതെ, എല്ലാ ജ്ഞാനവും അവർക്ക് നൽകപ്പെട്ടിട്ടില്ല. നൂഹ് നബി(عليه السلام) പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു:

وَلَآ أَقُولُ لَكُمْ عِندِى خَزَآئِنُ ٱللَّهِ وَلَآ أَعْلَمُ ٱلْغَيْبَ وَلَآ أَقُولُ إِنِّى
مَلَكٌ وَلَآ أَقُولُ لِلَّذِينَ تَزْدَرِىٓ أَعْيُنُكُمْ لَن يُؤْتِيَهُمُ ٱللَّهُ خَيْرًا ۖ
ٱللَّهُ أَعْلَمُ بِمَا فِىٓ أَنفُسِهِمْ ۖ إِنِّىٓ إِذًا لَّمِنَ ٱلظَّٰلِمِينَ

"അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല. ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല. ഞാനൊരു മലക്കാണെന്ന് പറയുന്നുമില്ല. നിങ്ങളുടെ കണ്ണുകൾ നിസ്സാരമായി കാണുന്നവരെപ്പറ്റി, അവർക്ക് അല്ലാഹു യാതൊരു ഗുണവും നൽകുകയുമില്ല എന്നും ഞാൻ പറയുകയില്ല. അല്ലാഹുവാണ് അവരുടെ മനസ്സുകളിൽ ഉള്ളതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവൻ. അപ്പോൾ (അവരെ ദുഷിച്ച് പറയുന്നപക്ഷം) തീർച്ചയായും ഞാൻ അക്രമികളിൽ പെട്ടവനായിരിക്കും" (11:31).

അന്തിമ പ്രവാചകനോടായി ഖുർആൻ അനുശാസിക്കുന്നത് കാണുക:

قُل لَّآ أَقُولُ لَكُمْ عِندِى خَزَآئِنُ ٱللَّهِ وَلَآ أَعْلَمُ ٱلْغَيْبَ وَلَآ أَقُولُ
لَكُمْ إِنِّى مَلَكٌ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ ۚ قُلْ هَلْ يَسْتَوِى ٱلْأَعْمَىٰ
وَٱلْبَصِيرُ ۚ أَفَلَا تَتَفَكَّرُونَ

"പറയുക, അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണ് എന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിന്തുടരുന്നില്ല. പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ? നിങ്ങ

ൾ എന്താണ് ചിന്തിച്ച് നോക്കാത്തത്? (6:50).

قُل لَّا يَعْلَمُ مَن فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلْغَيْبَ إِلَّا ٱللَّهُ ۚ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ

“(നബിയേ) പറയുക: ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല” (27:65).

എന്താണ് അദൃശ്യജ്ഞാനം?

നമുക്ക് നേടിയെടുക്കാൻ കഴിയുന്ന അറിവിനെക്കുറിച്ച് നടേ നാം മനസ്സിലാക്കിയിട്ടുണ്ട്. ഇന്ദ്രിയങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പര്യവേഷണങ്ങളിലൂടെ അനുഭവിക്കുവാനും ആ അനുഭവങ്ങളിൽനിന്ന് അനുമാനിക്കുവാനും പ്രസ്തുത അനുമാനങ്ങളെ പരീക്ഷണങ്ങളിലൂടെ സ്ഥിരീകരിക്കുവാനും അവയെക്കുറിച്ച് യുക്തിപൂർവം ചിന്തിച്ച് നിഗമനങ്ങളിൽ എത്തുവാനുമെല്ലാമുള്ള കഴിവ് മനുഷ്യർക്കുണ്ട്. ഇവയെല്ലാംതന്നെ കാര്യകാരണ ബന്ധങ്ങൾക്കകത്ത് നടക്കുന്നവയാണ്. കാര്യകാരണ ബന്ധങ്ങൾക്കതീതമായ അറിവാണ് ഗൈബ്. ഓരോ വിഷയത്തിലുമുള്ള ആത്യന്തികമായ അറിവാണത്. ആ അറിവ് നമ്മുടെ ഗവേഷണങ്ങൾക്ക് അതീതമാണ്. ഭൗതികകാര്യങ്ങളിൽപോലും നമുക്ക് അറിയാൻ പറ്റുന്നതും അല്ലാത്തതുമായ ജ്ഞാനമേഖലകളുണ്ട്. നാളെ നേരം വെളുക്കുമെങ്കിൽ അത് എത്ര മണിക്കായിരിക്കുമെന്ന് ഭൂമിയുടെ ഭ്രമണ പരിക്രമണങ്ങളെക്കുറിച്ച് കൃത്യമായി അറിയാവുന്ന ഒരാൾക്ക് ഗണിച്ച് പറയുവാൻ കഴിഞ്ഞേക്കും; എന്നാൽ നാളെ ഈ പ്രപഞ്ചം നിലനിൽക്കുമോ അതല്ല, നശിക്കുമോ എന്ന് കണക്ക്കൂട്ടി പ്രവചിക്കാൻ ആർക്കും കഴിയില്ല. ജനിക്കാൻ പോകുന്ന കുഞ്ഞിന്റെ ലിംഗം നിർണയിക്കാൻ സ്കാനിംഗ് വഴി കഴിഞ്ഞേക്കും; എന്നാൽ അവൻ ഭാവിയിൽ ആരായിത്തീരുമെന്ന് കൃത്യമായി മനസ്സിലാക്കാൻ ഒരു ഭൗതിക പരീക്ഷണങ്ങൾവഴിയും സാധ്യമല്ല. ഭൗതികമായ നിരീക്ഷണങ്ങൾവഴി നമുക്ക് എത്തിച്ചേരാൻ കഴിയാത്ത അറിവാണ് അദൃശ്യജ്ഞാനം. കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായ അറിവാണത്. ഇത് ഭൗതിക പ്രപഞ്ചത്തെക്കുറിച്ച അറിവാകാം. അതല്ലെങ്കിൽ ആത്മീയ ലോകത്തെക്കുറിച്ച ജ്ഞാനമാകാം. രണ്ടായിരുന്നാലും ഗൈബ് അല്ലാഹുവിന്റെ അധീ



നതയിലുള്ളതാണ്. ഖുർആൻ പറയുന്നു:

قُلِ ٱللَّهُ أَعْلَمُ بِمَا لَبِثُوا۟ ۖ لَهُۥ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ أَبْصِرْ بِهِۦ وَأَسْمِعْ ۚ مَا لَهُم مِّن دُونِهِۦ مِن وَلِيٍّ وَلَا يُشْرِكُ فِي حُكْمِهِۦٓ أَحَدًا

“നീ പറയുക: അവർ താമസിച്ചതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യജ്ഞാനം അവനാണുള്ളത്. അവൻ എത്ര കാഴ്ചയുള്ളവൻ; എത്ര കേൾവിയുള്ളവൻ! അവന് പുറമെ അവർക്ക് (മനുഷ്യർക്ക്) യാതൊരു രക്ഷാധികാരിയുമില്ല. തന്റെ തീരുമാനാധികാരത്തിൽ യാതൊരാളെയും അവൻ പങ്കുചേർക്കുകയുമില്ല” (18:26).

إِنَّ ٱللَّهَ عَٰلِمُ غَيْبِ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ

“തീർച്ചയായും അല്ലാഹു ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യങ്ങൾ അറിയുന്നവനാകുന്നു. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു” (35:38).

ഒരു ഹദീഥ് കാണുക:

عَنِ ابْنِ عُمَرَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مِفْتَاحُ الْغَيْبِ خَمْسٌ لَا يَعْلَمُهَا إِلَّا اللَّهُ لَا يَعْلَمُ أَحَدٌ مَا يَكُونُ فِي غَدٍ وَلَا يَعْلَمُ أَحَدٌ مَا يَكُونُ فِي الْأَرْحَامِ وَلَا تَعْلَمُ نَفْسٌ مَاذَا تَكْسِبُ غَدًا وَمَا تَدْرِي نَفْسٌ بِأَيِّ أَرْضٍ تَمُوتُ وَمَا يَدْرِي أَحَدٌ مَتَى يَجِيءُ الْمَطَرُ

“ഇബ്നു ഉമർ (ﷺ) നിവേദനം: നബി (ﷺ) അരുളി: അദൃശ്യകാര്യങ്ങളുടെ താക്കോൽ അഞ്ച് കാര്യങ്ങളാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അതിനെക്കുറിച്ച് അറിയാൻ കഴിയുകയില്ല. നാളെ എന്ത് സംഭവിക്കുമെന്നും സ്ത്രീകളുടെ ഗർഭപാത്രത്തിൽ എന്താണ് ഉടലെ

ടുക്കുകയെന്നും താൻ നാളെ എന്താണ് പ്രവർത്തിക്കുകയെന്നും താൻ ഏത് ഭൂമിയിൽവെച്ചാണ് മൃതിയടയുന്നതെന്നും ഒരാൾക്കും അറിയുവാൻ കഴിയുകയില്ല. എപ്പോഴാണ് മഴ വർഷിക്കുകയെന്നും ഒരു മനുഷ്യനും അറിയാൻ സാധ്യമല്ല" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 981).

അദൃശ്യകാര്യങ്ങൾ അറിയുമെന്ന് അവകാശപ്പെടുന്നവയുടെ അടുക്കൽ തങ്ങളുടെ ഭാഗ്യനിർഭാഗ്യങ്ങളെക്കുറിച്ച് മനസ്സിലാക്കാനായി പോവുകയും അങ്ങനെ വഞ്ചിതരാവുകയും ചെയ്തവർ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അദൃശ്യജ്ഞാനം അല്ലാഹുവിന് മാത്രമെയുള്ളൂവെന്ന് വിശ്വസിക്കുന്നവർ ഒരിക്കലുംതന്നെ അത്തരം ആളുകൾക്കടുത്തേക്ക് പോവുകയോ അവരുടെ നിർദ്ദേശങ്ങൾ ശ്രവിക്കുകയോ ചെയ്യുകയില്ല. പ്രവാചകൻെറ (ﷺ) ശക്തമായ താക്കീത് ശ്രദ്ധിക്കുക:

عَنْ أَبِي هُرَيْرَةَ وَالْحَسَنِ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ
قَالَ مَنْ أَتَى كَاهِنًا أَوْ عَرَّافًا فَصَدَّقَهُ بِمَا يَقُولُ فَقَدْ كَفَرَ بِمَا
أُنْزِلَ عَلَى مُحَمَّدٍ صَلَّى اللَّه عَلَيْهِ وَسَلَّمَ

"അബൂഹുറയ്റ (رضي الله عنه) നിവേദനം: ആരെങ്കിലും പ്രശ്നം വെക്കുന്ന ആളുടെയോ ജ്യോതിഷിയുടെയോ അടുക്കൽ പോവുകയും അവൻ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ മുഹമ്മദി (ﷺ) ൻെറ മേൽ അവതരിപ്പിക്കപ്പെട്ടതിനെ അവൻ അവിശ്വസിച്ചിരിക്കുന്നു" (മുസ്നദ് അഹ്മദ്, ഹദീഥ്: 9171)

عَنْ صَفِيَّةَ عَنْ بَعْضِ أَزْوَاجِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ
عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ أَتَى عَرَّافًا فَسَأَلَهُ
عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلَاةُ أَرْبَعِينَ لَيْلَةً

"സഫിയ്യാ (رضي الله عنها) നിവേദനം: നബി (ﷺ) പറഞ്ഞു: ആരെങ്കിലും പ്രശ്നംവെക്കുന്നവൻെറ അടുക്കൽചെന്ന് അവനോട് വല്ലതും ചോദിച്ചാൽ അവൻെറ നാൽപത് രാത്രികളിലെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല" (സ്വഹീഹു മുസ്ലിം, ഹദീസ് 4137)



സ്വാഭാവികമായും ഉയരുന്ന ഒരു ചോദ്യമുണ്ട് ഇവിടെ. പ്രശ്നംവെക്കുന്നവരും ജ്യോതിഷികളും പറയുന്ന ചില കാര്യങ്ങൾ സത്യമായി ഭവിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യം. ഇത് പ്രവാചക (ﷺ) ൻെറ കാലത്തുതന്നെയുള്ള ചിലരുടെ സംശയമായിരുന്നു. അതിന് മുഹമ്മദ് നബി (ﷺ) നൽകിയ മറുപടി ശ്രദ്ധേയമാണ്:

قَالَتْ عَائِشَةُ رَضِيَ اللَّه عَنْها سَأَلَ أُنَاسٌ النَّبِيَّ صَلَّى اللَّه
عَلَيْهِ وَسَلَّمَ عَنِ الْكُهَّانِ فَقَالَ إِنَّهُمْ لَيْسُوا بِشَيْءٍ فَقَالُوا يَا
رَسُولَ اللَّهِ فَإِنَّهُمْ يُحَدِّثُونَ بِالشَّيْءِ يَكُونُ حَقًّا قَالَ فَقَالَ النَّبِيُّ
صَلَّى اللَّه عَلَيْهِ وَسَلَّمَ تِلْكَ الْكَلِمَةُ مِنَ الْحَقِّ يَخْطَفُهَا الْجِنِّيُّ
فَيُقَرْقِرُهَا فِي أُذُنِ وَلِيِّهِ كَقَرْقَرَةِ الدَّجَاجَةِ فَيَخْلِطُونَ فِيهِ أَكْثَرَ
مِنْ مِائَةِ كَذْبَةٍ

"ആയിഷാ (رضي الله عنها) നിവേദനം: ജ്യോത്സ്യന്മാരെക്കുറിച്ച് ചിലർ അല്ലാഹുവിൻെറ ദൂതനോട് (ﷺ) ചോദിച്ചു: അപ്പോൾ അദ്ദേഹം പറഞ്ഞു: അവർ യാതൊന്നുമല്ല. അപ്പോൾ അവർ ചോദിച്ചു: ദൈവദൂതരെ, അവർ പറയുന്ന ചില കാര്യങ്ങൾ സത്യമായിത്തീരാറുണ്ടല്ലോ? പ്രവാചകൻ പ്രതിവചിച്ചു: ജിന്ന് തട്ടിയെടുത്ത് തങ്ങളുടെ സഹാക്കളുടെ ചെവികളിൽ ആവർത്തിച്ചു ഓതിക്കൊടുക്കുന്നവയാണ് അവർ പറയുന്ന യാഥാർഥ്യങ്ങൾ. ജ്യോതിഷികൾ അതോടൊപ്പം നൂറ് കളവുകൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 7006).

عَنْ عَائِشَةَ رَضِيَ اللَّه عَنْهَا زَوْجِ النَّبِيِّ صَلَّى اللَّه عَلَيْهِ
وَسَلَّمَ أَنَّهَا سَمِعَتْ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ
الْمَلَائِكَةَ تَنْزِلُ فِي الْعَنَانِ وَهُوَ السَّحَابُ فَتَذْكُرُ الْأَمْرَ قُضِيَ
فِي السَّمَاءِ فَتَسْتَرِقُ الشَّيَاطِينُ السَّمْعَ فَتَسْمَعُهُ فَتُوحِيهِ إِلَى
الْكُهَّانِ فَيَكْذِبُونَ مَعَهَا مِائَةَ كَذْبَةٍ مِنْ عِنْدِ أَنْفُسِهِمْ

“ആയിഷാ (﵂) നിവേദനം: നബി (ﷺ) പറയുന്നത് അവർ കേൾക്കുകയുണ്ടായി. മലക്കുകൾ മേഘത്തിലായിക്കൊണ്ട് ഇറങ്ങും. അന്നേരം വാനലോകത്തുവെച്ച് തീരുമാനിച്ച കാര്യങ്ങളെക്കുറിച്ച് അവർ സംസാരിച്ചുകൊണ്ടിരിക്കും. അപ്പോൾ പിശാചുക്കൾ അത് കട്ട് കേൾക്കും. പ്രശ്നം വെക്കുന്നവർക്ക് ആ വാർത്ത രഹസ്യമായി ആ പിശാചുക്കൾ അറിയിച്ചുകൊടുക്കും. പ്രശ്നക്കാർ ആ വാർത്തയോടൊപ്പം നൂറ് കള്ളം സ്വന്തം കയ്യിൽനിന്ന് കൂട്ടിച്ചേർക്കും” (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 2971).

ജ്യോതിഷികൾ തങ്ങൾക്ക് പൈശാചിക ബോധനങ്ങൾ വഴി ലഭിക്കുന്ന അറിവിനോടൊപ്പം നൂറുകണക്കിന് അസത്യങ്ങൾകൂടി കൂട്ടിച്ചേർത്ത് അവതരിപ്പിച്ചുകൊണ്ട് സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുകയാണ് ചെയ്യുന്നതെന്ന വസ്തുതയാണ് ഇവിടെ പ്രവാചകൻ (ﷺ) പഠിപ്പിക്കുന്നത്. മനുഷ്യരുടെ ദൃഷ്ടിയിൽപെടാത്ത ചില കാര്യങ്ങൾ അദൃശ്യസൃഷ്ടികളിൽപെട്ട ജിന്നുകൾക്ക് പ്രാപ്യമാവുക സ്വാഭാവികമാണ്. ജിന്നുകളിൽപെട്ട പിശാചുക്കൾ ഇത്തരം കാര്യങ്ങൾ അവരുടെ കൂട്ടുകാരും മനുഷ്യരെ വഴിപിഴപ്പിക്കുന്നവരുമായ ജ്യോതിഷികൾക്ക് എത്തിച്ചുകൊടുക്കും. അവർ ഈ അറിവ് ഉപയോഗിച്ച് സാധാരണക്കാരെ ആശ്ചര്യപ്പെടുത്തുകയും വഴിതെറ്റിക്കുകയും ചെയ്യുന്നു. ജ്യോതിഷികളുടേയും പ്രശ്നം വെക്കുന്നവരുടേയും മറ്റ് ഭാവി കാര്യങ്ങൾ അറിയുമെന്ന് അവകാശപ്പെടുന്നവരുടെയും അടുക്കൽ പോകുന്നവർ യഥാർഥത്തിൽ പൈശാചികമായ ഉപദേശങ്ങളാണ് അവിടെനിന്ന് കേൾക്കുന്നത്. പ്രസ്തുത ഉപദേശങ്ങൾ സ്വീകരിപ്പിക്കുന്നതിനുവേണ്ടി അവിടേക്കുപോകുന്ന ആളെ ആശ്ചര്യപ്പെടുത്തുന്നതിന് അയാളിൽനിന്ന് മറഞ്ഞുകിടക്കുന്ന ചില കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയാണ് ഇത്തരം സ്ഥലങ്ങളിൽ ചെയ്യുന്നത്. ഒരു സത്യത്തിൻെറ മേമ്പൊടിയോടുകൂടി നൂറുകണക്കിന് അസത്യങ്ങൾ പ്രചരിപ്പിക്കുന്നവയാണ് അത്തരം കേന്ദ്രങ്ങൾ. അല്ലാഹുവിൻെറ അന്യൂനമായ ജ്ഞാനത്തിലും അജയ്യതയിലും വിശ്വസിക്കുന്നവരൊന്നുംതന്നെ ഇത്തരം കേന്ദ്രങ്ങളിലേക്ക് പോവുകയോ അവരുടെ ഉപദേശങ്ങൾ ശ്രവിക്കുകയോ ചെയ്യുകയില്ല. സൂക്ഷ്മജ്ഞനും അഗാധജ്ഞനുമായ അല്ലാഹുവിൽ കാര്യങ്ങളെല്ലാം ഭരമേൽപിച്ചവർ പിശാചിൻെറ കൂട്ടാളികളുടെ സഹായം തേടി അസത്യത്തിൽനിന്ന് അസത്യത്തിലേക്കും തിന്മയിൽനിന്ന് തിന്മയിലേക്കും ആപതിച്ചുകൊണ്ടിരിക്കുകയില്ല.



സൂക്ഷ്മവും സ്തൂലവുമായ സകല കാര്യങ്ങളെക്കുറിച്ചും കൃത്യമായി അറിയാവുന്ന അല്ലാഹുവിൽ കാര്യങ്ങളെല്ലാം ഭരമേൽപിച്ചുകൊണ്ട് സകലവിധ പൈശാചിക പ്രലോഭനങ്ങളിൽനിന്നും മുക്തമായി പൂർണമായ മനസ്സമാധാനവും ശാന്തിയും നേടിയെടുക്കുവാനാണ് ഖുർആനിൻെറ അനുശാസന.

وَلِلَّهِ غَيْبُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَإِلَيْهِ يُرْجَعُ ٱلْأَمْرُ كُلُّهُۥ فَٱعْبُدْهُ
وَتَوَكَّلْ عَلَيْهِ ۚ وَمَا رَبُّكَ بِغَـٰفِلٍ عَمَّا تَعْمَلُونَ

“ആകാശഭൂമികളിലെ അദൃശ്യ യാഥാർഥ്യങ്ങളെപ്പറ്റിയുള്ള അറിവ് അല്ലാഹുവിനാണുള്ളത്. അവങ്കലേക്കുതന്നെ കാര്യങ്ങളെല്ലാം മടക്കപ്പെടുകയും ചെയ്യും. ആകയാൽ നീ അവനെ ആരാധിക്കുകയും അവൻെറമേൽ ഭരമേൽപിക്കുകയും ചെയ്യുക. നീ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും നിൻെറ രക്ഷിതാവ് അശ്രദ്ധനല്ല” (11:123).

ٱللَّهُ يَعْلَمُ مَا تَحْمِلُ كُلُّ أُنثَىٰ وَمَا تَغِيضُ ٱلْأَرْحَامُ وَمَا تَزْدَادُ ۖ
وَكُلُّ شَىْءٍ عِندَهُۥ بِمِقْدَارٍ ● عَـٰلِمُ ٱلْغَيْبِ وَٱلشَّهَـٰدَةِ ٱلْكَبِيرُ
ٱلْمُتَعَالِ ● سَوَآءٌ مِّنكُم مَّنْ أَسَرَّ ٱلْقَوْلَ وَمَن جَهَرَ بِهِۦ وَمَنْ هُوَ
مُسْتَخْفٍۭ بِٱلَّيْلِ وَسَارِبٌۢ بِٱلنَّهَارِ ● لَهُۥ مُعَقِّبَـٰتٌ مِّنۢ بَيْنِ يَدَيْهِ وَمِنْ
خَلْفِهِۦ يَحْفَظُونَهُۥ مِنْ أَمْرِ ٱللَّهِ ۗ إِنَّ ٱللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ
يُغَيِّرُوا۟ مَا بِأَنفُسِهِمْ ۗ وَإِذَآ أَرَادَ ٱللَّهُ بِقَوْمٍ سُوٓءًا فَلَا مَرَدَّ لَهُۥ ۚ وَمَا
لَهُم مِّن دُونِهِۦ مِن وَالٍ

“ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതെന്തെന്ന് അല്ലാഹു അറിയുന്നു. ഗർഭാശയങ്ങൾ കമ്മിവരുത്തുന്നതും വർദ്ധനവ് ഉണ്ടാക്കുന്നതും അവൻ അറിയുന്നു. ഏതൊരു കാര്യവും അവൻെറ അടുക്കൽ ഒരു നിശ്ചിത തോത് അനുസരിച്ചാകുന്നു. അദൃശ്യത്തെയും

ദൃശ്യത്തെയും അറിയുന്നവനും മഹാനും ഉന്നതനുമാകുന്നു അവൻ. നിങ്ങളുടെ കൂട്ടത്തിൽനിന്ന് രഹസ്യമായി സംസാരിച്ചവനും പരസ്യമായി സംസാരിച്ചവനും രാത്രിയിൽ ഒളിഞ്ഞിരിക്കുന്നവനും പകലിൽ പുറത്തിറങ്ങി നടക്കുന്നവനുമെല്ലാം (അവനെ സംബന്ധിച്ചേടത്തോളം) സമമാകുന്നു. മനുഷ്യന് അവന്റെ മുമ്പിലൂടെയും പിന്നിലൂടെയും തുടരെത്തുടരെ വന്നുകൊണ്ട് അല്ലാഹുവിന്റെ കൽപനപ്രകാരം അവനെ കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്നവർ (മലക്കുകൾ) ഉണ്ട്. ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച. ഒരു ജനതക്ക് വല്ല ദോഷവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചാൽ അത് തട്ടിമാറ്റാനാവില്ല. അവന്നുപുറമെ അവർക്ക് യാതൊരു രക്ഷാധികാരിയുമില്ല" (13:8-11).

ٱلَّذِينَ ءَامَنُواْ وَتَطۡمَئِنُّ قُلُوبُهُم بِذِكۡرِ ٱللَّهِۗ أَلَا بِذِكۡرِ ٱللَّهِ تَطۡمَئِنُّ ٱلۡقُلُوبُ

"അതായത് വിശ്വസിക്കുകയും, അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (13:28).

# 14

# രാജാധിരാജൻ

ഈ മഹാപ്രപഞ്ചത്തിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമാണ് നമ്മുടെ ഭൂമി. കോടിക്കണക്കിന് നക്ഷത്രസമൂഹങ്ങളുൾക്കൊള്ളുന്ന പ്രപഞ്ചം. അതിലൊരു നക്ഷത്ര സമൂഹമായ ക്ഷീരപഥത്തിലെ പതിനായിരം കോടിയോളം വരുന്ന നക്ഷത്രങ്ങളിലൊന്നായ സൂര്യൻ. സൂര്യനു ചുറ്റും ഭ്രമണംചെയ്യുന്ന ഗ്രഹങ്ങളും ക്ഷുദ്രഗ്രഹങ്ങളും ധൂമകേതുക്കളും ഗ്രഹങ്ങളെ ചുറ്റുന്ന ഉപഗ്രഹങ്ങളും ഉൽക്കകളുമെല്ലാം അടങ്ങുന്ന സൗരയൂഥം. സൗരയൂഥത്തിലെ ഗ്രഹങ്ങളിലൊന്നായ ഭൂമി. ഈ ഭൂമിയിലെ അനവധി ഭൂപ്രദേശങ്ങളിൽ ഒരെണ്ണത്തിന്റെ ഭൗതികമായ ആധിപത്യം ലഭിക്കുമ്പോഴേക്ക് മനുഷ്യർ അഹങ്കാരികളായിത്തീരാറുണ്ട്. അധികാരത്തിന്റെ ചെങ്കോലുപയോഗിച്ച് മറ്റുള്ളവരെ അടിമകളാക്കിത്തീർക്കുന്നവരും ഭരണീയരെ ചൂഷണം ചെയ്യുന്നവരുമെല്ലാമായ അഹങ്കാരികൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ജീവിച്ചിരുന്നിട്ടുണ്ട്; ഇന്നും ജീവിച്ചിരിക്കുന്നു. അധികാരത്തിന്റെ ലഹരിയിൽ താൻ തന്നെയാണ് സർവ്വശക്തനായ ദൈവമെന്ന് വരെ വാദിച്ചവരുണ്ടായിട്ടുണ്ട്. ഈജിപ്തിന്റെ അധികാരം ലഭിച്ചപ്പോഴേക്ക് താനാണ് ദൈവമെന്ന് വാദിക്കുവാൻ ധാർഷ്ട്യം കാണിച്ച ഫറോവയെക്കുറിച്ച് ഖുർആൻ പറയുന്നത് കാണുക:

فَحَشَرَ فَنَادَىٰ ● فَقَالَ أَنَا۠ رَبُّكُمُ ٱلۡأَعۡلَىٰ

“അങ്ങനെ അവൻ (തന്റെ ആൾക്കാരെ) ശേഖരിച്ചു. എന്നിട്ടു വിളംബരം ചെയ്തു. ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു എന്ന് അവൻ പറഞ്ഞു” (79:23,24).

وَقَالَ فِرْعَوْنُ يَٰٓأَيُّهَا ٱلْمَلَأُ مَا عَلِمْتُ لَكُم مِّنْ إِلَٰهٍ غَيْرِى فَأَوْقِدْ لِى يَٰهَٰمَٰنُ عَلَى ٱلطِّينِ فَٱجْعَل لِّى صَرْحًا لَّعَلِّىٓ أَطَّلِعُ إِلَىٰٓ إِلَٰهِ مُوسَىٰ وَإِنِّى لَأَظُنُّهُۥ مِنَ ٱلْكَٰذِبِينَ

“ഫിർഔൻ പറഞ്ഞു: പ്രമുഖന്മാരെ, ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണുകൊണ്ട് (ഇഷ്ടിക) ചുട്ടെടുക്കുക. എന്നിട്ട് എനിക്ക് നീ ഒരു ഉന്നത സൗധം ഉണ്ടാക്കിത്തരുക. മൂസയുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്നു എത്തിനോക്കാമല്ലോ. തീർച്ചയായും അവൻ വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാൻ വിചാരിക്കുന്നത്” (28:38).

ഇതാണ് മനുഷ്യന്റെ അവസ്ഥ. ഭൂമിയിലെ ഒരു കൊച്ചുപ്രദേശത്തിന്റെ ഭരണകാര്യത്തിൽ പരിമിതമായ അധികാരം ലഭിക്കുമ്പോഴേക്കും അവൻ അഹങ്കാരിയും തോന്നിവാസിയുമായിത്തീരുന്നു. എന്നാൽ അല്ലാഹുവിന്റെ അധികാരത്തെയും പ്രതാപത്തെയും കുറിച്ചു ചിന്തിക്കുക. പ്രപഞ്ചത്തിലെ സകല കാര്യങ്ങളുടെയും പൂർണമായ അധികാരം അവനാണല്ലോ. അവന്റെ അധികാരമാകട്ടെ യാതൊരു പരിധിയുമില്ലാത്തതാണ്. അവന്റെ അധികാരത്തെ ചോദ്യംചെയ്യുവാനോ അവന്നുമേൽ അധികാരം ചെലുത്തുവാനോ ആരുംതന്നെയില്ല. ഒരു ചെറിയ ഭൂപ്രദേശത്തെ ജനങ്ങളെ ഭരിക്കുവാൻ അല്ലാഹു നൽകുന്ന അധികാരം അവന്റെ അധികാരത്തിൽ പങ്കുപറ്റലല്ല. ജനങ്ങളുടെ ഭൗതികപുരോഗതി നിശ്ചയിക്കുവാനും നിയന്ത്രിക്കുവാനുമുള്ള പരിമിതമായ ഒരു അധികാരം മാത്രമാണത്. ആത്യന്തികമായി കാര്യങ്ങൾ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് അല്ലാഹുവാണ്; അതിൽ ആർക്കും യാതൊരുവിധ പങ്കുമില്ല.

പ്രപഞ്ചത്തിന്റെ അധിപനാണ് അല്ലാഹു. ദൈവിക നിയമങ്ങൾക്കു വിധേയമായിട്ടാണ് പ്രപഞ്ചത്തിലെ സകലവസ്തുക്കളും നിലനിൽക്കുന്നത്. അല്ലാഹുവിന്റെ അലംഘനീയമായ നിയമങ്ങൾ അനുസരിക്കുന്നവയാണ് പ്രാപഞ്ചിക പ്രതിഭാസങ്ങൾ. ഈ നിയമങ്ങൾ ലംഘിച്ച് സ്വേച്ഛാനുസൃതമായി പ്രവർത്തിക്കുവാൻ ഒരു വസ്തുവിനും കഴിയില്ല. മനുഷ്യൻപോലും, തനിക്ക് സ്വാതന്ത്ര്യം നൽകപ്പെട്ട പരിമിതമായ മേഖലകളിലല്ലാത്ത മുഴുജീവിതത്തിലും ശാരീരിക പ്രക്രിയകളിലുമെല്ലാം അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിച്ചുകൊണ്ടിരിക്കുന്നു. അവ ധിക്കരിക്കുവാൻ കടുത്ത നിഷേധികൾക്കുപോലും സാധ്യമല്ല. എല്ലാവിധ ആധിപത്യത്തിന്റെയും ഉടമസ്ഥൻ എന്ന അർഥത്തിൽ വിശുദ്ധ ഖുർആനിൽ അല്ലാഹുവിന് പ്രയോഗിക്കപ്പെട്ടിരിക്കുന്ന നാമമാണ് ‘മാലിക്’ അഥവാ ‘മലിക്’. ഉടമസ്ഥൻ, രാജാവ്, എന്നെല്ലാം ഈ പദത്തെ ഭാഷാന്തരം ചെയ്യാം.



فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۗ وَلَا تَعْجَلْ بِٱلْقُرْءَانِ مِن قَبْلِ أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ ۖ وَقُل رَّبِّ زِدْنِى عِلْمًا

“സാക്ഷാൽ രാജാവായ അല്ലാഹു അത്യുന്നതനായിരിക്കുന്നു” (20:114).

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۖ وَإِلَيْهِ ٱلْمَصِيرُ

“ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളതിന്റെയുമെല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവങ്കലേക്കുതന്നെയാണ് മടക്കം” (5:18).

അല്ലാഹുവിനെക്കുറിച്ച് മാലിക്, മലിക്, മലീക്, മാലികുൽമുൽക് എന്നീ സംജ്ഞകൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഉടമസ്ഥൻ, രാജാവ്, രാജാധിരാജൻ, ആധിപത്യത്തിന്റെ ഉടമ എന്നിങ്ങനെ ഇവയെ യഥാക്രമം ഭാഷാന്തരം ചെയ്യാം.

അധികാരത്തിന്റെയും സ്വാധീനത്തിന്റെയും പീഠങ്ങളിലിരിക്കുന്നവർ പലപ്പോഴും തങ്ങളുടെ കഴിവുകൾ കൊണ്ട് മാത്രമാണ് ഇവ നേടിയെടുത്തതെന്ന് അഹങ്കരിക്കാറുണ്ട്. എന്നാൽ യാഥാർഥ്യമെന്താണ്? ഔന്നത്യത്തിന്റെ പാരമ്യത്തിൽനിന്ന് ദുരന്തപൂർണമായ അധഃപതനത്തിലേക്ക് ആപതിച്ചവരെക്കുറിച്ചും വട്ടപ്പൂജ്യത്തിൽനിന്ന് ലോകജേതാക്കളായി ഉയർന്നവരെക്കുറിച്ചും ചരിത്രം നമുക്ക് ഒരുപാട് കാര്യങ്ങൾ പറഞ്ഞുതരുന്നുണ്ട്. പ്രതാപത്തിന്റെ യഥാർഥ

ത്തിലുള്ള ഉടമാവകാശം സർവശക്തനായ അല്ലാഹുവിനു മാത്ര മാണ്. അവനാണ് മനുഷ്യനെ പ്രതാപിയും പതിതനുമാക്കുന്നത്. ഖുർആൻ പഠിപ്പിക്കുന്നു.

قُلِ ٱللَّهُمَّ مَـٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്ന വരിൽനിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രേ നന്മ യുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാ കുന്നു" (3:26).

ഭൂമിയിൽ അധികാരങ്ങളും സ്ഥാനമാനങ്ങളും സാമ്പത്തികാഭി വൃദ്ധിയും സന്താനസൗഭാഗ്യവുമൊന്നും നൽകുന്നത് അല്ലാഹുവിന് ചില പ്രത്യേക വ്യക്തികളെയോ അവരുടെ ചെയ്തികളെയോ ഇഷ്ട പ്പെട്ടതുകൊണ്ടാണെന്ന് ധരിച്ചുകൂടാത്തതാകുന്നു. പരമകാരുണിക നായ അല്ലാഹുവിന്റെ പരീക്ഷണങ്ങൾ മാത്രമാണ് ആധിപത്യവും അധോഗതിയുമെന്ന് വിശ്വസിക്കുന്നവനാണ് മുസ്‌ലിം. വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നതു കാണുക:

أَيَحْسَبُونَ أَنَّمَا نُمِدُّهُم بِهِۦ مِن مَّالٍ وَبَنِينَ ● نُسَارِعُ لَهُمْ فِى ٱلْخَيْرَٰتِ ۚ بَل لَّا يَشْعُرُونَ

"സ്വത്തും സന്താനങ്ങളും നൽകി നാം അവരെ സഹായിച്ചുകൊ ണ്ടിരിക്കുന്നത് നാം അവർക്ക് നന്മകൾ നൽകാൻ ധൃതികാണിക്കുന്ന താണ് എന്ന് അവർ വിചാരിക്കുന്നുണ്ടോ? അല്ല, അവർ (യാഥാ ർഥ്യം) ഗ്രഹിക്കുന്നില്ല" (23:55, 56).

فَأَمَّا ٱلْإِنسَـٰنُ إِذَا مَا ٱبْتَلَىٰهُ رَبُّهُۥ فَأَكْرَمَهُۥ وَنَعَّمَهُۥ فَيَقُولُ رَبِّىٓ



أَكْرَمَنِ ● وَأَمَّآ إِذَا مَا ٱبْتَلَىٰهُ فَقَدَرَ عَلَيْهِ رِزْقَهُۥ فَيَقُولُ رَبِّىٓ أَهَـٰنَنِ

"എന്നാൽ മനുഷ്യനെ അവന്റെ രക്ഷിതാവ് പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും അവന് സൗഖ്യം നൽകുകയും ചെയ്താൽ അവൻ പറയും: എന്റെ രക്ഷിതാവ് എന്നെ ആദരിച്ചിരി ക്കുന്നുവെന്ന്. എന്നാൽ, അവനെ അവൻ പരീക്ഷിക്കുകയും എന്നിട്ട വന്റെ ഉപജീവനം ഇടുങ്ങിയതാക്കുകയും ചെയ്താൽ അവൻ പറ യും: എന്റെ രക്ഷിതാവ് എന്നെ അപമാനിച്ചിരിക്കുന്നുവെന്ന്" (89: 15,16).

ഭൂമിയിൽ ഏതെങ്കിലുമൊരു പ്രദേശത്തിന്റെ അധികാരം ലഭിക്കു മ്പോഴേക്കും അഹങ്കരിക്കുകയും സ്വേഛാധിപതികളായി തന്നിഷ്ടം പ്രകടിപ്പിച്ച് അധാർമികതകൾ പ്രവർത്തിക്കുകയും ചെയ്യുന്ന അധി കാരികൾ തങ്ങൾക്ക് അധികാരമെല്ലാം നഷ്ടപ്പെടുകയും സാക്ഷാൽ രാജാവായ അല്ലാഹുവിന് മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്ന ദിവസത്തെക്കുറിച്ച് സ്മരിച്ചിരുന്നുവെങ്കിൽ!

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦ وَٱلْأَرْضُ جَمِيعًا قَبْضَتُهُۥ يَوْمَ ٱلْقِيَـٰمَةِ وَٱلسَّمَـٰوَٰتُ مَطْوِيَّـٰتٌۢ بِيَمِينِهِۦ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ

"അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കി യിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയായിരിക്കും. അവനെത്ര പരി ശുദ്ധൻ. അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരി ക്കുന്നു" (39:67).

أَنَّ أَبَا هُرَيْرَةَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ يَقْبِضُ اللَّهُ الْأَرْضَ وَيَطْوِي السَّمَوَاتِ بِيَمِينِهِ ثُمَّ يَقُولُ أَنَا الْمَلِكُ أَيْنَ مُلُوكُ الْأَرْضِ

"അബൂ ഹുറയ്റ (رضي الله عنه) പറയുന്നു: നബി (ﷺ) പറയുന്നതായി ഞാൻ

കേട്ടിട്ടുണ്ട്. ഭൂമിയെ അല്ലാഹു കയ്യിലൊതുക്കിപ്പിടിക്കും. ആകാശങ്ങളെ അവൻ വലതുകയ്യിൽ ചുരുട്ടിപ്പിടിച്ചിട്ട് പ്രഖ്യാപിക്കും. ഞാനാണ് രാജാവ്. ഭൂമിയിലെ രാജാക്കന്മാരെല്ലാം ഇപ്പോൾ എവിടെപ്പോയി?" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4438).

15

# ആരാധ്യൻ അല്ലാഹു മാത്രം

ഈ ഭൂമിയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ തനിക്ക് അപാരമായ അനുഗ്രഹങ്ങൾ നൽകിയ ഒരു മഹാശക്തിയുടെ അസ്തിത്വം അനുഭവിച്ചറിയുന്നു. മനുഷ്യന് ജീവിക്കുവാനാവശ്യമായ വായുവും വെള്ളവും യഥേഷ്ടം സജ്ജീകരിച്ചുവെച്ച ശക്തിയോട് അവന് ആദരവ് തോന്നുന്നു. ചന്ദ്രനിലേക്ക്പോയ ബഹിരാകാശസഞ്ചാരികൾ ഏതാനും നിമിഷനേരത്തേക്ക് ശ്വസിക്കുവാനായി ലക്ഷക്കണക്കിന് രൂപയുടെ സജ്ജീകരണങ്ങളാണ് കൂടെ കൊണ്ടുപോയതെന്നറിയുകകൂടി ചെയ്യുമ്പോൾ ഈ ആദരവ് വർധിക്കുകയാണ് ചെയ്യുന്നത്. ഇഷ്ടപെട്ട രീതിയിലുള്ള ഭക്ഷണപദാർഥങ്ങൾ തനിക്ക് കൈ എത്താവുന്ന ദൂരത്ത് ഒരുക്കിവെച്ചിട്ടുള്ള മഹാശക്തിയോട് മനുഷ്യന് നന്ദിതോന്നുക സ്വാഭാവികമാണ്. ഭക്ഷണ പഥാർഥങ്ങൾ തേടി മറ്റ് ഗ്രഹങ്ങളിലേക്കോ ഉപഗ്രഹങ്ങളിലേക്കോ പോകേണ്ടതില്ല മനുഷ്യന്. അവയെല്ലാം അവൻെറ ചുറ്റുമുണ്ട്; അവന് ആവശ്യമുള്ള രീതിയിൽ; അവനിഷ്ടപ്പെട്ട സ്വാദുകളിൽ. ഒരേ ചുറ്റുപാടിൽ ഒരേ വളം വലിച്ചുണ്ടാകുന്ന സസ്യങ്ങൾ തന്നെ മനുഷ്യശരീരത്തിനാവശ്യമായ വ്യത്യസ്ത ജീവകങ്ങളടങ്ങിയ ഫലങ്ങൾ ഉൽപാദിപ്പിക്കുന്നു. തക്കാളിയുടെയും നാരങ്ങയുടെയും ആപ്പിളിൻെറും മുന്തിരിങ്ങയുടെയും അങ്ങനെ വ്യത്യസ്ത ഫലങ്ങളുടെയും വളങ്ങളിൽ അവ

യിലുള്ള മാംസ്യമോ ജീവകങ്ങളോ ഇല്ല. അവ വലിച്ചെടുക്കുന്ന ജലത്തിൽ നാരങ്ങയുടെ അമ്ലതയോ തക്കാളിയുടെ ചുമപ്പോ ആപ്പിളിന്റെ മധുരിമയോ ഇല്ല. പക്ഷേ, ഈ ചെടികളുടെ ഫലങ്ങളിൽ അവയെല്ലാമുണ്ടാക്കിവെച്ചുകൊണ്ട് മനുഷ്യന് നിലനിൽക്കാനുള്ള സംവിധാനമൊരുക്കിയ ശക്തിയോട് ഭക്തിയുണ്ടാവുക സ്വാഭാവികമല്ലേ? യാതൊന്നുമില്ലാതെ ജനിക്കുന്ന മനുഷ്യന് ആവശ്യമായതെല്ലാം തന്റെ ചുറ്റുപാടുകളിൽ ഒരുക്കിവെച്ചിരിക്കുന്നത് ആരായിരുന്നാലും ആ അനുഗ്രഹദാതാവിനോട് മാന്യതയുള്ള ആർക്കും കൃതജ്ഞതയുണ്ടാവുക സ്വാഭാവികമാണ്.

സ്വന്തം ശരീരത്തിലേക്ക് നോക്കുന്ന മനുഷ്യനിൽ ഈ ആദരവ് വർധിക്കുകയാണ് ചെയ്യുന്നത്. നിസ്തുലമായ ഒരു ശരീരം ലഭിച്ചിരിക്കുന്നു മനുഷ്യന്. മനുഷ്യശരീരം ഈ രൂപത്തിലാകാൻ പാടില്ലായിരുന്നുവെന്ന് പറയുക പോയിട്ട്, ഇന്ന അവയവം വെച്ച സ്ഥാനം ശരിയായില്ലെന്ന് ചൂണ്ടിക്കാണിക്കാൻപോലും ധൈര്യമുള്ള ആരും ഇന്നുവരെ ഉണ്ടായിട്ടില്ല. മനുഷ്യന് നൽകപ്പെട്ടതിലും ഉത്തമമായ ഒരു ശരീരത്തെ വിഭാവന ചെയ്യാൻപോലും അവന് കഴിയില്ല. കണ്ണുകളും കാതുകളും മൂക്കും വായും നാക്കും പല്ലുകളും കൈകളും കാലുകളുമെല്ലാം അതതിന്റെ സ്ഥാനത്ത് തന്നെയാണ് അതിനെ സൃഷ്ടിച്ചവൻ പ്രതിഷ്ഠിച്ചിരിക്കുന്നത്. മാത്രമല്ല, മറ്റൊരു ജീവിക്കും നൽകപ്പെടാത്ത വിസ്മയകരമായ മാനസിക കഴിവുകളും നൽകപ്പെട്ടിരിക്കുന്നു മനുഷ്യന്. ഈ കഴിവുകളാണ് അവനെക്കാൾ ശക്തിയുള്ള സിംഹത്തെയും വേഗതയുള്ള ചീറ്റപ്പുലിയെയും വലിപ്പമുള്ള ആനയെയും നിയന്ത്രിക്കാനവന് ശക്തി നൽകുന്നത്. സുന്ദരമായ ഒരു ശരീരവും ലോകത്തെ ചൊൽപടിക്കു നിർത്താൻ പോന്ന ബൗദ്ധിക കഴിവുകളും നൽകിയ ശക്തിയോട് ഭക്തിയും ആദരവും തോന്നുകയെന്നത് സ്വാഭാവികമാണ്.

ഇനി ഇതിന്റെ മറുവശം ചിന്തിക്കുക. തന്റെ ചുറ്റുപാടുകളിലേക്ക് നോക്കുന്ന മനുഷ്യൻ മനസ്സിലാക്കുന്ന ഒരു യാഥാർഥ്യമുണ്ട്. അവൻ ഈ ലോകത്ത് അങ്ങേയറ്റം അശക്തനും അവശനും നിസ്സഹായനുമാണെന്ന വസ്തുതയത്രെ അത്. തന്റെ അസ്തിത്വത്തെ നിലനിർത്തുന്ന ശക്തികളൊന്നും തന്റെ വരുതിയിലല്ലെന്നും അവയെയൊന്നും തനിക്ക് നിയന്ത്രിക്കാൻ സാധ്യമല്ലെന്നുമറിയുന്ന മനുഷ്യൻ താനെത്രമാത്രം നിസ്സഹായനാണെന്ന് മനസ്സിലാക്കുന്നു. ഭൂമിയുടെ സ്വയംഭ്രമണത്തിന്റെ തോത് ഒരൽപരം വ്യത്യാസപ്പെട്ടാൽ മനുഷ്യനെന്നല്ല ഒരു ജീവജാലവും ഇവിടെ നിലനിൽക്കുകയില്ല. സൂര്യതാപം എല്ലായിടത്തും ചിതറിവീഴുന്ന രൂപത്തിലല്ലായിരുന്നു ഭൂമിയുടെ സ്വയംഭ്രമണമെങ്കിൽ പകൽ ജീവജാലങ്ങളെല്ലാം വെന്തുരുകുകയും രാത്രി തണുത്ത് മരവിക്കുകയും ചെയ്തേനെ. ഭൂമിയുടെ ചരിവ് 23 ഡിഗ്രിയിൽ നിന്നും അൽപം വ്യത്യാസപ്പെട്ടിരുന്നുവെങ്കിൽ സസ്യജാലങ്ങളുടെ നിലനിൽപിന് അനിവാര്യമായ ഋതുഭേദങ്ങൾ ഉണ്ടാവുകയില്ലായിരുന്നു. അന്തരീക്ഷത്തിന്റെ ഓസോൺ പാളി നീക്കംചെയ്യപ്പെട്ടാൽ ഭൂമിയിൽ പിന്നെ ഒരു നിമിഷംപോലും മനുഷ്യസമൂഹം നിലനിൽക്കുകയില്ല. ഭൂമിയൊന്ന് കുലുങ്ങിയാൽ, ഇടിമിന്നലിന്റെ ശക്തമായ പ്രഹരത്തിന് വിധേയമായാൽ എല്ലാം തന്റെ ജീവിതം അവസാനിക്കുമെന്നും ഇവയൊന്നും തനിക്ക് നിയന്ത്രിക്കാനാവില്ലെന്നും മനസ്സിലാക്കുന്ന മനുഷ്യന്റെ മനസ്സിൽ നിസ്സഹായതയുടെയും അവശതയുടെയും വികാരങ്ങൾ മുളപൊട്ടുന്നു. ഇവയെ നിയന്ത്രിക്കാൻ താൻ അശക്തനാണെന്നറിയുന്ന മനുഷ്യന്റെ കരങ്ങൾ അവയെ നിയന്ത്രിക്കാൻ സാധിക്കുന്ന ശക്തിയുടെ നേരെ ഉയരുകയെന്നത് സ്വാഭാവികമാണ്.



ചുറ്റുപാടുകളെ മാത്രമല്ല, സ്വശരീരത്തെപ്പോലും നിയന്ത്രിക്കാൻ താൻ അശക്തനാണെന്നറിയുന്ന മനുഷ്യൻ ഒരു ശരണത്തിനും അവലംബത്തിനുംവേണ്ടി ആഗ്രഹിക്കുന്നു. മനുഷ്യമസ്തിഷ്കത്തിലേക്കുള്ള രക്തപ്രവാഹം ഏതാനും നിമിഷങ്ങൾ തടയപ്പെട്ടാൽ മനുഷ്യനെന്ന നിലയ്ക്കുള്ള അവന്റെ എല്ലാ കഴിവുകളും നഷ്ടപ്പെടും. ഹൃദയം അൽപനേരത്തേക്ക് പണിമുടക്കിയാൽ മനുഷ്യന്റെ ശ്വാസം നിലയ്ക്കും. ശരീരത്തിലെ ഏതെങ്കിലും ഒരു വ്യവസ്ഥക്ക് ചെറിയൊരു തകരാറ് വന്നാൽ ശാരീരിക സംവിധാനങ്ങളെല്ലാം താളം തെറ്റും.

ഇതറിയുന്ന മനുഷ്യൻ ഇവയെല്ലാം നിയന്ത്രിക്കുന്നതാരാണെന്ന് അന്വേഷിക്കുകയും അവനോട് ശരണംവിളി നടത്തുവാൻ പ്രചോദിതനാവുകയുംചെയ്യുന്നു. ആ നിയന്ത്രകശക്തിയെക്കുറിച്ച് കൂടുതൽ അറിയാനും അവനെ തൃപ്തിപ്പെടുത്താനും മനുഷ്യൻ ആഗ്രഹിക്കുന്നു.

തനിക്കുചുറ്റുമുള്ള, തന്റെ അസ്തിത്വത്തെ നിലനിർത്തുന്ന ശക്തികളെയോ തന്നെപ്പോലുമോ നിയന്ത്രിക്കാൻ തനിക്കാവുകയില്ലെ

ന്ന് മനസ്സിലാക്കുന്ന മനുഷ്യൻ അവയെ നിയന്ത്രിക്കാൻ കഴിയുന്നവനോട് സ്വാഭാവികമായി ശരണം വിളിക്കുന്നു. ഈ ശരണംവിളിയാണ് ആരാധന. തനിക്ക് ഒന്നിനുമാകില്ലെന്ന് മനസ്സിലാക്കുന്ന മനുഷ്യന്റെ മനസ്സിൽനിന്ന് എല്ലാറ്റിനും കഴിയുന്നവനോടുള്ള പ്രാർഥനയാണ് ആരാധനകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. പള്ളികളിലോ ചർച്ചുകളിലോ അമ്പലങ്ങളിലോ വെച്ചുനടക്കുന്ന ആചാരപ്രധാനമായ ആരാധനകൾ മാത്രമല്ല, പ്രത്യുത ജീവിതത്തിന്റെ ഏതുരംഗത്തും തന്റെ നിസ്സഹായത അനുഭവിച്ചറിയുമ്പോൾ മനുഷ്യമനസ്സുകൾക്കുള്ളിൽനിന്ന് ഉയരുന്ന തേട്ടംകൂടി ആരാധനകൊണ്ട് ഇവിടെ വിവക്ഷിക്കപ്പെടുന്നു.

ഈ തേട്ടം മനുഷ്യപ്രകൃതിയുടെ ശബ്ദമാണ്. നിരീശ്വരപ്രസ്ഥാനത്തിന്റെ വക്താക്കളെന്ന് അവകാശപ്പെടുന്നവർപോലും സന്ദിഗ്ധഘട്ടങ്ങളിൽ ദൈവത്തെ വിളിച്ചു തേടിയതിന് ചരിത്രം സാക്ഷി നിൽക്കുന്നുണ്ട്. 1942 ആഗസ്റ്റ് മാസത്തിൽ, രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസരത്തിൽ ഹിറ്റ്ലർക്കെതിരെ സഖ്യകക്ഷികൾ നടപ്പാക്കാനുദ്ദേശിച്ച ടോർച്ച് രഹസ്യസേന പദ്ധതിയെക്കുറിച്ച ചർച്ചക്കിയടിൽ അന്നത്തെ കമ്യൂണിസ്റ്റ് റഷ്യയുടെ പരമോന്നതനായ ഭരണാധിപൻ ജോസഫ് സ്റ്റാലിൻപോലും ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻ സ്റ്റൺ ചർച്ചിലിനോട് “ദൈവം ഈ പദ്ധതി വിജയിപ്പിക്കട്ടെ” യെന്ന് ആശംസിച്ച സംഭവം വ്യക്തമാക്കുന്നത് പരമോന്നതശക്തിയോടുള്ള ആരാധനാ മനോഭാവം മനുഷ്യപ്രകൃതിയുടെ ശബ്ദമാണെന്നും, അത് ചിന്താപരമായ കാപട്യത്തിന്റെ തിരശ്ശീലക്കിടയിൽ ഒളിപ്പിച്ചുവെക്കാൻ എത്രതന്നെ ശ്രമിച്ചാലും സന്ദിഗ്ധഘട്ടങ്ങളിൽ മറനീക്കി പുറത്തുവരുമെന്നുമാണ്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഒട്ടനവധി സംഭവങ്ങളിൽ ഒന്നുമാത്രം. ആരാധ്യനെക്കുറിച്ച അന്വേഷണം മനുഷ്യപ്രകൃതിയുടെ വികാരമാണെന്നതിന് വേറെ തെളിവുകൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മനുഷ്യനെക്കാൾ ഉന്നതമായ മറ്റൊരു സൃഷ്ടിയും ഭൂമിയിലില്ലെന്ന് നമുക്കറിയാം. അവനെക്കാൾ ഉന്നതമായ ഒരുവൻ മാത്രമേയുള്ളൂ- അതാണ് സ്രഷ്ടാവ്. മനുഷ്യകഴിവിൽ പെടാത്ത ഒട്ടനവധി കാര്യങ്ങൾ തനിക്കു ചുറ്റും തന്റെ സ്വന്തം ശരീരത്തിലും മനുഷ്യന് കാണാൻ കഴിയുന്നു. സ്വജീവൻ നിലനിർത്തുന്ന ഹൃദയമിടിപ്പോ രക്തചംക്രമണമോ മറ്റു ജീവികളിൽനിന്ന് വ്യതിരിക്തമാക്കുന്ന



ബൗദ്ധിക പ്രവർത്തനങ്ങളോ ഒന്നുംതന്നെ തന്റെ കഴിവിലോ നിയന്ത്രണ പരിധിയിലോ അല്ലെന്ന് അവൻ അറിയുന്നു. ഭൂമിയിൽ ജീവൻ നിലനിർത്താൻ പര്യാപ്തമായ രീതിയിലുള്ള സൂര്യന്റെ നിലനിൽപോ ഭൂമിയുടെ പരിക്രമണമോ അന്തരീക്ഷത്തിന്റെ സംവിധാനമോ ഒന്നുംതന്നെ തന്റെ നിയന്ത്രണത്തിന്റെ വരുതിയിലല്ലെന്ന് അവൻ മനസ്സിലാക്കുന്നു. ഈ അറിവ് തന്നേക്കാൾ ശക്തിയുള്ള ഒന്നിനോട് സഹായമഭ്യർഥിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. ഈ സഹായാഭ്യർഥനയാണ് പ്രാർഥന. ഭിഷഗ്വരനോട് രോഗി സഹായമഭ്യർഥിക്കുന്നതോ പണക്കാരനോട് പണിക്കാരൻ സാമ്പത്തിക സഹായം ചോദിക്കുന്നതോ പ്രാർഥനയുടെ പരിധിയിൽ വരുന്നില്ല. അവ ലൗകികമായ കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള അർഥനയാകുന്നു. കാര്യകാരണബന്ധങ്ങൾക്കതീതമായ രീതിയിലുള്ള സഹായാഭ്യർഥനയാണ് പ്രാർഥന. പ്രാർഥനയില്ലാത്ത ആരാധനകൾ വെറും ആചാരങ്ങൾ മാത്രമായി അവശേഷിക്കുന്നു.

സർവലോകത്തിന്റെയും സ്രഷ്ടാവും സംരക്ഷകനും അല്ലാഹുവാണ്. മനുഷ്യരെ പടക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് അവനാണ്. അവൻ പരമകാരുണികനും കരുണാനിധിയുമാണ്. നീതിമാനും പ്രതാപവാനുമാണ്. സർവജ്ഞനും സർവഗ്രാഹിയുമാണ്. സ്നേഹസമ്പന്നനും കൃപാനിധിയുമാണ്. അദൃശ്യകാര്യങ്ങൾ അറിയുന്നവനായ അല്ലാഹുവിനു മാത്രമേ മനുഷ്യമനസ്സിനകത്തുള്ളതെന്താണെന്ന് വ്യക്തമായി അറിയാൻ കഴിയൂ.

إِنَّ ٱللَّهَ عَلِيمٌ خَبِيرٌۢ

“നിശ്ചയം, അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമത്രേ” (31:34).

മനുഷ്യകഴിവിന്നതീതമായ കാര്യങ്ങൾ അത്തരത്തിലുള്ള കഴിവുകളുണ്ടെന്നോ അത്തരം കഴിവുകൾ ഉള്ളവരിൽ നിന്ന് നേടിത്തരാൻ കഴിയുമെന്നോ കരുതുന്നവരോട് ചോദിക്കുന്നതിനാണല്ലോ പ്രാർഥനയെന്നു പറയുന്നത്. അഭൗതികമായ സഹായാഭ്യർഥനയാണ് പ്രാർഥനയെന്ന് പറയാം. പ്രാർഥനയുടെ ആത്മാവ് സ്ഥിതി ചെയ്യുന്നത് പ്രാർഥിക്കുന്നവന്റെ മനസ്സിനകത്താണ്. എത്ര സുന്ദരമായ പ്രാർഥനാഗീതമായിരുന്നാലും അത് ഹൃദയത്തിൽനിന്നു പുറത്തുവരുന്നതല്ലെങ്കിൽ കേവലം വാചാടോപമായി പരിണമിക്കുന്നു. അതിന്ന് അധ

രങ്ങളുമായി മാത്രമേ ബന്ധം കാണൂ. പ്രാർഥിക്കുന്നവൻെറ ഹൃദയം പ്രാർഥിക്കപ്പെടുന്നവൻെറ സഹായം കാംക്ഷിക്കുമ്പോൾ മാത്രമാണ് പ്രാർഥനയെന്ന പദം അന്വർഥമാകുന്നത്. യഥാർഥത്തിൽ പ്രാർഥനയാണ് എല്ലാവിധ ആരാധനകളുടെയും മജ്ജ. ആരാധനകളിലെ കർമങ്ങൾക്ക് ജീവനുണ്ടാകണമെങ്കിൽ പ്രാർഥനയുണ്ടായിരിക്കണമെന്നർഥം. ഇതാണ് പ്രവാചകൻ പഠിപ്പിച്ചത്.

عَنِ النُّعْمَانِ بْنِ بَشِيرٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ
الدُّعَاءُ هُوَ الْعِبَادَةُ ثُمَّ قَرَأَ ( وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ
إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ )

“നുഅ്മാനുബ്നു ബശീർ (ﷺ) നിവേദനം: നബി (ﷺ) പറഞ്ഞു പ്രാർഥന തന്നെയാകുന്നു ആരാധന. പിന്നീട് ഇങ്ങനെ ഓതി ‘നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച’ (40:60)” (ജാമിഉത്തിർമിദി: ഹദീഥ്: 4294).

പ്രാർഥനയുൾക്കൊള്ളുന്ന കർമങ്ങളെല്ലാം ആരാധനയാണ്. ദിവ്യനായി കരുതപ്പെടുന്ന ഒരാൾ അനുസരിക്കപ്പെടുന്നത് പ്രാർഥനാനിർഭരമായ മനസ്സോടുകൂടിയാണ്. അയാളിൽനിന്ന് കാര്യകാരണബന്ധങ്ങൾക്ക് അതീതമായ ഗുണമോ ദോഷമോ പ്രതീക്ഷിച്ചുകൊണ്ടാണ് പ്രസ്തുത അനുസരണം. അതുകൊണ്ടുതന്നെ ആ അനുസരണം ആരാധനയായിത്തീരുന്നു. ദൈവങ്ങൾക്ക് സമർപ്പിക്കപ്പെട്ട ഭക്ഷണം കഴിക്കുന്നത് പ്രാർഥനാനിർഭരമായ മനസ്സോടെയാണ്. അപ്പോൾ അത് കഴിക്കുന്നത് ആരാധനയാണ്. ശവകുടീരങ്ങളെ പ്രദക്ഷിണംവെക്കുന്നത് പ്രാർഥനയുൾക്കൊള്ളുന്ന മനസ്സോടെയാവുമ്പോൾ ആ പ്രദക്ഷിണം ആരാധനയായിത്തീരുന്നു. ഇങ്ങനെ പ്രാർഥനയുൾക്കൊള്ളുന്ന കർമങ്ങളെല്ലാം ആരാധനയാണ്. ആരാധന അല്ലാഹുവിന് മാത്രമെ സമർപ്പിക്കാവൂയെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. പ്രാർഥനയുൾക്കൊള്ളുന്ന ഒരു കർമവും അല്ലാഹുവിന്നല്ലാതെ സമർപ്പിച്ചുകൂടെന്നർഥം.



പ്രാർഥനയാണ് ആരാധനയുടെ മജ്ജയെന്ന് വ്യക്തമാക്കുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا

“പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്” (72:18).

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ
عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ

“നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച” (40:60).

هُوَ ٱلْحَىُّ لَآ إِلَٰهَ إِلَّا هُوَ فَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۗ ٱلْحَمْدُ
لِلَّهِ رَبِّ ٱلْعَٰلَمِينَ

“അവനാകുന്നു എന്നെന്നും ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അതിനാൽ കീഴ്‌വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക.ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് സ്തുതി” (40:65).

وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ
عِندَ رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ

“വല്ലവനും അല്ലാഹുവോടൊപ്പം മറ്റുവല്ല ആരാധ്യരെയും വിളിച്ച് പ്രാർഥിക്കുന്നപക്ഷം -അതിന് അവൻെറ പക്കൽ യാതൊരു പ്രമാണവും ഇല്ലതന്നെ- അവൻെറ വിചാരണ അവൻെറ രക്ഷിതാവിൻെറ അടുക്കൽവെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച” (23:117).

وَمَنْ أَضَلُّ مِمَّن يَدْعُوا۟ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ

يَوْمِ ٱلْقِيَـٰمَةِ وَهُمْ عَن دُعَآئِهِمْ غَـٰفِلُونَ ● وَإِذَا حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً وَكَانُوا۟ بِعِبَادَتِهِمْ كَـٰفِرِينَ

"അല്ലാഹുവിന് പുറമെ, ഉയർത്തെഴുന്നേൽപ്പിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ച് പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ച് കൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായി ത്തീരുകയും ചെയ്യും" (46:5,6).

മുകളിൽ സൂചിപ്പിച്ച ഖുർആൻ വാക്യങ്ങളിൽ 'പ്രാർഥന'യും 'ആരാധന'യും തത്തുല്യ പദങ്ങൾ എന്ന നിലയ്ക്കാണ് പ്രയോഗിച്ചി രിക്കുന്നതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഉദാഹരണത്തിന് അവസാനം ഉദ്ധരിച്ച സൂറത്തുൽ അഹ്ഖാഫിലെ അഞ്ചും ആറും വചനങ്ങൾ പരിശോധിക്കുക. അഞ്ചാമത്തെ വചനത്തിൽ അല്ലാഹു വല്ലാത്തവരോടുള്ള പ്രാർഥനയെ ഏറ്റവും വലിയ വഴികേടായി ചിത്രീകരിച്ചിരിക്കുന്നു. ഇങ്ങനെ പ്രാർഥിക്കപ്പെട്ടവർ ഉയിർത്തെഴു ന്നേൽപിന്റെ നാളിൽ അവരെ ആരാധിച്ചതിനെ നിഷേധിക്കുമെ ന്നാണ് അടുത്ത വചനത്തിൽ പറഞ്ഞിരിക്കുന്നത്. പ്രാർഥനതന്നെ യാണ് ആരാധനയെന്ന വസ്തുത ഈ സൂക്തങ്ങൾ സുതരാം വ്യക്തമാക്കുന്നു.

അപ്പോൾ, മനുഷ്യർ ആരാധനകൾ അർപ്പിക്കേണ്ടത് ആർക്കാണ്? ആരോടാണവൻ പ്രാർഥിക്കേണ്ടത്? സകലമാന കഴിവുകളുടെയും ഉടമസ്ഥാവകാശം ആർക്കാണോ, രഹസ്യങ്ങളും പരസ്യങ്ങളുമറിയു ന്നവനാരാണോ, ഹൃദയത്തിനകത്തുള്ളത് വ്യക്തമായി അറിയുന്ന വൻ ആരാണോ അവന്നാണ്; അവന്നു മാത്രമാണ് ആരാധനകളർപ്പി ക്കേണ്ടതെന്ന് സാമാന്യബുദ്ധി പറയുന്നു. ഈ സാമാന്യബുദ്ധിയുടെ വിധിതന്നെയാണ് ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വം. സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിന് മാത്രമേ ആരാധനകളർപ്പിക്കാവൂ എന്നാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. പ്രാർഥനാവഴിപാടുകൾ അർപ്പിക്കപ്പെടാൻ അർഹൻ അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കു മ്പോൾ മാത്രമാണ് അല്ലാഹുവിലുള്ള വിശ്വാസം പൂർണമാകുന്നത്.



സത്തയിലും സ്വഭാവങ്ങളിലും കഴിവുകളിലും അദ്വിതീയനായ ഒരു അസ്തിത്വത്തിലുള്ള വിശ്വാസം കൊണ്ട് ഇസ്‌ലാം വിവക്ഷിക്കുന്ന ഏകദൈവവിശ്വാസം (തൗഹീദ്) പൂർണമാകുന്നില്ല. ആ ഏകാസ്തി ത്വത്തിനു മാത്രം ആരാധനകളർപ്പിക്കപ്പെടുമ്പോഴാണ് അത് പൂർണ മാകുന്നത്. ഇസ്‌ലാമിക വീക്ഷണത്തിൽ, ഏകദൈ വവിശ്വാസി (മുവ ഹ്ഹിദ്) എന്നു വിളിക്കപ്പെടണമെങ്കിൽ അല്ലാഹു ഏകനാണെന്ന് വിശ്വസിച്ചാൽ മാത്രം പോരാ; അവന്നുമാത്രം അർഹതയുള്ള കാര്യ ങ്ങൾ അവന്നു മാത്രം അർപ്പിക്കുകകൂടി വേണം. അല്ലാഹു മാത്രമാ ണ് ആരാധനകളർഹിക്കുന്നതെന്ന് പ്രഖ്യാപിച്ചു കൊണ്ടാണല്ലോ ഒരാൾ മുസ്‌ലിമാകുന്നത്. ആരാധനകളഖിലവും അല്ലാഹുവിന് മാത്രം അർപ്പിക്കുന്നവനാണ് മുസ്‌ലിമെന്നർഥം.

അല്ലാഹുവല്ലാതെ മറ്റാരെങ്കിലും ആരാധനകൾ അർഹിക്കുന്നു ണ്ടോ? യഥാർഥത്തിൽ അല്ലാഹു മാത്രമാണ് ആരാധനകളെല്ലാം അർഹിക്കുന്നതെന്ന് അൽപം ചിന്തിക്കുന്ന ഏവർക്കും ബോധ്യമാ കും. ഹൃദയത്തിനുള്ളിലുള്ളത് അറിയാവുന്നവനല്ലാതെ മറ്റാർക്കാണ് പ്രാർഥനയുടെ യഥാസ്ഥിതി മനസ്സിലാക്കാൻ കഴിയുക? എല്ലാ കഴിവുകളുടെയും നാഥനും എല്ലാ അറിവുകളുമുള്ളവനുമായ അല്ലാ ഹുവല്ലാതെ മറ്റാരാണ് പ്രാർഥിക്കപ്പെടാൻ അർഹനായിട്ടുള്ളത്? സർവശക്തനും സർവജ്ഞാനിയുമായിട്ടുള്ളവനല്ലാതെ മറ്റാർക്കാ ണ് പ്രാർഥനകൾക്ക് ഉത്തരം നൽകാൻ കഴിയുക? അല്ലാഹുവല്ലാത്ത വരൊന്നുംതന്നെ ആരാധനകൾ അർഹിക്കുന്നില്ലെന്ന് യുക്തിയു ക്തം സ്ഥാപിക്കുന്ന ഏതാനും ഖുർആനിക സൂക്തങ്ങൾ കാണുക:

ٱللَّهُ لَآ إِلَـٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ

"അല്ലാഹു അവനല്ലാതെ ആരാധ്യനില്ല. എന്നെന്നും ജീവിച്ചി രിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ" (2:255).

هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ۖ عَـٰلِمُ ٱلْغَيْبِ وَٱلشَّهَـٰدَةِ ۖ هُوَ ٱلرَّحْمَـٰنُ ٱلرَّحِيمُ

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹു വാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു" (59:22).

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلَّيْلَ لِتَسْكُنُوا۟ فِيهِ وَٱلنَّهَارَ مُبْصِرًا ۚ إِنَّ ٱللَّهَ لَذُو فَضْلٍ عَلَى ٱلنَّاسِ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ● ذَٰلِكُمُ ٱللَّهُ رَبُّكُمْ خَـٰلِقُ كُلِّ شَىْءٍ لَّآ إِلَـٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ

"അല്ലാഹുവാകുന്നു നിങ്ങൾക്കുവേണ്ടി രാത്രിയെ നിങ്ങൾക്കു ശാന്തമായി വസിക്കാൻ തക്കവണ്ണവും, പകലിനെ വെളിച്ചമുള്ളതും ആക്കിയവൻ. തീർച്ചയായും അല്ലാഹു ജനങ്ങളോട് ഔദാര്യമുള്ളവനാകുന്നു. പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദി കാണിക്കുന്നില്ല. അവനാകുന്നു നിങ്ങളുടെ രക്ഷിതാവും എല്ലാ വസ്തുക്കളുടെയും സൃഷ്ടികർത്താവുമായ അല്ലാഹു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് (സന്മാർഗത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?" (40:61,62).

هُوَ ٱلْحَىُّ لَآ إِلَـٰهَ إِلَّا هُوَ فَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۗ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ

"അവനാകുന്നു എന്നെന്നും ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അതിനാൽ കീഴ്വണക്കം അവനു നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് സ്തുതി" (40:65).

ٱللَّهُ لَآ إِلَـٰهَ إِلَّا هُوَ ۖ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ

"അല്ലാഹു, അവനല്ലാതെ ഒരു ആരാധ്യനുമില്ല. അവന്നേറതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ" (20:8).

إِنَّمَآ إِلَـٰهُكُمُ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ۚ وَسِعَ كُلَّ شَىْءٍ عِلْمًا

"നിങ്ങളുടെ ആരാധ്യൻ അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻെറ അറിവ് എല്ലാ കാര്യത്തെയും ഉൾക്കൊള്ളാൻ മാത്രം വിശാലമാകുന്നു" (20:98).

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ



فَٱسْتَقِيمُوٓا۟ إِلَيْهِ وَٱسْتَغْفِرُوهُ ۗ وَوَيْلٌ لِّلْمُشْرِكِينَ

"നീ പറയുക: ഞാൻ നിങ്ങളെ പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഏകആരാധ്യൻ ആകുന്നു എന്ന് എനിക്കു ബോധനം നൽകപ്പെട്ടിരിക്കുന്നു. ആകയാൽ അവങ്കലേക്കുള്ള മാർഗത്തിൽ നിങ്ങൾ നേരെ നിലകൊള്ളുകയും അവനോട് നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ" (41:6).

قُلِ ٱلْحَمْدُ لِلَّهِ وَسَلَـٰمٌ عَلَىٰ عِبَادِهِ ٱلَّذِينَ ٱصْطَفَىٰٓ ۗ ءَآللَّهُ خَيْرٌ أَمَّا يُشْرِكُونَ ● أَمَّنْ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَأَنزَلَ لَكُم مِّنَ ٱلسَّمَآءِ مَآءً فَأَنۢبَتْنَا بِهِۦ حَدَآئِقَ ذَاتَ بَهْجَةٍ مَّا كَانَ لَكُمْ أَن تُنۢبِتُوا۟ شَجَرَهَآ ۗ أَءِلَـٰهٌ مَّعَ ٱللَّهِ ۚ بَلْ هُمْ قَوْمٌ يَعْدِلُونَ ● أَمَّن جَعَلَ ٱلْأَرْضَ قَرَارًا وَجَعَلَ خِلَـٰلَهَآ أَنْهَـٰرًا وَجَعَلَ لَهَا رَوَٰسِىَ وَجَعَلَ بَيْنَ ٱلْبَحْرَيْنِ حَاجِزًا ۗ أَءِلَـٰهٌ مَّعَ ٱللَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ● أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ ٱلسُّوٓءَ وَيَجْعَلُكُمْ خُلَفَآءَ ٱلْأَرْضِ ۗ أَءِلَـٰهٌ مَّعَ ٱللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ● أَمَّن يَهْدِيكُمْ فِى ظُلُمَـٰتِ ٱلْبَرِّ وَٱلْبَحْرِ وَمَن يُرْسِلُ ٱلرِّيَـٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦٓ ۗ أَءِلَـٰهٌ مَّعَ ٱللَّهِ ۚ تَعَـٰلَى ٱللَّهُ عَمَّا يُشْرِكُونَ ● أَمَّن يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ وَمَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۗ أَءِلَـٰهٌ مَّعَ ٱللَّهِ ۚ قُلْ هَاتُوا۟ بُرْهَـٰنَكُمْ إِن كُنتُمْ صَـٰدِقِينَ

"(നബിയേ)പറയുക. അല്ലാഹുവിന് സ്തുതി. അവൻ തെരഞ്ഞെടുത്ത അവൻെറ ദാസന്മാർക്ക് സമാധാനം. അല്ലാഹുവാണോ ഉത്തമൻ; അതല്ല (അവനോട്) അവർ പങ്കുചേർക്കുന്നവയോ? അഥവാ ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തി

ന് വെള്ളം ചൊരിഞ്ഞുതരികയും ചെയ്തവനോ? (അതോ അവരുടെ ആരാധ്യന്മാരോ?) എന്നിട്ട് (വെള്ളം) മൂലം കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിച്ചുണ്ടാക്കിത്തരികയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ആരാധ്യന്മാരുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു. അഥവാ, ഭൂമിയെ നിവാസയോഗ്യമാക്കുകയും അതിനിടയിൽ നദികളുണ്ടാക്കുകയും അതിനുറപ്പു നൽകുന്ന പർവതങ്ങളുണ്ടാക്കുകയും രണ്ടുതരം ജലാശയങ്ങൾക്കിടയിൽ ഒരു തടസ്സമുണ്ടാക്കുകയും ചെയ്തവനോ? (അതോ അവരുടെ ആരാധ്യന്മാരോ!) അല്ലാഹുവോടൊപ്പം മറ്റു വല്ല ആരാധ്യന്മാരുമുണ്ടോ? അല്ല; അവരിൽ അധികപേരും അറിയുന്നില്ല. അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചുപ്രാർഥിച്ചാൽ അവന് ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ആരാധ്യന്മാരോ!). അല്ലാഹുവോടൊപ്പം വേറെ വല്ല ആരാധ്യന്മാരുമുണ്ടോ? കുറച്ചു മാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ. അഥവാ, കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്കു വഴികാണിക്കുകയും തൻെറ കാരുണ്യത്തിൻെറ മുമ്പിൽ സന്തോഷസൂചകമായി കാറ്റുകൾ അയക്കുകയും ചെയ്യുന്നവനോ? (അതല്ല, നിങ്ങളുടെ ആരാധ്യന്മാരോ!) അല്ലാഹുവോടൊപ്പം മറ്റു വല്ല ആരാധ്യന്മാരുമുണ്ടോ? അവർ പങ്കുചേർക്കുന്നതിനെല്ലാം അല്ലാഹു അതീതനായിരിക്കുന്നു. അഥവാ, സൃഷ്ടി ആരംഭിക്കുകയും പിന്നീട് അത് ആവർത്തിക്കുകയും ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്യുന്നവനോ? (അതല്ല അവരുടെ ആരാധ്യന്മാരോ) അല്ലാഹുവോടൊപ്പം വേറെ വല്ല ആരാധ്യന്മാരുമുണ്ടോ? (നബിയേ) പറയുക: നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടുവരിക"(27:59-64).

സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന അല്ലാഹു മനുഷ്യരിൽനിന്ന് ആവശ്യപ്പെടുന്നതും അവന്ന് മാത്രമുള്ള ആരാധനയാണ്. നമ്മെ പടച്ചത് അല്ലാഹു; സംരക്ഷിക്കുന്നതും ജീവൻ നൽകിയതും ഉപജീവനം നൽകുന്നതുമെല്ലാം അവൻതന്നെ. ഇതിനു പകരമായി നമ്മിൽനിന്ന് നാഥൻ യാതൊരു പരിചരണവുമാവശ്യപ്പെടുന്നില്ല; അവന്നു മാത്രമുള്ള ആരാധനയല്ലാതെ. മനുഷ്യസൃഷ്ടി



യുടെ ലക്ഷ്യംതന്നെ അല്ലാഹുവിനെ മാത്രം ആരാധിക്കുകയാണെന്ന് വ്യക്തമാക്കുന്ന ഒരു ഖുർആൻ സൂക്തം കാണുക:

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ● مَآ أُرِيدُ مِنْهُم مِّن رِّزْقٍ
وَمَآ أُرِيدُ أَن يُطْعِمُونِ ● إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹുതന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും" (51:56-58).

അല്ലാഹുവല്ലാത്തവരെ വിളിച്ചുപ്രാർഥിക്കുന്നവർ ആപതിച്ചിരിക്കുന്ന മാർഗഭ്രംശത്തിൻെറ ആഴം വ്യക്തമാക്കുന്ന ഏതാനും ഖുർആൻ സൂക്തങ്ങൾ നോക്കുക:

أَيُشْرِكُونَ مَا لَا يَخْلُقُ شَيْـًٔا وَهُمْ يُخْلَقُونَ ● وَلَا يَسْتَطِيعُونَ لَهُمْ
نَصْرًا وَلَآ أَنفُسَهُمْ يَنصُرُونَ ● وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا
يَتَّبِعُوكُمْ ۚ سَوَآءٌ عَلَيْكُمْ أَدَعَوْتُمُوهُمْ أَمْ أَنتُمْ صَٰمِتُونَ ● إِنَّ
ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ عِبَادٌ أَمْثَالُكُمْ ۖ فَٱدْعُوهُمْ
فَلْيَسْتَجِيبُوا۟ لَكُمْ إِن كُنتُمْ صَٰدِقِينَ ● أَلَهُمْ أَرْجُلٌ يَمْشُونَ بِهَآ ۖ
أَمْ لَهُمْ أَيْدٍ يَبْطِشُونَ بِهَآ ۖ أَمْ لَهُمْ أَعْيُنٌ يُبْصِرُونَ بِهَآ ۖ أَمْ لَهُمْ
ءَاذَانٌ يَسْمَعُونَ بِهَا ۗ قُلِ ٱدْعُوا۟ شُرَكَآءَكُمْ ثُمَّ كِيدُونِ فَلَا
تُنظِرُونِ ● إِنَّ وَلِۦِّىَ ٱللَّهُ ٱلَّذِى نَزَّلَ ٱلْكِتَٰبَ ۖ وَهُوَ يَتَوَلَّى ٱلصَّٰلِحِينَ
● وَٱلَّذِينَ تَدْعُونَ مِن دُونِهِۦ لَا يَسْتَطِيعُونَ نَصْرَكُمْ وَلَآ
أَنفُسَهُمْ يَنصُرُونَ ● وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَسْمَعُوا۟ ۖ
وَتَرَىٰهُمْ يَنظُرُونَ إِلَيْكَ وَهُمْ لَا يُبْصِرُونَ ●

"അവർ പങ്കുചേർക്കുന്നത് യാതൊന്നും സൃഷ്ടിക്കാത്തവരെയാണോ? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളികൾക്ക്) സാധിക്കുകയില്ല. സ്വദേഹങ്ങൾക്കുതന്നെ അവർ സഹായം ചെയ്യുന്നതുമല്ല. നിങ്ങൾ അവരെ സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അവർ നിങ്ങളെ പിൻപറ്റുന്നതുമല്ല. നിങ്ങൾ അവരെ ക്ഷണിച്ചിരുന്നാലും, നിങ്ങൾ നിശ്ശബ്ദത പാലിച്ചിരുന്നാലും നിങ്ങൾക്ക് സമമാണ്. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപോലെയുള്ള ദാസന്മാർ മാത്രമാണ്. എന്നാൽ നിങ്ങൾ അവരെ വിളിച്ചു പ്രാർഥിക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ. അവർക്ക് നടക്കാൻ കാലുകളുണ്ടോ? അവർക്ക് പിടിക്കാൻ കൈകളുണ്ടോ? അവർക്ക് കാണാൻ കണ്ണുകളുണ്ടോ? അവർക്ക് കേൾക്കാൻ കാതുകളുണ്ടോ? (നബിയേ,) പറയുക: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിച്ചിട്ട് എനിക്കെതിരായി തന്ത്രങ്ങൾ പ്രയോഗിച്ചുകൊള്ളുക. എനിക്ക് നിങ്ങൾ ഇട തരേണ്ടതില്ല. തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു എന്റെ രക്ഷാധികാരി. അവനാണ് സജ്ജനങ്ങളുടെ സംരക്ഷണം ഏൽക്കുന്നത്. അവന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്കുതന്നെയും അവർ സഹായം ചെയ്യുകയില്ല. നിങ്ങൾ അവരെ നേർവഴിയിലേക്ക് ക്ഷണിക്കുന്നപക്ഷം അവർ കേൾക്കുകയില്ല. അവർ നിന്റെ നേരെ നോക്കുന്നതായി നിനക്ക് കാണാം. എന്നാൽ അവർ കാണുന്നില്ലതാനും" (7:191-198).

وَٱلَّذِينَ يَدۡعُونَ مِن دُونِ ٱللَّهِ لَا يَخۡلُقُونَ شَيۡـٔٗا وَهُمۡ يُخۡلَقُونَ
● أَمۡوَٰتٌ غَيۡرُ أَحۡيَآءٖۖ وَمَا يَشۡعُرُونَ أَيَّانَ يُبۡعَثُونَ

"അല്ലാഹുവിന് പുറമെ അവർ ആരെയൊക്കെ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്. അവർ (പ്രാർഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല" (16:20,21).



قُلِ ٱدۡعُواْ ٱلَّذِينَ زَعَمۡتُم مِّن دُونِهِۦ فَلَا يَمۡلِكُونَ كَشۡفَ ٱلضُّرِّ
عَنكُمۡ وَلَا تَحۡوِيلًا ● أُوْلَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ
رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓۚ
إِنَّ عَذَابَ رَبِّكَ كَانَ مَحۡذُورٗا

"(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ചുപോന്നവരെ നിങ്ങൾ വിളിച്ചുനോക്കൂ. നിങ്ങളിൽനിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല. അവർ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു). അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിന്റെ രക്ഷിതാവിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു" (17:56,57).

يَدۡعُواْ مِن دُونِ ٱللَّهِ مَا لَا يَضُرُّهُۥ وَمَا لَا يَنفَعُهُۥۚ ذَٰلِكَ هُوَ
ٱلضَّلَٰلُ ٱلۡبَعِيدُ ● يَدۡعُواْ لَمَن ضَرُّهُۥٓ أَقۡرَبُ مِن نَّفۡعِهِۦۚ لَبِئۡسَ
ٱلۡمَوۡلَىٰ وَلَبِئۡسَ ٱلۡعَشِيرُ

"അല്ലാഹുവിന് പുറമെ അവന്ന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുക്കളെ അവർ വിളിച്ച് പ്രാർഥിക്കുന്നു. അതു തന്നെയാണ് വിദൂരമായ വഴികേട്. ഏതൊരുത്തനെക്കൊണ്ടുള്ള ഉപദ്രവം അവനെക്കൊണ്ടുള്ള ഉപകാരത്തെക്കാൾ അടുത്തുനിൽക്കുന്നുവോ അങ്ങനെയുള്ളവനെത്തന്നെ അവൻ വിളിച്ചുപ്രാർഥിക്കുന്നു. അവൻ എത്ര ചീത്ത സഹായി! എത്ര ചീത്ത കൂട്ടുകാരൻ!" (22:12,13).

يَٰٓأَيُّهَا ٱلنَّاسُ ضُرِبَ مَثَلٌ فَٱسْتَمِعُوا۟ لَهُۥٓ ۚ إِنَّ ٱلَّذِينَ
تَدْعُونَ مِن دُونِ ٱللَّهِ لَن يَخْلُقُوا۟ ذُبَابًا وَلَوِ ٱجْتَمَعُوا۟ لَهُۥ ۖ وَإِن
يَسْلُبْهُمُ ٱلذُّبَابُ شَيْـًٔا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ ٱلطَّالِبُ
وَٱلْمَطْلُوبُ

“മനുഷ്യരേ, ഒരു ഉദാഹരണം ഇതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചുകേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപോലും സൃഷ്ടിക്കുകയില്ല; അതിനായി അവരെല്ലാവരും ഒത്തുചേർന്നാൽപോലും. ഈച്ച അവരുടെ പക്കൽനിന്ന് വല്ലതും തട്ടിയെടുത്താൽ അതിൻെറ പക്കൽനിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർതന്നെ” (22:73).

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ وَسَخَّرَ ٱلشَّمْسَ
وَٱلْقَمَرَ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ
ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ
● إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ
وَيَوْمَ ٱلْقِيَٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ

“രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ (തൻെറ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധിവരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്ന ആധിപത്യം. അവന് പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല.



നിങ്ങൾ അവരോട് പ്രാർഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പോലെ നിനക്ക് വിവരം തരാൻ ആരുമില്ല” (35:13,14).

قُلْ أَرَءَيْتُمْ شُرَكَآءَكُمُ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا
خَلَقُوا۟ مِنَ ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَٰوَٰتِ أَمْ ءَاتَيْنَٰهُمْ كِتَٰبًا
فَهُمْ عَلَىٰ بَيِّنَتٍ مِّنْهُ ۚ بَلْ إِن يَعِدُ ٱلظَّٰلِمُونَ بَعْضُهُم بَعْضًا إِلَّا
غُرُورًا

“നീ പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്ന നിങ്ങളുടെ പങ്കാളികളെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഭൂമിയിൽ എന്തൊന്നാണ് അവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരിക. അതല്ല, ആകാശങ്ങളിൽ അവർക്ക് വല്ല പങ്കുമുണ്ടോ? അതല്ല, നാം അവർക്ക് വല്ല ഗ്രന്ഥവും നൽകിയിട്ട് അതിൽനിന്നുള്ള തെളിവ് അനുസരിച്ചാണോ അവർ നിലകൊള്ളുന്ന്? അല്ല, അക്രമകാരികൾ അന്യോന്യം വാഗ്ദാനം ചെയ്യുന്നത് വഞ്ചന മാത്രമാകുന്നു” (35:40).

قُلْ أَرَءَيْتُم مَّا تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ
ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَٰوَٰتِ ۖ ٱئْتُونِى بِكِتَٰبٍ مِّن قَبْلِ هَٰذَآ
أَوْ أَثَٰرَةٍ مِّنْ عِلْمٍ إِن كُنتُمْ صَٰدِقِينَ

“(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ച് തരൂ. അതല്ല, ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിന് മുമ്പു

ള്ള ഏതെങ്കിലും വേദഗ്രന്ഥമോ അറിവിൻെറ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടുവന്ന് തരൂ" (46:4).

ഒരാൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കുമ്പോൾ ആദ്യമായി ചൊല്ലുന്ന പ്രതിജ്ഞ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്നാണ്. ഇസ്‌ലാമിൻെറ അടിസ്ഥാനവാക്യമാണിത്. ഇത് പഠിപ്പിക്കുവാനാണ് വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടത്; പ്രവാചകന്മാർ അയക്കപ്പെട്ടത്. എന്താണ് ഈ വചനം അർഥമാക്കുന്നത്? 'അല്ലാഹുവല്ലാതെ ആരാധ്യനില്ല' എന്നതാണ് ഈ പ്രതിജ്ഞാവാക്യത്തിൻെറ സരളമായ സാരം.

ഇസ്‌ലാമിൻെറ അടിസ്ഥാന വാക്യമായ ആദ്യത്തെ കലിമയുടെ ഒന്നാമത്തെ പകുതി നിഷേധത്തിൻേറതാണ് 'ലാഇലാഹ'- 'ഒരൊറ്റ ആരാധ്യനുമില്ല'. ഇവിടെ, മനുഷ്യർ ആരാധിച്ചുകൊണ്ടിരിക്കുന്ന സചേതനവും അചേതനവുമായ സകല വസ്തുക്കളുടെയും ആരാധ്യത നിഷേധിക്കുകയാണ് ആദ്യം ചെയ്യുന്നത്. കല്ലു മുതൽ വിഗ്രഹങ്ങൾ വരെയും സ്തൂപങ്ങൾ മുതൽ ശവകുടീരങ്ങൾ വരെയും തുളസിച്ചെടി മുതൽ ആൽമരം വരെയും നാഗം മുതൽ പശു വരെയും കുരിശുമുതൽ പാദുകം വരെയും മാലാഖമാർ മുതൽ പിശാചുക്കൾ വരെയും പുണ്യവാളന്മാർമുതൽ പ്രവാചകന്മാർ വരെയും മനുഷ്യർ ആരാധിച്ചുകൊണ്ടിരിക്കുന്ന ഒന്നും അത് എത്ര ചെറുതായാലും വലുതായാലും ആരാധനകളർഹിക്കുന്നില്ലെന്ന തത്ത്വമാണ് ഈ വചനം വ്യക്തമാക്കുന്നത്. മനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സകല ആരാധ്യന്മാരെയും നിഷ്കാസനം ചെയ്ത് ശുദ്ധമാക്കിയതിനുശേഷമാണ് കലിമയുടെ രണ്ടാമത്തെ പകുതിയായ 'ഇല്ലല്ലാഹു' വെന്ന തത്ത്വം ഹൃദയത്തിലേക്ക് സന്നിവേശിപ്പിക്കുന്നത്. സമസ്ത പ്രപഞ്ചത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്ന സർവശക്തൻ മാത്രമാണ് സകല ആരാധനാ വഴിപാടുകളും അർഹിക്കുന്നതെന്ന് ഇസ്‌ലാമിൻെറ ആദ്യത്തെ കലിമ വ്യക്തമാക്കുന്നു.

ദൈവവിശ്വാസം മനുഷ്യഹൃദയത്തിൻെറ അഗാധതകളിൽ സ്വാധീനം ചെലുത്തുന്നുവെന്നാണ് സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ പക്ഷം. ഉൽകൃഷ്ടജീവിയായ മനുഷ്യൻ തന്നേക്കാൾ താഴ്ന്നപടിയിൽ നിൽക്കുന്ന പ്രകൃതിപ്രതിഭാസങ്ങളെയും മറ്റു സൃഷ്ടികളെയും ആരാധിക്കുന്നതിലൂടെ ആത്മീയമായി അധമനായി മാറുന്നു. ജീവനുള്ളതും ഇല്ലാത്തതുമായ വസ്തുക്കളിൽ പലതും അവൻെറ ഇഷ്ട



ദേവതകളായി മാറുമ്പോൾ മനുഷ്യൻെറ സ്വാഭാവികമായ ഉൽകൃഷ്ടതക്ക് കളങ്കമുണ്ടാകുന്നു. അജയ്യനും അന്യൂനനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലൂടെയാണ് മനുഷ്യൻ ആത്മീയമായ ഉദാത്തീകരണം സാധിക്കുന്നത്. അങ്ങനെ വിമലീകരിക്കപ്പെട്ട വ്യക്തികൾ പിന്നീട് തെറ്റുകുറ്റങ്ങളിലേക്ക് പോകാനുള്ള സാധ്യത തീരെ വിരളമാണ്. സ്രഷ്ടാവും സംരക്ഷകനുമായ നാഥനുള്ള ആരാധനയാണ് മനുഷ്യരെ തെറ്റുകുറ്റങ്ങളിൽനിന്ന് മുക്തമാക്കുന്നതെന്നാണ് ഖുർആനിൻെറ അധ്യാപനം.

يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ٱلَّذِي خَلَقَكُمۡ وَٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്" (2:21).

അല്ലാഹു അവൻെറ സത്തയിലും സ്വഭാവങ്ങളിലും കർമങ്ങളിലും ഏകനും അദ്വിതീയനും അതുല്യനുമാണെന്നും അവൻ മാത്രമേ ആരാധനകളഖിലവും-പ്രാർഥനയുടെ ലാഞ്ഛനയുള്ള സകല കർമങ്ങളും -അർഹിക്കുന്നുള്ളൂവെന്നും വിശ്വസിക്കുകയും പ്രസ്തുത വിശ്വാസത്തിനനുസൃതമായി കർമങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമേ ഒരാൾ സത്യവിശ്വാസത്തിൻെറ (ഈമാൻ) വാതിലിലൂടെ കടന്ന്, വിശ്വാസികളുടെ (മുഅ്മിൻ) സമൂഹത്തിൽ അംഗമാവുകയുള്ളൂ.

16

# തിന്മകളുടെ മാതാവ്

സ്വതന്ത്രമായ കൈകാര്യകർതൃത്വത്തിന് കഴിവ് നൽകപ്പെട്ടവനാണ് മനുഷ്യൻ. നന്മ ചെയ്ത് ഉത്തമനാകുവാനും തിന്മ ചെയ്ത് അധമനാകുവാനും കഴിയുന്ന ജീവി. ദൈവികമാർഗനിർദേശപ്രകാരമുള്ള ജീവിതമാണ് നന്മ. അതിൽനിന്നുള്ള വ്യതിചലനമാണ് തിന്മ. മൃഗങ്ങൾക്ക് ആവശ്യമായ മാർഗദർശനങ്ങളെല്ലാം നൈസർഗികമായിത്തന്നെ ലഭിക്കുന്നു. ജീനുകളിൽ രേഖപ്പെടുത്തപ്പെട്ട പ്രസ്തുത മാർഗത്തിൽനിന്ന് വ്യതിചലിക്കുവാൻ അവയ്ക്ക് കഴിയില്ല. നന്മതിന്മകളെക്കുറിച്ച് അറിവ് നൈസർഗികമായി ലഭിച്ചിട്ടില്ലാത്ത മനുഷ്യർക്ക് പ്രസ്തുത അറിവ് പകർന്ന് നൽകുന്നതിനുവേണ്ടിയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. അവരാണ് നന്മയെന്താണെന്നും തിന്മയെന്താണെന്നും മനുഷ്യരെ പഠിപ്പിച്ചത്. ദൈവികമാർഗദർശനപ്രകാരമുള്ള ജീവിതം വഴി മാനവികതയെ എങ്ങനെ ദീപ്തമാക്കാമെന്ന് പ്രായോഗികമായി പഠിപ്പിച്ചുകാണിക്കുകയാണ് പ്രവാചകന്മാർ ചെയ്തത്.

ഒരു മനുഷ്യൻ അയാളുടെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും ഏറ്റെടുക്കേണ്ട ബാധ്യതകളുണ്ട്. പ്രസ്തുത ബാധ്യതകൾ ഏറ്റെടുക്കുമ്പോൾ മാത്രമെ ആ ഘട്ടം അയാൾക്ക് നൽകുന്ന അവകാശങ്ങൾ അനുഭവിക്കുവാൻ അയാൾ അവകാശിയായിത്തീരുന്നുള്ളൂ.



ഈ ബാധ്യതയുടെ നിർവഹണം ദൈവിക മാർഗനിർദേശ പ്രകാരമാവുമ്പോൾ അതുവഴി ഭൗതികമായ നേട്ടങ്ങളും ആത്മീയമായ ഉൽക്കർഷവുമുണ്ടാവുന്നു; അയാൾ പുണ്യവാനായിത്തീരുന്നു. മകനും മകളും ഭർത്താവും ഭാര്യയും പിതാവും മാതാവും അയൽവാസിയും കച്ചവടക്കാരനും ഉപഭോക്താവും തൊഴിലാളിയും മുതലാളിയും പണക്കാരനും പാവപ്പെട്ടവനും ഭരണാധികാരിയും ഭരണീയനുമെല്ലാമായി ജീവിക്കുമ്പോൾ ഓരോരുത്തർക്കും ദൈവികമാർഗദർശനപ്രകാരമുള്ള ബാധ്യതകൾ നിറവേറ്റേണ്ട ഉത്തരവാദിത്തമുണ്ട്. ഈ ഉത്തരവാദിത്തം നിർവഹിക്കാതിരിക്കുമ്പോഴാണ് ആ രംഗത്ത് അയാൾ പാപിയായിത്തീരുക. മകൻ എന്ന നിലയ്ക്കുള്ള ഉത്തരവാദിത്തം നിർവഹിക്കാതിരിക്കുന്നതുമൂലം വാർധക്യസഹജരായ മാതാപിതാക്കൾക്ക് പ്രയാസങ്ങളുണ്ടാക്കുന്നു; അവരുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നതിന് നിമിത്തമാകുന്നു. ഭർത്താവും ഭാര്യയും അയൽക്കാരനും കച്ചവടക്കാരനുമെല്ലാം അവരുടെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാതിരിക്കുന്നത് മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കുന്നതിനുള്ള കാരണമായി ഭവിക്കുന്നു. ബാധ്യതാനിർവഹണങ്ങളിൽനിന്നുള്ള ഒളിച്ചോട്ടവും അവകാശങ്ങൾ ഹനിക്കലും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഇവയാണ് പാപങ്ങളെ സൃഷ്ടിക്കുന്നത്.

മനുഷ്യർക്ക് മൂന്ന് തലത്തിലുള്ള ഉത്തരവാദിത്തങ്ങളുണ്ട്. അതിൽ മൂന്നാമത്തേതാണ് മറ്റുള്ളവരോടുള്ള ബാധ്യതകൾ. ഭാര്യക്ക് ഭർത്താവിനോടും മകന് പിതാവിനോടും കച്ചവടക്കാരന് ഉപഭോക്താവിനോടും ഭരണാധികാരിക്ക് ഭരണീയനോടുമെല്ലാമുള്ള ബാധ്യതകൾ ഈ മൂന്നാം വിഭാഗത്തിലാണ് ഉൾപ്പെടുക. ഒരാൾക്ക് മറ്റുള്ളവരോട് ബാധ്യതകളുള്ളതുപോലെതന്നെ സ്വന്തത്തോടും ബാധ്യതകളുണ്ട്. അവയവങ്ങളോടും തൃഷ്ണങ്ങളോടും വികാരങ്ങളോടും ബുദ്ധിയോടുമെല്ലാമുള്ള ബാധ്യതകൾ. വികാരപൂർത്തീകരണത്തിന് വിവാഹബന്ധത്തിലൂടെ സ്വന്തമാക്കിയ ഇണയുമായി ബന്ധപ്പെടുമ്പോൾ ആ രംഗത്തെ ബാധ്യത നിർവഹിക്കപ്പെടുന്നു. അത് സ്വന്തത്തോടും ഇണയോടുമുള്ള ബാധ്യതകളുടെ പൂർത്തീകരണമായിത്തീരുന്നു. അതേസമയം അനനുവദനീയമായ മാർഗങ്ങളിലൂടെ വികാരപൂർത്തീകരണത്തിന് ഒരുമ്പെടുമ്പോൾ അത് ദൈവിക വിധിവിലക്കുകളുടെ ഉല്ലംഘനവും സ്വന്തം ആത്മാവിനോടുള്ള ബാധ്യതയിൽനിന്നുള്ള ഒളിച്ചോട്ടവും ഒപ്പംതന്നെ ഇണയോടുള്ള ഉത്തര

വാദിത്തനിർവഹണത്തിൻെറ ലംഘനവുമാണ്. മദ്യപിക്കുന്നവർ സ്വന്തം ബുദ്ധിയോടും വിചാരബോധത്തോടുമുള്ള ബാധ്യതകളെയാണ് ബലിയാക്കുന്നത്. അത്മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സമൂഹത്തെയും ബാധിക്കുന്നു. ഇങ്ങനെ, ബാധ്യതകളുടെ നിർവഹണത്തിലുള്ള അലംഭാവം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. സ്വന്തത്തോടുള്ള ബാധ്യതാ നിർവഹണത്തിന് സന്നദ്ധരല്ലാത്തവർ, സ്വാഭാവികമായിത്തന്നെ മറ്റുള്ളവരോടുള്ള ഉത്തരവാദിത്തങ്ങളുടെ പൂർത്തീകരണത്തിന് കഴിയാത്തവരായിത്തീരും; തിരിച്ചും ഇതുതന്നെയാണ് അവസ്ഥ.

ഒരാളുടെ ഏറ്റവും വലിയ ബാധ്യത അവനെ സൃഷ്ടിച്ച് പരിപാലിക്കുന്ന തമ്പുരാനോടാണ്. സ്വന്തത്തോടും മറ്റുള്ളവരോടുമുള്ള ബാധ്യതകളുടെ നിർവഹണം അല്ലാഹുവിനോടുള്ള ഉത്തരവാദിത്തനിർവഹണത്തിന് താഴെ മാത്രമെ വരുന്നുള്ളൂ. കാരണം, താനും മറ്റുള്ളവരുമെല്ലാം നിലവിൽവന്നതും നിലനിൽക്കുന്നതുമെല്ലാം അവൻെറ അപാരമായ കാരുണ്യത്താലാണ്. തനിക്ക് എന്തെല്ലാമുണ്ടോ അതെല്ലാം അവൻ നൽകിയതാണ്. ഏത് സമയത്തും അവയെ പിൻവലിക്കുവാൻ കഴിയുന്നവനാണവൻ. അവൻെറ അനുഗ്രഹങ്ങളാണ് താൻ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ, അല്ലാഹുവിനോടുള്ള ബാധ്യതയാണ് ഒരാൾക്ക് നിർവഹിക്കുവാനുള്ള ഉത്തരവാദിത്തങ്ങളിൽ ഒന്നാമത്തേത്. അത് നിർവഹിക്കാതെ സ്വന്തത്തോടൊ മറ്റുള്ളവരോടോ ഉള്ള ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല.

എന്താണ് അല്ലാഹുവിനോട് നമുക്കുള്ള ഉത്തരവാദിത്തം? അവൻെറ അനുഗ്രഹങ്ങളനുഭവിച്ചുകൊണ്ട് ജീവിക്കുന്നവരാണ് നാം; തിരിച്ച് അല്ലാഹുവിനെ അനുഗ്രഹിക്കുവാൻ നമുക്ക് കഴിയുമോ? അവൻെറ കാരുണ്യത്താലാണ് നാം നിലനിൽക്കുന്നത്; തിരിച്ച് അല്ലാഹുവിന് കാരുണ്യം ചെയ്യാൻ നമുക്ക് കഴിയുമോ? അവനാണ് നമുക്കാവശ്യമായ ഭക്ഷണപാനീയങ്ങൾ ഒരുക്കിത്തന്നിരിക്കുന്നത്. തിരിച്ച് അവനെ ഭക്ഷിപ്പിക്കുവാനോ കുടിപ്പിക്കുവാനോ നമുക്ക് സാധിക്കുമോ? 'ഇല്ല'യെന്നാണല്ലോ ഇവയ്ക്കെല്ലാമുള്ള ഉത്തരം. എങ്കിൽ, പിന്നെയെങ്ങനെയാണ് അല്ലാഹുവിനോടുള്ള നമ്മുടെ ബാധ്യത നിർവഹിക്കുകയെന്ന ചോദ്യം പ്രസക്തമാണ്. ഈ ചോദ്യത്തിന് അല്ലാഹുതന്നെ നൽകുന്ന ഉത്തരം ശ്രദ്ധിക്കുക:



وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ● مَآ أُرِيدُ مِنْهُم مِّن رِّزْقٍ
وَمَآ أُرِيدُ أَن يُطْعِمُونِ ● إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ

“ജിന്നുകളേയും മനുഷ്യരേയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹുതന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും” (51:56–58).

അല്ലാഹുവിനെ മാത്രം ആരാധിക്കുക. ഇതുമാത്രമാണ് നമുക്ക് ചെയ്യാനാവുന്ന കാര്യം. അല്ലാഹുവുമായി ബന്ധപ്പെട്ട വിഷയത്തിൽ മനുഷ്യർക്ക് ചെയ്യാനാകുന്ന ഏക സംഗതി. അല്ലാഹു മാത്രമാണ് യഥാർഥത്തിൽ ആരാധനകളെല്ലാം അർഹിക്കുന്നതെന്ന് നാം മനസ്സിലാക്കി. എന്നാൽ, മനുഷ്യർക്ക് അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്ന സമ്പ്രദായം സ്വീകരിക്കുവാൻ കഴിയും. അല്ലാഹുവുമായി ബന്ധപ്പെട്ട വിഷയത്തിൽ മനുഷ്യർക്ക് സ്വാതന്ത്ര്യമുള്ള ഏക സംഗതിയാണത്. അല്ലാഹുവിൻെറ കാരുണ്യത്തെ തടയുകയോ മറ്റുള്ളവരെ പങ്കാളികളാക്കുകയോ ചെയ്യാൻ ആർക്കും കഴിയില്ല. അവൻെറ അധികാരാവകാശങ്ങളിൽ കൈകടത്തുവാനോ പങ്കാളികളെവെക്കുവാനോ ഉള്ള കഴിവും മനുഷ്യർക്കില്ല. എന്നാൽ അവൻമാത്രം അർഹിക്കുന്ന ആരാധന മറ്റുള്ളവർക്ക് സമർപ്പിക്കുവാൻ മനുഷ്യർക്ക് കഴിയും. ഇങ്ങനെ മറ്റുള്ളവരെ ആരാധിക്കുന്നത് മഹാപാപമാണ്. സകല പാപങ്ങളെക്കാളും വലിയ പാപം. കാരണം അല്ലാഹുവിനോടുള്ള ബാധ്യതയുടെ ലംഘനമാണത്. അവനോടുള്ള ഉത്തരവാദിത്തത്തിനുശേഷമേ മറ്റ് ഉത്തരവാദിത്തങ്ങളെല്ലാം വരുന്നുള്ളൂ. മറ്റുള്ള ബാധ്യതകൾ നിർവഹിക്കാതിരിക്കുന്നത് പാപമാണെങ്കിൽ അല്ലാഹുവിനോടുള്ള ബാധ്യത നിർവഹിക്കാതിരിക്കുന്നത് മഹാപാപമാണ്.

ബഹുദൈവാരാധനയാണ് സകലവിധ തിന്മകളുടെയും മാതാവെന്നാണ് ഇസ്‌ലാമിക വീക്ഷണം. അതുകൊണ്ടുതന്നെ അല്ലാഹുവല്ലാത്തവരോടുള്ള ആരാധനയാണ് വിശുദ്ധ ഖുർആനിൽ ഏറ്റവുമധികം വിമർശിക്കപ്പെട്ടിരിക്കുന്നത്. ദൈവേതരന്മാരോട് പ്രാർഥിക്കുന്നതാണ് ഏറ്റവും വലിയ മഹാപാപമെന്നാണ് പ്രവാചകൻ പഠിപ്പിച്ചിരിക്കു

ന്നത്. ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണ് ദൈവത്തിൻെറ സത്തയിലോ ഗുണങ്ങളിലോ പ്രവർത്തനങ്ങളിലോ മറ്റുള്ളവരെ പങ്കുചേർക്കുകയെന്നത്. പ്രസ്തുത പാപം ചെയ്തവൻ ഇസ്‌ലാമിൽ നിന്ന് പുറത്താണ്. വിശുദ്ധ ഖുർആൻ പറയുന്നതു കാണുക:

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ
وَمَن يُشْرِكْ بِٱللَّهِ فَقَدْ ضَلَّ ضَلَٰلًۢا بَعِيدًا

“തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കപ്പെടുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവിനോട് പങ്കു ചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു” (4:116).

ഇക്കാര്യം പ്രവാചകൻ (ﷺ) വിശദീകരിച്ചു

عَنْ عَبْدِاللَّهِ قَالَ سَأَلْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَيُّ الذَّنْبِ
أَعْظَمُ عِنْدَ اللَّهِ قَالَ أَنْ تَجْعَلَ لِلَّهِ نِدًّا وَهُوَ خَلَقَكَ قُلْتُ إِنَّ ذَلِكَ
لَعَظِيمٌ قُلْتُ ثُمَّ أَيٌّ قَالَ ثُمَّ أَنْ تَقْتُلَ وَلَدَكَ تَخَافُ أَنْ يَطْعَمَ مَعَكَ
قُلْتُ ثُمَّ أَيٌّ قَالَ ثُمَّ أَنْ تُزَانِيَ بِحَلِيلَةِ جَارِكَ

“അബ്ദുല്ലാ (رضي الله عنه) പറയുന്നു: ഞാൻ നബി (ﷺ)യോട് ചോദിച്ചു: ഏത് പാപമാണ് അല്ലാഹുവിൻെറ അടുക്കൽ ഏറ്റവും കഠിനമായത്. നബി (ﷺ) അരുളി: നിന്നെ സൃഷ്ടിച്ച നിൻെറ രക്ഷിതാവിൽ നീ പങ്കാളിയെ സ്ഥാപിക്കലാണ്. ഞാൻ പറഞ്ഞു: അത് വളരെ ഗൗരവമേറിയതുതന്നെ. പിന്നെ ഏതാണ്: നബി (ﷺ) അരുളി: നിൻെറ കൂടെ ഭക്ഷണം കഴിച്ചുകളയുമെന്ന് ഭയന്ന് നിൻെറ സന്താനത്തെ വധിക്കലാണ്. പിന്നെ ഏതാണ്: ഞാൻ വീണ്ടും ചോദിച്ചു: അയൽവാസിയുടെ ഭാര്യയെ നീ വ്യഭിചരിക്കലാണ്. നബി (ﷺ) പ്രത്യുത്തരം നൽകി” (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 6966).

عَنْ عَبْدِاللَّهِ رَضِيَ اللَّه عَنْه قَالَ لَمَّا نَزَلَتْ ( الَّذِينَ آمَنُوا وَلَمْ
يَلْبِسُوا إِيمَانَهُمْ بِظُلْمٍ ) قُلْنَا يَا رَسُولَ اللَّهِ أَيُّنَا لَا يَظْلِمُ نَفْسَهُ
قَالَ لَيْسَ كَمَا تَقُولُونَ ( لَمْ يَلْبِسُوا إِيمَانَهُمْ بِظُلْمٍ ) بِشِرْكٍ أَوَلَمْ



تَسْمَعُوا إِلَى قَوْلِ لُقْمَانَ لِابْنِهِ ( يَا بُنَيَّ لَا تُشْرِكْ بِاللَّهِ إِنَّ
الشِّرْكَ لَظُلْمٌ عَظِيمٌ )

അബ്ദുല്ലാഹിബ്നു മസ്ഊദ് (رضي الله عنه) നിവേദനം:“വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർതന്നെയാണ് നേർമാർഗം പ്രാപിച്ചവർ” (ഖുർആൻ 6:82) എന്ന ആയത്ത് അവതരിപ്പിക്കപ്പെട്ടപ്പോൾ ഞങ്ങൾ ചോദിച്ചു: ‘പ്രവാചകരേ, ഞങ്ങളിൽ സ്വന്തം ശരീരത്തോട് അക്രമം പ്രവർത്തിക്കാത്തവരാരാണ്?’ അദ്ദേഹം പ്രതിവചിച്ചു: ‘അത് നിങ്ങൾ പറഞ്ഞപോലെയല്ല. തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്തുക’യെന്ന് പറഞ്ഞതിലെ അന്യായത്തിൻെറ വിവക്ഷ അല്ലാഹുവിൽ പങ്കുചേർക്കലാണ്. ലുഖ്മാൻ തൻെറ മകനോടായി പറഞ്ഞത് നിങ്ങൾ കേട്ടിട്ടില്ലേ “എൻെറ കുഞ്ഞ് മകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമംതന്നെയാകുന്നു” (ഖുർആൻ: 31:13)(സ്വഹീഹുൽ ബുഖാരി: ഹദീഥ് 3110).

മനുഷ്യർക്ക് ആവശ്യമായതെല്ലാം ഇവിടെ ഒരുക്കി വെച്ചിരിക്കുന്നത് അല്ലാഹുവാണ്. അവനു പുറമെ ആരാധിക്കപ്പെടുന്നവർ ആരായിരുന്നാലും അവരെ കൈവെടിയേണ്ടത് മുസ്‌ലിമിൻെറ ബാധ്യതയാണ്. ആരാധിക്കപ്പെടുന്നത് പുണ്യവാളനായാലും പിശാചായാലും സമമാണ്. രണ്ടുപേരും അതിന് അർഹരല്ല. പ്രാർഥനകൾ അല്ലാഹുവോട് മാത്രമാണ് നടത്തേണ്ടത്. സൃഷ്ടികളിൽ ശ്രേഷ്ഠനായ മുഹമ്മദ് നബി(ﷺ) യോടുപോലും പ്രാർഥനകൾ പാടില്ലെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇബ്റാഹീം നബി (عليه السلام) പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്ന വചനങ്ങൾ ഇവിടെ പ്രസക്തമാണ്.

فَإِنَّهُمْ عَدُوٌّ لِّىٓ إِلَّا رَبَّ ٱلْعَٰلَمِينَ ● ٱلَّذِى خَلَقَنِى فَهُوَ يَهْدِينِ ●
وَٱلَّذِى هُوَ يُطْعِمُنِى وَيَسْقِينِ ● وَإِذَا مَرِضْتُ فَهُوَ يَشْفِينِ ●
وَٱلَّذِى يُمِيتُنِى ثُمَّ يُحْيِينِ ● وَٱلَّذِىٓ أَطْمَعُ أَن يَغْفِرَ لِى خَطِيٓـَٔتِى
يَوْمَ ٱلدِّينِ

“എന്നാൽ അവർ (ആരാധിക്കപ്പെടുന്നവർ) എൻെറ ശത്രുകളാകുന്നു. ലോകരക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ; എനിക്ക് ആഹാരവും കുടിനീരും നൽകുന്നവൻ; എനിക്ക് രോഗം ബാധിച്ചാൽ അവനാണ് സുഖപ്പെടുത്തുന്നത്; എന്നെ മരിപ്പിക്കുകയും പിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവൻ; പ്രതിഫലത്തിൻെറ നാളിൽ ഏതൊരുത്തൻ എൻെറ തെറ്റുകൾ പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നുവോ അവൻ” (26:77–82).

പുണ്യവാന്മാർ അനുഗ്രഹിക്കപ്പെടുകയും പാപികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന മരണാനന്തരജീവിതത്തിൽ ഒരിക്കലും പൊറുക്കപ്പെടാത്ത പാപം ചെയ്തുകൊണ്ട് മരണപ്പെട്ടവർക്ക് സ്വർഗം നിഷിദ്ധമാണ്; നരകത്തിൽനിന്ന് അവർക്ക് മോചനമുണ്ടാവുകയില്ലെന്നാണ് ഖുർആൻ നൽകുന്ന പാഠം.

لَقَدْ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۖ
وَقَالَ ٱلْمَسِيحُ يَـٰبَنِىٓ إِسْرَٰٓءِيلَ ٱعْبُدُواْ ٱللَّهَ رَبِّى وَرَبَّكُمْ ۖ إِنَّهُۥ مَن
يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا
لِلظَّـٰلِمِينَ مِنْ أَنصَارٍ

“മറ്യമിൻെറ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ‘ഇസ്രാഈൽ സന്തതികളെ, എൻെറയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരുംതന്നെയില്ല’ എന്നാണ്” (5:72).

അല്ലാഹുവിൽ പങ്കുചേർക്കുന്നതൊഴിച്ചുള്ള പാപങ്ങൾ, അവ എത്രതന്നെ ഗൗരവമുള്ളതാണെങ്കിലും നിശ്ചിതകാലത്തെ ശിക്ഷകൾക്കുശേഷമോ അല്ലാതെയോ അല്ലാഹു പൊറുത്തുകൊടുത്തേക്കും. ഓരോ പാപങ്ങൾക്കും അവയുടെ ഗൗരവത്തിനനുസരിച്ചുള്ള



ശിക്ഷ നൽകപ്പെടുകയാണെങ്കിൽ വർഷങ്ങൾ നീണ്ട ശിക്ഷകൾക്കുശേഷമെങ്കിലും പാപിയെ അല്ലാഹു നരകത്തിൽനിന്ന് മോചിപ്പിക്കുകയും സ്വർഗത്തിലേക്ക് പ്രവേശനം നൽകുകയും ചെയ്യും. എന്നാൽ സ്രഷ്ടാവും സംരക്ഷകനുമായ നാഥൻെറ രക്ഷാകർതൃത്വത്തിലോ നാമഗുണവിശേഷണങ്ങളിലോ ആരാധ്യതയിലോ ഉള്ള അദ്വിതീയത അംഗീകരിക്കാതിരിക്കുകയോ അവനല്ലാത്തവർക്ക് ആരാധനാ വഴിപാടുകൾ അർപ്പിക്കുകയോ ചെയ്തവരുടെ സ്ഥിതിയതല്ല. അവർ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കപ്പെടുകയില്ല. ഇക്കാര്യം ചില ഹദീഥുകളിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്.

عَنْ أَبِي ذَرٍّ رَضِيَ اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه
عَلَيْهِ وَسَلَّمَ أَتَانِي آتٍ مِنْ رَبِّي فَأَخْبَرَنِي أَوْ قَالَ بَشَّرَنِي أَنَّهُ
مَنْ مَاتَ مِنْ أُمَّتِي لَا يُشْرِكُ بِاللَّهِ شَيْئًا دَخَلَ الْجَنَّةَ قُلْتُ وَإِنْ
زَنَى وَإِنْ سَرَقَ قَالَ وَإِنْ زَنَى وَإِنْ سَرَقَ

“അബൂദർറ് (رضي الله عنه) നിവേദനം: നബി (ﷺ) അരുളി: എൻെറ രക്ഷിതാവിങ്കൽനിന്നും എൻെറ അടുക്കൽ ഒരാൾ വന്നു. എന്നോട് ഇപ്രകാരം സന്തോഷവാർത്ത അറിയിച്ചു: അല്ലാഹുവിങ്കൽ യാതൊന്നിനെയും പങ്കുചേർക്കാതെ എൻെറ സമുദായത്തിൽപെട്ട വല്ലവനും മരണമടഞ്ഞാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും. ഞാൻ (അബൂദർറ്) ചോദിച്ചു: അവൻ കളവ് നടത്തുകയും വ്യഭിചരിക്കുകയും ചെയ്താലും സ്വർഗത്തിൽ പ്രവേശിക്കുമോ? നബി (ﷺ) പറഞ്ഞു: അതെ, അവൻ വ്യഭിചരിക്കുകയും മോഷ്ടിക്കുകയും ചെയ്താലും സ്വർഗത്തിൽ പ്രവേശിക്കും” (സ്വഹീഹുൽ ബുഖാരി,ഹദീഥ:1161).

عَنْ عَبْدِاللَّهِ رَضِيَ اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه
عَلَيْهِ وَسَلَّمَ مَنْ مَاتَ يُشْرِكُ بِاللَّهِ شَيْئًا دَخَلَ النَّارَ وَقُلْتُ أَنَا
مَنْ مَاتَ لَا يُشْرِكُ بِاللَّهِ شَيْئًا دَخَلَ الْجَنَّةَ

“അബ്ദുല്ലാ (رضي الله عنه) നിവേദനം: നബി (ﷺ) അരുളി: വല്ലവനും അല്ലാഹുവിൽ പങ്ക് ചേർത്തുകൊണ്ട് മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിച്ചു. അപ്പോൾ ഞാൻ (അബ്ദുല്ല) പറഞ്ഞു: വല്ലവനും അല്ലാ

ഹുവിൽ പങ്കു ചേർക്കാതെ മരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശി ച്ചുകഴിഞ്ഞു" (സ്വഹീഹുൽ ബുഖാരി, ഹദീഥ്:1238).

സകല നന്മകളെയും ധൂളീകരിച്ചുകളയുന്ന മഹാപാപമാണ് അല്ലാ ഹുവിൽ പങ്കുചേർക്കൽ. അല്ലാഹുവിന് മാത്രം നൽകേണ്ട അവകാ ശങ്ങളെ മറ്റുള്ളവർക്ക് നൽകുന്നവൻ പിന്നെ മറ്റെന്ത് നന്മകൾ ചെയ് തിട്ടും യാതൊരു ഫലവുമില്ല. സൗന്ദര്യവതിയും കുലീനയുമായ തന്റെ ഭാര്യ തനിക്കുമാത്രം നൽകേണ്ട കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുന്നത് ആർക്കെങ്കിലും സഹിക്കാൻ കഴിയുമോ? അങ്ങനെ പങ്കുവെക്കുന്നവൾക്ക് എത്ര സൗന്ദര്യമുണ്ടായിട്ടെന്തുകാര്യം? അവൾ എത്രതന്നെ കുലീനയാണെങ്കിലും എന്താണതുകൊണ്ട് ഫലം? ഭർ ത്താവിന് മാത്രം നൽകേണ്ടത് അയാൾക്ക് മാത്രം നൽകാൻ തയ്യാ റല്ലാത്തവൾക്ക് പൊറുത്തുകൊടുക്കുവാൻ നമ്മുടെ മനസ്സിന് കഴിയി ല്ലെന്നത് ഒരു യാഥാർഥ്യം മാത്രം. നമുക്കാവശ്യമായ മുഴുവൻ സം വിധാനങ്ങളും ചെയ്തുതന്നുകൊണ്ടിരിക്കുന്ന സർവശക്തനും പ രമകാരുണികനുമായ തമ്പുരാൻ അവന്ന് മാത്രം അവകാശപ്പെട്ട ആരാധനകൾ മറ്റുള്ളവർക്ക് നൽകുന്നത് പൊറുക്കുന്നതെങ്ങനെ? ഈ മഹാപാപം ചെയ്യുന്നവൻ പിന്നെ മറ്റ് നന്മകൾ ചെയ്യുന്നതു കൊണ്ട് എന്ത് ഫലം? വൃദ്ധനായ സ്വന്തം പിതാവിനെ സംരക്ഷിക്കാ ൻ സന്നദ്ധനാവാതെ സാമൂഹ്യസേവനത്തിനിറങ്ങുന്നവനെ നാം നല്ല വനെന്ന് വിളിക്കുമോ? സ്രഷ്ടാവായ തമ്പുരാനോടുള്ള ബാധ്യത നിർവഹിക്കാതെ മറ്റ് ബാധ്യതകൾ നിർവഹിക്കുന്നതുകൊണ്ട് അല്ലാ ഹുവിങ്കൽ യാതൊരു ഫലവുമില്ലെന്നും അവരുടെ സൽകർമങ്ങ ളെല്ലാം നിഷ്ഫലമായിത്തീരുമെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്:

قُلْ أَفَغَيْرَ ٱللَّهِ تَأْمُرُوٓنِّىٓ أَعْبُدُ أَيُّهَا ٱلْجَـٰهِلُونَ • وَلَقَدْ أُوحِىَ إِلَيْكَ
وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ
ٱلْخَـٰسِرِينَ • بَلِ ٱللَّهَ فَٱعْبُدْ وَكُن مِّنَ ٱلشَّـٰكِرِينَ

"(നബിയേ,) പറയുക: ഹേ; വിവരംകെട്ടവരേ, അപ്പോൾ അല്ലാഹു അല്ലാത്തവരെ ഞാൻ ആരാധിക്കണമെന്നാണോ നിങ്ങൾ എന്നോട് കൽപിക്കുന്നത്? തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: '(അല്ലാഹുവിന്) നീ പങ്കാളി



യെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായി പ്പോവുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുക യും ചെയ്യും'. അല്ല, അല്ലാഹുവെതന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക" (39:64-66).

ദൈവാനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും നീതിയുടെ യുമെല്ലാം പൂർണപ്രകാശനം നടക്കുക പരലോകത്തുവെച്ചാണ്. ഭൂമി യിൽവെച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പൂർണമായി അനുഭവി ക്കുകയും അവന്ന് മാത്രം അവകാശപ്പെട്ട ആരാധനകൾ മറ്റുള്ളവർ ക്ക് സമർപ്പിക്കുകയും ചെയ്തവൻ നന്ദികെട്ടവനാണ്. ഇഹലോക ത്ത് വെച്ച് ദൈവികവിധിവിലക്കുകൾ പാലിച്ചുകൊണ്ട് ജീവിച്ചവരെ ആദരിക്കുകയും അവർക്ക് സ്വർഗത്തിൽ പ്രവേശനം നൽകുകയും ചെയ്തതുപോലെ തന്നെ അല്ലാഹുവിൽ പങ്കുചേർക്കുക വഴി കൃത ഘ്നതയുടെ പാരമ്യത്തിൽ വിഹരിച്ചവർക്ക് നരകശിക്ഷ നൽകുന്ന തും ദൈവികനീതിയുടെ ഭാഗമാണ്; പ്രസ്തുത നീതിയാകട്ടെ ദൈ വികമായ കാരുണ്യ പ്രകടനത്തിന്റെ സ്വാഭാവിക ഉൽപന്നമാണ്. അല്ലാഹുവിൽ പങ്കുചേർക്കുന്നവർക്ക് സ്വർഗത്തിൽ പ്രവേശനം നിഷേധിക്കപ്പെടുന്നതും നരകത്തിൽ ശാശ്വത ശിക്ഷക്ക് പാത്രീഭൂത മാകുന്നതുമെല്ലാം അവർ അത് അർഹിക്കുന്നതുകൊണ്ടാണ്. ദൈ വാനുഗ്രഹങ്ങൾ അനുഭവിക്കുകയും അവനിൽ പങ്കുചേർക്കുകയും ചെയ്യുകയെന്നത് അത്രയ്ക്കും വലിയ പാപമാണെന്നർഥം.

وَٱلَّذِينَ كَفَرُواْ وَكَذَّبُواْ بِـَٔايَـٰتِنَآ أُوْلَـٰٓئِكَ أَصْحَـٰبُ ٱلنَّارِ ۖ هُمْ فِيهَا
خَـٰلِدُونَ

"അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളു കയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവര തിൽ നിത്യവാസികളായിരിക്കും" (2:39).

وَٱمْتَـٰزُواْ ٱلْيَوْمَ أَيُّهَا ٱلْمُجْرِمُونَ • أَلَمْ أَعْهَدْ إِلَيْكُمْ يَـٰبَنِىٓ ءَادَمَ
أَن لَّا تَعْبُدُواْ ٱلشَّيْطَـٰنَ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ • وَأَنِ ٱعْبُدُونِى ۚ
هَـٰذَا صِرَٰطٌ مُّسْتَقِيمٌ • وَلَقَدْ أَضَلَّ مِنكُمْ جِبِلًّا كَثِيرًا ۖ أَفَلَمْ

تَكُونُواْ تَعْقِلُونَ ● هَٰذِهِۦ جَهَنَّمُ ٱلَّتِى كُنتُمْ تُوعَدُونَ ● ٱصْلَوْهَا
ٱلْيَوْمَ بِمَا كُنتُمْ تَكْفُرُونَ ● ٱلْيَوْمَ نَخْتِمُ عَلَىٰٓ أَفْوَٰهِهِمْ وَتُكَلِّمُنَآ
أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم بِمَا كَانُواْ يَكْسِبُونَ

“കുറ്റവാളികളേ, ഇന്ന് നിങ്ങൾ വേറിട്ടു നിൽക്കുക'(എന്ന് അവിടെവെച്ച് പ്രഖ്യാപിക്കപ്പെടും). ആദം സന്തതികളേ, നിങ്ങൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു. നിങ്ങൾ എന്നെ ആരാധിക്കുവിൻ. ഇതാണ് നേരായ മാർഗമെന്ന് ഞാൻ നിങ്ങളോട് അനുശാസിച്ചിട്ടില്ലേ? തീർച്ചയായും നിങ്ങളുടെ കൂട്ടത്തിൽ നിന്ന് അനേകം സംഘങ്ങളെ അവൻ (പിശാച്) പിഴപ്പിച്ചിട്ടുണ്ട്. എന്നിട്ടും നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നവരായില്ലേ? ഇതാ, നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെടുന്ന നരകം! നിങ്ങൾ അവിശ്വസിച്ചിരുന്നതിൻെറ ഫലമായി അതിൽ കടന്നു എരിഞ്ഞുകൊള്ളുക. അന്നു നാം അവരുടെ വായകൾക്കു മുദ്രവെക്കുന്നതും, അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും, അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്” (36:59–65).

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِـَٔايَٰتِهِۦٓ ۗ إِنَّهُۥ لَا
يُفْلِحُ ٱلظَّٰلِمُونَ ● وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوٓاْ
أَيْنَ شُرَكَآؤُكُمُ ٱلَّذِينَ كُنتُمْ تَزْعُمُونَ ● ثُمَّ لَمْ تَكُن فِتْنَتُهُمْ إِلَّآ أَن
قَالُواْ وَٱللَّهِ رَبِّنَا مَا كُنَّا مُشْرِكِينَ ● ٱنظُرْ كَيْفَ كَذَبُواْ عَلَىٰٓ أَنفُسِهِمْ ۚ
وَضَلَّ عَنْهُم مَّا كَانُواْ يَفْتَرُونَ ● وَمِنْهُم مَّن يَسْتَمِعُ إِلَيْكَ ۖ وَجَعَلْنَا
عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِىٓ ءَاذَانِهِمْ وَقْرًا ۚ وَإِن يَرَوْاْ كُلَّ ءَايَةٍ
لَّا يُؤْمِنُواْ بِهَا ۚ حَتَّىٰٓ إِذَا جَآءُوكَ يُجَٰدِلُونَكَ يَقُولُ ٱلَّذِينَ كَفَرُوٓاْ إِنْ
هَٰذَآ إِلَّآ أَسَٰطِيرُ ٱلْأَوَّلِينَ ● وَهُمْ يَنْهَوْنَ عَنْهُ وَيَنْـَٔوْنَ عَنْهُ ۖ وَإِن



يُهْلِكُونَ إِلَّآ أَنفُسَهُمْ وَمَا يَشْعُرُونَ ● وَلَوْ تَرَىٰٓ إِذْ وُقِفُواْ عَلَى ٱلنَّارِ
فَقَالُواْ يَٰلَيْتَنَا نُرَدُّ وَلَا نُكَذِّبَ بِـَٔايَٰتِ رَبِّنَا وَنَكُونَ مِنَ ٱلْمُؤْمِنِينَ

“അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ അവൻെറ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയോ ചെയ്തവനേക്കാൾ കടുത്ത അക്രമി ആരുണ്ട്? അക്രമികൾ വിജയം വരിക്കുകയില്ല; തീർച്ച. നാം അവരെ മുഴുവൻ ഒരുമിച്ചുകൂട്ടുകയും, പിന്നീട് ബഹുദൈവാരാധകരോട് നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്ന നിങ്ങളുടെ വകയായുള്ള ആ പങ്കാളികൾ എവിടെയെന്ന് നാം ചോദിക്കുകയും ചെയ്യുന്ന ദിവസം (ഓർക്കുക.) അനന്തരം, അവരുടെ ഗതികേട് ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ തന്നെയാണെ സത്യം, ഞങ്ങൾ പങ്കുചേർക്കുന്നവരായിരുന്നില്ല എന്ന് പറയുന്നതല്ലാതെ മറ്റൊന്നുമായിരിക്കില്ല. നോക്കൂ; അവർ സ്വന്തം പേരിൽതന്നെ എങ്ങനെ കള്ളം പറഞ്ഞുവെന്ന്. അവർ എന്തൊന്നു കെട്ടിച്ചമച്ചിരുന്നുവോ അതവർക്ക് ഉപകരിക്കാതെ പോയിരിക്കുന്നു. നീ പറയുന്നത് ശ്രദ്ധിച്ചുകേൾക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. എന്നാൽ അവർ അത് ഗ്രഹിക്കാത്തവിധം അവരുടെ ഹൃദയങ്ങളിന്മേൽ നാം മൂടികളിടുകയും അവരുടെ കാതുകളിൽ അടപ്പുവെക്കുകയും ചെയ്തിരിക്കുന്നു. എന്തെല്ലാം ദൃഷ്ടാന്തങ്ങൾ കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ല. അങ്ങനെ അവർ നിൻെറ അടുക്കൽ നിന്നോട് തർക്കിക്കുവാനായി വന്നാൽ ആ സത്യനിഷേധികൾ പറയും; ഇത് പൂർവികന്മാരുടെ കെട്ടുകഥകളല്ലാതെ മറ്റൊന്നുമല്ലാ എന്ന്. അവർ അതിൽനിന്ന് മറ്റുള്ളവരെ തടയുകയും, അതിൽനിന്ന് (സ്വയം) അകന്നുനിൽക്കുകയും ചെയ്യുന്നു. (വാസ്തവത്തിൽ) അവർ സ്വദേഹങ്ങൾക്കുതന്നെ നാശമുണ്ടാക്കുക മാത്രമാണ് ചെയ്യുന്നത്. അവർ (അതിനെപ്പറ്റി) ബോധവാന്മാരാകുന്നില്ല. അവർ നരകത്തിങ്കൽ നിർത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! അപ്പോൾ അവർ പറയും: ഞങ്ങൾ (ഇഹലോകത്തേക്ക്) ഒന്നു തിരിച്ചയക്കപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. എങ്കിൽ ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയാതിരിക്കുകയും, ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാവുകയും ചെയ്യുമായിരുന്നു” (6:21–27).

അല്ലാഹുവിൽ പങ്കുചേർക്കുന്നവർക്കു നൽകുന്ന ശിക്ഷ ദൈവി

കനീതിയുടെ ഭാഗമാണെന്നും അന്യായമല്ലെന്നും ഖുർആൻ പ്രഖ്യാപിക്കുന്നു.

لَّقَدْ سَمِعَ ٱللَّهُ قَوْلَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ فَقِيرٌ وَنَحْنُ أَغْنِيَآءُ ۘ
سَنَكْتُبُ مَا قَالُوا۟ وَقَتْلَهُمُ ٱلْأَنۢبِيَآءَ بِغَيْرِ حَقٍّ وَنَقُولُ ذُوقُوا۟ عَذَابَ
ٱلْحَرِيقِ ● ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ ٱللَّهَ لَيْسَ بِظَلَّامٍ لِّلْعَبِيدِ

"അല്ലാഹു ദരിദ്രനും നമ്മൾ ധനികരുമാണ് എന്ന് പറഞ്ഞവരുടെ വാക്ക് അല്ലാഹു തീർച്ചയായും കേട്ടിട്ടുണ്ട്. അവർ ആ പറഞ്ഞതും അവർ പ്രവാചകന്മാരെ അന്യായമായി കൊലപ്പെടുത്തിയതും നാം രേഖപ്പെടുത്തി വെക്കുന്നതുമാണ്. കത്തിയെരിയുന്ന നരകശിക്ഷ ആസ്വദിച്ചുകൊള്ളുക എന്ന് നാം (അവരോട്) പറയുകയും ചെയ്യും. നിങ്ങളുടെ കൈകൾ മുൻകൂട്ടി ചെയ്തുവെച്ചതുകൊണ്ടും അല്ലാഹു അടിമകളോട് അനീതി കാണിക്കുന്നവനല്ല എന്നതുകൊണ്ടുമാണ് അത്" (3:181, 182).

വ്യത്യസ്ത സമൂഹങ്ങളിൽ ആരാധിക്കപ്പെട്ടത് വ്യത്യസ്ത വസ്തുക്കളായിരുന്നു. വിഗ്രഹങ്ങളും ശവകുടീരങ്ങളും മൃഗങ്ങളും പക്ഷികളും സസ്യലതാദികളും മാലാഖമാരും പിശാചുക്കളും പ്രവാചകന്മാരും പുണ്യപുരുഷന്മാരുമെല്ലാം ഇന്നും ആരാധിക്കപ്പെടുന്ന വസ്തുക്കളാണ്. ഇങ്ങനെ ആരാധിക്കപ്പെട്ടവരെല്ലാം അന്ത്യനാളിൽ ആരാധ്യരെ നിഷേധിക്കുമെന്നും ആരാധിക്കപ്പെട്ടവരിൽ പലരും സ്വർഗത്തിലേക്ക് പോകുമ്പോൾ അവരെ ആരാധിച്ചുകൊണ്ട് വഴിപിഴച്ചവർ നരകത്തിലേക്ക് നയിക്കപ്പെടുമെന്നുമാണ് ഖുർആൻ നൽകുന്ന മുന്നറിയിപ്പ്:

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا۟ مَكَانَكُمْ أَنتُمْ
وَشُرَكَآؤُكُمْ ۚ فَزَيَّلْنَا بَيْنَهُمْ ۖ وَقَالَ شُرَكَآؤُهُم مَّا كُنتُمْ إِيَّانَا تَعْبُدُونَ

"അവരെയെല്ലാം നാം ഒരുമിച്ചുകൂട്ടുകയും, എന്നിട്ട് ബഹുദൈവവിശ്വാസികളോട് 'നിങ്ങളും നിങ്ങൾ പങ്കാളികളായി ചേർത്തവരും' അവിടത്തന്നെ നിൽക്കൂ'. എന്നു നാം പറയുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രേ.) അനന്തരം നാം അവരെ തമ്മിൽ വേർപെടുത്തും.



അവർ പങ്കാളികളായി ചേർത്തവർ പറയും: നിങ്ങൾ ഞങ്ങളെയല്ല ആരാധിച്ചിരുന്നത്" (10:28).

وَيَوْمَ يُنَادِيهِمْ فَيَقُولُ أَيْنَ شُرَكَآءِىَ ٱلَّذِينَ كُنتُمْ تَزْعُمُونَ ●
قَالَ ٱلَّذِينَ حَقَّ عَلَيْهِمُ ٱلْقَوْلُ رَبَّنَا هَٰٓؤُلَآءِ ٱلَّذِينَ أَغْوَيْنَآ أَغْوَيْنَٰهُمْ
كَمَا غَوَيْنَا ۖ تَبَرَّأْنَآ إِلَيْكَ ۖ مَا كَانُوٓا۟ إِيَّانَا يَعْبُدُونَ ● وَقِيلَ
ٱدْعُوا۟ شُرَكَآءَكُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا۟ لَهُمْ وَرَأَوُا۟ ٱلْعَذَابَ ۚ لَوْ
أَنَّهُمْ كَانُوا۟ يَهْتَدُونَ

"അവൻ (അല്ലാഹു) അവരെ വിളിക്കുകയും, 'എന്റെ പങ്കുകാർ എന്ന് നിങ്ങൾ ജൽപിച്ചിരുന്നവർ എവിടെ?' എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ.) (ശിക്ഷയെപ്പറ്റിയുള്ള) വാക്ക് ആരുടെമേൽ സ്ഥിരപ്പെട്ടിരിക്കുന്നുവോ അവർ (അന്ന്) ഇപ്രകാരം പറയുന്നതാണ്: ഞങ്ങളുടെ രക്ഷിതാവേ, ഇവരെയാണ് ഞങ്ങൾ വഴിപിഴപ്പിച്ചത്. ഞങ്ങൾ വഴിപിഴച്ചതുപോലെ ഞങ്ങൾ അവരെയും വഴിപിഴപ്പിച്ചതാണ്. ഞങ്ങൾ നിന്റെ മുമ്പാകെ ഉത്തരവാദിത്തം ഒഴിഞ്ഞിരിക്കുന്നു. ഞങ്ങളെയല്ല അവർ ആരാധിച്ചിരുന്നത്. നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കൂ എന്ന് (ബഹുദൈവവാദികളോട്) പറയപ്പെടും. അപ്പോൾ ഇവർ അവരെ വിളിക്കും. എന്നാൽ അവർ (പങ്കാളികൾ) ഇവർക്കു ഉത്തരം നൽകുന്നതല്ല. ശിക്ഷ ഇവർ നേരിൽ കാണുകയും ചെയ്യും. ഇവർ സന്മാർഗം പ്രാപിച്ചിരുന്നെങ്കിൽ!" (28: 62-64).

قُلْ أَرَءَيْتُم مَّا تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ
ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَٰوَٰتِ ۖ ٱئْتُونِى بِكِتَٰبٍ مِّن قَبْلِ هَٰذَآ
أَوْ أَثَٰرَةٍ مِّنْ عِلْمٍ إِن كُنتُمْ صَٰدِقِينَ ● وَمَنْ أَضَلُّ مِمَّن
يَدْعُوا۟ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَٰمَةِ وَهُمْ عَن
دُعَآئِهِمْ غَٰفِلُونَ ● وَإِذَا حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً وَكَانُوا۟

بِعِبَادَتِهِمۡ كَٰفِرِينَ

"(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിനമുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ അറിവിൻെറ വല്ല അംശമോ എനിക്കു കൊണ്ടുവന്നുതരുവിൻ. അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിൻെറ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചു കൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായി തീരുകയും ചെയ്യും" (46:4-6).

ബഹുദൈവാരാധനയെന്ന മഹാപാപത്തിലേക്ക് മനുഷ്യരെ നയിച്ചുകൊണ്ടുപോകുകയും നന്ദികേടിൻെറ വ്യത്യസ്ത രംഗങ്ങളിലേക്ക് അവരെ പ്രലോഭിപ്പിക്കുകയും ചെയ്ത പിശാചും ബഹുദൈവാരാധകരെ പരലോകത്തുവെച്ച് കൈവെടിയും. അവർ നരകത്തിലെത്തിയതിന് പിശാചിനെ കുറ്റംപറയേറ്റണ്ടതില്ലെന്ന് അവൻ കൈകഴുകുമെന്നാണ് ഖുർആൻ നമ്മെ തെര്യപ്പെടുത്തുന്നത്:

وَقَالَ ٱلشَّيۡطَٰنُ لَمَّا قُضِيَ ٱلۡأَمۡرُ إِنَّ ٱللَّهَ وَعَدَكُمۡ وَعۡدَ ٱلۡحَقِّ
وَوَعَدتُّكُمۡ فَأَخۡلَفۡتُكُمۡۖ وَمَا كَانَ لِيَ عَلَيۡكُم مِّن سُلۡطَٰنٍ إِلَّآ أَن
دَعَوۡتُكُمۡ فَٱسۡتَجَبۡتُمۡ لِيۖ فَلَا تَلُومُونِي وَلُومُوٓاْ أَنفُسَكُمۖ مَّآ أَنَا۠
بِمُصۡرِخِكُمۡ وَمَآ أَنتُم بِمُصۡرِخِيَّۖ إِنِّي كَفَرۡتُ بِمَآ
أَشۡرَكۡتُمُونِ مِن قَبۡلُۗ إِنَّ ٱلظَّٰلِمِينَ لَهُمۡ عَذَابٌ أَلِيمٞ

"കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞാൽ പിശാച് പറയുന്നതാണ്: തീർച്ചയായും അല്ലാഹു നിങ്ങളോട് ഒരു വാഗ്ദാനംചെയ്തു. സത്യ



വാഗ്ദാനം. ഞാനും നിങ്ങളോട് വാഗ്ദാനംചെയ്തു. എന്നാൽ, നിങ്ങളോട് (ഞാൻ ചെയ്ത വാഗ്ദാനം) ഞാൻ ലംഘിച്ചു. എനിക്ക് നിങ്ങളുടെമേൽ യാതൊരധികാരവും ഉണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ ക്ഷണിച്ചു. അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകിയെന്ന് മാത്രം. ആകയാൽ, നിങ്ങളെന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തുക. എനിക്ക് നിങ്ങളെ സഹായിക്കാനാവില്ല. നിങ്ങൾക്ക് എന്നെയും സഹായിക്കാനാവില്ല. മുമ്പ് നിങ്ങൾ എന്നെ പങ്കാളിയാക്കിയിരുന്നതിനെ ഞാനിതാ നിഷേധിച്ചിരിക്കുന്നു. തീർച്ചയായും അക്രമകാരികളാരോ അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്" (14:22).

ഒരാൾ മുസ്‌ലിമാകുമ്പോൾ ഒന്നാമത്തെ കലിമയിലൂടെ പ്രതിജ്ഞ ചെയ്യുന്നത് 'അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്നാണ്. അഥവാ കലിമ ചൊല്ലിയ ശേഷമുള്ള ജീവിതം ഏകദൈവാരാധനയിൽ അധിഷ്ഠിതമായിരിക്കുമെന്നും പ്രസ്തുത പ്രതിജ്ഞയുടെ സാക്ഷ്യമായിരിക്കുമെന്നും സാരം. ഈ പ്രതിജ്ഞ ചെയ്തവൻ പിന്നെ സർവശക്തനായ സ്രഷ്ടാവിനോട് മാത്രമേ പ്രാർഥിക്കുകയുള്ളൂ. വിഗ്രഹങ്ങളും ശവകുടീരങ്ങളും വ്യാജദൈവങ്ങളും മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും പുണ്യവാളന്മാരുമൊന്നും ആരാധ്യരല്ലെന്ന് സ്വജീവിതത്തിലൂടെ സാക്ഷ്യം വഹിക്കുന്നവനായി അവർ മാറുന്നു. അവൻ അല്ലാഹുവോടു മാത്രം സഹായാഭ്യർഥന നടത്തുന്നവനും അവൻെറ മുമ്പിൽ മാത്രം ശിരസ്സു നമിക്കുന്നവനുമായി മാറുന്നതോടെ ധൈര്യശാലിയും വിനയാന്വിതനുമായിത്തീരുന്നു; മറ്റു സൃഷ്ടികളെ ആരാധിക്കുന്ന അധമത്വത്തിൽ നിന്ന് അവൻ മോചിതനാവുന്നതോടെ സൃഷ്ടികളിൽ ഏറ്റവും ഉദാത്തനായ മനുഷ്യൻെറ ഉജ്ജ്വലമായ ഭാവം കൈവരിക്കുന്നു. അവൻ ഒരു മുസ്‌ലിമായി മാറുന്നു.

ബഹുദൈവാരാധകർ തങ്ങളുടെ ചെയ്തികളെ ന്യായീകരിക്കാനായി നിരത്തുന്ന നിരവധി കാര്യങ്ങളുണ്ട്. വിഗ്രഹങ്ങളും ശവകുടീരങ്ങളുമൊന്നും അവയുടെ സ്വന്തം നിലയ്ക്ക് ആരാധ്യരല്ലെന്നും എന്നാൽ, അവയെ വന്ദിക്കുന്നതും അവയുടെ മുമ്പിൽ നമ്രശിരസ്കരാവുന്നതുമെല്ലാം അവയ്ക്കു പിന്നിലുള്ള പുണ്യപുരുഷന്മാരെ ആദരിക്കുവാൻ വേണ്ടിയാണെന്നും പ്രസ്തുത ആദരവ് മൂലം സർവലോക സ്രഷ്ടാവിനും ആരാധിക്കുന്നവനും മധ്യേയുള്ള ഒരു ഇടയാളനാ

യി പ്രസ്തുത പുണ്യപുരുഷൻ മാറുമെന്നുമാണ് ഒരു വാദം. ഈ വാദത്തിൽ യാതൊരു കഴമ്പുമില്ല. നമുക്കാവശ്യമായ അനുഗ്രഹങ്ങളെല്ലാം നൽകുകയും നമ്മെക്കുറിച്ച് കൃത്യവും സൂക്ഷ്മവുമായി അറിയുകയും ചെയ്യുന്ന അല്ലാഹുവിലേക്ക് ഒരു മധ്യവർത്തിയുടെയോ ശുപാർശകൻെറയോ ആവശ്യമില്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അറിവുകൊണ്ടും കഴിവുകൊണ്ടും മറ്റാരേക്കാളും നമ്മോട് സമീപസ്ഥനായ അല്ലാഹുവിനോട് ചോദിക്കുവാൻ എന്തിനാണൊരു മധ്യവർത്തി?

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ ۚ قُلْ أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ

"അല്ലാവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിൻെറ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ല കാര്യവും നിങ്ങളവന്ന് അറിയിച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു" (10:18).

മനുഷ്യമനസ്സുകളുടെ അകത്തളങ്ങളിൽ രൂപമെടുക്കുന്ന വികാരവിചാരങ്ങളുടെ ആന്തോളനങ്ങളെക്കുറിച്ച് വ്യക്തമായി അറിയാവുന്ന സ്രഷ്ടാവിലേക്ക് ഒരു ഇടനിലക്കാരൻെറ ആവശ്യമുണ്ടെന്ന വാദം ഇസ്ലാം അംഗീകരിക്കുന്നില്ല. അവൻ നമ്മുടെ സമീപസ്ഥനാണെന്നും അവനോടുമാത്രമാണ് പ്രാർഥനകൾ അർപ്പിക്കേണ്ടതെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ



"നിന്നോടു എൻെറ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എൻെറ ആഹ്വാനം അവൻ സ്വീകരിക്കുകയും എന്നിലവർ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ നേർവഴി പ്രാപിക്കാൻ വേണ്ടിയാണിത്" (2:186).

ആരാധിക്കപ്പെടുന്നത് പുണ്യപുരുഷനായിരുന്നാലും നീചനായിരുന്നാലും മാലാഖയായിരുന്നാലും പിശാചായിരുന്നാലുമെല്ലാം അതിൻെറ ഫലം ഒന്നുതന്നെയാണ്. പുണ്യവാന്മാരെ ആരാധിക്കാമെന്നും സാധാരണക്കാരെയാണ് ആരാധിക്കാൻ പാടില്ലാത്തതെന്നും പറയാൻ കഴിയുന്നതെങ്ങനെ? അല്ലാഹുവല്ലാത്തവരോടുള്ള ആരാധന അവനിൽ പങ്കുചേർക്കലാണെങ്കിൽ ആരും അവനിൽ പങ്കുചേർക്കപ്പെട്ടുകൂടല്ലോ. ആരാധനകൾ അർഹിക്കുന്നവൻ അല്ലാഹുവാണ്; കാരണം അവന്ന് മാത്രമേ പ്രാർഥനകൾക്ക് ഉത്തരം നൽകാനാവൂ. അവനല്ലാത്തവരോടുള്ള പ്രാർഥനകളെല്ലാം വ്യർഥമാണ്. പ്രാർഥിക്കുന്നവന് ആത്യന്തികമായി ഗുണമായി ഭവിക്കുകയെന്താണെന്നും ദോഷമായിത്തീരുകയെന്താണെന്നും അവർക്കൊന്നും സൂക്ഷ്മമായി അറിയാനാവില്ല. അതുകൊണ്ടുതന്നെ അവരൊന്നുംതന്നെ അന്ത്യനാളുവരെ പ്രാർഥനകൾക്ക് ഉത്തരം നൽകുകയുമില്ല. ഖുർആൻ പറയുന്നതെത്രെ ശരി!

لَهُۥ دَعْوَةُ ٱلْحَقِّ ۖ وَٱلَّذِينَ يَدْعُونَ مِن دُونِهِۦ لَا يَسْتَجِيبُونَ لَهُم بِشَىْءٍ إِلَّا كَبَٰسِطِ كَفَّيْهِ إِلَى ٱلْمَآءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَٰلِغِهِۦ ۚ وَمَا دُعَآءُ ٱلْكَٰفِرِينَ إِلَّا فِى ضَلَٰلٍ

"അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തൻെറ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തൻെറ ഇരുകൈകളും അതിൻെറ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽതന്നെയാകുന്നു" (13:14).

പുണ്യപുരുഷന്മാരെയും ആൾദൈവങ്ങളെയുമെല്ലാം ആരാധിക്കുന്നവർ പ്രസ്തുത ആരാധനമൂലം തങ്ങൾക്ക് ഗുണം ലഭിക്കുന്നുണ്ടെന്ന് അവകാശപ്പെടാറുണ്ട്. ആത്യന്തികമായി മനുഷ്യർക്ക് ഗുണം ചെയ്യാൻ അല്ലാഹുവിന് മാത്രമേ കഴിയൂ. നാം പരസ്പരം ചെയ്യുന്ന ഉപകാരങ്ങളെല്ലാംതന്നെ അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹത്തിൽനിന്നുള്ള പരസ്പര സഹായം മാത്രമാണ്. അല്ലാഹു ഉപകാരം ചെയ്യാനുദ്ദേശിച്ചവനിൽനിന്ന് അത് നീക്കിക്കളയുവാനോ ഉദ്ദേശിക്കാത്തവന് അത് നൽകുവാനോ ആർക്കും കഴിയില്ല. ഓരോരുത്തർക്കും എന്തെല്ലാമാണ് ഗുണകരമായി ഭവിക്കുകയെന്നും ദോഷകരമായി ത്തീരുകയെന്നുമെല്ലാം കൃത്യവും സൂക്ഷ്മവുമായി അറിയുന്നവനും അല്ലാഹു മാത്രമാണ്. അതുകൊണ്ടുതന്നെ ഉപകാരത്തിനും ഉപദ്രവങ്ങൾ നീങ്ങിപ്പോകുവാനുമെല്ലാം നാം പ്രാർഥിക്കേണ്ടത് അവനോട് മാത്രമാണ്. കാര്യകാരണബന്ധങ്ങൾക്കതീതമായ രീതിയിലുള്ള ഉപകാരമോ ഉപദ്രവമോ ചെയ്യാൻ അവർക്കാർക്കുംതന്നെ കഴിയില്ല. ഖുർആൻ പറയുന്നത് കാണുക:

وَلَا تَدْعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ ۖ فَإِن فَعَلْتَ فَإِنَّكَ
إِذًا مِّنَ ٱلظَّٰلِمِينَ ● وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا
هُوَ ۖ وَإِن يُرِدْكَ بِخَيْرٍ فَلَا رَآدَّ لِفَضْلِهِۦ ۚ يُصِيبُ بِهِۦ مَن يَشَآءُ مِنْ
عِبَادِهِۦ ۚ وَهُوَ ٱلْغَفُورُ ٱلرَّحِيمُ

"അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്നപക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവൻെറ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തൻെറ ദാസന്മാരിൽനിന്ന് താൻ ഇച്ഛരിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (10:106,107).

قُلِ ٱدْعُواْ ٱلَّذِينَ زَعَمْتُم مِّن دُونِهِۦ فَلَا يَمْلِكُونَ كَشْفَ ٱلضُّرِّ



عَنكُمْ وَلَا تَحْوِيلًا

"(നബിയേ), പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ചുപോന്നവരെ നിങ്ങൾ വിളിച്ചുനോക്കു. നിങ്ങളിൽനിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല" (17:56).

മരണപ്പെട്ടുപോയവരെ ആരാധിക്കുന്നവർ അവർ യഥാർഥത്തിൽ മരിച്ചിട്ടില്ലെന്നും ജീവിച്ചിരിക്കുന്നവർ സഹായിക്കുന്നതുപോലെ നമ്മെ സഹായിക്കാൻ അവർക്കു കഴിയുമെന്നും വാദിക്കാറുണ്ട്. മരണപ്പെട്ടവർ മരണപ്പെട്ടവർതന്നെയാണ്. ജീവിച്ചിരിക്കുന്നവർ ചെയ്യുന്നതുപോലെയുള്ള പരസ്പര സഹായങ്ങൾ ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്ക് സഹായിക്കാനാകുമെന്ന് കരുതുകയാണെങ്കിൽ അവർ ചെയ്യുന്നത് അഭൗതികമായ രീതിയിൽ, കാര്യകാരണബന്ധങ്ങൾക്ക് അതീതമായ രീതിയിലുള്ള സഹായമായിരിക്കണം. അങ്ങനെ സഹായിക്കുവാൻ അല്ലാഹുവിന്നല്ലാതെ മറ്റാർക്കും കഴിയില്ല. മരണപ്പെട്ടവരാകട്ടെ, സ്വന്തം ഉയിർത്തെഴുന്നേൽപിൻെറ നാൾ എന്നാണെന്നുവരെ അറിയാനാവാത്തവരാണ്. പിന്നെയെങ്ങനെ പ്രാർഥിക്കുന്നവൻെറ മനസ്സറിയാൻ അവർക്ക് കഴിയും? ഖുർആനിൻെറ ഉൽബോധനം ശ്രദ്ധിക്കുക:

وَٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ لَا يَخْلُقُونَ شَيْـًٔا وَهُمْ يُخْلَقُونَ
● أَمْوَٰتٌ غَيْرُ أَحْيَآءٍ ۖ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ

"അല്ലാഹുവിന് പുറമെ അവർ ആരെയൊക്കെ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്. അവർ (പ്രാർഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏതു സമയത്താണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല"(16:20-21).

സ്രഷ്ടാവായ തമ്പുരാനിലേക്ക് തങ്ങളെ അടുപ്പിക്കുന്നതിന്നായാണ് പുണ്യപുരുഷന്മാരോട് പ്രാർഥിക്കുന്നതെന്നാണ് മറ്റൊരു വാദം. നിഷ്കളങ്കമായ വിശ്വാസവും പരലോകബോധത്തിലധിഷ്ഠിതമായ കർമങ്ങളും കൊണ്ടാണ് ഓരോരുത്തരും അല്ലാഹുവിലേക്ക് അടുക്കേണ്ടത്. പുണ്യപുരുഷന്മാരെല്ലാം അങ്ങനെ അല്ലാഹുവി

ലേക്ക് അടുത്തവരാണ്. അവൻെറ സാമീപ്യത്തിനുവേണ്ടി അവരെല്ലാം പ്രാർഥിച്ചത് സർവലോകരക്ഷിതാവിനോടാണ്. അതേപോലെ അവനോട് പ്രാർഥിക്കുകയും അവൻ പഠിപ്പിച്ച പാത പിൻപറ്റുകയും ചെയ്തുകൊണ്ടാണ് ഓരോരുത്തരും അല്ലാഹുവിലേക്ക് അടുക്കേണ്ടത്; അല്ലാതെ മധ്യവർത്തികളെ വെച്ചുകൊണ്ടല്ല.

أُوْلَٰٓئِكَ ٱلَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ ٱلْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُۥ وَيَخَافُونَ عَذَابَهُۥٓ ۚ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا

"അവർ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപന മാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തോടുന്നു) അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിന്റെ രക്ഷിതാവിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു" (17:57).

നമ്മുടെ മനസ്സിന് ഉൾക്കൊള്ളാൻ പ്രയാസകരമായ സ്രഷ്ടാവിൻെറ സത്തയെ പൂജിക്കുമ്പോൾ മനസ്സിൻെറ കേന്ദ്രീകരണത്തിനു വേണ്ടിമാത്രമായിട്ടാണ് വിഗ്രഹങ്ങൾ ഉപയോഗിക്കുന്നതെന്നും വാദിക്കപ്പെടാറുണ്ട്. ഇതിൽ കഴമ്പില്ല. ആരാധിക്കപ്പെടുന്ന വസ്തുവിൻെറ സത്തയുടെ ചിത്രം മനസ്സിൽ ധ്യാനിച്ചെങ്കിൽ മാത്രമേ ആരാധന പൂർണമാകൂ എന്ന് പറയുന്നതിൽ അർഥമില്ല. ചിത്രമല്ല, ശക്തിയെ സംബന്ധിച്ച ബോധമാണ് ആരാധിക്കുന്നവൻെറ മനസ്സിൽ പതിയേണ്ടത്. ആരാധിക്കപ്പെടുന്നവൻെറ സത്തയെ സംബന്ധിച്ച ബോധമുണ്ടാക്കുകയല്ല ആരാധന; പ്രത്യുത അവൻെറ ശക്തിയുപയോഗിച്ച് സഹായിക്കണമേ എന്ന അർഥനയാണത്. അതുകൊണ്ടുതന്നെ ആരാധ്യൻെറ സത്തയുടെ ചിത്രം മനസ്സിൽ ധ്യാനിക്കുന്നതിനു പകരം ശക്തിയെക്കുറിച്ച പൂർണബോധ്യം ഉണ്ടാക്കുകയാണ് ആരാധിക്കുന്നവൻ ചെയ്യേണ്ടത്. മാത്രമവുമല്ല, വിഗ്രഹാരാധന നടത്തുന്നവരുടെ മനസ്സിൽ ദൈവമായി കുടിയിരുത്തപ്പെടുന്നത് പ്രസ്തുത വിഗ്രഹങ്ങളുടെ ചിത്രങ്ങളാണ്. അവയുടെ സ്വഭാവങ്ങളും കഴിവുകളുമാണ് ദൈവത്തിൻെറ കഴിവുകളായി അവർ മനസ്സിലാക്കുന്നത്.



വിഗ്രഹാരാധകരുടെ പ്രാർഥനാഗീതങ്ങളും മറ്റും ദൈവത്തിൻെറ സ്വഭാവങ്ങളായി വാഴ്ത്തപ്പെടുന്നത് പ്രസ്തുത മൂർത്തി പ്രതിനിധാനം ചെയ്യുന്ന വ്യക്തിയുടെ സ്വഭാവങ്ങളാണ്. അതുകൊണ്ടുതന്നെ വിഗ്രഹാരാധനയെ ഏകദൈവാരാധനയുമായി സമരസപ്പെടുത്തുന്നത് യാതൊരു ന്യായീകരണവുമർഹിക്കുന്നില്ല.

ഏകനായ സ്രഷ്ടാവിനെവിട്ട് മറ്റു ആരാധ്യന്മാരെ സ്വീകരിക്കുന്നതു വഴി ഒരാൾ ചെയ്യുന്നത് ഏറ്റവും വലിയ മഹാപാപമാണെന്നും പ്രസ്തുത പാപത്തെ ന്യായീകരിക്കുവാനായി നിരത്തുന്ന കാര്യങ്ങളെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്നും ഈ മഹാപാപം ചെയ്യുക വഴി ദൈവാനുഗ്രഹത്തിൻെറ ഭവനമായ സ്വർഗലോകത്തേക്കുള്ള പ്രവേശനം എന്നെന്നേക്കുമായി നിഷേധിക്കപ്പെടുമെന്നും നാം മനസ്സിലാക്കി. സർവശക്തനെ മാത്രം വിളിച്ചുപ്രാർഥിക്കുകയും അവൻെറ മുന്നിൽ തൻെറ ഹൃദയം തുറന്നുവെക്കുകയും ചെയ്യുന്നവനെ സംബന്ധിച്ചിടത്തോളം അവനും അല്ലാഹുവും തമ്മിലുള്ള ബന്ധം സുദൃഢവും ശക്തവുമായിരിക്കും. അവനിലേക്ക് പിന്നെ തിന്മകൾ കടന്നുവരുവാനുള്ള സാധ്യത തീരെ വിരളമാണ്. മനുഷ്യനെന്ന നിലയിൽ ഏതെങ്കിലുമൊരു ദുർബല നിമിഷത്തിൽ തിന്മ ചെയ്തുപോയാൽതന്നെ അത് തിരിച്ചറിഞ്ഞ ഉടൻ അല്ലാഹുവിനോട് പൊറുക്കലിനെ തേടുവാനും പശ്ചാതപിച്ചു മടങ്ങുവാനും അയാൾ സന്നദ്ധനാകും. സംശുദ്ധമായ ജീവിതമായിരിക്കും ആത്മാർഥതയോടെ അല്ലാഹുവിനെ ആരാധിക്കുന്ന വിശ്വാസി നയിക്കുക.

അതേസമയം സ്രഷ്ടാവിനോടുള്ള ബാധ്യത നിർവഹിക്കുവാൻ സന്നദ്ധരല്ലാത്തവരെ സംബന്ധിച്ചിടത്തോളം അവർക്ക് സൃഷ്ടികളോടുള്ള ബാധ്യത നിർവഹിക്കുന്ന വിഷയത്തിൽ കാര്യമായ ശ്രദ്ധയൊന്നുമുണ്ടായിക്കൊള്ളണമെന്നില്ല. ഇനി അങ്ങനെ ചെയ്യുന്നുവെങ്കിൽതന്നെ അതിനു പിന്നിൽ ഭൗതികമായ സ്വാർഥ താൽപര്യങ്ങളെന്തെങ്കിലുമുണ്ടാകും. അതുകൊണ്ടുതന്നെ സകല തിന്മകളുടെയും മാതാവാണ് ബഹുദൈവാരാധനയെന്ന് പറയാം. അത് പരമകാരുണികനും കരുണാനിധിയുമായ തമ്പുരാനെ മനുഷ്യ മനസ്സിൽനിന്ന് പറിച്ചുനടുകയാണ് ചെയ്യുന്നത്. പിന്നീട് അവിടെ സ്ഥിതി ചെയ്യുക പിശാചായിരിക്കും - സകലപൈശാചിക വൃത്തികളും അവന്ന് നന്മയായി തോന്നുന്ന അവസ്ഥയുണ്ടാകുന്നത് ഹൃദയത്തിൽ പിശാച് കുടിയിരിക്കുന്നതുകൊണ്ടാണ്. സ്രഷ്ടാവായ തമ്പുരാനെ മാത്രം

ആരാധിക്കുക വഴിയാണ് ജീവിതത്തെ വിമലീകരിക്കാനാവുകയെന്ന ഖുർആനികാധ്യാപനത്തിൻെറ സത്യതയാണ് ഇവിടെയെല്ലാം നമുക്ക് ബോധ്യപ്പെടുന്നത്.

يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ٱلَّذِى خَلَقَكُمۡ وَٱلَّذِينَ مِن قَبۡلِكُمۡ
لَعَلَّكُمۡ تَتَّقُونَ

“ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്” (2:21).

17

# തൗഹീദും വിമോചനവും

‘തൗഹീദ്’ എന്ന സാങ്കേതിക ശബ്ദത്തിന് ‘ഒന്നാക്കുക’യെന്നാണർഥം. അല്ലാഹുവിൻെറ ഏകത്വത്തെയും അദ്വിതീയതയെയും കുറിക്കുന്ന പദമാണത്. സ്രഷ്ടാവും സംരക്ഷകനുമായ തമ്പുരാൻ സത്തയിലും ഗുണനാമവിശേഷണങ്ങളിലുമെല്ലാം ഏകനും അദ്വിതീയനുമാണെന്നും അവന്നുമാത്രം അവകാശപ്പെട്ട ആരാധനകൾ മറ്റാർക്കും അർപ്പിച്ചുകൂടെന്നുമുള്ള ഇസ്‌ലാമിക തത്ത്വത്തെയാണ് ‘തൗഹീദ്’ എന്ന ശബ്ദം പ്രതിനിധീകരിക്കുന്നത്.

തൗഹീദിൻെറ നേർവിപരീതമാണ് ശിർക്ക്. അല്ലാഹുവിൻെറ സത്തയിലോ ഗുണവിശേഷണങ്ങളിലോ മറ്റാരെയെങ്കിലും പങ്കുചേർക്കുകയോ ആരാധനകൾ മറ്റാർക്കെങ്കിലും സമർപ്പിക്കുകയോ ചെയ്യുന്നതിന്നാണ് ശിർക്ക് എന്ന് പറയുന്നത്. ഈ പ്രപഞ്ചത്തിൻെറ സൃഷ്ടിസ്ഥിതി സംഹാരങ്ങളിൽ അല്ലാഹുവല്ലാത്ത മറ്റാർക്കെങ്കിലും പങ്കുണ്ടെന്ന വിശ്വാസം ശിർക്കാണ്. ദൈവിക ഏകത്വത്തിൽ ഒന്നിലധികം വ്യക്തികളുണ്ടെന്ന വിശ്വാസവും ഒന്നിലധികം മൂർത്തികളിലായി ഏകദൈവം സ്ഥിതി ചെയ്യുന്നുവെന്ന സങ്കൽപവുമെല്ലാം ശിർക്കുതന്നെ. അല്ലാഹുവിൻെറ ഏതെങ്കിലും ഗുണവിശേഷങ്ങൾ സൃഷ്ടികൾക്കുണ്ടെന്ന് കരുതുന്നതും ശിർക്കായിത്തീരും. അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ആരാധനാവഴിപാടുകൾ സൃഷ്ടികൾക്ക്

സമർപ്പിക്കുന്നതും ശിർക്കാണ്. സകല നന്മകളെയും ധൂളീകരിച്ചുകള യുന്ന മഹാപാപമാണ് ശിർക്ക്. ദൈവികാനുഗ്രഹത്തിന്റെ സ്വർഗ ലോകത്തേക്കുള്ള പ്രവേശനം നിഷിദ്ധമാക്കിക്കളയുന്ന മഹാപാപം!

ഇസ്‌ലാമിന്റെ അടിസ്ഥാനതത്ത്വമാണ് തൗഹീദ്. സകല ഇസ് ലാമിക വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിത ത്തിന്റെ വിവിധ രംഗങ്ങളിൽ പാലിക്കപ്പെടേണ്ട നിയമനിർദേശങ്ങ ളുമെല്ലാം തൗഹീദ് എന്ന അടിത്തറയിന്മേലാണ് സ്ഥാപിക്കപ്പെട്ടിരി ക്കുന്നത്. ഇസ്‌ലാമിന്റെ പ്രപഞ്ചവീക്ഷണവും മാനവസങ്കൽപവും മൂല്യസിദ്ധാന്തങ്ങളുമെല്ലാം നിർധരിക്കപ്പെടുന്നത് തൗഹീദിന്റെ മൂലത്തിൽനിന്നാണ്. തൗഹീദാകുന്ന അടിസ്ഥാന ശിലയെക്കുറിച്ച് ശരിയായ രീതിയിൽ മനസ്സിലാക്കാൻ കഴിഞ്ഞാൽ അയാൾക്ക് ഇസ് ലാമെന്താണെന്ന് മനസ്സിലായി. ഇല്ലെങ്കിലോ അയാൾക്ക് ഇസ്‌ലാം മനസ്സിലാവുകയില്ല; അതിന്റെ കർമകാണ്ഡത്തെയോ മൂല്യസിദ്ധാ ന്തങ്ങളെയോക്കുറിച്ച് മാത്രം മനസ്സിലാക്കിയ ഒരാൾക്ക് ഇസ്‌ലാമി ന്റെ ദാർശനികമായ ഔജ്ജല്യത്തെയോ സൈദ്ധാന്തികമായ അടി ത്തറയെയോകുറിച്ച അവബോധമുണ്ടാവുകയില്ല തൗഹീദാകുന്ന അടിത്തറ ഭദ്രമാവുകയാണെങ്കിൽ അവന്റെ ജീവിതവീക്ഷണം ഭദ്ര മാവുകയും അതുവഴി സ്വാഭാവികമായിത്തന്നെ മൂല്യവത്തായ ഒരു ജീവിതസംസ്കാരം നിർഗളിക്കപ്പെടുകയും ചെയ്യുമെന്നാണ് ഇസ് ലാം പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ തൗഹീദിലുണ്ടാവുന്ന സൂക്ഷ്മമായ ഭ്രംശത്തെപ്പോലും ഇസ്‌ലാം അതീവഗൗരവത്തോടെ യാണ് നോക്കിക്കാണുന്നത്. അടിത്തറയിലെ ചെറിയൊരു ഇളക്കം പോലും കെട്ടിടത്തിന്റെ നിലനിൽപിനെ ബാധിക്കുമല്ലോ.

മനുഷ്യരെ പൂർണമായി സംസ്ക്കരിക്കുകയും അങ്ങനെ വിമോ ചനത്തിലേക്ക് നയിക്കുകയുമാണ് 'തൗഹീദ്' ചെയ്യുന്നത്. സർവശക് തനും സർവജ്ഞനുമായ അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ അടി ത്തറയിൽ സ്ഥാപിക്കപ്പെട്ട ജീവിതം വിമലവും വിശുദ്ധവുമായിരി ക്കുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. മരണാനന്തര ജീവിത ത്തിലെ പ്രതിഫലം മാത്രം കാംക്ഷിച്ച് ചെയ്യുന്ന പ്രവർത്തനങ്ങളിൽ സ്വാർഥതയുടെയോ ലോകമാന്യത്തിന്റെയോ ലാഞ്ഛനപോലുമു ണ്ടാവുകയില്ല. നിസ്വാർഥരും ദൈവികമാർഗദർശനപ്രകാരം ജീവി ക്കുന്നവരുമായ വ്യക്തികളെ സൃഷ്ടിച്ചുകൊണ്ടാണ് ഇസ്‌ലാം സാമൂഹ്യവിപ്ലവം സാധിക്കുന്നത്. വ്യവസ്ഥിതിയുടെ മാറ്റംവഴി മനു



ഷ്യരെയെല്ലാം സംസ്കരിച്ച് കളയാമെന്ന ഭൗതിക ദർശനങ്ങളുടെ തത്ത്വശാസ്ത്രവുമായി ഇസ്‌ലാം യോജിക്കുന്നില്ല. വ്യക്തികളുടെ മനഃസ്ഥിതിയിലും വർത്തനങ്ങളിലും പരിവർത്തനമുണ്ടാക്കിക്കൊ ണ്ടാണ് സാമൂഹ്യ വിപ്ലവം സാധിക്കേണ്ടത് എന്നാണ് അതിന്റെ നിലപാട്. വ്യക്തിയെ വിമലീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തുകൊണ്ടാണ് തൗഹീദ് മനുഷ്യരെ വിമോചനത്തിലേക്ക് നയി ക്കുന്നത്.

ഇവിടെയാണ് ഇസ്‌ലാമിന്റെ വിമോചന സങ്കൽപം പ്രസക്തമാ വുന്നത്. പട്ടിണിയിൽനിന്നും പരിവട്ടത്തിൽനിന്നും ഭൗതികമായ പരാധീനതകളിൽനിന്നുമുള്ള മോചനത്തിന് ഇസ്‌ലാം അർഹമായ സ്ഥാനം നൽകിയിട്ടുണ്ട്. അതിന്നാവശ്യമായ സാമൂഹിക നിയമങ്ങ ളുണ്ടായിട്ടുണ്ട്. എന്നാൽ, പ്രസ്തുത വിമോചനമാണ് ഏറ്റവും അടി സ്ഥാനപരമായി ആവശ്യമുള്ളത് എന്ന ഭൗതിക ദർശനങ്ങളുടെ കാഴ്ചപ്പാടിനോട് ഇസ്‌ലാം യോജിക്കുന്നില്ല. വ്യക്തിയുടെയും സമൂ ഹത്തിന്റെയും വിമലീകരണ (തസ്കിയത്ത്-salvation) ത്തിലൂടെ യാണ് വിമോചന(തഹ്‌രീറ്-liberation)മുണ്ടാവേണ്ടതെന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. അങ്ങനെയുള്ള വിമോചനത്തിനു മാത്ര മേ സ്ഥായീഭാവമുണ്ടാവൂ. ഇവിടെ ഇസ്‌ലാം ഭൗതിക ദർശനങ്ങളുമാ യി ആശയപരമായ വ്യതിരിക്തത പുലർത്തുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും വിമലീകരണം രാഷ്ട്രീയ വിപ്ലവത്തിലൂടെയാ ണ് ഉണ്ടാവേണ്ടതെന്ന് ഭൗതികദർശനങ്ങൾ സമർഥിക്കുന്നു. വിപ്ലവം വ്യക്തിയുടെയും സമൂഹത്തിന്റെയും വിമലീകരണത്തിലൂടെയാണ് കരഗതമാവുകയെന്നാണ് ഖുർആന്റെ കാഴ്ചപ്പാട്.

പ്രവാചക നിയോഗത്തിന്റെ പരമപ്രധാനമായ ലക്ഷ്യം മനുഷ്യ രെ വിമലീകരിക്കുകയായിരുന്നു. ദുസ്വഭാവങ്ങളിൽനിന്നും ദുർവൃ ത്തികളിൽനിന്നും മുക്തമാകുവാൻ സമൂഹത്തെ സജ്ജമാക്കുകയാ ണ് പ്രവാചകന്മാർ ചെയ്തത്. സ്വന്തം അസ്തിത്വത്തെ വിമലീക രിക്കുവാനായിരുന്നു പ്രവാചകന്മാർ മനുഷ്യരോട് ആവശ്യപ്പെട്ടത്. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കൂ:

قَدْ أَفْلَحَ مَن زَكَّىٰهَا ● وَقَدْ خَابَ مَن دَسَّىٰهَا

"തീർച്ചയായും അതിനെ (മനുഷ്യാസ്തിത്വത്തെ) പരിശുദ്ധമാക്കി യവൻ വിജയിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും

നിർഭാഗ്യമടയുകയും ചെയ്തു" (91:9,10).

ഇവിടെ 'മനുഷ്യാസ്തിത്വം' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'നഫ്സ്' എന്ന അറബി പദത്തെയാണ്. ആത്മാവ് (റൂഹ്), മനസ്സ് (ഖൽബ്), ജഡം (ജസദ്) എന്നിവ മൂന്നും അടങ്ങിയതാണ് നഫ്സ്. വിശുദ്ധ ഖുർആൻ 'നഫ്സ്' എന്നു പ്രയോഗിച്ചിരിക്കുന്നത് മനുഷ്യ നെ സമഗ്രമായി സൂചിപ്പിക്കുവാനാണ്. ആത്മാവും മനസ്സും ജഡവും കൂടിച്ചേരുമ്പോഴാണ് മനുഷ്യൻ എന്ന സവിശേഷമായ സൃഷ്ടിയുണ്ടാവുന്നത്. 'മനുഷ്യാസ്തിത്വത്തെ പരിശുദ്ധമാക്കിയവനാണ് വിജയിക്കുക'യെന്ന ഖുർആനിക പ്രസ്താവനയിൽ മനുഷ്യൻെറ സമഗ്രമായ വിമലീകരണമാണ് വിവക്ഷിക്കുന്നതെന്നർഥം. ആത്മാവിൻെറയും മനസ്സിൻെറയും ശരീരത്തിൻെറയും വിമലീകരണത്തോടുകൂടി മാത്രമേ മനുഷ്യന് വിജയിക്കാനാവൂ എന്ന ഖുർആനിക വീക്ഷണം മാത്രമാണ് വിമോചനത്തെ സംബന്ധിച്ച വ്യക്തവും ആധികാരികവുമായ രേഖ പ്രദാനം ചെയ്യുന്നത്.

വ്യക്തികൾ നന്നാവാതെ സമൂഹം നന്നാവുകയില്ലെന്ന വസ്തുത ഇന്ന് എല്ലാവരും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ശരീരത്തിൻെറയും മനസ്സിൻെറയും ആത്മാവിൻെറയും സമഗ്രമായ പരിശുദ്ധിയിലൂടെ മാത്രമേ വ്യക്തികൾ നന്നാവുകയുള്ളൂ. ഇതു മൂന്നിനെയും ഒരേപോലെ പരിഗണിക്കുന്നുവെന്നത് ഇസ്ലാമിനെ മറ്റു ഭൗതിക ദർശനങ്ങളിൽനിന്നും സ്ഥാപനമതങ്ങളിൽനിന്നും ഒരേപോലെ വ്യതിരിക്തമാക്കുന്നു. ആത്മാവിനെ അവഗണിച്ചുകൊണ്ട് ശരീരത്തിൻെറ പുഷ്ടിക്കുവേണ്ടിയാണ് ഭൗതികദർശനങ്ങൾ ശ്രമിക്കുന്നതെങ്കിൽ നേരെമറിച്ച് ശരീരത്തെ അവഗണിച്ചുകൊണ്ട് ആത്മീയ മോക്ഷത്തിലെത്തിച്ചേരാനാണ് സ്ഥാപനമതങ്ങൾ ആഹ്വാനം ചെയ്യുന്നത്. ഇസ്ലാമാകട്ടെ 'നഫ്സിൻെറ വിമലീകരണത്തിലൂടെ വിജയികളാവുകയെന്നാണ് പഠിപ്പിക്കുന്നത്. ശരീരവും മനസ്സും ആത്മാവും ഒരേപോലെ പരിഗണിക്കപ്പെടണമെന്നർഥം.

ഇവിടെ 'വിമലീകരണം' എന്ന് അർഥം നൽകിയിരിക്കുന്നത് 'തസ്കിയത്ത്' എന്ന അറബിപദത്തിനാണ്. ഈ പദത്തിന് വിമലീകരണം എന്നും വികസനം എന്നും രണ്ടർഥമുണ്ട്. മനുഷ്യാസ്തിത്വത്തിൻെറ വിശുദ്ധിയിലൂടെയാണ് വികസനമുണ്ടാവുകയെന്നും ഈ ദ്വയാർഥ പദത്തിൻെറ ഉപയോഗത്തിൽനിന്ന് അനുമാനിക്കാവുന്നതാണ്. ഇന്ന് ശാസ്ത്രലോകം എത്തിപ്പെട്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രതിസന്ധിക്കുള്ള പരിഹാരവും വിമലീകരണത്തിലൂടെയുള്ള വികസനമാണെന്നാണ് ആധുനിക ശാസ്ത്ര ദാർശനികന്മാർ ചൂണ്ടിക്കാണിക്കുന്നത്. കേവലശാസ്ത്രത്തിൻെറ വക്താക്കൾ സ്വതന്ത്രമായ ഗവേഷണം അനുവദിക്കണമെന്നും മാനവതാവാദക്കാർ ഗവേഷണങ്ങൾക്ക് വിലക്ക് കൽപിക്കണമെന്നും അലമുറയിട്ടുകൊണ്ടിരിക്കുന്നതിനിടെ ശാസ്ത്രലോകം വ്യക്തമായൊരു പ്രതിസന്ധിയിലാണിന്ന്. ഒരു ഭാഗത്ത് ശാസ്ത്രപുരോഗതി പ്രകൃതിയെയും പരിസ്ഥിതിയെയും അങ്ങനെ മനുഷ്യരെയും തകർക്കുന്നതിന് നിമിത്തമായിക്കൊണ്ടിരിക്കുന്നു. മറുഭാഗത്ത് ശാസ്ത്രത്തെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള നാഗരികതയെക്കുറിച്ച് ചിന്തിക്കുവാൻ പോലും കഴിയാത്ത വിധത്തിൽ മനുഷ്യർ ശാസ്ത്രവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ശാസ്ത്രത്തെ എങ്ങനെ മാനവീകരിക്കാം എന്ന ചർച്ചയിലാണ് ശാസ്ത്രദാർശനികന്മാർ ഇന്നേർപ്പെട്ടിരിക്കുന്നത്. ഇവിടെയാണ് 'വിമലീകരണത്തിലൂടെയുള്ള വികസനം' എന്ന ഖുർആനികമായ ആശയം പ്രസക്തമാവുന്നത്.



ഇസ്ലാം പഠിപ്പിച്ച ആരാധനകൾ ഏകദൈവത്വമെന്ന ആശയത്തെ എല്ലാ അർഥത്തിലും പ്രയോഗവത്കരിക്കുകയും വ്യക്തിയെ വിമലീകരിക്കുന്നതുവഴി കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെയുമെല്ലാം സംസ്കരിക്കുകയും ചെയ്യുന്നു. അഞ്ചു നേരത്തെ നിർബന്ധ നമസ്കാരമാണ് ഒരു മുസ്ലിം ഒരവസരത്തിലും ഒഴിച്ചുകൂടാൻ പാടില്ലാത്ത ആരാധന. ഒരു ദിവസത്തെ മുസ്ലിമിൻെറ ജീവിതമാരംഭിക്കുന്നതുതന്നെ നമസ്കാരം കൊണ്ടാണ്. അരുണോദയത്തിന് മുമ്പ് നിർവഹിക്കപ്പെടുന്ന പ്രഭാതനമസ്കാരത്തിലൂടെ സർവശക്തനായ സ്രഷ്ടാവിന് മുമ്പിൽനിന്ന് അവൻെറ സ്തുതികീർത്തനങ്ങളാലപിക്കുകയും തിന്മകളിൽനിന്ന് മുക്തമായ ജീവിതം നയിക്കുവാൻ അവൻെറ അനുഗ്രഹങ്ങളാവശ്യപ്പെടുകയും ചെയ്തുകൊണ്ട് ജീവിതവൃത്തികളാരംഭിക്കുന്ന ഒരാൾക്ക് പിന്നെ ദൈവകോപത്തിന് പാത്രമാകുന്ന പാതയിലൂടെ സഞ്ചരിക്കുവാൻ സാധിക്കുമോ? പ്രഭാത നമസ്കാരത്തിലൂടെ കൈവരിച്ച ആത്മവിശുദ്ധിയുടെ ഒളിമങ്ങുന്നതിനുമുമ്പ് മധ്യാഹ്ന നമസ്കാരം വന്നെത്തുകയും അപ്പോഴും പാപമോചനത്തിനുവേണ്ടിയും മാർഗഭ്രംശം സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയും പടച്ചതമ്പുരാനു മുമ്പിൽ കൈകെട്ടിനിന്നും നമ്ര

ശിരസ്കനായും സാഷ്ടാംഗം നമിച്ചും മുസ്‌ലിം പ്രാർഥിക്കുന്നു. മധ്യാഹ്ന നമസ്കാരത്തിൻെറ സ്മരണയിൽനിന്ന് മുക്തനാവുന്നതിനുമുമ്പ് സായാഹ്ന നമസ്കാരം വന്നെത്തുകയും വീണ്ടും ദൈവശാസനകളനുസരിച്ച് പ്രവർത്തിക്കാമെന്നും പാപങ്ങളിൽനിന്ന് അകന്നുനിൽക്കാമെന്നും മുസ്‌ലിം പ്രതിജ്ഞ ചെയ്യുന്നു. സായാഹ്ന നമസ്കാരത്തിലൂടെ നേടിയെടുത്ത സംശുദ്ധിയിൽനിന്ന് വ്യതിചലിച്ച് ദൂഷിത വൃത്തികളിലേക്ക് ശ്രദ്ധ തിരിയാൻ സാധ്യതയുള്ള സമയമെത്തുമ്പോഴേക്കും സന്ധ്യാനമസ്കാരത്തിലേക്ക് മുസ്‌ലിം പ്രവേശിക്കുന്നു. അതുകഴിഞ്ഞ് രാത്രിയിൽ തെറ്റുകുറ്റങ്ങൾക്ക് സാധ്യതകൾ ഏറെയുള്ള സമയമടുക്കുമ്പോഴേക്കും വീണ്ടും നിശാനമസ്കാരത്തിലൂടെ പാപമോചനത്തിനായി പ്രാർഥിക്കുകയും ദൈവശാസനകൾ അനുസരിക്കാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു. അഞ്ചുനേരം കൃത്യമായി നമസ്കരിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം അയാളുടെ മനസ്സിന് ദൈവസ്മരണയിൽനിന്ന് അകന്നുനിൽക്കാൻ സമയമുണ്ടാവുകയില്ല. രഹസ്യങ്ങളും പരസ്യങ്ങളും അറിയാവുന്ന പടച്ചതമ്പുരാനു മുന്നിൽനിന്ന് അഞ്ചുനേരം ആത്മാർഥമായി നമസ്കരിക്കുന്ന ഒരാൾക്ക് പിന്നെ തെറ്റു ചെയ്യാൻ സമയമെവിടെ? വിശുദ്ധ ഖുർആൻ പറഞ്ഞതെത്ര ശരി!

إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ
وَٱللَّهُ يَعْلَمُ مَا تَصْنَعُونَ

"തീർച്ചയായും നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധകർമത്തിൽനിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുകയെന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു" (29:45).

നമസ്കാരം കഴിഞ്ഞാൽ പിന്നെ ഇസ്‌ലാമിൽ ഏറ്റവും പ്രധാനപ്പെട്ട ആരാധനാകർമമാണ് സകാത്ത് അഥവാ നിർബന്ധദാനം. സമ്പത്തിൻെറ സംസ്കരണമാണ് സകാത്ത്. സാമ്പത്തിക വിഷമമനുഭവിക്കുന്ന വ്യക്തികളെ സഹായിച്ചുകൊണ്ട് അവരുടെ വിഷമതകൾ പരിഹരിക്കുന്നതിന് സമൂഹത്തെ സജ്ജമാക്കുവാനായി ഇസ്‌ലാം നടപ്പാക്കിയ ആരാധനാ സമ്പ്രദായമാണിത്. സമ്പാദ്യത്തിനും കൃഷിക്കും കന്നുകാലിസമ്പത്തിനും നാണയത്തിനുമെല്ലാം അവയുടെ തോതനുസരിച്ച് സകാത്ത് നൽകുവാൻ മുതലാളി ബാധ്യസ്ഥനാണ്. ധനികൻെറ ഔദാര്യമെന്ന നിലയ്ക്കല്ല, ദരിദ്രൻെറ അവകാശമെന്ന നിലയ്ക്കാണ് സകാത്തിനെ ഖുർആൻ പരിചയപ്പെടുത്തുന്നത്. സമ്പന്നൻെറ അടുത്തുനിന്ന് രാഷ്ട്രമോ സമൂഹം ഉത്തരവാദപ്പെടുത്തിയ സ്ഥാപനങ്ങളോ പിരിച്ചെടുക്കുകയും അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയുമാണ് സകാത്തിൻെറ രൂപം. സാമ്പത്തികമായ അത്യാർത്തിയാണ് പലപ്പോഴും മനുഷ്യരെ മഹാപാപങ്ങളിലേക്ക് നയിക്കുന്നത്. സാമ്പത്തിക ത്യാഗമാണ് സകാത്ത്. ധനപൂജയും സ്വാർഥതയും ദുരീകരിക്കുകയും ത്യാഗസന്നദ്ധതയും പരോപകാരേച്ഛയും വളർത്തുകയും ചെയ്തുകൊണ്ട് മനുഷ്യരെ ശുചീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന കർമമാണ് സകാത്ത്. ദൈവികശാസനകളുടെ അടിസ്ഥാനത്തിൽ സകാത്ത് സംഘടിപ്പിച്ച് വിതരണം ചെയ്യാൻ സമൂഹം സന്നദ്ധമായാൽ ലോകത്തുനിന്ന് ദാരിദ്ര്യത്തെ പൂർണമായി ഇല്ലാതാക്കാൻ കഴിയും.



വ്രതാനുഷ്ഠാനമാണ് മറ്റൊരു പ്രധാനപ്പെട്ട ആരാധന. പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങളിൽനിന്നും വികാരപൂർത്തീകരണത്തിൽനിന്നും വിട്ടുനിൽക്കുകയാണ് ഇസ്‌ലാം വ്രതാനുഷ്ഠാനം കൊണ്ട് വിവക്ഷിക്കുന്നത്. ദൈവഹിതത്തെ മാത്രം മാനിച്ചുകൊണ്ട് ആഹാരപാനീയങ്ങൾ വെടിയുകയും വികാരങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വർധിക്കുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. സദാസമയവും താൻ ദൈവത്താൽ നിരീക്ഷിക്കപ്പെടുന്നുവെന്ന ബോധം മാത്രമാണ് ഒരു മുസ്‌ലിമിനെ വ്രതമനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്നത്. ഒരു മാസമാണ്നിർബന്ധ വ്രതം കൽപിക്കപ്പെട്ടിരിക്കുന്നത്. ഇത്രയും കാലം തുടർച്ചയായി ഉപവസിക്കുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വളർന്നുവരികയും ജീവിതത്തിലുടനീളം ദോഷബാധയെ സൂക്ഷിക്കുവാൻ അയാൾ സന്നദ്ധനാവുകയും ചെയ്യും. നോമ്പുകാരനിൽ വ്യക്തിപരമായ ത്യാഗമനോഭാവവും സേവനസന്നദ്ധതയും അർപ്പണബോധവും വളർത്തുന്നതോടൊപ്പംതന്നെ അവനിൽ സമസൃഷ്ടിസ്നേഹവും സാമൂഹികബോധമുണ്ടാക്കിയെടുക്കുന്നതിനും വ്രതാനുഷ്ഠാനത്തിന് കഴിയുന്നു. വിശപ്പിൻെറ വേദന അനുഭവിച്ചറിയുന്ന നോമ്പുകാരന് പട്ടിണിപ്പാവങ്ങളോടുള്ള ദീനാനുകമ്പ വളർന്നുവരുന്നു. വ്രതം ഏതു പിശുക്കനെയും ഉദാരനാക്കുകയും പാവപ്പെട്ടവനെ

പരിഗണിക്കുന്നവനാക്കുകയും ചെയ്യുന്നു. ഇങ്ങനെ, വ്യക്തിയെ സ്വയം നിയന്ത്രണത്തിന് പാകമാക്കുകയും മ്ലേച്ഛസ്വഭാവങ്ങളിൽ നിന്ന് മുക്തനാക്കുകയും ചെയ്യുന്നതോടൊപ്പം ദരിദ്രനെയും ധനികനെയും ഐക്യപ്പെടുത്തുന്ന ഒരു ശക്തമായ ഉപകരണംകൂടിയാണ് വ്രതാനുഷ്ഠാനം.

ഇസ്ലാമിക ആരാധനാകർമങ്ങളിൽ അവസാനത്തേതായ ഹജ്ജും മനുഷ്യനും സ്രഷ്ടാവും തമ്മിലുള്ള ബന്ധം സുദൃഢമാക്കാനുതകുന്ന രീതിയിൽ സംവിധാനിക്കപ്പെട്ടിട്ടുള്ളതാണ്. സാമ്പത്തികവും ശാരീരികവുമായ ശേഷിയുള്ള ഒരാൾ ജീവിതത്തിലൊരിക്കൽ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. ബഹുദൈവാരാധനയുമായി യാതൊരു ബന്ധവുമില്ലാത്ത തീർഥാടനമാണ് ഹജ്ജ്. ഈ തീർഥാടനത്തിലെ കർമങ്ങളിലധികവും ഏകദൈവാരാധനയെന്ന ആശയം പ്രചരിപ്പിച്ചതിൻെറ പേരിൽ കുടുംബത്തിൻെറയും സമൂഹത്തിൻെറയും വിദ്വേഷത്തിന് പാത്രമായ ഇബ്റാഹീമിൻെറ (ﷺ) സ്മരണയുൾക്കൊള്ളുന്നതാണ്. അതുകൊണ്ടുതന്നെ, ഹജ്ജ്കർമം കഴിയുന്നതോടുകൂടി ഏതൊരാളും പശ്ചാതാപബോധമുള്ളവനും പാപവിമുക്തനുമായി മാറുന്നു. അതോടൊപ്പം ഇസ്ലാം വിഭാവനം ചെയ്യുന്ന സാഹോദര്യത്തെ പൂർണമായി ഉൾക്കൊള്ളുന്നതിനും ഹജ്ജ്കർമം കഴിയുന്നതോടെ ഒരാൾക്ക് കഴിയുന്നു. ലോകത്തിലെ വിവിധ കോണുകളിൽനിന്നെത്തിയ ലക്ഷക്കണക്കിന് മനുഷ്യരിലൊരാളായി ഹജ്ജ് ചെയ്യുന്നവൻ മാറുന്നു. എല്ലാവർക്കും ഒരേ വേഷം. ഒരേ സ്വരം. മനസ്സിൽ ദൈവബോധം. ചുണ്ടിൽ ദൈവസ്ത്രോത്രങ്ങൾ. ഉച്ചനീചത്വങ്ങളില്ല. ദേശീയതയുടെയും പ്രാദേശീയതയുടെയും അതിർവരമ്പുകളില്ല. കറുത്തവനും വെളുത്തവനും തമ്മിൽ അന്തരങ്ങളൊന്നുമില്ല. മുതലാളിയും തൊഴിലാളിയും ഒരേപോലെതന്നെ. എല്ലാവരും ഒരേ വേഷത്തിൽ ഒരേ സ്വരമുരുവിട്ടുകൊണ്ട് ഒരേകർമങ്ങൾ ചെയ്യുന്നു. ഒരേയൊരു ദൈവം ഒരൊറ്റ ജനതയെന്ന ഇസ്ലാമിൻെറ ആശയം ഹജ്ജിൽ പ്രകടമായിക്കാണുന്നു. ഇങ്ങനെ, ഏകദൈവാരാധനയെന്ന ആശയത്തെ അതിൻെറ പൂർണരൂപത്തിൽ പ്രായോഗികമായി അവതരിപ്പിക്കുന്ന ദർശനമാണ് ഇസ്ലാം.

മനുഷ്യരെ ഭിന്നിപ്പിച്ച് നിർത്തുകയും തമ്മിലടിപ്പിക്കുകയും ചെയ്യുന്ന ബഹുദൈവ സങ്കൽപ്പത്തിൻെറ കടയ്ക്കലാണ് ഇസ്ലാമിൻെറ ഏകദൈവ വിശ്വാസം കത്തിവെച്ചത്. ഏകനും സർവോന്നതനുമായ



സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്ന അവസ്ഥ സംജാതമാവുമ്പോൾ അവനിലെ അധമത്തവും അഹങ്കാരവും അവസാനിക്കുന്നു. പാശ്ചാത്യൻ മാനവികതാ വാദവും (humanism) മാർക്സിസവും മനുഷ്യരാണ് പ്രപഞ്ചത്തിലെ ഏറ്റവും ഉന്നതനെന്നും അവനെ നിയന്ത്രിക്കുന്നതോ അവന് മുകളിലുള്ളതോ ആയ യാതൊരു ശക്തിയുമില്ലെന്നും വാദിച്ചപ്പോൾ അതിൻെറ ഫലമായി വളർന്നുവന്നത് ഒരുതരം അഹങ്കാരമായിരുന്നു. ആ ജനതകളുടെ തകർച്ചക്കുള്ള നിമിത്തവും ഈ അഹങ്കാരം തന്നെ. അതേസമയം സ്ഥാപന മതങ്ങളുടെ ആരാധ്യന്മാർ കല്ലുകളും ശവകുടീരങ്ങളും സസ്യങ്ങളും ജന്തുക്കളും പുണ്യവാളന്മാരുമാണ്. തങ്ങളേക്കാൾ കഴിവും ശക്തിയും കുറഞ്ഞ-പലപ്പോഴും കേൾവിയോ കാഴ്ചയോ ഇല്ലാത്തവരോട് ആരാധനകളർപ്പിക്കുന്ന മനുഷ്യരുടെ മനസ്സിൽ ഒരുതരം അധമ ബോധമുണ്ടാവുക സ്വാഭാവികമാണ്. ഒരു 'ദൈവ'ത്തിൽ അഭയം കാണാതാവുമ്പോൾ മറ്റൊരു 'ദൈവ'ത്തിലേക്കോടുന്ന അവസ്ഥയുണ്ടാക്കുന്നത് ഈ അധമ ബോധമാണ്. ഒരു ആരാധ്യനെയും അംഗീകരിക്കാതിരിക്കുന്ന അഹങ്കാരത്തിനും സൃഷ്ടികളെ ആരാധിക്കുന്ന അധമത്വത്തിനും മധ്യേ, സ്രഷ്ടാവിനെ മാത്രം ആരാധിക്കുകയെന്ന ഇസ്ലാമിൻെറ തത്ത്വം നിലനിൽക്കുന്നു. അത് മനുഷ്യനെ ആത്മാഭിമാനമുള്ളവനും അതേ സമയം വിനയാന്വിതനുമാക്കി മാറ്റുന്നു.

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതുവഴി ഒരാൾ എങ്ങനെയാണ് ആത്മാഭിമാനമുള്ളവനും വിനയാന്വിതനുമാവുകയെന്ന് ഇബ്രാഹീം നബി (ﷺ)യുടെ ജീവിതം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹത്തെക്കുറിച്ച് ഖുർആൻ പറയുന്നത് കാണുക:

فَلَمَّا رَءَا ٱلشَّمْسَ بَازِغَةً قَالَ هَـٰذَا رَبِّى هَـٰذَآ أَكْبَرُ ۖ فَلَمَّآ أَفَلَتْ
قَالَ يَـٰقَوْمِ إِنِّى بَرِىٓءٌ مِّمَّا تُشْرِكُونَ ● إِنِّى وَجَّهْتُ وَجْهِىَ لِلَّذِى
فَطَرَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ حَنِيفًا ۖ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ
● وَحَآجَّهُۥ قَوْمُهُۥ ۚ قَالَ أَتُحَـٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ ۚ وَلَآ أَخَافُ مَا
تُشْرِكُونَ بِهِۦٓ إِلَّآ أَن يَشَآءَ رَبِّى شَيْـًٔا ۗ وَسِعَ رَبِّى كُلَّ شَىْءٍ

عِلْمًا ۚ أَفَلَا تَتَذَكَّرُونَ ● وَكَيْفَ أَخَافُ مَآ أَشْرَكْتُمْ وَلَا
تَخَافُونَ أَنَّكُمْ أَشْرَكْتُم بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ عَلَيْكُمْ سُلْطَٰنًا ۚ
فَأَىُّ ٱلْفَرِيقَيْنِ أَحَقُّ بِٱلْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ

"അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എൻെറ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്!! അങ്ങനെ അതും അസ്തമിച്ചുപോയപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽ നിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എൻെറ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേയല്ല. അദ്ദേഹത്തിൻെറ ജനത അദ്ദേഹവുമായി തർക്കത്തിലേർപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ കാര്യത്തിൽ നിങ്ങൾ എന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കയാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്ന യാതൊന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എൻെറ രക്ഷിതാവ് ഉദ്ദേശിക്കുന്നതെന്തോ അതല്ലാതെ (സംഭവിക്കുകയില്ല.) എൻെറ രക്ഷിതാവിൻെറ ജ്ഞാനം സർവകാര്യങ്ങളെയും ഉൾക്കൊള്ളാൻ മാത്രം വിപുലമായിരിക്കുന്നു. നിങ്ങൾ എന്താണ് ആലോചിച്ചു നോക്കാത്തത്? നിങ്ങൾ (അല്ലാഹുവോട്) പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്കുചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ട് കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ? (പറയൂ;) നിങ്ങൾക്കറിയാമെങ്കിൽ" (6:78-81).

قَالَ أَفَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُكُمْ شَيْـًٔا وَلَا
يَضُرُّكُمْ ● أُفٍّ لَّكُمْ وَلِمَا تَعْبُدُونَ مِن دُونِ ٱللَّهِ ۖ أَفَلَا تَعْقِلُونَ

"അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ



ആരാധിക്കുകയാണോ? നിങ്ങളുടെയും, അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യംതന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ?" (വി.ഖു. 21:66,67).

وَإِبْرَٰهِيمَ إِذْ قَالَ لِقَوْمِهِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ ۖ ذَٰلِكُمْ خَيْرٌ لَّكُمْ
إِن كُنتُمْ تَعْلَمُونَ ● إِنَّمَا تَعْبُدُونَ مِن دُونِ ٱللَّهِ أَوْثَٰنًا
وَتَخْلُقُونَ إِفْكًا ۚ إِنَّ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ لَا
يَمْلِكُونَ لَكُمْ رِزْقًا فَٱبْتَغُوا۟ عِندَ ٱللَّهِ ٱلرِّزْقَ وَٱعْبُدُوهُ
وَٱشْكُرُوا۟ لَهُۥٓ ۖ إِلَيْهِ تُرْجَعُونَ ● وَإِن تُكَذِّبُوا۟ فَقَدْ كَذَّبَ أُمَمٌ
مِّن قَبْلِكُمْ ۖ وَمَا عَلَى ٱلرَّسُولِ إِلَّا ٱلْبَلَٰغُ ٱلْمُبِينُ

"ഇബ്രാഹീമിനെയും (നാം അയച്ചു). അദ്ദേഹം തൻെറ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ:) 'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, അവനെ സൂക്ഷിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ'. നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും, കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും, അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്. നിങ്ങൾ നിഷേധിച്ച് തള്ളുകയാണെങ്കിൽ നിങ്ങൾക്ക് മുമ്പുള്ള പല സമുദായങ്ങളും നിഷേധിച്ച് തള്ളുകയുണ്ടായിട്ടുണ്ട്. ദൈവദൂതൻെറ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു" (29:16-18).

ഏകദൈവാരാധന, മനുഷ്യവർഗത്തെ സകലവിധ സങ്കുചിതത്വങ്ങളിൽനിന്നും മുക്തമാക്കുന്നു. സ്വദേശിയെയും വിദേശിയെയും സവർണനെയും അവർണനെയും വെളുത്തവനെയും കറുത്തവനെയും വ്യത്യസ്ത സമുദായത്തിലും ഗ്രോത്രത്തിലും തറവാട്ടിലുംപെട്ടവരെയും വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരെയും എല്ലാം സൃഷ്

ടിച്ച് പരിപാലിക്കുന്നത് ഏകനായ ദൈവമാണെന്ന ചിന്ത അവർ തമ്മിലുള്ള വലുതും ചെറുതുമായ എല്ലാവിധ അസ്പൃശ്യതകളുടെയും അടിവേരറുക്കുന്നു. സർവശക്തനും സർവോന്നതനുമായ അല്ലാഹുവിനു മുന്നിൽ മാത്രം ഈ വിഭാഗങ്ങളെല്ലാം തലകുനിക്കുമ്പോൾ അവരെ ഭിന്നിപ്പിച്ച് നിർത്തുന്ന സകലവിധ മതിൽക്കെട്ടുകളും തകർന്ന് തരിപ്പണമാവുന്നു. സ്രഷ്ടാവിന് മുന്നിൽ എല്ലാവരും സമൻമാരാണെന്ന ധാരണ വളർന്നുവരുമ്പോൾ വ്യത്യസ്ത വിഭാഗങ്ങൾക്ക് ജന്മാവകാശമായി കിട്ടിയ 'തലക്കന'ങ്ങളെല്ലാം ഇല്ലാതെയാവുന്നു. മനുഷ്യരെല്ലാം ഏകനായ ദൈവത്തിൻെറ സൃഷ്ടികളും ഒരൊറ്റ മാതാപിതാക്കളുടെ സന്തതികളുമാണെന്ന ഇസ്ലാമിൻെറ പ്രഖ്യാപനം ഗോത്രമഹിമയുടെ പേരിൽ തമ്മിലടിച്ചുകൊണ്ടിരുന്ന അറബികളെ എത്രമാത്രം കെട്ടുറപ്പുള്ള ഒരു സമൂഹമായിട്ടാണ് പരിവർത്തിപ്പിച്ചതെന്ന് ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം. 'ഹേ മനുഷ്യരേ നിങ്ങളെ സൃഷ്ടിച്ചത് ഒരു പുരുഷനിൽ നിന്നും സ്ത്രീയിൽനിന്നുമാണ്. നിങ്ങളെ വർഗങ്ങളും ഗോത്രങ്ങളുമായി തിരിച്ചിട്ടുള്ളത് പരസ്പരം മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. നിങ്ങളിൽനിന്നും ദൈവത്തിങ്കൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ടയുള്ളവൻ തന്നെയായിരിക്കും' (വിശുദ്ധ ഖുർആൻ 49:13)എന്ന ഖുർആനിക വചനം ദേശത്തിൻെറയും ഗോത്രത്തിൻെറയും ഭാഷയുടെയും വർണത്തിൻെറയുമെല്ലാം പേരിലുള്ള എല്ലാ വിധ മിഥ്യാഭിമാനങ്ങളെയും തകർത്തുകളഞ്ഞു.

'അറബിക്ക് അനറബിയേക്കാളുമോ വെളുത്തവന് കറുത്തവനേക്കാളുമോ യാതൊരു മഹത്വവുമില്ല. ധർമനിഷ്ഠയുടെ പേരിലല്ലാതെ'യെന്നും 'നിശ്ചയം നിങ്ങളുടെ ദൈവം ഒന്ന്; നിങ്ങളുടെയെല്ലാം പിതാവും ഒരാൾതന്നെ. എല്ലാവരും ആദമിൽ നിന്നുള്ളത്; ആദമോ മണ്ണിൽനിന്നു'മെന്നമുള്ള പ്രവാചക പ്രഖ്യാപനങ്ങൾ സകല സങ്കുചിതത്വങ്ങളുടെയും അടിവേരാണ് മുറിച്ചു കളയുന്നത്.

ബഹുദൈവ വിശ്വാസത്തിൻെറ ചങ്ങലക്കെട്ടുകളിൽ നിന്ന് മനുഷ്യനെ സ്വതന്ത്രമാക്കുന്ന ശക്തിയത്രെ ഏകദൈവാരാധന.'ദൈവ'ങ്ങളും അവയുടെ ദല്ലാളന്മാരും കൂടി സൃഷ്ടിക്കുന്ന പാരതന്ത്ര്യത്തിൽനിന്നുള്ള മോചനം. സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും ഏക ദൈവാരാധന മനുഷ്യനെ പ്രേരിപ്പിക്കുന്നു. ആകാശഗോളങ്ങൾ ദേവീദേവന്മാരാണെന്ന പൗരാണിക സങ്കൽപ്പം അവയെക്കുറിച്ച പഠനത്തിന് വിലങ്ങുതടിയായി നിന്നിട്ടുണ്ട്. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും ദൈവികസൃഷ്ടികൾ മാത്രമാണെന്ന് മനസ്സിലാക്കുന്ന ഏകദൈവവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവയെക്കുറിച്ച പഠനം ദൈവത്തിൻെറ അജയ്യമായ പ്രവർത്തനങ്ങളുടെ സൗന്ദര്യത്തെക്കുറിച്ച അന്വേഷണമാണ്. അതുകൊണ്ടാണ് ഖുർആൻ പ്രപഞ്ചപഠനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്.



إِنَّ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ لَءَايَٰتٍ لِّأُو۟لِى ٱلْأَلْبَٰبِ

'തീർച്ചയായും രാപ്പകലുകളുടെ മാറ്റത്തിലും ആകാശഭൂമികളിൽ അല്ലാഹു സൃഷ്ടിച്ച വസ്തുക്കളിലും ഭയപ്പെടുന്ന ജനതക്ക് ദൃഷ്ടാന്തങ്ങളുണ്ട്'(3:190).

ഏകദൈവമല്ലാത്ത ആരും ആരാധിക്കപ്പെടരുതെന്ന ഇസ്ലാമിൻെറ അടിസ്ഥാനതത്ത്വത്തിനു മുമ്പിൽ തകർന്നുവീണത് വിഗ്രഹങ്ങളും ശവകുടീരങ്ങളും വ്യാജദൈവങ്ങളും മാത്രമായിരുന്നില്ല; ദൈവങ്ങളുടെയും മനുഷ്യരുടെയും ഇടയിലുള്ള ദല്ലാളന്മാരായി ചമഞ്ഞ പൗരോഹിത്യം കൂടിയായിരുന്നു. തൻെറ കണ്ഠനാളിയേക്കാൾ അടുത്ത് സ്ഥിതി ചെയ്യുന്നവനായിട്ടാണ് അല്ലാഹുവിനെ ഖുർആൻ പരിചയപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ അല്ലാഹുവിനും മനുഷ്യർക്കുമിടയിൽ മധ്യവർത്തികളൊന്നും ആവശ്യമില്ലെന്നാണ് ഇസ്ലാമിന്റെ അധ്യാപനം. യാതൊരു രീതിയിലുമുള്ള പൗരോഹിത്യവും ഇസ്ലാം അംഗീകരിക്കുന്നില്ല. ദൈവങ്ങളുടെ പേരിൽ മനുഷ്യരെ തമ്മിലടിപ്പിക്കുന്ന പൗരോഹിത്യത്തിൻെറ ചൂഷണത്തിൽനിന്ന് മനുഷ്യരാശിയെ രക്ഷിക്കുകയാണ് ഇതിലൂടെ ഇസ്ലാം ചെയ്തിരിക്കുന്നത്.

തൗഹീദ് സ്വീകരിക്കുക വഴി വ്യക്തിയും സമൂഹവുമെല്ലാം പൂർണമായ അർഥത്തിലുള്ള വിമലീകരണത്തിന് വിധേയമാവുകയാണ് ചെയ്യുന്നത്. എല്ലാം അറിയുന്നവനായ തമ്പുരാനിലുള്ള വിശ്വാസവും അവനിലുള്ള പൂർണമായ സമർപ്പണവും വഴി വിമലീകരിക്കപ്പെട്ട വ്യക്തികൾ കുടുംബത്തിലും സമൂഹത്തിലുമെല്ലാം വിശുദ്ധിയുടെ മാതൃകകളും വിമലീകരണത്തിൻെറ നിമിത്തവുമായിത്തീരുന്നു. അവർ കടന്നുചെല്ലുന്ന മേഖലകളെല്ലാം തന്നെ വിശ്വാസത്തിൻെറ വെളിച്ചം പ്രസരിച്ച് വിശുദ്ധീകരിക്കപ്പെടുന്നു. തൗഹീദുൾക്കൊ

ള്ളുന്നവരുടെ കുടുംബത്തിലെ അന്തരീക്ഷം ശാന്തവും സമാധാനപൂർണവുമായിരിക്കും; തൗഹീദുൾക്കൊള്ളുന്നവരുടെ സമൂഹം സൃഷ്ടിപരതയുടെയും പുരോഗതിയുടെയും ഉന്നത നിദർശനങ്ങളായിരിക്കും.

തൗഹീദ് ഉൾക്കൊണ്ടുകഴിഞ്ഞ വ്യക്തിയുടെ മനസ്സ് ശുദ്ധവും അന്ധവിശ്വാസങ്ങളിൽനിന്ന് മുക്തവുമായിത്തീരും; അതുകൊണ്ടുതന്നെ അവൻെറ ജീവിതത്തിൽ പിന്നെ അനാചാരങ്ങളുണ്ടാവുകയില്ല. പരമകാരുണികനും സർവജ്ഞനുമായി അല്ലാഹുവിനെ അറിയുന്നവർക്ക് പിന്നെ പ്രയാസങ്ങൾ പരിഹരിക്കാനായി ദിവ്യന്മാരുടെയും ആൾദൈവങ്ങളുടെയും അടുത്ത് പോകേണ്ടിവരികയില്ല. ജ്യോത്സ്യൻെറ പ്രവചനങ്ങളോ ഗ്രഹനിലകളോ ഭാഗ്യ-നിർഭാഗ്യ നക്ഷത്രങ്ങളോ പിന്നെ അയാളുടെ ഉറക്കം കെടുത്തുകയില്ല. കഴുത്തിൽ തൂക്കപ്പെടുന്ന തകിടുകളിലോ കൈകളിലണിഞ്ഞ കയറുകളിലോ അല്ല പിന്നെയവൻ കാര്യങ്ങളെ ഭരമേൽപിക്കുക; പ്രത്യുത സർവശക്തനായ അല്ലാഹുവിലാണ്. അതുകൊണ്ടുതന്നെ അനാചാരങ്ങളിൽനിന്ന് പൂർണമായും മുക്തമായിരിക്കും അവൻെറ ജീവിതം.

തൗഹീദ് ഉൾക്കൊള്ളുന്നവൻ അല്ലാഹുവിനെ അവൻ പഠിപ്പിച്ച രീതിയിൽ അറിയുകയും അവൻ നിശ്ചയിച്ചുതന്ന പാതയിലൂടെ ചലിക്കുകയും ചെയ്യുന്നവനാണ്. സൽകർമങ്ങളിൽ നിരതനാവുമ്പോൾ അവൻ ആഗ്രഹിക്കുന്നത് അല്ലാഹുവിൻെറ തൃപ്തിയാണ്. അതുകൊണ്ടുതന്നെ അവൻറ വർത്തനങ്ങളിൽ ലോകമാന്യം അൽപം പോലുമുണ്ടാവുകയില്ല. താൻ ചെയ്യുന്ന സൽകർമങ്ങളെയും അതിനു പിന്നിലെ ചോദനയെയും കുറിച്ച് കൃത്യവും സൂക്ഷ്മവുമായി അറിയുന്നവനാണ് തൻെറ രക്ഷിതാവ് എന്ന ബോധം കർമങ്ങളെ കുറച്ചൊന്നുമല്ല സ്വാധീനിക്കുക. ഏതു നന്മ ചെയ്യുമ്പോഴും അതിന്നു പിന്നിലെ ഉദ്ദേശ്യം നല്ലതായിരിക്കാൻ അവൻ സദാസമയവും ശ്രദ്ധിച്ചുകൊണ്ടേയിരിക്കും. സ്വാർഥതയോ മറ്റു ദുഷ്ചിന്തകളോ മനസ്സിലേക്ക് കടന്നുവരാതിരിക്കുവാൻ അവൻ പ്രത്യേകം സൂക്ഷിക്കും. ആളുകളുടെ പ്രോൽസാഹനങ്ങളോ ആശംസാവചനങ്ങളോ ആഗ്രഹിച്ചുകൊണ്ടാവുകയില്ല, അവൻെറ വർത്തനങ്ങൾ. അവ പൂർണമായും അല്ലാഹുവിൽനിന്നുള്ള പ്രതിഫലം മാത്രം കാംക്ഷിച്ചുകൊണ്ടായിരിക്കും. തൻെറ സാമൂഹിക സേവന പ്രവർത്തനങ്ങൾ നാലു പേർ കാണണമെന്നോ അങ്ങനെ അതിൻെറ പേരിൽ താൻ



അറിയ പ്പെടണമെന്നോ തൻെറ കൂട്ടത്തിലേക്ക് ആളുകൾ ആകൃഷ്ടരാകണമെന്നോ ഉള്ള ദുഷ്ടചിന്തകളൊന്നും അയാളുടെ ഹൃദയത്തിലുണ്ടാ വുകയില്ല. അയാളുടെ സേവനപ്രവർത്തനങ്ങൾ അല്ലാഹുവിൻെറ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ടാണ് എന്നതുകൊണ്ടു തന്നെ അതിൽ മാനവികവിരുദ്ധമായ ദുഷ്ടലാക്കുകളൊന്നുമുണ്ടാവുകയില്ല. ആളുകൾ കാൺകെയും കാണാതെയും അയാൾ പ്രവർത്തിച്ചു കൊണ്ടിരിക്കും. അയാളുടെ കൈകൾ അയയാനും ശരീരം വിയർക്കാനും ക്യാമറക്കണ്ണുകൾ വേണമെന്ന അവസ്ഥയുണ്ടാവുകയില്ല; എല്ലാം കാണുന്നവനും കേൾക്കുന്നവനും അറിയുന്നവനുമായ അല്ലാഹുവിൻെറ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ടാണല്ലോ അയാളുടെ കർമങ്ങൾ.

ആളുകളെ കാണിക്കാനായി കർമങ്ങൾ ചെയ്യുന്നവർ പിശാചിൻെറ കൂട്ടുകാരാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾവഴി കാര്യമൊന്നുമുണ്ടാവുകയില്ലെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

وَٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُونَ بِٱللَّهِ وَلَا بِٱلْيَوْمِ ٱلْءَاخِرِ ۗ وَمَن يَكُنِ ٱلشَّيْطَٰنُ لَهُۥ قَرِينًا فَسَآءَ قَرِينًا ● وَمَاذَا عَلَيْهِمْ لَوْ ءَامَنُوا۟ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَأَنفَقُوا۟ مِمَّا رَزَقَهُمُ ٱللَّهُ ۚ وَكَانَ ٱللَّهُ بِهِمْ عَلِيمًا ● إِنَّ ٱللَّهَ لَا يَظْلِمُ مِثْقَالَ ذَرَّةٍ ۖ وَإِن تَكُ حَسَنَةً يُضَٰعِفْهَا وَيُؤْتِ مِن لَّدُنْهُ أَجْرًا عَظِيمًا

“ജനങ്ങളെ കാണിക്കുവാനായി തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നവനും, അല്ലാഹുവിലോ അന്ത്യദിനത്തിലോ വിശ്വാസമില്ലാത്തവരുമാണ് അവർ. പിശാചാണ് ഒരാളുടെ കൂട്ടാളിയാകുന്നതെങ്കിൽ അവൻ എത്ര ദുഷിച്ച ഒരു കൂട്ടുകാരൻ. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, അല്ലാഹു അവർക്ക് നൽകിയതിൽനിന്ന് ചെലവഴിക്കുകയും ചെയ്തുപോയാൽ അവർക്ക് എന്തൊരു ദോഷമാണുള്ളത്? അല്ലാഹു അവരെ പറ്റി നന്നായി അറിയുന്നവനാകുന്നു. തീർച്ചയായും അല്ലാഹു ഒരണുവോളം അനീതി കാണിക്കുകയില്ല. വല്ല നന്മയുമാണുള്ളതെങ്കിൽ അതവൻ ഇരട്ടിച്ച് കൊടു

ക്കുകയും അവൻെറപക്കൽനിന്നുള്ള വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്” (4:38-40).

وَلَا تَكُونُواْ كَٱلَّذِينَ خَرَجُواْ مِن دِيَٰرِهِم بَطَرًا وَرِئَآءَ ٱلنَّاسِ وَيَصُدُّونَ عَن سَبِيلِ ٱللَّهِۚ وَٱللَّهُ بِمَا يَعۡمَلُونَ مُحِيطٞ

“ഗർവോടുകൂടിയും, ജനങ്ങളെ കാണിക്കാൻവേണ്ടിയും, അല്ലാഹുവിൻെറ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടഞ്ഞുനിർത്താൻവേണ്ടിയും തങ്ങളുടെ വീടുകളിൽനിന്ന് ഇറങ്ങിപ്പുറപ്പെട്ടവരെപോലെ നിങ്ങൾ ആകരുത്. അല്ലാഹു അവൻ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു” (8:47).

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُبۡطِلُواْ صَدَقَٰتِكُم بِٱلۡمَنِّ وَٱلۡأَذَىٰ كَٱلَّذِي يُنفِقُ مَالَهُۥ رِئَآءَ ٱلنَّاسِ وَلَا يُؤۡمِنُ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۖ فَمَثَلُهُۥ كَمَثَلِ صَفۡوَانٍ عَلَيۡهِ تُرَابٞ فَأَصَابَهُۥ وَابِلٞ فَتَرَكَهُۥ صَلۡدٗاۖ لَّا يَقۡدِرُونَ عَلَىٰ شَيۡءٖ مِّمَّا كَسَبُواْۗ وَٱللَّهُ لَا يَهۡدِي ٱلۡقَوۡمَ ٱلۡكَٰفِرِينَ

“സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞുകൊണ്ടും, ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കി കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവഴിക്കുന്നവരെപോലെ നിങ്ങൾ ആകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിൻെറ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയുകയില്ല. അല്ലാഹു സത്യനിഷേധികളായ ഒരു ജനതയെ നേർവഴിയിലാക്കുകയില്ല” (2:264).



لَا تَحۡسَبَنَّ ٱلَّذِينَ يَفۡرَحُونَ بِمَآ أَتَواْ وَّيُحِبُّونَ أَن يُحۡمَدُواْ بِمَا لَمۡ يَفۡعَلُواْ فَلَا تَحۡسَبَنَّهُم بِمَفَازَةٖ مِّنَ ٱلۡعَذَابِۖ وَلَهُمۡ عَذَابٌ أَلِيمٞ

“തങ്ങൾ ചെയ്തതിൽ സന്തോഷം കൊള്ളുകയും, ചെയ്തിട്ടില്ലാത്ത കാര്യത്തിൻെറ പേരിൽ പ്രശംസിക്കപ്പെടാൻ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആ വിഭാഗത്തെപറ്റി അവർ ശിക്ഷയിൽനിന്ന് മുക്തമായ അവസ്ഥയിലാണെന്ന് നീ വിചാരിക്കരുത്. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്” (3:188).

ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി കർമങ്ങൾ ചെയ്യുന്നത് ചെറിയ ശിർക്കാണെന്നാണ് പ്രവാചകൻ (ﷺ) പഠിപ്പിച്ചിട്ടുള്ളത്.

عَنْ مَحْمُودِ بْنِ لَبِيدٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ أَخْوَفَ مَا أَخَافُ عَلَيْكُمْ الشِّرْكُ الْأَصْغَرُ قَالُوا يَا رَسُولَ اللَّهِ وَمَا الشِّرْكُ الْأَصْغَرُ قَالَ الرِّيَاءُ إِنَّ اللَّهَ تَبَارَكَ وَتَعَالَى يَقُولُ يَوْمَ تُجَازَى الْعِبَادُ بِأَعْمَالِهِمْ اذْهَبُوا إِلَى الَّذِينَ كُنْتُمْ تُرَاءُونَ بِأَعْمَالِكُمْ فِي الدُّنْيَا فَانْظُرُوا هَلْ تَجِدُونَ عِنْدَهُمْ جَزَاءً

“മഹ്മൂദുബ്നു ലബീദ് (رضي الله عنه) നിവേദനം: നബി (ﷺ) പറഞ്ഞു: നിങ്ങ ളുടെമേൽ ഞാൻ ഏറ്റവുമധികം ഭയപ്പെടുന്നത് ചെറിയ ശിർക്കാണ് (ശിർക്കുൽ അസ്ഗർ). അവർ ചോദിച്ചു: പ്രവാചകരേ, എന്താണ് ചെറിയ ശിർക്ക്? അദ്ദേഹം പ്രതിവചിച്ചു: ലോകമാന്യം, അടിമകൾക്ക് അവരുടെ കർമങ്ങൾക്ക് പ്രതിഫലം നൽകുന്ന നാളിൽ ആളുകളെ കാണിക്കാനായി കർമങ്ങൾ ചെയ്തവരോട് അല്ലാഹു പറയും, ആരു ടെ പ്രീതിക്ക് വേണ്ടിയാണോ നിങ്ങൾ കർമങ്ങൾ ചെയ്തത് അവരു ടെ അടുക്കൽനിന്ന് വല്ലതും ലഭിക്കുമോ എന്ന് നോക്കുക” (മുസ്നദ് അഹ്മദ്, ഹദീഥ്: 22528).

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ اللَّهُ تَبَارَكَ وَتَعَالَى أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ مَنْ

عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي تَرَكْتُهُ وَشِرْكَهُ

“അബൂഹുറയ്റ (رضي الله عنه) നിവേദനം: എന്നിൽ പങ്കുചേർത്തവരുടെ പങ്ക് ചേർക്കലിൽനിന്നെല്ലാം ഞാൻ മുക്തനാണെന്നും അതിനാൽ ആരെങ്കിലും വല്ല പ്രവൃത്തിയിലും എന്നോടൊപ്പം മറ്റാരെയെങ്കിലും പങ്കുചേർത്താൽ അവനെയും അവൻ പങ്കുചേർത്തതിനെയും ഞാൻ നിരാകരിക്കുമെന്നും അല്ലാഹു അറിയിച്ചതായി പ്രവാചകൻ (ﷺ) പറഞ്ഞിരിക്കുന്നു” (സ്വഹീഹു മുസ്ലിം, ഹദീഥ്:5300).

താൻ ചെയ്യുന്ന സൽകർമങ്ങൾക്കുള്ള പ്രതിഫലം അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കുന്നവനാണ് സത്യവിശ്വാസി. ജനങ്ങളിൽനിന്നുള്ള സൽപേരിന് വേണ്ടി കർമങ്ങൾ ചെയ്യുന്നവർ പരസ്യമായി കർമങ്ങൾ ചെയ്യാനാണ് ഇഷ്ടപ്പെടുക. ആളുകൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ മാത്രമെ അയാൾക്ക് ചെയ്യാനാകൂ. ഭൂരിപക്ഷം ഒരു തിന്മക്ക് കൂട്ടുനിൽക്കുന്നവരാണെങ്കിൽ അയാളും പ്രസ്തുത തിന്മക്ക് കൂട്ടുനിൽക്കേണ്ടിവരും. ആളുകളെ കാണാതെ രഹസ്യമായി തിന്മകൾ ചെയ്യുവാൻ അയാൾക്ക് യാതൊരു വൈമനസ്യവുമുണ്ടാവുകയില്ല. അതുകൊണ്ടുതന്നെ ലോകമാന്യം തീരെയില്ലാതെയാവണം സൽകർമങ്ങൾ ചെയ്യേണ്ടതെന്നും മനസുകൾക്കകത്തെ വിചാരങ്ങളെ കുറിച്ച് കൃത്യമായി അറിയാവുന്ന അല്ലാഹുവിൽ നിന്നുള്ള പ്രതിഫലമായിരിക്കണം കാംക്ഷിക്കേണ്ടതെന്നുമാണ് ഇസ്ലാം നിഷ്കർഷിക്കുന്നത്. തൗഹീദ് ഉൾക്കൊണ്ടവർക്ക് മാത്രമെ ലോകമാന്യത്തിനുവേണ്ടിയല്ലാതെ സൽകർമങ്ങൾ ചെയ്യാനാകൂ.

ആളുകളെ കാണിക്കാനായി കർമങ്ങൾ ചെയ്തവർ പ്രതിഫല നാളിൽ ദൈവകോപത്തിന് വിധേയമാകുമെന്നും പാപികളോടൊപ്പം നരകത്തിൽ ഏറിയപ്പെടുമെന്നുമാണ് പ്രവാചകൻ (ﷺ) പഠിപ്പിച്ചിരിക്കുന്നത്.

عَنْ أَبِي هُرَيْرَةَ فَقَالَ لَهُ نَاتِلُ أَهْلِ الشَّامِ أَيُّهَا الشَّيْخُ حَدِّثْنَا حَدِيثًا سَمِعْتَهُ مِنْ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ نَعَمْ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ أَوَّلَ النَّاسِ يُقْضَى يَوْمَ الْقِيَامَةِ عَلَيْهِ رَجُلٌ اسْتُشْهِدَ فَأُتِيَ بِهِ فَعَرَّفَهُ



نِعَمَهُ فَعَرَفَهَا قَالَ فَمَا عَمِلْتَ فِيهَا قَالَ قَاتَلْتُ فِيكَ حَتَّى اسْتُشْهِدْتُ قَالَ كَذَبْتَ وَلَكِنَّكَ قَاتَلْتَ لِأَنْ يُقَالَ جَرِيءٌ فَقَدْ قِيلَ ثُمَّ أُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ حَتَّى أُلْقِيَ فِي النَّارِ وَرَجُلٌ تَعَلَّمَ الْعِلْمَ وَعَلَّمَهُ وَقَرَأَ الْقُرْآنَ فَأُتِيَ بِهِ فَعَرَّفَهُ نِعَمَهُ فَعَرَفَهَا قَالَ فَمَا عَمِلْتَ فِيهَا قَالَ تَعَلَّمْتُ الْعِلْمَ وَعَلَّمْتُهُ وَقَرَأْتُ فِيكَ الْقُرْآنَ قَالَ كَذَبْتَ وَلَكِنَّكَ تَعَلَّمْتَ الْعِلْمَ لِيُقَالَ عَالِمٌ وَقَرَأْتَ الْقُرْآنَ لِيُقَالَ هُوَ قَارِئٌ فَقَدْ قِيلَ ثُمَّ أُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ حَتَّى أُلْقِيَ فِي النَّارِ وَرَجُلٌ وَسَّعَ اللَّهُ عَلَيْهِ وَأَعْطَاهُ مِنْ أَصْنَافِ الْمَالِ كُلِّهِ فَأُتِيَ بِهِ فَعَرَّفَهُ نِعَمَهُ فَعَرَفَهَا قَالَ فَمَا عَمِلْتَ فِيهَا قَالَ مَا تَرَكْتُ مِنْ سَبِيلٍ تُحِبُّ أَنْ يُنْفَقَ فِيهَا إِلَّا أَنْفَقْتُ فِيهَا لَكَ قَالَ كَذَبْتَ وَلَكِنَّكَ فَعَلْتَ لِيُقَالَ هُوَ جَوَادٌ فَقَدْ قِيلَ ثُمَّ أُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ ثُمَّ أُلْقِيَ فِي النَّارِ

“അബൂഹുറയ്റ (رضي الله عنه) നിവേദനം: നബി (ﷺ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. അന്ത്യദിനത്തിൽ ആദ്യമായി വിധി കൽപിക്കപ്പെടുക രക്തസാക്ഷ്യം വരിച്ചയാളുടെ കാര്യത്തിലാണ്. അങ്ങനെ അയാളെ കൊണ്ടുവന്ന് അയാൾക്ക് നൽകിയ അനുഗ്രഹങ്ങൾ അയാളെ അറിയിക്കുകയും അത് അയാൾ മനസ്സിലാക്കുകയും ചെയ്യും. അപ്പോൾ, താങ്കൾ അത് എങ്ങനെ വിനിയോഗിച്ചുവെന്ന് അല്ലാഹു അന്വേഷിക്കും. രക്തസാക്ഷിത്വം വരിക്കുവോളം നിൻെറ മാർഗത്തിൽ യുദ്ധം ചെയ്തുവെന്ന് അയാൾ പറയും. ഉടനെ അല്ലാഹു പറയും:‘ നീ കള്ളം പറയുകയാണ്. ധീരനെന്ന് പറയപ്പെടാൻ വേണ്ടിയാണ് നീ യുദ്ധം ചെയ്തത്. അത് സംഭവിക്കുകയും ചെയ്തിട്ടുണ്ടല്ലോ.’ പിന്നീട് അയാൾ ശിക്ഷിക്കാൻ വിധിക്കപ്പെടുകയും മുഖം നിലത്തിട്ട് വലിച്ച് നരകത്തിൽ എറിയപ്പെടുകയും ചെയ്യും. വിജ്ഞാനം നേടുകയും അത് മറ്റുള്ളവരെ പഠിപ്പിക്കുകയും ഖുർആൻ പാരായണം നടത്തുകയും ചെയ്ത ആൾ ഹാജരാക്കപ്പെടും. അയാൾക്ക് നൽകിയ അനുഗ്രഹ

ങ്ങൾ അയാളെ അറിയിക്കുകയും അത് അയാൾക്ക് ബോധ്യമാവുകയും ചെയ്യും. അപ്പോൾ അത് എന്തിനുവേണ്ടി വിനിയോഗിച്ചുവെന്ന് അല്ലാഹു ചോദിക്കും: 'ഞാൻ നിനക്കുവേണ്ടി വിജ്ഞാനം നേടുകയും അത് അഭ്യസിപ്പിക്കുകയും ഖുർആൻ പാരായണം നടത്തുകയും ചെയ്തു'വെന്ന് അയാൾ പറയും. ഉടനെ അല്ലാഹു പറയും: നീ കള്ളം പറയുകയാണ്. പണ്ഡിതനെന്ന് ആളുകൾ പറയാൻ വേണ്ടിയാണ് നീ പഠിച്ചത്. ഓത്തുകാരൻ എന്ന് വിശേഷിപ്പിക്കപ്പെടാനാണ് നീ ഖുർആൻ പാരായണം ചെയ്തത്. അതെല്ലാം സംഭവിക്കുകയും ചെയ്തിട്ടുണ്ടല്ലോ'. അങ്ങനെ അയാൾക്ക് ശിക്ഷ വിധിക്കപ്പെടുകയും മുഖം നിലത്ത് വലിച്ചിഴച്ച് നരകത്തിൽ എറിയപ്പെടുകയും ചെയ്യും. അല്ലാഹു സാമ്പത്തിക സൗകര്യം ചെയ്തുകൊടുക്കുകയും വിവിധയിനം ധനം നൽകുകയും ചെയ്ത ആളെ ഹാജരാക്കും. അയാൾക്ക് നൽകിയ അനുഗ്രഹങ്ങൾ ബോധ്യപ്പെടുത്തുകയും അത് അയാൾക്ക് മനസ്സിലാവുകയും ചെയ്യും. പിന്നീട് അവയെല്ലാം ഏത് മാർഗത്തിലാണ് വിനിയോഗിച്ചതെന്ന് അല്ലാഹു ആരായും. ചെലവഴിക്കാൻ നീ ഇഷ്ടപ്പെടുന്ന ഒരു മാർഗവും ഞാൻ ചെലവഴിക്കാതെ വിട്ടിട്ടില്ലെന്ന് അയാൾ മറുപടി പറയും. അപ്പോൾ അല്ലാഹു പറയും: 'നീ കളവ് പറയുകയാണ്. വലിയ ധർമിഷ്ഠനെന്ന പേര് ലഭിക്കാനാണ് നീ അത് ചെയ്തത്. നിനക്ക് അത് കിട്ടുകയും ചെയ്തിട്ടുണ്ട്'. അങ്ങനെ അയാൾക്കെതിരെ കൽപന നൽകുകയും മുഖം വലിച്ചിഴച്ച് അയാളെ നരകത്തിലെറിയുകയും ചെയ്യും" (സ്വഹീഹു മുസ്‌ലിം, ഹദീഥ്: 3527)

രഹസ്യമായും പരസ്യമായും സൽകർമങ്ങളിൽ നിരതമായിരിക്കും തൗഹീദ് ഉൾക്കൊണ്ടവന്റെ ജീവിതം. അവൻ അഗതികളെ സംരക്ഷിക്കും; അനാഥകൾക്ക് താങ്ങായിത്തീരും; പ്രയാസപ്പെടുന്നവർക്ക് ആശ്വാസമേകും. ഇതൊന്നുമില്ലാതെ ലോകമാന്യം മാത്രം ലാക്കാക്കി കേവലം ആരാധനാകർമങ്ങൾ മാത്രം അനുഷ്ഠിക്കുന്നത് മതനിഷേധമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അത്തരമാളുകളുടെ അനുഷ്ഠാനകർമങ്ങൾ പോലും ജനങ്ങളെ കാണിക്കുവാൻ വേണ്ടിയായിരിക്കുമെന്നും അവ ർക്ക് മതം കേവലം മേൽവിലാസം മാത്രമാണെന്നും ഖുർആൻ സൂചിപ്പിക്കുന്നുണ്ട്:



أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ● فَذَٰلِكَ ٱلَّذِى يَدُعُّ ٱلْيَتِيمَ ● وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ● فَوَيْلٌ لِّلْمُصَلِّينَ ● ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ● ٱلَّذِينَ هُمْ يُرَآءُونَ ● وَيَمْنَعُونَ ٱلْمَاعُونَ

"മതത്തെ വ്യാജമാക്കുന്നവനാരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുകയും, പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവനത്രെ അത്. എന്നാൽ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും, ജനങ്ങളെ കാണിക്കാൻവേണ്ടി പ്രവർത്തിക്കുന്നവരും, പരോപകാരവസ്തുക്കൾ മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം" (107:1-7).

# 18

# അല്ലാഹുവിൽ ഭരമേൽപിക്കുക!

വിശ്വാസം വ്യക്തികളുടെ മനോഘടനയിലും വർത്തനങ്ങളിലും സാരമായ സ്വാധീനം ചെലുത്തുന്നുണ്ട്. വിശ്വാസത്തിനുള്ള അറബി പദമാണ് ഈമാൻ. 'അമ്ന്' എന്ന ശബ്ദധാതുവിൽനിന്നാണ് ഈമാൻ നിഷ്പന്നമായിരിക്കുന്നത്. വിശ്വസ്തത, സുരക്ഷിതത്വം, നിർഭയത്വം എന്നിങ്ങനെയാണ് 'അമ്ന്' എന്ന പദത്തിനർഥം. 'അമ്ന് നൽകുക' അല്ലെങ്കിൽ 'അമ്ന് ഉണ്ടാക്കുക'യെന്നാണ് ഈമാനിൻെറ ഭാഷാപരമായ അർഥം. യഥാർഥത്തിലുള്ള വിശ്വാസം മനുഷ്യരെ നിർഭയത്വത്തിലേക്കും സുരക്ഷിതത്വത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുമെന്ന വസ്തുത 'ഈമാൻ' എന്ന പദത്തിൻെറ ഉൽപത്തിതന്നെ വ്യക്തമാക്കുന്നു.

ഇസ്‌ലാമിക വിശ്വാസത്തിൻെറ അടിത്തറ തൗഹീദാണെന്ന് പറഞ്ഞല്ലോ. തൗഹീദാണ് ഈമാൻ. തൗഹീദിലധിഷ്ഠിതമായ വിശ്വാസത്തിനു മാത്രമേ ഈമാൻ എന്ന പദത്തെ അന്വർഥമാക്കാനാവൂ. അല്ലാഹുവിനെക്കുറിച്ച കൃത്യവും കളങ്കരഹിതവും പ്രമാണബദ്ധവുമായ അറിവിലൂടെയാണ് ഒരാൾ നിർഭയനും സുരക്ഷിതത്വബോധമുള്ളവനും വിശ്വസ്തനുമായിത്തീരുകയെന്ന യാഥാർഥ്യം നിഷേധിക്കാനാവില്ല.



സർവശക്തനും പരമകാരുണികനും സർവജ്ഞനുമായ അല്ലാഹുവിൻെറ സൃഷ്ടികളാണ് താനടക്കമുള്ള സർവരുമെന്നും അവൻെറ അലംഘനീയമായ വ്യവസ്ഥക്ക് വിധേയമായാണ് സകലതും സംഭവിക്കുന്നതെന്നും ദൃഢമായി വിശ്വസിക്കുന്ന ഒരാളുടെ മനസ്സിലേക്ക് അരക്ഷിതാവസ്ഥയും നിരാശാബോധവും കടന്നുവരുന്നതെങ്ങനെ? കരുണാവാരിധിയായ തമ്പുരാൻെറ സംരക്ഷണത്തിലാണ് താൻ ജീവിക്കുന്നതെന്നും അവൻെറ അറിവിന് പുറത്ത് യാതൊന്നുമില്ലെന്നും അവൻ എന്തിനും കഴിവുള്ളവനാണെന്നുമുള്ള വിശ്വാസം യഥാരൂപത്തിൽ ഹൃദയത്തിലേക്ക് സന്നിവേശിപ്പിക്കാൻ കഴിഞ്ഞാൽ അനുഭവിക്കാനാകുന്ന നിർഭയത്വം അതുല്യമായിരിക്കും. അല്ലാഹുവിൻെറ സംരക്ഷണം ലഭിച്ചാൽ പിന്നെ യാതൊന്നും ഭയപ്പെടേണ്ടതില്ലെന്നതാണല്ലോ വസ്തുത. അവന്നു മാത്രമേ തന്നെ സംരക്ഷിക്കുവാനാകൂവെന്നും അവൻെറ സംരക്ഷണം ലഭിച്ചാൽ പിന്നെ ആരെയും ഭയപ്പെടേണ്ടതില്ലെന്നും അതു ലഭിച്ചില്ലെങ്കിൽ പിന്നെ ആരുടെയും സംരക്ഷണം കൊണ്ട് യാതൊരു കാര്യവുമില്ലെന്നും അറിയുന്ന മുസ്‌ലിം എല്ലാതരം ഉത്കണ്ഠകളിൽനിന്നും മുക്തനായിരിക്കും. താൻ പിന്തുടരുന്നത് ദൈവികമാർഗദർശനമാണെന്നും അതുകൊണ്ടുതന്നെ പരമകാരുണികനും നീതിമാനുമായവൻ തന്നെ അരക്ഷിതത്വത്തിലേക്ക് തള്ളിവിടുകയില്ലെന്നുമുള്ള ബോധം വഴി അനുഭവിക്കാനാവുന്ന മനസ്സമാധാനം അവാച്യമാണ്. അഥവാ, തൻെറ ജീവിതത്തിൽ വല്ല പ്രതിസന്ധികളോ പ്രയാസങ്ങളോ നേരിടേണ്ടിവന്നാൽ പോലും അത് കരുണാനിധിയായ തമ്പുരാൻെറ പരീക്ഷണമാണെന്ന് തിരിച്ചറിയുകയും ആത്യന്തികമായി അവ പോലും തനിക്ക് നന്മയായി മാത്രമേ ഭവിക്കൂവെന്ന് വിശ്വസിക്കുകയും ചെയ്യുന്ന മുസ്‌ലിമിനെ നിരാശയോ അരക്ഷിതബോധമോ ബാധിക്കുകയില്ലെന്നുറപ്പാണ്.

തൗഹീദ് എങ്ങനെയാണ് ഒരാളെ നിർഭയനും അല്ലാഹുവിൻെറ സുരക്ഷിതത്വത്തിൽ ഭരമേൽപിക്കുന്നവനുമാക്കിത്തീർക്കുകയെന്ന് ഇബ്രാഹീം നബി (عليه السلام)യുടെ ചരിത്രം വ്യക്തമാക്കുന്നുണ്ട്. പ്രപഞ്ചത്തിൻെറയും പ്രകൃതിയുടെയും ഏകനായ വിധാതാവിൽ വിശ്വസിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം വിഗ്രഹങ്ങളെയോ വ്യാജദൈവങ്ങളെയോ സിദ്ധന്മാരെയോ ഒന്നും ഭയപ്പെടേണ്ട കാര്യമില്ല. സംഭവിക്കുന്നതെല്ലാം ദൈവികവ്യവസ്ഥയുടെ അലംഘനീയമായ

വിധിപ്രകാരമുള്ള കാര്യങ്ങളാണെന്നും തൻെറ ചെയ്തികൾ ശരിയാണെങ്കിൽ പിന്നെ സ്രഷ്ടാവിനെയല്ലാതെ മറ്റാരെയും താൻ ഭയക്കേണ്ടതില്ലെന്നുമുള്ള ബോധമാണ് വിഗ്രഹപൂജകരെ വെല്ലുവിളിക്കുവാനും നക്ഷത്രാരാധകരുമായി സംവദിക്കാനും ചക്രവർത്തിയോടുപോലും ഒട്ടും കൂസലില്ലാതെ സത്യം തുറന്നുപറയാനുമുള്ള ധൈര്യം ഇബ്രാഹിമിന് നൽകിയത്. അഗ്നി പരീക്ഷകളെ പോലും യാതൊരു സങ്കോചവുമില്ലാതെ നേരിടാൻ അദ്ദേഹത്തെ പര്യാപ്തമാക്കിയതും ഈ വിശ്വാസദാർഢ്യംതന്നെ. നാലു സഹസ്രാബ്ദങ്ങൾക്കുമുമ്പ് തൗഹീദ് എങ്ങനെയാണ് ഒരാളെ നിർഭയനാക്കിയതെന്ന് വ്യക്തമാക്കുന്ന ഖുർആൻ സൂക്തങ്ങൾ നോക്കുക:

وَحَآجَّهُۥ قَوْمُهُۥ ۚ قَالَ أَتُحَـٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ ۚ وَلَآ أَخَافُ مَا
تُشْرِكُونَ بِهِۦٓ إِلَّآ أَن يَشَآءَ رَبِّى شَيْـًٔا ۗ وَسِعَ رَبِّى كُلَّ شَىْءٍ
عِلْمًا ۗ أَفَلَا تَتَذَكَّرُونَ ● وَكَيْفَ أَخَافُ مَآ أَشْرَكْتُمْ وَلَا
تَخَافُونَ أَنَّكُمْ أَشْرَكْتُم بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ عَلَيْكُمْ سُلْطَـٰنًا ۚ
فَأَىُّ ٱلْفَرِيقَيْنِ أَحَقُّ بِٱلْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ

"അദ്ദേഹത്തിൻെറ ജനത അദ്ദേഹവുമായി തർക്കത്തിലേർപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ കാര്യത്തിൽ നിങ്ങളെന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കയാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്ന യാതൊന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എൻെറ രക്ഷിതാവ് ഉദ്ദേശിക്കുന്നതെന്തോ അതല്ലാതെ (സംഭവിക്കുകയില്ല). എൻെറ രക്ഷിതാവിൻെറ ജ്ഞാനം സർവകാര്യങ്ങളെയും ഉൾക്കൊള്ളാൻ മാത്രം വിപുലമായിരിക്കുന്നു.നിങ്ങളെന്താണ് ആലോചിച്ചുനോക്കാത്തത്? നിങ്ങൾ (അല്ലാഹുവോട്) പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്കുചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ? (പറയൂ;) നിങ്ങ



ൾക്കറിയാമെങ്കിൽ" (6:80-81).

فَلَمَّا جَنَّ عَلَيْهِ ٱلَّيْلُ رَءَا كَوْكَبًا ۖ قَالَ هَـٰذَا رَبِّى ۖ فَلَمَّآ أَفَلَ قَالَ لَآ
أُحِبُّ ٱلْـَٔافِلِينَ ● فَلَمَّا رَءَا ٱلْقَمَرَ بَازِغًا قَالَ هَـٰذَا رَبِّى ۖ فَلَمَّآ
أَفَلَ قَالَ لَئِن لَّمْ يَهْدِنِى رَبِّى لَأَكُونَنَّ مِنَ ٱلْقَوْمِ ٱلضَّآلِّينَ ●
فَلَمَّا رَءَا ٱلشَّمْسَ بَازِغَةً قَالَ هَـٰذَا رَبِّى هَـٰذَآ أَكْبَرُ ۖ فَلَمَّآ أَفَلَتْ
قَالَ يَـٰقَوْمِ إِنِّى بَرِىٓءٌ مِّمَّا تُشْرِكُونَ ● إِنِّى وَجَّهْتُ وَجْهِىَ لِلَّذِى
فَطَرَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ حَنِيفًا ۖ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

"അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എൻെറ രക്ഷിതാവ്! എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിച്ചുപോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നതുകണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എൻെറ രക്ഷിതാവ്! എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചു തന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽപെട്ടവനായിത്തീരും. അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്!! അങ്ങനെ അതും അസ്തമിച്ചുപോയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽ നിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽപെട്ടവനേ അല്ല. " (6:76-79).

أَلَمْ تَرَ إِلَى ٱلَّذِى حَآجَّ إِبْرَٰهِـۧمَ فِى رَبِّهِۦٓ أَنْ ءَاتَىٰهُ ٱللَّهُ ٱلْمُلْكَ إِذْ
قَالَ إِبْرَٰهِـۧمُ رَبِّىَ ٱلَّذِى يُحْىِۦ وَيُمِيتُ قَالَ أَنَا۠ أُحْىِۦ وَأُمِيتُ ۖ

قَالَ إِبْرَٰهِـۧمُ فَإِنَّ ٱللَّهَ يَأْتِى بِٱلشَّمْسِ مِنَ ٱلْمَشْرِقِ فَأْتِ بِهَا مِنَ
ٱلْمَغْرِبِ فَبُهِتَ ٱلَّذِى كَفَرَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ

“ഇബ്രാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീ അറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്രാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്രാഹീം പറഞ്ഞു: എന്നാൽ, അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (2:258).

فَإِنَّهُمْ عَدُوٌّ لِّىٓ إِلَّا رَبَّ ٱلْعَـٰلَمِينَ ● ٱلَّذِى خَلَقَنِى فَهُوَ يَهْدِينِ ●
وَٱلَّذِى هُوَ يُطْعِمُنِى وَيَسْقِينِ ● وَإِذَا مَرِضْتُ فَهُوَ يَشْفِينِ ●
وَٱلَّذِى يُمِيتُنِى ثُمَّ يُحْيِينِ ● وَٱلَّذِىٓ أَطْمَعُ أَن يَغْفِرَ لِى خَطِيٓـَٔتِى
يَوْمَ ٱلدِّينِ

“എന്നാൽ, അവർ (ദൈവങ്ങൾ) എന്റെ ശത്രുക്കളാകുന്നു; ലോകരക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ. പ്രതിഫലത്തിന്റെ നാളിൽ ഏതൊരുവൻ എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നുവോ അവൻ” (26:77-82).

ശുദ്ധമായ ഏകദൈവ വിശ്വാസംവഴി സംസ്കരിക്കപ്പെടുകയും അല്ലാഹുവിൽ സകലതും ഭരമേൽപിക്കുകവഴി നിർഭയനാവുകയും ചെയ്ത ഇബ്രാഹീം (ﷺ) തന്റെ പ്രബോധന പാതയിൽ നേരിടേണ്ടിവന്ന അഗ്നി പരീക്ഷയെപോലും മനസ്സ് അൽപംപോലും ചഞ്ചലപ്പെടാതെയാണ് നേരിട്ടത്:



قَالَ أَفَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُكُمْ شَيْـًٔا وَلَا
يَضُرُّكُمْ ● أُفٍّ لَّكُمْ وَلِمَا تَعْبُدُونَ مِن دُونِ ٱللَّهِ ۖ أَفَلَا تَعْقِلُونَ
● قَالُوا۟ حَرِّقُوهُ وَٱنصُرُوٓا۟ ءَالِهَتَكُمْ إِن كُنتُمْ فَـٰعِلِينَ ● قُلْنَا
يَـٰنَارُ كُونِى بَرْدًا وَسَلَـٰمًا عَلَىٰٓ إِبْرَٰهِيمَ ● وَأَرَادُوا۟ بِهِۦ كَيْدًا
فَجَعَلْنَـٰهُمُ ٱلْأَخْسَرِينَ

“അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുകയാണോ. നിങ്ങളുടെയും, അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യംതന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ? അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും, നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക. നാം പറഞ്ഞു: തീയേ, നീ ഇബ്രാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടംപറ്റിയവരാക്കുകയാണ് നാം ചെയ്തത്” (21:66-70).

قَالُوا۟ ٱبْنُوا۟ لَهُۥ بُنْيَـٰنًا فَأَلْقُوهُ فِى ٱلْجَحِيمِ ● فَأَرَادُوا۟ بِهِۦ كَيْدًا
فَجَعَلْنَـٰهُمُ ٱلْأَسْفَلِينَ وَقَالَ ● إِنِّى ذَاهِبٌ إِلَىٰ رَبِّى سَيَهْدِينِ

“അവർ (അന്യോന്യം) പറഞ്ഞു: നിങ്ങൾ അവന്ന് (ഇബ്രാഹീമിന്) വേണ്ടി ഒരു ചൂള പണിയുക. എന്നിട്ട് അവനെ ജ്വലിക്കുന്ന അഗ്നിയിൽ ഇട്ടേക്കുക. അങ്ങനെ അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം ഉദ്ദേശിച്ചു. എന്നാൽ നാം അവരെ ഏറ്റവും അധമന്മാരാക്കുകയാണ് ചെയ്തത്. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പോവുകയാണ്. അവൻ എനിക്ക് വഴി

കാണിക്കുന്നതാണ്" (37:97-99).

عَنِ ابْنِ عَبَّاسٍ ( حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ ) قَالَهَا إِبْرَاهِيمُ عَلَيْهِ السَّلَام حِينَ أُلْقِيَ فِي النَّارِ وَقَالَهَا مُحَمَّدٌ صَلَّى اللَّه عَلَيْهِ وَسَلَّمَ حِينَ قَالُوا ( إِنَّ النَّاسَ قَدْ جَمَعُوا لَكُمْ فَاخْشَوْهُمْ فَزَادَهُمْ إِيمَانًا وَقَالُوا حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ )

"ഇബ്നു അബ്ബാസ് (رضي الله عنه) നിവേദനം: 'ഞങ്ങൾക്ക് അല്ലാഹു മതി, ഭരമേൽപിക്കപ്പെടുന്നവരിൽ ഉത്തമൻ അവനത്രെ. ഇബ്രാഹിം (عليه السلام) അഗ്നികുണ്ഡത്തിലേക്ക് എറിയപ്പെട്ടപ്പോൾ പറഞ്ഞ വാക്യമാണിത്:' 'ശത്രുക്കൾ നിങ്ങൾക്കെതിരെ സംഘടിച്ചിരിക്കുന്നു. അതിനാൽ, നിങ്ങൾ അവരെ പേടിച്ചുകൊള്ളുക'യെന്ന് അവർ പറഞ്ഞപ്പോൾ മുഹമ്മദ് നബി (ﷺ) യും ഇതുതന്നെ പറഞ്ഞു. അത് സത്യവിശ്വാസികളുടെ വിശ്വാസം വർധിപ്പിക്കുകയും ചെയ്തു. അവർ പ്രഖ്യാപിച്ചു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കപ്പെടുന്നവനിൽ അത്യുത്തമൻ അവനത്രെ" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4197).

സ്രഷ്ടാവിനെക്കുറിച്ച കേവലബോധം വഴിയല്ല മനുഷ്യമനസ്സിൽ സമാധാനവും നിർഭയത്വവും ശാന്തിയുമുണ്ടാവുക. ഒരു സ്രഷ്ടാവിനെക്കുറിച്ച ബോധം വളരെ ചെറിയ ഒരു ന്യൂനപക്ഷത്തിനൊഴിച്ച് മറ്റെല്ലാ മനുഷ്യരിലുമുണ്ട്. ഭൗതികവാദികൾ എന്നു സ്വയം വിശേഷിപ്പിക്കുന്ന ഈ ന്യൂനപക്ഷത്തിനുപോലും ഹൃദയാന്തർഭാഗത്തുനിന്ന് ദൈവവിശ്വാസത്തെ പുറംതള്ളാനാവുന്നില്ലെന്ന വസ്തുത അവരുടെ ജീവിതത്തിലെ സന്ദിഗ്ധഘട്ടങ്ങളിലെ പ്രഗൽഭരുടെ പ്രതികരണങ്ങൾ വ്യക്തമാക്കിയിട്ടുണ്ടെന്ന് നാം മനസ്സിലാക്കിയല്ലോ. സ്രഷ്ടാവിനെക്കുറിച്ച കേവലബോധമല്ല പ്രത്യുത അവനെ അറിയേണ്ടതുപോലെ അറിയുകയും അവന് മാത്രം അർപ്പിക്കേണ്ട ആരാധനകൾ അവന്നു മാത്രം അർപ്പിക്കുകയും അവനിൽ കാര്യങ്ങളെല്ലാം ഭരമേൽപിക്കുകയും ചെയ്യുമ്പോൾ മാത്രമേ പൂർണമായ നിർഭയത്വവും സമാധാനവും മനസ്സിലേക്ക് സ്വാഭാവികമായി സന്നിവേശിക്കുകയുള്ളൂ. അല്ലാഹുവിനെ അവൻ അറിയിച്ചുതന്നതു പ്രകാരം മനസ്സിലാക്കുകയും അവന്റെ മുന്നിൽ മാത്രം തലകുനിക്കുകയും എല്ലാം അവനിൽ സമർപ്പിക്കുകയും ചെയ്തതുവഴി നിർഭയരും



ശാന്തരുമായിത്തീർന്നവർക്ക് ഉദാഹരണമായാണ് ഖുർആൻ ഇബ്രാഹീം (عليه السلام) നബിയുടെ ചരിത്രം വിവരിച്ചുതരുന്നത്.

അല്ലാഹുവിനെക്കുറിച്ച യഥാർഥത്തിലുള്ള അവബോധം വഴി ഒരാൾ നിർഭയനും സുരക്ഷിതത്വബോധമുള്ളവനും വിശ്വസ്തനുമായിത്തീർന്നതുപോലെതന്നെ അവനെക്കുറിച്ച ധാരണപ്പിശകുകളും കൃത്യമായ ബോധമില്ലായ്മയും അവനല്ലാത്തവർക്കുള്ള ആരാധനകളും വഴി ഒരാൾ സ്വാഭാവികമായും ഭയത്തിലും നിരാശയിലും അരക്ഷിതബോധത്തിലുമാണെത്തിച്ചേരുക. ഈ വസ്തുത ഖുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്:

حُنَفَآءَ لِلَّهِ غَيْرَ مُشْرِكِينَ بِهِۦ ۚ وَمَن يُشْرِكْ بِٱللَّهِ فَكَأَنَّمَا خَرَّ مِنَ ٱلسَّمَآءِ فَتَخْطَفُهُ ٱلطَّيْرُ أَوْ تَهْوِى بِهِ ٱلرِّيحُ فِى مَكَانٍ سَحِيقٍ

"വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും, അവനോട് യാതൊന്നും പങ്കു ചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ.) അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടുപോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയിതള്ളുന്നു"(22:31).

അല്ലാഹുവിൽ പങ്കുചേർത്തവരെ ഇവിടെ ഉപമിച്ചിരിക്കുന്നത് ആകാശത്തുനിന്ന് വീണവരോടാണെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. മുകളിൽനിന്ന് വീഴുകയും താഴെ എത്താതിരിക്കുകയും ചെയ്ത ഒരാളുടെ മാനസികാവസ്ഥയെക്കുറിച്ച് ഏറെ വിശദീകരിക്കേണ്ടതില്ല. ഭയവിഹ്വലനായിരിക്കും അവൻ. അവന്റെ ഹൃദയത്തിൽ അരക്ഷിത ബോധം അതിന്റെ പാരമ്യത്തിൽ സ്ഥിതി ചെയ്യുന്നുണ്ടാവും. യഥാർഥ രക്ഷകനിൽനിന്ന് വിട്ടുപോയാൽ ഇതായിരിക്കും മനുഷ്യരുടെ മാനസികാവസ്ഥ. ആകാശത്തെ ഗ്രഹനിലകളെയും ഭൂമിയിലെ ശകുനങ്ങളെയും വ്യാജദൈവങ്ങളെയും സിദ്ധന്മാരെയും എന്തിനധികം ഓരോ അനക്കത്തെയും ഭയപ്പെടുന്നവരായിത്തീരും അവർ. പൂച്ചയുടെ ചാട്ടവും മൂങ്ങയുടെ കരച്ചിലും 'ദൈവ'ങ്ങളുടെ അനിഷ്ടവുമെല്ലാം അവന്റെ ഹൃദയത്തിൽ ഞെട്ടലുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. അങ്ങനെ, അല്ലാഹുവിൽനിന്ന് കൈവിട്ടവരെയാണ് പക്ഷികൾ റാഞ്ചിക്കൊണ്ടുപോവുകയും കാറ്റ് വിദൂരസ്ഥല

ത്തേക്ക് കൊണ്ടുപോവുകയും ചെയ്യുക. സൃഷ്ടിപൂജയിലെത്തിച്ചേർന്നവർ പിന്നെ ആരെയും ആരാധിക്കാൻ സന്നദ്ധരാകും; അവർ എവിടെയൊക്കെയാണ് എത്തിച്ചേരുകയെന്ന് അവർക്കുതന്നെ പറയാനാകില്ല. മനുഷ്യദൈവങ്ങളിൽനിന്ന് മനുഷ്യദൈവങ്ങളിലേക്കും ശവകുടീരങ്ങളിൽനിന്ന് ശവകുടീരങ്ങളിലേക്കുമായിരിക്കും അവരുടെ യാത്ര; ശാന്തിയന്വേഷിച്ച്...

ആത്മീയതയിലേക്കുള്ള പ്രവാഹമായി പലപ്പോഴും വിലയിരുത്തപ്പെടാറുള്ളത് ശാന്തിയന്വേഷിച്ചുള്ള ഈ യാത്രയെയാണ്. ആൾദൈവങ്ങളുടെ ആലയങ്ങളും ശവകുടീര വ്യവസായവും രോഗശാന്തി ശുശ്രൂഷാ കേന്ദ്രങ്ങളും മുളച്ചുപൊങ്ങുന്നതുകണ്ട് മനുഷ്യർ ആത്മീയതയിലേക്ക് മടങ്ങുകയാണെന്ന് കൊട്ടിഘോഷിക്കപ്പെടാറുണ്ട്. തികച്ചും വ്യാജമായ ആത്മീയതയാണിത്. ഭൗതികതയുടെ കച്ചവടതാൽപര്യങ്ങൾക്ക് ആത്മീയതയുടെ മുഖംമൂടിയണിയിക്കുകയാണ് ഇത്തരം കേന്ദ്രങ്ങളെല്ലാമെന്നതാണ് വസ്തുത. ആത്മീയമായ ഉൽകർഷമല്ല, പ്രത്യുത അധഃപതനമാണ് ഇവയൊക്കെ പ്രദാനം ചെയ്യുന്നത്. സ്രഷ്ടാവും സംരക്ഷകനുമായവനു മുന്നിൽ മാത്രം അർപ്പിക്കപ്പെടേണ്ട ആരാധനകൾ സൃഷ്ടികൾക്ക് അർപ്പിക്കുവാനാണ് ഈ കേന്ദ്രങ്ങളെല്ലാം നിമിത്തമാകുന്നത്. ഉത്തമനായ മനുഷ്യനെ സൃഷ്ടികൾക്കു മുന്നിൽ സാഷ്ടാംഗം നമിക്കുന്നവരാക്കിത്തീർത്ത് അധമത്വത്തിലേക്കു നയിക്കുകയാണ് ഇവ ചെയ്യുന്നത്. പാദപൂജയും പാദുകപൂജയും ലിംഗപൂജയും വ്യക്തിപൂജയും ഖബർപൂജയുമെല്ലാം ഈ അധമത്വത്തിൻെറ സന്തതികളാണ്; സർവശക്തനായ സ്രഷ്ടാവിനെ വിട്ടാൽ മനുഷ്യർ എത്തിച്ചേരുന്ന അധഃപതനത്തിനുള്ള ഉദാഹരണങ്ങൾ...

അല്ലാഹുവിൽനിന്ന് കൈവിട്ടുപോവുകവഴി ആകാശത്തിൽനിന്ന് വീണവനെപ്പോലെയായിത്തീരുന്ന മനുഷ്യരെയാണ് ആൾദൈവങ്ങൾക്കും ശവകുടീരങ്ങൾക്കും രോഗശാന്തിശുശ്രൂഷയുടെ കേന്ദ്രങ്ങൾക്കും മുന്നിലെ നീണ്ടവരികളിൽ നമുക്ക് കാണാൻ കഴിയുക. സർവശക്തനിൽ സർവതും ഭരമർപ്പിക്കുന്നതിൽനിന്നുണ്ടാകുന്ന ശാന്തിയിൽനിന്ന് കൈവിട്ടുപോയാൽ എന്തുമാത്രം വലിയ ആശയക്കുഴപ്പത്തിലാണ് മനുഷ്യർ ചെന്ന് ആപതിക്കുകയെന്നറിയാൻ ഇപ്പോൾ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന പത്രമാസികകളിലെ വാരഫലപംക്തികളിലൂടെ കണ്ണോടിച്ചാൽ മതി. ജ്യോതിഷപംക്തികളില്ലാത്ത



ആനുകാലികങ്ങളും ദൃശ്യമാധ്യമങ്ങളും കുറവാണ്. അഭ്യസ്തവിദ്യരും ശാസ്ത്രബോധമുള്ളവരെന്ന് അഭിമാനിക്കുന്നവരുമായ ആളുകളാണ് ഇത്തരം പംക്തികളുടെ സ്ഥിരം ഗുണഭോക്താക്കൾ എന്നതാണ് ഏറെ വിചിത്രം. ആകാശത്തിലെ ഗ്രഹനിലകളാണ് ഭൂമിയിലെ സാമൂഹിക രാഷ്ട്രീയ മാറ്റങ്ങൾക്ക് നിദാനമായി വർത്തിക്കുന്നതെന്ന വിശ്വാസത്തിന് യുക്തിയുടെയോ ബുദ്ധിയുടെയോ പിൻബലമില്ലെന്നതൊന്നും അതിൽ വിശ്വസിക്കുന്ന ബുദ്ധിജീവികൾക്ക് പ്രശ്നമല്ല. ഗ്രഹങ്ങളുടെ എണ്ണം പോലും ശരിയായി അറിയാത്ത ജ്യോതിഷത്തിൻെറ അടിസ്ഥാനത്തിലാണ് തങ്ങളുടെ ഭാഗ്യനിർഭാഗ്യങ്ങൾ നിർണയിക്കുന്നുവെന്ന് കരുതപ്പെടുന്ന 'ഭാഗ്യനക്ഷത്രം' കണക്കാക്കുന്നതെന്ന കാര്യം പോലും ശാസ്ത്രജ്ഞനായ ജ്യോതിഷവിശ്വാസിയുടെ കണ്ണുതുറപ്പിക്കുന്നില്ല. സർവശക്തനായ തമ്പുരാനിൽ നിന്ന് വിട്ടുപോന്ന മനുഷ്യൻെറ അവസ്ഥയാണിത്. ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും ജീവികളെയും അവയുടെ വർത്തനങ്ങളെയുമെല്ലാം ഭയപ്പെട്ട് ജീവിക്കേണ്ട ദുരവസ്ഥ.

ഭീതിയും അരക്ഷിതബോധവുമാണ് മനുഷ്യരെ കപടആത്മീയതയിലേക്ക് നയിക്കുന്നതെന്ന് പറഞ്ഞുവല്ലോ. ആൾദൈവങ്ങളിൽനിന്നും ശവകുടീരങ്ങളിൽനിന്നും ലഭിക്കുന്നുവെന്ന് അവകാശപ്പെടുന്ന ശാന്തിയെയും സമാധാനത്തെയുംകുറിച്ച നിറം പിടിപ്പിച്ച വാർത്തകളിൽ ആകൃഷ്ടരായാണ് ആളുകൾ അങ്ങോട്ട് പ്രവഹിക്കുന്നത്. ഇവയിൽനിന്ന് ലഭിക്കുന്നുവെന്ന് അവകാശപ്പെടുന്ന ശാന്തിയോ സമാധാനമോ ഒരാളുടെയും ജീവിതപ്രശ്നങ്ങളിൽ അയാൾക്കുള്ള അത്താണിയായിത്തീരുകയില്ല. പൈശാചികപ്രേരണയാൽ പെട്ടെന്ന് ലഭിക്കുന്ന ഒരു ഉത്കർഷാനുഭവം മാത്രമാണ് അവയിൽ പലതുമെന്നതാണ് സത്യം. ഒരു ലഹരി മാത്രമാണത്. ജീവിതപ്രശ്നങ്ങളിൽ നട്ടം തിരിയുന്നവർ താൽക്കാലികമായ ആശ്വാസത്തിന് വേണ്ടി സമീപിക്കുന്ന ലഹരിവസ്തുക്കളൊന്നും അവരുടെ പ്രശ്നം യഥാർഥത്തിൽ പരിഹരിക്കുകയല്ല പ്രത്യുത വർധിപ്പിക്കുകയാണ് ചെയ്യുന്നതെന്ന വസ്തുത ഏവർക്കും അറിയാവുന്നതാണ്. ആത്മീയ കേന്ദ്രങ്ങളെന്ന് അവകാശപ്പെടുന്നവയിൽനിന്ന് ലഭിക്കുന്ന ക്ഷിപ്രശാന്തിയുടെ സ്ഥിതിയും മറിച്ചല്ല. അവ മൂലം ആർക്കും നിർഭയത്വമോ സുരക്ഷിതത്വബോധമോ ഉണ്ടാവുന്നില്ല. ഒരു ലഹരിപോലെയുണ്ടാവുന്ന താൽക്കാലികശാന്തി പോലും യഥാർഥത്തിൽ അയാളുടെ

പ്രശ്നങ്ങളും ഭീതിയും അരക്ഷിതബോധവും വർധിപ്പിക്കുകയാണ് ചെയ്യുകയെന്നതാണ് വാസ്തവം.

അല്ലാഹുവിൽ ഭരമേൽപിക്കുന്നവൻെറ സ്ഥിതിയതല്ല. അവൻ തൻെറ ജീവിതത്തിലുടനീളം ദൈവികമാർഗനിർദേശങ്ങൾ അനുസരിക്കുന്നവനാണ്; മൂല്യവത്തും വിമലീകൃതമായതുമായ ഒരു ജീവിതപാതയിലൂടെയാണ് ദൈവികമായ വിധിവിലക്കുകൾ പാലിക്കുന്നതുകൊണ്ടുതന്നെ അവൻ മുന്നോട്ടുപോകുന്നത്. എല്ലാറ്റിൻെറയും ഉടയവനും ഉടമസ്ഥനുമായ അല്ലാഹുവിനോട് മാത്രമാണ് അവൻെറ സഹായാഭ്യർഥന. പരമകാരുണികനായ അല്ലാഹുവിൽനിന്നുണ്ടാവുന്നതെല്ലാം കാരുണ്യവും നന്മയും നിറഞ്ഞവയായിരിക്കുമെന്ന് അവൻ മനസ്സിലാക്കുന്നു. തൻെറ പരിമിതമായ അറിവിൻെറ വരുതിയിൽ തിന്മയായി തോന്നുന്ന കാര്യങ്ങൾപോലും ആത്യന്തികമായി നന്മനിറഞ്ഞതായിരിക്കുമെന്ന് അവന് ബോധമുണ്ട്. സർവശക്തൻ പഠിപ്പിച്ച പാതയിലൂടെയാണ് തൻെറ ജീവിതയാത്രയെന്നതിനാൽ അതൊരിക്കലും തന്നെ തിന്മയിലേക്ക് നയിക്കുകയില്ലെന്ന് അവന്ന് ഉറപ്പുണ്ട്. ഈ ഉറപ്പാണ് അവന്ന് നിർഭയത്വവും സുരക്ഷിതബോധവും പ്രദാനം ചെയ്യുന്നത്. അതുകൊണ്ടുതന്നെ, ദൈവികമാർഗദർശന പ്രകാരമുള്ള ജീവിതം വഴി നേടിയെടുക്കുന്ന ശാന്തിയും സമാധാനവും നിർഭയത്വവുമെല്ലാം സ്ഥായീഭാവമുള്ളവയാണ്; മിഥ്യയുടെ ലാഞ്ഛനപോലുമില്ലാത്ത യാഥാർഥ്യമാണ്.

സ്രഷ്ടാവിനെ അറിയുകയും അവനിൽ ഭരമേൽപിക്കുകയും അവനെ മാത്രം വിളിച്ചു പ്രാർഥിക്കുകയും ചെയ്യുന്നതുമൂലം നിർഭയനും ശാന്തനും സംസ്കാരചിത്തനുമായിത്തീരുന്നവൻെറ ജീവിതവർത്തനങ്ങളിലെല്ലാം ഈ ഉന്നതമായ ഭാവം തെളിഞ്ഞുകാണാനാവും. അവൻെറ ദൈവബോധം കേവലം ചില ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല; അവൻെറ വിശ്വാസം ധ്യാനത്തിൻെറ അനർഘനിമിഷങ്ങളിൽ മാത്രം അനുഭവവേദ്യമാകുന്ന ഒരു വൈയക്തിക പ്രതിഭാസമോ ആശ്രമത്തിൻെറ ഏകാന്തതയിൽ മാത്രം ആവിർഭവിക്കുന്ന ഒരു ബോധോദയമോ അല്ല; പ്രത്യുത, ജീവിതത്തിൻെറ സകലരംഗങ്ങളിലുമുള്ള-നിൽക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴുമെല്ലാം-വർത്തനങ്ങളിൽ അവൻെറ ദൈവബോധം പ്രകടമായിരിക്കും. തന്നിലും തനിക്കു ചുറ്റിലും അല്ലാഹു സൃഷ്ടിച്ച വിസ്മയാവഹമായ ദൃഷ്ടാന്തങ്ങളിലൂടെ കണ്ണു



പായിക്കാതെ അവന്ന് ജീവിക്കാനാവില്ല. അവന്നു ചുറ്റുമുള്ള പ്രതിഭാസങ്ങളെല്ലാം അവനിലെ ദൈവബോധത്തെ ദീപ്തമാക്കുകയും അതുമൂലം ജീവിതം വിശുദ്ധമാവുകയും ചെയ്യുന്നു. തനിക്കു ചുറ്റുമുള്ള ദൈവികദൃഷ്ടാന്തങ്ങളെ പഠനവിധേയമാക്കുകയും അതിനു പിന്നിലെ മഹാചൈതന്യത്തെ മനസ്സിലാക്കുകയും ജീവിതത്തിലുടനീളം അവൻെറ നിയമനിർദേശങ്ങൾ പാലിക്കുകയും ചെയ്യുന്നവരാണ് യഥാർഥത്തിലുള്ള ബുദ്ധിജീവികൾ. ഖുർആൻ പറയുന്നത് കാണുക:

إِنَّ فِى خَلْقِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱخْتِلَـٰفِ ٱلَّيْلِ وَٱلنَّهَارِ لَـَٔايَـٰتٍ
لِّأُو۟لِى ٱلْأَلْبَـٰبِ ● ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ
وَيَتَفَكَّرُونَ فِى خَلْقِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ رَبَّنَا مَا خَلَقْتَ هَـٰذَا
بَـٰطِلًا سُبْحَـٰنَكَ فَقِنَا عَذَابَ ٱلنَّارِ

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറിമാറിവരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കണേ" (3:190,191).

തൗഹീദ് മനുഷ്യരെ ഔന്നത്യബോധമുള്ളവരും നിർഭയരുമാക്കുമെന്ന് നാം മനസ്സിലാക്കിയല്ലോ. സർവശക്തനെക്കുറിച്ച പ്രമാണബദ്ധവും കൃത്യവുമായ അറിവും അവന്നുള്ള സമ്പൂർണ സമർപ്പണവും മനുഷ്യരെ സംസ്കരിക്കുകയും വിമലീകരിക്കുകയും ചെയ്യുന്നതുപോലെതന്നെ അവനെക്കുറിച്ച അബദ്ധധാരണകളും അവനല്ലാത്തവർക്കുള്ള ആരാധനകളും മനുഷ്യരെ അധഃപതിപ്പിക്കുകയും അപമാനവീകരണത്തിലെത്തി ക്കുകയും ചെയ്യും. സ്രഷ്ടാവും സംരക്ഷ

കനുമായവനിൽനിന്ന് മനസ്സ് വേർപ്പെടുത്തപ്പെട്ടാൽ പിന്നെ ഭയവും അശാന്തിയും സുരക്ഷിതത്വമില്ലായ്മയുമാണുണ്ടാവുക. അക്രമവാസനയും കലാപചിന്തയുമെല്ലാം ഈ വേർപെടലിൻെറ സ്വാഭാവിക സന്തതികളാണ്. ശുപാർശ കൊണ്ട് കാര്യം നേടാൻ കഴിയുന്ന ഒരു അഴിമതിക്കാരനായി ദൈവത്തെ മനസ്സിലാക്കുന്ന ഒരാളുടെ ജീവിതത്തിൽ അഴിമതിയും സ്വജനപക്ഷപാതവുമുണ്ടാവുക സ്വാഭാവികമാണ്. ദൈവത്തെ ക്രൂരനും ദയാലേശമില്ലാത്തവനുമായി മനസ്സിലാക്കുന്നവരുടെ ജീവിതം ക്രൂരതകളും അക്രമങ്ങളും കൊണ്ട് നിറഞ്ഞതാവുന്നതിൽ അത്ഭുതമില്ല. ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഇടയാളന്മാരുടെ ഇഷ്ടദാസന്മാരാകാനാവശ്യമായ സാധനകൾ ചെയ്യുന്നവൻ എന്തു തെറ്റു ചെയ്താലും അവയെല്ലാം ഇടയാളന്മാർ ഏറ്റെടുത്തിരിക്കുന്നുവെന്ന ധാരണയുൾക്കൊള്ളുന്ന ഒരാളിൽനിന്ന് നീചവൃത്തികളുണ്ടാവുന്നുവെങ്കിൽ അതിൻെറ കുറ്റം മുഴുവൻ പ്രസ്തുത വിശ്വാസത്തിൻേറതാണ്. അല്ലാഹുവെക്കുറിച്ച വികലമായ ധാരണകൾ മനുഷ്യരെ അധാർമികതകളിലേക്കും അശാന്തിയിലേക്കുമാണ് നയിക്കുകയെന്നർഥം.

സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ബന്ധം ദൃഢീകരിക്കുക വഴിയാണ് സമ്പൂർണ സമാധാനവും ശാന്തിയും സംസ്കരണവുമെല്ലാം കരഗതമാക്കാനാവുക. മനുഷ്യൻ അല്ലാഹുവുമായി ബന്ധപ്പെടുന്നത് അവൻെറ ആരാധനയിലൂടെയാണ്. പ്രാർഥനയാണല്ലോ ആരാധനയുടെ മജ്ജ. ആരാധനകൾ അല്ലാഹുവിന് മാത്രം അർപ്പിക്കുന്നവൻെറ മനസ്സ് എപ്പോഴും സ്രഷ്ടാവിലായിരിക്കും കേന്ദ്രീകരിച്ചിരിക്കുക. അല്ലാഹുവാണ് അവൻെറ രക്ഷകൻ; അവനിലാണ് പ്രതീക്ഷകളെല്ലാം അർപ്പിച്ചിരിക്കുന്നത്; അവനിൽ നിന്നാണ് സഹായങ്ങളെല്ലാം കാംക്ഷിക്കുന്നത്; അവനോടാണ് കാര്യങ്ങളെല്ലാം തുറന്നു ചോദിക്കുന്നത് -ഇവിടെ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം ദൃഢീകരിക്കപ്പെടുകയാണ്. ഇങ്ങനെ ദൃഢീകരിക്കപ്പെട്ട വിശ്വാസിക്ക് പിന്നെ ഭയമെവിടെ? നിരാശയെവിടെ? അരക്ഷിതബോധമെവിടെ?

അല്ലാഹുവിൽ എല്ലാം ഭരമേൽപിച്ചവർക്ക് പിന്നെ എന്തിനെയാണ് ഭയപ്പെടാനുള്ളത്? സർവജ്ഞനും സർവശക്തനുമായ തമ്പുരാനിൽനിന്നുള്ള കാരുണ്യം പ്രതീക്ഷിക്കുകയും അവനെ ഭയപ്പെ



ടുകയും ചെയ്യുന്ന സത്യവിശ്വാസികൾ കാര്യങ്ങളെല്ലാം അവനിലാണ് ഭരമേൽപിക്കേണ്ടത്. അങ്ങനെ ഭരമേൽപിച്ച ഒരാൾക്ക് പിന്നെ മാനസികമായ പിരിമുറുക്കമോ നിരാശയോ ഉണ്ടാവുകയില്ല. കാരണം എല്ലാം അറിയുന്നവനിലാണ് അയാൾ ഭരമേൽപിച്ചിരിക്കുന്നത്. തനിക്ക് നന്മയായി ഭവിക്കുക എന്തെല്ലാമാണെന്ന് കൃത്യമായി അറിയുന്നവനും ഒരാളോടും ഒരിക്കലും അനീതി ചെയ്യാത്തവനുമായ പരമകാരുണികനാണവൻ. സത്യവിശ്വാസികളുടെ സ്വഭാവം വ്യക്തമാക്കുന്ന ഖുർആൻ സൂക്തം കാണുക:

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ
عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ

“അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവൻെറ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിൻെറ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ”(8:2).

കർമങ്ങൾ ചെയ്യേണ്ടത് മനുഷ്യരുടെ കടമയാണ്. ഏതൊരു വിഷയമെടുത്താലും തനിക്ക് ചെയ്യാനുള്ളത് ചെയ്തശേഷം ബാക്കി അല്ലാഹുവിനെ ഏൽപിക്കുന്നവനാണ് സത്യവിശ്വാസി. ‘ഒട്ടകത്തെ കെട്ടിയിട്ടശേഷമാണ് അതിൻെറ സംരക്ഷണം അല്ലാഹുവിൽ ഭരമേൽപിക്കേണ്ടത്’ എന്ന ഒരു മൊഴിയുണ്ട്. തൻെറ സംരക്ഷണത്തിനും ഉപജീവനത്തിനുമാവശ്യമായ കാര്യങ്ങളിൽ തനിക്ക് ചെയ്യാൻ കഴിയുന്നതിൻെറ പരമാവധി ചെയ്യാൻ ഓരോ വിശ്വാസിയും ബാധ്യസ്ഥനാണ്. തൻെറ കടമ നിർവഹിച്ച ശേഷം അല്ലാഹുവിൽ ഭരമേൽപിക്കുകയെന്നാണ് ഇസ്‌ലാമിൻെറ അനുശാസന. അങ്ങനെ ഭരമേൽപിക്കുന്നവന് പിന്നെ അല്ലാഹുതന്നെ മതിയാവും. മറ്റൊരു വ്യാജ രക്ഷകനും അവൻെറ ജീവിതത്തിലേക്ക് പിന്നെ കടന്നുവരികയില്ല.

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ۚ وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ ۚ
إِنَّ ٱللَّهَ بَٰلِغُ أَمْرِهِۦ ۚ قَدْ جَعَلَ ٱللَّهُ لِكُلِّ شَىْءٍ قَدْرًا

“അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽ

കുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൻെറ മേൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹുതന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തൻെറ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപ്പെടുത്തിയിട്ടുണ്ട്" (65:3).

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ

"അല്ലാഹു-അവനല്ലാതെ യാതൊരു ദൈവവുമില്ല. അല്ലാഹുവിൻെറ മേലായിരിക്കട്ടെ സത്യവിശ്വാസികൾ ഭരമേൽപിക്കുന്നത്" (64:13).

സർവശക്തനിൽ സർവതും ഭരമേൽപിക്കുകവഴി നേടിയെടുക്കാനാവുന്ന നിർഭയത്വത്തിന് അന്തിമ പ്രവാചകൻെറ (ﷺ) ജീവിതത്തിൽതന്നെ ഉദാഹരണങ്ങളുണ്ട്. രണ്ട് സംഭവങ്ങൾ നോക്കുക:

عَنْ جَابِرٍ قَالَ كُنَّا مَعَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ بِذَاتِ
الرِّقَاعِ فَإِذَا أَتَيْنَا عَلَى شَجَرَةٍ ظَلِيلَةٍ تَرَكْنَاهَا لِلنَّبِيِّ صَلَّى اللَّه
عَلَيْهِ وَسَلَّمَ فَجَاءَ رَجُلٌ مِنَ الْمُشْرِكِينَ وَسَيْفُ النَّبِيِّ صَلَّى
اللَّه عَلَيْهِ وَسَلَّمَ مُعَلَّقٌ بِالشَّجَرَةِ فَاخْتَرَطَهُ فَقَالَ تَخَافُنِي قَالَ لَا
قَالَ فَمَنْ يَمْنَعُكَ مِنِّي قَالَ اللَّهُ

"ജാബിർ (رضي الله عنه) നിവേദനം: ദാത്തുർറിഖാഅ് യുദ്ധത്തിൽ നബി(ﷺ)യോടൊന്നിച്ച് ഞങ്ങളും പങ്കെടുത്തിരുന്നു. നല്ല തണലുള്ള ഒരു മരച്ചുവട്ടിലെത്തിയപ്പോൾ നബി (ﷺ)ക്കുവേണ്ടി ഞങ്ങളത് നീക്കിവെച്ചു. തിരുമേനി അവിടെ വിശ്രമിച്ചുകൊണ്ടിരിക്കെ, ബഹുദൈവ വിശ്വാസികളിൽപെട്ട ഒരാൾ അവിടെ പ്രത്യക്ഷപ്പെട്ടു. നബി (ﷺ)യുടെ വാൾ മരക്കൊമ്പിൽ തൂക്കിയിട്ടിരിക്കയായിരുന്നു. അയാൾ അത് കയ്യിലെടുത്തു. ഊരിപ്പിടിച്ചിട്ട് പ്രവാചകനോട് ചോദിച്ചു: നിങ്ങൾ എന്നെ പേടിക്കുന്നോ? 'ഇല്ല'. പ്രവാചകൻ (ﷺ) പറഞ്ഞു.

'എന്നിൽനിന്ന് താങ്കളെ ആർ രക്ഷിക്കും?' അയാൾ ചോദിച്ചു.

'അല്ലാഹു'-തിരുമേനി പ്രതിവചിച്ചു" (സ്വഹീഹുൽ ബുഖാരി, ഹദീഥ്:3822).

മറ്റൊരു റിപ്പോർട്ടിൽ ഇത്രകൂടിയുണ്ട്.



فَسَقَطَ السَّيْفُ مِنْ يَدِهِ فَأَخَذَهُ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ
وَسَلَّمَ فَقَالَ مَنْ يَمْنَعُكَ مِنِّي قَالَ كُنْ كَخَيْرِ آخِذٍ قَالَ أَتَشْهَدُ أَنْ
لَا إِلَهَ إِلَّا اللَّهُ وَأَنِّي رَسُولُ اللَّهِ قَالَ لَا وَلَكِنْ أُعَاهِدُكَ عَلَى أَنْ
لَا أُقَاتِلَكَ وَلَا أَكُونَ مَعَ قَوْمٍ يُقَاتِلُونَكَ فَخَلَّى سَبِيلَهُ فَأَتَى قَوْمَهُ
فَقَالَ جِئْتُكُمْ مِنْ عِنْدِ خَيْرِ النَّاسِ

"അപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ നിന്ന് വാൾ താഴെ വീണു. നബി (ﷺ) അതെടുത്ത് കൈയിൽ പിടിച്ചു ചോദിച്ചു: 'ഇപ്പോൾ നിന്നെ എന്നിൽ നിന്ന് ആർ രക്ഷിക്കും?' അയാൾ പറഞ്ഞു: 'താങ്കൾ നന്നായി ശിക്ഷിക്കുന്നവനാകുക'. പ്രവാചകൻ (ﷺ) ചോദിച്ചു: 'അല്ലാഹു അല്ലാതെ ആരാധ്യൻ ഇല്ലെന്നും ഞാൻ ദൈവദൂതനാണെന്നും നീ അംഗീകരിക്കുന്നുവോ?' അയാൾ പറഞ്ഞു: 'ഇല്ല. എങ്കിലും താങ്കളോടു ഞാൻ കരാർ ചെയ്യുന്നു. താങ്കളുമായി ഞാൻ യുദ്ധം ചെയ്യുകയില്ല; താങ്കളോടു യുദ്ധം ചെയ്യുന്നവരുമായി ചേരുകയുമില്ല'. അതോടെ നബി (ﷺ) അയാളെ വിട്ടയച്ചു. അങ്ങനെ ആ ബഹുദൈവ വിശ്വാസി തന്റെ കൂട്ടുകാരുടെ അടുത്ത് ചെന്നു പറഞ്ഞു: ജനങ്ങളിൽ വച്ച് ഏറ്റവും ഉത്തമനായ ആളുടെ അടുത്ത് നിന്നാണ് ഞാൻ ഇങ്ങോട്ട് വരുന്നത്" (മുസ്നദ് അഹ്മദ്, ഹദീഥ്: 14657).

أَنَّ أَبَا بَكْرٍ الصِّدِّيقَ حَدَّثَهُ قَالَ نَظَرْتُ إِلَى أَقْدَامِ الْمُشْرِكِينَ
عَلَى رُءُوسِنَا وَنَحْنُ فِي الْغَارِ فَقُلْتُ يَا رَسُولَ اللَّهِ لَوْ أَنَّ
أَحَدَهُمْ نَظَرَ إِلَى قَدَمَيْهِ أَبْصَرَنَا تَحْتَ قَدَمَيْهِ فَقَالَ يَا أَبَا بَكْرٍ
مَا ظَنُّكَ بِاثْنَيْنِ اللَّهُ ثَالِثُهُمَا

"അബൂബക്കർ സിദ്ദീഖിൽ (رضي الله عنه) നിന്ന് നിവേദനം: ഞങ്ങൾ ഗുഹയിലായിരിക്കെ ബഹുദൈവ വിശ്വാസികളുടെ പാദങ്ങൾ ഞാൻ നോക്കി കണ്ടു. അപ്പോൾ അവർ ഞങ്ങളുടെ തലയ്ക്കു മുകളിലായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞുപോയി: അല്ലാഹുവിന്റെ ദൂതരേ! അവരിലാരെങ്കിലും തന്റെ കാലിനടിയിലൂടെ നോക്കിയാൽ നമ്മെ

കണ്ടതു തന്നെ. നബി (ﷺ) പറഞ്ഞു: അബൂബക്കർ, മൂന്നാമനായി അല്ലാഹു കൂടെയുള്ള രണ്ടാളെക്കുറിച്ച് താങ്കൾ എന്തു കരുതുന്നു?" (സ്വഹീഹുൽ ബുഖാരി, ഹദീഥ്:3380; സ്വഹീഹു മുസ്‌ലിം, ഹദീഥ്: 4389).

തങ്ങൾക്ക് കഴിയുന്ന രീതിയിൽ, തങ്ങളുടെ സുരക്ഷക്കാവശ്യമായ കാര്യങ്ങളെല്ലാം ചെയ്തശേഷം അല്ലാഹുവിൽ ഭരമേൽപിക്കാനായിരുന്നു പ്രവാചകന്മാരെല്ലാം അനുയായികളെ ഉപദേശിച്ചത്. യഅ്ഖൂബ് നബി (عليه السلام) തൻെറ മക്കളെ ഉപദേശിക്കുന്നത് നോക്കുക:

وَقَالَ يَـٰبَنِىَّ لَا تَدْخُلُوا۟ مِنۢ بَابٍ وَٰحِدٍ وَٱدْخُلُوا۟ مِنْ أَبْوَٰبٍ
مُّتَفَرِّقَةٍ ۖ وَمَآ أُغْنِى عَنكُم مِّنَ ٱللَّهِ مِن شَىْءٍ ۖ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۖ
عَلَيْهِ تَوَكَّلْتُ ۖ وَعَلَيْهِ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ

"അദ്ദേഹം പറഞ്ഞു: എൻെറ മക്കളേ, നിങ്ങൾ ഒരേ വാതിലിലൂടെ പ്രവേശിക്കാതെ വ്യത്യസ്ത വാതിലുകളിലൂടെ പ്രവേശിക്കുക. അല്ലാഹുവിങ്കൽനിന്നുണ്ടാകുന്ന യാതൊന്നും നിങ്ങളിൽനിന്ന് തടുക്കുവാൻ എനിക്കാവില്ല. വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവന്റെ മേൽ തന്നെയാണ് ഭരമേൽപിക്കുന്നവർ ഭരമേൽപിക്കേണ്ടത്" (12:67).

അല്ലാഹുവിൽ കാര്യങ്ങളെല്ലാം ഭരമേൽപിച്ചവരെ സംബന്ധിച്ചിടത്തോളം പിന്നെ ആരുടെയും ഭീഷണികളോ പ്രലോഭനങ്ങളോ പ്രശ്നമാവുകയില്ല. ശത്രുക്കളുടെ ആൾബലത്തെയും കായബലത്തെയും കുറിച്ച് പെരുപ്പിച്ച് പറഞ്ഞ് യുദ്ധത്തിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ച കപടവിശ്വാസികളുടെ തന്ത്രങ്ങൾക്കൊന്നും മുസ്‌ലിംകളെ ഭീഷണിപ്പെടുത്താൻ കഴിയാതിരുന്നത് അവർ അല്ലാഹുവിൽ കാര്യങ്ങളെല്ലാം ഭരമേൽപിച്ചതു കൊണ്ടായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിലെ ഒരു പ്രത്യേക സംഭവത്തെക്കുറിച്ച് വിവരിക്കവെ ഖുർആൻ പറഞ്ഞു:

ٱلَّذِينَ قَالَ لَهُمُ ٱلنَّاسُ إِنَّ ٱلنَّاسَ قَدْ جَمَعُوا۟ لَكُمْ فَٱخْشَوْهُمْ
فَزَادَهُمْ إِيمَـٰنًا وَقَالُوا۟ حَسْبُنَا ٱللَّهُ وَنِعْمَ ٱلْوَكِيلُ ● فَٱنقَلَبُوا۟



بِنِعْمَةٍ مِّنَ ٱللَّهِ وَفَضْلٍ لَّمْ يَمْسَسْهُمْ سُوٓءٌ وَٱتَّبَعُوا۟ رِضْوَٰنَ ٱللَّهِ ۗ وَٱللَّهُ
ذُو فَضْلٍ عَظِيمٍ ● إِنَّمَا ذَٰلِكُمُ ٱلشَّيْطَـٰنُ يُخَوِّفُ أَوْلِيَآءَهُۥ فَلَا
تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ

"ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. അങ്ങനെ അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിൻെറ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രേ അല്ലാഹു. അത് (നിങ്ങളെ പേടിപ്പിക്കാൻ ശ്രമിച്ചത്) പിശാചു മാത്രമാകുന്നു. അവൻ തൻെറ മിത്രങ്ങളെപ്പറ്റി (നിങ്ങളെ പേടിപ്പെടുത്തുകയാണ്. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക: നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ" (3:173-175).

ഒരു ഹദീഥ് കാണുക:

عَنْ عُمَرَ بْنِ الْخَطَّابِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ
وَسَلَّمَ لَوْ أَنَّكُمْ كُنْتُمْ تَوَكَّلُونَ عَلَى اللَّهِ حَقَّ تَوَكُّلِهِ لَرُزِقْتُمْ كَمَا
يُرْزَقُ الطَّيْرُ تَغْدُو خِمَاصًا وَتَرُوحُ بِطَانًا

"ഉമർ (رضي الله عنه) നിവേദനം: നബി (ﷺ) അരുൾ ചെയ്യുന്നത് ഞാൻ കേട്ടിരിക്കുന്നു; തീർച്ചയായും നിങ്ങൾ അല്ലാഹുവിൽ യഥാവിധി ഭരമേൽപിച്ചാൽ പക്ഷികൾക്ക് ആഹാരം നൽകുംവിധം അവൻ നിങ്ങൾക്ക് ഭക്ഷണം നൽകും. അവ അതിരാവിലെ ഒഴിഞ്ഞ വയറുമായി പോവുകയും വൈകുന്നേരം നിറഞ്ഞ വയറുമായി വരികയും ചെയ്യുന്നു" (ജാമിഉത്തിർമിദി, ഹദീഥ്: 2266.

പ്രവാചകൻെറ ഒരു പ്രാർഥന നോക്കുക:

عَنِ ابْنِ عَبَّاسٍ أَنَّ رَسُولَ اللَّهِ صَلَّى الـلَّه عَلَيْهِ وَسَلَّمَ كَانَ يَقُولُ الـلَّهُمَّ لَكَ أَسْلَمْتُ وَبِكَ آمَنْتُ وَعَلَيْكَ تَوَكَّلْتُ وَإِلَيْكَ أَنَبْتُ وَبِكَ خَاصَمْتُ

"ഇബ്നു അബ്ബാസ് (ﷺ) നിവേദനം: 'അല്ലാഹുവേ! നിനക്കാണ് ഞാൻ കീഴ്പെട്ടിരിക്കുന്നത്, നിന്നിലേക്കാണ് ഞാൻ വിശ്വസിച്ചിരിക്കുന്നത്, നിന്നിലാണ് ഞാൻ എല്ലാം അർപിക്കുന്നത്, നിന്നിലേക്കാണ് ഞാൻ പശ്ചാതപിച്ച് മടങ്ങുന്നത്, നിൻെറ പേരിലാണ് ഞാൻ വാദിക്കുന്നത്'. എന്നിങ്ങനെ പ്രവാചകൻ (ﷺ) പ്രാർഥിക്കാറുണ്ടായിരുന്നു" (സ്വഹീഹു മുസ്ലിം, ഹദീഥ്: 4894).

19

# തൗഹീദിൻെറ ജീവിതദർശനം

സ്രഷ്ടാവും സംരക്ഷകനുമായ നാഥനെ അറിയുന്നതിൽനിന്നാരംഭിക്കുന്നു തൗഹീദ്. ഏകനായ അല്ലാഹുവിനെ അറിയുകയും രക്ഷാകർതൃത്വത്തിലുള്ള അവൻെറ അദ്വിതീയത അംഗീകരിക്കുകയും അവനെ മാത്രം ആരാധിക്കുകയും നാമഗുണവിശേഷണങ്ങളിൽ അവൻ അതുല്യനാണെന്ന് ഉൾക്കൊള്ളുകയും ചെയ്യുകയാണ് തൗഹീദ് കൊണ്ട് വിവക്ഷിക്കുന്നതെന്ന് നാം മനസ്സിലാക്കി. സർവശക്തനും സർവോന്നതനും സർവജ്ഞനുമായ തമ്പുരാനെ ശരിയാംവണ്ണം അറിയുകയും തൻെറ ജീവിതത്തെ പൂർണമായും അവനിൽ ഭരമേൽപിക്കുകയും ചെയ്യുന്നവൻ സകലവിധ സങ്കുചിതത്വങ്ങളിൽനിന്നും മുക്തമാവുകയും അവൻെറ പ്രീതിമാത്രം കാംക്ഷിച്ച് ജീവിതത്തെ വിമലീകരിക്കുവാൻ സന്നദ്ധമാവുകയും ചെയ്യുന്നു. മുസ്ലിമിൻെറ കർമങ്ങൾ ചൈതന്യവത്താകുന്നത് ഇവിടെയാണ്. പരമകാരുണികനും നീതിനിഷ്ഠനും പ്രതിഫലനാളിൻെറ ഉടയവനും മനസ്സിനകത്ത് ഒളിപ്പിച്ചുവെച്ച വികാരവിചാരങ്ങൾപോലും അറിയുന്നവനുമായ അല്ലാഹുവിൻെറ പ്രീതിക്കുവേണ്ടി ജീവിക്കുന്നവന് നൈരാശ്യമോ നഷ്ടബോധമോ ഉണ്ടാവുന്ന പ്രശ്നമില്ല. തൻെറ കർമങ്ങൾ ദൈവപ്രീതിക്ക് നിമിത്തമാവുന്നവതന്നെയാണോ

യെന്ന് അവൻ സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കും; ദൈവപ്രീതിയല്ലാതെ മറ്റൊന്നുംതന്നെ ആഗ്രഹിക്കാതിരിക്കാൻ സദാ ജാഗരൂകനായിരിക്കുകയും ചെയ്യും. പൂർണമായും വിമലീകരിക്കപ്പെട്ട മനസ്സാണ് തൗഹീദ് ഉൾക്കൊണ്ടവന് ഉണ്ടാവുക; അത്തരം മനസ്സിൽനിന്നേ വിശുദ്ധമായ കർമങ്ങൾ നിർഗളിക്കുകയുള്ളൂ.

ദൈവികബോധനങ്ങളുടെ അടിസ്ഥാനത്തിലാണ് അല്ലാഹു എങ്ങനെയുള്ളവനാണെന്ന് അറിയേണ്ടതെന്ന് നാം മനസ്സിലാക്കി. ദൈവപ്രീതിക്ക് നിമിത്തമാകുന്ന കർമങ്ങളെന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നതിനും ദൈവിക ബോധനം അനിവാര്യമാണ്. അല്ലാഹുവിനെ എങ്ങനെയാണ് ആരാധിക്കേണ്ടതെന്ന പ്രശ്നത്തിന്റെ ഉത്തരം കണ്ടെത്തൽ മുതൽ ആരംഭിക്കുന്നു ഈ അനിവാര്യത. എങ്ങനെയാണ് അല്ലാഹുവിനെ ആരാധിക്കേണ്ടത്? ഓരോരുത്തരും തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ ദൈവത്തെ ആരാധിച്ചാൽ മതിയോ? തന്നിഷ്ട പ്രകാരമുള്ള ആരാധനകളെ ന്യായീകരിക്കുന്നവരുണ്ട്. അത് ശരിയല്ല. ഈ വീക്ഷണം ശരിവെച്ചാൽ ശവത്തിന്റെ അവയവങ്ങൾ പിഴുതെടുത്ത് സംഹാര നൃത്തം ചെയ്തു കൊണ്ട് 'ദൈവോപാസന' നടത്തുന്ന അഘോരമത സമ്പ്രദായവും ലൈംഗീകാവയവങ്ങളിലൂടെ ഒലിപ്പിക്കുന്ന ഋതുരക്ത-മദ്യലായനി നക്കിത്തുടച്ചുകൊണ്ട് 'ദൈവാരാധന' നടത്തുന്ന താന്ത്രിക മത സമ്പ്രദായവും അംഗീകരിക്കേണ്ടതായി വരും. ഇങ്ങനെ എത്രയെത്ര മ്ലേച്ഛമായ ദൈവാരാധനാ മുറകൾ! അവ ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം അവയാണ് അവരുടെ വീക്ഷണത്തിലെ ദൈവാരാധന. നമുക്കിവയെ അംഗീകരിക്കാനാവുന്നില്ലെന്നത് വേറെ പ്രശ്നം. അവരുടെ ഇഷ്ടത്തിനനുസരിച്ച് അവരെ ദൈവാരാധന നടത്തുവാൻ അനുവദിക്കണമെന്ന് നമുക്കൊന്നും അഭിപ്രായമില്ല. ഇതിനർഥമെ ന്താണ്? ഓരോരുത്തരും സ്വന്തം ഇഷ്ടപ്രകാരമുള്ള ദൈവാരാധനാ സമ്പ്രദായം സ്വീകരിക്കുകയല്ല വേണ്ടത്, പ്രത്യുത ദൈവം പഠിപ്പി ച്ചുതന്നതെന്നുറപ്പുള്ള ആരാധനാ സമ്പ്രദായങ്ങളിലൂടെയാവണം ഓരോരുത്തരും ദൈവത്തെ സമീപിക്കേണ്ടത്. അപ്പോൾ ഏകദൈവത്തെ ആരാധിക്കേണ്ടതെങ്ങനെയാണെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി ദൈവികമെന്നുറപ്പുള്ള സ്രോതസ്സിനെത്തന്നെ സമീപിക്കേണ്ടതാണെന്ന് വ്യക്തമാകുന്നു.

ഇതുതന്നെയാണ് നന്മതിന്മകളുടെ സ്ഥിതിയും. എന്താണ് നന്മ



യെന്നും എന്താണ് തിന്മയെന്നും മനസ്സിലാക്കുവാൻ മനുഷ്യബുദ്ധിയെ മാത്രം ആശ്രയിക്കുന്നതുകൊണ്ട് കാര്യമില്ല. അറിവ് നേടിയെടുക്കാൻ നാം ഉപയോഗിക്കുന്ന ഇന്ദ്രിയങ്ങൾക്ക് പരിമിതികളുള്ളതുപോലെതന്നെ ഇന്ദ്രിയങ്ങളിലൂടെ ലഭിച്ച അറിവിനെ സംശ്ലേഷണം ചെയ്യുകയും അപഗ്രഥിക്കുകയും ചെയ്ത് നിഗമനങ്ങളിലെത്തിച്ചേരുന്ന മനുഷ്യമസ്തിഷ്കത്തിനും വ്യക്തമായ പരിമിതികളുണ്ട്. പദാർഥ ലോകത്തിനപ്പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് കൃത്യമായ അഭിപ്രായം പറയുവാനോ വ്യക്തമായി നിർവചിക്കുവാനോ മനുഷ്യമനസ്സിന് കഴിയില്ല. നന്മയെന്താണെന്നോ തിന്മയെന്താണെന്നോ കൃത്യമായി മനസ്സിലാക്കാൻ ബുദ്ധി മാത്രമുപയോഗിച്ചുകൊണ്ട് കഴിയില്ല. അങ്ങനെ മനസ്സിലാക്കാൻ തുനിഞ്ഞാൽ ഓരോരുത്തരും എത്തിച്ചേരുക വ്യത്യസ്ത നിഗമനങ്ങളിലായിരിക്കും. ഓരോരുത്തരും വളർന്നുവന്ന സാഹചര്യത്തിനനുസൃതമായിരിക്കും അവർ കാര്യങ്ങളെ കാണുക. ഒരാൾ നന്മയെന്ന് കരുതുന്ന കാര്യങ്ങൾ മറ്റേയാൾക്ക് തിന്മയായിരിക്കും.മനുഷ്യന്റെ നിലനിൽപിന്നാവശ്യമായ നിയമങ്ങൾ മനുഷ്യർതന്നെ നിർമിച്ചാൽ അവയിൽ പ്രമാദങ്ങളുണ്ടാകുമെന്നതിനുള്ള തെളിവാണത്. ശാസ്ത്രമോ സാങ്കേതികജ്ഞാനമോ മനുഷ്യയുക്തിയോ ചിന്തയോ ഒന്നുംതന്നെ നന്മതിന്മകളുടെ വ്യവഛേദത്തിൽ അവസാനത്തെ വാക്ക് പറയാൻ അശക്തമാണ്. അപ്പോൾ മനുഷ്യനല്ലാത്ത, മനുഷ്യന്റെ സ്വഭാവങ്ങളെക്കുറിച്ച് ശരിക്കറിയാവുന്ന ഒരു വിദഗ്ധനായിരിക്കണം അവനാവശ്യമായ നിയമങ്ങൾ ആവിഷ്കരിക്കുന്നത്. അത്തരം നിയമങ്ങൾക്കല്ലാതെ അപ്രമാദിത്വവും പൂർണതയും അവകാശപ്പെടാൻ കഴിയില്ല. നന്മതിന്മകൾക്ക് കൃത്യവും സൂക്ഷ്മവുമായ അസ്തിത്വമുണ്ടാവണമെങ്കിൽ അത് സർവശക്തനായ അല്ലാഹു തന്നെ പഠിപ്പിച്ചുതരണം. മനുഷ്യരെ നന്മതിന്മകളെക്കുറിച്ച് പഠിപ്പിക്കുവാനാണ് അല്ലാഹു പ്രവാചകന്മാരെ പറഞ്ഞയച്ചത്.

ധർമമെന്താണെന്നും അധർമമെന്താണെന്നും മനുഷ്യരെ പഠിപ്പിക്കുവാൻ ദൈവികമാർഗദർശനം കൂടിയേ കഴിയൂ. ആദിമനുഷ്യരായിരുന്ന ആദമും ഹവ്വയും സ്വർഗത്തിൽനിന്ന് നിഷ്കാസിതരായപ്പോൾതന്നെ ധർമാധർമ വ്യവഛേദനത്തിനായുള്ള മാർഗദർശനത്തെ സംബന്ധിച്ച അല്ലാഹുവിന്റെ സുവാർത്തയും അറിയപ്പെട്ടിരുന്നുവെന്നാണ് ഖുർആൻ പറയുന്നത്.

قُلْنَا ٱهْبِطُوا۟ مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

"നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെനിന്ന് ഇറങ്ങിപ്പോവുക. എന്നിട്ട് എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെ ത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (2:38).

എന്താണ് ധർമമെന്നും എന്താണ് അധർമമെന്നും പഠിപ്പിക്കാനായി പ്രവാചകന്മാർ എല്ലാ സമുദായത്തിലേക്കും നിയോഗിക്കപ്പെട്ടിരുന്നുവെന്ന് ഖുർആൻ ഖണ്ഡിതമായി പ്രസ്താവിക്കുന്നു:

إِنَّآ أَرْسَلْنَٰكَ بِٱلْحَقِّ بَشِيرًا وَنَذِيرًا ۚ وَإِن مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ

"തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവേദവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായി. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല" (35:24).

وَلِكُلِّ أُمَّةٍ رَّسُولٌ ۖ فَإِذَا جَآءَ رَسُولُهُمْ قُضِىَ بَيْنَهُم بِٱلْقِسْطِ وَهُمْ لَا يُظْلَمُونَ

"ഓരോ സമൂഹത്തിനും ഓരോ ദൂതനുണ്ട്. അങ്ങനെ അവരിലേക്കുള്ള ദൂതൻവന്നാൽ അവർക്കിടയിൽ നീതിപൂർവം തീരുമാനമെടുക്കപ്പെടുന്നതാണ്. അവരോട് അനീതികാണിക്കപ്പെടുന്നതല്ല" (10:47).

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦٓ ۗ إِنَّمَآ أَنتَ مُنذِرٌ ۖ وَلِكُلِّ قَوْمٍ هَادٍ

"സത്യനിഷേധികൾ പറയുന്നു: ഇവന്റെ രക്ഷിതാവിങ്കൽനിന്ന് ഇവന്റെമേൽ എന്താണ് ഒരു ദൃഷ്ടാന്തം ഇറക്കപ്പെടാത്തത്. (നബിയേ), നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. എല്ലാ ജനവിഭാഗത്തിനുമുണ്ട് ഒരു മാർഗദർശി" (13:7).



പ്രവാചകന്മാർ മുഴുവൻ അയക്കപ്പെട്ടത് ഒരേയൊരു ലക്ഷ്യത്തിന് വേണ്ടിയായിരുന്നു. മനുഷ്യർ എങ്ങനെ മനുഷ്യരായി ജീവിക്കണമെന്ന് പറഞ്ഞുകൊടുക്കാൻ; ദൈവികമാർഗനിർദേശങ്ങൾ പ്രായോഗികമായി ജീവിതത്തിൽ പകർത്തി തങ്ങളുടെ സഹജീവികൾക്ക് മാതൃകകളാവാൻ വേണ്ടിയാണ് ദൈവിക ബോധനം ലഭിച്ച അസംഖ്യം പ്രവാചകന്മാർ ഈ ലോകത്തിലേക്ക് വന്നത്. ഇസ്‌ലാമിന്റെ സാങ്കേതിക ശബ്ദമായ 'രിസാലത്ത്' പ്രതിനിധീകരിക്കുന്നത് ഈ ആശയത്തെയാണ്. ദൈവവും മനുഷ്യരും തമ്മിൽ, ആകാശവും ഭൂമിയും തമ്മിൽ, രിസാലത്തിലൂടെ ബന്ധപ്പെടുന്നു.

പ്രവാചകന്മാർ ദൈവങ്ങളോ ദിവ്യാംശമുള്ളവരോ ആണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. 'മനുഷ്യർ ഭൂമിയിൽ എന്തായിത്തീരണമോ, ആകാശത്തിലുള്ള ദൈവം ഇറങ്ങിവന്ന് അതായിത്തീർന്ന് മാതൃകയാവുക'യെന്ന അവതാര സങ്കൽപവുമായി ഇസ്‌ലാമിലെ പ്രവാചകത്വ സങ്കൽപം താത്വികവൈരുധ്യം പുലർത്തുന്നു. മനുഷ്യരുടെ സകലവിധ ചപലതകളോടുംകൂടി ദൈവം ഇറങ്ങി വരുന്നുവെന്ന വാദം സർവശക്തന്റെ പരിശുദ്ധിയെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. മനുഷ്യർ എങ്ങനെ ജീവിക്കണമെന്ന് ദൈവം മനുഷ്യരൂപം പൂണ്ടുകാണിച്ചു തരികയെന്ന സങ്കൽപംതന്നെ അർഥമില്ലാത്തതാണ്. സർവശക്തനാണ് ദൈവം. അവന്ന് മനുഷ്യനെപ്പോലെ ഭക്ഷണമോ വികാര പൂർത്തീകരണമോ ആവശ്യമില്ല. എന്നാൽ മനുഷ്യനോ? ദൈവത്തെ അനുകരിച്ചുകൊണ്ട് ഭക്ഷണപാനീയങ്ങളോ വൈകാരിക പൂർത്തീകരണമോ ഇല്ലാതെ ജീവിക്കുക അവന്ന് അസാധ്യം. ദൈവമല്ല; മനുഷ്യരാണ് മനുഷ്യർക്കുള്ള മാതൃകകളായി വരേണ്ടത്. ദൈവികമാർഗനിർദേശത്തിനൊത്ത് മനുഷ്യൻ എങ്ങിനെ ജീവിക്കണമെന്ന് പ്രായോഗികമായി കാണിച്ചുകൊടുക്കേണ്ടത് മനുഷ്യരിൽ നിന്നുള്ള പ്രതിനിധികളാണ്.

പ്രവാചകന്മാർ പച്ചയായ മനുഷ്യരായിരുന്നു. അവർക്കും വിശപ്പും ദാഹവുമുണ്ടായിരുന്നു. ഉറക്കവും വിശ്രമവുമാവശ്യമായിരുന്നു. സന്തോഷവും സന്താപവുമുണ്ടായിരുന്നു. ഭാര്യമാരും കുട്ടികളുമുണ്ടായിരുന്നു: മനുഷ്യരുടെ എല്ലാ സ്വഭാവങ്ങളും അവർക്കുണ്ടായിരുന്നു. പക്ഷേ, വിശക്കുമ്പോൾ അന്യന്റെ സമ്പത്ത് അപഹരിക്കാൻ അവർ തയാറായില്ല. ലൈംഗികദാഹം ശമിപ്പിക്കാൻ വ്യഭിചാരത്തിലവർ ഏർപ്പെട്ടില്ല. സന്തോഷത്തിൽ മതിമറന്ന് അവർ കൂത്താടിയില്ല. സന്താപാ

വസരങ്ങളിൽ മദ്യത്തിലും മയക്കുമരുന്നുകളിലും അവർ അഭയം തേടിയില്ല. ഭാര്യമാർക്കുവേണ്ടി അപരനോടവർ അനീതി പ്രവർത്തിച്ചില്ല. കുട്ടികളെ പോറ്റാനായി അക്രമമാർഗങ്ങളിലവർ പണം സമ്പാദിച്ചില്ല. അവർ മനുഷ്യരായിരുന്നു. പൂർണരായ മനുഷ്യർ!

വ്യത്യസ്ത സമൂഹങ്ങളിൽ പ്രവാചകന്മാർ വന്നു. അവരുടെ ദൗത്യം നിർവഹിച്ചുകൊണ്ടിരുന്നു. ഓരോ പ്രദേശത്തേക്കും നിയോഗിക്കപ്പെട്ട പ്രവാചകന്മാർ പഠിപ്പിച്ച നിയമനിർദ്ദേശങ്ങളിൽ നിസ്സാരമായ മാറ്റങ്ങളുണ്ടായിരുന്നു. പക്ഷേ, അടിസ്ഥാന പരമായി ദൈവത്തിൻെറ പ്രവാചകന്മാരെല്ലാം പറഞ്ഞത് ഒന്നുതന്നെയായിരുന്നു. 'അഖിലാണ്ഡവും പടച്ച് പരിപാലിക്കുന്നവനെ മാത്രം ആരാധിക്കുക; അവൻ അയച്ച പ്രവാചകന്മാരെ അനുസരിക്കുക.' സമൂഹം വളർന്നുകൊണ്ടിരുന്നു. പ്രവാചകന്മാരിൽ പലരും തങ്ങളുടെ പ്രബോധനങ്ങളോടൊപ്പം തന്നെ അവസാനം വരാനിരിക്കുന്ന ഒരു മഹാ പ്രവാചകനെക്കുറിച്ച് ദീർഘദർശനം ചെയ്തു. മാനവരാശി കാത്തിരിക്കുകയായിരുന്നു. ലോകാവസാനംവരെയുള്ള മനുഷ്യർക്ക് മുഴുവൻ മാതൃകയാവാൻ കെൽപ്പുറ്റ ആ മഹാനുഭവൻെറ ആഗമനത്തിന് വേണ്ടി.

അറേബ്യക്കാണ് ആ ഭാഗ്യം സിദ്ധിച്ചത്. അവസാനത്തെ പ്രവാചകൻെറ ജന്മത്തിന് ഇടം നൽകാനുള്ള ഭാഗ്യം. ക്രിസ്താബ്ദം 571 ഏപ്രിൽ 20 ന്, അറബി മാസം റബീഉൽ അവ്വൽ 9 ന് തിങ്കളാഴ്ച ആമിനയുടെയും അബ്ദുല്ലയുടെയും പുത്രനായി മുഹമ്മദ് ജനിച്ചു. ഒരു സാധാരണ അറബി ബാലനായി അദ്ദേഹം വളർന്നു. അനാഥത്വത്തിൻെറ കയ്പുനീരുകുടിച്ച് വളർന്ന ആ കുട്ടി, ചെറുപ്പം മുതലേ സത്യസന്ധനും സൗമ്യശീലനുമെന്ന പേര് സമ്പാദിച്ചു. അദ്ദേഹത്തിൻെറ സ്വഭാവ വൈശിഷ്ട്യത്തിൽ ആകൃഷ്ടയായ ഖദീജയെന്ന നാൽപത് വയസ്സുകാരിയായ കുലീന സ്ത്രീയെ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ വിവാഹം കഴിച്ചു. സ്വഭാവ വൈശിഷ്ട്യംകൊണ്ട് ശ്രദ്ധേയനായ അദ്ദേഹം നാടിനും തറവാടിനും വേണ്ടപ്പെട്ടവനായി വളർന്നു; നാൽപത് വയസ്സുവരെ.

നാൽപതാം വയസ്സിലാണ് അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചത്. പ്രപഞ്ചത്തിലെ ഏറ്റവും വലിയ സത്യം അദ്ദേഹം പ്രഖ്യാപിച്ചു: 'ഈ ലോകത്തെ പടക്കുകയും പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ. അവൻ അയച്ച പ്രവാചകനാണ് ഞാൻ. എന്നെ അനുസരിക്കുക. ഈ ജീവിതത്തിൻെറ അന്ത്യമായ മരണം മറ്റൊരു ജീവിതത്തിൻെറ തുടക്കമാവുന്നു: മരണാനന്തര ജീവിതം. അവിടെ വെച്ചാണ് ഇഹലോകത്തിലെ ചെയ്തികൾക്ക് പൂർണമായ പ്രതിഫലം ലഭിക്കുക. നന്മ ചെയ്തവന് സ്വർഗം. തിന്മ ചെയ്തവന് നരകം. പരലോകത്തിൽ സ്വർഗം നേടിയെടുക്കുകയാണ് മനുഷ്യ ജീവിതത്തിൻെറ പരമമായ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക് നടന്നുനീങ്ങാൻ ഈ ലോകത്തിൽ ദൈവത്തിൻെറ പ്രവാചകൻെറ ജീവിത രീതി പിൻപറ്റുകയാണ് വേണ്ടത്' ഇതാണ് അദ്ദേഹത്തിൻെറ ഉപദേശങ്ങളുടെ രത്നച്ചുരുക്കം.



സത്യം പറഞ്ഞ മുഹമ്മദ് (ﷺ) അപമാനിക്കപ്പെട്ടു. മർദിക്കപ്പെട്ടു. പക്ഷേ, സത്യത്തിൻെറ സ്വരംകേട്ട മനുഷ്യമക്കൾ അതിൽ ആകൃഷ്ടരായി. ഇതുകണ്ട അസത്യത്തിൻെറ പിണിയാളുകൾക്ക് കലി കയറി. അവർ മർദനങ്ങൾക്ക് ഊക്കുകൂട്ടി. അദ്ദേഹത്തിൻെറ അനുയായികൾ പലരും കൊല്ലപ്പെട്ടു. ക്രൂരമായ മർദനങ്ങൾക്കവർ വിധേയമായി. പക്ഷേ, അചഞ്ചലമായി അവർ നിലകൊണ്ടു. ജനിച്ചുവളർന്ന നാടും വീടും ഉപേക്ഷിച്ചുപോവാൻ പ്രവാചകനും അനുയായികളും തയ്യാറാവേണ്ടിവന്നു. അതും നടന്നു. പലായനം-സ്വന്തം വിശ്വാസം സംരക്ഷിക്കാനായി നാടും വീടും കൂട്ടുകുടുംബാദികളെയുമെല്ലാം ഉപേക്ഷിച്ച് അവർ യാത്രയായി മദീനയിലെത്തി താമസിച്ചു. ഇരുട്ടിൻെറ ഉപാസകർ അവിടെയും അദ്ദേഹത്തിന് സൈ്വര്യം കൊടുത്തില്ല. സത്യവിശ്വാസം സംരക്ഷിക്കാനായി പ്രവാചകനും അനുയായികൾക്കും അവസാനം വാളെടുക്കേണ്ടിവന്നു. യുദ്ധങ്ങൾ! യുദ്ധങ്ങൾ! സത്യത്തിൻെറ സംരക്ഷണത്തിനുവേണ്ടി നിരവധി പ്രവാചകാനുചരന്മാർക്ക് ജീവൻ കൊടുക്കേണ്ടിവന്നു. അവസാനം സത്യം ജയിക്കുകതന്നെ ചെയ്തു. അറേബ്യ മുഴുവൻ ഇസ്ലാമിന് കീഴിലായി.

മുഹമ്മദ് (ﷺ), ഈ ലോകത്തിലെ അവസാനത്തെ മനുഷ്യൻവരെയുള്ള സകലരുടെയും പ്രവാചകനാണ്. അദ്ദേഹത്തിൻെറ രഹസ്യവും പരസ്യവുമായ ജീവിതം മുഴുവൻ നമുക്ക് മുന്നിൽ തുറന്ന് വെക്കപ്പെട്ടിരിക്കുന്നു. ലോകത്ത് മറ്റൊരു നേതാവിൻെറയും ജീവിതം അദ്ദേഹത്തിൻെറ ജീവിതത്തെപ്പോലെ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അങ്ങനെ രേഖപ്പെടുത്തപ്പെട്ടാൽ ആദരണീയരായ പല വ്യക്തിത്വങ്ങളും അനാദരണീയരായി മാറും. പക്ഷേ, പ്രവാചകൻെറ ജീവിതംനോക്കൂ. അദ്ദേഹത്തിൻെറ കുളിമുറി മുതൽ പള്ളിമിമ്പർവരെയുള്ള ജീവിതം മുഴു

വൻ നമുക്ക് മാതൃകായോഗ്യമാണ്. അദ്ദേഹം പൂർണ്ണനായ ഒരു മുസ്ലിമായിരുന്നു. അഥവാ, മാനുഷിക ഗുണങ്ങളെല്ലാം പ്രതിബിംബിച്ചിരുന്ന മഹാനായ ഒരു മനുഷ്യൻ. തന്നിൽ ദൈവികത്വമുണ്ടെന്ന് അദ്ദേഹം അവകാശപ്പെട്ടിട്ടില്ല. ദൈവാവതാരമാണ് താനെന്ന് അദ്ദേഹം വാദിച്ചിട്ടുമില്ല. അദ്ദേഹം പറഞ്ഞു. താനൊരു മുസ്ലിമാണെന്ന്; ദൈവത്തിന് സ്വജീവിതത്തെ സമ്പൂർണമായി സമർപ്പിക്കുകവഴി മനുഷ്യത്വത്തിൻെറ ഉദാത്തീകരണം സാധിച്ച ഒരു മനുഷ്യനാണെന്ന്. മാർക്സ്പോലും ഒരു മാർക്സിസ്റ്റായിരുന്നില്ല. എന്നാൽ മുഹമ്മദ് (ﷺ) ഒരു മുസ്ലിമായിരുന്നു. പക്ഷേ, അവസാനത്തെ മുസ്ലിമായിരുന്നില്ല. സ്വജീവിതത്തിൻെറ മാതൃകയിലൂടെ അനേകം മുസ്ലിംകൾക്ക് ജന്മം നൽകിയ മഹാനായ പ്രവാചകനായിരുന്നു.

പ്രവാചകന്മാരിൽ അന്തിമനാണ് മുഹമ്മദ് (ﷺ).

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ
ٱلنَّبِيِّـۧنَ ۗ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا

"മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (33:40).

عَنْ جَابِرٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَثَلِي وَمَثَلُ
الْأَنْبِيَاءِ كَمَثَلِ رَجُلٍ بَنَى دَارًا فَأَتَمَّهَا وَأَكْمَلَهَا إِلَّا مَوْضِعَ لَبِنَةٍ
فَجَعَلَ النَّاسُ يَدْخُلُونَهَا وَيَتَعَجَّبُونَ مِنْهَا وَيَقُولُونَ لَوْلَا مَوْضِعُ
اللَّبِنَةِ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَأَنَا مَوْضِعُ
اللَّبِنَةِ جِئْتُ فَخَتَمْتُ الْأَنْبِيَاءَ

"ജാബിർ (رضي الله عنه) നിവേദനം: തിരുമേനി പറഞ്ഞു: ഞാനും ഇതരപ്രവാചകന്മാരും ഉപമിക്കപ്പെടുക ഒരാൾ ഒരു വീട് നിർമിച്ചതിനോടാണ്. അയാൾ അതിൻെറ നിർമാണമെല്ലാം പൂർത്തിയാക്കി. ഒരു ഇഷ്ടികയുടെ സ്ഥാനംമാത്രം ബാക്കിവെച്ചു. ജനം ആ വീട്ടിൽ പ്രവേശിച്ച്



അത്ഭുതം രേഖപ്പെടുത്താൻ തുടങ്ങി. അവർ പറഞ്ഞു: ഈ ഇഷ്ടികയുടെ സ്ഥാനം ബാക്കിവെച്ചിട്ടില്ലായിരുന്നുവെങ്കിൽ. തിരുമേനി പറഞ്ഞു: ഞാൻ ആ ഇഷ്ടികയുടെ സ്ഥാനത്തേക്ക് വന്നവനാണ്. ഞാൻ മുഖേന പ്രവാചക (സൗധം) പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുന്നു" (സഹീഹു മുസ്ലിം, ഹദീഥ്: 4240).

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു മാത്രമാണ് ആരാധനകളർഹിക്കുന്നതെന്ന സാക്ഷ്യവാചകത്തിനു ശേഷം ഇസ്ലാമിലേക്കു പ്രവേശിക്കുന്ന വ്യക്തി രണ്ടാമതായി ഉരുവിടേണ്ട പ്രതിജ്ഞ 'മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്നാണ്. മുഹമ്മദ് നബി (ﷺ) കഴിഞ്ഞുപോയ പ്രവാചകന്മാരുടെയെല്ലാം പിൻഗാമിയും അവരുടെ ദൗത്യത്തിൻെറ പൂർത്തീകരണത്തിനുവേണ്ടി അയക്കപ്പെട്ട അന്തിമപ്രവാചകനുമാണെന്ന് വിശ്വസിക്കുന്നതിലൂടെ മാത്രമെ ഒരാൾക്ക് മുസ്ലിമാകുവാൻ സാധ്യമാവൂ. മുഹമ്മദ് നബിയും ഒരു പ്രവാചകനാണെന്നോ മഹാനാണെന്നോ ഉള്ള കേവലമായ അംഗീകാരത്തിലുപരിയായി അദ്ദേഹം ഒരു ദൈവദൂതനാണെന്ന് ഞാൻ എൻെറ ജീവിതം കൊണ്ട് സാക്ഷ്യം വഹിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയാണ് രണ്ടാമത്തെ കലിമ ഉച്ചരിക്കുന്ന വ്യക്തി ചെയ്യുന്നത്.

'മുഹമ്മദ് നബി (ﷺ) ദൈവദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്ന് പ്രതിജ്ഞ ചെയ്ത വ്യക്തി അദ്ദേഹത്തിൻെറ ജീവിതരീതി പിന്തുടരാൻ നിർബന്ധിതനാണ്. മുഹമ്മദ്(ﷺ) ദൈവിക ബോധനങ്ങൾക്കനുസൃതമായി സംസാരിക്കുകയും മാതൃകാപരമായി ജീവിക്കുകയും ചെയ്തയാളാണെന്ന് അംഗീകരിക്കുകയാണ് അദ്ദേഹം ദൈവദൂതനാണെന്ന് വിശ്വസിക്കുന്നയാൾ ചെയ്യുന്നത്. അങ്ങനെയുള്ള ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം നന്മയും തിന്മയും തമ്മിലുള്ള വേർതിരിവ് അത് പ്രവാചകൻ അനുവദിച്ചുവോ ഇല്ലയോ എന്നുള്ളതാണ്. ദൈവദൂതൻ ദൈവികബോധനപ്രകാരമാണ് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എന്നതിനാൽ തന്നെ അദ്ദേഹത്തിൻെറ ജീവിതം ദൈവികമാർഗനിർദേശങ്ങൾക്കനുസൃതമായി മാതൃകാപരമായിരിക്കും. അദ്ദേഹമാണ് നന്മയും തിന്മയുമെന്താണെന്ന് നമുക്ക് വേർതിരിച്ചു തരേണ്ടത്. ദൈവദൂതൻ നന്മയെന്ന് പഠിപ്പിച്ചതെല്ലാം നന്മയും തിന്മയാണെന്ന് പറഞ്ഞുതന്നതെല്ലാം തിന്മയുമാണെന്ന് ഒരു മുസ്ലിം വിശ്വസിക്കുന്നു. അതുകൊ

ണ്ടുതന്നെ മുസ്‌ലിമിൻെറ ജീവിതം പ്രവാചകൻെറ മാതൃകയുൾക്കൊണ്ടുകൊണ്ടായിരിക്കും. അല്ലാഹുവിൻെറ ഗ്രന്ഥവും പ്രവാചകൻെറ ജീവിതവും മൊഴികളും അംഗീകാരങ്ങളും അനുവാദവുമാണ് ഇസ്‌ലാമികജീവിത വ്യവസ്ഥയുടെ അടിസ്ഥാനം. വ്യക്തിയും കുടുംബവും സമൂഹവും രാഷ്ട്രവുമെല്ലാം ഇസ്‌ലാമികമായി മാറുമ്പോൾ എങ്ങനെയായിരിക്കണമെന്ന് അല്ലാഹുവും റസൂലും(ﷺ) പഠിപ്പിച്ചിട്ടുണ്ട്. ഇതിന്നാണ് ഇസ്‌ലാമിക ജീവിതരീതി അഥവാ 'ശരീഅത്ത്' എന്നു പറയുന്നത്.

മുഹമ്മദ് (ﷺ) ദൈവദൂതനാണെന്ന് അംഗീകരിക്കുന്ന ഒരാളുടെ ജീവിതത്തിൽ നിന്ന് പ്രവാചകൻ നിർബന്ധമായി കൽപിച്ച കാര്യങ്ങളൊന്നും ഒഴിഞ്ഞു പോകുന്നില്ല. അദ്ദേഹം നിരോധിച്ച കാര്യങ്ങളിൽ നിന്നെല്ലാം അവൻ ഒഴിഞ്ഞു നിൽക്കുന്നു. ഒരു മുസ്‌ലിം മദ്യം ഒഴിവാക്കുന്നതും ഒരു ഗാന്ധിയൻ അങ്ങനെ ചെയ്യുന്നതും തമ്മിൽ അടിസ്ഥാനപരമായിത്തന്നെ അന്തരമുണ്ട്. അല്ലാഹുവും റസൂലും നിരോധിച്ചുവെന്നതാണ് ഒരു മുസ്‌ലിം മദ്യം കഴിക്കാതിരിക്കുന്നതിന് കാരണം. ശരീരത്തിനും മനസ്സിനും ഹാനികരമാണെന്നതിനാലാണ് ഒരു ഗാന്ധിയൻ അതിൽ നിന്ന് വിട്ടുനിൽക്കുന്നത്. ധർമത്തെയും അധർമത്തെയും കുറിച്ച് വ്യക്തമായ ഒരു അതിർവരമ്പുണ്ടാവുന്നത് ഇസ്‌ലാമിൽ മാത്രമാണ്. അല്ലാഹുവും റസൂലും (ﷺ) അനുവദിച്ച കാര്യങ്ങളെല്ലാം നന്മയും നിരോധിച്ച കാര്യങ്ങളെല്ലാം തിന്മയുമാണെന്ന തത്ത്വമാണ് ഇസ്‌ലാമിക ശരീഅത്തിൻെറ അടിസ്ഥാനം. അല്ലാഹുവും റസൂലും (ﷺ) അനുവദിച്ച കാര്യങ്ങളിലാണ് ആത്യന്തികമായ നന്മ സ്ഥിതിചെയ്യുന്നതെന്നും നിരോധിച്ച കാര്യങ്ങളിലാണ് തിന്മയുടെ വേരുകളെന്നും ഇന്ന് ഒരു വിധമെല്ലാവരും അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രവാചക നിയോഗത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്ന വചനങ്ങൾ ഇവിടെ സ്മരണീയമാണ്:

ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِيَّ ٱلْأُمِّيَّ ٱلَّذِى يَجِدُونَهُۥ مَكْتُوبًا عِندَهُمْ فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَٰلَ ٱلَّتِى كَانَتْ عَلَيْهِمْ ۚ فَٱلَّذِينَ ءَامَنُوا۟ بِهِۦ



وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟ ٱلنُّورَ ٱلَّذِىٓ أُنزِلَ مَعَهُۥٓ ۙ أُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ

"തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ പിൻപറ്റുന്നവർക്ക് (ദൈവകാരുണ്യമുണ്ടായിരിക്കും). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ അവർ തന്നെയാണ് വിജയികൾ" (7:157).

മുഹമ്മദി(ﷺ)ലൂടെ ലോകത്തിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമായ ഖുർആൻ, ഒരേസമയം മാർഗദർശക വെളിപാടും അതോടൊപ്പം ദൈവികദൃഷ്ടാന്തവുമാണ്. അതിൽ പ്രതിപാദിക്കപ്പെട്ട തത്ത്വങ്ങൾ മനുഷ്യൻെറ ഭൗതിക പുരോഗതിക്കെതിരല്ല. പക്ഷേ, 'പുരോഗമിച്ചു' മൃഗമാവാൻ സാധ്യതയുള്ള മാനുഷ്യകത്തിൻെറ ജീവിതത്തിൻെറ ഓരോ രംഗങ്ങളിലും സ്വീകരിക്കേണ്ട നിയമനിർദേശങ്ങളത് ഉൾക്കൊള്ളുന്നു. അതിലെ ഏതെങ്കിലുമൊരു നിയമം അപ്രായോഗികമാണെന്ന് പറയുക സാധ്യമല്ല. കാലഹരണപ്പെട്ട ഒരു നിർദേശവും അത് ഉൾക്കൊള്ളുന്നില്ല. അവസാനനാളുവരെയുള്ളവർക്ക് മാർഗദർശനം നൽകാൻ കഴിയുന്ന ഒരേയൊരു ഗ്രന്ഥമാണ് ഖുർആൻ. വേദഗ്രന്ഥങ്ങളുടെ പുറം ചട്ടയണിഞ്ഞ മറ്റൊരു ഗ്രന്ഥത്തിനും ഈ പരിശുദ്ധി അവകാശപ്പെടാൻ കഴിയില്ല. അത് ഒന്നുകിൽ 'വിശുദ്ധ'ന്മാരുടെ അല്ലെങ്കിൽ പുരോഹിതന്മാരുടെ അതുമല്ലെങ്കിൽ ഋഷിമാരുടെ രചനകളാണ്. ഖുർആനാകട്ടെ ദൈവിക വെളിപാടുകളുടെ സമാഹാരമാണ്. മുഹമ്മദ് (ﷺ) നിർമിച്ച ഒരൊറ്റ വചനംപോലും ഖുർആനിലില്ല. ദൈവം അദ്ദേഹത്തിന് അവതരിപ്പിച്ചുകൊടുത്തത

ത്രെ അതിലെ ഓരോ അക്ഷരങ്ങളും.

മോശെ പ്രവാചകൻ കയ്യിലുള്ള വടി നിലത്തിട്ട് പാമ്പിനെയുണ്ടാക്കി! യേശു മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിച്ചു. തങ്ങൾ പ്രവാചകനാണെന്നതിനുള്ള തെളിവുകളായി അവർക്ക് ദൈവം നൽകിയ അമാനുഷിക ദൃഷ്ടാന്തങ്ങളായിരുന്നു അവ. അവ അവരുടെ അന്ത്യത്തോടെ അവസാനിച്ചു. കാരണം അവരുടെ ദൗത്യം പരിമിതമായിരുന്നു. സമകാലികരായ ജനങ്ങളും ഇസ്രാഈൽ തറവാട്ടിലെ നഷ്ടപ്പെട്ട ആളുകളുമായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ അവസാനനാളുവരെയുള്ള സകലരുടെയും പ്രവാചകനായ മുഹമ്മദി(ﷺ)ന്ന് നൽകപ്പെട്ട അമാനുഷിക ദൃഷ്ടാന്തം അദ്ദേഹത്തിൻെറ ദൗത്യംപോലെ, അന്ത്യനാളുവരെ നിലനിൽക്കുന്നതാണ്. ഖുർആൻ മഹത്തായ ഒരു അമാനുഷിക ദൃഷ്ടാന്തമാകുന്നു. അതിലെ ഒരു ചെറിയ അദ്ധ്യായത്തിന് തുല്യമായ രീതിയിലുള്ള ഒരു രചനപോലും നടത്താൻ ഇന്നുവരെ മനുഷ്യർക്കാർക്കും കഴിഞ്ഞിട്ടില്ല. അറബി ഭാഷയിലും സാഹിത്യത്തിലും അഗാധജ്ഞാനമുള്ള പല ഇസ്‌ലാം വിരോധികളും കഴിഞ്ഞുപോയി. ഇന്നും പലരും നിലനിൽക്കുന്നു. പക്ഷേ, പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ഖുർആൻ നടത്തിയ വെല്ലുവിളിക്കു മുമ്പിൽ അവരെല്ലാം നിശബ്ദരാണ്. ഖുർആനിലെ ഏറ്റവും ചെറിയ അദ്ധ്യായത്തിന് തുല്യമായ ഒരു രചന നടത്തി ഖുർആൻ അതുല്യമല്ലെന്ന് തെളിയിക്കാനാണ് അതിൻെറ വെല്ലുവിളി. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ കുതിച്ചുയരുന്തോറും അതിന്റെ അപ്രമാദിത്വവും അതുല്യതയും ദൈവികതയും കൂടുതൽ കൂടുതൽ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ദൈവിക ഗ്രന്ഥമാണ് ഖുർആൻ. ഈ ദൈവിക ഗ്രന്ഥത്തെ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയും അതുപ്രകാരം ജീവിച്ച് പ്രായോഗികമാക്കി കാണിച്ചുകൊടുക്കുകയുമാണ് പ്രവാചക(ﷺ)ൻെറ ദൗത്യം. ദൈവികഗ്രന്ഥത്തെ സ്വന്തം താൽപര്യപ്രകാരം വ്യാഖ്യാനിക്കുകയല്ല മുഹമ്മദ് (ﷺ) ചെയ്തത്. അല്ലാഹുതന്നെ അദ്ദേഹത്തിന് നൽകിയ ബോധനങ്ങൾ പ്രകാരമാണ് അവൻെറ വചനങ്ങളെ അദ്ദേഹം വ്യാഖ്യാനിച്ചത്. ദിവ്യഗ്രന്ഥത്തിൻെറ അവതരണവും ക്രോഡീകരണവും സംരക്ഷണവും വ്യാഖ്യാനവുമെല്ലാം അല്ലാഹു തന്നെ സ്വയം ബാധ്യതകളായി ഏറ്റെടുത്തിട്ടുള്ളതാണ്. അല്ലാഹു പറയുന്നത് കാണുക:



إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَـٰفِظُونَ

"തീർച്ചയായും നാം ആണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ● إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ●
فَإِذَا قَرَأْنَـٰهُ فَٱتَّبِعْ قُرْءَانَهُۥ ● ثُمَّ إِنَّ عَلَيْنَا بَيَانَهُۥ

"നീ അത് (ഖുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻവേണ്ടി അതുംകൊണ്ട് നിൻെറ നാവ് ചലിപ്പിക്കേണ്ട. തീർച്ചയായും അതിന്റെ സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ച് തരലും നമ്മുടെ ബാധ്യതയാകുന്നു" (75:16-19).

വേദഗ്രന്ഥം ഓതിക്കേൾപ്പിക്കുക മാത്രമായിരുന്നില്ല പ്രവാചക ദൗത്യം. അത് വിശദീകരിച്ചുകൊടുക്കുകകൂടി അദ്ദേഹത്തിൽ ഏൽപിക്കപ്പെട്ട ഉത്തരവാദിത്തമായിരുന്നു:

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۚ فَسْـَٔلُوٓا۟ أَهْلَ
ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ● بِٱلْبَيِّنَـٰتِ وَٱلزُّبُرِ ۗ وَأَنزَلْنَآ إِلَيْكَ
ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ

"നിനക്ക് മുമ്പ് മനുഷ്യന്മാരെയല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം സന്ദേശം നൽകുന്നു. നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദംമുഖേന) ഉദ്ബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചുനോക്കുക. വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു) നിനക്കു നാം ഉദ്ബോധനം അവതരിപ്പിച്ചുതന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻവേണ്ടിയും അവർ ചിന്തിക്കാൻവേണ്ടിയും" (16:43,44).

ഈ വിശദീകരണമാണ് നബിചര്യ. ഖുർആനിൽ ഹിക്മത്ത് എന്ന് പ്രയോഗിച്ചിരിക്കുന്നത് നബിചര്യയെക്കുറിക്കുന്നതിനുവേണ്ടിയാണ് എന്നാണ് വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുള്ളത്.

വേദത്തോടൊപ്പം ഹിക്മത്തും ദൈവാവതീർണമായതാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു.

كَمَآ أَرْسَلْنَا فِيكُمْ رَسُولاً مِّنكُمْ يَتْلُواْ عَلَيْكُمْ ءَايَٰتِنَا وَيُزَكِّيكُمْ وَيُعَلِّمُكُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَيُعَلِّمُكُم مَّا لَمْ تَكُونُواْ تَعْلَمُونَ

"നമ്മുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ചുതരികയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങൾക്ക് വേദവും വിജ്ഞാനവും (ഹിക്മത്ത്) പഠിപ്പിച്ചുതരികയും നിങ്ങൾക്ക് അറിവില്ലാത്തത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽനിന്നു തന്നെയുള്ള ഒരു ദൂതനെ നിങ്ങളിലേക്ക് നാം നിയോഗിച്ചത് (വഴി നിങ്ങൾക്ക് ചെയ്ത അനുഗ്രഹം) പോലെതന്നെയാകുന്നു ഇതും" (2:151).

وَلَوْلَا فَضْلُ ٱللَّهِ عَلَيْكَ وَرَحْمَتُهُۥ لَهَمَّت طَّآئِفَةٌ مِّنْهُمْ أَن يُضِلُّوكَ وَمَا يُضِلُّونَ إِلَّآ أَنفُسَهُمْ ۖ وَمَا يَضُرُّونَكَ مِن شَىْءٍ ۚ وَأَنزَلَ ٱللَّهُ عَلَيْكَ ٱلْكِتَٰبَ وَٱلْحِكْمَةَ وَعَلَّمَكَ مَا لَمْ تَكُن تَعْلَمُ ۚ وَكَانَ فَضْلُ ٱللَّهِ عَلَيْكَ عَظِيمًا

"നിൻെറമേൽ അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ അവരിലൊരു വിഭാഗം നിന്നെ പിഴപ്പിച്ചുകളയുവാൻ തുനിഞ്ഞിരിക്കുകയായിരുന്നു (വാസ്തവത്തിൽ) അവർ അവരെത്തന്നെയാണ് പിഴപ്പിക്കുന്നത്. നിനക്ക് അവർ ഒരു ഉപദ്രവവും വരുത്തുന്നതല്ല. അല്ലാഹു നിനക്ക് വേദവും ജ്ഞാനവും (ഹിക്മത്ത്) അവതരിപ്പിച്ച് തരികയും നിനക്ക് അറിവില്ലാതിരുന്നത് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നിൻെറമേലുള്ള അല്ലാഹുവിൻെറ അനുഗ്രഹം മഹത്തായതാകുന്നു" (4:113).

وَمَا يَنطِقُ عَنِ ٱلْهَوَىٰٓ • إِنْ هُوَ إِلَّا وَحْىٌ يُوحَىٰ



"അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉദ്ബോധനം മാത്രമാകുന്നു" (53:3,4).

عَنِ الْمِقْدَامِ بْنِ مَعْدِي كَرِبَ الْكِنْدِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَلَا إِنِّي أُوتِيتُ الْكِتَابَ وَمِثْلَهُ مَعَهُ أَلَا إِنِّي أُوتِيتُ الْقُرْآنَ وَمِثْلَهُ مَعَهُ

"മിഖ്ദാമിബ്നു മഅ്ദി (ﷺ)നിവേദനം: തിരുമേനി പറഞ്ഞു: അറിയുക, എനിക്ക് വേദഗ്രന്ഥവും അതിനോടൊപ്പം അതുപോലുള്ള മറ്റൊന്നും നൽകിയിരിക്കുന്നു. അറിയുക, എനിക്ക് ഖുർആനും അതിൻെറകൂടെ അതുപോലുള്ള മറ്റൊന്നും നൽകപ്പെട്ടിരിക്കുന്നു" (മുസ്നദ് അഹ്മദ്, ഹദീഥ്: 16546).

ഖുർആനും നബിചര്യയുമനുസരിച്ച് ജീവിക്കുകയത്രെ മനുഷ്യർ വിമോചിതരാവാനുള്ള മാർഗം. അവ രണ്ടിനും മാത്രമേ മാനവികതയെ ദീപ്തമാക്കാനാവൂ. മനുഷ്യവർഗത്തെ നയിക്കാൻ കഴിയൂ.

ബുദ്ധിയുടെ പരിമിതിയെക്കുറിച്ച് നമുക്കറിയാം. പദാർഥാതീതമായ യാതൊന്നിനെക്കുറിച്ചും കൃത്യമായ ഒരു നിഗമനത്തിലെത്താൻ ബുദ്ധിമാത്രം ഉപയോഗിച്ചുകൊണ്ട് സാധ്യമല്ല. അതിന് ദൈവികമാണെന്ന് ഉറപ്പുള്ള പ്രമാണങ്ങൾ അനിവാര്യമാണ്. അന്തിമപ്രവാചകന്നു ശേഷമുള്ള മനുഷ്യരെ സംബന്ധിച്ചിടത്തോളം ആധ്യാത്മികജ്ഞാനത്തിൻെറ വിഷയത്തിൽ പൂർണമായി ആശ്രയിക്കാവുന്ന അടിസ്ഥാന പ്രമാണങ്ങൾ ഖുർആനും സുന്നത്തുമാണ്. മനുഷ്യരുടെ കരവിരുതുകളിൽനിന്ന് മുക്തമായി നമുക്ക് ലഭ്യമാകുന്ന പ്രമാണങ്ങളാണവ. അവ ദൈവികമാണോയെന്നും എത്രത്തോളം സ്വീകാര്യമാണെന്നും പരിശോധിക്കുവാൻ നമുക്ക് കഴിയും. ഖുർആനിൻെറ ദൈവികതയെയും മുഹമ്മദ് നബി(ﷺ)യുടെ പ്രവാചകത്വത്തെയും കുറിച്ച് അപഗ്രഥനാത്മകമായി പഠിക്കുന്ന ഒരാൾക്കും ആധ്യാത്മികജ്ഞാനത്തിൻെറ കാര്യത്തിൽ സ്വീകരിക്കാവുന്ന പ്രമാണങ്ങളാണവയെന്ന വസ്തുത നിഷേധിക്കാനാവില്ല. ആധുനികമോ പൗരാണികമോ ആയ ഏതു മാനദണ്ഡങ്ങളുപയോഗിച്ച് പരിശോധിച്ചാലും ഖുർആനിൻെറ ദൈവികതയും മുഹമ്മദി(ﷺ)ൻെറ പ്രവാചകത്വവും സുതരാം ബോധ്യമാവും.

ഖുർആനും സുന്നത്തുമാണല്ലോ നന്മതിന്മകളെക്കുറിച്ച അറിവു നൽകുന്ന നമ്മുടെ കൈവശമുള്ള പ്രമാണങ്ങൾ. ഇതിൽ ഖുർആൻ ദൈവവചനമാണ്. ദൈവികബോധനപ്രകാരം ജീവിക്കുകയും സംസാരിക്കുകയും ചെയ്ത അന്തിമപ്രവാചകൻെറ ചെയ്തികളും മൊഴികളും അനുവാദവുമാണ് സുന്നത്ത്. വിവിധ സന്ദർഭങ്ങളിലും അവസരങ്ങളിലും അവതരിപ്പിക്കപ്പെട്ട ഖുർആൻ സൂക്തങ്ങൾ അവ അവതരിപ്പിക്കപ്പെടുമ്പോൾതന്നെ ഏത് അധ്യായത്തിൽ എത്രാമത്തെ സൂക്തമായാണ് അവയെ പരിഗണിക്കേണ്ടതെന്നും ദൈവിക നിർദേശമുണ്ടായിരുന്നു. ഈ നിർദേശപ്രകാരം മുഹമ്മദ് നബി (ﷺ) തൻെറ അനുചരന്മാരെ ഖുർആൻ പഠിപ്പിക്കുകയും അവരിൽ പലരും അത് ഹൃദിസ്ഥമാക്കുകയും ചെയ്തിരുന്നു. മുഹമ്മദ് നബി(ﷺ)യുടെ വിയോഗസമയത്ത് ഖുർആൻ പൂർണമായി ഹൃദിസ്ഥമാക്കിയ നൂറുകണക്കിന് അനുചരന്മാരുണ്ടായിരുന്നു. അവരാണ് ലോകത്തിൻെറ വ്യത്യസ്ത ഭാഗങ്ങളിൽ ഖുർആൻ പഠിപ്പിച്ചത്. പ്രവാചകന്നു ശേഷം ഒന്നാം ഖലീഫ അബൂബക്കറി(﵁)ൻെറ കാലത്ത് രണ്ടു ചട്ടകൾക്കുള്ളിലുള്ള ഒരു ഗ്രന്ഥമായി ഖുർആൻ ക്രോഡീകരിക്കപ്പെട്ടു. ഇങ്ങനെ രണ്ടു ചട്ടകൾക്കുള്ളിലാക്കിയ ഖുർആനിനെയാണ് മുസ്ഹഫ് എന്നു പറയുന്നത്. മൂന്നാം ഖലീഫയായിരുന്ന ഉസ്മാനി(﵁)ൻെറ കാലത്ത് മുസ്ഹഫിൻെറ കോപ്പികളെടുക്കുകയും തൻെറ ഭരണപ്രദേശത്തെ വ്യത്യസ്ത പ്രവിശ്യകളിലെത്തിക്കുകയും ചെയ്തു. പ്രസ്തുത മുസ്ഹഫുകൾ ഇന്നും പുരാവസ്തു കേന്ദ്രങ്ങളിലുണ്ട്. ഇന്ന് ഉപയോഗിക്കുന്ന മുസ്ഹഫുകൾ അവയുടെ ശരിപ്പകർപ്പുകളാണ്.

മുഹമ്മദ് നബി(ﷺ)യുടെ മൊഴികളും ചെയ്തികളും അനുവാദവുമൊന്നും അദ്ദേഹത്തിൻെറ കാലത്ത് രേഖപ്പെടുത്തപ്പെട്ടിരുന്നില്ല. എന്നാൽ, മുഹമ്മദ് നബി(ﷺ)യിൽനിന്ന് കണ്ടും കേട്ടും പഠിച്ച കാര്യങ്ങൾ പരസ്പരം കൈമാറുകയും ഉപദേശിക്കുകയും ചെയ്യാൻ പ്രവാചകാനുചരന്മാർ ഔൽസുക്യം പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യത്തിലുള്ള പ്രവാചക(ﷺ)ന്റെ കൃത്യമായ മാർഗനിർദേശം കാണുക:

عَنْ أَنَسِ بْنِ مَالِكٍ أَنَّهُ قَالَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَنْ تَعَمَّدَ عَلَيَّ كَذِبًا فَلْيَتَبَوَّأْ مَقْعَدَهُ مِنَ النَّارِ

അനസ്ബ്നു മാലിക് (﵁) നിവേദനം: നബി(ﷺ) പറഞ്ഞു: "എന്നെക്കുറിച്ച് ബോധപൂർവം ആരെങ്കിലും നുണപറയുകയാണെങ്കിൽ അയാൾ നരകത്തിൽ ഒരു ഇരിപ്പിടം തയാറാക്കിക്കൊള്ളട്ടെ'' (സ്വഹീഹുമുസ്ലിം,ഹദീഥ്:3).



ഈ പ്രവാചക വചനം ശരിക്കും ഉൾക്കൊണ്ട അനുചരന്മാർ അദ്ദേഹത്തിൽനിന്ന് ഏതു കാര്യം നിവേദനം ചെയ്യുമ്പോഴും ശരിക്കും സൂക്ഷ്മത പാലിച്ചിരുന്നു. പ്രവാചക വിയോഗത്തിനുശേഷം അനുചരന്മാർ അടുത്ത തലമുറക്കും അവർ അടുത്ത തലമുറക്കും ആ തലമുറയിലുള്ളവർ അടുത്ത തലമുറക്കും പ്രവാചകൻെറ സുന്നത്ത് പഠിപ്പിച്ചുകൊടുത്തു. ഹിജ്റ 99 മുതൽ 101 വരെ ഇസ്ലാമിക രാഷ്ട്രത്തിന്റെ നായകനായിരുന്ന ഖലീഫ ഉമറുബ്നു അബ്ദുൽ അസീസിന്റെ കാലത്തു തന്നെ ഹദീഥുകൾ ക്രോഡീകരിച്ച് ഗ്രന്ഥരൂപത്തിലാക്കുവാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. എന്നാൽ മൂന്നും നാലും തലമുറകളിലെ ചില ത്യാഗിവര്യന്മാരാണ് വ്യാപകമായ രീതിയിൽ ഹദീഥുകൾ ക്രോഡീകരിച്ചുകൊണ്ട് ഇന്ന് നിലവിലുള്ള ഹദീഥ് ഗ്രന്ഥങ്ങൾ രചിച്ചത്. വളരെ സൂക്ഷ്മമായി നിർവഹിക്കപ്പെട്ട ഒരു കർമമായിരുന്നു ഇത്. മുഹമ്മദ് നബി(ﷺ)യുടേതായി ഒരാൾ ഒരു വചനം ഉദ്ധരിച്ചാൽ അതിൻെറ സ്രോതസ്സിനെയും സ്രോതസ്സിൻെറ സത്യസന്ധതയെയും കുറിച്ച് ശരിക്ക് അന്വേഷിക്കുകയും പൂർണമായി സത്യസന്ധമാണെന്ന് ബോധ്യപ്പെട്ടവ മാത്രം പ്രമാണമായി സ്വീകരിക്കുകയുമാണ് ഹദീഥുകൾ ക്രോഡീകരിച്ച പണ്ഡിതന്മാർ ചെയ്തത്. ഹദീഥുകളുടെ സ്വീകരണത്തിന് അവർ സ്വീകരിച്ച മാനദണ്ഡം തികച്ചും ശാസ് ത്രീയമായിരുന്നു. നാലാം തലമുറയിൽപെട്ട ഒരാൾ പ്രവാചകനിൽനി ന്ന് ഒരു ഹദീഥ് ഉദ്ധരിക്കുമ്പോൾ അയാൾക്ക് അത് എവിടെനിന്ന് കിട്ടിയെന്നും ആ കിട്ടിയ വ്യക്തി ആരിൽനിന്നാണ് കേട്ടത് എന്നും കൃത്യമായി അന്വേഷിച്ച് ആ പരമ്പര പ്രവാചകനിൽ എത്തുന്നുണ്ടോയെന്ന് സൂക്ഷ്മമായി പരിശോധിക്കുന്നു. പ്രവാചകനിൽ(ﷺ)നിന്ന് ഹദീഥ് റിപ്പോർട്ട് ചെയ്ത വ്യക്തി വരെയുള്ള പരമ്പരയിൽ വല്ല വിള്ളലുമുണ്ടെങ്കിൽ അത് അസ്വീകാര്യമായ ഹദീഥിൻെറ ഗണത്തിൽപെടുത്തുന്നു. പരമ്പരയിൽ വിള്ളലില്ലെങ്കിൽതന്നെ അത് റിപ്പോർട്ട് ചെയ്തവരിലെ ഏതെങ്കിലും ഒരു തലമുറയിലുള്ള ഒരാൾ കളവ് പറയാൻ എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ അതും അസ്വീകാര്യമായ ഹദീഥായി പരിഗണിക്കുന്നു. സത്യസന്ധന്മാരും സൂക്ഷ്മതക്കുറവില്ലാത്തവരുമായ നിവേദകന്മാരിലൂടെ മുറിയാതെ വന്ന പരമ്പരയിലുള്ള ഹദീഥുകളാണ് സ്വീകാര്യമായ ഹദീഥുകളുടെ ഗണത്തിൽപെടുത്തിയത്. ഇത്രയും സൂക്ഷ്മവും സത്യസന്ധവുമായി മറ്റൊരാളു

ടെയും ജീവിതം രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഏതൊരു അല്പപരീക്ഷണ ത്തെയും അതിജീവിക്കാൻ കഴിയുന്നവിധം ശാസ്ത്രീയമായാണ് ഹദീഥുകൾ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്.

ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങളുടെ സത്യതയും ദൈവികതയും പരിശോധിക്കാൻ യുക്തിയെയും ബുദ്ധിയെയും ഉപ യോഗപ്പെടുത്താമെന്നും അപഗ്രഥനാത്മകമായി വിശകലനം ചെയ്യു ന്ന ഒരാൾക്കും ഇവയുടെ പ്രാമാണികത നിഷേധിക്കാനാവില്ലെന്നും നാം മനസ്സിലാക്കി. ആധ്യാത്മിക ജ്ഞാനത്തിൻെറ വിഷയത്തിൽ നമ്മുടെ കൈവശമുള്ള പ്രമാദമുക്തമായ പ്രമാണങ്ങളാണിവ. ഇന്ദ്രി യങ്ങളുപയോഗിച്ച് മനസ്സിലാക്കാനാവാത്ത കാര്യങ്ങളാണല്ലോ ആധ്യാത്മിക ജ്ഞാനത്തിൻെറ പരിധിയിൽ വരുന്നത്. അതു കൊ ണ്ടുതന്നെ, നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ചെന്നെത്തുവാനോ മസ്തി ഷ്കത്തിൻെറ അപഗ്രഥനത്തിന് വിധേയമാക്കുവാനോ കഴിയാത്ത കാര്യങ്ങളെക്കുറിച്ച് ഈ പ്രമാണങ്ങൾ പറഞ്ഞുതരുന്നത് അപ്പടി സ്വീകരിക്കുക മാത്രമേ നിർവാഹമുള്ളൂ. ദൈവികസത്തയെയും നാമ ഗുണവിശേഷണങ്ങളെയും മരണാനന്തര സംഭവങ്ങളെയും ധർമാ ധർമങ്ങളെയും സംബന്ധിച്ച് ഖുർആനും സുന്നത്തും എന്തു പറ ഞ്ഞുതരുന്നുവോ അത് അപ്പടി സ്വീകരിക്കുകയാണ് വേണ്ടതെന്ന് പറയുന്നത് ഇതുകൊണ്ടാണ്.

ഖുർആനിലോ സുന്നത്തിലോ പറയുന്ന ഏതെങ്കിലും കാര്യങ്ങൾ യുക്തിക്കോ ബുദ്ധിക്കോ എതിരാണെന്നല്ല ഇപ്പറഞ്ഞതിനർഥം; ഇന്ദ്രിയാതീതമായ ലോകത്തെക്കുറിച്ച അറിവ് എല്ലാവരുടെയും എല്ലായ്പ്പോഴുമുള്ള യുക്തിക്ക് വഴങ്ങിക്കൊള്ളണമെന്നില്ലെന്നു മാത്രം. മനുഷ്യൻെറ യുക്തിബോധവും ബൗദ്ധിക നിലവാരവുമെ ല്ലാം ആപേക്ഷികമാണല്ലോ. ഇന്നലെ നമ്മുടെ സ്വപ്നങ്ങൾക്കുപോ ലും അന്യമായിരുന്ന കാര്യങ്ങൾ ഇന്ന് യാഥാർഥ്യമായിത്തീരുന്നു. നാം യുക്തിക്ക് വിരുദ്ധമെന്ന് കരുതിയ പല കാര്യങ്ങളും സത്യമാ ണെന്ന വസ്തുത അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. തികച്ചും ആപേക്ഷികമായ യുക്തിയെയും ബുദ്ധിയെയുമുപയോഗിച്ച് ഇന്ദ്രി യാതീതമായ വസ്തുതകളെ അപഗ്രഥനം ചെയ്യാനോ വ്യാഖ്യാനി ക്കുവാനോ കഴിയില്ലെന്ന യാഥാർഥ്യം അംഗീകരിക്കുകയല്ലാതെ നിർ വാഹമില്ല. ആധ്യാത്മിക ജ്ഞാനത്തിൻെറ വിഷയത്തിൽ ഖുർആ നും സുന്നത്തും പറഞ്ഞുതരുന്നത് അപ്പടി സ്വീകരിക്കുകയല്ലാതെ



അതിനെ ബൗദ്ധിക വിശകലനത്തിനും വ്യാഖ്യാനത്തിനും വിധേയ മാക്കുന്നത് വഴികേടിലേക്ക് നയിക്കുമെന്ന് പറയുന്നത് ഇതു കൊ ണ്ടാണ്.

ഇസ്‌ലാമിൻെറ രണ്ടാമത്തെ പ്രതിജ്ഞാവാക്യമുരുവിടുമ്പോൾ മുഹമ്മദി(ﷺ)നെ ദൈവദൂതനായി അംഗീകരിക്കുകയാണ് ചെയ്യുന്ന ത്. അദ്ദേഹം ദൈവികബോധനങ്ങൾക്കനുസൃതമായി സംസാരിക്കു കയും മാതൃകാപരമായി ജീവിക്കുകയും ചെയ്ത മഹാനായിരുന്നു വെന്ന് അംഗീകരിക്കുക. ഇത് അംഗീകരിക്കുന്ന മുസ്‌ലിം, അദ്ദേഹ ത്തിൻെറ ജീവിതരീതി പിന്തുടരാൻ നിർബന്ധിതനാണ്. അവനെ സംബന്ധിച്ചിടത്തോളം നന്മയും തിന്മയും തമ്മിലുള്ള വേർതിരിവ് അത് പ്രവാചകൻ അനുവദിച്ചുവോയെന്നുള്ളതാണ്. പ്രവാചകൻ നിർബന്ധമായി കൽപ്പിച്ച കർമങ്ങളൊന്നും അവൻെറ ജീവിതത്തി ൽനിന്ന് ഒഴിഞ്ഞുപോകുന്നില്ല. അദ്ദേഹം നിരോധിച്ച കാര്യങ്ങളൊ ന്നും അവൻെറ ജീവിതത്തിൽ കാണാൻ കഴിയുന്നില്ല. ഒരു മുസ്‌ലിം മദ്യം ഒഴിവാക്കുന്നതും ഒരു ഗാന്ധിയൻ അങ്ങിനെ ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. പ്രവാചകൻ നിരോധിച്ചുവെന്നതിനാലാണ് മുസ്‌ലിം മദ്യം കഴിക്കാതിരിക്കുന്നത്. ഗാന്ധിയനോ ശരീരത്തിനും മനസ്സിനും ഹാനികരമാണെന്നതിനാലാണ് അതിൽനിന്നും വിട്ടുനിൽ ക്കുന്നത്. ഇസ്‌ലാം നിരോധിച്ച കാര്യങ്ങളെല്ലാം മനുഷ്യരെ തിന്മയി ലേക്കും പാപങ്ങളിലേക്കും നയിക്കുന്നവയാണെന്ന വസ്തുത ഇന്ന് എല്ലാവരും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഓരോരുത്തരും ഗവേഷ ണം ചെയ്ത് നന്മതിന്മകൾ തീരുമാനിക്കുന്നതിന് പകരം സർവശ ക്തൻ പറഞ്ഞത് അപ്പടി സ്വീകരിക്കുകയെന്ന നിലപാട് യഥാർഥ മാനവികതയിലേക്കാണ് നയിക്കുകയെന്നർഥം. ധർമത്തെയും അധർ മത്തെയുംകുറിച്ച വ്യക്തമായ ഒരു അതിർവരമ്പുണ്ടാകുന്നത് ഇസ് ലാമിൽ മാത്രമാണ്. പ്രവാചകൻ അനുവദിച്ച കാര്യങ്ങളെല്ലാം നന്മ യും നിരോധിച്ചതെല്ലാം തിന്മയും.

നന്മതിന്മകളെ പ്രവാചക ജീവിതവുമായി ബന്ധപ്പെടുത്താത്ത ഏതൊരു രീതിശാസ്ത്രവും പരാജയപ്പെടും. ദേശീയതക്കോ വംശീ യതക്കോ ഭാഷക്കോ ഒന്നുംതന്നെ സ്ഥായിയായ നന്മയെക്കുറിച്ച് പറയാൻ കഴിയില്ല. യുക്തിയും തഥൈവ. ഇസ്‌ലാമിനെ സംബന്ധി ച്ചിടത്തോളം, പ്രവാചകൻെറ ചെയ്തികളും മൊഴികളുമെല്ലാം നമു ക്കുമുന്നിൽ തുറന്ന് കിടക്കുന്നുണ്ട്. ഓരോ വിഷയങ്ങളിലും എന്താ

ണ് നന്മയെന്ന് നമുക്ക് അവയിലേക്ക് നോക്കിയാൽ മതി. ദൈവിക ബോധനത്തിൻെറയടിസ്ഥാനത്തിലല്ലാതെ നന്മ തിന്മകളെ വിവേചിക്കാൻ പുറപ്പെട്ടാൽ ദിവസങ്ങൾ കഴിയുംതോറും നന്മതിന്മകൾ മാറ്റി മാറ്റി നിർവചിക്കേണ്ടിവരും. അഹിംസാവാദത്തിനുമുതൽ യുക്തിവാദത്തിനുവരെ സംഭവിച്ചത് അതാണ്.

നന്മതിന്മകളെക്കുറിച്ച വ്യക്തവും ദൃഢവുമായ കാഴ്ചപ്പാട് മനുഷ്യരെ നന്മക്കുവേണ്ടി നിലകൊള്ളാൻ പ്രേരിപ്പിക്കുകയും തിന്മയിൽ നിന്ന് മുക്തമാകാൻ സഹായിക്കുകയും ചെയ്യും. അതാണ് ഇസ്‌ലാമിൻെറ ചരിത്രത്തിൽ സംഭവിച്ചത്. മുസ്‌ലിംകളുടെ ചെയ്തികൾക്ക് അവർ പ്രതിഫലം കാംക്ഷിച്ചത് പരലോകത്തുനിന്ന് കൂടിയായപ്പോൾ അവരുടെ പ്രവർത്തനങ്ങളിൽ ആത്മാർഥതയും അർപ്പണ സന്നദ്ധതയും വളരുകയും ലോകമാന്യം തീരെയില്ലാതാവുകയും ചെയ്തു.

മനുഷ്യജീവിയെ ചരിത്രം സൃഷ്ടിക്കുന്ന-അതിന്ന് കഴിയുന്ന ഏക ജീവിയായാണ് ഇസ്‌ലാം കാണുന്നത്. ചരിത്രം മനുഷ്യനെ സൃഷ്ടിക്കുകയല്ല; മനുഷ്യൻ ചരിത്രത്തെ സൃഷ്ടിക്കുകയാണ്. അതുകൊണ്ടുതന്നെ സമൂഹത്തിൻെറ സമൂലമായ പരിവർത്തനത്തിന് വ്യക്തിയുടെ മനസ്സിലാണ് മാറ്റമുണ്ടാവേണ്ടതെന്നാണ് ഇസ്‌ലാമിൻെറ പക്ഷം. ഭരണചക്രം പിടിക്കുന്ന കൈകളാണ് ആദ്യമായി പരിവർത്തിതമാവേണ്ടതെന്ന പ്രത്യയ ശാസ്ത്രങ്ങളുടെ അടിസ്ഥാനാദർശവുമായി ഇസ്‌ലാം വിയോജിക്കുന്ന മേഖലകളിലൊന്ന് ഇതാണ്. വ്യവസ്ഥിതി മാറുന്നതിനുമുമ്പ് ജനങ്ങളുടെ മനസ്ഥിതി മാറേണ്ടതുണ്ടെന്ന് ഇസ്‌ലാം വാദിക്കുന്നു. മനം മാറ്റത്തിന് മാത്രമെ സ്ഥായിയായ പരിവർത്തനത്തിനുള്ള ഹേതുവായി മാറാൻ കഴിയൂ എന്നത് സിദ്ധാന്തിക്കുന്നു. അതുകൊണ്ടുതന്നെ, വ്യക്തിയുടെ സംസ്കരണത്തിലാണ് ഇസ്‌ലാം പ്രാഥമികമായി ഊന്നൽ നൽകുന്നത്. വ്യക്തിയാണ് കുടുംബത്തിൻെറയും സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയുമെല്ലാം അടിസ്ഥാന യൂണിറ്റെന്നതിനാൽ അവനിലുണ്ടാകുന്നമാറ്റം കുടുംബത്തിൻെറയും സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയുമെല്ലാം സംസ്കരണത്തിന് നിദാനമാകുമെന്നാണ് ഇസ്‌ലാമിൻെ പക്ഷം. ജനം സോഷ്യലിസ്റ്റുകളാവാതെ രാഷ്ട്രം സോഷ്യലിസ്റ്റായതാണ് സോവിയറ്റ് യൂണിയന്റെ തകർച്ചക്കുള്ള കാരണമെന്ന ബുദ്ധിജീവികളിൽ ചിലരുടെ വിലയിരുത്തൽ ഇവ്വിഷയകമായി ഇസ്‌ലാമിനുള്ള അംഗീകാരമാണെന്നതിൽ സംശയമില്ല.



അചഞ്ചലമായ ദൈവവിശ്വാസവും ദൈവത്തിന് മുന്നിൽ മാത്രമെ തലകുനിക്കാൻ പാടുള്ളൂവെന്ന ബോധവും പ്രവാചക വചനങ്ങൾ അനുസരിക്കുന്നതാണ് മോചനത്തിനുള്ള മാർഗമെന്ന ചിന്തയും ഇഹലോകം നശ്വരമാണെന്നും അനശ്വരമായ പരലോകത്തിലെ ശാന്തിക്കുവേണ്ടി പ്രവർത്തിക്കുകയാണ് ഇഹലോക ജീവിതത്തിൻെറ പരമമായ ലക്ഷ്യമെന്നുമുള്ള വിശ്വാസവും വ്യക്തിയിൽ ശക്തമായ സ്വാധീനങ്ങളാണുണ്ടാക്കുക. രഹസ്യവും പരസ്യവുമറിയാവുന്ന സർവശക്തനെക്കുറിച്ച ബോധവും ഇവിടെനിന്നുള്ള നന്മ തിന്മകൾക്ക് പരലോകത്ത് പ്രതിഫലം ലഭിക്കുമെന്ന ചിന്തയും തെറ്റുകൾ ചെയ്യുന്നതിൽനിന്ന് മനുഷ്യരെ പിന്തിരിപ്പിക്കുന്നു. അഥവാ മനുഷ്യ സഹജമായ ചാപല്യങ്ങൾക്കടിമപ്പെട്ട് തെറ്റുകളിലേർപ്പെട്ട് പോയാൽ തന്നെ സർവശക്തനുമുന്നിൽ പൊട്ടിക്കരഞ്ഞ് പശ്ചാത്തപിക്കുന്ന അവസ്ഥ സംജാതമാകുന്നു. നന്മയെയും തിന്മയെയും വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കാൻ നിയോഗിക്കപെട്ട പ്രവാചകനെ നിരുപാധികം അനുസരിക്കുന്നതിലൂടെ അർപ്പണബോധവും ആത്മാർഥതയും വർധിക്കുന്നു. ഇതാണ് പ്രവാചകന്റെ അനുയായിവൃന്ദത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ഏകദൈവാരാധനയും പരലോക ചിന്തയും പ്രവാചകനോടുള്ള അനുസരണ മനോഭാവവും വ്യക്തികളെ എത്രത്തോളം ഉന്നതരാക്കി എന്നതിനുള്ള ഉദാഹരണങ്ങൾ!

ഇസ്‌ലാം എങ്ങനെയാണ് വ്യക്തിസംസ്കരണത്തിലൂടെ സാമൂഹിക പരിവർത്തനം സാധിക്കുന്നതെന്ന് പ്രവാചകൻെറ അനുയായിവൃന്ദംതന്നെ സുന്ദരമായി വരച്ചുകാണിച്ചിട്ടുണ്ട്. അവിടെ നമുക്ക് അബൂബക്കറി(ﷺ)നെയും ഉമറി(ﷺ)നെയും ഉസ്മാനെ(ﷺ)യും കാണാൻ കഴിയുന്നു; സമൂഹത്തിൻെറ ആവശ്യത്തിനുവേണ്ടി തങ്ങൾക്കുണ്ടായിരുന്ന സമ്പത്ത് ചെലവഴിക്കാൻ തയ്യാറായ മഹത്വ്യക്തിത്വങ്ങൾ.

അലി (ﷺ)യെയും ഹംസ (ﷺ)യെയും ഖാലിദ് (ﷺ)യെയും നാം അവിടെ കാണുന്നു; സത്യമത സംരക്ഷണത്തിനു വേണ്ടി പോരാടിയവരിൽ ധീരതയ്ക്കു പേരു കേട്ടവർ.

യാസിറും (ﷺ) അമ്മാറും (ﷺ) ബിലാലും (ﷺ) അവിടെയുണ്ട്; മർദനങ്ങളുടെ തീചൂളയിലും വിശ്വാസം കൈവിടാത്ത മഹത്തുക്കൾ.

മാഇസ്ബ്നു മാലിക്ക് അസ്‌ലമി(رضي الله عنه)യും ഗാമിദിയ ഗോത്രക്കാരിയുമുണ്ടവിടെ. തങ്ങൾ ചെയ്ത തെറ്റ് സ്വയം ഏറ്റ് പറഞ്ഞ് ശിക്ഷയേറ്റുവാങ്ങി പശ്ചാത്താപ ചരിത്രത്തിലെ അപൂർവ പ്രതിഭാസങ്ങളായി മാറിയ വ്യക്തികൾ.

അനസുബ്നു നള്റും (رضي الله عنه) ഉമൈറുബ്നു ഹൂമാമും (رضي الله عنه) അംറ് ബിൻ ജുമൂഹും (رضي الله عنه) പ്രവാചകന്റെ അനുയായി വൃന്ദത്തിലെ അർപ്പണബോധനത്തിന്റെ ഉദാഹരണങ്ങൾ. സ്വർഗത്തിന്റെ പരിമളം അനുഭവിച്ചുകൊണ്ട് യുദ്ധഭൂമിയിലേക്ക് എടുത്തുചാടി വീരമൃത്യു പ്രാപിച്ച മഹാത്മാക്കൾ.

അബൂദുജാന(رضي الله عنه): അനുയായികളിലെ പ്രവാചക സ്നേഹത്തിന്റെ പ്രതിനിധി. ഉഹ്ദിൽവെച്ച് പ്രവാചകൻ അപകടത്തിലകപ്പെട്ടപ്പോൾ സ്വന്തം പുറം ഒരു കവചമായി വെച്ചുകൊടുത്ത് തന്റെ മാംസത്തിലൂടെ അസ്ത്രങ്ങളെ തുളച്ചുകയറാനനുവദിച്ച മഹാൻ.

ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ! ഏകദൈവ വിശ്വാസവും പരലോക വിശ്വാസവും പ്രവാചകനോടുള്ള അനുസരണയും വ്യക്തികളെ എത്രത്തോളം ഉന്നതരാക്കിയെന്ന് ഇവ മനസ്സിലാക്കിത്തരുന്നു. അവരെയത് ധൈര്യശാലികളും അർപ്പണബോധമുള്ളവരുമാക്കി മാറ്റി. ദൈവത്തിന് മുന്നിൽ മാത്രം തല കുനിക്കുന്ന അവസ്ഥ അവരെ ആത്മാഭിമാനമുള്ളവരാക്കി, മാനമുള്ളവരാക്കി. ഭൗതികാലങ്കാരങ്ങളുടെ വർണപ്പൊലിമ അവരിലൊരു മതിപ്പുമുളവാക്കിയില്ല. ആരുടെ മുമ്പിലും തലകുനിക്കാനവർ തയാറായിരുന്നില്ല. നജ്ജാശിയുടെ കൊട്ടാരത്തിലെത്തിയ മുസ്‌ലിംകളോട് ചക്രവർത്തിക്ക് മുന്നിൽ മുട്ടുകുത്താനാവശ്യപ്പെട്ട പുരോഹിതരോട് ഹസ്രത്ത് ജഅ്ഫർ (رضي الله عنه) പറഞ്ഞപദങ്ങൾ ശ്രദ്ധേയമാണ്: 'ഞങ്ങൾ മുസ്‌ലിംകൾ അല്ലാഹുവിന്റെ മുന്നിലല്ലാതെ മറ്റാരുടെ മുന്നിലും മുട്ടുകുത്താറില്ല'.

ഇവരാണ് പ്രവാചകാനുചരന്മാർ! സർവശക്തനായ അല്ലാഹു തന്നെ താൻ അവരിൽ സംതൃപ്തനായിരിക്കുന്നുവെന്ന് പറഞ്ഞവർ. ഖുർആനിന്റെയും സുന്നത്തിന്റെയും പ്രഥമസംബോധിതർ അവരാണ്; ഈ പ്രമാണങ്ങൾ പ്രകാരം ജീവിച്ച് ലോകത്തിന് മാതൃകയായിത്തീർന്നവർ. ഖുർആനിന്റെയും സുന്നത്തിന്റെയും പ്രയോക്താക്കളായിത്തീരുക വഴി ലോകത്തിന് മുഴുവൻ നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുവാൻ കഴിയുന്ന, മനുഷ്യകത്തിനു വേണ്ടി ഉയിർത്തെഴുന്നേൽപിക്കപ്പെട്ട ഉത്തമസമുദായമെന്ന്



അല്ലാഹുവിനാൽ അഭിസംബോധന ചെയ്യപ്പെട്ടവർ

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ وَتَنْهَوْنَ عَنِ ٱلْمُنكَرِ وَتُؤْمِنُونَ بِٱللَّهِ

"മനുഷ്യവംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു" (3:110).

ഈ പ്രവാചകാനുചരന്മാരാണ് അന്തിമ പ്രവാചകനിൽനിന്ന് നേരിട്ട് മതമെന്താണെന്ന് മനസ്സിലാക്കിയവർ. ലോകജനങ്ങൾക്ക് മതം എത്തിച്ചുകൊടുക്കുവാനുള്ള ചുമതലയും അവരുടെമേലാണ് നിക്ഷിപ്തമായിരിക്കുന്നത്.

وَكَذَٰلِكَ جَعَلْنَٰكُمْ أُمَّةً وَسَطًا لِّتَكُونُوا۟ شُهَدَآءَ عَلَى ٱلنَّاسِ وَيَكُونَ ٱلرَّسُولُ عَلَيْكُمْ شَهِيدًا

"അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനുംവേണ്ടി" (2:143).

അന്തിമ പ്രവാചകന്റെ അനുചരന്മാർ അല്ലാഹുവിൽ സംതൃപ്തരാണെന്നും അവരിൽ അല്ലാഹു സംതൃപ്തനാണെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

وَٱلسَّٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّٰتٍ تَجْرِى تَحْتَهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ

"മുഹാജിറുകളിൽനിന്നും അൻസാറുകളിൽനിന്നും ആദ്യമായി മുന്നോട്ടുവന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്ന

വരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (9:100).

തന്റെ അനുചരന്മാരെക്കുറിച്ച മുഹമ്മദ് നബി (ﷺ)യുടെ പ്രകീർത്തനങ്ങൾ ശ്രദ്ധിക്കുക:

عَنْ أَبِي بُرْدَةَ عَنْ أَبِيهِ قَالَ صَلَّيْنَا الْمَغْرِبَ مَعَ رَسُولِ اللَّهِ
صَلَّى اللَّهُ عَلَيْهِ وَسَلَّمَ ثُمَّ قُلْنَا لَوْ جَلَسْنَا حَتَّى نُصَلِّيَ مَعَهُ
الْعِشَاءَ قَالَ فَجَلَسْنَا فَخَرَجَ عَلَيْنَا فَقَالَ مَا زِلْتُمْ هَاهُنَا قُلْنَا يَا
رَسُولَ اللَّهِ صَلَّيْنَا مَعَكَ الْمَغْرِبَ ثُمَّ قُلْنَا نَجْلِسُ حَتَّى نُصَلِّيَ
مَعَكَ الْعِشَاءَ قَالَ أَحْسَنْتُمْ أَوْ أَصَبْتُمْ قَالَ فَرَفَعَ رَأْسَهُ إِلَى
السَّمَاءِ وَكَانَ كَثِيرًا مِمَّا يَرْفَعُ رَأْسَهُ إِلَى السَّمَاءِ فَقَالَ النُّجُومُ
أَمَنَةٌ لِلسَّمَاءِ فَإِذَا ذَهَبَتِ النُّجُومُ أَتَى السَّمَاءَ مَا تُوعَدُ وَأَنَا
أَمَنَةٌ لِأَصْحَابِي فَإِذَا ذَهَبْتُ أَتَى أَصْحَابِي مَا يُوعَدُونَ
وَأَصْحَابِي أَمَنَةٌ لِأُمَّتِي فَإِذَا ذَهَبَ أَصْحَابِي أَتَى أُمَّتِي مَا
يُوعَدُونَ

"അബൂ ബുർദാ (ؓ) അബൂ മൂസൽ അശ്അരിയിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഞങ്ങൾ ഒരിക്കൽ നബി (ﷺ)യോടൊപ്പം മഗ്രിബ് നമസ്കരിച്ചു. പിന്നെ ഞങ്ങൾ പറഞ്ഞു: 'തിരുമേനിയോടൊപ്പം ഇശാ നമസ്കരിക്കുന്നതുവരെ നാം ഇവിടെ ഇരുന്നാലോ'. അങ്ങനെ ഞങ്ങൾ അവിടെതന്നെ ഇരുന്നു. പിന്നീട് തിരുമേനി ഞങ്ങളുടെ അടുത്തേക്ക് വന്ന് ചോദിച്ചു: 'നിങ്ങൾ ഇതുവരെയും ഇവിടെ തന്നെയായിരുന്നോ?' ഞങ്ങൾ പറഞ്ഞു: 'പ്രവാചകരേ ഞങ്ങൾ അങ്ങയോടൊപ്പം മഗ്രിബ് നമസ്കരിച്ചു. പിന്നെ ഞങ്ങൾ പറഞ്ഞു. തിരുമേനിയോടൊപ്പം ഇശാ നമസ്കരിക്കുന്നതുവരെ നാം ഇവിടെ തന്നെ



ഇരിക്കുക'. അവിടുന്ന് പറഞ്ഞു: 'നിങ്ങൾ ചെയ്തത് വളരെ നല്ലത്'. അദ്ദേഹം (അബൂമുസ അൽ അശ്അരി) പറഞ്ഞു: അപ്പോൾ തിരുമേനി തന്റെ മുഖം ആകാശത്തേക്ക് ഉയർത്തി. അവിടന്ന് പലപ്പോഴും ആകാശത്തേക്ക് മുഖം ഉയർത്താറുണ്ടായിരുന്നു. എന്നിട്ട് പറഞ്ഞു: 'നക്ഷത്രങ്ങൾ ആകാശത്തിനുള്ള സുരക്ഷിതത്വമാണ്. നക്ഷത്രങ്ങൾ നശിച്ചുകഴിഞ്ഞാൽ ആകാശത്തിന് മുന്നറിയിപ്പ് നൽകപ്പെട്ടത് വന്നുഭവിക്കുകയായി. ഞാൻ എന്റെ അനുചരന്മാർക്കുള്ള സുരക്ഷിതത്വമാണ്. ഞാൻ പോയിക്കഴിഞ്ഞാൽ എന്റെ അനുചരന്മാർക്ക് മുന്നറിയിപ്പ് നൽകപ്പെട്ടത് വന്നുഭവിക്കുകയായി. എന്റെ അനുചരന്മാർ എന്റെ സമുദായത്തിനുള്ള സുരക്ഷിതത്വമാണ്. എന്റെ അനുചരന്മാർ പോയിക്കഴിഞ്ഞാൽ എന്റെ സമുദായത്തിനും മുന്നറിയിപ്പ് നൽകപ്പെട്ടത് വന്നുഭവിക്കുകയായി" (സ്വഹീഹുമുസ്ലിം, ഹദീഥ്: 4596).

عَنْ عَبْدِاللَّهِ رَضِي اللَّه عَنْه أَنّ النَّبِيَّ صَلّى اللّهم عَلَيْهِ وَسَلّمَ
قَالَ خَيْرُ النَّاسِ قَرْنِي ثُمَّ الَّذِينَ يَلُونَهُمْ ثُمَّ الَّذِينَ يَلُونَهُمْ

"അബ്ദുല്ലാ (ؓ) നിവേദനം: നബി (ﷺ) പറഞ്ഞു: ജനങ്ങളിൽ ഏറ്റവും ഉത്തമർ എന്റെ തലമുറയാണ്. പിന്നീട് അവരെ തുടർന്ന് വരുന്നവരും പിന്നീട് അവരെ തുടർന്ന് വരുന്നവരും" (സ്വഹീഹുൽ ബുഖാരി, ഹദീഥ്:3378).

عَنْ أَبِي سَعِيدٍ الْخُدْرِيِّ رَضِي اللَّه عَنْه قَالَ قَالَ النَّبِيُّ صَلَّى
اللَّه عَلَيْهِ وَسَلَّمَ لَا تَسُبُّوا أَصْحَابِي فَلَوْ أَنَّ أَحَدَكُمْ أَنْفَقَ مِثْلَ
أُحُدٍ ذَهَبًا مَا بَلَغَ مُدَّ أَحَدِهِمْ وَلَا نَصِيفَهُ

"അബൂ സഈദ് അൽ ഖുദ്രി (ؓ) നിവേദനം: തിരുമേനി പറഞ്ഞു: എന്റെ അനുചരന്മാരെ നിങ്ങൾ പഴിപറയരുത്. നിങ്ങളിൽ ഒരാൾ ഉഹ്ദ് മലയോളം സ്വർണം ചെലവഴിച്ചാലും അവരിലൊരാൾ ചെലവഴിച്ച ഒരു മുദ്ദിനോ (രണ്ട് കൈപ്പത്തികൾ ചേർത്തുവെച്ചുകൊണ്ടുള്ള ഒരു വാരൽ) അതിന്റെ പകുതിക്കോപോലുമോ എത്തുകയില്ല" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 3397)

അവസാനത്തെ വേദഗ്രന്ഥവുമായി അയക്കപ്പെട്ട അന്തിമപ്ര

വാചകനിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവിക മതത്തെ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുവാനായി സർവശക്തൻതന്നെ തെരഞ്ഞെടുത്ത താണ് പ്രവാചകാനുചരന്മാരെ എന്നാണ് പ്രമുഖരായ സഹാബിമാർ സൂചിപ്പിക്കുന്നത്.

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ قَالَ إِنَّ اللَّـهَ نَظَرَ فِي قُلُوبِ الْعِبَادِ فَوَجَدَ قَلْبَ مُحَمَّدٍ صَلَّى اللَّـه عَلَيْهِ وَسَلَّمَ خَيْرَ قُلُوبِ الْعِبَادِ فَاصْطَفَاهُ لِنَفْسِهِ فَابْتَعَثَهُ بِرِسَالَتِهِ ثُمَّ نَظَرَ فِي قُلُوبِ الْعِبَادِ بَعْدَ قَلْبِ مُحَمَّدٍ فَوَجَدَ قُلُوبَ أَصْحَابِهِ خَيْرَ قُلُوبِ الْعِبَادِ فَجَعَلَهُمْ وُزَرَاءَ نَبِيِّهِ يُقَاتِلُونَ عَلَى دِينِهِ فَمَا رَأَى الْمُسْلِمُونَ حَسَنًا فَهُوَ عِنْدَ اللَّهِ حَسَنٌ وَمَا رَأَوْا سَيِّئًا فَهُوَ عِنْدَ اللَّهِ سَيِّئٌ

"അബ്ദുല്ലാഹിബ്ദു മസ്ഊദ് (رضي الله عنه) പറഞ്ഞു: അല്ലാഹു തൻെറ അടിയാന്മാരുടെ ഹൃദയങ്ങൾ നോക്കി. അടിയാന്മാരുടെ ഹൃദയങ്ങളിൽ ഏറ്റവും ഉത്തമം മുഹമ്മദ് (ﷺ)യുടേതാണെന്ന് കണ്ടു. അപ്പോൾ തനിക്കുവേണ്ടി അദ്ദേഹത്തെ തെരഞ്ഞെടുത്തു. തൻെറ ദൗത്യവുമായി നിയോഗിച്ചു. മുഹമ്മദിൻെറ ഹൃദയമൊഴിച്ച് അടിയാന്മാരുടെ ഹൃദയങ്ങൾ പിന്നെയും നോക്കി. അപ്പോൾ അദ്ദേഹത്തിൻെറ അനുചരന്മാരുടെ ഹൃദയങ്ങളെ അടിയന്മാരുടെ ഹൃദയങ്ങളിൽ ഏറ്റവും ഉത്തമമായി കണ്ടു. അപ്പോൾ അവരെ തൻെറ പ്രവാചകന്മാരുടെ സഹായികളായും തൻെറ ദീനിനുവേണ്ടി യുദ്ധം ചെയ്യുന്നവരായും നിശ്ചയിച്ചു. ആ മുസ്‌ലിംകൾ നന്മയായി കണ്ടത് അല്ലാഹുവിൻെറ അടുക്കൽ നന്മയാണ്. അവർ മോശമായി കണ്ടത് അല്ലാഹുവിൻെറ അടുക്കൽ മോശവുമാണ്" (മുസ്നദ് അഹ്മദ്, ഹദീഥ്: 3418).

പ്രവാചകനിൽനിന്ന് മതം പഠിച്ച അനുചരന്മാരുടെയും അവരെ പിന്തുടർന്നുവന്ന ആദിമ നൂറ്റാണ്ടുകാരുടെയും മാർഗത്തിലായിരിക്കണം ലോകാവസാനം വരെയുള്ള മുസ്‌ലിംകളെന്നാണ് പ്രവാചകൻ (ﷺ) പഠിപ്പിച്ചത്. സ്വർഗം കൊണ്ട് സന്തോഷ വാർത്തയറിയിക്കപ്പെട്ടവരുൾക്കൊള്ളുന്ന ആ സമൂഹത്തെയാണ് സ്വർഗം കാംക്ഷിക്കുന്നവർ മാതൃകയാക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞുതന്നു. ഖുർആനിൻെറയും സുന്നത്തിൻെറയും പ്രഥമ സംബോധിതരെന്ന നിലയ്ക്ക്



പ്രവാചകാനുചരന്മാർ എങ്ങനെയാണോ ഈ പ്രമാണങ്ങളെ മനസ്സിലാക്കിയത് ആ രൂപത്തിലാണ് എക്കാലത്തെയും മനുഷ്യർ ഇവയെ ഉൾക്കൊള്ളേണ്ടത്. പ്രഥമ സംബോധിതരുടെ ഭൂമികയിൽ നിന്നുകൊണ്ടായിരിക്കും ഏതൊരു ഗ്രന്ഥവും പ്രഭാഷകനും സംസാരിക്കുക. അതുകൊണ്ടുതന്നെ ഏത് പ്രഭാഷണവും പ്രഥമ സംബോധിതൻ എങ്ങനെ മനസ്സിലാക്കിയെന്നതാണ് പ്രധാനം. ഖുർആനിനെയും സുന്നത്തിനെയും അതിൻെറ പ്രഥമ സംബോധിതർ മനസ്സിലാക്കിയ രൂപത്തിൽ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ഉൾക്കൊള്ളുകയും ചെയ്യാതിരിക്കുന്നത് ചിന്താക്കുഴപ്പങ്ങൾക്കും വ്യതിയാനങ്ങൾക്കും കാരണമാകും. മുസ്‌ലിം ലോകത്തുണ്ടായ കുഴപ്പങ്ങളുടെയും ഛിദ്രതകളുടെയുമെല്ലാം മൂല കാരണം അടിസ്ഥാന പ്രമാണങ്ങളെ സച്ചരിതരായ മുൻഗാമികൾ (സലഫുസ്സ്വാലിഹുകൾ) മനസ്സിലാക്കിയതിനും വിശദീകരിച്ചതിന്നും വ്യാഖ്യാനിച്ചതിന്നും വിരുദ്ധമായി സ്വന്തമായ വ്യാഖ്യാനാഭാസങ്ങൾക്ക് വിധേയമാക്കിയതാണെന്നുള്ളതാണ് വസ്തുത. അതുകൊണ്ടുതന്നെ, അടിസ്ഥാന പ്രമാണങ്ങളെ സച്ചരിതരായ മുൻഗാമികൾ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കി ആചരിക്കുവാൻ സന്നദ്ധമാവുക വഴിയാണ് എല്ലാതരം വ്യതിയാനങ്ങളിൽ നിന്നും രക്ഷപ്പെട്ട് പ്രവാചകന്മാരെല്ലാം പഠിപ്പിച്ച രക്ഷയുടെ പാതയിലെത്തിച്ചേരുവാൻ കഴിയുക.

ഖുർആനും സുന്നത്തുമാണ് ഇസ്‌ലാമിൻെറ പ്രമാണങ്ങളെന്നും ഈ പ്രമാണങ്ങളെ മനസ്സിലാക്കുകയും ആചരിക്കുകയും ചെയ്യേണ്ടത് അവയുടെ പ്രഥമ സംബോധിരായ മുൻഗാമികൾ ഉൾക്കൊള്ളുകയും വിശദീകരിക്കുകയും ചെയ്ത രീതിയിലായിരിക്കണമെന്നും നാം മനസ്സിലാക്കി. ധർമാധർമ വിവേചനത്തിനുള്ള കൃത്യമായ മാനദണ്ഡമാണ്, ഒരു മുസ്‌ലിമിനെ സംബന്ധിച്ചിത്തോളം ഈ പ്രമാണങ്ങൾ. ഈ പ്രമാണങ്ങളാണ് അവനെ മതം പഠിപ്പിച്ചത്; ഇവ പഠിപ്പിക്കുന്നവയെല്ലാം അവൻ പിന്തുടരുന്നു. മതത്തിൻെറ വിഷയത്തിൽ ഇതിനു പുറത്തുള്ള യാതൊന്നും പിന്തുടരാൻ അവൻ സന്നദ്ധനല്ല. മുഹമ്മദ് നബി(ﷺ) ക്കുശേഷം ആർക്കുംതന്നെ മതത്തിൽ ഒന്നും പുതുതായി കൂട്ടിച്ചേർക്കാൻ അവകാശമില്ല. ഓരോരുത്തരും തങ്ങൾക്കിഷ്ടപ്പെട്ടത് കൂട്ടിച്ചേർക്കുവാനാരംഭിച്ചാൽ മതത്തിൻെറ പരിശുദ്ധി നഷ്ടപ്പെടും. അതിനാൽ മതത്തിൽ യാതൊന്നുംതന്നെ കൂട്ടിച്ചേർക്കാൻ പാടില്ലെന്ന് മുഹമ്മദ് നബി(ﷺ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

മനുഷ്യരെ സംസ്കരിക്കുന്നതിനുള്ള പൂർണവും സമഗ്രവുമായ ഔഷധമാണ് മതം. അതിലെ ഓരോ കർമങ്ങളും ഈ ഔഷധത്തിന്റെ ചേരുവകളാണ്. ഈ ചേരുവകൾ നിശ്ചയിച്ചിരിക്കുന്നത് മനുഷ്യനെയും അവന്റെ സംസ്കരണത്തെയുംകുറിച്ച് കൃത്യമായി അറിയാവുന്ന അല്ലാഹുവാണ്. പ്രവാചകനാ(ﷺ)ണ് അവയെന്തൊക്കെയാണെന്ന് നമുക്ക് പഠിപ്പിച്ചുതന്നത്. അല്ലാഹു നിശ്ചയിക്കുകയും പ്രവാചകൻ കാണിച്ചുതരികയും ചെയ്ത ചേരുവകളല്ലാതെ മറ്റൊന്നും അതിൽ കൂട്ടിച്ചേർക്കാൻ ആർക്കും അവകാശമില്ല. അങ്ങനെ കൂട്ടിച്ചേർക്കുന്നത് മതത്തിന്റെ സംതുലിതത്വത്തെ ബാധിക്കും. ഔഷധത്തിൽ ഏതെല്ലാം ചേരുവകൾ എത്രവീതം അനുപാതത്തിലാണ് കൂട്ടേണ്ടതെന്ന് കൃത്യമായി കണക്കാക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ ആ അനുപാതത്തിനപ്പുറത്തുള്ള കൂട്ടിച്ചേർക്കലുകൾ അതിന്റെ ഗുണത്തെ ബാധിക്കുമല്ലോ. ഇത്തരം കൂട്ടിച്ചേർക്കലുകൾ ചിലപ്പോൾ ഔഷധത്തിന്റെ ഔഷധഗുണം നശിപ്പിക്കും; മറ്റു ചിലപ്പോൾ അതിനെ വിഷമയമാക്കിത്തീർക്കും. ഇതുതന്നെയാണ് മതത്തിന്റെ സ്ഥിതിയും. അനാചാരങ്ങളോട് കർക്കശ സ്വഭാവം പുലർത്തണമെന്ന് പ്രവാചകൻ (ﷺ) പഠിപ്പിക്കുവാനുള്ള കാരണവും മറ്റൊന്നല്ല. പ്രവാചകൻ (ﷺ) പഠിപ്പിച്ചുതന്നപോലെതന്നെയായിരിക്കണം ഓരോ കർമങ്ങളുമെന്ന കാർക്കശ്യം വിട്ടാൽ പിന്നെ അനാചാരങ്ങൾ കടന്നുവരാൻ എളുപ്പമാണ്. ചെറിയ വ്യതിയാനങ്ങളിലൂടെയാണ് അനാചാരങ്ങൾ കടന്നുവരിക. ഓരോ അനാചാരങ്ങളും മനുഷ്യരെ മതത്തിന്റെ തെളിമയാർന്ന വിശുദ്ധിയിൽനിന്ന് അകറ്റും. അവ വർധിക്കുമ്പോൾ ഒരു പുതിയ മതം രൂപം കൊള്ളുകയാകും ഫലം. അനാചാരങ്ങൾ കടന്നുവരുമ്പോൾ തന്നെ നിശിതമായി അതിനെ നേരിടണമെന്നും അതിനോട് അയഞ്ഞ സമീപനം പാടില്ലെന്നും പറയാനുള്ള കാരണമിതാണ്.

അനാചാരങ്ങൾ ആത്മീയതയുടെ മുഖമൂടിയുമായാണ് പലപ്പോഴും പ്രത്യക്ഷപ്പെടുക. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ആത്മീയോൽകർഷത്തിനുള്ള മാർഗങ്ങളെക്കുറിച്ച് പറഞ്ഞുതരേണ്ട അവസാനത്തെ വ്യക്തി മുഹമ്മദ് നബി (ﷺ)യാണ്. അദ്ദേഹത്തിനുശേഷം ആർക്കും ഒരു ആചാരവും സൃഷ്ടിക്കുവാൻ യാതൊരു അവകാശവുമില്ല. മുഹമ്മദ് നബി (ﷺ)യുടെ ജീവിതപാന്ഥാവ് പിൻപറ്റുകയാണ് ആത്മീയമായ ഔന്നത്യത്തിലെത്തുവാനുള്ള മാർഗം. ആ



മാർഗമാകട്ടെ ജീവിതനിഷേധത്തിന്റേതല്ല; പ്രത്യുത ദൈവിക വിധിവിലക്കുകൾക്കുള്ളിൽ നിന്നുകൊണ്ടുള്ള ജീവിതാസ്വാദനത്തിന്റേതാണ്. ആത്മീയമായ ഔന്നത്യം നേടിയെടുക്കുന്നതിനായി സ്വന്തമായ സാധനകൾ സ്വീകരിക്കുന്നതിനെയും ജീവിതനിഷേധത്തിന്റെ പാത തെരഞ്ഞെടുക്കുന്നതിനെയും മുഹമ്മദ് നബി (ﷺ) ശക്തമായി വിലക്കിയിട്ടുണ്ട്. ഒരു സംഭവം കാണുക:

أَنَّهُ سَمِعَ أَنَسَ بْنَ مَالِكٍ رَضِيَ اللَّه عَنْه يَقُولُ جَاءَ ثَلَاثَةُ رَهْطٍ إِلَى بُيُوتِ أَزْوَاجِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَسْأَلُونَ عَنْ عِبَادَةِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَلَمَّا أُخْبِرُوا كَأَنَّهُمْ تَقَالُّوهَا فَقَالُوا وَأَيْنَ نَحْنُ مِنَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَدْ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ وَمَا تَأَخَّرَ قَالَ أَحَدُهُمْ أَمَّا أَنَا فَإِنِّي أُصَلِّي اللَّيْلَ أَبَدًا وَقَالَ آخَرُ أَنَا أَصُومُ الدَّهْرَ وَلَا أُفْطِرُ وَقَالَ آخَرُ أَنَا أَعْتَزِلُ النِّسَاءَ فَلَا أَتَزَوَّجُ أَبَدًا فَجَاءَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِلَيْهِمْ فَقَالَ أَنْتُمُ الَّذِينَ قُلْتُمْ كَذَا وَكَذَا أَمَا وَاللَّهِ إِنِّي لَأَخْشَاكُمْ لِلَّهِ وَأَتْقَاكُمْ لَهُ لَكِنِّي أَصُومُ وَأُفْطِرُ وَأُصَلِّي وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي

"അനസ്ബ്നു മാലിക് (رضي الله عنه) നിവേദനം: മൂന്ന് ആളുകൾ നബി(ﷺ)യുടെ ആരാധനകളെസംബന്ധിച്ച് അന്വേഷിച്ചറിയാനായി പ്രവാചകപത്നിമാരുടെ വീടുകളിൽ ചെന്നു. അങ്ങനെ അവർ അതേക്കുറിച്ച് മനസ്സിലാക്കിയപ്പോൾ തിരുമേനിയുടെ ആരാധനകൾ നന്നേ കുറവാണെന്ന് അവർക്ക് തോന്നി. ഞങ്ങളും നബി (ﷺ)യും എവിടെനിൽക്കുന്നുവെന്നും തിരുമേനിക്ക് കഴിഞ്ഞതും വരാനുള്ളതുമായ മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ടിരിക്കുകയാണല്ലോ എന്നും അവർ പറഞ്ഞു. തുടർന്ന് അവരിലൊരാൾ പറഞ്ഞു: 'ഞാൻ രാത്രി മുഴുവൻ നിന്ന് നമസ്കരിക്കും'. മറ്റൊരാൾ പറഞ്ഞു: 'ഞാൻ എന്നെന്നും നോമ്പ് അനുഷ്ഠിക്കും. അത് ഉപേക്ഷിക്കുകയേയില്ല'. ഇതരൻ പറഞ്ഞു: 'ഞാൻ വിവാഹം കഴിക്കാതെ സ്ത്രീകളുമായി വിട്ടുനിൽക്കും'. വിവര

മറിഞ്ഞപ്പോൾ നബി (ﷺ) അവരുടെ അടുത്തു ചെന്ന് ചോദിച്ചു: 'ഇങ്ങനെയൊക്കെ പറഞ്ഞത് നിങ്ങളാണോ? എന്നാൽ നിങ്ങളിൽ അല്ലാഹുവെ ഏറ്റവും അധികം ഭയപ്പെടുന്നവനും സൂക്ഷിക്കുന്നവനും ഞാനാണ്. പക്ഷേ, ഞാൻ നോമ്പെടുക്കുകയും ഉപേക്ഷിക്കുകയും രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യുന്നു. ആരെങ്കിലും എൻെറ ചര്യ നിരാകരിക്കുന്നുവെങ്കിൽ അവൻ നമ്മിൽപെട്ടവനല്ല" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4675, സ്വഹീഹു മുസ്‌ലിം, ഹദീഥ്: 2487).

അനാചാരങ്ങളോടുള്ള പ്രവാചക(ﷺ)ന്റെ നിലപാട് വളരെ നിഷ്കൃഷ്ടമായിരുന്നു. സാധാരണ അവസരങ്ങളിൽ കണ്ണ് മുകളിലേക്ക് ഉയർത്തി പ്രാർഥിക്കുവാൻ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. എന്നാൽ നമസ്കാരത്തിൽ കണ്ണ് മുകളിലേക്ക് ഉയർത്തുന്നതിനെ മുഹമ്മദ് നബി (ﷺ) നിശിതമായി വിമർശിച്ചതായി നമുക്ക് ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നുണ്ട്. നിയതമായ രീതിയിൽ പഠിപ്പിക്കപ്പെട്ട ആരാധനാകർമങ്ങളിൽ പ്രവാചകൻ (ﷺ) പറഞ്ഞു തന്ന രീതിയിൽ തന്നെ അംഗങ്ങൾ ചലിപ്പിക്കുകയും പറഞ്ഞിടത്തേക്കു തന്നെ നോക്കുകയും ചെയ്യണമെന്ന കാര്യത്തിൽ യാതൊരു വിധ വിട്ടുവീഴ്ച്ചയും പാടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അനാചാരങ്ങളെയും അതിൻെറ ദുഷ്ഫലങ്ങളെയുംകുറിച്ച് മുഹമ്മദ് നബി (ﷺ) വ്യക്തമാക്കി:

عَنْ جَابِرِ بْنِ عَبْدِ اللَّهِ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّـــه عَلَيْهِ
وَسَلَّمَ إِذَا خَطَبَ ....... وَيَقُولُ أَمَّا بَعْدُ فَإِنَّ خَيْرَ الْحَدِيـــثِ
كِتَابُ الـــلَّهِ وَخَيْرُ الْهُدَى هُدَى مُحَمَّدٍ وَشَرُّ الْأُمُورِ مُحْدَثَاتُهَا
وَكُلُّ بِدْعَةٍ ضَلَالَةٌ

"ജാബിർ (رضي الله عنه) നിവേദനം: നബി (ﷺ) അവിടത്തെ പ്രസംഗങ്ങളിൽ (ആമുഖമായി) ഇപ്രകാരം പറയാറുണ്ടായിരുന്നു. വചനങ്ങളിൽ ഏറ്റവും ഉത്തമമായത് അല്ലാഹുവിൻെറ ഗ്രന്ഥമാണ്. ചര്യകളിൽ ഏറ്റവും ഉത്തമമായത് മുഹമ്മദിൻെറ ചര്യയുമാണ്. കാര്യങ്ങളിൽ ഏറ്റവും ചീത്തയായത് അതിൽ പുതുതായി ചേർക്കപ്പെടുന്നവയാണ്.



പുതുതായി ചേർക്കപ്പെടുന്ന ഓരോ കാര്യവും അനാചാരമാണ്. ഓരോ അനാചാരവും ദുർമാർഗമാണ്" (സ്വഹീഹു മുസ്‌ലിം, ഹദീഥ്: 1435).

ഈ ഹദീഥിനോടൊപ്പം "ഓരോ ദുർമാർഗവും നരകത്തിലുമാണ്" എന്ന വചനംകൂടി ബൈഹഖിയിലെ റിപ്പോർട്ടിലുണ്ട്.

മുഹമ്മദ് നബി(ﷺ)യിൽ നിന്ന് മതം പഠിച്ച സഹാബികളും ഈ നിലപാട് തന്നെ തുടർന്നു. പ്രവാചകൻ (ﷺ) പഠിപ്പിക്കാത്ത കാര്യങ്ങൾ മതത്തിൽ കടന്നുകൂടരുത് എന്ന് നിർബന്ധമുള്ളവരായിരുന്നു സഹാബിമാർ. അതുകൊണ്ടുതന്നെ അനാചാരങ്ങളോടുള്ള അവരുടെ നിലപാട് കർക്കശമായിരുന്നു. കാരണം, അവർ പഠിപ്പിക്കപ്പെട്ടത് ഇങ്ങനെയായിരുന്നു.

عَنْ عَائِشَةَ رَضِيِ اللَّه عَنْهَا قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّه
عَلَيْهِ وَسَلَّمَ مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ

ആയിശ (رضي الله عنها) നിവേദനം "നബി(ﷺ) പറഞ്ഞു നമ്മടെ ഈ (മത) കാര്യത്തിൽ അതിൽപ്പെടാത്ത വല്ലതും വല്ലവനും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്" (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 2499, സ്വഹീഹുമുസ്‌ലിം, ഹദീഥ്: 3242).

عَنْ جَابِرِ بْنِ عَبْدِ اللَّهِ قَالَ كَانَ رَسُولُ اللَّهِ صَلَّى الـــلَّه عَلَيْهِ
وَسَلَّمَ ...............أَمَّا بَعْدُ فَإِنَّ خَيْرَ الْحَدِيثِ كِتَابُ اللَّهِ
وَخَيْرُ الْهُدَى هُدَى مُحَمَّدٍ وَشَرُّ الْأُمُورِ مُحْدَثَاتُهَا وَكُلُّ بِدْعَةٍ
ضَلَالَةٌ

"ജാബിർ (رضي الله عنه) നിവേദനം: കാര്യങ്ങളിൽ ഏറ്റവും നികൃഷ്ടമായത് മതത്തിൽ പുതുതായി കെട്ടിയുണ്ടാക്കിയവയാണ്, ദീനിൽ പുതുതായി കെട്ടിയുണ്ടാക്കിയ എല്ലാം ദുർമാർഗവുമാകുന്നു" (സ്വഹീഹു മുസ്‌ലിം, ഹദീഥ്:1435).

ഒരു സംഭവം നോക്കുക:

........ فَقَالَ لَهُ أَبُو مُوسَى يَا أَبَا عَبْدِ الـــــرَّحْمَنِ .....
رَأَيْتُ فِي الْمَسْجِدِ قَوْمًا حِلَقًا جُلُوسًا يَنْتَظِرُونَ الـــصَّلَاةَ فِي

كُلِّ حَلْقَةٍ رَجُلٌ وَفِي أَيْدِيـــــــهِمْ حَصًى فَيَقُولُ كَبِّرُوا مِائَةً فَيُكَبِّرُونَ مِائَةً فَيَقُولُ هَلِّلُوا مِائَةً فَيُهَلِّلُونَ مِائَةً وَيَقُولُ سَبِّحُوا مِائَةً فَيُسَبِّحُونَ مِائَةً قَالَ فَمَاذَا قُلْتَ لَهُمْ قَالَ مَا قُلْتُ لَهُمْ شَيْئًا انْتِظَارَ رَأْيِكَ وَانْتِظَارَ أَمْرِكَ قَالَ أَفَلَا أَمَرْتَهُمْ أَنْ يَعُدُّوا سَيِّئَاتِهِمْ وَضَمِنْتَ لَهُمْ أَنْ لَا يَضِيــعَ مِنْ حَسَنَاتِهِمْ ثُمَّ مَضَى وَمَضَيْنَا مَعَهُ حَتَّى أَتَى حَلْقَةً مِنْ تِلْكَ الْحِلَقِ فَوَقَفَ عَلَيْهِمْ فَقَالَ مَا هَذَا الَّذِي أَرَاكُمْ تَصْنَعُونَ قَالُوا يَا أَبَا عَبْدِ الـــرَّحْمَنِ حَصًى نَعُدُّ بِهِ التَّكْبِيرَ وَالتَّهْلِيلَ وَالتَّسْبِيحَ قَالَ فَعُدُّوا سَيِّئَاتِكُمْ فَأَنَا ضَامِنٌ أَنْ لَا يَضِيــعَ مِنْ حَسَنَاتِكُمْ شَيْءٌ وَيْحَكُمْ يَا أُمَّةَ مُحَمَّدٍ مَا أَسْرَعَ هَلَكَتَكُمْ هَؤُلَاءِ صَحَابَةُ نَبِيِّكُمْ صَلَّى اللَّه عَلَيْهِ وَسَلَّمَ مُتَوَافِرُونَ وَهَذِهِ ثِيَابُهُ لَمْ تَبْلَ وَآنِيَتُهُ لَمْ تُكْسَرْ وَالَّذِي نَفْسِي بِيَدِهِ إِنَّكُمْ لَعَلَى مِلَّةٍ هِيَ أَهْدَى مِنْ مِلَّةِ مُحَمَّدٍ أَوْ مُفْتَتِحُو بَابِ ضَلَالَةٍ قَالُوا وَاللَّهِ يَا أَبَا عَبْدِ الـــرَّحْمَنِ مَا أَرَدْنَا إِلَّا الْخَيْرَ قَالَ وَكَمْ مِنْ مُرِيدٍ لِلْخَيْرِ لَنْ يُصِيبَهُ إِنَّ رَسُولَ اللَّهِ صَلَّى الـــــلَّه عَلَيْهِ وَسَلَّمَ حَدَّثَنَا أَنَّ قَوْمًا يَقْرَءُونَ الْقُرْآنَ لَا يُجَاوِزُ تَرَاقِيَهُمْ وَايْمُ اللَّهِ مَا أَدْرِي لَعَلَّ أَكْثَرَهُمْ مِنْكُمْ ثُمَّ تَوَلَّى عَنْهُمْ فَقَالَ عَمْرُو بْنُ سَلَمَةَ رَأَيْنَا عَامَّةَ أُولَئِكَ الْحِلَقِ يُطَاعِنُونَا يَوْمَ النَّهْرَوَانِ مَعَ الْخَوَارِجِ

“അബൂ മൂസ അൽ അശ്അരി (رضي الله عنه) പറയുന്നു: ഞാൻ പള്ളിയിൽ ഒരുപറ്റം ആളുകൾ നമസ്കാരം പ്രതീക്ഷിച്ച് വട്ടമിട്ട് ഇരിക്കുന്നത് കണ്ടു. അവരുടെ കൈകളിൽ ചെറിയ കല്ലുണ്ട്. ഓരോ വൃത്തത്തിലും ഒരാളുമുണ്ട്. അയാൾ പറയുന്നു: നിങ്ങൾ നൂറ് തവണ തക്ബീർ ചൊല്ലുക. അപ്പോൾ അവർ നൂറ് തവണ തക്ബീർ ചൊല്ലുന്നു. അപ്പോൾ അയാൾ പറയുന്നു: നിങ്ങൾ നൂറ് തവണ ലാ ഇലാഹ ഇല്ലല്ലാ എന്ന് ചൊല്ലുക. അപ്പോൾ അവർ നൂറ് തവണ ലാ ഇലാഹ ഇല്ലല്ലാ എന്ന് ചൊല്ലുന്നു. അയാൾ പറയുന്നു: നിങ്ങൾ നൂറ് തവണ സുബ്ഹാനല്ലാ എന്ന് ചൊല്ലുക. അപ്പോൾ അവർ നൂറ് തവണ



സുബ്ഹാനല്ലാ എന്ന് ചൊല്ലുന്നു. (ഇബ്നുമസ്ഊദ്) അദ്ദേഹത്തോട് ചോദിച്ചു. എന്നിട്ട് നിങ്ങൾ എന്താണ് അവരോട് പറഞ്ഞത്: അദ്ദേഹം പറഞ്ഞു: നിങ്ങളുടെ അഭിപ്രായം പ്രതീക്ഷിച്ച്, നിങ്ങളുടെ കൽപന പ്രതീക്ഷിച്ച് ഞാനൊന്നും അവരോട് പറഞ്ഞില്ല. അവരുടെ തിന്മകൾ എണ്ണാൻ നിങ്ങൾക്കെന്തേ അവരോട് കൽപിച്ചുകൂടായിരുന്നോ? എങ്കിൽ അവരുടെ നന്മയൊന്നും പാഴായിപ്പോവുകയില്ലെന്ന് ഉറപ്പ് നൽകിക്കൂടായിരുന്നില്ലേ? അങ്ങനെ ഇബ്നു മസ്ഊദ് (رضي الله عنه) നടന്നു നീങ്ങി; ഞങ്ങൾ അദ്ദേഹത്തിന്റെ കൂടെയും. അങ്ങനെ അദ്ദേഹം ആ വൃത്തങ്ങളിലൊന്നിന്റെ അടുത്ത് ചെന്നുനിന്ന് ചോദിച്ചു: നിങ്ങൾ എന്ത് ചെയ്യുന്നതാണ് ഞാൻ ഈ കാണുന്നത്. അവർ പറഞ്ഞു: അബൂ അബ്ദുറഹ്മാൻ, ഞങ്ങൾ തക്ബീറും ലാ ഇലാഹ ഇല്ലല്ലായും തസ്ബീഹും ചൊല്ലുമ്പോൾ കല്ലുകൾ ഉപയോഗിച്ച് എണ്ണുകയാണ്. അദ്ദേഹം പറഞ്ഞു: എങ്കിൽ നിങ്ങൾ നിങ്ങളുടെ തിന്മകളെ എണ്ണുക. നിങ്ങളുടെ നന്മകളൊന്നും പാഴായിപ്പോവുകയില്ലെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് തരാം. മുഹമ്മദ് നബി (ﷺ)യുടെ സമൂഹമേ, നിങ്ങൾക്ക് നാശം; എത്ര പെട്ടെന്നാണ് നിങ്ങളുടെ പതനം; നിങ്ങളുടെ പ്രവാചകന്റെ അനുചരന്മാർ പൂർണമായും ജീവിച്ചിരിക്കുന്നു. ഇതാ അവിടുത്തെ വസ്ത്രങ്ങൾ ദ്രവിച്ചുതുടങ്ങിയിട്ടില്ല. അവിടുത്തെ പാത്രങ്ങൾ ഉടഞ്ഞുപോയിട്ടില്ല. എന്റെ ആത്മാവ് ആരുടെ കൈകളിലാണോ അവനാണ് സത്യം. നിങ്ങൾ മുഹമ്മദ് നബി(ﷺ)യുടെ മാർഗത്തേക്കാൾ നല്ലൊരു മാർഗമാണോ (നോക്കുന്നത്)? അതോ വഴികേടിന്റെ കവാടം തുറക്കുകയാണോ? അവർ പറഞ്ഞു: അബൂ അബ്ദുറഹ്മാൻ, അല്ലാഹുവാണെ സത്യം. ഞങ്ങൾ നന്മയല്ലാതെ ഒന്നും ഉദ്ദേശിച്ചിട്ടില്ല. അദ്ദേഹം പ്രതിവചിച്ചു: എത്രയെത്രപേർ നന്മ ഉദ്ദേശിച്ചിട്ട് അവർക്കൊരിക്കലും അത് കിട്ടാതെ പോകുന്നു. തീർച്ചയായും നബി (ﷺ) ഞങ്ങളോട് പറഞ്ഞിരിക്കുന്നു: ഒരുപറ്റം ആളുകൾ ഖുർആൻ പാരായണം ചെയ്യും. അത് അവരുടെ തൊണ്ടക്കുഴിയിൽ നിന്ന് താഴേക്ക് ഇറങ്ങുകയില്ല. അല്ലാഹുവാണേ സത്യം. എനിക്കറിയില്ല, ഒരുപക്ഷേ, അവരിൽ അധികപേരും നിങ്ങളിൽപെട്ടവർതന്നെയായിരിക്കാം. ഇത്രയുംപറഞ്ഞ് അദ്ദേഹം അവരുടെ അടുക്കൽനിന്ന് പിരിഞ്ഞുപോന്നു. (സംഭവം റിപ്പോർട്ട് ചെയ്യുന്ന) അംറുബ്നു സലമ പറഞ്ഞു: ആ വട്ടമിട്ടിരുന്നവരെയെല്ലാംതന്നെ ഞങ്ങൾ പിന്നെ കണ്ടത് നഹ്റുവാൻ യുദ്ധദിനത്തിൽ ഖവാരിജുകളുടെ കൂടെനിന്ന്

ഞങ്ങളെ കുത്തുന്നതായിട്ടാണ്" (മുസ്നദ് ദാരിമി, ഹദീഥ്:206).

അനാചാരങ്ങൾ സമുദായത്തെ ഭിന്നിപ്പിക്കുമെന്നും അത്തരം ഭിന്നതയുണ്ടാകുമ്പോൾ പ്രവാചകനും അനുചരന്മാരും നിലകൊണ്ട മാർഗത്തിൽ നിലകൊള്ളുകയാണ് വേണ്ടതെന്നും അവർ നിലകൊണ്ട മാർഗത്തെ അനുധാവനം ചെയ്യുന്ന വിഭാഗം മാത്രമെ സ്വർഗ പ്രവേശത്തിന് അർഹരാകൂവെന്നും പ്രവാചകൻ (ﷺ) പഠിപ്പിച്ചിട്ടുണ്ട്.

عَنْ عَبْدِ اللَّهِ بْنِ عَمْرٍو قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لَيَأْتِيَنَّ عَلَى أُمَّتِي مَا أَتَى عَلَى بَنِي إِسْرَائِيلَ حَذْوَ النَّعْلِ بِالنَّعْلِ حَتَّى إِنْ كَانَ مِنْهُمْ مَنْ أَتَى أُمَّهُ عَلَانِيَةً لَكَانَ فِي أُمَّتِي مَنْ يَصْنَعُ ذَلِكَ وَإِنَّ بَنِي إِسْرَائِيلَ تَفَرَّقَتْ عَلَى ثِنْتَيْنِ سَبْعِينَ مِلَّةً وَتَفْتَرِقُ أُمَّتِي عَلَى ثَلَاثٍ وَسَبْعِينَ مِلَّةً كُلُّهُمْ فِي النَّارِ إِلَّا مِلَّةً وَاحِدَةً قَالُوا وَمَنْ هِيَ يَا رَسُولَ اللَّهِ قَالَ مَا أَنَا عَلَيْهِ وَأَصْحَابِي

"അബ്ദുല്ലാഹിബ്നു ഉമർ (ﷺ) നിവേദനം: അല്ലാഹുവിൻെറ ദൂതൻ പറഞ്ഞു: ചെരുപ്പിൻെറ ഇണ തുണയോടൊത്തപോലെ ഇസ്രാഈല്യർക്ക് വന്നുഭവിച്ച അവസ്ഥാവിശേഷം എൻെറ സമുദായത്തിനും വന്നെത്തുന്നതാണ്. പരസ്യമായി തൻെറ മാതാവിനെ (ലൈംഗിക താൽപര്യത്തോടെ) സമീപിച്ചവൻ അവരിലുണ്ടായിരുന്നുവെങ്കിൽ അങ്ങനെ ചെയ്യുന്നവൻപോലും എൻെറ സമുദായത്തിൽ ഉണ്ടാവുക തന്നെ ചെയ്യും. ഇസ്രാഈല്യർ 72 കക്ഷികളായി ഭിന്നിച്ചു. എന്നാൽ എൻെറ സമുദായം 73 കക്ഷികളായി പിളരും. അവരിൽ ഒന്നൊഴികെ മറ്റുകക്ഷികളെല്ലാം നരകത്തിലാണ്. അവർ ചോദിച്ചു: അല്ലാഹുവിൻെറ ദൂതരേ അതാരാണ്? അവിടന്ന് പ്രതിവചിച്ചു: ഞാനും എൻെറ സ്വഹാബത്തും ഏതൊന്നിൽ നിലകൊള്ളുന്നുവോ അതിൽ നിലകൊള്ളുന്നവരാണ് അത്" (ജാമിഉത്തിർമിദി, ഹദീഥ്:2565).

തൗഹീദിൽ അധിഷ്ഠിതമായ ജീവിതം നയിച്ചുകൊണ്ട് സ്വർഗപ്രവേശം നേടണം എന്ന് ആഗ്രഹിക്കുന്നവർ വിശുദ്ധ ഖുർആനും തിരുസുന്നത്തും അനുസരിച്ചുകൊണ്ട് ജീവിതത്തെ വിമലീകരിക്കുക



യാണ് വേണ്ടത്. ഖുർആനിനെയും സുന്നത്തിനെയും സ്വന്തം താൽപര്യത്തിനോ സമൂഹതാൽപര്യത്തിനോ അവസരത്തിനോ അനുസരിച്ച് മനസ്സിലാക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യാതെ സച്ചരിതരും അല്ലാഹു തൃപ്തിപ്പെട്ടവരുമായ പ്രവാചകനാനുചരന്മാർ മനസ്സിലാക്കുകയും അനുഷ്ഠിക്കുകയും ചെയ്ത രീതിയിൽ അനുധാവനം ചെയ്യുകയാണ് വേണ്ടതെന്ന വസ്തുത പ്രവാചകൻതന്നെ പഠിപ്പിച്ചിട്ടുണ്ട്.

عَنْ ثَوْبَانَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لَا تَزَالُ طَائِفَةٌ مِنْ أُمَّتِي ظَاهِرِينَ عَلَى الْحَقِّ لَا يَضُرُّهُمْ مَنْ خَذَلَهُمْ حَتَّى يَأْتِيَ أَمْرُ اللَّهِ وَهُمْ كَذَلِكَ

"ഥൗബാൻ (ﷺ)ൽനിന്ന് നിവേദനം: നബി (ﷺ) പറഞ്ഞു: എന്റെ സമുദായത്തിലെ ഒരു വിഭാഗം സത്യത്തിൽ നിലകൊള്ളുന്നവരായിക്കൊണ്ടേയിരിക്കും. അവരെ വഞ്ചിക്കുന്നവർ അവർക്ക് യാതൊരു ഉപദ്രവവും വരുത്തുകയില്ല. അല്ലാഹുവിന്റെ കൽപന വന്നെത്തുന്നതുവരെയും അവർ ഇപ്രകാരം തന്നെയായിരിക്കും" (സ്വഹീഹു മുസ്ലിം, ഹദീഥ്:3544).

20

# ദൈവദൂതന്മാരുടെ സന്ദേശം

തങ്ങൾ ജീവിച്ചിരുന്ന സമൂഹത്തെ സകലമാന തിന്മകളിൽ നിന്നും മോചിപ്പിച്ച് വിശുദ്ധിയിലേക്കും അങ്ങനെ വിമോചനത്തിലേക്കും നയിക്കുന്നതിനുവേണ്ടിയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. പ്രവാചകന്മാരെക്കാൾ മഹാന്മാരായ സാമൂഹ്യപരിഷ്കർത്താക്കളെ ചരിത്രം കണ്ടിട്ടില്ല. സ്വയം കഷ്ടനഷ്ടങ്ങൾ സഹിച്ചും സമൂഹത്തിൻെറ ഭൽസനങ്ങളേറ്റുവാങ്ങിയും തങ്ങൾ നിയോഗിക്കപ്പെട്ട സമൂഹത്തെ സംസ്കരിക്കുവാൻ വേണ്ടി ശ്രമിച്ചവരായിരുന്നു അവർ. യാതൊരുവിധ ഭൗതിക താൽപര്യങ്ങളുമില്ലാതെ തങ്ങളുടെ സഹജീവികളെ സത്യമാർഗത്തിലേക്ക് ക്ഷണിച്ചവർ.

നൂഹ് നബി (عليه السلام) പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു:

قَالَ يَـٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَءَاتَىٰنِى رَحْمَةً مِّنْ عِندِهِۦ فَعُمِّيَتْ عَلَيْكُمْ أَنُلْزِمُكُمُوهَا وَأَنتُمْ لَهَا كَـٰرِهُونَ ● وَيَـٰقَوْمِ لَآ أَسْـَٔلُكُمْ عَلَيْهِ مَالًا ۖ إِنْ أَجْرِىَ إِلَّا عَلَى ٱللَّهِ ۚ وَمَآ أَنَا۠ بِطَارِدِ ٱلَّذِينَ ءَامَنُوٓا۟ ۚ إِنَّهُم مُّلَـٰقُوا۟ رَبِّهِمْ وَلَـٰكِنِّىٓ أَرَىٰكُمْ قَوْمًا تَجْهَلُونَ



"അദ്ദേഹം പറഞ്ഞു: 'എൻെറ ജനങ്ങളേ, നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? ഞാൻ എൻെറ രക്ഷിതാവിങ്കൽനിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും അവൻെറ അടുക്കൽനിന്നുള്ള കാരുണ്യം അവൻ എനിക്ക് തന്നിരിക്കുകയും, എന്നിട്ട് നിങ്ങൾക്ക് (അത് കണ്ടറിയാനാകാത്തവിധം) അന്ധത വരുത്തപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളതെങ്കിൽ (ഞാൻ എന്ത് ചെയ്യും?) നിങ്ങൾ അത് ഇഷ്ടപ്പെടാത്തവരായിരിക്കെ നിങ്ങളുടെ മേൽ നാം അതിന് നിർബന്ധം ചെലുത്തുകയോ? എൻെറ ജനങ്ങളേ, ഇതിൻെറ പേരിൽ നിങ്ങളോട് ഞാൻ ധനം ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം അല്ലാഹു തരേണ്ടത് മാത്രമാകുന്നു. വിശ്വസിച്ചവരെ ഞാൻ ആട്ടിയോടിക്കുന്നതല്ല. തീർച്ചയായും അവർ അവരുടെ രക്ഷിതാവിനെ കണ്ടുമുട്ടാൻ പോകുന്നവരാണ്. എന്നാൽ നിങ്ങളെ ഞാൻ കാണുന്നത് വിവരമില്ലാത്ത ഒരു ജനവിഭാഗമായിട്ടാണ്" (11:28,29).

മുഹമ്മദ് നബിയോടുള്ള അല്ലാഹുവിൻെറ ഉദ്ബോധനം നോക്കുക:

أُو۟لَـٰٓئِكَ ٱلَّذِينَ هَدَى ٱللَّهُ ۖ فَبِهُدَىٰهُمُ ٱقْتَدِهْ ۗ قُل لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا ۖ إِنْ هُوَ إِلَّا ذِكْرَىٰ لِلْعَـٰلَمِينَ

"അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്നുകൊള്ളുക. (നബിയേ,) പറയുക: ഇതിൻെറ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്കുവേണ്ടിയുള്ള ഒരു ഉദ്ബോധനമല്ലാതെ മറ്റൊന്നുമല്ല" (6:90).

സമൂഹത്തെ സംസ്കരിക്കുവാനുള്ള തങ്ങളുടെ യത്നത്തിനിടയിൽ ദൈവദൂതന്മാർ സഹിച്ച പ്രയാസങ്ങൾക്ക് കയ്യും കണക്കുമില്ല. അവർ മർദിക്കപ്പെട്ടു; പീഡിപ്പിക്കപ്പെട്ടു. അപഹസിക്കപ്പെട്ടു. സമൂഹസംസ്കരണത്തിൻെറ പാതയിൽ കൊല്ലപ്പെട്ടവരും പ്രവാചകന്മാരുടെ പട്ടികയിലുണ്ട്. ഖുർആൻ പറയുന്നത് കാണുക:

وَلَقَدِ ٱسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَحَاقَ بِٱلَّذِينَ سَخِرُوا۟ مِنْهُم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ

“നിനക്ക് മുമ്പ് പല ദൂതന്മാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചുകൊണ്ടിരുന്നതെന്തോ അത് വന്നുഭവിക്കുക തന്നെചെയ്തു'' (6:10).

وَلَقَدْ أَرْسَلْنَا مِن قَبْلِكَ فِى شِيَعِ ٱلْأَوَّلِينَ ● وَمَا يَأْتِيهِم مِّن رَّسُولٍ
إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ

“തീർച്ചയായും നിനക്കുമുമ്പ് പൂർവികന്മാരിലെ പല കക്ഷികളിലേക്കും നാം ദൂതന്മാരെ അയച്ചിട്ടുണ്ട്. ഏതൊരു ദൂതൻ അവരുടെ അടുത്ത് ചെല്ലുമ്പോഴും അവർ അദ്ദേഹത്തെ പരിഹസിക്കാതിരുന്നിട്ടില്ല” (15:10,11).

وَقَالَ ٱلَّذِينَ كَفَرُوا۟ لِرُسُلِهِمْ لَنُخْرِجَنَّكُم مِّنْ أَرْضِنَآ أَوْ
لَتَعُودُنَّ فِى مِلَّتِنَا ۖ فَأَوْحَىٰٓ إِلَيْهِمْ رَبُّهُمْ لَنُهْلِكَنَّ ٱلظَّٰلِمِينَ

“അവിശ്വാസികൾ തങ്ങളിലേക്കുള്ള ദൈവദൂതന്മാരോട് പറഞ്ഞു: ഞങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും. അല്ലാത്തപക്ഷം നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചു വന്നേ തീരൂ. അപ്പോൾ അവർക്ക് (ആ ദൂതന്മാർക്ക്) അവരുടെ രക്ഷിതാവ് സന്ദേശം നൽകി: ‘തീർച്ചയായും നാം ആ അക്രമികളെ നശിപ്പിക്കുകയും, അവർക്കുശേഷം നിങ്ങളെ നാം നാട്ടിൽ അധിവസിപ്പിക്കുകയും ചെയ്യുന്നതാണ്” (14:13).

قُلْ قَدْ جَآءَكُمْ رُسُلٌ مِّن قَبْلِى بِٱلْبَيِّنَٰتِ وَبِٱلَّذِى قُلْتُمْ فَلِمَ
قَتَلْتُمُوهُمْ إِن كُنتُمْ صَٰدِقِينَ ● فَإِن كَذَّبُوكَ فَقَدْ كُذِّبَ رُسُلٌ
مِّن قَبْلِكَ جَآءُو بِٱلْبَيِّنَٰتِ وَٱلزُّبُرِ وَٱلْكِتَٰبِ ٱلْمُنِيرِ

“(നബിയേ,) പറയുക: വ്യക്തമായ തെളിവുകൾ സഹിതവും നിങ്ങളീ പറഞ്ഞത് സഹിതവും എനിക്ക് മുമ്പ് പല ദൂതന്മാരും നിങ്ങളുടെ അടുത്ത് വന്നിട്ടുണ്ട്. എന്നിട്ട് നിങ്ങളുടെ വാദം സത്യമാണെങ്കിൽ നിങ്ങളെന്തിന് അവരെ കൊന്നുകളഞ്ഞു? അപ്പോൾ നിന്നെ അവർ നിഷേധിച്ചിട്ടുണ്ടെങ്കിൽ നിനക്ക് മുമ്പ് വ്യക്തമായ തെളിവുകളും



ഏടുകളും വെളിച്ചം നൽകുന്ന വേദഗ്രന്ഥവുമായി വന്ന ദൂതന്മാരും നിഷേധിക്കപ്പെട്ടിട്ടുണ്ട്” (3:183,184).

ജനങ്ങളെ സംസ്കരിക്കുവാനും വിമലീകരിക്കുവാനും ശ്രമിച്ചതിനാലാണ് പ്രവാചകന്മാർക്ക് ഈ പ്രയാസങ്ങളെല്ലാം നേരിടേണ്ടിവന്നത്. എങ്ങനെയാണ് ദൈവദൂതന്മാർ തങ്ങളുടെ സമൂഹത്തെ സംസ്കരിക്കാൻ ശ്രമിച്ചത്? എന്തുകൊണ്ടാണ് അവർ പീഡിപ്പിക്കപ്പെട്ടതും തിരസ്കരിക്കപ്പെട്ടതുമെല്ലാം?

ദൈവദൂതന്മാർ ജനങ്ങളെ സംസ്കരിക്കാൻ ശ്രമിച്ച പ്രസ്തുത സംസ്കരണ പ്രവർത്തനങ്ങൾ വഴി അവർക്ക് ആളാകുവാനോ ജനങ്ങളാൽ ശ്രദ്ധിക്കപ്പെടുന്നതിന്നോ അവരുടെ നേതൃത്വത്തിലെത്തിച്ചേരുന്നതിനോ ആയിരുന്നില്ല. സകലമാന തിന്മകളിൽ നിന്നും സമൂഹത്തെ സംസ്കരിച്ച് അവരെ ദൈവാനുഗ്രഹത്തിന് പാത്രമാക്കുകയായിരുന്നു പ്രവാചകന്മാരുടെ ലക്ഷ്യം. അതുകൊണ്ടുതന്നെ അവരെല്ലാം നയിച്ച സംസ്കരണ സംരംഭങ്ങൾ തിന്മകളുടെ അടിവേരറുക്കുന്നതിനും അങ്ങനെ ജനങ്ങളെ ആമൂലാഗ്രം സംസ്കരിക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു. തിന്മകളുടെ അടിവേരറുക്കണമെങ്കിൽ സകലമാന അധർമങ്ങളുടെയും മാതാവായ ശിർക്കിനെ സമൂഹത്തിൽ നിന്ന് നിഷ്കാസനം ചെയ്യേണ്ടതുണ്ട് അധർമങ്ങൾ ഇല്ലാതാവണമെങ്കിൽ അല്ലാഹുവും മനുഷ്യരും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കേണ്ടതുണ്ട്. ബഹുദൈവാരാധന നിലനിൽക്കുമ്പോഴാണ് മനുഷ്യഹൃദയത്തിൽ നിന്ന് സ്രഷ്ടാവായ തമ്പുരാൻ നിഷ്കാസിതനാവുന്നത്. അതുകൊണ്ടുതന്നെ ശിർക്കിൽ നിന്ന് തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന്നാണ് പ്രവാചകന്മാർ ഒന്നാമതായി പരിഗണന നൽകിയത്.

ബഹുദൈവാരാധനയുടെ അധമത്വത്തിൽനിന്നും ദൈവനിഷേധത്തിൻെറ അഹങ്കാരത്തിൽനിന്നും മനുഷ്യരെ മുക്തരാക്കി ഏകദൈവാരാധനയുടെ ഔന്നത്യത്തിലേക്ക് അവരെ നയിക്കുവാൻ വേണ്ടിയാണ് മുഴുവൻ പ്രവാചകന്മാരും പരിശ്രമിച്ചത്. പ്രവാചകപ്രബോധനങ്ങളിൽ ഏറ്റവും പ്രമുഖമായത് ‘ലാഇലാഹ ഇല്ലല്ലാഹു’ എന്ന തത്ത്വമായിരുന്നു.

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟

ٱلطَّٰغُوتَ

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി)" (16:36).

وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).

ആദി മനുഷ്യരുടെ സന്തതികൾ ദുഷിച്ചപ്പോൾ അവരെ സംസ്കരണത്തിലേക്ക് ക്ഷണിക്കാനായി നിയോഗിക്കപ്പെട്ട നൂഹ് നബി (عليه السلام) യുടെ പ്രബോധനത്തെകുറിച്ച് വിശദീകരിക്കുന്ന ഖുർആൻ സൂക്തങ്ങൾ നോക്കുക:

إِنَّآ أَرۡسَلۡنَا نُوحًا إِلَىٰ قَوۡمِهِۦٓ أَنۡ أَنذِرۡ قَوۡمَكَ مِن قَبۡلِ أَن يَأۡتِيَهُمۡ عَذَابٌ أَلِيمٞ ● قَالَ يَٰقَوۡمِ إِنِّي لَكُمۡ نَذِيرٞ مُّبِينٌ ● أَنِ ٱعۡبُدُواْ ٱللَّهَ وَٱتَّقُوهُ وَأَطِيعُونِ ● يَغۡفِرۡ لَكُم مِّن ذُنُوبِكُمۡ وَيُؤَخِّرۡكُمۡ إِلَىٰٓ أَجَلٖ مُّسَمًّىۚ إِنَّ أَجَلَ ٱللَّهِ إِذَا جَآءَ لَا يُؤَخَّرُۚ لَوۡ كُنتُمۡ تَعۡلَمُونَ ● قَالَ رَبِّ إِنِّي دَعَوۡتُ قَوۡمِي لَيۡلٗا وَنَهَارٗا ● فَلَمۡ يَزِدۡهُمۡ دُعَآءِيٓ إِلَّا فِرَارٗا ● وَإِنِّي كُلَّمَا دَعَوۡتُهُمۡ لِتَغۡفِرَ لَهُمۡ جَعَلُوٓاْ أَصَٰبِعَهُمۡ فِيٓ ءَاذَانِهِمۡ وَٱسۡتَغۡشَوۡاْ ثِيَابَهُمۡ وَأَصَرُّواْ وَٱسۡتَكۡبَرُواْ ٱسۡتِكۡبَارٗا ● ثُمَّ إِنِّي دَعَوۡتُهُمۡ جِهَارٗا ● ثُمَّ إِنِّيٓ أَعۡلَنتُ لَهُمۡ وَأَسۡرَرۡتُ لَهُمۡ إِسۡرَارٗا ● فَقُلۡتُ ٱسۡتَغۡفِرُواْ رَبَّكُمۡ إِنَّهُۥ كَانَ غَفَّارٗا ● يُرۡسِلِ ٱلسَّمَآءَ عَلَيۡكُم



مِّدۡرَارٗا ● وَيُمۡدِدۡكُم بِأَمۡوَٰلٖ وَبَنِينَ وَيَجۡعَل لَّكُمۡ جَنَّٰتٖ وَيَجۡعَل لَّكُمۡ أَنۡهَٰرٗا ● مَّا لَكُمۡ لَا تَرۡجُونَ لِلَّهِ وَقَارٗا ● وَقَدۡ خَلَقَكُمۡ أَطۡوَارًا ● أَلَمۡ تَرَوۡاْ كَيۡفَ خَلَقَ ٱللَّهُ سَبۡعَ سَمَٰوَٰتٖ طِبَاقٗا ● وَجَعَلَ ٱلۡقَمَرَ فِيهِنَّ نُورٗا وَجَعَلَ ٱلشَّمۡسَ سِرَاجٗا ● وَٱللَّهُ أَنۢبَتَكُم مِّنَ ٱلۡأَرۡضِ نَبَاتٗا ● ثُمَّ يُعِيدُكُمۡ فِيهَا وَيُخۡرِجُكُمۡ إِخۡرَاجٗا ● وَٱللَّهُ جَعَلَ لَكُمُ ٱلۡأَرۡضَ بِسَاطٗا ● لِّتَسۡلُكُواْ مِنۡهَا سُبُلٗا فِجَاجٗا ● قَالَ نُوحٞ رَّبِّ إِنَّهُمۡ عَصَوۡنِي وَٱتَّبَعُواْ مَن لَّمۡ يَزِدۡهُ مَالُهُۥ وَوَلَدُهُۥٓ إِلَّا خَسَارٗا ● وَمَكَرُواْ مَكۡرٗا كُبَّارٗا ● وَقَالُواْ لَا تَذَرُنَّ ءَالِهَتَكُمۡ وَلَا تَذَرُنَّ وَدّٗا وَلَا سُوَاعٗا وَلَا يَغُوثَ وَيَعُوقَ وَنَسۡرٗا ● وَقَدۡ أَضَلُّواْ كَثِيرٗاۖ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا ضَلَٰلٗا ● مِّمَّا خَطِيٓـَٰٔتِهِمۡ أُغۡرِقُواْ فَأُدۡخِلُواْ نَارٗا فَلَمۡ يَجِدُواْ لَهُم مِّن دُونِ ٱللَّهِ أَنصَارٗا

"തീർച്ചയായും നൂഹിനെ അദ്ദേഹത്തിൻെറ ജനതയിലേക്ക് നാം അയച്ചു. 'നിൻെറ ജനതക്ക് വേദനയേറിയ ശിക്ഷ വരുന്നതിൻെറ മുമ്പ് അവർക്ക് താക്കീത് നൽകുക' എന്ന് നിർദേശിച്ചുകൊണ്ട്. അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് വ്യക്തമായ താക്കീതുകാരനാകുന്നു. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. എങ്കിൽ അവൻ നിങ്ങൾക്കു നിങ്ങളുടെ പാപങ്ങളിൽ ചിലത് പൊറുത്തുതരികയും, നിർണയിക്കപ്പെട്ട ഒരവധി വരെ നിങ്ങളെ നീട്ടിയിടുകയും ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹുവിൻെറ അവധി വന്നാൽ അത് നീട്ടിക്കൊടുക്കപ്പെടുകയില്ല. നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ. അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, തീർച്ചയായും എൻെറ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എൻെറ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ. തീർച്ചയായും നീ അവർക്കു പൊറുത്തുകൊടു

ക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽവെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും, അവർ ശഠിച്ചു നിൽക്കുകയും, കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്. പിന്നീട് ഞാൻ അവരെ ഉറക്കെ വിളിച്ചു. പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി. അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുകളും സന്താനങ്ങളുംകൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങളുണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികളുണ്ടാക്കിത്തരികയും ചെയ്യും. നിങ്ങൾക്കെന്തുപറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല? നിങ്ങളെ അവൻ പല ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുകയാണല്ലോ. നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്? ചന്ദ്രനെ അവിടെ അവൻ ഒരു പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ അവൻ വിളക്കുമാക്കിയിരിക്കുന്നു. അല്ലാഹു നിങ്ങളെ ഭൂമിയിൽനിന്ന് ഒരു മുളപ്പിക്കൽ മുളപ്പിച്ചിരിക്കുന്നു. പിന്നെ അതിൽതന്നെ നിങ്ങളെ അവൻ മടക്കുകയും നിങ്ങളെ ഒരിക്കൽ അവൻ പുറത്തുകൊണ്ടുവരികയും ചെയ്യുന്നതാണ്. അല്ലാഹു നിങ്ങൾക്കുവേണ്ടി ഭൂമിയെ ഒരു വിരിപ്പാക്കുകയും ചെയ്തിരിക്കുന്നു. അതിലെ വിസ്താരമുള്ള പാതകളിൽ നിങ്ങൾ പ്രവേശിക്കുവാൻ വേണ്ടി. നൂഹ് പറഞ്ഞു: എൻെറ രക്ഷിതാവേ, തീർച്ചയായും ഇവർ എന്നോട് അനുസരണക്കേട് കാണിക്കുകയും, ഒരു വിഭാഗത്തെ പിന്തുടരുകയും ചെയ്തിരിക്കുന്നു; അവർക്ക് (പിന്തുടരപ്പെട്ട നേതൃവിഭാഗത്തിന്) സ്വത്തും സന്താനവും മൂലം (ആത്മീയവും പാരത്രികവുമായ) നഷ്ടം കൂടുകമാത്രമാണുണ്ടായത്. (പുറമെ) അവർ (നേതാക്കൾ) വലിയ കുതന്ത്രം പ്രയോഗിക്കുകയും ചെയ്തിരിക്കുന്നു. അവർ പറഞ്ഞു: (ജനങ്ങളോട്) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്. അങ്ങനെ അവർ വളരെയധികം ആളുകളെ വഴിപിഴപ്പിച്ചു. (രക്ഷിതാവേ), ആ അക്രമകാരികൾക്ക് വഴിപിഴവല്ലാതെ മറ്റൊന്നും നീ വർധിപ്പിക്കരുതേ. അവരുടെ പാപങ്ങൾ നിമിത്തം അവർ മുക്കിനശിപ്പിക്കപ്പെട്ടു. എന്നിട്ട് അവർ



നരകാഗ്നിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അപ്പോൾ തങ്ങൾക്ക് അല്ലാഹുവിനു പുറമെ സഹായികളാരെയും അവർ കണ്ടെത്തിയില്ല" (71:1-25).

യഹൂദരും ക്രൈസ്തവരും മുസ്‌ലിംകളുമെല്ലാം അംഗീകരിക്കുന്ന മഹാപ്രവാചകനായിരുന്ന ഇബ്രാഹീം (ﷺ) തൗഹീദീപ്രബോധന രംഗത്ത് യാതൊരുവിധ വിട്ടുവീഴ്ചക്കും തയ്യാറല്ലാത്ത വ്യക്തിയായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഏകനായ അല്ലാഹുവല്ലാതെ ആരാധ്യരായി മറ്റാരും തന്നെയില്ലെന്ന് വിഗ്രഹവിൽപനക്കാരനായ സ്വന്തം പിതാവിനോട് പ്രബോധനംചെയ്തുകൊണ്ടാണ് അദ്ദേഹം സംസ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. വിഗ്രഹാരാധകരായ സമൂഹത്തിൻെറ എതിർപ്പുകളെ തൃണവൽഗണിച്ച് ഏകദൈവാരാധനയുടെ സന്ദേശം പ്രചരിപ്പിച്ച അദ്ദേഹത്തെ തീക്കുണ്ഠത്തിലേക്കെറിയാൻവരെ സമൂഹം സന്നദ്ധമായി. എന്നിട്ടും തൗഹീദീ പ്രബോധനത്തിൽ യാതൊരു അയവും വരുത്താൻ അദ്ദേഹം തയാറായില്ല.

وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ ءَازَرَ أَتَتَّخِذُ أَصْنَامًا ءَالِهَةً ۖ إِنِّىٓ أَرَىٰكَ
وَقَوْمَكَ فِى ضَلَٰلٍ مُّبِينٍ ● وَكَذَٰلِكَ نُرِىٓ إِبْرَٰهِيمَ مَلَكُوتَ
ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلِيَكُونَ مِنَ ٱلْمُوقِنِينَ ● فَلَمَّا جَنَّ عَلَيْهِ ٱلَّيْلُ
رَءَا كَوْكَبًا ۖ قَالَ هَٰذَا رَبِّى ۖ فَلَمَّآ أَفَلَ قَالَ لَآ أُحِبُّ ٱلْءَافِلِينَ ●
فَلَمَّا رَءَا ٱلْقَمَرَ بَازِغًا قَالَ هَٰذَا رَبِّى ۖ فَلَمَّآ أَفَلَ قَالَ لَئِن لَّمْ يَهْدِنِى
رَبِّى لَأَكُونَنَّ مِنَ ٱلْقَوْمِ ٱلضَّآلِّينَ ● فَلَمَّا رَءَا ٱلشَّمْسَ بَازِغَةً
قَالَ هَٰذَا رَبِّى هَٰذَآ أَكْبَرُ ۖ فَلَمَّآ أَفَلَتْ قَالَ يَٰقَوْمِ إِنِّى بَرِىٓءٌ مِّمَّا
تُشْرِكُونَ ● إِنِّى وَجَّهْتُ وَجْهِىَ لِلَّذِى فَطَرَ ٱلسَّمَٰوَٰتِ
وَٱلْأَرْضَ حَنِيفًا ۖ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

"ഇബ്രാഹിം തൻെറ പിതാവായ ആസറിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക): ചില ബിംബങ്ങളെയാണോ താങ്കൾ ദൈവങ്ങളായി സ്വീകരിക്കുന്നത്? തീർച്ചയായും താങ്കളും താങ്കളുടെ ജനതയും

വ്യക്തമായ വഴികേടിലാണെന്ന് ഞാൻ കാണുന്നു. അപ്രകാരം ഇബ്രാഹീമിനെ നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയും കൂടിയാണത്. അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എൻെറ രക്ഷിതാവ്! എന്നിട്ട് അത് അസ്തമിച്ചമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിച്ചു പോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നതു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ എൻെറ രക്ഷിതാവ്! എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചുതന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽപെട്ടവനായിരിക്കും. അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എൻെറ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്!! അങ്ങനെ അതും അസ്തമിച്ചുപോയപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽനിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എൻെറ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല" (6:74-79).

وَٱذْكُرْ فِى ٱلْكِتَـٰبِ إِبْرَٰهِيمَ ۚ إِنَّهُۥ كَانَ صِدِّيقًا نَّبِيًّا ● إِذْ قَالَ لِأَبِيهِ
يَـٰٓأَبَتِ لِمَ تَعْبُدُ مَا لَا يَسْمَعُ وَلَا يُبْصِرُ وَلَا يُغْنِى عَنكَ شَيْـًٔا ●
يَـٰٓأَبَتِ إِنِّى قَدْ جَآءَنِى مِنَ ٱلْعِلْمِ مَا لَمْ يَأْتِكَ فَٱتَّبِعْنِىٓ أَهْدِكَ
صِرَٰطًا سَوِيًّا ● يَـٰٓأَبَتِ لَا تَعْبُدِ ٱلشَّيْطَـٰنَ ۖ إِنَّ ٱلشَّيْطَـٰنَ كَانَ
لِلرَّحْمَـٰنِ عَصِيًّا ● يَـٰٓأَبَتِ إِنِّىٓ أَخَافُ أَن يَمَسَّكَ عَذَابٌ مِّنَ ٱلرَّحْمَـٰنِ
فَتَكُونَ لِلشَّيْطَـٰنِ وَلِيًّا ● قَالَ أَرَاغِبٌ أَنتَ عَنْ ءَالِهَتِى يَـٰٓإِبْرَٰهِيمُ ۖ
لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ ۖ وَٱهْجُرْنِى مَلِيًّا ● قَالَ سَلَـٰمٌ عَلَيْكَ ۖ



سَأَسْتَغْفِرُ لَكَ رَبِّىٓ ۖ إِنَّهُۥ كَانَ بِى حَفِيًّا ● وَأَعْتَزِلُكُمْ وَمَا
تَدْعُونَ مِن دُونِ ٱللَّهِ وَأَدْعُوا۟ رَبِّى عَسَىٰٓ أَلَّآ أَكُونَ بِدُعَآءِ رَبِّى
شَقِيًّا ● فَلَمَّا ٱعْتَزَلَهُمْ وَمَا يَعْبُدُونَ مِن دُونِ ٱللَّهِ وَهَبْنَا لَهُۥٓ إِسْحَـٰقَ
وَيَعْقُوبَ ۖ وَكُلًّا جَعَلْنَا نَبِيًّا ● وَوَهَبْنَا لَهُم مِّن رَّحْمَتِنَا وَجَعَلْنَا لَهُمْ
لِسَانَ صِدْقٍ عَلِيًّا

"വേദഗ്രന്ഥത്തിൽ ഇബ്രാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക: തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു. അദ്ദേഹം തൻെറ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) 'എൻെറ പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എൻെറ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം. എൻെറ പിതാവേ, താങ്കൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും പിശാച് പരമകാരുണികനോട് അനുസരണമില്ലാത്തവനാകുന്നു. എൻെറ പിതാവേ, തീർച്ചയായും പരമകാരുണികനിൽനിന്നുള്ള വല്ല ശിക്ഷയും താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ താങ്കൾ പിശാചിൻെറ മിത്രമായിരിക്കുന്നതാണ്. അയാൾ പറഞ്ഞു: ഹേ; ഇബ്രാഹീം, നീ എൻെറ ദൈവങ്ങളെ വേണ്ടെന്ന് വെക്കുകയാണോ? നീ (ഇതിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിഞ്ഞോടിക്കുകതന്നെ ചെയ്യും. കുറെ കാലത്തേക്ക് നീ എന്നിൽനിന്ന് വിട്ടുമാറിക്കൊള്ളണം. അദ്ദേഹം (ഇബ്രാഹീം) പറഞ്ഞു: താങ്കൾക്ക് സലാം. താങ്കൾക്കുവേണ്ടി ഞാൻ എൻെറ രക്ഷിതാവിനോട് പാപമോചനം തേടാം. തീർച്ചയായും അവനെന്നോട് ദയയുള്ളവനാകുന്നു. നിങ്ങളെയും അല്ലാഹുവിനു പുറമെ നിങ്ങൾ പ്രാർഥിച്ചുവരുന്നവയെയും ഞാൻ വെടിയുന്നു. എൻെറ രക്ഷിതാവിനോട് ഞാൻ പ്രാർഥിക്കുന്നു. എൻെറ രക്ഷിതാവിനോട് പ്രാർഥിക്കുന്നതു

മൂലം ഞാൻ ഭാഗ്യം കെട്ടവനാകാതിരുന്നേക്കാം. അങ്ങനെ അവരെയും അല്ലാഹുവിനു പുറമെ അവർ ആരാധിക്കുന്നവയെയും വെടിഞ്ഞ് അദ്ദേഹം പോയപ്പോൾ അദ്ദേഹത്തിന് നാം ഇസ്ഹാഖിനെയും (മകൻ) യഅ്ഖൂബിനെയും (പൗത്രൻ) നൽകി. അവരെയൊക്കെ നാം പ്രവാചകന്മാരാക്കുകയും ചെയ്തു. നമ്മുടെ കാരുണ്യത്തിൽ നിന്നും അവർക്ക് നാം നൽകുകയും, അവർക്ക് നാം ഉന്നതമായ സൽകീർത്തി ഉണ്ടാക്കുകയും ചെയ്തു" (19: 41-50).

أَلَمْ تَرَ إِلَى ٱلَّذِى حَآجَّ إِبْرَٰهِـۧمَ فِى رَبِّهِۦٓ أَنْ ءَاتَىٰهُ ٱللَّهُ ٱلْمُلْكَ إِذْ
قَالَ إِبْرَٰهِـۧمُ رَبِّىَ ٱلَّذِى يُحْىِۦ وَيُمِيتُ قَالَ أَنَا۠ أُحْىِۦ وَأُمِيتُ ۖ
قَالَ إِبْرَٰهِـۧمُ فَإِنَّ ٱللَّهَ يَأْتِى بِٱلشَّمْسِ مِنَ ٱلْمَشْرِقِ فَأْتِ بِهَا مِنَ
ٱلْمَغْرِبِ فَبُهِتَ ٱلَّذِى كَفَرَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ

"ഇബ്രാഹീമിനോട് അദ്ദേഹത്തിൻെറ നാഥൻെറ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എൻെറ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്റാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്രാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല" (2:258).

وَلَقَدْ ءَاتَيْنَآ إِبْرَٰهِيمَ رُشْدَهُۥ مِن قَبْلُ وَكُنَّا بِهِۦ عَـٰلِمِينَ ● إِذْ قَالَ
لِأَبِيهِ وَقَوْمِهِۦ مَا هَـٰذِهِ ٱلتَّمَاثِيلُ ٱلَّتِىٓ أَنتُمْ لَهَا عَـٰكِفُونَ ● قَالُوا۟
وَجَدْنَآ ءَابَآءَنَا لَهَا عَـٰبِدِينَ ● قَالَ لَقَدْ كُنتُمْ أَنتُمْ وَءَابَآؤُكُمْ
فِى ضَلَـٰلٍ مُّبِينٍ ● قَالُوٓا۟ أَجِئْتَنَا بِٱلْحَقِّ أَمْ أَنتَ مِنَ ٱللَّـٰعِبِينَ ● قَالَ



بَل رَّبُّكُمْ رَبُّ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ٱلَّذِى فَطَرَهُنَّ وَأَنَا۠ عَلَىٰ
ذَٰلِكُم مِّنَ ٱلشَّـٰهِدِينَ ● وَتَٱللَّهِ لَأَكِيدَنَّ أَصْنَـٰمَكُم بَعْدَ أَن
تُوَلُّوا۟ مُدْبِرِينَ ● فَجَعَلَهُمْ جُذَٰذًا إِلَّا كَبِيرًا لَّهُمْ لَعَلَّهُمْ إِلَيْهِ
يَرْجِعُونَ ● قَالُوا۟ مَن فَعَلَ هَـٰذَا بِـَٔالِهَتِنَآ إِنَّهُۥ لَمِنَ ٱلظَّـٰلِمِينَ
● قَالُوا۟ سَمِعْنَا فَتًى يَذْكُرُهُمْ يُقَالُ لَهُۥٓ إِبْرَٰهِيمُ ● قَالُوا۟ فَأْتُوا۟ بِهِۦ
عَلَىٰٓ أَعْيُنِ ٱلنَّاسِ لَعَلَّهُمْ يَشْهَدُونَ ● قَالُوٓا۟ ءَأَنتَ فَعَلْتَ هَـٰذَا
بِـَٔالِهَتِنَا يَـٰٓإِبْرَٰهِيمُ ● قَالَ بَلْ فَعَلَهُۥ كَبِيرُهُمْ هَـٰذَا فَسْـَٔلُوهُمْ إِن
كَانُوا۟ يَنطِقُونَ ● فَرَجَعُوٓا۟ إِلَىٰٓ أَنفُسِهِمْ فَقَالُوٓا۟ إِنَّكُمْ أَنتُمُ
ٱلظَّـٰلِمُونَ ● ثُمَّ نُكِسُوا۟ عَلَىٰ رُءُوسِهِمْ لَقَدْ عَلِمْتَ مَا هَـٰٓؤُلَآءِ
يَنطِقُونَ ● قَالَ أَفَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُكُمْ
شَيْـًٔا وَلَا يَضُرُّكُمْ ● أُفٍّ لَّكُمْ وَلِمَا تَعْبُدُونَ مِن دُونِ ٱللَّهِ ۖ أَفَلَا
تَعْقِلُونَ ● قَالُوا۟ حَرِّقُوهُ وَٱنصُرُوٓا۟ ءَالِهَتَكُمْ إِن كُنتُمْ فَـٰعِلِينَ
● قُلْنَا يَـٰنَارُ كُونِى بَرْدًا وَسَلَـٰمًا عَلَىٰٓ إِبْرَٰهِيمَ ● وَأَرَادُوا۟ بِهِۦ كَيْدًا
فَجَعَلْنَـٰهُمُ ٱلْأَخْسَرِينَ

"മുമ്പ് ഇബ്രാഹീമിന് തൻേറതായ വിവേകം നാം നൽകുകയുണ്ടായി. അദ്ദേഹത്തെ പറ്റി നമുക്ക് അറിയാമായിരുന്നു. തൻെറ പിതാവിനോടും തൻെറ ജനങ്ങളോടും അദ്ദേഹം ഇപ്രകാരം ചോദിച്ച സന്ദർഭം (ശ്രദ്ധേയമത്രെ) നിങ്ങൾ പൂജിച്ചുകൊണ്ടേയിരിക്കുന്ന ഈ പ്രതിമകൾ എന്താകുന്നു? അവർ പറഞ്ഞു: ഞങ്ങളുടെ പിതാക്കൾ ഇവയെ ആരാധിച്ചുവരുന്നതായിട്ടാണ് ഞങ്ങൾ കണ്ടത്. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്ത

മായ വഴികേടിലായിരിക്കുന്നു. അവർ പറഞ്ഞു: നീ ഞങ്ങളുടെ അടുത്ത് സത്യവും കൊണ്ട് വന്നിരിക്കുകയാണോ? അതല്ല, നീ കളി പറയുന്നവരുടെ കൂട്ടത്തിലാണോ. അദ്ദേഹം പറഞ്ഞു: അല്ല നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവാകുന്നു. അവയെ സൃഷ്ടിച്ചുണ്ടാക്കിയവൻ. ഞാൻ അതിന് സാക്ഷ്യം വഹിക്കുന്നവരുടെ കൂട്ടത്തിലാകുന്നു. അല്ലാഹുവെതന്നെയാണ, തീർച്ചയായും നിങ്ങൾ പിന്നിട്ടുപോയതിനുശേഷം ഞാൻ നിങ്ങളുടെ വിഗ്രഹങ്ങളുടെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുന്നതാണ്. അങ്ങനെ അദ്ദേഹം അവരെ (ദൈവങ്ങളെ) തുണ്ടം തുണ്ടമാക്കിക്കളഞ്ഞു. അവരിൽ വലിയ ഒരാളെ ഒഴികെ. അവർക്ക് (വിവരമറിയാനായി) അയാളുടെ അടുത്തേക്ക് തിരിച്ചുചെല്ലാമല്ലോ! അവർ പറഞ്ഞു: നമ്മുടെ ദൈവങ്ങളെക്കൊണ്ട് ഇത് ചെയ്തവൻ ആരാണ്? തീർച്ചയായും അവൻ അക്രമികളിൽപെട്ടവൻതന്നെയാണ്. ചിലർ പറഞ്ഞു: ഇബ്രാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ ആ ദൈവങ്ങളെപ്പറ്റി പരാമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. അവർ പറഞ്ഞു: എന്നാൽ, നിങ്ങൾ അവനെ ജനങ്ങളുടെ കൺമുമ്പിൽ കൊണ്ടുവരൂ. അവർ സാക്ഷ്യം വഹിച്ചേക്കാം. അവർ ചോദിച്ചു: ഇബ്രാഹീമേ, നീയാണോ ഞങ്ങളുടെ ദൈവങ്ങളെക്കൊണ്ട് ഇതു ചെയ്തത്. അദ്ദേഹം പറഞ്ഞു: എന്നാൽ അവരുടെ കൂട്ടത്തിലെ ഈ വലിയവനാണ് അത് ചെയ്തത്. അവർ സംസാരിക്കുമെങ്കിൽ നിങ്ങൾ അവരോട് ചോദിച്ചുനോക്കൂ! അപ്പോൾ അവർ സ്വമനസ്സുകളിലേക്കുതന്നെ മടങ്ങി. എന്നിട്ടവർ (അന്യോന്യം) പറഞ്ഞു: തീർച്ചയായും നിങ്ങൾ തന്നെയാണ് അക്രമകാരികൾ. പിന്നെ അവർ തല കുത്തനെ മറിഞ്ഞു. (അവർ പറഞ്ഞു:) ഇവർ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ. അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾക്ക് യാതൊരുപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുകയാണോ? നിങ്ങളുടെയും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യംതന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ? അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ചുകളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക. നാം പറഞ്ഞു: തീയേ, നീ ഇബ്രാഹീമിന് തണുപ്പും സമാധാനവും ആയിരിക്കുക. അദ്ദേഹത്തിൻെറ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കാൻ



അവർ ഉദ്ദേശിച്ചു. എന്നാൽ, അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്" (21:51-70).

ഇസ്രാഈൽ സമൂഹത്തെ സംസ്കരിക്കുകയും മോചിപ്പിക്കുകയും ചെയ്യുന്നതിന്നായി നിയോഗിക്കപ്പെട്ട മൂസാ നബി (ﷺ)യും പ്രഥമ പരിഗണന നൽകിയത് തൗഹീദീ പ്രബോധനത്തിനു തന്നെ!

وَهَلْ أَتَىٰكَ حَدِيثُ مُوسَىٰٓ ● إِذْ رَءَا نَارًا فَقَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ
ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا بِقَبَسٍ أَوْ أَجِدُ عَلَى ٱلنَّارِ هُدًى ●
فَلَمَّآ أَتَىٰهَا نُودِىَ يَٰمُوسَىٰٓ ● إِنِّىٓ أَنَا۠ رَبُّكَ فَٱخْلَعْ نَعْلَيْكَ ۖ إِنَّكَ
بِٱلْوَادِ ٱلْمُقَدَّسِ طُوًى ● وَأَنَا ٱخْتَرْتُكَ فَٱسْتَمِعْ لِمَا يُوحَىٰٓ ●
إِنَّنِىٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدْنِى وَأَقِمِ ٱلصَّلَوٰةَ لِذِكْرِىٓ ● إِنَّ
ٱلسَّاعَةَ ءَاتِيَةٌ أَكَادُ أُخْفِيهَا لِتُجْزَىٰ كُلُّ نَفْسٍۭ بِمَا تَسْعَىٰ ● فَلَا
يَصُدَّنَّكَ عَنْهَا مَن لَّا يُؤْمِنُ بِهَا وَٱتَّبَعَ هَوَىٰهُ فَتَرْدَىٰ

"മൂസായുടെ വർത്തമാനം നിനക്ക് വന്നുകിട്ടിയോ. അതായത് അദ്ദേഹം ഒരു തീ കണ്ട സന്ദർഭം. അപ്പോൾ തൻെറ കുടുംബത്തോട് അദ്ദേഹം പറഞ്ഞു: നിങ്ങൾ നിൽക്കൂ; ഞാനൊരു തീ കണ്ടിരിക്കുന്നു. ഞാനതിൽനിന്ന് കത്തിച്ചെടുത്തുകൊണ്ട് നിങ്ങളുടെ അടുത്തുവ ന്നേക്കാം. അല്ലെങ്കിൽ തീയുടെ അടുത്ത് വല്ല വഴികാട്ടിയെയും ഞാ ൻ കണ്ടേക്കും. അങ്ങനെ അദ്ദേഹം അതിനടുത്തുചെന്നപ്പോൾ (ഇപ്രകാരം) വിളിച്ചുപറയപ്പെട്ടു: ഹേ; മൂസാ, തീർച്ചയായും ഞാനാണ് നിൻെറ രക്ഷിതാവ്. അതിനാൽ നീ നിൻെറ ചെരുപ്പുകൾ അഴിച്ചുവെക്കുക. നീ 'ത്വുവാ' എന്ന പരിശുദ്ധമായ താഴ്വരയിലാകുന്നു. ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ബോധനം നൽകപ്പെടുന്നത് നീ ശ്രദ്ധിച്ചുകേട്ടുകൊൾക. തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ആരാധ്യനുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറ പോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും അന്ത്യസമ

യം വരികതന്നെ ചെയ്യും. ഓരോ വ്യക്തിക്കും താൻ പ്രയത്നിക്കുന്ന തിനനുസൃതമായി പ്രതിഫലം നൽകപ്പെടാൻ വേണ്ടി ഞാനത് ഗോപ്യമാക്കിവെച്ചേക്കാം. ആകയാൽ അതിൽ (അന്ത്യസമയത്തിൽ) വിശ്വസിക്കാതിരിക്കുകയും തന്നിഷ്ടത്തെ പിൻപറ്റുകയും ചെയ്തവർ അതിൽ (വിശ്വസിക്കുന്നതിൽ) നിന്ന് നിന്നെ തടയാതിരിക്കട്ടെ, അങ്ങനെ സംഭവിക്കുന്ന പക്ഷം നീയും നാശമടയുന്നതാണ്'' (20:9-16).

ٱذْهَبْ إِلَىٰ فِرْعَوْنَ إِنَّهُۥ طَغَىٰ ● فَقُلْ هَل لَّكَ إِلَىٰٓ أَن تَزَكَّىٰ ● وَأَهْدِيَكَ إِلَىٰ رَبِّكَ فَتَخْشَىٰ ● فَأَرَىٰهُ ٱلْـَٔايَةَ ٱلْكُبْرَىٰ ● فَكَذَّبَ وَعَصَىٰ ● ثُمَّ أَدْبَرَ يَسْعَىٰ ● فَحَشَرَ فَنَادَىٰ ● فَقَالَ أَنَا۠ رَبُّكُمُ ٱلْأَعْلَىٰ ● فَأَخَذَهُ ٱللَّهُ نَكَالَ ٱلْـَٔاخِرَةِ وَٱلْأُولَىٰٓ ● إِنَّ فِى ذَٰلِكَ لَعِبْرَةً لِّمَن يَخْشَىٰٓ

"നീ ഫിർഔൻെറ അടുത്തേക്ക് പോവുക. തീർച്ചയായും അവൻ അതിരു കവിഞ്ഞിരിക്കുന്നു. എന്നിട്ട് ഇപ്രകാരം ചോദിക്കുക: നീ പരിശുദ്ധി പ്രാപിക്കാൻ തയ്യാറുണ്ടോ? നിൻെറ രക്ഷിതാവിങ്കലേക്ക് നിനക്ക് ഞാൻ വഴി കാണിച്ചുതരാം. എന്നിട്ട് നീ ഭയപ്പെടാനും (തയാറുണ്ടോ?) അങ്ങനെ അദ്ദേഹം (മൂസ) അവന്ന് ആ മഹത്തായ ദൃഷ്ടാന്തം കാണിച്ചുകൊടുത്തു. അപ്പോൾ അവൻ നിഷേധിച്ച് തള്ളുകയും ധിക്കരിക്കുകയും ചെയ്തു. പിന്നെ അവൻ എതിർശ്രമങ്ങൾ നടത്തുവാനായി പിന്തിരിഞ്ഞുപോയി. അങ്ങനെയവൻ (തൻെറ ആൾക്കാരെ) ശേഖരിച്ചു. എന്നിട്ട് വിളംബരം ചെയ്തു. ഞാൻ നിങ്ങളുടെ അത്യുന്നത രക്ഷിതാവാകുന്നു എന്ന് അവൻ പറഞ്ഞു. അപ്പോൾ പരലോകത്തിലെയും ഇഹലോകത്തിലെയും ശിക്ഷക്കായി അല്ലാഹു അവനെ പിടികൂടി. തീർച്ചയായും അതിൽ ഭയപ്പെടുന്നവർക്ക് ഒരു ഗുണപാഠമുണ്ട്'' (79: 17-26).

قَالَ مُوسَىٰ لِقَوْمِهِ ٱسْتَعِينُوا۟ بِٱللَّهِ وَٱصْبِرُوٓا۟ ۖ إِنَّ ٱلْأَرْضَ لِلَّهِ يُورِثُهَا مَن يَشَآءُ مِنْ عِبَادِهِۦ ۖ وَٱلْعَٰقِبَةُ لِلْمُتَّقِينَ



"മൂസാ തൻെറ ജനങ്ങളോട് പറഞ്ഞു: നിങ്ങൾ അല്ലാഹുവോട് സഹായം തേടുകയും ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഭൂമി അല്ലാഹുവിൻേറതാകുന്നു. അവൻെറ ദാസന്മാരിൽനിന്ന് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് അവകാശപ്പെടുത്തിക്കൊടുക്കുന്നു. പര്യവസാനം ധർമനിഷ്ഠപാലിക്കുന്നവർക്ക് അനുകൂലമായിരിക്കും'' (7:128).

തൗറാത്തിൻെറ കൽപനകളിൽ നിന്ന് അകന്നുകൊണ്ട് ഇസ്രാഈൽ തറവാട്ടിൽ നിന്ന് കാണാതെ പോയ ആടുകളിലേക്ക് നിയോഗിക്കപ്പെട്ട ഈസാനബി (ﷺ)യും ഒന്നാമതായി പ്രബോധനം ചെയ്തത് ഏകദൈവാരാധനയുടെ സന്ദേശം തന്നെയായിരുന്നു.

وَإِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ● فَٱخْتَلَفَ ٱلْأَحْزَابُ مِنۢ بَيْنِهِمْ ۖ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِن مَّشْهَدِ يَوْمٍ عَظِيمٍ

"(ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എൻെറയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരായുള്ള മാർഗം. എന്നിട്ട് അവർക്കിടയിൽ നിന്ന് കക്ഷികൾ ഭിന്നിച്ചുണ്ടായി. അപ്പോൾ അവിശ്വസിച്ചവർക്കത്രേ ഭയങ്കരമായ ഒരു ദിവസത്തിൻെറ സാന്നിദ്ധ്യത്താൽ വമ്പിച്ച നാശം''(19:36,37).

وَلَمَّا جَآءَ عِيسَىٰ بِٱلْبَيِّنَٰتِ قَالَ قَدْ جِئْتُكُم بِٱلْحِكْمَةِ وَلِأُبَيِّنَ لَكُم بَعْضَ ٱلَّذِى تَخْتَلِفُونَ فِيهِ ۖ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ● إِنَّ ٱللَّهَ هُوَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ

"വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവുംകൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുയും ചെയ്യുവിൻ, തീർച്ചയായും അല്ലാഹു തന്നെയാകുന്നു എൻെറ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും, അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു

നേരായ പാത" (43:63,64).

وَإِذْ قَالَ ٱللَّهُ يَـٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَـٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَـٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى نَفْسِكَ ۚ إِنَّكَ أَنتَ عَلَّـٰمُ ٱلْغُيُوبِ ● مَا قُلْتُ لَهُمْ إِلَّا مَآ أَمَرْتَنِى بِهِۦٓ أَنِ ٱعْبُدُوا۟ ٱللَّهَ رَبِّى وَرَبَّكُمْ ۚ وَكُنتُ عَلَيْهِمْ شَهِيدًا مَّا دُمْتُ فِيهِمْ فَلَمَّا تَوَفَّيْتَنِى كُنتَ أَنتَ ٱلرَّقِيبَ عَلَيْهِمْ ۚ وَأَنتَ عَلَىٰ كُلِّ شَىْءٍ شَهِيدٌ

"അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക): മറിയമിൻെറ മകനായ ഈസാ, 'അല്ലാഹുവിന് പുറമെ എന്നെയും, എൻെറ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ' എന്ന് നീയാണോ ജനങ്ങളാട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അതറിഞ്ഞിരിക്കുമല്ലോ. എൻെറ മനസ്സിലുള്ളത് നീ അറിയും. നിൻെറ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. നീ എന്നോട് കൽപിച്ച കാര്യം അഥവാ എൻെറയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കണം എന്ന കാര്യം മാത്രമെ ഞാൻ അവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണമായി എടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു''(5:116,117).

വ്യത്യസ്തങ്ങളായ തിന്മകൾ കൊടികുത്തിവാഴുന്ന സമൂഹങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാർ സ്വാഭാവികമായും അവരുടെ സമൂഹത്തിൽ നിലനിന്ന തിന്മകൾക്കെതിരെ പ്രതികരിച്ചിരുന്നു. ലൂത്വ് നബി (عليه السلام) സ്വവർഗരതിക്കെതിരെയും ശുഐബ് നബി (عليه السلام) കച്ചവടത്തിലെ അഴിമതികൾക്കെതിരെയും ജനങ്ങളെ ഉൽബോധിപ്പിച്ചിരുന്നതായി ഖുർആൻ പഠിപ്പിക്കുന്നുണ്ട്. എന്നാൽ അവരും ഒന്നാമതായി പരിഗണിച്ചത് ശിർക്കിനെതിരെയുള്ള സമരത്തെയായിരുന്നു.



لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَـٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥٓ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ

"നൂഹിനെ അദ്ദേഹത്തിൻെറ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ടദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു" (7:59).

وَإِلَىٰ عَادٍ أَخَاهُمْ هُودًا ۗ قَالَ يَـٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ

"ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. നിങ്ങൾ എന്താണ് സൂക്ഷ്മത പുലർത്താത്തത്?" (7:65).

وَإِلَىٰ ثَمُودَ أَخَاهُمْ صَـٰلِحًا ۗ قَالَ يَـٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥ ۖ قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ هَـٰذِهِۦ نَاقَةُ ٱللَّهِ لَكُمْ ءَايَةً ۖ فَذَرُوهَا تَأْكُلْ فِىٓ أَرْضِ ٱللَّهِ ۖ وَلَا تَمَسُّوهَا بِسُوٓءٍ فَيَأْخُذَكُمْ عَذَابٌ أَلِيمٌ

"ഥമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നു വ്യക്തമായ ഒരു തെളിവ് നിങ്ങൾക്ക് വന്നിട്ടുണ്ട്. നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിട്ട് അല്ലാഹുവിൻെറ ഒട്ടകമാണിത്. ആകയാൽ അല്ലാഹുവിൻെറ ഭൂമിയിൽ (നടന്നു) തിന്നുവാൻ നിങ്ങളതിനെ വിട്ടേക്കുക. നിങ്ങളതിന് ഒരു പദ്രവവും ചെയ്യരുത്. എങ്കിൽ വേദനയേറിയ ശിക്ഷ നിങ്ങളെ പിടി

കൂടും"(7:73).

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم
مِّنْ إِلَٰهٍ غَيْرُهُۥ ۖ قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ فَأَوْفُوا۟ ٱلْكَيْلَ
وَٱلْمِيزَانَ وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ وَلَا تُفْسِدُوا۟ فِى
ٱلْأَرْضِ بَعْدَ إِصْلَٰحِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ

"മദ്‌യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനെയും (അയച്ചു.) അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിൽ നിന്ന് വ്യക്തമായ തെളിവുവന്നിട്ടുണ്ട്. അതിനാൽ നിങ്ങൾ അളവും തൂക്കവും തികച്ചുകൊടുക്കണം. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ നിങ്ങൾ കമ്മി വരുത്തരുത്. ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്കുത്തമം"(7:85).

മുമ്പു കഴിഞ്ഞ പ്രവാചകന്മാരെല്ലാവരും ഒരുപോലെ പ്രബോധനം ചെയ്ത തത്ത്വമാണ് 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന വസ്തുത ഈ വചനങ്ങളിൽനിന്നും വ്യക്തമാവുന്നു. ഒരു പ്രവാചകനും സൃഷ്ടിപൂജ പഠിപ്പിച്ചിട്ടില്ല. വിഗ്രഹങ്ങളെയും ശവകുടീരങ്ങളെയും വിളിച്ചുപ്രാർഥിച്ചിരുന്നവരോട് അത് ശരിയല്ലെന്ന് ഉദ്ബോധിപ്പിക്കുകയാണ് പ്രവാചകന്മാർ ചെയ്തത്. ബൈബിളിലെ പ്രവാചകന്മാരുടെ ചരിത്രത്തിലും ഇക്കാര്യം നമുക്ക് കാണാൻ കഴിയും. ബഹുദൈവാരാധനയെ ശക്തമായ ഭാഷയിൽതന്നെ പ്രവാചകന്മാർ വിമർശിച്ചിരുന്നതായാണ് ബൈബിൾ കഥനങ്ങളിൽനിന്നും മനസ്സിലാവുന്നത്.

മോശെ പ്രവാചകന് നൽകപ്പെട്ട കൽപനകളിൽ പ്രധാനപ്പെട്ടത് 'ഏകനായ സ്രഷ്ടാവല്ലാതെ മറ്റാരും ആരാധിക്കപ്പെടരുത്' എന്ന കൽപനയായിരുന്നുവെന്ന് ബൈബിളിലെ പുറപ്പാട് (പുറപ്പാട് 20:1-17) പുസ്തകത്തിലും ആവർത്തന (ആവർത്തനം 5:1-17) പുസ്തകത്തിലുമുള്ള പരാമർശങ്ങൾ വ്യക്തമാക്കുന്നു. പത്തു കൽപനകളിൽ ഒന്നും രണ്ടും കൽപനകൾ ഇവയാണ്: 'നിൻെറ ദൈവമായ കർത്താവ് ഞാനാകുന്നു. ഈജിപ്ത് ദേശത്തുനിന്ന് അടിമഭവനത്തിൽനിന്ന് നിന്നെ മോചിപ്പിച്ച് കൊണ്ടുവന്നവൻ. ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്. മുകളിൽ സ്വർഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിൻെറയും ബിംബം ഉണ്ടാക്കരുത്. നീ അവക്കുമുമ്പിൽ തലകുനിക്കുകയോ അവയെ സേവിക്കുകയോ അരുത്'. ഈ കൽപനകൾ ഏകദൈവാരാധനക്ക് പ്രചോദനം നൽകുക മാത്രമല്ല, അന്ന് നിലവിലുണ്ടായിരുന്ന ബഹുദൈവാരാധനാ രൂപമായ വിഗ്രഹാരാധനയെ ശക്തിയുക്തം വിമർശിക്കുകയും ചെയ്യുന്നു.



മോശെക്കു ശേഷം വന്ന ഇസ്രായീൽ പ്രവാചകന്മാർ എല്ലാം തന്നെ അദ്ദേഹത്തിൻെറ കാലടികളെ പിന്തുടർന്നവരും അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥപ്രകാരം ജീവിതം നയിക്കാൻ തങ്ങളുടെ ജനതയോട് ആഹ്വാനം ചെയ്തവരുമായിരുന്നു. ഇസ്രായീല്യരിലേക്ക് വന്ന അവസാനത്തെ പ്രവാചകനായ യേശുവും പ്രധാനമായും പഠിപ്പിച്ചത് 'ലാഇലാഹ ഇല്ലല്ലാഹു' എന്ന തത്ത്വംതന്നെയായിരുന്നു. 'കൽപനകളിൽ പരമപ്രധാനമായത് ഏതാണ്?' എന്ന ഒരു വേദജ്ഞൻെറ ചോദ്യത്തിന് യേശുനൽകിയ മറുപടിയിൽനിന്ന് ഇക്കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു: 'അല്ലയോ ഇസ്രായീലേ കേൾക്കൂ: നമ്മുടെ ദൈവമായ കർത്താവാകുന്നു ഏകകർത്താവ്. നിൻെറ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടി സ്നേഹിക്കുക' (മാർക്കോസ് 12:29,30). ലോകത്തിലെ സകലരാജ്യങ്ങളും പ്രതാപവും കാണിച്ചുകൊടുത്തുകൊണ്ട് 'എന്നെ ആരാധിച്ചാൽ ഇതെല്ലാം ഞാൻ നിനക്കുതരാം' എന്നു പറഞ്ഞ സാത്താനോട് ക്രിസ്തു പറഞ്ഞ മറുപടിയിലും ഏകദൈവാരാധനയുടെ കാര്യത്തിൽ യാതൊരുവിധ വിട്ടുവീഴ്ചയും പാടില്ലെന്ന വസ്തുത തെളിഞ്ഞുകാണുന്നുണ്ട്. അദ്ദേഹം പിശാചിന് നൽകിയ മറുപടി ഇങ്ങനെയാണ്: 'സാത്താനേ, ദൂരെപ്പോവുക, എന്തെന്നാൽ നിൻെറ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു' (മത്തായി 4:10).

ഇന്ത്യയിൽ വന്ന പ്രവാചകന്മാരും ഏകദൈവവിശ്വാസംതന്നെ

യാണ് പ്രധാനപ്പെട്ട തത്ത്വമെന്ന നിലയ്ക്ക് പ്രബോധനം ചെയ്തിരുന്നത്. ഭാരതത്തിലേക്ക് വന്ന പ്രവാചകന്മാരെക്കുറിച്ച് വ്യക്തവും സ്പഷ്ടവുമായ ചരിത്രമോ അവരുടെ പ്രബോധനങ്ങളെക്കുറിച്ച് പ്രമാദമുക്തമായ തെളിവുകളോ ലഭിക്കാത്തതിനാൽ അവർ എന്തു പറഞ്ഞു എന്ന് ഖണ്ഡിതമായി പറയാൻ ഇന്ന് നമുക്ക് സാധ്യമല്ല. എങ്കിലും വേദങ്ങളിലും ഉപനിഷത്തുക്കളിലും കാണപ്പെടുന്ന പ്രസ്താവനകളിൽ ചിലവ ആദികാല പ്രവാചകന്മാരുടെ പ്രബോധനം ഏകദൈവവിശ്വാസമായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. ബഹുദൈവസങ്കൽപം അംഗീകരിക്കുന്ന വേദങ്ങളിൽതന്നെ ദേവന്മാരുടെ ദേവനും അജയ്യനും സർവശക്തനുമായ ദൈവത്തെക്കുറിച്ച പരാമർശങ്ങളുണ്ട്. ഈ പരാമർശങ്ങളിൽനിന്ന് ബഹുദൈവാരാധനയുടെ ആവിർഭാവത്തിന് മുമ്പ് ഭാരതത്തിൽ ഏകദൈവവിശ്വാസം നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കുവാനാവും. ഈ ഏകദൈവവിശ്വാസം ഇന്ത്യയിൽ വന്ന പ്രവാചകന്മാർ പ്രബോധനം ചെയ്തതായിരിക്കണം.

മാത്രവുമല്ല, ബഹുദൈവാരാധനയെ ഖണ്ഡിക്കുന്ന ചില സൂക്തങ്ങളും ഉപനിഷത്തുക്കളിൽ കാണാൻ കഴിയും. ദശോപനിഷത്തുക്കളിൽ പ്രധാനപ്പെട്ട ഈശാവാസ്യോപനിഷത്തിലെ ഒരു ശ്ലോകം നോക്കുക. 'നശ്വരങ്ങളായ ദേവപിതൃമാനവാദികളെ ഉപാസിക്കുന്നവർ അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിൽ പതിക്കുന്നു. അവിനാശിയായ പരമാത്മാവിനെക്കുറിച്ച് മിഥ്യാഭിമാനത്തോടുകൂടിയിരിക്കുന്നവരും ഘോരാന്ധകാരത്തിൽതന്നെ പതിക്കുന്നു.' (അന്ധം തമഃ പ്രവി ശന്തിയേ $f$ സംഭുതി മുപാസതേ. തതോഭൂയ ഇവതേത മോ യ ഉ സംഭൂത്യാംരതാഃ) (ഈശാവാസ്യോപനിഷത്ത് 12-ാം ശ്ലോകം). ഈ വചനങ്ങൾ വ്യക്തമായിത്തന്നെ ദേവന്മാർ, മനുഷ്യർ, പിതൃക്കൾ തുടങ്ങിയ നാശമുള്ള യാതൊന്നിനെയും ആരാധിക്കരുതെന്നും അനശ്വരനായ പരമാത്മാവ് മാത്രമാണ് ആരാധിക്കപ്പെടേണ്ടതെന്നും സൂചിപ്പിക്കുന്നു. ഉപനിഷദ്കാലത്തിനു മുമ്പുതന്നെ ശുദ്ധമായ ഏകദൈവാരാധനയിലധിഷ്ഠിതമായ ഒരു സമൂഹം ഇന്ത്യയിൽ നിലനിന്നിരുന്നുവെന്നും 'ലാഇലാഹ ഇല്ലല്ലാഹു' എന്ന അടിസ്ഥാന തത്ത്വം പ്രബോധനം ചെയ്ത പ്രവാചകന്മാരിൽ ആരുടേയോ അനുയായികളായിരുന്നു അവരെന്നും ഈ വചനങ്ങളിൽ നിന്നും വ്യക്തമാവുന്നു.



പ്രവാചകന്മാരെല്ലാം പ്രഥമവും പ്രധാനവുമായി പ്രബോധനം ചെയ്ത ഏകദൈവാരാധന പ്രബോധനം ചെയ്യാനാണ് അന്തിമപ്രവാചകനായ മുഹമ്മദും (ﷺ) കൽപിക്കപ്പെട്ടത്. ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

إِنَّآ أَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ فَٱعۡبُدِ ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ ● أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ

"തീർച്ചയായും നിനക്ക് നാം ഈ ഗ്രന്ഥം അവതരിപ്പിച്ചുതന്നത് സത്യപ്രകാരമാകുന്നു. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ നീ ആരാധിക്കുക. അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷിതാക്കളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുകതന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച" (39:2,3).

قُلۡ إِنِّيٓ أُمِرۡتُ أَنۡ أَعۡبُدَ ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ ● وَأُمِرۡتُ لِأَنۡ أَكُونَ أَوَّلَ ٱلۡمُسۡلِمِينَ ● قُلۡ إِنِّيٓ أَخَافُ إِنۡ عَصَيۡتُ رَبِّي عَذَابَ يَوۡمٍ عَظِيمٖ ● قُلِ ٱللَّهَ أَعۡبُدُ مُخۡلِصٗا لَّهُۥ دِينِي

"പറയുക: കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. ഞാൻ കീഴ്പ്പെടുന്നവരിൽ ഒന്നാമനായിരിക്കണമെന്നും എനിക്ക് കൽപന

നൽകപ്പെട്ടിരിക്കുന്നു. പറയുക: ഞാൻ എന്റെ രക്ഷിതാവിനെ ധിക്കരിക്കുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ തീർച്ചയായും ഞാൻ പേടിക്കുന്നു. പറയുക: അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്; എന്റെ കീഴ്‌വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട്. എന്നാൽ, നിങ്ങൾ അവന്നു പുറമെ നിങ്ങളുദ്ദേശിച്ചതിന് ആരാധന ചെയ്തുകൊള്ളുക. പറയുക: ഉയിർത്തെഴുന്നേൽപിന്റെ നാളിൽ സ്വദേഹങ്ങൾക്കും തങ്ങളുടെ ആളുകൾക്കും നഷ്ടം വരുത്തിവെച്ചതാരോ അവരത്രേ തീർച്ചയായും നഷ്ടക്കാർ. അതുതന്നെയാകുന്നു വ്യക്തമായ നഷ്ടം" (39: 11-14).

قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَـٰلَمِينَ ● لَا شَرِيكَ لَهُۥ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ

"പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്" (6:162,163).

يَـٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ● ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ

"ജനങ്ങളെ നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രേയത്. നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപ്പുരയുമാക്കിത്തരികയും ആകാശത്തിൽനിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചുതരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട്



നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്" (2:21, 22).

മുഹമ്മദ് നബി(ﷺ)യുടെ പ്രബോധനത്തെക്കുറിച്ച് വിശദമാക്കുന്ന ചില ഹദീസുകൾ കാണുക:

قَالَ عَمْرُو بْنُ عَبَسَةَ السُّلَمِيُّ كُنْتُ وَأَنَا فِي الْجَاهِلِيَّةِ أَظُنُّ أَنَّ النَّاسَ عَلَى ضَلَالَةٍ وَأَنَّهُمْ لَيْسُوا عَلَى شَيْءٍ وَهُمْ يَعْبُدُونَ الْأَوْثَانَ فَسَمِعْتُ بِرَجُلٍ بِمَكَّةَ يُخْبِرُ أَخْبَارًا فَقَعَدْتُ عَلَى رَاحِلَتِي فَقَدِمْتُ عَلَيْهِ فَإِذَا رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مُسْتَخْفِيًا جُرَءَاءُ عَلَيْهِ قَوْمُهُ فَتَلَطَّفْتُ حَتَّى دَخَلْتُ عَلَيْهِ بِمَكَّةَ فَقُلْتُ لَهُ مَا أَنْتَ قَالَ أَنَا نَبِيٌّ فَقُلْتُ وَمَا نَبِيٌّ قَالَ أَرْسَلَنِي اللَّهُ فَقُلْتُ وَبِأَيِّ شَيْءٍ أَرْسَلَكَ قَالَ أَرْسَلَنِي بِصِلَةِ الْأَرْحَامِ وَكَسْرِ الْأَوْثَانِ وَأَنْ يُوَحَّدَ اللَّهُ لَا يُشْرَكُ بِهِ شَيْءٌ قُلْتُ لَهُ فَمَنْ مَعَكَ عَلَى هَذَا قَالَ حُرٌّ وَعَبْدٌ قَالَ وَمَعَهُ يَوْمَئِذٍ أَبُو بَكْرٍ وَبِلَالٌ مِمَّنْ آمَنَ بِهِ

"അംറുബ്നു അബ്സത്തസ്സുലമി പറയുന്നു: ഞാൻ ജാഹിലിയ്യത്തിലായിരുന്നപ്പോൾതന്നെ ജനം വഴിപിഴച്ചവരാണെന്ന് എനിക്ക് തോന്നിയിരുന്നു. അവർക്ക് ഒരു അടിത്തറയുമില്ല. അവർ ബിംബങ്ങളെ പൂജിക്കുന്നു. അതി അനിടക്കാണ് ചില പുതുവാർത്തകൾ പറയുന്ന ഒരാൾ മക്കയിലുണ്ടെന്ന് കേട്ടത്. ഞാൻ വാഹനപ്പുറത്തു കയറി ആ മനുഷ്യനെ സമീപിച്ചു. അന്നേരം റസൂൽ (ﷺ) എന്ന ആ മനുഷ്യൻ രഹസ്യപ്രബോധനത്തിലാണ്. ജനം അദ്ദേഹത്തിനെതിരെ തിരിഞ്ഞിരിക്കുന്നു. ഞാൻ വളരെ രഹസ്യമായി മക്കയിൽവെച്ച് അദ്ദേഹത്തെ കണ്ടു.

ഞാൻ ചോദിച്ചു: 'നിങ്ങളാരാണ്?'

'നബിയാണ്' അദ്ദേഹം പറഞ്ഞു.

'നബിയെന്നാൽ എന്താണ്?'

'അല്ലാഹു അയച്ചവൻ'

‘ഏതു കാര്യവുമായാണ് താങ്കളെ അല്ലാഹു അയച്ചത്?’ ഞാൻ ചോദിച്ചു.

‘രക്തബന്ധങ്ങൾ കൂട്ടിയിണക്കുക, വിഗ്രഹങ്ങൾ നശിപ്പിക്കുക, അല്ലാഹുവോട് ആരെയും പങ്കുചേർക്കാതിരിക്കുക’ അദ്ദേഹം പറഞ്ഞു.

‘ഇതിന് താങ്കളോടൊപ്പം ആരുണ്ട്?’

‘സ്വതന്ത്രനും അടിമയുമുണ്ട്.’

അന്ന് അദ്ദേഹത്തോടൊപ്പം അബൂബക്കർ, ബിലാൽ എന്നിവരുണ്ടായിരുന്നു” (സ്വഹീഹു മുസ്‌ലിം: ഹദീഥ്1374, മുസ്നദ് അഹ്മദ്: ഹദീഥ് 16402).

عَنْ أُمِّ سَلَمَةَ ابْنَةِ أَبِي أُمَيَّةَ بْنِ الْمُغِيرَةِ زَوْجِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ ...... فَقَالَا لَهُ أَيُّهَا الْمَلِكُ إِنَّهُ قَدْ صَبَا إِلَى بَلَدِكَ مِنَّا غِلْمَانٌ سُفَهَاءُ فَارَقُوا دِينَ قَوْمِهِمْ وَلَمْ يَدْخُلُوا فِي دِينِكَ وَجَاءُوا بِدِينٍ مُبْتَدَعٍ لَا نَعْرِفُهُ نَحْنُ وَلَا أَنْت ... فَقَالَ مَا هَذَا الدِّينُ الَّذِي فَارَقْتُمْ فِيهِ قَوْمَكُمْ وَلَمْ تَدْخُلُوا فِي دِينِي وَلَا فِي دِينِ أَحَدٍ مِنْ هَذِهِ الْأُمَمِ قَالَتْ فَكَانَ الَّذِي كَلَّمَهُ جَعْفَرُ بْنُ أَبِي طَالِبٍ فَقَالَ لَهُ أَيُّهَا الْمَلِكُ كُنَّا قَوْمًا أَهْلَ جَاهِلِيَّةٍ نَعْبُدُ الْأَصْنَامَ وَنَأْكُلُ الْمَيْتَةَ وَنَأْتِي الْفَوَاحِشَ وَنَقْطَعُ الْأَرْحَامَ وَنُسِيءُ الْجِوَارَ يَأْكُلُ الْقَوِيُّ مِنَّا الضَّعِيفَ فَكُنَّا عَلَى ذَلِكَ حَتَّى بَعَثَ اللَّهُ إِلَيْنَا رَسُولًا مِنَّا نَعْرِفُ نَسَبَهُ وَصِدْقَهُ وَأَمَانَتَهُ وَعَفَافَهُ فَدَعَانَا إِلَى اللَّهِ لِنُوَحِّدَهُ وَنَعْبُدَهُ وَنَخْلَعَ مَا كُنَّا نَعْبُدُ نَحْنُ وَآبَاؤُنَا مِنْ دُونِهِ مِنَ الْحِجَارَةِ وَالْأَوْثَانِ وَأَمَرَنَا بِصِدْقِ الْحَدِيثِ وَأَدَاءِ الْأَمَانَةِ وَصِلَةِ الرَّحِمِ وَحُسْنِ الْجِوَارِ وَالْكَفِّ عَنِ الْمَحَارِمِ وَالدِّمَاءِ وَنَهَانَا عَنِ الْفَوَاحِشِ وَقَوْلِ الزُّورِ وَأَكْلِ مَالَ الْيَتِيمِ وَقَذْفِ الْمُحْصَنَةِ وَأَمَرَنَا أَنْ نَعْبُدَ اللَّهَ وَحْدَهُ



لَا نُشْرِكُ بِهِ شَيْئًا وَأَمَرَنَا بِالصَّلَاةِ وَالزَّكَاةِ وَالصِّيَامِ قَالَ فَعَدَّدَ عَلَيْهِ أُمُورَ الْإِسْلَامِ فَصَدَّقْنَاهُ وَآمَنَّا بِهِ وَاتَّبَعْنَاهُ عَلَى مَا جَاءَ بِهِ فَعَبَدْنَا اللَّهَ وَحْدَهُ فَلَمْ نُشْرِكْ بِهِ شَيْئًا وَحَرَّمْنَا مَا حَرَّمَ عَلَيْنَا وَأَحْلَلْنَا مَا أَحَلَّ لَنَا فَعَدَا عَلَيْنَا قَوْمُنَا فَعَذَّبُونَا وَفَتَنُونَا عَنْ دِينِنَا لِيَرُدُّونَا إِلَى بَادَةِ الْأَوْثَانِ مِنْ عِبَادَةِ اللَّهِ وَأَنْ نَسْتَحِلَّ مَا كُنَّا نَسْتَحِلُّ مِنَ الْخَبَائِثِ فَلَمَّا قَهَرُونَا وَظَلَمُونَا وَشَقُّوا عَلَيْنَا وَحَالُوا بَيْنَنَا وَبَيْنَ دِينِنَا خَرَجْنَا إِلَى بَلَدِكَ وَاخْتَرْنَاكَ عَلَى مَنْ سِوَاكَ وَرَغِبْنَا فِي جِوَارِكَ وَرَجَوْنَا أَنْ لَا نُظْلَمَ عِنْدَكَ أَيُّهَا الْمَلِكُ

പവാചക പത്നിയായ ഉമ്മുസൽമ (ﷺ)യിൽ നിന്ന് നിവേദനം: (അംറുബ്നു ആസും അബ്ദുല്ലാഹ്ബിനു റബീഅയുമടങ്ങുന്ന ദൗത്യസംഘം നജ്ജാശി ചക്രവർത്തിയെ സമീപിച്ചു. എത്യോപ്യയിലേക്ക് ഒളിച്ചോടിവന്ന മുസ്‌ലിം അഭയാർഥികൾക്കെതിരെ നജ്ജാശിയെ ഇളക്കിവിടാൻ ശ്രമിച്ചു).അവർ രണ്ടു പേരും പറഞ്ഞു: “അല്ലയോ പ്രഭോ! ഞങ്ങളുടെ കൂട്ടത്തിലെ ചില വിഡ്ഢിക്കുട്ടികൾ താങ്കളുടെ നാട്ടിലേക്ക് മതം മാറി വന്നിട്ടുണ്ട്. അവരുടെ ജനതയെ വിടുകയും ചെയ്തു, താങ്കളുടെ മതത്തിലൊട്ടു ചേർന്നതുമില്ല. ഒരു പുത്തൻ മതവുമായാണിവർ വന്നിരിക്കുന്നത്. താങ്കൾക്കോ ഞങ്ങൾക്കോ ഇത് പരിചയമില്ല...”

അഭയാർഥികളോട് നജ്ജാശി അന്വേഷിച്ചു: “ഈ മതം ഏതാണ്? നിങ്ങൾ നാട്ടുകാരെ വെടിഞ്ഞിരിക്കുന്നു. എന്റെ മതത്തിലോ വേറെയേതെങ്കിലുമൊരു ജനതയുടെ മതത്തിലോ ചേർന്നിട്ടുമില്ല.”

ജഅ്ഫറിബ്നു അബീത്വാലിബാണ് മറുപടി പറഞ്ഞത്: “അല്ലയോ രാജാവേ! ഞങ്ങൾ അറിവില്ലാത്ത ജനതയായിരുന്നു. ബിംബങ്ങളെ പൂജിക്കും, ശവം തിന്നും, വൃത്തികേടുകൾ ചെയ്യും. രക്തബന്ധങ്ങൾ മുറിക്കും, അയൽക്കാരോട് മോശമായി പെരുമാറും, ശക്തൻ ദുർബലനെ ചൂഷണം ചെയ്യും. ഇങ്ങനെയിരിക്കെയാണ് ദൈവം ഞ

ങ്ങൾക്കൊരു പ്രവാചകനെ അയച്ചുതന്നത്. അദ്ദേഹത്തിൻെറ കുടും ബവും സത്യതയും മാന്യതയും വിശ്വസ്തതയും ഞങ്ങൾക്ക് നേരിട്ട റിയും. അദ്ദേഹം ഞങ്ങളെ ഏകദൈവാരാധനയിലേക്ക് ക്ഷണിച്ചു. ഞങ്ങളും പിതാക്കളും ആരാധിച്ചിരുന്ന ബിംബങ്ങളെയും മറ്റും വെടി യാനുപദേശിച്ചു. സത്യം പറയണം, വിശ്വസ്തത പാലിക്കണം, രക്ത ബന്ധങ്ങൾ കൂട്ടിയിണക്കണം, അയൽക്കാരോട് നല്ല നിലയിൽ വർ ത്തിക്കണം, നിഷിദ്ധങ്ങൾ ചെയ്യരുത്, രക്തം ചിന്തരുത് എന്നൊക്കെ കൽപിച്ചു. മ്ലേച്ഛത, നുണ, അനാഥയുടെ മുതൽ ഭക്ഷിക്കുക, പതി വ്രതയെപ്പറ്റിയുള്ള ദൂഷണം ഇവ നിരോധിച്ചു. അല്ലാഹുവെ മാത്രം മറ്റാരെയും പങ്കുചേർക്കാതെ ആരാധിക്കാൻ കൽപിച്ചു...''

"അങ്ങനെ ഞങ്ങളദ്ദേഹം പറഞ്ഞത് സത്യമാണെന്നംഗീകരിച്ചു. അദ്ദേഹത്തെ വിശ്വസിച്ചു, പിൻപറ്റി. അദ്ദേഹം കൊണ്ടുവന്നത് പിന്തു ടർന്നു. അല്ലാഹുവെ മാത്രം ആരാധിച്ചു. ഒന്നിനെയും അവനോട് പങ്കുചേർത്തില്ല. ഞങ്ങളോട് നിരോധിച്ചത് നിഷിദ്ധമായിത്തന്നെ കണക്കാക്കി. അനുവദിച്ചത് അനുവദനീയമായിത്തന്നെ പരിഗണിച്ചു. അതോടെ നാട്ടുകാർ ഞങ്ങൾക്കുനേരെ തിരിഞ്ഞു. ഞങ്ങളെ പീഡി പ്പിച്ചു. വിഗ്രഹാരാധനയിലേക്കും വൃത്തികേടുകളിലേക്കും തിരിച്ചു കൊണ്ടുപോകാൻ വേണ്ടി മതത്തിൻെറ പേരിൽ അവർ ഞങ്ങളെ പീഡിപ്പിച്ചു. അവർ ഞങ്ങളെ അടിച്ചമർത്തി, അക്രമിച്ചു, ബുദ്ധിമുട്ടി ച്ചു, ഞങ്ങൾക്കും മതത്തിനുമിടയിൽ തടസ്സം സൃഷ്ടിച്ചു. അപ്പോ ഴാണ് ഞങ്ങൾ അങ്ങയെ സമീപിച്ചത്. മറ്റുള്ളവരേക്കാൾ താങ്കളെ തെരഞ്ഞെടുത്തത് താങ്കളുടെ അടുത്തായിരിക്കാൻ ഞങ്ങൾ ആശി ച്ചു. താങ്കളുടെ അടുത്താകുമ്പോൾ ആരും ഞങ്ങളെ ആക്രമിക്കി ല്ലെന്ന് ഞങ്ങൾ കരുതുന്നു'' (മുസ്നദ് അഹ്മദ്, ഹദീഥ്:1649).

സത്യമതം സ്വീകരിച്ച അനുചരന്മാരിൽനിന്നും പ്രവാചകൻ (ﷺ) വാങ്ങിയ കരാറുകളിൽ പ്രധാനപ്പെട്ടത് അല്ലാഹുവിനെ മാത്രം ആരാ ധിക്കുകയും അവനിൽ ആരെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുകയെന്നതായിരുന്നു.

سَمِعَ عُبَادَةَ بْنَ الصَّامِتِ رَضِي اللَّه عَنْه قَالَ كُنَّا عِنْدَ النَّبِيِّ
صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ أَتُبَايِعُونِي عَلَى أَنْ لَا تُشْرِكُوا
بِاللَّهِ شَيْئًا وَلَا تَزْنُوا وَلَا تَسْرِقُوا وَقَرَأَ آيَةَ النِّسَاءِ وَأَكْثَرُ لَفْظِ



سُفْيَانَ قَرَأَ الْآيَةَ فَمَنْ وَفَى مِنْكُمْ فَأَجْرُهُ عَلَى اللَّهِ وَمَنْ أَصَابَ
مِنْ ذَلِكَ شَيْئًا فَعُوقِبَ فَهُوَ كَفَّارَةٌ لَهُ وَمَنْ أَصَابَ مِنْهَا شَيْئًا
مِنْ ذَلِكَ فَسَتَرَهُ اللَّهُ فَهُوَ إِلَى اللَّهِ إِنْ شَاءَ عَذَّبَهُ وَإِنْ شَاءَ غَفَرَ
لَهُ تَابَعَهُ عَبْدُالرَّزَّاقِ عَنْ مَعْمَرٍ فِي الْآيَةِ

"ഉബാദത്തുബ്നുസ്വാമിത് (رضي الله عنه) പറയുന്നു: ഞങ്ങൾ നബി (ﷺ)യു ടെ അടുക്കലായിരിക്കെ അദ്ദേഹം പറഞ്ഞു: നിങ്ങൾ അല്ലാഹുവോട് യാതൊന്നിനെയും പങ്കുചേർക്കില്ല, മോഷ്ടിക്കില്ല, വ്യഭിചരിക്കില്ല, മക്കളെ കൊല്ലില്ല... തുടങ്ങി 'താങ്കളുടെ അടുക്കൽ വിശ്വാസിനികൾ വന്നാൽ' എന്ന ആയത്തിൽ പറഞ്ഞ (മുംതഹന 12) സ്ത്രീകളോട് ഞാൻ വാങ്ങിയ കരാർ നിങ്ങളും ചെയ്യൂ. ആരത് പാലിച്ചോ അവന്ന് അതിന് അല്ലാഹുവിങ്കൽ പ്രതിഫലമുണ്ട്. ആരെങ്കിലും അത്‌ലംഘി ക്കുകയും അങ്ങനെ ശിക്ഷയനുഭവിക്കുകയും ചെയ്താൽ അതവന് പ്രായശ്ചിത്തമായി. ആരെങ്കിലും കരാർ ലംഘിക്കുകയും അല്ലാഹു ആ കുറ്റം മറച്ചുവെക്കുകയും ചെയ്താൽ അക്കാര്യം അല്ലാഹുവിങ്ക ലേക്കാണ്. അവനുദ്ദേശിച്ചാൽ പൊറുത്തുകൊടുക്കും. അവനുദ്ദേശി ച്ചാൽ ശിക്ഷിക്കും'' (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4515, സ്വഹീഹു മുസ്‌ലിം, ഹദീഥ്: 3223).

عن عَوْفُ بْنُ مَالِكٍ الْأَشْجَعِيُّ قَالَ كُنَّا عِنْدَ رَسُولِ اللَّهِ صَلَّى
اللَّه عَلَيْهِ وَسَلَّمَ تِسْعَةً أَوْ ثَمَانِيَةً أَوْ سَبْعَةً فَقَالَ أَلَا تُبَايِعُونَ
رَسُولَ اللَّهِ وَكُنَّا حَدِيثَ عَهْدٍ بِبَيْعَةٍ فَقُلْنَا قَدْ بَايَعْنَاكَ يَا رَسُولَ
اللَّهِ ثُمَّ قَالَ أَلَا تُبَايِعُونَ رَسُولَ اللَّهِ فَقُلْنَا قَدْ بَايَعْنَاكَ يَا رَسُولَ
اللَّهِ ثُمَّ قَالَ أَلَا تُبَايِعُونَ رَسُولَ اللَّهِ قَالَ فَبَسَطْنَا أَيْدِيَنَا وَقُلْنَا قَدْ
بَايَعْنَاكَ يَا رَسُولَ اللَّهِ فَعَلَامَ نُبَايِعُكَ قَالَ عَلَى أَنْ تَعْبُدُوا اللَّهَ
وَلَا تُشْرِكُوا بِهِ شَيْئًا وَالصَّلَوَاتِ الْخَمْسِ وَتُطِيعُوا وَأَسَرَّ
كَلِمَةً خَفِيَّةً وَلَا تَسْأَلُوا النَّاسَ شَيْئًا

“ഔഫുബ്നുമാലിക് (ﷺ) പറയുന്നു: ഞങ്ങൾ ഒമ്പതോ, എട്ടോ, ഏഴോ പേർ റസൂലിന്റെ അടുത്തിരിക്കുകയായിരുന്നു. അവിടുന്ന് ചോദിച്ചു: നിങ്ങൾ അല്ലാഹുവിന്റെ റസൂലിനോട് കരാർ ചെയ്യുകയ ല്ലേ? ഞങ്ങൾ പറഞ്ഞു: ഞങ്ങൾ കരാർ ചെയ്തല്ലോ റസൂലേ. പിന്നെ യും അവിടുന്ന് ചോദിച്ചു: നിങ്ങൾ അല്ലാഹുവിന്റെ റസൂലിനോട് കരാർ ചെയ്യുന്നില്ലേ? അപ്പോൾ ഞങ്ങൾ കൈകൾ നീട്ടി പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ കരാർ ചെയ്യുന്നു. എന്താണ് കരാർ ചെയ്യേണ്ടത്? അവിടുന്ന് പറഞ്ഞു: അല്ലാഹുവെ മാത്രം ആരാ ധിക്കുക, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുക, അഞ്ചു നേരം നമസ്കരിക്കുക, എന്നെ അനുസരിക്കുക, ജനങ്ങളോ ടൊന്നും ചോദിക്കാതിരിക്കുക” (സ്വഹീഹു മുസ്‌ലിം, ഹദീഥ്:1729).

രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് പ്രവാചകൻ (ﷺ) കത്തുകളെഴുതിയപ്പോഴും പ്രഥമ പ്രാധാന്യം നൽകിയത് ഏക ദൈവാരാധനയെപ്പറ്റി തെര്യപ്പെടുത്തുവാനാണ്. റോമാചക്രവർത്തി യായിരുന്ന ഹിറാക്ലിയസിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് പ്രവാചകൻ (ﷺ) എഴുതിയ കത്തു നോക്കുക:

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ مِنْ مُحَمَّدٍ رَسُولِ اللَّهِ إِلَى هِرَقْلَ عَظِيمِ الرُّومِ سَلَامٌ عَلَى مَنِ اتَّبَعَ الْهُدَى أَمَّا بَعْدُ فَإِنِّي أَدْعُوكَ بِدِعَايَةِ الْإِسْلَامِ أَسْلِمْ تَسْلَمْ وَأَسْلِمْ يُؤْتِكَ اللَّهُ أَجْرَكَ مَرَّتَيْنِ فَإِنْ تَوَلَّيْتَ فَإِنَّ عَلَيْكَ إِثْمَ الْأَرِيسِيِّينَ وَ (يَا أَهْلَ الْكِتَابِ تَعَالَوْا إِلَى كَلِمَةٍ سَوَاءٍ بَيْنَنَا وَبَيْنَكُمْ أَنْ لَا نَعْبُدَ إِلَّا اللَّهَ) إِلَى قَوْلِهِ (اشْهَدُوا بِأَنَّا مُسْلِمُونَ)

“പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ,

ദൈവദാസനും ദൂതനുമായ മുഹമ്മദ് (ﷺ) റോമിലെ രാജാവ് ഹിർ ഖലിന് എഴുതുന്നത്: സന്മാർഗം പിൻപറ്റിയവന് ശാന്തി. താങ്കളെ ഇസ്‌ലാമിക സന്ദേശത്തിലേക്ക് ക്ഷണിക്കുന്നു. മുസ്‌ലിമാവുക, രക്ഷ പ്പെടാം. അല്ലാഹു താങ്കൾക്ക് രണ്ടു പ്രാവശ്യം പ്രതിഫലം തരും. താങ്കൾ പിന്തിരിഞ്ഞാൽ താങ്കൾക്ക് ആ കർഷകരുടെ കുറ്റം കൂടിയു



ണ്ടാവും. ‘വേദക്കാരേ, നമുക്കും നിങ്ങൾക്കുമിടയിൽ സമമായൊരു വചനത്തിലേക്ക് നിങ്ങൾ വരൂ. നമ്മൾ അല്ലാഹുവെ അല്ലാതെ ആരാ ധിക്കാതിരിക്കുക. അവനോട് യാതൊന്നിനെയും പങ്കുചേർക്കാതി രിക്കുക. നമ്മൾ ചിലർ ചിലരെ അല്ലാഹുവിനു പുറമെ റബ്ബുകളാക്കാ തിരിക്കുക...” (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4188).

ഇസ്‌ലാമിക പ്രബോധനത്തിനായി നിയോഗിക്കപ്പെടുന്നവരോട് മുഹമ്മദ് നബി (ﷺ) കൽപിച്ചത് ജനങ്ങളെ പ്രഥമമായി ഏകദൈവാ രാധനയിലേക്ക് ക്ഷണിക്കുവാനാണ്. യമനിൽ ഗവർണറായി നിയോഗിക്കപ്പെട്ട മുആദി(ﷺ)നോടുള്ള പ്രവാചകന്റെ ഉപദേശം ശ്രദ്ധേയമാണ്.

عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَمَّا بَعَثَ مُعَاذًا رَضِيَ اللَّهُ عَنْهُ عَلَى الْيَمَنِ قَالَ إِنَّكَ تَقْدَمُ عَلَى قَوْمٍ أَهْلِ كِتَابٍ فَلْيَكُنْ أَوَّلَ مَا تَدْعُوهُمْ إِلَيْهِ عِبَادَةُ اللَّهِ فَإِذَا عَرَفُوا اللَّهَ فَأَخْبِرْهُمْ أَنَّ اللَّهَ قَدْ فَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي يَوْمِهِمْ وَلَيْلَتِهِمْ فَإِذَا فَعَلُوا فَأَخْبِرْهُمْ أَنَّ اللَّهَ فَرَضَ عَلَيْهِمْ زَكَاةً مِنْ أَمْوَالِهِمْ وَتُرَدُّ عَلَى فُقَرَائِهِمْ فَإِذَا أَطَاعُوا بِهَا فَخُذْ مِنْهُمْ وَتَوَقَّ كَرَائِمَ أَمْوَالِ النَّاسِ

“ഇബ്നു അബ്ബാസി (ﷺ)ൽ നിന്ന് നിവേദനം: യമനിലേക്ക് നിയോ ഗിക്കപ്പെട്ട മുആദി(ﷺ)നോട് പ്രവാചകൻ (ﷺ) പറഞ്ഞു: ‘വേദക്കാരു ടെ അടുത്തേക്കാണ് നീ പോകുന്നത്. നീ ആദ്യം ക്ഷണിക്കേണ്ടത് അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന സാക്ഷ്യത്തിലേക്കാണ്. അതിനവർ താങ്കളെ അനുസരിച്ചാൽ രാവും പകലുമായി ദിവസവും അഞ്ചു നേരം നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു എന്നവരെ അറിയിക്കുക. അതിനുമവർ അനുസരണം കാണിച്ചാൽ അവരുടെ പണക്കാരിൽനിന്നും ശേഖരിച്ച് പാവങ്ങൾക്ക് വീതിച്ചു കൊടുക്കാനുള്ള സകാത്ത് അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കി യിരിക്കുന്നു എന്ന് പറയുക. അതും അവർ അനുസരിച്ചാൽ ഏറ്റവും മെച്ചപ്പെട്ട മുതലുകൾ മാത്രം എടുക്കുന്നത് നീ സൂക്ഷിക്കുക. മർദി

തൻെറ പ്രാർഥന സൂക്ഷിക്കുക. അതിനും അല്ലാഹുവിനുമിടയിൽ യാതൊരു മറയുമില്ല" (സ്വഹീഹുൽ ബുഖാരി, ഹദീഥ്:1365, സ്വഹീഹു മുസ്‌ലിം, ഹദീഥ്:28).

ആദ്യകാല സ്വഹാബിമാരിൽ ചിലർക്ക് ജീവൻ വെടിയേണ്ടിവന്നതും ക്രൂരമായ പീഡനങ്ങളേൽക്കേണ്ടിവന്നതുമെല്ലാം ഏകദൈവാരാധനയെ തങ്ങളുടെ ജീവിതാദർശമായി സ്വീകരിച്ചതുകൊണ്ടായിരുന്നു.

അബ്ദുല്ലാഹ്ബ്നു മസ്ഊദ് (ﷺ) പറയുന്നു: ഇസ്‌ലാം ആദ്യമായി പരസ്യപ്പെടുത്തിയത് ഏഴുപേരാണ്. – റസൂൽ, അബൂബക്കർ, അമ്മാർ, സുമയ്യ, സുഹൈബ്, ബിലാൽ, മിഖ്ദാദ്. റസൂലിന് (ﷺ) പിതൃവ്യൻ അബൂത്വാലിബിലൂടെ അല്ലാഹു അഭയം നൽകി. അബൂബക്കറിന് സ്വന്തം ഗോത്രവും. മറ്റുള്ളവരെ മുശ്‌രിക്കുകൾ പിടികൂടി. ഇരുമ്പുവസ്ത്രങ്ങളണിയിച്ചു. തിളക്കുന്ന സൂര്യപ്രകാശത്തിൽ ചൂടാക്കി. മുശ്‌രിക്കുകൾ ഓരോരുത്തരും വന്ന് ഇവരെ തോന്നിയതൊക്കെ ചെയ്തു. ബിലാലിന് അല്ലാഹുവിൻെറ കാര്യത്തിൽ സ്വന്തം ജീവൻ പ്രശ്നമായില്ല. ജനതക്കും അയാളൊരു പ്രശ്നമായില്ല. അവരദ്ദേഹത്തെ കുട്ടികൾക്ക് വിട്ടുകൊടുത്തു. മക്കയിലെ മലമടക്കുകളിൽ അവർ അദ്ദേഹത്തെ വലിച്ചിഴച്ചു. അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു: അഹദ് അഹദ്... (ഹാകിം).

ഏകനായ സ്രഷ്ടാവ് മാത്രമാണ് ആരാധ്യൻ എന്ന് പ്രഖ്യാപിച്ചതു വഴി ആദ്യമായി രക്തസാക്ഷിത്വം വഹിച്ചത് ഒരു വനിതയാണ്. സുമയ്യ (ﷺ) –അന്തിമപ്രവാചകനിൽ വിശ്വസിക്കുക വഴി രക്തസാക്ഷ്യം വഹിച്ച ആദ്യ വ്യക്തി. അവർ മരണം വരെ മർദിക്കപ്പെട്ടു. അവസാനം അബൂജഹ്ൽ കുന്തം കൊണ്ട് അവരുടെ ഗുഹ്യഭാഗത്ത് കുത്തി. അങ്ങനെയാണവർ മരണപ്പെട്ടത്– ഇങ്ങനെ എത്രയോ രക്തസാക്ഷികൾ! ഏകനായ സ്രഷ്ടാവ് മാത്രമാണ് ആരാധ്യനെന്ന് വിശ്വസിച്ചതിൻെറ പേരിൽ മാത്രം ക്രൂരമായി കൊല ചെയ്യപ്പെട്ടവർ!

ഇങ്ങനെയെല്ലാം ത്യാഗങ്ങൾ സഹിച്ചത് സ്രഷ്ടാവും സംരക്ഷകനുമായ തമ്പുരാൻ മാത്രമാണ് ആരാധനകൾ അർഹിക്കുന്നുള്ളൂവെന്ന തത്ത്വത്തിലധിഷ്ഠിതമായി ജീവിതം നയിച്ചതിനാലും ആ തത്ത്വം പ്രചരിപ്പിച്ചതിനാലുമായിരുന്നു. ഈ ത്യാഗങ്ങൾക്കെല്ലാം ഫലമുണ്ടായി. ഏകദൈവാരാധനയിൽ അധിഷ്ഠിതമായ ഒരു സമൂ



ഹം വളർന്നുവന്നപ്പോൾ അതിൽനിന്ന് തിന്മകളെല്ലാം സ്വാഭാവികമായികൊഴിഞ്ഞുപോയി. എല്ലാ അർഥത്തിലും അധസ്ഥിതരായിരുന്ന അറേബ്യൻ ഗോത്രവർഗ സമൂഹത്തെ കേവലം ഇരുപത്തിമൂന്ന് വർഷം കൊണ്ട് ലോകത്തിന് മുഴുവൻ മാതൃകകളായിത്തീരാൻ മാത്രം ഉത്തമരായി വളർത്തിക്കൊണ്ടുവരാൻ പ്രവാചകന് കഴിഞ്ഞു. തൗഹീദിൻെറ അടിത്തറയിൽ വളർത്തപ്പെട്ട സമൂഹത്തിൽ പിന്നെ മാറ്റങ്ങൾ സ്വാഭാവികമായി ഉണ്ടായി വന്നതാണ് പ്രവാചകൻെറ അനുയായിവൃന്ദത്തിൽ നാം കാണുന്നത്. ശിർക്കിൽനിന്ന് ആ സമൂഹത്തെ മുക്തമാക്കുവാനാണ് തൻെറ പ്രബോധന കാലത്തെ സിംഹഭാഗവും പ്രവാചകൻ (ﷺ) ചെലവഴിച്ചത്. തിന്മകളുടെ മാതാവായ ബഹുദൈവാരാധനയിൽനിന്ന് പൂർണമായും മുക്തമായ ആ സമൂഹം ധാർമികതയുടെ ധ്വജവാഹകരും തിന്മകളുടെ സംഹാരകരുമായി ലോകത്തിന് മാതൃകയായിത്തീർന്നതായാണ് ചരിത്രം പഠിപ്പിക്കുന്നത്. വിഗ്രഹങ്ങളെയും ശവകുടീരങ്ങളെയും വ്യാജദൈവങ്ങളെയും നിഷ്കാസനം ചെയ്ത്, സർവോന്നതനും കരുണാവാരിധിയുമായ അല്ലാഹുവിനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചപ്പോൾ പിന്നെ ദൈവിക വിധിവിലക്കുകൾ പാലിക്കുവാൻ അവർക്ക് ഒന്നും തടസ്സമായി നിന്നില്ല. ദൈവികവിധി വിലക്കുകൾ പ്രകാരം അവർ ജീവിച്ചപ്പോൾ അവർ ലോകത്തിന് മാതൃകയായ ഉത്തമ സമുദായമായിത്തീർന്നു. ആ സമൂഹത്തെ ചൂണ്ടി അല്ലാഹു പറഞ്ഞു:

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ وَتَنْهَوْنَ
عَنِ ٱلْمُنكَرِ وَتُؤْمِنُونَ بِٱللَّهِ

"മനുഷ്യവംശത്തിനുവേണ്ടി രംഗത്തുകൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽനിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു"(3:110.).

സാമൂഹിക സംസ്കരണ സംരംഭങ്ങൾ തുടങ്ങേണ്ടത് തിന്മകളുടെ അടിവേരറുത്തുകൊണ്ടായിരിക്കണം. ശിർക്കാണ് സകല അധർമങ്ങളുടെയും അടിവേര്. ശിർക്കിൽനിന്ന് ജനത്തെ കരകയറ്റുവാനും തൗഹീദിൽ ഉറപ്പിക്കുവാനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഏറ്റവും വലിയ സാമൂഹിക സേവന പ്രവർത്തനമെന്ന് പറയാനുള്ള കാര

ണമിതാണ്. തിന്മകളിൽനിന്നും അധർമങ്ങളിൽനിന്നും സഹജീവികളെ സംസ്കരിക്കുവാൻ വേണ്ടിയുള്ള ശ്രമം മാത്രമല്ല അത്; ശാശ്വതമായ നരകശിക്ഷയിൽനിന്ന് തനിക്ക് ചുറ്റുമുള്ളവരെ രക്ഷിക്കുവാൻ വേണ്ടിയുള്ള ശ്രമം കൂടിയാണത്. ഈ കാരുണ്യ പ്രവർത്തനത്തിനാണ് പ്രവാചകന്മാരെല്ലാം പ്രഥമ സ്ഥാനം നൽകിയത്; പ്രവാചകന്മാരുടെ പാത പിൻപറ്റുന്നവരും ഒന്നാമതായി ശ്രദ്ധിക്കേണ്ടത് ഇക്കാര്യംതന്നെയാണെന്ന് പറയുന്നത് അതുകൊണ്ടാണ്.